# സാഹിത്യകേദാരം


മലയാളം അർദ്ധവാർഷിക റിസേർച്ച് ജേണൽ
ആഗസ്റ്റ് 2023 ജനുവരി 2024
വാല്യം 1 ലക്കം 3
മലയാളവിഭാഗം
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം
കേരളം - 695 541

ISSN: 2584-1181

Registered with The Registrar of Newspapers for India
No. KERMAL/2022/85177



creative commons



*Printed, published and edited by*
**Dr. Alex L,** on behalf of
THE HEAD OF THE POST GRADUATE DEPARTMENT OF MALAYALAM, GOVERNMENT COLLEGE NEDUMANGAD, THIRUVANANTHAPURAM, KERALA and printed at ab Communication & Color Systems Pvt. Ltd., T.C.25/3230 (2), Vanchiyoor, Thiruvananthapuram- 695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram-695541, Kerala.



**Editor Dr. Alex L**
Ph. 9447961070, email: gcnmalayalam@gmail.com



ISSN: 2584-1181


# സാഹിത്യകേദാരം

## SAHITHYA KEDARAM


MALAYALAM HALF YEARLY
A Peer Reviewed Research Journal
Vol. No. 01 Isssue No. 03, August 2023 to January 2024





മലയാളം റിസേർച്ച് ജേണൽ
മലയാളവിഭാഗം
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്
ആഗസ്റ്റ് 2023 ജനുവരി 2024 വാല്യം 1 ലക്കം 3

# സാഹിത്യകേദാരം

മലയാളം റിസേർച്ച് ജേണൽ

ആഗസ്റ്റ് 2023 - ജനുവരി 2024

വാല്യം 1 ലക്കം 3

മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം - 695 541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com
https://gcn.ac.in/sahithya-kedaram/

*Volume No.1, Issue No.3*
August, 2023 to January, 2024

Registered with The Registrar of Newspapers for India
No.KERMAL/2022/85177

ISSN: 2584-1181

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Annual Subscription ₹ 500/-

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

*Chief Editor:*

Dr. Alex L
Professor & Head
Post Graduate Department of Malayalam, Govt. College Nedumangad
Email:alexl@gcn.ac.in

*Issue Editor:*

Dr. Beenakrishnan SK
Associate Professor
PG & Research Department of Malayalam
Government College Nedumangad
Email: beenakrishnan@gcn.ac.in

*Editorial Board:*

Dr. Dharmarajan S S
Associate Professor
PG & Research Department of Malayalam
Government College Nedumangad
Email: dharmarajanss@gcn.ac.in

Dr. Beena K
Asst. Professor,PG & Research Dept. of Malayalam
Government College Nedumangad
Email: beenak@gcn.ac.in

Dr. Sreeja J S
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: sreejajs@gcn.ac.in

Dr. M Ramachandran Pillai
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: ramachandranpillai@gcn.ac.in

Dr. Susanna P Das
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: susannapdas@gcn.ac.in

Dr. Lekshmi S
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: lekshmis@gcn.ac.in

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian

Dr. C R Prasad
Professor
Dept. of Malayalam
University of Kerala

Sri. V J James
Writer

Dr. K M Venugopal
Asst. Editor
Bhashaposhini
Malayala Manorama

Sri. S R Lal
Editorial Assistant
Grandhalokam

Dr. R B Sreekala
Professor & Head
Oriental Research Institute & Manuscript Library
University of Kerala

*Reviewed by:*

Dr. Dominic J Kattoor
Professor
Department of Malayalam
University College
Thiruvananthapuram.

Dr. Shooba K S
Associate Professor
Department of Malayalam
Government Women's College
Thiruvananthapuram.

Dr. Ajayakumar G
Associate Professor
Department of Malayalam
University College
Thiruvananthapuram.

You are free to:

Share — copy and redistribute the material in anymedium or format

Adapt — remix, transform, and build upon the ma-terial

for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, pro-vide a link to the license, and indicate if changes were made. You may do so in any reasonable manner, butnot in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrictothers from doing anything the license permits.

Notices:

You do not have to comply with the license for ele- ments of the material in the public domain or where your use is permitted by an applicable exception orlimitation.

No warranties are given. The license may not give you all of the permissions necessary for your intended use.For example, other rights such as publicity, privacy, ormoral rights may limit how you use the material.

# സാഹിത്യകേദാരം

## മലയാളം റിസർച്ച് ജേണൽ

നെടുമങ്ങാട് ഗവണ്മെന്റ് കോളെജ്
മലയാള ബിരുദാനന്തര ബിരുദ ഗവേഷണ വിഭാഗം
2022 ആഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേണലാണ് സാഹിത്യകേദാരം.

ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതും വിശകലനം ചെയ്യുന്നതുമായ മൗലികരചനകളും അക്കാദമികമായി മികവു പുലർത്തുന്ന പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്തിട്ടുള്ളതും ആഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേണലിന്റെ പകർപ്പവകാശം സ്വതന്ത്രമാണ്. ഗവേഷകർക്കും കോളെജ് അദ്ധ്യാപകർക്കും ഗവേഷണാത്മകമായ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ സാഹിത്യകേദാരം അവസരമൊരുക്കുന്നു.

സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നവർ പ്രബന്ധങ്ങൾ Word formatൽ പത്തുപുറത്തിൽ കവിയാതെ തയ്യാറാക്കി, സോഫ്റ്റ്കോപ്പി അയക്കുക. പ്രബന്ധങ്ങൾ MLA, APA തുടങ്ങിയ അംഗീകൃത രീതിശാസ്ത്ര പദ്ധതികൾ പ്രകാരം തയ്യാറാക്കേണ്ടതാണ്.

**അയക്കേണ്ട വിലാസം:**

gcnmalayalam@gmail.com
thadathilalex@gmail.com

**എഡിറ്റർ**
സാഹിത്യകേദാരം
മലയാളബിരുദാനന്തരബിരുദ ഗവേഷണവിഭാഗം
ഗവണ്മെന്റ് കോളെജ് നെടുമങ്ങാട്
തിരുവനന്തപുരം 695 541
ഫോൺ - 9447961070

# ആമുഖം

ഉത്തരാധുനികതയുടെ തുടർച്ചയും വികാസവും എന്നനിലയിലും അതിന്റെ നിഷേധം എന്ന നിലയിലും വിവിധതലങ്ങളിൽ സമകാലിക സാമൂഹികരാഷ്ട്രീയ സംവാദാത്മ കതയെ സൃഷ്ടിക്കുന്ന സൈദ്ധാന്തികവ്യവഹാരം എന്ന നിലയിലും ഉത്തരാധുനികാനന്തര ചിന്തകൾ വിമർശനാത്മകമായി വിലയിരുത്തപ്പെടുന്നുണ്ട്. പിൽക്കാല മുതലാളിത്തത്തിന്റെ സാംസ്കാരിക യുക്തിയാണ് ഉത്തരാധുനികത എന്ന ഫ്രെഡറിക് ജയിംസണിന്റെ ചിന്ത പ്രസിദ്ധമാണ്. ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളില്ലാത്ത വിപണിയും പുത്തൻ സാമ്പത്തികനയങ്ങളോടുള്ള വിധേയത്വവും പൂർണ്ണമായും സ്വകാര്യവൽകൃതമായ സമ്പദ് വ്യവസ്ഥയുമാണ് ഉത്തരാധുനികതയുടെ ആദർശലോകം. പൊതുമേഖലാസംരംഭങ്ങൾ, മതനിരപേക്ഷത, രാഷ്ട്രവ്യവസ്ഥ, സ്വതന്ത്രമായ വിദേശനയം എന്നിവയെല്ലാം ആക്രമിക്കപ്പെട്ടു. എല്ലാമേഖലയിലെയും ബൃഹദാഖ്യാനങ്ങൾ ശിഥിലീകരിക്കപ്പെടുകയും ഹ്രസ്വാഖ്യാനങ്ങൾ അതിനുപകരമായി സ്ഥാനമുറപ്പിക്കുകയും ചെയ്തു. ദേശ രാഷ്ട്രങ്ങളുടെ ശിഥിലീകരണം, മൈക്രോഫിനാൻസിങ്, ദളിത്,സ്ത്രീ,പരിസ്ഥിതിചിന്തകൾ തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. അതേസമയം ഈ പ്രവണത വ്യാപകമായി വിമർശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യ മിന്നൽവേഗത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന സമകാലസാഹചര്യത്തിൽ ഉത്തരാധുനികതയ്ക്ക് ബദലായും അനുകൂലമായും വിവിധ ചിന്തകൾ പിറവിയെടുത്തു. ശിഥിലീകരിക്കപ്പെട്ട ബൃഹദാഖ്യാന ങ്ങളുടെ തിരിച്ചു വരവും പകരം വയ്ക്കപ്പെട്ട ഹ്രസ്വാഖ്യാനങ്ങളുടെ വിമർശനവും സംഭവി ക്കുന്നുണ്ട്. സാഹിത്യം, കല, ചരിത്രം, രാഷ്ട്രീയം, സമ്പദ് വ്യവസ്ഥ തുടങ്ങി സമസ്ത മേഖലകളിലും അത് ചലനം സൃഷ്ടിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 5ജി, നാനോ ടെക്നോളജി എന്നിവ ലോകത്തെ അനുനിമിഷം മാറ്റി മറിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉത്തരാധുനികാനന്തര സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ചിന്ത ഏറെ പ്രസക്തമാകുന്നു.

ചരിത്രാഖ്യാനങ്ങളുടെ പുനർവായന ഉത്തരാധുനികാനന്തര ഭാവുകത്വത്തിലെ എഴുത്തുരീതിയാണ്. അന്യവത്കരിക്കപ്പെട്ട ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വീണ്ടെടുപ്പ്, ഭക്ഷണത്തിന്റെ സാമൂഹികരാഷ്ട്രീയ ചരിത്രം, ദളിത്,സ്ത്രീ സ്വത്വാവിഷ്കാരം, പരിസ്ഥിതിവാദചിന്തകൾ, മൂലധനവിഭവം എന്നുള്ള നിലയിൽ സാങ്കേതികതയെ ഉപയോഗപ്പെടുത്തുന്ന ശക്തികൾ, അതിന്റെ ആഖ്യാനങ്ങൾ എന്നിവ പ്രത്യേകരീതി പദ്ധതിയായി സാഹിത്യത്തിന്റെ വ്യവഹാരമേഖലകളിൽ ഒരു പുതിയ ജ്ഞാനമണ്ഡലം തീർക്കുന്നതു കാണാം. പ്രപഞ്ചം എന്ന ജ്ഞാനസങ്കൽപ്പത്തിൽ വരുന്ന വിജ്ഞാന

പരമായ മാറ്റങ്ങളും കണ്ടെത്തലുകളും ആവാസപരമായ ലോകഅനുഭവങ്ങളും സാഹിത്യത്തിന്റെ തന്നെ ഭാവുകത്വ വ്യതിയാനത്തിനു കാരണമായി മാറുന്നുണ്ട്. ആത്മകഥപോലും ഉത്തരാധുനികാനന്തര ഭാവുകത്വത്തിൽ സ്വത്വത്തിന്റെ വീണ്ടെടുപ്പായി മാറുന്നു. കൽപ്പിത ചരിത്രവും യഥാർത്ഥ ചരിത്രവസ്തുതകളും കൂട്ടിക്കലർത്തുന്ന പുത്തൻ ആഖ്യാന സങ്കേതങ്ങൾ സമകാലരചനാപരിസരത്തിന് പുതിയ ഭാവുകത്വം പകരുന്നു. രൂപത്തിലും ഭാഷയിലും ശൈലിയിലുമെല്ലാം സംസ്കാരത്തെയും ജീവിതത്തിന്റെ അനുഭവാത്മക തലങ്ങളെയും തിരിച്ചു പിടിക്കാനുള്ള ശ്രമം ഉത്തരാധുനികാനന്തരകാലത്തിന്റെ സവിശേഷതയാണ്. ഉൽപ്പാദകനെ നിസ്സഹായനാക്കിത്തീർക്കുന്ന, തൊഴിലാളി എന്ന ചരിത്രപരവും രാഷ്ട്രീയപരവുമായ സ്വത്വത്തെയും അതിന്റെ എല്ലാ സാമൂഹിക ബലങ്ങളെയും അമൂർത്തമാക്കുന്ന/അദൃശ്യമാക്കുന്ന അധികാരത്തിന്റെ ഇടങ്ങളും അതിനടിസ്ഥാനമായ വ്യവഹാരവ്യവസ്ഥകളും സൂക്ഷ്മമായി ആഖ്യാനം ചെയ്യപ്പെടുന്നു. ഇന്ത്യൻ ജീവിതാവസ്ഥയുടെ വർത്തമാനകാലപരിസരം, ജീവിതസാഹചര്യങ്ങൾ, ജൈവ അജൈവലോകങ്ങൾ തുടങ്ങി എഴുത്തിന്റെ മുഖ്യധാരയിൽ നിന്ന് വ്യവസ്ഥാസമൂഹം എന്തിനെയൊക്കെയാണോ മാറ്റിനിർത്തിയത്, ജീവിതലോകത്തു നിന്ന് നിഷ്ക്രിയമാക്കപ്പെട്ട അവയെല്ലാം തീവ്രമായി മുഖ്യധാരാസാഹിത്യലോകത്ത് വായിക്കപ്പെടുന്നു. തമസ്കരിക്കപ്പെട്ടതും ചവിട്ടിത്താഴ്ത്തപ്പെട്ടതും തിരിച്ചുപിടിക്കുന്ന എതിരെഴുത്തുകളുടെ നവ്യപാഠം നിർമ്മിക്കുകയാണ് സാഹിത്യകേദാരത്തിന്റെ ഈ ലക്കം.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിനുപിന്നിൽ നിരവധി പേരുടെ സ്നേഹ സഹകരണമുണ്ട്. പ്രബന്ധങ്ങൾ നൽകിയവരോടും പിയർറിവ്യൂ നിർവ്വഹിച്ച ഡോ. ഡൊമിനിക് ജെ. കാട്ടൂർ, ഡോ. ഷൂബ കെ.എസ്, ഡോ. അജയകുമാർ ജി എന്നിവരോടും നെടുമങ്ങാട് ഗവൺമെന്റ് കോളെജ് മലയാളവിഭാഗത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സംവാദാത്മകമായ ചർച്ചയ്ക്കും വായനാനുഭവത്തിന്റെ ഇടങ്ങൾക്കുമായി അക്കാദമിക ലോകത്തിനു മുന്നിൽ ഈ ലക്കം സമർപ്പിക്കുന്നു.

**ഡോ. അലക്സ് എൽ.**
എഡിറ്റർ

## ഉള്ളടക്കം


1. പ്രാദേശികതയും അന്തർദേശീയതയും സമകാല മലയാളനോവലിൽ 10
ഡോ. എസ്. ഗിരീഷ്കുമാർ

2. വിശപ്പിന്റെ വർണ്ണഭേദങ്ങൾ 18
മലയാളിഭക്ഷണത്തിന്റെ സാംസ്കാരിക ചരിത്രം
ഡോ. കെ.പി. ജയകുമാർ

3. കാലാവസ്ഥാവ്യതിയാനവും സാഹിത്യഭാവനയും 28
ഡോ. എം. എ. സിദ്ദീഖ്

4. ഉഴുതുമ്മൽ കിട്ടനും ദേവകി നിലയങ്ങോടും: പശുപ്പാലിന്റെ ചരിത്രവും 34
കേരളീയപ്രതിനിധാനങ്ങളും
ഡോ. നൗഷാദ് എസ്.

5. ജീവികൾ, അജീവികൾ, മനുഷ്യർ: പുതുകവിതയിലെ വേറുലകം 40
ഡോ. എം.ബി. മനോജ്

6. ജീവിതമെഴുത്തിന്റെ രാഷ്ട്രീയം 56
ഡോ. പ്രമോദ്കുമാർ ഡി.എൻ

7. ആധുനിക തൊഴിലാളിയുടെ നഗരമാതൃകകൾ: 63
ഓടയിൽനിന്നിന്റെ ആധുനികതാസന്ദർഭം
ഡോ. യാക്കോബ് തോമസ്

8. ദളിത് സ്ത്രീ സ്വത്വാവിഷ്കാരം- സി അയ്യപ്പന്റെ കഥകളിൽ 79
ഡോ. ബീനാകൃഷ്ണൻ എസ്.കെ

9. എം.ജി.എസിന്റെ നിരീക്ഷണങ്ങളിലെ പ്രശ്നങ്ങൾ 86
ഡോ. പി.എസ്. രാജേഷ്കുമാർ

10. ഭാഷാഭേദവും പ്രാദേശികഭാഷയും: ദേശീയവിദ്യാഭ്യാസ നയത്തിൽ 93
ഡോ. പി. ശിവപ്രസാദ്

11. മനുഷ്യന് ഒരു ആമുഖം- അതികഥനത്തിന്റെ ആഖ്യാനം 98
മഞ്ജു കെ.ആർ

12. അപകോളനീകരണത്തിന്റെ സാംസ്കാരികപാഠം 107
ഡോ. കെ.പി. രവിചന്ദ്രൻ

13. പുനർനിർമ്മിതിയുടെ രാഷ്ട്രീയം: 122
ബഷീറിന്റെ ശബ്ദങ്ങളുടെ മന:ശാസ്ത്ര വായന
ഡോ. ദീപ. എസ്.എസ്

14. വയലാർക്കവിതകളിലെ ഫോക്‌ലോർ ചാരുത 135
ഡോ. പ്രിയ വി

15 ജീവചരിത്രാഖ്യാനങ്ങൾ മലയാളത്തിൽ 'വാൻഗോഗിന്റെ കാമുകി' എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം 146
ഡോ. ഗംഗാദേവി എം.

16. ദൃശ്യബിംബങ്ങളുടെ ആവിഷ്കാരം- സുഭാഷ്ചന്ദ്രന്റെ പറുദീസാനഷ്ടം എന്ന കഥയെ ആസ്പദമാക്കിയുള്ള പഠനം 154
ഹർഷ സിറിയക്

17. നിവർത്തന നാൾവഴികളും ഈഴവരും 163
ഡോ. ജോമോൾ ജോസ്

18. വിശ്വമാനവികതയുടെ കാട്ടാളപർവ്വം: ടി.പി.സുകുമാരന്റെ കലാദർശനത്തിനൊരു മുഖവുര 175
രേഷ്മ കെ.

19. പ്രവാസത്തിന്റെ കാനൽക്കാഴ്ചകൾ അറേബ്യയിലെ അടിമയിൽ 190
ഡോ. ലാലു എസ്. കുറുപ്പ്

20. കവിതയുടെ ലിംഗരാഷ്ട്രീയം: വിജയരാജമല്ലികയുടെ കവിതകളിൽ 196
രഞ്ജിത് വി.

21. എഴുത്തച്ഛന്റെ ഭാഷ: സാമൂഹികഭാഷാശാസ്ത്ര പാരായണം 203
ഡോ. ശരത്ചന്ദ്രൻ

*സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ്ണ ഉത്തരവാദിത്തം അതതു ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്*

# പ്രാദേശികതയും അന്തർദേശീയതയും സമകാല മലയാളനോവലിൽ

**ഡോ. എസ്. ഗിരീഷ്കുമാർ**
അസി. പ്രൊഫസർ, മലയാളവിഭാഗം, ശ്രീവിവേകാനന്ദ കോളെജ്, കുന്നംകുളം

**പ്രബന്ധസംഗ്രഹം**

മലയാളനോവൽ രൂപത്തിലും ഉള്ളടക്കത്തിലും മാറ്റങ്ങൾക്കു വിധേയമായിക്കഴിഞ്ഞു. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുയോജ്യമായ പരിവർത്തനമായി ഇതിനെ കാണാം. നവസാങ്കേതികവിദ്യയുടെ വ്യാപനം പുതിയൊരു സാമൂഹികാനുഭവം പ്രദാനം ചെയ്യുന്നു. ഉപഭോഗസംസ്കാരത്തിൽ അധിഷ്ഠിതമായ ജീവിതമൂല്യങ്ങൾ സമൂഹത്തിന്റെ അടിയടരുകളിലേക്ക് എത്തിക്കഴിഞ്ഞു. അതോടൊപ്പം തിരസ്കൃതരും ചൂഷണവിധേയരാകുന്നവരും വർദ്ധിക്കുന്നു. അടിച്ചമർത്തലുകൾക്കും ചൂഷണത്തിനും വിധേയമാകുന്ന പരിസ്ഥിതിയും പുതിയകാലത്തിന്റെ പ്രത്യേകതയാണ്. സമാന്തരമായി സ്വത്വബോധം ആർജ്ജിക്കുന്ന ജനതയെയും എല്ലായിടത്തും കാണാം. സാമൂഹികസാംസ്കാരികരംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഈ മാറ്റങ്ങൾ പശ്ചാത്തലമാക്കി സമകാലനോവലുകൾ വിലയിരുത്തുന്നു. കൂടാതെ സമകാലനോവലുകൾ ഭാവുകത്വപരമായി ഉത്തരാധുനികാനന്തരതയിലേക്കു പ്രവേശിച്ചതായി സ്ഥാപിക്കുന്നു.

***താക്കോൽവാക്കുകൾ:*** ആധുനികത, ഉത്തരാധുനികത, ഉത്തരാധുനികാനന്തരത, മനുഷ്യകേന്ദ്രിതത്വം, പ്രകൃതികേന്ദ്രിതത്വം, പ്രാദേശികത

ഉത്തരാധുനികതയ്ക്കുശേഷം ഉയർന്നുവന്നിട്ടുള്ള ഭാവുകത്വപരിണാമമാണ് ഉത്തരാധുനികാനന്തരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നിരാകരണമല്ല, പൂരിപ്പിക്കലാണ് ഇവിടെ സംഭവിക്കുന്നത്. അതിനാൽ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്ന

തുടർച്ചകളായി ഉത്തരാധുനികതയെയും ഉത്തരാധുനികാനന്തരതയെയും കാണാം. എന്നിരിക്കിലും രൂപപരമായും ഭാഷാപരമായും പ്രമേയപരമായും ശൈലീപരമായും പുതുക്കൽ സംഭവിച്ചിട്ടുണ്ട്. ആ പുതുക്കൽ എവിടെയെത്തിനിൽക്കുന്നുവെന്ന അന്വേഷണമാണ് ഈ പ്രബന്ധം.

1984ൽ പുറത്തിറങ്ങിയ ആനന്ദിന്റെ അഭയാർത്ഥികൾ മുതൽ ഉത്തരാധുനികമായ ചരിത്ര രാഷ്ട്രീയ സംവാദങ്ങൾ നോവലിൽ സംഭവിക്കുന്നുണ്ട്. കൂടാതെ ഒ.വി. വിജയന്റെ ധർമ്മപുരാണം, സി.ആർ. പരമേശ്വരന്റെ പ്രകൃതിനിയമം, പി. സുരേന്ദ്രന്റെ സാമൂഹ്യപാഠം, സി.വി. ബാലകൃഷ്ണന്റെ ആയുസ്സിന്റെ പുസ്തകം, അക്ബർ കക്കട്ടിലിന്റെ മൃത്യുയോഗം, കെ.പി. രാമനുണ്ണിയുടെ സൂഫിപറഞ്ഞകഥ, കെ.ജെ. ബേബിയുടെ മാവേലി മൻറം, ടി.വി. കൊച്ചുബാവയുടെ വൃദ്ധസദനം എന്നിങ്ങനെയുള്ള നോവലുകളൊക്കെ പിന്നിട്ട്, എം. മുകുന്ദന്റെ ഒരു ദളിത് യുവതിയുടെ കദനകഥ, കേശവന്റെ വിലാപങ്ങൾ, ആനന്ദിന്റെ ഗോവർദ്ധന്റെ യാത്രകൾ തുടങ്ങിയ നോവലുകളിലൂടെ എത്തിച്ചേരുന്ന ഇടമായിട്ടാണ് മലയാളത്തിലെ ഉത്തരാധുനികനോവലുകളെ മനസ്സിലാക്കേണ്ടത്. അതിനാൽ 1980 മുതൽ 2000 വരെയുള്ള നോവലുകളെ ഉത്തരാധുനികനോവൽ എന്നു വിളിക്കാം.

രണ്ടായിരത്തിനു ശേഷമുള്ള നോവലുകളെ ഉത്തരാധുനികാനന്തരനോവൽ എന്നോ സമകാലനോവൽ എന്നോ വിളിക്കാവുന്നതാണ്. പ്രത്യയശാസ്ത്രം പിൻപറ്റുന്ന രാഷ്ട്രീയപ്രവർത്തനമാണ് എഴുത്തെന്ന തിരിച്ചറിവാണ് ഇവിടെയെത്തുമ്പോൾ പ്രധാനമായും സംഭവിക്കുന്നത്. മുകളിൽനിന്നുള്ള നോട്ടത്തെക്കാൾ പ്രധാനമാണ് താഴെനിന്നും വശങ്ങളിൽ നിന്നുമുള്ള നോട്ടങ്ങളെന്ന തിരിച്ചറിവും ഇവിടെ സംഭവിക്കുന്നു. സാഹിത്യം ഈ രാഷ്ട്രീയപ്രവർത്തനത്തിനുള്ള ഉപാധിയായി സ്വീകരിക്കപ്പെടുന്നു. ക്യാൻവാസ് വലുതാകയാൽ ഈ പ്രചരണത്തിൽ നോവൽ മുഖ്യ മാധ്യമമായി. എന്നാൽ കൂട്ടായ ശ്രമമെന്ന നിലയിലല്ല നോവൽ രാഷ്ട്രീയപ്രചരണ മാകുന്നത്. ഒറ്റപ്പെട്ട ശ്രമമെന്ന നിലയിലാണ്. ഓരോരുത്തരും ഓരോ വശങ്ങളിൽനിന്നു നോക്കുന്നു. അങ്ങനെ പല വശങ്ങളിൽനിന്നു നോക്കുന്നതിലൂടെയാണ് ഉത്തരാധുനികാ നന്തരനോവൽ സംവാദാത്മകമാകുന്നത്. മനുഷ്യകേന്ദ്രിതത്വത്തിൽനിന്ന് പ്രകൃതികേന്ദ്രി തത്വത്തിലേക്ക് എത്തുകയും അവിടെനിന്ന് എല്ലാത്തരം പാർശ്വവത്കരണ പ്രവണത കൾക്കും ചൂഷണത്തിനും എതിരെ പല കോണുകളിൽനിന്ന് പ്രതികരിക്കുകയുമാണ് ഉത്തരാധുനികാനന്തര നോവലുകൾ ചെയ്യുന്നത്. അതോടൊപ്പം ആഗോളവത്കര ണത്തോട് പ്രത്യക്ഷമോ പരോക്ഷമോ ആയി പ്രതികരിക്കുകയും ചെയ്യുന്നു.

ആഗോളപൗരൻ എന്ന നിലയിലാണ് മലയാളി ഇന്ന് പരിഗണിക്കപ്പെടുന്നത്. ലോകത്തിന്റെ എല്ലാ പ്രദേശത്തും പ്രവാസിയായി മലയാളിയെ കാണാം. പ്രവാസം നൽകിയ പുത്തൻ ലോകാനുഭവങ്ങൾ കേരളത്തിന്റെ സാമൂഹികസാംസ്കാരിക രംഗങ്ങളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ ഭാഷയുടെ അതിർവരമ്പുകൾ മാഞ്ഞുകൊണ്ടിരിക്കുന്നു.ആഗോളവത്ക്കരണം ഒരു സാമൂഹിക യാഥാർത്ഥ്യമായി ഇന്ന് അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നവമാധ്യമങ്ങൾ അതിന്റെ വളർച്ചയ്ക്കു വേഗം കൂട്ടുന്നു. ഈ സാംസ്കാരിക പരിവർത്തനത്തിലൂടെ പ്രാദേശിക

ജനതയ്ക്ക് സ്വന്തം ജൈവപരിസരങ്ങളിന്മേലുള്ള അവകാശം ഇല്ലാതാവുന്നുവെന്ന് ആശങ്കപ്പെടുന്നവരുമുണ്ട്. അതുകൊണ്ടാണ് സാമ്രാജ്യത്വചരിത്രത്തിന്റെ ഏറ്റവും പുതിയ ഭാവം എന്ന് ഐെജാസ് അഹമ്മദ് ആഗോളവത്കരണത്തെ നിർവചിച്ചത്(2004, 94). ആഗോളവത്കരണം വിഘടിപ്പിച്ചുകളയുകയോ വിഘടിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന സാംസ്കാരികഘടകങ്ങളെക്കുറിച്ച് ജനതയെ ബോധവത്ക്കരിക്കാൻ സാഹിത്യം ഉപയോഗിക്കാമെന്ന തരത്തിലുള്ള ചിന്ത ചിലർ ഉൾക്കൊള്ളുന്നു. 2000 ത്തിനു ശേഷമുള്ള മലയാളനോവലിന്റെ ഒരു ധാര ഇതാണ്. അതേസമയം നോവലിന്റെ ക്യാൻവാസ് പ്രാദേശികത കടന്ന് അന്തർദേശീയമാവുകയും ഇതര രാജ്യങ്ങളിലെ ജീവിതാനുഭവങ്ങൾ നോവലാവുകയും ചെയ്യുന്ന മറ്റൊരു ധാരയും സജീവമായി വരുന്നുണ്ട്. ഇത്തരം നോവലുകളിൽ കഥാപാത്രങ്ങളായി മലയാളിയെയും വിദേശപൗരന്മാരെയും കാണാം. ഒറ്റ മലയാളിപോലും ഇല്ലാതെ വിദേശിയരുടെ കഥ മലയാളത്തിൽ പറയുന്ന നോവലുകളുമുണ്ട്. ഇത്തരത്തിൽ സമകാലനോവലിൽ സജീവമായ രണ്ടു ധാരകൾ എന്ന നിലയിലാണ് പ്രാദേശികതയെയും അന്തർദേശീയതയെയും പരിഗണിക്കേണ്ടത്.

## പ്രാദേശികചരിത്രങ്ങളും സംസ്കാരങ്ങളും

പ്രാദേശികജനതയെ അവരുടെ ചരിത്രത്തിൽനിന്നും സംസ്കാരത്തിൽനിന്നും അന്യവത്ക്കരിക്കുകയെന്നത് കോളണിവത്ക്കരണത്തിന്റെ പ്രധാന അജണ്ടയായിരുന്നു. അതിനായി കോളോണിയൽ ജനതയിൽ കീഴാളബോധം ഉറപ്പിക്കാൻ സഹായിക്കുന്ന വ്യവഹാരങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടു. രാഷ്ട്രീയം, മതം, ശാസ്ത്രം, സാഹിത്യം, കല, വിദ്യാഭ്യാസം, നിയമം, കളികൾ എന്നിവയൊക്കെ ഇതിനായി കൗശലപൂർവ്വം ഉപയോഗിക്കപ്പെട്ടു. സാമ്രാജ്യത്തെ എതിർക്കേണ്ടിവന്നപ്പോൾ ഏറ്റവും സമർപ്പിതരായ നേതാക്കൾ ഉയർത്തിയ ദേശീയതയും ചരിത്രവും സവർണദേശീയതയും അതിനെ പിന്താങ്ങുന്ന ചരിത്രവും ആയിരുന്നു. പ്രാദേശികചരിത്രങ്ങളും സംസ്കാരങ്ങളും അവിടെ പലപ്പോഴും അവഗണിക്കപ്പെട്ടു. ഇത്തരമൊരു തിരിച്ചറിവ് പ്രാദേശികചരിത്രവും മിത്തുകളും അറിവുകളും തിരികെപ്പിടിക്കേണ്ടത് ആവശ്യമാണെന്ന ചിന്ത ഉറപ്പിച്ചു. മറ്റൊരു വിധത്തിൽ മുതലാളിത്തത്തിനുള്ള പ്രതിരോധമാവുകയും ചെയ്തു. സമകാലനോവലിന്റെ ആദ്യധാര ഇത്തരത്തിൽ ഒരു പ്രതിരോധമാധ്യമം എന്ന തലത്തിലാണ് നിലകൊള്ളുന്നത്.

ആധുനികതയിൽനിന്ന് ആധുനികാനന്തരനോവലിലേയ്ക്കും അവിടെനിന്ന് ആധുനികാനന്തരതയുടെ അനന്തരതയിലേയ്ക്കുമുള്ള നോവലിന്റെ പരിവർത്തനം കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. പോഞ്ഞിക്കര റാഫിയുടെ സ്വർഗ്ഗദൂതൻ, എൻ. എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, എസ്.കെ. പൊറ്റെക്കാട്ടിന്റെ വിഷകന്യക, കെ.ജെ. ബേബിയുടെ ബസ്പുർക്കാന, എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, കുട നന്നാക്കുന്ന ചോയി എന്നീ നോവലുകൾ താരതമ്യം ചെയ്താൽ ആധുനികതയിൽനിന്ന് ആധുനികാനന്തരനോവലിലേക്കുള്ള ദൂരം പെട്ടെന്നു മനസ്സിലാവും. ഒരേ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോവലുകളെന്ന നിലയിലാണ് ഈ താരതമ്യത്തിന്റെ പ്രസക്തി.

നഗരത്തിലേക്കു പ്രവേശിക്കാൻ കൗതുകത്തോടെ കാത്തിരിക്കുന്ന ആധുനിക മനുഷ്യനാണ് റാഫിയുടെ നോവലിന്റെ കേന്ദ്രം. തുരുത്തിലേക്കു പിന്നീടു വന്ന ഗോശ്രീ പാലമാണ് അവരുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നത്. അതേസമയം ലന്തൻ ബത്തേരിയിൽ ദ്വീപിലേക്കു മടങ്ങുന്ന മനുഷ്യനെയാണു കാണാനാവുന്നത്. പ്രാദേശിക ജീവിതത്തിനും സംസ്കാരത്തിനുമാണ് എൻ.എസ്. മാധവൻ പ്രാധാന്യം നൽകുന്നത്. നഷ്ടമായവയുടെ വീണ്ടെടുപ്പിനുള്ള ശ്രമമാണ് ലന്തൻബത്തേരി. വിഷകന്യകയിൽ തിരുവിതാംകൂറിൽനിന്ന് വയനാട്ടിലേക്ക് മനുഷ്യരെ ആകർഷിച്ചുകൊണ്ടുവരികയും വിഷം നൽകി മെല്ലെ കൊല്ലുകയും ചെയ്യുന്ന പ്രകൃതിയാണുള്ളത്. പ്രകൃതിയെ ശത്രുപക്ഷത്തു നിർത്തിക്കൊണ്ടുള്ള ആധുനികതയുടെ സമീപനമാണിത്. എന്നാൽ വയനാട്ടിലേക്കുള്ള കുടിയേറ്റം വിഷയമാക്കുന്ന ബസ്പുർക്കാനയിൽ ദുര മൂത്ത മനുഷ്യൻ ചൂഷണത്തിനു മുതിരുമ്പോൾ പ്രകൃതി പ്രതിരോധം സൃഷ്ടിക്കുന്നു. മനുഷ്യനാണ് ഇവിടെ ശത്രുപക്ഷത്ത്.

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ പ്രണയവും അസ്തിത്വദുഃഖവും വിഷയമാക്കുന്ന മുകുന്ദൻ കുട നന്നാക്കുന്ന ചോയിയിലൂടെ മയ്യഴിയിലേക്കു വീണ്ടും മടങ്ങുന്നു. മയ്യഴിയുടെ വർത്തമാനത്തെ അടയാളപ്പെടുത്തുന്നതിനൊപ്പം പ്രാദേശികചരിത്രവും സംസ്കാരവും വീണ്ടെടുക്കുക, വർത്തമാനകാലത്തിന്റെ ഭീതികൾ അവതരിപ്പിക്കുക എന്നീ രാഷ്ട്രീയ ലക്ഷ്യവും മുകുന്ദൻ നിർവഹിക്കുന്നു. മാത്രമല്ല, ആധുനികതാവാദത്തിന്റെ കാലത്തുണ്ടായ നോവലുകളിൽനിന്ന് ആധുനികാനന്തരനോവലുകളിലെത്തുമ്പോൾ ആധുനികതാവിമർശനമായും നോവൽ മാറുന്നു.

കുടിയേറ്റത്തോടൊപ്പം കുടിയിറക്കവും കേരളീയസമൂഹത്തിൽ സംഭവിച്ചിട്ടുണ്ട്. ആധുനിക, ആധുനികാനന്തര നോവലുകൾ ഇക്കാര്യം പരിഗണിച്ചിട്ടില്ല. എസ്. ആർ. ലാലിന്റെ ജീവചരിത്രം കുടിയിറക്കം പരിശോധിക്കുന്നു. വിനോയ് തോമസിന്റെ കരിക്കോട്ടക്കരി, പുറ്റ് എന്നീ നോവലുകളും കുടിയേറ്റമാണ് കൈകാര്യം ചെയ്യുന്നത്. രണ്ടു നോവലും പ്രാദേശികചരിത്രത്തിലും സംസ്കാരത്തിലുമാണ് ഇതിവൃത്തം രൂപീകരിച്ചിട്ടുള്ളത്. കുടിയേറ്റം, കൊളോണിയലിസത്തിന്റെ ഭാഗമായുള്ള മതപരിവർത്തനം, വർഗ്ഗവർണ്ണ സങ്കരം എന്നിവയിലൂടെ കരിക്കോട്ടക്കരിയുടെ പ്രാദേശികചരിത്രത്തിലേക്കാണ് വിനോയ് തോമസ് കടന്നുചെല്ലുന്നത്. സാംസ്കാരികമായും വർണ്ണപരമായും സങ്കരനായതിന്റെ പ്രശ്നങ്ങളാണ് നോവലിലെ നായകനായ ഇറാനിമോസ് അനുഭവിക്കുന്നത്. ജനനത്തിന്റെ വേരുകൾ അന്വേഷിച്ച് അയാൾ താനൊരു പുലയനാണെന്ന തിരിച്ചറിവിൽ എത്തുകയും ക്രിസ്ത്യാനിത്വം ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇതിന്റെതന്നെ പരഭാഗമാണ് പുറ്റിലൂടെ അന്വേഷിക്കുന്നത്. ജനിച്ചസ്ഥലത്ത് ഏതെങ്കിലും കാരണത്താൽ നില്ക്കാനാവാതെ വരുന്നവർ പ്രത്യേക പ്രദേശത്തേക്കു കുടിയേറുകയും അവിടെ പുതിയ നിയമാവലികൾ രൂപീകരിച്ചു ജീവിക്കുകയും ചെയ്യുന്നു. എന്നാൽ സദാചാരനിയമങ്ങൾ അവിടെയും പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇത്തരത്തിൽ ആധുനികതയുടെ മനുഷ്യകേന്ദ്രിതത്വത്തിൽനിന്ന് പ്രകൃതികേന്ദ്രിതത്വത്തിലേക്കും അവിടെനിന്ന് മനുഷ്യവിമർശനത്തിലേക്കും ജീവിതത്തിന്റെ സൂക്ഷ്മാനുഭവങ്ങളിലേക്കും കടന്നു വന്നിട്ടുള്ളതാണ് ഉത്തരാധുനികാനന്തര മലയാളനോവൽ.

പാർശ്വവത്ക്കരണം, ചൂഷണം എന്നിവയ്ക്കെതിരായി നിലകൊള്ളുന്ന പ്രതിരോധ മാധ്യമമായും സമകാലനോവൽ നിലകൊള്ളുന്നു. പ്രതിരോധം എന്നതിനെ അധികാരത്തിനുള്ളിൽത്തന്നെ ഉൾച്ചേരുന്ന ഒന്നായാണ് മനസ്സിലാക്കേണ്ടത്. അതിനാൽ അധികാരത്തെ പല കോണുകളിൽനിന്ന് വിമർശിക്കുന്നവയാണ് സമകാലമലയാള നോവൽ. ഈ പ്രതിരോധത്തിൽ ഭാഷ മുഖ്യ ആയുധമായി സ്വീകരിക്കപ്പെടുന്നു. പ്രാദേശികചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വീണ്ടെടുപ്പിൽ ഭാഷ നിർണ്ണായക മാണെന്ന് സമകാല നോവലെഴുത്തുകാർ കരുതുന്നു. നെടുമങ്ങാട്ടെ കുറവ സമുദായത്തി ന്റെ നാട്ടുഭാഷ പ്രധാനമാകുന്ന പി.എ. ഉത്തമന്റെ ചാവൊലി, ദ്രാവിഡാക്ഷരങ്ങളിൽ സംഘകാലജീവിതം ഭാവനാപരമായി പുനഃസൃഷ്ടിക്കുന്ന മനോജ് കുറൂറിന്റെ നിലം പൂത്തു മലർന്ന നാൾ തുടങ്ങിയവയൊക്കെ നോവൽ ഉയർത്തുന്ന ഭാഷാപരമായ പ്രതിരോധത്തിന് ഉദാഹരണമാണ്.

കീഴാളജീവിതങ്ങളുടെ ആവിഷ്കാരം, പരിസ്ഥിതി സംരക്ഷണം എന്നിവയാണ് സമകാല മലയാളനോവൽ കൈകാര്യം ചെയ്യുന്ന മറ്റു വിഷയങ്ങൾ. കീഴാളൻ എന്നതിനു വിശാലമായ അർത്ഥമാണുള്ളത്. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങി ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗവ്യത്യാസങ്ങൾക്ക് അതീതമായി പാർശ്വവത്ക്കരിക്കപ്പെടുന്ന മുഴുവൻ ജനവിഭാഗവും കീഴാളൻ എന്ന സംജ്ഞയുടെ പരിധിയിൽ വരുന്നു. അതിനാൽ കീഴാളതയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നോവലുകളുടെ വലിയൊരു നിരതന്നെ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. സാറാ ജോസഫിന്റെ ആലാഹയുടെ പെൺമക്കൾ, പി.എ. ഉത്തമന്റെ ചാവൊലി, വി. കൃഷ്ണൻകുട്ടിയുടെ മല്ലീശ്വരന്റെ മക്കൾ, ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ചേർന്നെഴുതിയ കുഞ്ഞ് രാമ്പള്ളം, പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി തുടങ്ങിയവയൊക്കെ ഈ ഗണത്തിൽ ഉൾപ്പെടുത്തി ചർച്ചചെയ്യാവുന്ന നോവലുകളാണ്.

പ്രാദേശികജനത അവരുടെ സംസ്കാരത്തിൽനിന്നും ചരിത്രത്തിൽനിന്നും അന്യവത്ക്കരിക്കപ്പെട്ടത് മുതലാളിത്തത്തെ പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ചിട്ടുണ്ടെന്ന തിരിച്ചറിവ് സമകാല നോവലിസ്റ്റുകളെ നയിക്കുന്നു. അതിനാലാണ് പ്രാദേശികചരിത്രവും മിത്തുകളും നാട്ടറിവുകളുമൊക്കെ തിരികെ പിടിക്കാനോ സംരക്ഷിക്കാനോ ഉള്ള ശ്രമം നോവലിൽ ഉണ്ടാവുന്നത്. യു.കെ. കുമാരന്റെ തക്ഷൻകുന്ന് സ്വരൂപം, സമദിന്റെ പള്ളിവയ്പ്പിലെ കൊതിക്കല്ലുകൾ, പ്രകാശൻ മടിക്കൈയുടെ കോരുവാനത്തിലെ പൂതങ്ങൾ, ഫ്രാൻസിസ് നൊറോണയുടെ അശരണരുടെ സുവിശേഷം എന്നിവയൊക്കെ മുകളിൽ സൂചിപ്പിച്ച നോവലുകൾക്കൊപ്പം ചേർത്തുവായിക്കേണ്ടവ യാണ്.

പരിസ്ഥിതികേന്ദ്രിതമായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യമാണ് പരിസ്ഥിതിനോവലുകൾ നിർവഹിക്കുന്നത്. സാറാ ജോസഫിന്റെ ആലാഹയുടെ പെൺമക്കൾ, ആതി, പി. സുരേന്ദ്രന്റെ ജൈവം, അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ, ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ചേർന്നെഴുതിയ കുഞ്ഞ് രാമ്പള്ളം എന്നിവയൊക്കെ പരിസ്ഥിതിനോവലുകൾക്ക് ഉദാഹരണമാണ്. പരിസ്ഥിതി സംരക്ഷണം, ചൂഷണരഹിതസമൂഹം എന്നീ ആശയങ്ങൾ ഈ നോവലുകൾ ഉയർത്തിപ്പിടിക്കുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്രത്യക്ഷമോ പരോക്ഷമോ ആയി ആഗോളവത്ക്കരണത്തോടുള്ള പ്രതികരണമാണ് ഉത്തരാധുനികാനന്തര നോവലുകളുടെ മറ്റൊരു ധാര. അംബികാസുതൻ മാങ്ങാടിന്റെ മരക്കാപ്പിലെ തെയ്യങ്ങൾ, ജുനൈദ് അബൂബക്കറിന്റെ പൊനേൻ ഗോംബെ, സഹറാവീയം, പേരയം ശ്രീകുമാറിന്റെ അധിനിവേശാനന്തരം, അനിൽ ദേവസിയുടെ യാ ഇലാഹി ടൈംസ്, ഷീലാ ടോമിയുടെ വല്ലി, ആ പുഴയോട് പേരു ചോദിക്കരുത് എന്നിവയൊക്കെ ആഗോളവത്ക്കരണത്തോട് പ്രത്യക്ഷമോ പരോക്ഷമോ ആയി പ്രതികരിക്കുന്നവയാണ്. പൊനേൻ ഗോംബെ, സഹറാവീയം, യാ ഇലാഹി ടൈംസ്, ആ പുഴയോട് പേരു ചോദിക്കരുത് എന്നിവയൊക്കെ മലയാളത്തിൽ എഴുതപ്പെട്ട അന്താരാഷ്ട്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നനോവലുകളാണ്.

## ഉപസംഹാരം

നോവലിന്റെ ഭാവുകത്വം ആധുനികതയിൽനിന്ന് ആധുനികാനന്തരതയിലേക്കും അവിടെ നിന്ന് ആധുനികാനന്തരതയുടെ അനന്തരതയിലേക്കും മാറിയിട്ടുണ്ടെന്നു സ്ഥാപിക്കാനാണ് മുകളിൽ ശ്രമിച്ചത്. രണ്ടായിരത്തിനു ശേഷമുള്ള നോവലുകളെ ആധുനികാനന്തരതയുടെ അനന്തരഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുള്ളവയായി കരുതാമെന്നും സൂചിപ്പിക്കുകയുണ്ടായി. പ്രാദേശികചരിത്രവും സംസ്കാരവും ഉയർത്തിപ്പിടിക്കുന്നവ, ആഗോളവത്ക്കരണത്തോട് പ്രത്യക്ഷമോ പരോക്ഷമോ ആയി പ്രതികരിക്കുന്നവ എന്നിങ്ങനെ രണ്ടു ധാരകൾ ഈ നോവലുകൾക്കുണ്ട്. അതിൽത്തന്നെ ആദ്യ ധാരയിലെ നോവലുകളിൽ പരിസ്ഥിതിപ്രശ്നം, ആധുനികതാവിമർശം, കീഴാളപ്രശ്നങ്ങൾ, ലിംഗപരമായ വിഷയങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. രണ്ടാമത്തെ ധാരയിലാവട്ടെ ആഗോളവിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. സാങ്കേതികരംഗത്തുണ്ടായ പരിവർത്തനവും സാമൂഹിക വികാസവുമാണ് ഇത്തരമൊരു ഭാവുകത്വത്തിലേക്ക് മലയാളിയെ പരിവർത്തിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചിട്ടുള്ളത്. എന്തുതന്നെയായാലും കൃത്യമായി പരിവർത്തനം അടയാളപ്പെടുത്തുന്നവയാണ് സമകാല മലയാളനോവൽ.

## ഗ്രന്ഥസൂചി

1. *അച്യുതൻ, എം., പ്രൊഫ., നോവൽ പ്രശ്നങ്ങളും പഠനങ്ങളും, ഡി സി ബുക്സ്, കോട്ടയം, 1983.*
2. *അംബികാസുതൻ മാങ്ങാട്, മരക്കാപ്പിലെ തെയ്യങ്ങൾ, ഡി സി ബുക്സ്, കോട്ടയം, 2003.*
3. *അനിൽ ദേവസി., യാ ഇലാഹി ടൈംസ്, ഡി സി ബുക്സ്, കോട്ടയം, 2019.*
4. *ഐജാസ് അഹമ്മദ്., ഉത്തരാധുനികത, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014.*
5. *കുമാരൻ യു.കെ., തക്ഷൻകുന്ന് സ്വരൂപം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2012.*
6. *കൃഷ്ണൻകുട്ടി. വി., മല്ലീശ്വരന്റെ മക്കൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2015.*

7. *ഗിരീഷ്കുമാർ. എസ്. ഡോ., പോസ്റ്റ്കൊളോണിയൽ സാഹിത്യം ഒരാമുഖം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.*
8. *ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി, കുഞ്ഞ്രാമ്പള്ളം, ഡി സി ബുക്സ്, കോട്ടയം, 2016.*
9. *ജുനൈദ് അബൂബക്കർ, പൊനേൻ ഗോംബെ, ഡി സി ബുക്സ്, കോട്ടയം, 2017.*
10. *ബേബി കെ. ജെ., ബെസ്പുർക്കാന, ഡി സി ബുക്സ്, കോട്ടയം, 2006.*
11. *പ്രകാശൻ മടിക്കൈ., കൊരുവാനത്തിലെ പൂതങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, 2010.*
12. *മനോജ് കുറൂർ, നിലം പൂത്തു മലർന്ന നാൾ, ഡി സി ബുക്സ്, കോട്ടയം, 2015.*
13. *മാധവൻ എൻ.എസ്., ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഡി സി ബുക്സ്, കോട്ടയം, 2003.*
14. *മുകുന്ദൻ എം., കുട നന്നാക്കുന്ന ചോയി, ഡി സി ബുക്സ്, കോട്ടയം, 2015.*
15. *രമേഷ് കെ.പി., ആധുനികാനന്തര മലയാളനോവൽ, സാഹിത്യ അക്കാദമി, തൃശൂർ, 1998.*
16. *രാമകൃഷ്ണൻ ഇ.വി., ദേശീയതകളും സാഹിത്യവും, ഡി സി ബുക്സ്, കോട്ടയം, 2001.*
17. *രവീന്ദ്രൻ പി.പി. ഡോ., വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത, ഡി സി ബുക്സ്, കോട്ടയം, 2006.*
18. *രവീന്ദ്രൻ പി. പി., എതിരെഴുത്തുകൾ: ഭാവുകത്വത്തിന്റെ ഭൂമിശാസ്ത്രം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2013.*
19. *വിനോയ് തോമസ്, കരിക്കോട്ടക്കരി, ഡി സി ബുക്സ്, കോട്ടയം, 2014.*
20. *ശിവദാസ് കെ.കെ. ഡോ., മലയാളനോവൽ രണ്ടായിരത്തിനുശേഷം, പാപ്പിറസ് ബുക്സ്, കോട്ടയം, 2014.*
21. *ഷാജി ജേക്കബ് (എഡി:). മലയാളനോവൽ ദേശഭാവനയും രാഷ്ട്രീയഭൂപടങ്ങളും, സാഹിത്യ അക്കാദമി, ന്യൂഡൽഹി, 2010.*
22. *ഷാജി ജേക്കബ്., മലയാളനോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.*
23. *സമദ്, പള്ളിവൈപ്പിലെ കൊതിക്കല്ലുകൾ, ഡി സി ബുക്സ്, കോട്ടയം, 2016.*
24. *സാറാ ജോസഫ്, ആലാഹയുടെ പെൺമക്കൾ, ഡി സി ബുക്സ്, കോട്ടയം, 1999.*
25. *സാറാ ജോസഫ്, ആതി, കറൻറ് ബുക്സ്, തൃശൂർ, 2011.*
26. *ശ്രീകുമാർ പേരയം, അധിനിവേശാന്തരം, ഡി സി ബുക്സ്, കോട്ടയം, 2016.*

## ആനുകാലികങ്ങൾ

1. *അജിത്എം.എസ്. (എഡി.), തുഞ്ചൻറിസേർച്ച്ജേണൽ, മലയാളവിഭാഗം, തുഞ്ചൻ മെമ്മോറിയൽ ഗവ. കോളെജ്, തിരൂർ, വാല്യം 1, ഇഷ്യു 1, 2015.*
2. *ഗ്രന്ഥാലോകം, കേരള ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം, 2017 ഫെബ്രുവരി.*
3. *ഗ്രന്ഥാലോകം, കേരള ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം, 2012 സെപ്തംബർ.*

# വിശപ്പിന്റെ വർണ്ണഭേദങ്ങൾ: മലയാളിഭക്ഷണത്തിന്റെ സാംസ്കാരികചരിത്രം

**ഡോ. കെ. പി. ജയകുമാർ**
അസി. പ്രൊഫസർ, മലയാളവിഭാഗം, എൻ. എസ്. എസ്. കോളെജ്, ചേർത്തല

**പ്രബന്ധസംഗ്രഹം**

ഭക്ഷണം ഒരു സാംസ്കാരിക-അധികാര രൂപമായും വിവേചനത്തിന്റെ ഉപാധിയായും മാറിയതിന്റെ ചരിത്രമാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. ഭക്ഷണത്തെക്കുറിക്കുന്ന ദൈനംദിന സംഭാഷണങ്ങളിലും വാക്കുകളിലും ജാതി കുറിക്കപ്പെടുന്നു. ശൈലികളിലും പഴഞ്ചൊല്ലുകളിലും ഭക്ഷണത്തിന്റെ വംശീയ പാഠങ്ങളുണ്ട്. സസ്യാഹാരശീലത്തിലെ ശുദ്ധി, ശുചിത്വ സങ്കല്പങ്ങളിൽ ബ്രാഹ്മണിക പ്രത്യയശാസ്ത്രം ലീനമായിരിക്കുന്നു. കേരളത്തിലെ നവോത്ഥാന ആത്മീയതയുടെ വക്താക്കൾപോലും കീഴാള മാംസാഹാരത്തെ അധമവും സവർണ്ണ സസ്യാഹാരത്തെ ഉത്തമവുമാക്കുന്ന ഈ പ്രത്യയശാസ്ത്രത്തിന്റെ പ്രയോക്താക്കളായി മാറി. ബുദ്ധചരിത്രത്തിനു മേൽ ബ്രാഹ്മണ്യം വിജയം നേടുന്നതിൽ ഭക്ഷണം വലിയ പങ്കാണ് വഹിച്ചത്. ജാതിവിരുദ്ധ സമരവേദിയാകുമ്പോഴും പന്തിഭോജനങ്ങൾ ഒരർത്ഥത്തിൽ സസ്യാഹാരത്തെ ജനകീയമാക്കുകയാണ് ചെയ്തത്. ബ്രാഹ്മണബുദ്ധ സംഘർഷവും നവോത്ഥാനവും കൊളോണിയൽ ആധുനികതയും ദേശീയപ്രസ്ഥാനവും കേരളത്തിന്റെ ഭക്ഷണചരിത്രത്തിൽ എങ്ങനെയെല്ലാം അടയാളപ്പെടുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** ജാതി, വർണ്ണം, സംസ്കാരം, നവോത്ഥാനം, ആത്മീയത, ബ്രാഹ്മണികത, ബുദ്ധമതം, കൊളോണിയൽ ആധുനികത, ദേശീയത, പന്തിഭോജനം, സസ്യാഹാരം, മാംസാഹാരം

ഭക്ഷണം ഒരു സാംസ്കാരിക രൂപകമാണ്. അനന്തമായ ചേരുവകളാൽ 'വിശപ്പിൽ'നിന്ന് വിമോചിപ്പിക്കപ്പെട്ട വിഭവസമൃദ്ധിയുടെ 'പാഠ'ശേഖരങ്ങളിൽ

വിതയ്ക്കുന്നതും വിളയുന്നതും കൊയ്യുന്നതും വിളമ്പുന്നതും ആരുടെ രുചികളാണ്? ആരുടെ അഭിരുചികളാണ്? ഒരു വ്യക്തിയുടെ ഭക്ഷണത്തിന്റെ തെരഞ്ഞെടുപ്പിൽ വിശപ്പിനേക്കാൾ ജാതി, വർഗ്ഗ, വർണ്ണ, സമുദായ, ദേശ, വംശാഭിരുചികൾ ലീനമായിരിക്കും. വെള്ളിത്തളികയും ചെമ്പുകിണ്ണവും മൺപാത്രവും ഇലയും ചിരട്ടയും സാമ്പത്തിക ശ്രേണിയെന്നതിനേക്കാൾ ജാതീയമായ ഉച്ചനീചനിലകളെക്കുറിക്കുന്നു. ഭക്ഷണത്തെ സൂചിപ്പിക്കുന്ന വാക്കുകളിലും പ്രയോഗങ്ങളിലും നിത്യസംഭാഷണങ്ങളിലും ജാതി ലീനമാണ്. മധ്യതിരുവിതാംകൂറിൽ പ്രയോഗത്തിലുള്ള കൂട്ടാൻ, ഉപ്പിലിട്ടത്, പപ്പടം കാച്ചിയത്, കാളൻ, പുളിശ്ശേരി, സംഭാരം, പരിപ്പ്, മീൻകൂട്ടാൻ, ചായ തുടങ്ങിയ വാക്കുകൾ സവർണതയെ കുറിക്കുമ്പോൾ കറി, അച്ചാർ, പപ്പടം വറുത്തത്, കാച്ചിയ മോര്, പച്ചമോര്, കട്ടിപ്പരിപ്പ്, മീൻകറി, പാൽച്ചായ എന്നീപദങ്ങൾ അവർണ്ണ സംഭാഷണങ്ങളാണ്. ചോറ് ഉണ്ടു, ചോറ് തിന്നു, കടുക് വറക്കുക, കടുക് പൊട്ടിക്കുക എന്നിങ്ങനെയും വർണ്ണഭേദങ്ങൾ ഭക്ഷണ ഭാഷണത്തിലുണ്ട്. പേരിലും ശരീരത്തിലും ജാതിയടയാളങ്ങൾ മാഞ്ഞിരുന്നാലും സംഭാഷണത്തിലൂടെ ജാതി വെളിപ്പെടും.

ജാതി ഒരു സാംസ്കാരിക രാഷ്ട്രീയ പ്രമേയമായി മാറുന്നത് ശൈലികളിലും പഴഞ്ചൊല്ലുകളിലുമാണ്. 'നായ കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ' എന്നത് വിശപ്പിലെ വംശീയതകൂടിയാണ്. 'ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്ന വിരുദ്ധോക്തിയിൽ ഊറിച്ചിരിക്കുന്നത് സമൃദ്ധിയുടെ ജാതിനിലയാണ്. 'വായിൽവെള്ളിക്കരണ്ടിയുമായി ജനി'ക്കുന്നവർ ഭൂതകാലസമ്പന്നതയുടെ പാരമ്പര്യത്തെ വർത്തമാനകാലത്തിൽ വിതച്ചുകൊണ്ടേയിരിക്കുന്നു. അപ്പോഴും 'കോരന് കഞ്ഞി കുമ്പിളിൽതന്നെ' എന്നതിൽ വിളമ്പലിന്റെയും വിതരണത്തിന്റെയും വിനിയോഗത്തിന്റെയും ദീനചരിത്രമുണ്ട്. വിശപ്പിന്റെ സാമൂഹികരാഷ്ട്രീയ ചരിത്രമാണത്.

ഞങ്ങൾ 'അരിയാഹാരം കഴിക്കുന്നവരാണ്'എന്നത് വർത്തമാനകാലത്ത് ആവർത്തിച്ചു കേൾക്കുന്ന സ്വാഭിമാനപ്രസ്താവനയാണ്. ഉയർന്ന സാമാന്യബോധത്തിന്റെ, ബൗദ്ധികനിലയുടെ, കാര്യക്ഷമതയുടെ സ്വയംസാക്ഷ്യം. ഭക്ഷണശീലത്തെ മുൻനിർത്തിയുള്ള ഈ ആത്മപ്രശംസ വരേണ്യവും സുഭിക്ഷവുമായ ഒരു ഭൂതകാലത്തെ സങ്കൽപ്പിക്കുന്നു. അരിഭക്ഷണശീലത്തിലൂടെ വളർന്നുവന്ന വ്യക്തിയാകയാൽ 'ഞാൻ' എന്ന ചരിത്രപ്പെടലിലൂടെ, ഭക്ഷണശീലത്തിലൂടെ ഒരു സമൂഹം ആർജിച്ച ബൗദ്ധിക നിലയിൽ വ്യക്തി കണ്ണിചേർക്കപ്പെടുന്നു. പ്രാചീനതയുടെ അറ്റമേറുംതോറും പാരമ്പര്യത്തിന്റെ അഭിമാനപരത ഉയരും. പാരമ്പര്യമുള്ള ഒരു സമൂഹമായി തലയുയർത്തിപ്പിടിച്ച് നിൽക്കാൻ സമൂഹമനസ്സ് നടത്തുന്ന സ്വപ്നാടനമാണിത്. പ്രാചീനതയിലേക്ക് നീട്ടിയെടുത്ത ഭൂതകാലത്തിന്റെ അതിര് കണ്ടെത്തുക ശ്രമകരമാണ്. പ്രാചീനതയേറുംതോറും പ്രബുല്ലമാകുന്ന പാരമ്പര്യത്തിന്റെ അജ്ഞാത ചേരുവകളാൽ ഭക്ഷണചരിത്രം അടിക്കടി സമൃദ്ധമായിക്കൊണ്ടിരിക്കും.പലകാലങ്ങളിലായി കൊരുത്തുചേർത്ത വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും ആഘോഷങ്ങളുടെയും ശീലങ്ങളുടെയും രുചികളുടെയും അഭിരുചികളുടെയും പരമ്പരയാണത്. അങ്ങനെ ഭക്ഷണമെന്നത് വിശപ്പിന്റെ ചരിത്രമല്ലാതാവുകയും മൂന്നുനേരം വെച്ചുണ്ണാനുണ്ടായിരുന്ന

വരേണ്യരുടെ വംശചേതനയുടെ സമൃദ്ധ ഭൂതകാലത്തെക്കുറിച്ചുള്ള അഭിരതികളായി ത്തീരുകയും ചെയ്യുന്നു. 'അരിയാഹാരം കഴിക്കുന്നവൻ' എന്ന ആത്മാഭിമാനത്തിൽ വംശീയഭൂതകാലത്തിന്റെ ആത്മരതികൂടി പ്രകാശിതമാകുന്നുണ്ട്.

അരിയാഹാരം കേരളീയരുടെ മുഖ്യഭക്ഷണമായിരുന്നോ? കേരളീയഭക്ഷണം എന്നൊന്നുണ്ടോ? കേരളത്തിൽ മാത്രമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നാട്യരൂപങ്ങളും നാടൻകലകളും വള്ളംകളിയും കഥകളിയും ഇരുപ്പുഴുക്കിന്റെ പഴയരിച്ചോറും ഇലസദ്യയും പുളിയിലക്കരമുണ്ടും കസവുവേഷ്ടിയും നാലുംകൂട്ടിയുള്ള മുറുക്കലുമൊക്കെയാണ് കേരളീയതയായി അവതരിപ്പിക്കാറുള്ളത്. കെട്ടുവള്ളവും കയറ്റുപായും കള്ളും കരിമീൻ കറിയും കേരളീയതയുടെ അടയാളങ്ങളായി വിനോദസഞ്ചാരകാലത്ത് പ്രചാരം നേടിയിട്ടുണ്ട്. കേരളത്തിൽ നെൽകൃഷി ആരംഭിച്ചിട്ട് നൂറ്റാണ്ടുകളായെങ്കിലും എല്ലാവിഭാഗം ജനങ്ങളുടെയും പ്രധാനഭക്ഷണം അരിയായി രുന്നില്ല. ഉയർന്നജാതിയിൽപ്പെട്ട നമ്പൂതിരി, അമ്പലവാസികൾ, നായർ തുടങ്ങിയവർക്കിട യിലായിരുന്നു അരിഭക്ഷണം പതിവായിരുന്നത്. പത്തൊമ്പതാം ശതകത്തിന്റെ അന്ത്യം വരെ കേരളത്തിലെ സാധാരണ ജനങ്ങൾക്കിടയിൽ രണ്ടുനേരത്തേ ഭക്ഷണം മാത്രമായി രുന്നു പതിവ്. സാമ്പത്തികമായി പിന്നാക്കംനിന്ന നായന്മാർക്കും അവർണജാതിക്കാർക്കും ചോറ് അപൂർവ ഭക്ഷണമായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ചാമ, തിന, മുതിര, പയർ തുടങ്ങിയ ധാന്യങ്ങളും കിഴങ്ങുവർഗങ്ങളുമായിരുന്നു സാധാരണജനങ്ങളുടെ ഭക്ഷണം.

## ഓണമുണ്ട കേരളം

ഊട്ടുകളും ഊട്ടുപുരകളും ബ്രാഹ്മണർക്ക് വിരുന്നുനൽകുന്നതുമായി ബന്ധപ്പെട്ടാണ് വികസിച്ചുവന്നത്. ഇന്നത്തെ ഓണസദ്യയുടെ വിഭവങ്ങളും അനുഷ്ഠാനങ്ങളും ബ്രാഹ്മണരിൽനിന്നും കടംകൊണ്ടതാണ്. 'വാസ്തവത്തിൽ അടുത്തകാലംവരെ സമൂഹത്തിന്റെ താഴത്തേട്ടുകളിൽ ഓണം ഉണ്ടായിരുന്നില്ല. ഏതെങ്കിലും ഭൂവുടമയുടെ പടിക്കൽ കാത്തുകെട്ടിക്കിടന്ന് എച്ചിലെടുക്കാതെ സ്വന്തമായി സദ്യവെച്ചുണ്ടിരുന്നില്ല. കാണം വിറ്റും ഓണമുണ്ണണം എന്ന ചൊല്ലൊക്കെ ശരി. സത്യത്തിൽ കാണക്കാർക്കും ഏതെങ്കിലും പടിക്കൽ സർവാണികൂടാനേ നിർവാഹമുണ്ടായിരുന്നുള്ളൂ. അന്തരാള ജാതിക്കാർ അമ്പലങ്ങളിൽ ഊട്ടിന്റെ ബാക്കികൊണ്ട് തൃപ്തിപ്പെട്ടു. സാധാരണ നായന്മാർ ഇല്ലങ്ങളിലെ ബാക്കികൊണ്ടും'(രാജൻഗുരുക്കൾ.2009).

ഓണത്തിന് മീൻ വിളമ്പുന്ന രീതി മധ്യകേരളത്തിലെ പടിഞ്ഞാറൻ തീരപ്രദേശ ങ്ങളിലുണ്ട്. കോട്ടയം ജില്ലയിലെ ഒരു നാടൻപാട്ടിന്റെ ഉള്ളടക്കംതന്നെ ഓണക്കാലത്ത് പെയ്യുന്ന അതിശക്തമായ മഴയിൽ പാടത്തേക്കും തോട്ടിലേക്കും പുഴയിൽനിന്നും വെള്ളം കയറുന്നതും അതിലൂടെ കൂരി തള്ളിക്കയറിവരുന്നതും കീഴ്ജാതിയിൽപ്പെട്ട മനുഷ്യർ കൂട്ടത്തോടെ മീൻപിടിക്കുന്നതുമാണ്. "കുഞ്ഞാഞ്ഞേ കുഞ്ഞാഞ്ഞേ തിരിയോണം വന്നല്ലോ കുഞ്ഞാഞ്ഞേ... കൂരിക്കറി, കൂരിക്കറി തിരിയോണത്തിന് കൂരിക്കറി..." ആ ഓണം അവർ ഉത്സവമാക്കിമാറ്റുന്നത് കൂരിക്കറി പാകംചെയ്തുകൊണ്ടാണ്. ഈ കൂരിക്കറി,

അഥവാ മത്സ്യ മാംസാദികൾ നമ്മുടെ ഭക്ഷണ സാംസ്കാരിക ചരിത്രത്തിന് പുറത്താവുകയാണുണ്ടായത്. ആ സ്ഥാനത്താണ് സസ്യാഹാരം/സദ്യ കേരളത്തിന്റെ പൊതുഭക്ഷണമായി മാറിയത്.

കേരളത്തിലെ ബ്രാഹ്മണാധിപത്യത്തിന്റെ തുടർച്ചയായാണ് ഈ സസ്യാഹാര സംസ്കാരം വിപുലപ്പെടുന്നത്. കേരളത്തിലെ മറ്റൊരു പ്രബല ജാതിവിഭാഗമായിരുന്ന നായർ വിഭാഗത്തിലേക്ക് സസ്യാഹാര സംസ്കാരം കടന്നുവരുന്നു. ബ്രാഹ്മണരുമായുണ്ടായിരുന്ന സാമ്പത്തികവും സാമൂഹികവും ശാരീരികവുമായ ബന്ധവും അത് മുന്നോട്ടുവയ്ക്കുന്ന സാമൂഹികമായ ഉന്നത പദവിയും സാമ്പത്തിക നേട്ടവും ചില നായർതറവാടുകളെ സസ്യാഹാരികളാക്കി മാറ്റിയിരിക്കാം. ബ്രാഹ്മണരെ അതിഥികളായോ സംബന്ധത്തിനായോ സ്വീകരിച്ചിരുന്ന നായർ വീടുകൾക്ക് അവരുടെ അഭിരുചികളെക്കൂടി ഉൾക്കൊള്ളേണ്ടിവന്നു. രാത്രിയിൽ അത്താഴത്തിന് ശേഷം മാത്രം പുറപ്പെട്ടെത്തുകയും അതീവ രാവിലെ ജലപാനത്തിന് മുമ്പ് ഇല്ലത്ത് മടങ്ങിയെത്തുകയും ചെയ്തിരുന്ന നമ്പൂതിരിസംബന്ധക്കാരന്റെ ദിനചര്യയെ നിശ്ചയിച്ചത് 'തൊട്ടുകൂട്ടലിന്റെ' ജാതിനിഷ്ഠയാണ്. രാത്രിയിൽ വന്നുപോകുന്ന സംബന്ധക്കാരൻ/ഭർത്താവ്/അച്ഛൻ എന്ന അവസ്ഥയെ പകൽവെളിച്ചത്തിന്റെ സാമൂഹിക പദവികളിലേക്ക് നീട്ടിയെടുക്കുന്നതിന്റെ ഭാഗമായി ചില നായർ തറവാടുകൾ സസ്യാഹാരികളായിത്തീർന്നു. 1887 ൽ പ്രകാശിതമായ വില്യം ലോഗന്റെ മലബാർമാനുവലിൽ നായർവീടുകളെക്കുറിച്ചുള്ള പരാമർശത്തിൽ ഭക്ഷണശീലത്തിന്റെ ഗതിമാറ്റത്തെക്കുറിച്ച് സൂചനകളുണ്ട്. 'ശേഷിയും കഴിവുമുള്ള എല്ലാ വീടുകളുടെയും പറമ്പിൽ കുടുംബദേവതയെ പ്രതിഷ്ഠിച്ചുകൊണ്ട് ഒരു അമ്പലമുണ്ടാകും. വീടിനോടനുബന്ധിച്ച് ബ്രാഹ്മണാതിഥികൾക്ക് താമസിക്കാൻ പ്രത്യേകമായ ഒരു വസതി (മഠം) വീടുകളുടെ ഭാഗമായിക്കാണാം'(വില്യം ലോഗൻ. 2012:80).

കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ എന്നപോലെ വലിയൊരു വിഭാഗം ഭൂമി ക്ഷേത്രങ്ങളുടെ വകയായിരുന്നു. പത്മനാഭസ്വാമി ക്ഷേത്രം, ശുചീന്ദ്രം, തിരുവട്ടാർ തുടങ്ങിയ ക്ഷേത്രങ്ങൾ വൻകിട ജന്മികളുടെ നിയന്ത്രണത്തിലായിരുന്നു. ദേവസ്വംവക സ്വത്തുക്കൾ നിയന്ത്രിക്കുന്നതിന് ഊരാളരായ യോഗക്കാരുടെ കീഴിൽ മാനുഷ്യം എന്ന് പൊതുവേ അറിയപ്പെട്ട ക്ഷേത്രസേവകർ പ്രവർത്തിച്ചിരുന്നു. അതുകൂടാതെയാണ് പതിനാറാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ക്ഷേത്രം വക സ്വത്തിൽനിന്നും കരംപിരിവിനും കണക്കെഴുത്തിനുമായി പിള്ളമാരെ നിയമിക്കാനാരംഭിച്ചത്. ബ്രഹ്മസ്വംവക സ്വത്തുക്കൾക്കും ഇത്തരത്തിലുള്ള കണക്കപ്പിള്ളമാർ ഉണ്ടായിരുന്നു എന്നുവേണം കരുതാൻ. തിരുവിതാംകൂറിലെ പിള്ളമാരുടെ സാമ്പത്തിക വളർച്ചയുടെ ഒരു ഘടകം ഇതായിരുന്നു. ക്ഷേത്രവുമായും ബ്രാഹ്മണ ജൻമികളുമായും ഉണ്ടായിവന്ന തൊഴിൽബന്ധം സാധ്യമാക്കിയ സാമൂഹിക പദവിക്കനുസൃതമായി ജീവിതചര്യയിലും ഭക്ഷണക്രമത്തിലും ശീലങ്ങളിലും നായൻമാർ മാറ്റങ്ങൾ വരുത്തി. ക്രമേണ മാടമ്പിമാരും ജൻമികളുമായിത്തീർന്ന നായർ വിഭാഗം സാമൂഹ്യപദവിയെ നിലനിർത്താനുള്ള സാംസ്കാരിക ഉപകരണമായി വൃത്തി, ശുദ്ധി, പച്ചക്കറി ഭക്ഷണശീലങ്ങളിൽ ഉറയ്ക്കുകയോ, പ്രത്യേക അനുഷ്ഠാനങ്ങളുടെ ഭാഗമായ ശീലമാക്കി തീർക്കുകയോ, ഒരാചാരമാക്കി വളർത്തിയെടുക്കുകയോ ചെയ്തു.

രാജ്യത്തിനെതിരായ ആഭ്യന്തരയുദ്ധത്തെ തടയുന്നതിനും ഒരു വിഭാഗത്തെ കൂടെനിർത്തുന്നതിനുമായി മാർത്താണ്ഡവർമ്മ കണ്ടെത്തിയ പ്രതിരോധമാർഗങ്ങളിൽ ഒന്ന് സസ്യാഹാരമായിരുന്നു. മലയാളബ്രാഹ്മണരെ മെരുക്കി കൂടെനിർത്താൻ നാടുനീളെ ബ്രാഹ്മണരുടെ ഊട്ടുപുരകൾ സ്ഥാപിച്ചു. രാജ്യം പത്മനാഭന് സമർപ്പിച്ചു. ആറ് വർഷത്തിലൊരിക്കൽ മുറജപം നടത്താനുള്ള ഏർപ്പാട് ചെയ്തു അമ്പത്താറ് ദിവസം ബ്രാഹ്മണരെ മൃഷ്ടാന്നം ഊട്ടാനുള്ള ഏർപ്പാടുകൾ ചെയ്തു. (എസ് രാമനാഥ അയ്യർ, ഹിസ്റ്ററി ഓഫ് ട്രാവൻകോർ). അങ്ങനെ ബ്രാഹ്മണരെ ഇടനിലക്കാരാക്കിക്കൊണ്ട് രാജാവ് ദേവന്റെ പ്രതിപുരുഷനായി. ബ്രാഹ്മണ്യത്തിന്റെ സാംസ്കാരികാധിപത്യത്തിന്റെ വഴിയും ഉപകരണവുമായത് സസ്യാഹാരമായിരുന്നു. ഭക്ഷണത്തെ മുൻനിർത്തിയുള്ള അധികാര പ്രയോഗങ്ങൾക്കും ഹിംസകൾക്കും അതുകൊണ്ടുതന്നെ സാംസ്കാരികമായ ആഘാത ശേഷി കൂടുതലായിരുന്നു. 1753-ൽ ശങ്കരൻ എന്ന ഒരു ഈഴവൻ സ്വന്തം പശുവിന്റെ പാൽ കറന്നെടുത്ത് ഉപയോഗിച്ചതിന് തിരുവിതാകൂർ ഭരണകൂടം പിഴ ഈടാക്കിയതായി രേഖകൾ ഉദ്ധരിച്ച് ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നുണ്ട്. മലബാറിൽ ഒറ്റപ്പാലത്തെ ഈഴവ സമുദായത്തിൽപ്പെട്ട ശിവരാമൻ എന്നയാൾ കടയിൽ ചെന്ന് 'ഉപ്പ്' ആവശ്യപ്പെട്ടു. അവിടുത്തെ ജാതിയാചാരമനുസരിച്ച് ജാതിഹിന്ദുക്കൾക്കുമാത്രമെ 'ഉപ്പ്' എന്ന വാക്ക് ഉച്ചരിക്കാൻ അവകാശമുള്ളു. ശിവരാമനെപ്പോലുള്ള ഈഴവർ "പുളിച്ചാടാൻ" എന്നാണ് പറയേണ്ടത്. ഉപരിജാതിക്കാരനായ കടയുടമയ്ക്ക് കോപം സഹിക്കാനാവാതെ ശിവരാമനെ കഠിനമായി മർദ്ദിച്ചു. മർദ്ദനമേറ്റ് ശിവരാമൻ മരിച്ചു (ബോംബെ സമാചാർ, 1936 നവംബർ 4). ഭക്ഷണത്തോടൊപ്പം ഭയവും ആഹരിക്കേണ്ടിവരുന്ന സാമൂഹികാന്തരീക്ഷനിർമ്മിതി മതാത്മകസമൂഹത്തിന്റെ അനിവാര്യതയായി മാറി.

## സസ്യഭോജനത്തിന്റെചരിത്രം

ബുദ്ധമതത്തിനെതിരായ ബ്രാഹ്മണയുദ്ധത്തിന്റെ സുപ്രധാന ആയുധമായിരുന്നു പച്ചക്കറി ഭക്ഷണം. ബുദ്ധന്റെ ആത്മീയവിപ്ലവത്തിലൂടെ, ബ്രാഹ്മണിക് ഹൈന്ദവതയുടെ പ്രരൂപമായ വേദിക് വിശ്വാസധാരകൾ അപ്രസക്തമായ സന്ദർഭത്തിലാണ് ശങ്കരാചാര്യർ പ്രതിവിപ്ലവവുമായി രംഗത്തുവരുന്നത്. ബുദ്ധമതത്തിന്റെ ജനകീയതയ്ക്കും നൈതികസങ്കല്പത്തിനും നിദാനമായ മൂല്യങ്ങളെ അതിന്റെ തീവ്രരൂപത്തിൽ അനുകരിച്ച് ബുദ്ധമാർഗ്ഗത്തെ തകർക്കുകയായിരുന്നു ശങ്കരന്റെ രീതി. അതിനായി അഹിംസാമാർഗ്ഗത്തെ സസ്യാഹാരമെന്ന രൂപകത്തിലേക്ക് തീവ്രമായി ചുരുക്കുകയും അന്നുവരെ മാംസാഹാരികളായിരുന്ന വൈദിക ജനവിഭാഗങ്ങൾക്ക് സസ്യാഹാരരീതി മതനിഷ്ഠയും ജീവിതക്രമവുമായി നിർദ്ദേശിക്കുകയും ചെയ്തു. ഇത് ശങ്കരൻ ചരിത്രത്തിൽ പ്രച്ഛന്ന ബുദ്ധനായി അറിയപ്പെടുന്നതിന് കാരണങ്ങളിലൊന്നായി(അരുൺ അശോകൻ. 2012). ശങ്കരൻ മുന്നോട്ടുവച്ച ദാർശനിക പദ്ധതികളേക്കാൾ ബ്രാഹ്മണസമുദായത്തിന് സ്വീകാര്യമായത് ഭക്ഷണത്തിലധിഷ്ഠിതമായ പ്രതിരോധ പദ്ധതിയാണ്. മിശ്രഭക്ഷണ ശീലത്തിൽനിന്നും സസ്യഭോജനത്തിലേക്കുള്ള ബ്രാഹ്മണരുടെ ഗതിമാറ്റത്തിന് നൂറ്റാണ്ടുകൾ നീണ്ട ചരിത്രമുണ്ട്. ആദ്യഘട്ടങ്ങളിൽ സമുദായത്തിനുള്ളിൽനിന്നുതന്നെ വലിയ എതിർപ്പുകൾ നേരിടേണ്ടിവന്നു. ക്രമേണ ഭക്ഷണം ആധികാരികമായൊരാഭിജാത്യ

പ്രതീകമായി പടർന്നു. അടുക്കളകളെമാത്രമല്ല, ശരീരത്തിന്റെ ജനിതകഘടനയെവരെ മാറ്റിപ്പണിയാൻ കെൽപ്പുള്ളതായിരുന്നു ഭക്ഷണത്തെ മുൻനിർത്തി ശങ്കരൻ നയിച്ച സാംസ്കാരികയുദ്ധം. അത് ബുദ്ധമതത്തിന്റെ വീഴ്ചയുടെയും ബ്രാഹ്മണാധിപത്യത്തിന്റെ അഭിരുചിനിർമ്മാണത്തിന്റെയും ചരിത്രം കൂടിയാണ്.

കൊളോണിയലിസത്തിനെതിരായ സമരത്തിൽ ഇന്ത്യൻ ദേശീയതയുടെ പാരമ്പര്യമുയർത്തിപ്പിടിക്കുന്നതിന് ചില സവർണ്ണദേശീയവാദികളും ഓറിയൻറലിസ്റ്റുകളും വെജിറ്റേറിയനിസത്തെ ഉയർത്തിപ്പിടിക്കുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിലേക്കുള്ള ഗാന്ധിയുടെ കടന്നുവരവോടെയാണ് വ്യാവഹാരികമായി ഈ സസ്യാഹാരരീതി മറ്റൊരു ധാർമ്മികഘടന കൈവരിക്കുന്നത്. ആധുനിക അവബോധത്തിൽ ഉച്ചനീചത്വത്തിന്റേതായി കരുതിയ ഭക്ഷണക്രമത്തെ, അതിന്റെ ധാർമ്മിക അടിത്തറയെ, ഗാന്ധി മറ്റൊരു ധാർമ്മികാടിത്തറ നിർമ്മിച്ചുകൊണ്ടാണ് വ്യാഖ്യാനിച്ചത്. അദ്ദേഹം ഇന്ത്യൻ ഭക്ഷണ ക്രമത്തിന്റെ ഉന്നതമൂല്യമായി മേൽജാതിക്കാരുടെ സസ്യാഹാരരീതിയെ അവതരിപ്പിക്കുകയും ആ സസ്യാഹാരരീതിയെ അഹിംസാത്മകജീവിതചര്യയായി വ്യാഖാനിച്ചുകൊണ്ട് പുതിയൊരു ധാർമ്മിക അടിത്തറയിൽ അതിനെ ഉറപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ സസ്യാഹാരരീതിയെ അഹിംസയുടെ ഏകവചനമാക്കുകയാണ് ഗാന്ധിജി ചെയ്തത് (അരുൺ അശോകൻ. 2012). ശരീരത്തിന്റെ സ്വാഭാവികമായ തൃഷ്ണകളെയും അഭിരുചികളെയും അതിജീവിക്കുക എന്നതിന്റെ പരീക്ഷണശാലകൂടിയായിരുന്നു ഗാന്ധിജിയുടെ ശരീരം.

## ഭക്ഷണദേശീയതയുടെ ഗാന്ധിമാർഗം

മധ്യകാല മത/പൗരോഹിത്യത്തിന്റെയും പിൽക്കാല വംശീയ ഏകാധിപത്യത്തിന്റെയും കാലത്ത് വിലക്കുകളായിരുന്നു നിയമങ്ങൾ. മനുഷ്യരുടെ പെരുമാറ്റവും ജീവിതവും സദാചാരവും തീരുമാനിക്കപ്പെടുന്നത് കല്ലേപ്പിളർക്കുന്ന കൽപനകളിലൂടെയാണ്. ഉത്തരവുകൾ അനുസരിച്ചും പാലിച്ചും വിധേയപ്പെടുന്ന ശരീരങ്ങളാണ് പ്രജകൾ. ആ പ്രജാസഞ്ചയമാണ് സമൂഹം. ഈ സാമൂഹ്യ സങ്കൽപ്പത്തിനുള്ളിൽ അനാസക്തിയുടെ പ്രമേയങ്ങളുണ്ട്. ക്രിസ്ത്യൻയുഗത്തിൽ പലതരം പ്രമാണങ്ങളായി അത് വിപുലമാകുന്നു. ത്യജിക്കലിന്റെയും നിരോധനത്തിന്റെയും വിലക്കുകളുടെയും അദൃശ്യവും ശക്തവുമായ പ്രമാണങ്ങളാണ് 'നിയമ'ങ്ങളായി പ്രവർത്തിച്ചത്. ലൈംഗിക നിയന്ത്രണങ്ങൾക്ക് ഇവിടെ പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് നിങ്ങൾ നിങ്ങളാകുന്നത് എന്ന് അനുശാസിക്കുന്ന പൗരോഹിത്യശാസനം പിന്തുടരുന്നവരായി സമൂഹം മാറുന്നു. മറിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും നിരോധിക്കപ്പെടുന്നു. അത് കലയിലും സാഹിത്യത്തിലും ഭക്ഷണത്തിലും നിത്യജീവിതത്തിലും സംഭവിക്കാം.

ശങ്കരാചാര്യരുടെ ബ്രാഹ്മണിക ശിക്ഷണവും മധ്യകാല മതപൗരോഹിത്യത്തിന്റെ ശാസനങ്ങളും ഗാന്ധിജിയുടെ ശരീരബോധ്യങ്ങളുടെ രാഷ്ട്രീയത്തെ നിർണ്ണയിച്ചു. ശങ്കരൻ ബ്രാഹ്മണി ഹൈന്ദവതയുടെ അടിസ്ഥാനത്തിനും ബുദ്ധിസത്തിന്റെ നിർമ്മൂലനത്തിനും വേണ്ടി നൂറ്റാണ്ടുകൾക്ക് മുമ്പ് രൂപപ്പെടുത്തിയ അഹിംസാമാർഗ്ഗമായി സസ്യാഹാര

രീതിയെ വ്യാഖ്യാനിച്ചു നടപ്പിൽ വരുത്തിയ പദ്ധതിയെയാണ് ഗാന്ധി ദേശീയപ്രസ്ഥാനത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തിന്റെ പുതിയ വ്യാഖ്യാനത്തിലൂടെ തിരിച്ചുകൊണ്ടുവരുന്നത്. അതായത് അഹിംസാമാർഗ്ഗത്തെ സസ്യാഹാരക്രമത്തിലേക്ക് ചുരുക്കിയെടുത്ത ഗാന്ധിയൻ വ്യാഖ്യാനപദ്ധതിക്ക് ബുദ്ധധർമ്മത്തോടല്ല ബ്രാഹ്മണ പ്രതിവിപ്ലവത്തിന്റെ ചിന്തകനായ ശങ്കരനോടാണ് കടപ്പാട്. (അരുൺ അശോകൻ. 2012). ക്രമേണ 'ശുദ്ധമായ' പൊതുഭക്ഷണമായി സസ്യാഹാരം മാറി. ജാതിക്കെതിരായ സമരത്തിന്റെ ഭാഗമായ മിശ്രഭോജനപ്രസ്ഥാനത്തിലും പന്തിഭോജനത്തിലും വിളമ്പിയത് സസ്യാഹാരമായിരുന്നു. അതിൽ ഗാന്ധിയൻ ദേശീയതയുടെ അഭിരുചികൾ കലർന്നിരുന്നു. അതാകട്ടെ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തിന്റെ കലവറയിൽ പാകം ചെയ്തതായിരുന്നു.

## മിശ്രഭോജനത്തിലെ പന്തികൾ

1840–കൾ മുതൽ വൈകുണ്ഠസ്വാമികൾ ആരംഭിച്ച തുവൈയൽ പന്തിയാണ് തിരുവിതാകൂറിലെ ആദ്യ സമൂഹസദ്യ. പ്രധാനമായും ശുചിത്വം, ലളിതമായ സസ്യാഹാരം, എന്നിവ ശീലിക്കുന്നതിനുവേണ്ടി തുടങ്ങിയ ഒന്നുമാത്രമായിരുന്നു 'തുവൈയൽ പന്തി' എന്ന് സാമൂഹ്യശാസ്ത്രജ്ഞനായ എം. എസ്. എസ്. പാണ്ഡ്യൻ അഭിപ്രായപ്പെടുന്നുണ്ട്. 1888– നോടടുപ്പിച്ച് ശ്രീ നാരായണഗുരു അരുവിപ്പുറത്ത് ഒരു വാവൂട്ട് യോഗം സംഘടിപ്പിച്ചു. അതിന്റെ പ്രധാന ഉദ്ദേശ്യം തന്നെ ഭക്ഷണനവീകരണമായിരുന്നു. ഈഴവരെ സദ്യയുണ്ണാൻ പഠിപ്പിച്ചത് എസ്. എൻ. ഡി. പി. യോഗമായിരുന്നു എന്ന് ചരിത്രകാരനായ ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നു. കേരളീയർക്കിടയിൽ അരിയാഹാരം ജനകീയമാക്കി യതും ജാതിവിരുദ്ധപ്രസ്ഥാനങ്ങളാണ്. ബ്രാഹ്മണികതയെ എതിർക്കുമ്പോഴും അവർ മുന്നോട്ടുവച്ച ശുദ്ധിയുടെ സസ്യാഹാരപാഠങ്ങൾ കീഴാളസാമൂഹികതയിലേക്ക് പ്രചരിക്കുന്നത് ഈ ആത്മീയ പാതയിലൂടെയാണ്. ശുചിത്വത്തെയും സസ്യാഹാരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ബ്രാഹ്മണപാഠത്തിൽ മതാത്മക ആത്മീയതയുടെ പ്രത്യയശാസ്ത്രമുണ്ട്. അയ്യാവൈകുണ്ഡസ്വാമികൾ മുതൽ നാരായണഗുരുവരെയും; അതിനെ പിന്തുടർന്ന ആത്മീയ ധാരകളും ശുചിത്വത്തെ സസ്യാഹാരവുമായി ബന്ധിപ്പിച്ച് അനുഷ്ഠാനതലത്തിൽ ഉറപ്പിക്കുന്നത് കാണാം. കള്ളും കഞ്ചാവും മീനും മാംസവും ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായിരുന്ന കീഴാളജനതയുടെ ആത്മീയത അപകർഷ മാകുകയും പാലും പഴവും അവലും പാൽപ്പായസവും ഉണ്ണിയപ്പവും അരവണയും ഇളനീരും ഉൽക്കർഷമാവുകയും ചെയ്തതിൽ ഈ ആത്മീയധാരയും വലിയ പങ്കു വഹിച്ചിട്ടുണ്ട്.

'അശുദ്ധി' മനുഷ്യക്കടത്തിനുള്ള ഉപാധിയായി പത്തൊമ്പതാം നൂറ്റാണ്ടിലെ തദ്ദേശീയ ജനത ഉപയോഗിച്ചിരുന്നു. അശുദ്ധിയിലൂടെ ജാതിയിൽനിന്നു പുറത്താക്കുകയും അടിമകളാക്കി വിൽക്കുകയും ചെയ്യുന്നരീതി. അശുദ്ധികളിൽ പരിഹാരമില്ലാത്തത് ഭക്ഷണശുദ്ധിയായിരുന്നതിനാൽ നായർ, ഈഴവർ തുടങ്ങിയ ജാതിയിൽ നിന്ന് കുട്ടികളെ തട്ടിക്കൊണ്ടുപോയി പുലയർക്കും പറയർക്കുമൊപ്പം ഭക്ഷണം കഴിപ്പിച്ച് ജാതിയിൽനിന്നു പുറത്താക്കി അടിമകളാക്കി കച്ചവടം നടത്തിയിരുന്നു (വിനിൽ പോൾ, 2019 : 612). തീയ്യ

ജാതിയിൽപ്പെട്ട രണ്ട് അയ്യപ്പൻമാർ, കാളി, നായർ ജാതിയിൽപ്പെട്ട കണ്ണൻ തുടങ്ങിയവരെ പുലയജാതിക്കാരോടൊപ്പം ഭക്ഷണം കഴിപ്പിച്ച് പുലയരാക്കി എന്നും അവർക്ക് പിന്നീട് വീട്ടിൽ പ്രവേശിക്കാനോ ജാതിയിൽ പ്രവേശിക്കാനോ സാധിച്ചിരുന്നില്ല എന്നും രേഖകളിൽ കാണുന്നു. മലബാറിലും തിരുവനന്തപുരത്തും ജയിൽ ശിക്ഷ അനുഭവിച്ചിരുന്ന ബ്രാഹ്മണർക്ക് പ്രത്യേകം അടുക്കളയും ഭക്ഷണവും നൽകിയിരുന്നതായി മിഷനറി രേഖകളിൽ കാണാം.

1854-ൽ ഹെൻട്രിബേക്കർ ജൂനിയർ മുണ്ടക്കയത്തുവച്ച് പുതുവത്സര ആഘോഷത്തിന്റെ ഭാഗമായി മിഷനറി സംഘത്തിലെ പുലയർ, ഈഴവർ, പറയർ, നായർ, മലയരയർ, സുറിയാനി ക്രിസ്ത്യാനികൾ എന്നിവരെ പങ്കെടുപ്പിച്ച് നടത്തിയ സമൂഹസദ്യയാണ് ആദ്യത്തെ പന്തിഭോജനം(മിഷനറി രേഖകൾ-PCMS 1855).കൃഷിഭൂമിയിൽ പണിയെടുക്കുന്ന, ചർച്ച് മിഷനിൽ ചേർന്ന തൊണ്ണൂറ്റിരണ്ട് പുലയരെ ഉൾപ്പെടുത്തിയാണ് ഈ സമൂഹസദ്യ നടത്തിയത്. തൊട്ടടുത്ത വർഷം മേലുകാവിലും സമൂഹസദ്യ നടത്തിയതിന്റെ രേഖകൾ ലഭ്യമാണ്. ക്രിസ്തുമതം സ്വീകരിച്ച പുലയരിലെയും പറയരിലെയും ജാതിവിവേചനവും തീണ്ടലും അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 1860-ൽ മല്ലപ്പള്ളിയിൽ ഇവരെ ഒരുമിച്ചിരുത്തി ജോർജ്ജ് മാത്തൻ അച്ചൻ സദ്യ നടത്തി. ഈ നീക്കങ്ങൾ ക്രിസ്ത്യാനികൾക്കിടയിലെ ജാതിവിവേചനം അവസാനിപ്പിച്ചു എന്നു കരുതേണ്ടതില്ല. ദളിത് ക്രിസ്ത്യാനികൾക്ക് അപ്പവും വീഞ്ഞും നല്കി കുർബാനയിൽ പങ്കെടുപ്പിക്കുന്നതിനെ സുറിയാനിഈഴവ ക്രിസ്ത്യാനികൾ ശക്തമായി എതിർത്തിരുന്നുവെന്നും ദളിത് ക്രിസ്ത്യാനികൾക്ക് കുർബാന നൽകേണ്ടി വന്ന സന്ദർഭങ്ങളിൽ അപ്പം എറിഞ്ഞാണ് കൊടുത്തിരുന്നതെന്നും വീഞ്ഞ് കുഴിയുള്ള സ്പൂൺ ഉപയോഗിച്ചാണ് നൽകിയിരുന്നതെന്നും മിഷനറി രേഖകൾതന്നെ പറയുന്നു.

സമൂഹസദ്യ അഥവാ പന്തിഭോജനം ജാതിക്കെതിരായ സമരമായി കാണാമെങ്കിലും ഭക്ഷണം/വിഭവങ്ങൾ കൈകാര്യം ചെയ്തരീതി സവിശേഷമായി പരിഗണിക്കണം. സമൂഹസദ്യകളും പന്തിഭോജനങ്ങളും പലപ്പോഴും ഇതര സമൂഹങ്ങളുടെ ആഹാരശീലങ്ങളെ പുറത്തുനിർത്തി. പൊതുഭക്ഷണം എന്നപേരിൽ വിളമ്പിയത് സസ്യാഹാരമായിരുന്നു. അതിലൂടെ വരേണ്യ അഭിരുചിയും സൂക്ഷ്മമായി വിതരണം ചെയ്യപ്പെട്ടു. അംബേദ്കർ മഹാരാഷ്ട്രയ്ക്കകത്തും പുറത്തും തീവണ്ടിയിലും മറ്റും സഞ്ചരിച്ച് മഹറുകളും മാംഗുകളുമടങ്ങുന്ന വ്യത്യസ്ത അസ്പൃശ്യ സമുദായങ്ങളോട് ചർച്ച നടത്തുന്നതിനെക്കുറിച്ചും അവരോടൊത്ത് വേവിച്ച ഇറച്ചി ഒരേ പാത്രത്തിൽ പങ്കിട്ട് കഴിച്ചതിനെക്കുറിച്ചും വസന്ത് മൂൺ എഴുതിയ ഡോ.ബാബാ സാഹിബ് അംബേദ്കർ എന്ന ജീവചരിത്ര പുസ്തകം പ്രതിപാദിക്കുന്നുണ്ട്. 'പുരാതനമദ്ധ്യകാല ഇന്ത്യയിലെ ജാതിവിരുദ്ധ മുന്നേറ്റങ്ങൾ നയിച്ച കീഴാള സന്യാസികളും നേതൃത്വങ്ങളും ആധുനിക ഇന്ത്യയിലെ ഫൂലേ മുതൽ അംബേദ്ക്കർ വരെയുള്ള മഹാന്മാരും ജാതിവ്യവസ്ഥയെ നിർമ്മൂലനം ചെയ്യുവാനുള്ള പ്രധാന ഉപാധികളായി മുമ്പോട്ടു വച്ചത് മിശ്രവിവാഹവും മിശ്രഭോജനവുമായിരുന്നു. എന്നാൽ കേവലമായ അർത്ഥത്തിൽതന്നെ ആചരിക്കപ്പെട്ടു എന്നതിനാൽ ഇവ രണ്ടും ജാതിയുടെ മൂല്യവ്യവസ്ഥയെ അപനിർമ്മിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്.' (സിമി കോറോട്ട്. 2001).

ഒരിക്കൽ നിഷേധിക്കപ്പെട്ട ഭക്ഷണത്തിനു മുന്നിൽ താഴെത്തട്ടിലുള്ള മനുഷ്യരെ ഒപ്പമിരുത്താനുള്ള ശ്രമങ്ങളിൽ സാമൂഹ്യമാറ്റത്തിനുള്ള തീവ്രമായ അഭിലാഷങ്ങളുണ്ടായിരുന്നുവെന്നത് നിഷേധിക്കാനാവില്ല. പലപ്പോഴും അവിടെ വിളമ്പിയത് ഹിന്ദു വെജിറ്റേറിയൻ ഭക്ഷണവും ഭക്ഷണശീലങ്ങളുമാണ്. ഇവിടെ കീഴാളഭക്ഷണ വിഭവങ്ങളോ ഭക്ഷണശീലങ്ങളോ പങ്കുവയ്ക്കപ്പെട്ടില്ല. മാത്രവുമല്ല കീഴാള/ദലിത് നിർവ്വാഹക കർതൃത്വത്തെ പാടേ അവഗണിച്ചുകൊണ്ട് സവർണ്ണർ പാകംചെയ്ത സവർണ്ണഭക്ഷണം വിളമ്പുകയോ കഴിക്കുകയോ ചെയ്യുക എന്ന പ്രക്രിയകൾക്കു വിധേയരാവുക എന്നതിലാണ് കീഴാള/ദലിത് ശരീരങ്ങൾ ഉപയോഗിക്കപ്പെട്ടത്. രൂക്ഷമായ ജാതിവ്യവസ്ഥിതി നടമാടിയിരുന്ന ആ കാലഘട്ടത്തിൽ ഇതുതന്നെ വലിയ ഒരു സാഹസിക പ്രവൃത്തി ആയിരുന്നുവെങ്കിലും ജാതീയമായ ഹിന്ദു സവർണ്ണമൂല്യങ്ങൾ പാകംചെയ്ത ഒരു 'പൊതുഭക്ഷണസംസ്കാര'മാണ് മിശ്രഭോജനത്തിലൂടെയും ആഘോഷിക്കപ്പെട്ടത്. മാത്രവുമല്ല, കീഴാള/ദലിത് ഭക്ഷണവിഭവങ്ങളും ഭക്ഷണശീലങ്ങളും പ്രതിനിധീകരിക്കപ്പെടുന്ന ഒരു 'മിശ്രഭക്ഷണ'വ്യവഹാരത്തെ നിർമ്മിക്കുവാൻ മിശ്രഭോജനപ്രസ്ഥാനത്തിന് കഴിയാതെപോയി. ഫലത്തിൽ മിശ്രഭോജനവും മിശ്രവിവാഹവുംകൊണ്ട് ശരീരപരമായ അകലങ്ങൾ കുറയുകയും മൂല്യപരമായ അകലങ്ങൾ പുതിയ മാനങ്ങളിലേക്ക് വികസിക്കുകയുമാണുണ്ടായത്. അടുത്തിരിക്കേണ്ടിവരുന്ന ആധുനികതയുടെ നിർബ്ബന്ധം കൂടി ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. ചുരുക്കത്തിൽ ആധുനിക ഇന്ത്യൻ സമൂഹത്തിൽ വിവാഹസദ്യകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഹോസ്റ്റൽ മെസുകൾ, തൊഴിൽ കാന്റീനുകൾ മുതലായ 'പൊതു' തീൻമേശകളിലും ഏറെക്കുറെ ഗാർഹിക തീൻമേശകളിലും ഇടംപിടിച്ചിരിക്കുന്ന വിശിഷ്ട വിഭവങ്ങൾ, ഹൈന്ദവമോ, വരേണ്യമോ, ഉയർന്ന സാമൂഹ്യ പദവിയുടേതോ ആയ ജാതിശ്രേണീ മൂല്യങ്ങൾ വഹിക്കുന്നതുകൊണ്ടാണ് പൊതുവും വിശിഷ്ടവുമായിത്തീരുന്നത്. അതുകൊണ്ടുതന്നെയാണ് അവ ഭക്ഷണത്തിന്റെ ഉച്ചസംസ്കാര (high culture)മാവുന്നതും. ഇവിടെ ദലിതരുടെയും മറ്റു കീഴാളവിഭാഗങ്ങളുടെയുമൊക്കെ ഭക്ഷണ വിഭവങ്ങളും ഭക്ഷണശീലങ്ങളും അവരുടെ സാമൂഹ്യ പദവി പോലെത്തന്നെ നിന്ദ്യവും ഹീനവും ജുഗുപ്സാവഹവും ആയിത്തീരുന്നത് യാദൃച്ഛികമല്ല. (ഹനു ജി ദാസ്. 2012)

അസ്പൃശ്യർ മുമ്പ് ബുദ്ധമതാനുയായികളായിരുന്നുവെന്നും, ബുദ്ധമതത്തെ ജയിക്കുന്നതിനുവേണ്ടി ബ്രാഹ്മണമതം മാംസാഹാരം ഉപേക്ഷിച്ച് തീവ്ര സസ്യാഹാരികളായിമാറിയെന്നും സസ്യഭോജനത്തെ വിശുദ്ധമായി പ്രഖ്യാപിച്ചുവെന്നും അംബേദ്ക്കർ നിരീക്ഷിക്കുന്നുണ്ട്. അൽപ്പം കൂടിക്കടന്ന് അവർ പശുവിനെ വിശുദ്ധ മൃഗമായി പ്രഖ്യാപിക്കുന്നു. ഇതുമൂലം മാംസാഹാരവും ഗോമാംസാഹാരവും ശീലിച്ചിരുന്ന തീവ്ര അഹിംസാവാദികളല്ലാത്ത ബുദ്ധമതവിശ്വാസികൾ സാമൂഹ്യമായി പുറന്തള്ളപ്പെട്ടു എന്നും അംബേദ്ക്കർ നിരീക്ഷിക്കുന്നു. ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിലുള്ള സംഘർഷമായിരുന്നു ഇന്ത്യാചരിത്രം എന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. (ബി. ആർ. അംബേദ്ക്കർ. 1990).

അടിസ്ഥാനപരമായി നമ്മുടെ 'നിയമ നിർവ്വഹണം' സങ്കൽപ്പിക്കപ്പെടുന്നത് ജനാധിപത്യസങ്കൽപ്പത്തിൽ അധിഷ്ഠിതമായ നീതിബോധത്തിലല്ല, മറിച്ച് മത പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഏകാധിപത്യസങ്കൽപ്പത്തിലാണ്. ഈ ഏകാധിപത്യ മനോഭാവം സകലതിനെയും വരുതിയിലാക്കാൻ ശ്രമിക്കുന്നു. തെരുവും പള്ളിക്കൂടങ്ങളും വായനശാലയും സിനിമാശാലയും ഭക്ഷണശാലയും ഒരേവിധം അച്ചടക്കത്തോടെ പ്രവർത്തിക്കണമെന്നതാണ് അതിന്റെ ഉള്ളടക്കം. ഇതിനെ മറികടക്കാൻ നമ്മുടെ രുചി ഭാവനയുടെ ജനിതകഘടനയിൽതന്നെ അഴിച്ചുപണി ആവശ്യമാണ്. ഉപാധികളില്ലാത്ത സഹിഷ്ണുതയുടെ പാഠാവലികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആലുവ അദ്വൈതാ ശ്രമത്തിൽ എത്തിയിരുന്ന സഹോദരൻ അയ്യപ്പൻ അവിടുന്ന് ഭക്ഷണം കഴിക്കാതെ സ്ഥിരമായി പുറത്ത് കടയിൽ പോകുമായിരുന്നു. അതിനെക്കുറിച്ച് ഗുരു അന്വേഷിച്ചപ്പോൾ മീൻകൂട്ടി ഭക്ഷണം കഴിക്കാനാണ് അയ്യപ്പൻ പുറത്തുപോകുന്നതെന്ന് ഒരാൾ രഹസ്യമായി കണ്ടെത്തി ഗുരുവിന് പറഞ്ഞുകൊടുത്തു. 'അയ്യപ്പന്റെ ഭക്ഷണച്ചെലവ് ഇനിമുതൽ ആശ്രമത്തിൽ നിന്ന് നൽകണം' എന്നാണ് ഗുരു പറഞ്ഞത്.

## പഠനസഹായികൾ

1. *അരുൺഅശോകൻ, http://utharakalam.com/2012/12/25/3456.htmlഡിസംബർ 25, 2012.*
2. *ബി. ആർ. അംബേദ്ക്കർ, ഡോ. ബാബാസാഹേബ് അംബേദ്ക്കർ: റൈറ്റിംഗ് ആൻഡ് സ്പീച്ചസ്, വോള്യം7, വാന്ത് മൂൺ (എഡി.) ഗവൺമെന്റ് ഓഫ് മഹാരാഷ്ട്ര, മുംബയ് 1990.*
3. *രാജൻഗുരുക്കൾ, മിത്ത് ചരിത്രം സമൂഹം, പ്രസക്തി ബുക്സ്, 2009.*
4. *വില്യം ലോഗൻ, മലബാർ മാന്വൽ, മാതൃഭൂമി ബുക്സ്, 2012.*
5. *സിമികോറോട്ട്, പ്രതീകാത്മക മൂലധനവും പ്രതീകാത്മക ഹിംസയും, പച്ചക്കുതിര, ജനുവരി 2001.*
6. *ഹനുജിദാസ് http://utharakalam.com/2012/12/03/3167.html ഡിസംബർ 3, 2012.*
7. *1828-ൽ ബ്രിട്ടീഷ് പാർലമെന്റ് പ്രസിദ്ധീകരിച്ച മലബാറിലെ അടിമത്തവുമായി ബന്ധപ്പെട്ട കോടതി വ്യവഹാര രേഖകളെ ഉദ്ധരിച്ച് വിനിൽ പോൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2019 ഒക്ടോബർ, 612)*

# കാലാവസ്ഥാവ്യതിയാനവും സാഹിത്യഭാവനയും

**ഡോ. എം. എ. സിദ്ദീഖ്**
പ്രൊഫസ്സർ, മലയാളവിഭാഗം, കേരളസർവ്വകലാശാല, കാര്യവട്ടം, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം മുതലായ പുതിയ ജൈവരാഷ്ട്രീയ പ്രതിഭാസങ്ങളെ സാഹിത്യഭാവുകത്വം എങ്ങനെയാണ് സ്പർശിക്കുന്നതെന്നു വിശദീകരിക്കാൻ ഇതിൽ ശ്രമിച്ചിരിക്കുന്നു. സാഹിത്യം ഒരു വിദ്യ എന്ന നിലയിൽ എങ്ങനെയാണ് "അന്തർവൈജ്ഞാനികവും പ്രായോഗികവും ആവുന്നതെന്ന അന്വേഷണവും ഇതോടൊപ്പം ചേർത്തുവയ്ക്കുന്നു

***താക്കോൽവാക്കുകൾ:*** സാഹിത്യവിദ്യ, പാരിസ്ഥിതികരാഷ്ട്രീയം, നിർമ്മിതബുദ്ധി, ആഗോളതാപനം

സാഹിത്യവിദ്യ ഒരു സമഗ്രവിജ്ഞാനമാണ്. അറിവിന്റെ ഏത് അടരിനെയും ഉൾക്കൊള്ളാൻ സാഹിത്യത്തിനു കഴിയും. രസിപ്പിക്കൽ മാത്രമാണ് സാഹിത്യത്തിന്റെ ഒരേയൊരു ലക്ഷ്യം എന്ന വാദത്തെ ഖണ്ഡിച്ചുകൊണ്ട് സാഹിത്യം വിദ്യയാണെന്നു പഠിപ്പിച്ച കുട്ടിക്കൃഷ്ണമാരാർ സാഹിത്യത്തിന്റെ ഈ കഴിവിനെയാണ് വിളിച്ചുപറഞ്ഞത്.

'പൊങ്ങിത്താണുള്ളവിന്ധ്യാചലതടശിലമേൽ
ചിന്തിടുംരേഖകാണാ-
മങ്ങിങ്ങാ,നയ്ക്കുഭസ്മക്കുറിയുടലിൽ വരച്ചിട്ടിരിക്കുന്നപോലെ'

എന്ന 'മേഘസന്ദേശ' വരികളിൽ (ജി. ശങ്കരക്കുറുപ്പിന്റെ വിവർത്തനം), ഭൂമിശാസ്ത്രമാണുള്ളതെന്നും

'വെറുക്കാതിരിക്ക നാം രുഗ്ണരെ,യൻപാൽ
പരിചരിക്കാൻ ശ്രമിക്കുക, ധീരസങ്കല്പങ്ങളാൽ
പഥ്യമാം വാക്കാൽ, ആത്മസ്പർശിയാം ഭാവങ്ങളാൽ
ഹൃദ്യമാം സംഗീതത്താൽ സത്യത്തിൽ മരുന്നാലും'

എന്ന വൈലോപ്പിള്ളി സാവിത്രിയിലെഴുതിയത് അൻപ്, പഥ്യമായവാക്ക്, ധീരസങ്കല്പങ്ങൾ, ഹൃദ്യമായ സംഗീതം മുതലായവകൊണ്ട് രോഗികളെ ചികിത്സിക്കണമെന്ന തത്ത്വമാണെന്നും വാഗർത്ഥവിചാരങ്ങൾക്ക് ഔഷധശക്തിയുണ്ടെന്ന ഈ തത്ത്വം തെറാപ്യൂട്ടിക് ഇമാജിനേഷനാണെന്നും ഇന്നത്തെ ഒരു സാഹിത്യവിദ്യാർത്ഥിക്ക് അറിയാം. വ്യത്യസ്ത വൈജ്ഞാനികമേഖലകളിലെ കൃതികൾ തിരഞ്ഞെടുത്ത് വായിക്കുന്നവർക്കും അറിയാം. സാഹിത്യപഠനം അന്തർവൈജ്ഞാനികമായി(inter-disciplinary)ത്തീർന്ന ഒരുകാലമാണിതെന്നുകൂടി ഇത്തരം ആലോചനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

അതുകൊണ്ടാണ്, ഇക്കാലത്തെ ഏറ്റവും വലിയ പാരിസ്ഥിതികരാഷ്ട്രീയപ്രശ്നം എന്നു പറയാവുന്ന ആഗോളതാപനം (global warming), കാലാവസ്ഥാവ്യതിയാനം മുതലായവ സാഹിത്യഭാവനയ്ക്കും അന്യമല്ല എന്നു പറയാൻ കഴിയുന്നത്. നിർമ്മിതബുദ്ധി മനുഷ്യജീവിതത്തെ എങ്ങനെയെല്ലാം മാറ്റിത്തീർക്കുമെന്ന ഭാവിവീക്ഷണം അവതരിപ്പിക്കുന്ന പുസ്തകമാണ് മാർട്ടിൻ ഫോർഡ് എഴുതിയ 'Rule of the Robots: How Artificial Intelligence will transform Everything' എന്നകൃതി. നിർമ്മിതബുദ്ധി മനുഷ്യചൈതന്യങ്ങളിൽ സൃഷ്ടിക്കാനിടയുള്ള ശൈഥില്യങ്ങളെയും അപായങ്ങളെയും പറയുമ്പോൾത്തന്നെ, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് മനുഷ്യസമൂഹങ്ങൾക്ക് തുണയായിത്തീരുന്നതെങ്ങനെയെന്നും അതിൽ ഫോർഡ് പറയുന്നുണ്ട്. നിർമ്മിതബുദ്ധിയുടെ അനുക്ഷണം വികസിക്കുന്ന ന്യൂറെൽ നെറ്റ്‌വർക്കുകളും, അറിവിന്റെ ലോകത്ത് അവ സൃഷ്ടിക്കുന്ന ഡീപ്‌ലേർണിംഗും; നമ്മെ, കാലാവസ്ഥാവ്യതിയാനം, പാരിസ്ഥിതികനാശം, മഹാമാരികൾ, ജലഊർജ്ജദൗർലഭ്യം മുതലായവയെ അഭിമുഖീകരിക്കാൻ സഹായിക്കുമെന്ന് ഫോർഡ് പറയുന്നു.

ഫോർഡിന്റെ പ്രതീക്ഷയൊടൊത്ത് ചിന്തിക്കേണ്ട കാര്യം, മനുഷ്യരും മനുഷ്യരുടെ ഭാവനയും വിസ്ഫോടനാത്മകമായ ഈ പുതിയ അറിവുകളെ (eletcrictiy of intelligence എന്നു ഫോർഡ് വിളിക്കുന്ന നിർമ്മിതബുദ്ധിയെ) സ്വാംശീകരിക്കാൻ കരുത്തു നേടിയിട്ടുണ്ടോ എന്നാണ്. ലോകം മുഴുവൻ അങ്ങനെയൊരു സാഹചര്യത്തിലേയ്ക്ക് എത്തിയിട്ടില്ലെങ്കിലും ആധുനികവും ഉത്തരാധുനികവുമായ ജീവിതപരിസരങ്ങളിലൂടെ കടന്നുപോയ ജനതകൾ അതു നേടിയിട്ടുണ്ടെന്നതാണ് സത്യം. അങ്ങനെ കടന്നുപോയ ഒന്നാണ് ലോകത്തിന്റെ ഏതാണ്ടെല്ലാ ഭാഷകളിലെയും സാഹിത്യവും. അവയിൽ മാതൃഭാഷകളുമുണ്ട്. അതിലൊന്നാണ് ഗഗഡ്ജുഭാഷ. ആ ഭാഷ അറിയുന്ന അവസാനത്തെ മനുഷ്യനായിരുന്നു ന്യൂഡെയ്ജി (Big Bill Nedidjie). 2002-ൽ അദ്ദേഹം അന്തരിച്ചു, ആ ഭാഷയും. അദ്ദേഹത്തിന്റെ ഒരു കവിത, Tim Flannery ഉദ്ധരിക്കുന്നുണ്ട് (A warning From the Golden Toad).

ഞങ്ങൾ ഭൂമിയിലൂടെ നടക്കുന്നു
മുകളിലിരുന്ന് മഴവില്ല്
കാക്കും പോലെ
ഞങ്ങൾ പരിപാലിക്കുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പക്ഷേ, താഴെയെന്തോ ഉണ്ട്
ഭൂമിയ്ക്കടിയിൽ
ഞങ്ങൾക്കറിയില്ല.
നിങ്ങൾക്കും അറിയില്ല.
എന്താണു നിങ്ങൾക്കു ചെയ്യേണ്ടത്?
നിങ്ങൾ തൊട്ടാൽ
നിങ്ങൾക്കൊരു ചുഴലിക്കാറ്റു ലഭിച്ചേക്കാം
അല്ലെങ്കിൽ ഒരു കനത്തമഴ
അതുമല്ലെങ്കിൽ വെള്ളപ്പൊക്കം
ഇവിടെമാത്രമാവില്ല
നിങ്ങൾ മറ്റൊരിടത്തെ ആരെയെങ്കിലും
എവിടെയെങ്കിലുംവച്ച് കൊന്നേക്കാം
മറ്റൊരു രാജ്യത്തുവച്ച് കൊന്നേക്കാം
നിങ്ങൾക്കയാളെ തൊടാനേ കഴിയുന്നില്ല.

ഭൂമിയിലെ മറ്റേതോ ദേശത്ത് മനുഷ്യർ/പ്രകൃതിയും മരണപ്പെടുന്നതിന് മറ്റൊരിടത്തെ മനുഷ്യർ കാരണക്കാരാവുന്നു എന്ന ഈ വിദഗ്ദ്ധസത്യം അതുപോലെ മനസ്സിലാക്കിയിട്ടാവില്ല ന്യൂഡെയ്ജി ഈ വരികൾ നിർമ്മിച്ചതെങ്കിലും ഈ വരികളിൽ കാലാവസ്ഥാരാഷ്ട്രീയത്തിന്റെ ഭാവനയാണു പ്രവർത്തിക്കുന്നത്.

കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ ഈ കവിതയിൽ പറയുന്നതു പോലെയാണ് ദുരന്തങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. എത്യോപ്യയുടെയും മാലിദ്വീപിന്റെയും അവസ്ഥകൾ അതാണു പറയുന്നത്. സമുദ്രനിരപ്പുയരുന്നതു കാരണം മാലിദ്വീപിലെ ഗ്രാമങ്ങൾ പലതും മുങ്ങൽ ഭീഷണിയിലാണ്. പരമ്പരാഗത ജീവിതമാർഗ്ഗങ്ങൾ പലതും അപകടാവസ്ഥയിലായിക്കഴിഞ്ഞു. എട്ടുലക്ഷം മനുഷ്യരെയാണ് ഏത്യോപ്യയിലെ വരൾച്ച ഗുരുതരമായി ബാധിച്ചത്. ഏത്യോപ്യയുടെ പ്രതിശീർഷ കാർബൺ വിസർജ്ജനം 10 മുതൽ 20 ടൺ വരെ ആയിരിക്കുമ്പോഴാണിത്. പ്രകൃതിയെ കുറച്ചു പരിക്കേൽപ്പിക്കുന്നവർ അനുഭവിക്കുന്ന കൂടിയ ഈ ആഘാതത്തെയാണ് ന്യൂഡെയ്ജിയുടെ കവിതയിലെ 'നിങ്ങൾ മറ്റൊരിടത്തെ ആരെയെങ്കിലും എവിടെയെങ്കിലും വച്ച് കൊന്നേക്കാം' എന്ന വരികൾ ആവിഷ്കരിക്കുന്നത്.

ലോകം ഒന്നടങ്കം നേരിടുന്ന ഈ പ്രതിസന്ധിയെപ്പറ്റി എല്ലാ എഴുത്തുകാരും അവബോധം നേടിക്കഴിഞ്ഞുവോ എന്ന ചോദ്യത്തിന് ഇല്ല എന്നുതന്നെയാണ് ഉത്തരം. ഈ പ്രതിസന്ധി, ഏകശിലാമയമല്ല. ഒറ്റവാക്കിലോ ഘടനയിലോ ഒതുങ്ങുന്നതുമല്ല. അതിന്റെ സ്വഭാവം പലതലങ്ങളിലുള്ളതാണ്. ബാരികോമണർ, അതെപ്പറ്റി എഴുതിയത് ഇങ്ങനെയാണ്. 'ഞങ്ങൾ പരിസ്ഥിതിപ്രതിസന്ധി എന്നു വിളിക്കുന്നത് എന്തിനെയാണെന്നോ? പ്രദേശിക വിഷമാലിന്യങ്ങൾ മുതൽ ആഗോളകാലത്തിലെ വിള്ളലുകൾ വരെയുള്ള പരിഹരിക്കപ്പെടാത്ത നിർണ്ണായക പ്രശ്നങ്ങളുടെ നിരയെ. ഇതിനുകാരണം ഇക്കോസ്ഫിയറും ടെക്നോസ്ഫിയറും തമ്മിലുള്ള പൊരുത്തക്കേടാണ്.'

തുടക്കത്തിൽ ഫോർഡിനെ ഉദ്ധരിച്ചതിന്റെ പ്രസക്തി ഇവിടെയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ സാധ്യതകളെ പാരിസ്ഥിതികപ്രശ്നങ്ങൾ പരിഹരിക്കാൻ ഉപയോഗപ്പെടുത്താമെന്നു വരുന്നത് ടെക്നോസ്ഫിയറും ഇക്കോസ്ഫിയറും തമ്മിലുള്ള പൊരുത്തപ്പെടുത്തലാണ്. ഇതുവരെ അങ്ങനെ ചെയ്യാത്തതുകൊണ്ടുള്ള ആപത്താണ് ആഗോളതാപനമെന്ന് ശാസ്ത്രലോകം തന്നെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആഗോള താപനത്തിനു കാരണം മനുഷ്യന്റെ ഇടപെടലുകളാണെന്നും അല്ലെന്നുമുള്ള വാദത്തിൽ, ആണെന്ന വാദത്തിനു തന്നെയാണ് ശാസ്ത്രലോകത്തിലും മുൻതൂക്കം. വ്യവസായ വൽക്കരണകാലംമുതൽ ഭൂമിയിൽ വർദ്ധിക്കാനാരംഭിച്ച ചൂടിനെപ്പറ്റി കഴിഞ്ഞ 1500 കൊല്ലത്തെ ഭൂമിയിലെ ചൂടിന്റെ ചരിത്രത്തെ മുൻനിർത്തി രൂപപ്പെടുത്തിയ ന്യൂമെറിക്കലും ഫിസിക്കലുമായ മോഡലിനാണ് 2021-ൽ സ്യൂക്കുറോ മനാബെയ്ക്കും സഹപ്രവർത്തകനും ഭൗതികശാസ്ത്രനൊബേൽ ലഭിച്ചതെന്നത് ഓർക്കാവുന്നതാണ്.

ഏതുഭാഷയിലെയും സാഹിത്യത്തിൽ കാലാവസ്ഥാമാറ്റത്തിന്റെ സാഹിത്യം എന്നൊന്ന് രൂപപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞല്ലോ? അതിൽ ചില ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. ചില ഭാഷകളിൽ അത് പ്രബലവും ചിലേടത്ത് ദുർബ്ബലവും ആയിരിക്കാം. ഇന്ത്യൻ സാഹിത്യപശ്ചാത്തലത്തിൽ അങ്ങനെയൊരു ധാരയ്ക്ക് സാധ്യതയുണ്ടോ എന്നു സംശയിച്ചവരെ അത്ഭുതപ്പെടുത്തിക്കൊണ്ടാണ് Open your eyes: an anthology on climate change poetry and prose എന്ന പേരിൽ 2020-ൽ വിനിത അഗർവാൾ ഒരു പുസ്തകം എഡിറ്റ് ചെയ്യുന്നത്. അതിലെ ഉള്ളടക്കത്തിന്റെ വൈവിധ്യത്തെപ്പറ്റി എഡിറ്റർ പറയുന്നതു നോക്കു. 'ഈ ആന്തോളജിയിലെ ഉള്ളടക്കം ജലം, ഭൂമി, മണ്ണിടിച്ചിൽ, വനനശീകരണം, ഭൗമാവരണങ്ങളെ നശിപ്പിക്കൽ, തേനീച്ചകളുടെ ആസന്നവംശനാശം, സുനാമികൾ, ഭയരഹിതമായ മുതലാളിത്തം, അശ്രദ്ധമായ മത്സ്യബന്ധനം, സമുദ്രചൂഷണം, ആഗോളതാപനം, നശിക്കുന്ന സംസ്കാരങ്ങൾ, അനിയന്ത്രിത നഗരവൽക്കരണം ഒക്കെ അടങ്ങിയതാണ്.'

ഇതൊരു ആന്തോളജിയാണെങ്കിൽ, ഒരു രചയിതാവ് എന്ന നിലയിൽ തന്റെ സർഗാത്മ കതയുടെ ഏറ്റവും പുതിയ മണ്ഡലമായി കാലാവസ്ഥാവ്യതിയാനത്തെയും അതിന്റെ വ്യത്യസ്ത ക്രൈസിസുകളെയും ആവിഷ്കരിച്ചയാളാണ് ജ്ഞാനപീഠ ജേതാവായ അമിതവ്ഘോഷ്. ഘോഷിന്റെ രണ്ടു കൃതികൾ ഈ മേഖലയിലെ സൈദ്ധാന്തിക കൃതികൾ എന്ന നിലയിലും കുറച്ചെണ്ണം നോവലുകൾ എന്ന നിലയിലും ശ്രദ്ധ നേടിയവയാണ്. "The great derangement: climate change and the unthinkable' എന്ന കൃതിയും 'തോക്ക്ദ്വീപ്' (The Gun Island) എന്ന നോവലുമാണ് അവയിൽ ഏറ്റവും ശ്രദ്ധേയം. ഇത്തരം നോവലുകൾ മുന്നോട്ടുവയ്ക്കുന്ന, കാലാവസ്ഥാദുരന്തങ്ങളുടെ മാതൃകകളെ (climate crisis model), പഴയസാഹിത്യത്തിലെ കാലാവസ്ഥാമാതൃകകളിൽ നിന്ന് (climate models) വേറിട്ടറിയുക തന്നെ വേണം. താൻ പറയാൻ ശ്രമിക്കുന്ന ദുരന്തങ്ങൾക്ക് ആഗോളമായ ഒരു രാഷ്ട്രീയസ്വഭാവമുണ്ടെന്ന് ഘോഷ് പറയും. അത് ഇപ്രകാരമാണ്: 'Differentials of power between and within nations are probably greater today than they have ever been. These differentials, are in turn, closely related to carbon emissions. The ditsribution of power in the world therefore lies at the care of the climate crisis."

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പരമാധികാരരാഷ്ട്രമെന്ന നിലയിൽ ഇൻഡ്യയുടെ കാലാവസ്ഥാനിലപാടുകളെ ലോകം ശ്രദ്ധിക്കുന്നത് ഇക്കാരണത്താലാണ്. ലോകത്തെ ഈ വിഷയത്തിൽ, ഒന്നായിക്കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്നത്ര വൈവിധ്യമുള്ളതും ഏകീഭാവമുള്ളതുമായ സാംസ്കാരികഭാവനയാണ് ഇൻഡ്യയുടേത്.

ഇന്ത്യൻസാഹിത്യം, കാലാവസ്ഥാവ്യതിയാനത്തെ മുൻനിർത്തി ഇതേവരെ നടത്തിയിട്ടുള്ള അന്വേഷണങ്ങൾ ചരിത്രപരമായി നാം ക്രോഡീകരിച്ചിട്ടില്ലെങ്കിലും വളരെത്താമസിയാതെ അങ്ങനെയൊന്ന് സാധ്യമാവുമെന്നുതന്നെ പ്രതീക്ഷിക്കാം.

ഈ വിഷയത്തിൽ മലയാളത്തിൽ വന്നിട്ടുള്ള ഒരു സാഹിത്യാനുഭവംകൂടി (literary Event എന്നഅർത്ഥത്തിൽ) പറഞ്ഞുകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കാം. സുഗതകുമാരിയുടെ ഒരു കവിതയാണ് അത്.

*നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ*
*വസന്തമെന്നുഞാൻ ജപിക്കുന്നൂ, പക്ഷേ*
*മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്*
*വരില്ലയോ മർത്ത്യൻ അവിടെയും നാളെ?*

എന്ന് 'കുറിഞ്ഞിപ്പൂക്കളിൽ' എഴുതുന്ന കാലത്ത് കവി ഒറ്റയ്ക്കു നിന്നാണതു പറഞ്ഞത്. പക്ഷേ, 2013 ൽ 'ചൂട്' എഴുതുമ്പോൾ അതുമാറി.

*കൊടുംചൂടാണ്, വറ്റുന്നൂ*
*കിണറും നോറ്റ കൺകളും*
*കിടാവിന്നായ് ചുരത്തേണ്ട*
*നെഞ്ചും താരാട്ടുകൊഞ്ചലും*
*ആരുവറ്റിച്ചതീവറ്റാ-*
*ക്കിണറെ, ക്കാട്ടുപൊയ്കയെ,*
*ആരു കത്തിച്ചതീപ്പുന്നെൽ*
*പ്പാടത്തിൻ ഹരിതാഭയെ?*

ഇതിലെ ഞാൻ പഴയ ഞാനല്ല. ഇതിലെ ചൂട് പഴയ ചൂടുമല്ല. നമുക്ക് ഇതിനെ Global Warming എന്നല്ലാതെ മറ്റൊന്നും വിളിക്കാനാവുകയില്ല. അതു തൊട്ടറിയുകയും അതിനെ പറഞ്ഞുതരികയും അതിനോട് പൊരുതാനുള്ള പാരിസ്ഥിതികാവബോധം കൈവരിക്കുകയും ചെയ്യണമെന്നു പറഞ്ഞിട്ടാണ് ടീച്ചർ നമ്മെ വിട്ടുപിരിഞ്ഞതെന്നും ഓർക്കേണ്ടതാണ്. തീർച്ചയായും ഈ ചൂട് ഒരു പുതിയ സെൻസിബിലിറ്റി തന്നെയാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *സഹദേവൻ,കെ. (മറ്റുള്ളവരും), പരിസ്ഥിതി സമ്പദ്ശാസ്ത്രം: ചരിത്രം,സിദ്ധാന്തം, പ്രയോഗം, ഡി. സി. ബുക്സ്, 2022.*
2. *Amitav Ghosh,The Great Derangement:Climate Change and The Unthinkable,Penguin Books,2016.*

3. *Martin Ford,Rule of the Robots:How Artificial Intelligence Will Transform Everything,Basic Books,2021.*
4. *Mridula Ramesh,The Climate Solution:India's Climate Change Crisis and What We Can do about it,Hachette,2019.*
5. *Syukuro Manabe & Anthony J Broccoli, Beyond Global Warming: How Numerical Models Revealed the Secrets of Climate Change, Princeton Universtiy Press, 2020.*

# ഉഴുതുമ്മൽ കിട്ടനും ദേവകി നിലയങ്ങോടും: പശുപ്പാലിന്റെ ചരിത്രവും കേരളീയ പ്രതിനിധാനങ്ങളും

**ഡോ. നൗഷാദ് എസ്.**
അസോസിയേറ്റ് പ്രൊഫസർ, ORI & MSS ലൈബ്രറി, കേരളസർവ്വകലാശാല,
കാര്യവട്ടം, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ചരിത്രരചനയ്ക്കുള്ള നിഷ്കളങ്ക ഉപാദാനസാമഗ്രികളല്ല, ആത്മകഥകളും ജീവചരിത്രങ്ങളും. അവ ചരിത്രത്തെ നിരന്തരം പ്രശ്നവൽക്കരിക്കുകയും ചരിത്രത്തെ കീഴ്മേൽ മറിക്കുകയും ചെയ്യും. പാലിന്റെയും പാലുൽപ്പന്ന ങ്ങളുടെയും ഉപഭോഗത്തെ ഉപരിവർഗ്ഗ ആത്മകഥകളും കീഴാളരുടെ ചരിത്രങ്ങളും എപ്രകാരമാണ് ആഖ്യാനം ചെയ്യുന്നത്? അത് കേരളത്തിന്റെ സമുദായഘടനയുടെ ആഖ്യാനമായിത്തീരുന്നതെങ്ങനെയാണ്? ഒരന്വേഷണം.

***താക്കോൽവാക്കുകൾ:*** പാലുപഭോഗത്തിന്റെ കേരളചരിത്രം, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, ഉഴുതുമ്മൽ കിട്ടൻ, ദേവകി നിലയങ്ങോട്ട് പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

മഹാചരിത്രങ്ങൾക്കുള്ളിലെ അദൃശ്യ സന്ദർഭങ്ങളെയാണ് ആത്മകഥകൾ ആഖ്യാനം ചെയ്യുന്നത്. ചരിത്രത്തെ നിരന്തരം പുതുക്കിയെഴുതുന്നതിനുള്ള ഉപാദാനങ്ങളായി അവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആഖ്യാനത്തിന്റെ ഏകതാനത ചിലപ്പോൾ ആഖ്യാതാക്കളുടെ കർത്തൃനിലകളെ പ്രശ്നവൽക്കരിച്ചേക്കാം. ആത്മകഥകൾ നിർമ്മിക്കുന്ന ചരിത്രങ്ങളിൽ അത്തരമൊരു കെണിയും അമർന്നിരിപ്പുണ്ട്. കേരളത്തിലെ ബ്രാഹ്മണരുടെ ഭക്ഷണസമ്പ്രദായത്തെക്കുറിച്ച് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടും

ദേവകി നിലയങ്ങോടും എഴുതുമ്പോൾ അവയുടെ പാഠവൽക്കരണത്തിന് ഇതര ചരിത്രസന്ദർഭങ്ങളും അനിവാര്യമായിത്തീരുന്നത് അതുകൊണ്ടാണ്.

ബ്രാഹ്മണവീടുകളിൽ സ്ത്രീപുരുഷൻമാർക്ക് ഭക്ഷണം വിതരണം ചെയ്യപ്പെട്ടിരുന്നതിനെക്കുറിച്ച് ദേവകി നിലയങ്ങോട് എഴുതുന്നത് നോക്കുക: 'എന്റെ കുട്ടിക്കാലത്തെ ഒരോർമ്മ കലവറയോട് ചേർന്നുള്ള പൂമുഖത്ത് കലവറക്കാരൻ നമ്പീശൻ ഒരു വലിയ നിലാതും (അണ്ടാവും) അടുത്തുവച്ച് പാൽ വാങ്ങാനിരിക്കുന്നതാണ്. അയൽപക്കങ്ങളിലെ, പശുക്കളുള്ള വീടുകളിൽ നിന്നെല്ലാം പാലുമായി ധാരാളം പേർ വരും. പാലെല്ലാം മനയ്ക്കലെത്തിക്കുക എന്നതായിരുന്നു പതിവ്. പാലുമായി എത്രപേർ വന്നാലും അത് വാങ്ങിക്കൊള്ളണം എന്നതായിരുന്നു അച്ഛന്റെ നിശ്ചയം. ഉച്ചയ്ക്ക് മുമ്പായി നിലാത് നിറയും. പിന്നീട് രണ്ടാൾ പിടിച്ചിട്ടാണ് അത് അടുക്കളയിലേക്ക് മാറ്റുക. പുറമേ നിറയെ പശുക്കളുള്ള ഇല്ലത്തെ തന്നെ തൊഴുത്തിൽ നിന്നും വാലിയക്കാർ കറന്ന് നാലുകെട്ടിലെത്തിക്കുന്ന പാൽ വേറെയുമുണ്ട്. അതിൽ കുറേ അളവുപാൽ പട്ടരുടെ അടുക്കളയിൽ ഏൽപ്പിക്കും. ഞങ്ങൾ കുട്ടികൾക്കോ ഇല്ലത്തെ മറ്റുള്ളവർക്കോ കുടിക്കാനുള്ളതല്ല ഇങ്ങനെ സംഭരിക്കുന്ന പാൽ. ഒരു വയസ്സിനപ്പുറം മുലപ്പാൽ കുടിക്കാത്തതു കൊണ്ട് ഞങ്ങൾ മിക്കകുട്ടികളും ഗ്രഹണി പിടിച്ച വിധമായിരുന്നു. എന്നാലും ഞങ്ങൾക്കുള്ളതല്ല പാൽ. അമ്പലത്തിൽ വിളക്ക് വയ്ക്കാനുള്ള നെയ്യുണ്ടാക്കുവാനും ഇല്ലത്തെ സദ്യകൾക്ക് കാളൻ വയ്ക്കാനാവശ്യമായ മോരുണ്ടാക്കു വാനുമാണ് ആ പാൽ ഉപയോഗിച്ചത്. പാലത്രയും കാച്ചി മോരാക്കുവാനുള്ള ശ്രമം അടുക്കളയിൽ നടക്കും. ഉറയൊഴിച്ചു വച്ച പാൽ പിറ്റേന്ന് കലക്കി മോരും വെണ്ണയും വേറെയാക്കുന്നത് ഇരിക്കണമ്മമാരാണ്. വെണ്ണ ഉരുക്കി നെയ്യാക്കി നമ്പൂതിരിമാർക്ക് ഊണിന് ഉപസ്തരിക്കാൻ അൽപ്പം മാറ്റിവച്ച് ബാക്കി മുഴുവനും അമ്പലത്തിലേക്ക് കൊണ്ടുപോവും. കുറച്ച് മോര് നേർപ്പിച്ച് സംഭാരമാക്കി ഊണിന് വിളമ്പും. രാത്രി ചെറിയകുട്ടികൾ വശംകെട്ടുകരയുമ്പോൾ ഈ നേർപ്പിച്ച സംഭാരം രണ്ടിറക്ക് വായിലൊഴിച്ചു കൊടുക്കും. അതായിരുന്നു അന്നത്തെ ശിശുപരിപാലനം. അമ്പലത്തിലെ നെയ് വിളക്കുകൾ എരിയുമ്പോൾ അതുതന്നെ മതിയാകും കുട്ടികൾക്ക് വേണ്ടത്ര ശ്രേയസ്സും ആരോഗ്യവും ലഭിക്കുവാൻ എന്നായിരുന്നു എല്ലാവരുടെയും വിശ്വാസം.'(18-19)

പാൽ എന്ന ഭക്ഷണപദാർത്ഥം വീട്ടിൽ യഥേഷ്ടമുണ്ടായിട്ടും സ്ത്രീകൾക്കും പെൺകുട്ടികൾക്കും അത് ആവശ്യത്തിന് ലഭിക്കാതെ പോകുന്ന നികൃഷ്ടതയെക്കുറിച്ചാണ് ദേവകി പരാതി പറയുന്നത്. മതാധികാരങ്ങളും ആചാരങ്ങളും രൂപം കൊടുക്കുന്ന തിയോക്രാറ്റിക് നാടുവാഴി സംവിധാനത്തിൽ ഉപരിവർഗ്ഗ സമൂഹത്തിന്റെ ഗാർഹിക അന്തരീക്ഷം അമിതഭക്ഷണത്തിന്റെയും സൽക്കാരത്തിന്റെയും ആണത്ത ആഘോഷമായിരിക്കും എന്നാണ് ദേവകി വിവരിക്കുന്നത്. നമ്പൂതിരിഗൃഹങ്ങളിലെ പിറന്നാളാഘോഷങ്ങൾ നമ്പൂതിരിമാർക്കും ആൺകുട്ടികൾക്കും മാത്രമേയുള്ളുവെന്നും അവരെഴുതുന്നുണ്ട്. വിസ്തരിച്ച സദ്യ അവർക്ക് മാത്രമാണ്. ആദ്യം കുട്ടികൾ, പിന്നെ നമ്പൂതിരിമാർ, ഒടുക്കം അന്തർജനങ്ങൾ ഇതാണ് ഊണിന്റെ പന്തിതിരിവ് (68). ബ്രാഹ്മണവീടുകളിൽ അമിതഭക്ഷണമുണ്ടായിരിക്കുമ്പോഴും അതിന്റെ അവസാന

പന്തിയിലേക്ക് ബ്രാഹ്മണസ്ത്രീകളെ ആനയിക്കുന്നതിലും തുണക്കാരികളായ നായർ സ്ത്രീകൾക്ക് എച്ചിലിലയിൽ ഭക്ഷണം വിളമ്പുന്നതിലും ഉള്ള അസ്വസ്ഥതയും അവർ പങ്കുവയ്ക്കുന്നുണ്ട്. ഈ ക്രൂരമായ അനീതിയുടെ ചരിത്രം മറ്റ് പല രൂപങ്ങളിൽ ഇന്നും ആവർത്തിക്കുന്നുണ്ടെന്ന് ഓം പ്രകാശ് വാൽമീകിയുടെ എച്ചിലും ശരൺകുമാർ ലിംബാളെയുടെ അക്കർമാശിയും മുൻനിർത്തി അവർ എഴുതുന്നു ('ഞാൻ പറഞ്ഞ കഥ മുമ്പ് കഴിഞ്ഞുപോയതാണെങ്കിൽ ഈ എച്ചിൽക്കഥകൾ ഇപ്പോഴും നടക്കുന്നവയാണ്. ഭൂതകാലത്തിലേക്ക് നിശേഷം മാഞ്ഞു കഴിഞ്ഞെന്ന് ഞാൻ ആശ്വസിച്ച ഏറ്റവും ക്രൂരമായ അനീതികളിലൊന്ന് അങ്ങനെ ഇല്ലാതായിട്ടില്ലെന്നും ഇപ്പോഴും തുടരുകയാണ് എന്നുമാണ് ഈ കഥകൾ എന്നോട് പറഞ്ഞത്.' 71)

ബ്രാഹ്മണഗൃഹങ്ങളിലുണ്ടായിരുന്ന ലിംഗപരമായ വിവേചനത്തെക്കുറിച്ചാണ് ഭക്ഷണപ്പാലിന്റെയും പിറന്നാളാഘോഷത്തിന്റെയും സദ്യവിളമ്പലിലെ പന്തിതിരിവിന്റെയും കാര്യങ്ങൾ മുൻനിർത്തി ദേവകി നിലയങ്ങോട് സംസാരിക്കുന്നത്. നായർ സ്ത്രീകൾക്ക് എച്ചിലില നൽകുന്നതിനെ സമകാല ഇന്ത്യൻ ദളിതവസ്ഥകളോട് അവർ സമപ്പെടുത്തുന്നു. പക്ഷേ പശുവിൻപാൽ എന്ന ഭക്ഷണത്തിന്റെ ഉപഭോഗത്തെയാണ്, അതിന്റെ ഉൽപ്പാദനത്തെയല്ല ലിംഗവിവേചനത്തിന്റെയും ജാതിവിവേചനത്തിന്റെയും മാനദണ്ഡമായി ആ കൃതി ഉയർത്തിക്കാട്ടുന്നത്. അതുകൊണ്ടുതന്നെ അവരുടെ ആത്മകഥാവിവരണത്തിലെ വിടവുകൾ ചില ചോദ്യങ്ങളെ ഉയർത്തുന്നുണ്ട്. അവ

1. ഇല്ലത്തെ തൊഴുത്തിൽ തന്നെ യഥേഷ്ടം പശുക്കളുണ്ടായിട്ടും അയൽപക്കത്തുള്ളവർ പാലുമായി ഇവിടെ വരുന്നതെന്തുകൊണ്ടാണ്?
2. പാലുമായി എത്രപേർ വന്നാലും അത് വാങ്ങിക്കണമെന്ന് ശഠിക്കുന്ന ഗൃഹസ്ഥനായ അച്ഛൻ നമ്പൂതിരിയുടെ നിലപാട് പാൽ കൊണ്ടുവരുന്നവരോടുള്ള ഔദാര്യമായി മാറുന്നതെന്തുകൊണ്ട്?
3. കച്ചവടം എന്ന നിലയിൽത്തന്നെയാണോ ഇവിടെ പാൽവിതരണം നടക്കുന്നത്?
4. അയൽപക്കത്തുള്ളവർ എന്ന സാമാന്യനാമത്തിലുൾപ്പെടുന്നവരുടെ സാമൂഹ്യനിലയെന്ത്?
5. ലിംബാളെയുടെയും ഓം പ്രകാശ് വാൽമീകിയുടെയും സമുദായത്തിൽപ്പെട്ടവർ നേരിട്ടിരുന്ന, നേരിട്ടുകൊണ്ടിരിക്കുന്ന അനീതികളെ ഉപരിവർഗ്ഗഭവനങ്ങളിലെ യജമാനഭാര്യമാരും അവരുടെ തോഴികളും നേരിട്ട ദുരിതങ്ങളോട് സമപ്പെടുത്താനാകുമോ?

കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടിന്റെ എന്റെ സ്മരണകൾ എന്ന ആത്മകഥയിൽ പാലുൽപ്പാദനത്തെയും വിതരണത്തെയും സംബന്ധിച്ച കാര്യങ്ങൾ കുറേക്കൂടി വ്യക്തമാണ്: 'പണ്ടുകാലത്ത് കേരളത്തിൽ പശുക്കളെക്കറന്നു പാലുപയോഗിക്കാൻ സവർണ്ണഹിന്ദുക്കൾക്ക് മാത്രമേ അർഹതയുള്ളൂവെന്ന ഒരുവിശ്വാസവും ആചാരവുമുണ്ടായിരുന്നു. എനിക്ക് ഓർമ്മവെച്ച കാലമായപ്പോഴേക്കും അതൊരു പഴങ്കഥപോലെ ആയിക്കഴിഞ്ഞു ... കറവപ്പശുക്കളുള്ള ഈഴവന്മാരുടെ വീടുകൾ കണ്ടു തുടങ്ങിയിരുന്നു. ഈഴവൻമാരുടെ വീടുകളിൽ പയ്യു പെറ്റാൽ 11-ാം ദിവസത്തെ പാല് മനയ്ക്കലേക്ക് കൊടുക്കാനുള്ളതാണ്. അതിനാൽ 11-ാം ദിവസം ആളെ അയച്ച് പശുവിനെ കറപ്പിച്ച്

പാൽ കൊണ്ടു പോരണമെന്ന് അതിന്റെ ഉടമസ്ഥൻ 10-ാം ദിവസം ഇല്ലത്തു വന്ന പേക്ഷിക്കുകയും അപ്രകാരം പാൽ കൊണ്ടുവരികയും ചെയ്തതായി പല തവണ ഞാൻ കണ്ടിട്ടുണ്ട്' (എന്റെസ്മരണകൾ രണ്ടാംഭാഗം 299-300). കേരളത്തിലെ അധ:സ്ഥിതർക്ക് പാലുൽപ്പന്നങ്ങൾ ഉപയോഗിക്കാനറിയില്ല എന്ന നിഗമനത്തിലെത്തിച്ചേരാൻ കാണിപ്പയ്യൂർ വ്യക്തിപരമായ ഒരനുഭവം കൂടി ആത്മകഥയിൽ ചേർക്കുന്നുണ്ട്. അദ്ദേഹത്തിന്റെ തൊഴിൽശാലയിൽ, ഈഴവരടക്കമുള്ള ജോലിക്കാർക്ക് മോര് കൂട്ടിയുള്ള സദ്യ കൊടുത്തപ്പോൾ, മോര് കൂട്ടി ഉണ്ണുന്നതെങ്ങനെയെന്നറിയാത്തതുകൊണ്ട് അവരത് കുടിക്കുകയാണ് ചെയ്തതെന്ന് കാണിപ്പയ്യൂർ എഴുതുന്നു (302).

ആദ്യകാലത്ത്, ബ്രാഹ്മണഗൃഹങ്ങളിലും അമ്പലങ്ങളിലും മാത്രമായിരുന്നു പശുവിൻ പാൽ ഭക്ഷണമായി ഉപയോഗിച്ചിരുന്നതെന്നും പിൽക്കാലത്ത് ആ ആനുകൂല്യം ബ്രാഹ്മണർക്ക് നഷ്ടമായി എന്നുമാണ് കാണിപ്പയ്യൂർ സൂചിപ്പിക്കുന്നത്. ഈഴവ ഗൃഹങ്ങളിലെ 11-ാം ദിവസത്തെ പാൽ ബ്രാഹ്മണഗൃഹങ്ങളിൽ വിതരണം ചെയ്യുന്നതിലൂടെ ആ ആചാരം തന്റെ കാലത്തും പരിമിതമായ തോതിലെങ്കിലും അവശേഷിക്കുന്നുണ്ട് എന്നും അദ്ദേഹം ആശ്വസിക്കുന്നുണ്ട്. ഈ ആത്മകഥനവും ചില ചോദ്യങ്ങളുയർത്തുന്നുണ്ട്. അവ  എപ്പോഴാണ് ബ്രാഹ്മണരിൽ മാത്രമുണ്ടായിരുന്ന പാലുപഭോഗം ഇതര സമുദായങ്ങളിലേക്കും വ്യാപിച്ചത്? പാലുൽപ്പന്നങ്ങൾ അവർ ശരിയായ രീതിയിൽ ഭക്ഷിച്ചു തുടങ്ങിയത്?

വീട്ടിൽ യഥേഷ്ടം പാലുണ്ടായിട്ടും ഞങ്ങൾക്കത് കിട്ടിയില്ല എന്നും സദ്യ ഞങ്ങൾക്കവസാനമേ ലഭിച്ചിരുന്നുള്ളൂ എന്നും പരാതി പറയുന്ന ദേവകി നിലയങ്ങോടും കേരളത്തിലെ അധ:സ്ഥിതർക്ക് മോര് കൂട്ടി ഉണ്ണാനറിയില്ല എന്നാക്ഷേപിക്കുന്ന കാണിപ്പയ്യൂരും ഭക്ഷണ ഉപഭോക്താക്കളുടെ പക്ഷത്ത് നിന്നാണ് സംസാരിക്കുന്നത്. ഉപഭോക്താക്കൾ ആഖ്യാതാക്കളാകുമ്പോൾ ഉൽപ്പാദകരുടെ കർത്തൃത്വം മറഞ്ഞു പോകുന്നതതുകൊണ്ടാണ്. ഉപരിവർഗ്ഗജനതയുടെ ആത്മകഥനങ്ങളുടെ പരിമിതിയാണത്. ഈഴവരുടെ ഭക്ഷണരീതിയെ ആക്ഷേപിക്കുന്ന കാണിപ്പയ്യൂരിനെ വിമർശിച്ചുകൊണ്ടാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ പശുക്കറവയുടെ ചരിത്രത്തെ പി.ഭാസ്കരനുണ്ണി വിവരിക്കുന്നത്. ഭാസ്കരനുണ്ണി എഴുതുന്നു: 'പശുവിനെ കറക്കുന്നതും പാലും മറ്റുൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്നതും സവർണ്ണർ തന്നെയാവണമെന്നായിരുന്നു രാജനിശ്ചയം.'(41). 1911-ലെ സെൻസസ് അനുസരിച്ച് 314889 പശുക്കളാണ് തിരുവിതാംകൂറിലുണ്ടായിരുന്നത്. അവ നിന്നിരുന്നത് സവർണ്ണരുടെ ആലയിലായിരുന്നാലും അവർണ്ണരുടെ തൊഴുത്തിലായിരുന്നാലും സവർണ്ണരുടെ ആവശ്യത്തിന് സവർണ്ണർ തന്നെ അവയെ കറന്നു പാലെടുത്തിരുന്നു. അവർണ്ണർക്ക് മോരുകൂട്ടി ചോറുണ്ണാനറിയില്ലെന്ന ആക്ഷേപത്തിന്റെ കാതൽ മറ്റൊന്നല്ല എന്ന് ഭാസ്കരനുണ്ണി പറയുന്നു.

പശുക്കറവയും അതിന്റെ ഉപഭോഗവും അവർണ്ണരിലേക്ക് എത്തിച്ചേർന്ന സംഭവവികാസങ്ങളെക്കുറിച്ച് കെ.സി.കുട്ടൻ രണ്ട് സമുദായപരിഷ്കർത്താക്കൾ എന്ന കൃതിയിലെഴുതുന്നുണ്ട്. 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തി'ൽ ആ വിവരണവും വായിക്കാം: 'പശുക്കളെ ആർക്കും വളർത്താം. പക്ഷേ, അതു പ്രസവിച്ചുപോയാൽ പിന്നെ,

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഈഴവർക്കും മറ്റും കറന്നെടുക്കാൻ അവകാശമില്ല. അടുത്തുള്ള നായർപ്രമാണിയെ ഏൽപിച്ചേക്കണം. കറവ തീരുമ്പോൾ അറിയിക്കും. അപ്പോൾ വീണ്ടും കൊണ്ടു പോന്നേക്കണം കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ഓരോ ഊണു കിട്ടിയെന്ന് വരാം. ഇതാണ് പ്രതിഫലം വിപരീതമായി നിന്നുപോയാൽ പശുവിന്റെ ഉടമസ്ഥനെ മരത്തിൽ കെട്ടി അടിക്കും. സ്വന്തമാളുകൾ ചെന്ന് വെറ്റില പാക്ക് വച്ച് ക്ഷമാപ്രാർത്ഥന ചെയ്ത് പശുവിനെ കൊടുത്ത് അയാളെ മരത്തിൽ നിന്ന് അഴിച്ചു വിടുവിക്കണം. ഈ അവസ്ഥയ്ക്ക് 1875-80 നോടടുത്ത് ചില പ്രദേശങ്ങളിൽ മാറ്റമുണ്ടായിത്തുടങ്ങി. ചേർത്തലയിലെ തണ്ണീർമുക്കം എന്ന സ്ഥലത്തെ ഉഴുതുമ്മൽ കിട്ടൻ എന്ന സാമൂഹ്യപരിഷ്കർത്താവ് ഈഴവരെ സംഘടിപ്പിച്ചു പശുക്കറവയ്ക്കുള്ള സവർണരുടെ കോയ്മക്ക് വിഘ്നം വരുത്തി. ഈഴവരിൽ ചങ്കൂറ്റവും മെയ്സ്വാധീനവും ഉള്ള പല പ്രമാണികളെയും ചെന്നുകണ്ട് ദീർഘമായ ആലോചന നടത്തി വിവരം എല്ലാ തണ്ടാൻ പണിക്കാർക്കും അറിവ് കൊടുത്തു. അടുത്ത നാളിൽ തന്നെ അയൽവീട്ടിലെ പശു പ്രസവിച്ചു. ഉടമസ്ഥനോട് തനിയെ കറന്നുപയോഗിക്കാൻ ധൈര്യപ്പെടുത്തി. പാൽ കറന്നുപയോഗിക്കാൻ കരുതിയിരുന്ന നായർ പ്രമാണിക്ക് ഇത് രസിക്കുമോ? പത്ത് പന്ത്രണ്ട് മല്ലന്മാരായ അനുയായികളാണ് അങ്ങോട്ട് ചെന്നത്. ഉടമസ്ഥൻ ഭയന്ന് ചരിത്രപുരുഷന്റെ വീട്ടിൽ അഭയം പ്രാപിച്ചു... എന്നാൽ നായന്മാർക്ക് കാണാൻ കഴിഞ്ഞത് പത്തറുപത് സന്നദ്ധരായ ഈഴവർ തങ്ങളെ വലയം ചെയ്തിരിക്കുന്നതാണ്. അവർ സ്ഥലം വിട്ടു. ഞർക്കുരുകുട്ടി പ്പണിക്കർ എന്നാണ് ആ പ്രമാണിയുടെ പേര്... അടുത്ത ദിവസം ഒരു കേസ് ഫയലായി... സകലരും പ്രതികളായി ... എല്ലാവരും ഒത്തൊരുമിച്ച് പണപ്പിരിവ് നടത്തി കേസ് വാദിച്ചു. ഒടുവിൽ ഈഴവർ തന്നെ വിജയം വരിക്കുകയാണ് ചെയ്തത്.' (43)

അധികാരരൂപങ്ങളുടെ അക്രമങ്ങളിലൂടെയും ഉഗ്രശാസനകളിലൂടെയുമാണ് ഉൽപ്പാദകനെ ഉൽപ്പന്നത്തിൽ നിന്ന് ആട്ടിപ്പായിച്ചിരുന്ന ആചാരങ്ങൾ കേരളത്തിൽ നിലനിന്നിരുന്നത് എന്നാണ് ഉഴുതുമ്മൽ കിട്ടനടക്കമുള്ള അധ:സ്ഥിതരുടെ കീഴാളചരിത്രം ബോധ്യപ്പെടുത്തുന്നത്. ഉൽപ്പന്നത്തെ സ്പർശിച്ചാൽ കിട്ടുമായിരുന്ന ശിക്ഷയെച്ചൊല്ലി യുള്ള ഭയമാണ് ദേവകി നിലയങ്ങോടിന്റെ ഇല്ലങ്ങളെ പാലാഴികളാക്കിയത്. ഈഴവരെ രണ്ടാംകിടയാക്കുന്ന ബ്രാഹ്മണഭക്ഷണമായും ബ്രാഹ്മണസ്ത്രീകളെ രണ്ടാംകിടയാക്കുന്ന ആണത്തഭക്ഷണമായും കാണിപ്പയ്യൂരും ദേവകി നിലയങ്ങോടും പശുവിൻ പാലിനെ നിർണ്ണയിക്കുന്നെങ്കിലും ബ്രാഹ്മണവീടുകളിലെ നിലാതുകളെ നിറച്ചിരുന്ന ആ പാല്, ഉൽപ്പാദകരെ മരത്തിൽ കെട്ടിയിട്ട് തല്ലി അപഹരിച്ചുകൊണ്ടുവന്നതാണ് എന്ന ആഖ്യാനം ഇരുകൃതികളിലുമുണ്ടാകുന്നില്ല. ഉൽപ്പന്നത്തെ ഉൽപ്പാദകനിൽ നിന്ന് അപഹരിക്കുന്ന പ്രക്രിയയെയാണ് അപഹർത്താവിന്റെ ഔദാര്യമായി ദേവകി നിലയങ്ങോട് വിവരിക്കുന്നത്. ഉൽപ്പന്നത്തിന്റെ അവകാശം ഉൽപ്പാദകന് ലഭ്യമായതിന്റെ ചരിത്രം ഉപരിവർഗ്ഗ ആഖ്യാനങ്ങളിൽ ഉണ്ടാവില്ല എന്ന് ദേവകി നിലയങ്ങോടിന്റെയും കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും ആത്മകഥകൾ ബോധ്യപ്പെടുത്തുന്നുണ്ട്.

പാൽ, വിവേചനത്തിന്റെ രൂപകമാകുന്നത് ബ്രാഹ്മണവീട്ടിനുള്ളിലല്ല; ഉൽപ്പാദന സ്ഥലത്ത് തന്നെയാണ്. ഉൽപ്പന്നത്തിന്റെ അവകാശം ആരുടേതാണ് എന്ന ചോദ്യമാണ് ഉഴുതുമ്മൽ കിട്ടനക്കമുള്ള അധ:സ്ഥിതവിഭാഗത്തിൽപ്പെട്ട പാലുൽപ്പാദകരുടെ

അവകാശസമരത്തിൽ ഉന്നയിക്കപ്പെട്ടത്. കൊണ്ടും കൊടുത്തും കോടതി കയറിയും അവർ നേടിയെടുത്തത് സമാനകളില്ലാത്ത അവകാശമായിരുന്നു. അവർ ഇല്ലാതാക്കിയ ആ ആചാരത്തെയാണ് പഴങ്കഥപോലെയെന്ന പ്രയോഗം കൊണ്ട് കാണിപ്പയ്യൂർ ലഘൂകരിക്കുന്നത്.

ഒരേ ഉൽപ്പന്നത്തെക്കുറിച്ചാണ് കാണിപ്പയ്യൂരിന്റെയും ദേവകി നിലയങ്ങോടിന്റെയും ഉഴുതുമ്മൽ കിട്ടന്റെയും ജീവിതങ്ങൾ നമ്മോട് സംസാരിക്കുന്നത്. ഉൽപ്പാദകരുടെ ആഖ്യാനം ചോരയുടെയും കോടതിവ്യവഹാരത്തിന്റെയും ആഖ്യാനമായി മാറുന്നുവെങ്കിൽ ഉപഭോക്താക്കളുടേത് ആചാരബദ്ധതയുടെയും ആക്ഷേപിക്കലിന്റെയും ഔദാര്യത്തിന്റെയും ഉപരിവർഗ്ഗ വൈരുധ്യങ്ങളുടെയും ആഖ്യാനമായി മാറുന്നു. കേരളത്തിലെ ഉപരിവർഗ്ഗഭവനങ്ങളിലെ നായികമാരും തോഴികളും നേരിട്ട അപമാനങ്ങളെ, വളർത്തുനായയുടെ പരിഗണന പോലും ലഭിക്കാതിരുന്ന ദളിതജീവിതങ്ങളോട് സമപ്പെടുത്തുന്നതും അത് ഉപരിവർഗ്ഗജീവിതങ്ങൾ നേരിട്ട അപമാനങ്ങളുടെ തുടർച്ചയാണെന്ന് പറയുന്നതും ചരിത്രത്തിന്റെ ലഘൂകരണവും വികലീകരണവുമാണ്. നൂറ്റാണ്ടുകളായി കേരളത്തിൽ തുടർന്നുകൊണ്ടിരുന്ന, ദേവകി നിലയങ്ങോടിന്റെ വീട്ടുമുറ്റത്തും സംഭവിച്ചുകൊണ്ടിരുന്ന ജാതിദുരാചാരങ്ങളുടെ തീവ്രത ദേവകി നിലയങ്ങോടിന് ബോധ്യപ്പെടുന്നത് വടക്കേഇന്ത്യയിൽ നിന്നിറങ്ങിയ ആത്മകഥകളിലൂടെയാണ് എന്നതും സ്വന്തം സാമൂഹികസാഹചര്യങ്ങളെ സാമാന്യമായിപ്പോലും മൂല്യനിർദ്ധാരണം ചെയ്യാനാകാത്ത അവരുടെ പരിമിതിയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. പക്ഷേ അവരുടെ രചനകളെ ആധികാരികചരിത്രങ്ങളായും പാഠപുസ്തകങ്ങളായും ആഘോഷിക്കുന്നതിലാണ് പ്രശ്നം. ആഖ്യാതാക്കളുടെ സാമുദായികനിലകളെയും സാമൂഹികസാഹചര്യങ്ങളെയും നിർണ്ണയിച്ച് മാത്രമേ വ്യവഹാരവിശകലനം സാധ്യമാകൂ എന്ന് പറയേണ്ടിവരുന്നതതുകൊണ്ടാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *കാണിപ്പയ്യൂർശങ്കരൻനമ്പൂതിരിപ്പാട്, എന്റെസ്മരണകൾ (രണ്ടാം ഭാഗം), പഞ്ചാംഗം പുസ്തകശാല, 2005*
2. *ദേവകി നിലയങ്ങോട്, കാലപ്പകർച്ചകൾ, മാതൃഭൂമി ബുക്സ്, 2008.*
3. *ഭാസ്കരനുണ്ണി,പി., പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാഡമി, 2012*

# ജീവികൾ, അജീവികൾ, മനുഷ്യർ: പുതുകവിതയിലെ വേറുലകം

**ഡോ. എം. ബി. മനോജ്**

അസി. പ്രൊഫസർ, മലയാളകേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്

**പ്രബന്ധസംഗ്രഹം**

ഉത്തരാധുനികതയുടെ സാമൂഹികരാഷ്ട്രീയമാനങ്ങൾ മലയാളകവിതയിൽ എങ്ങനെയാണ് പ്രമേയപരിസരമാകുന്നത് എന്നതാണ് പ്രബന്ധം. തൊണ്ണൂറുകൾ മുതൽ ആരംഭിക്കുന്ന 25 വർഷങ്ങളിലെ മാറ്റം എഴുത്തിൽ എങ്ങനെ പ്രകടമാകുന്നു എന്നതും, ആ പരിണാമം വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും എങ്ങനെ അടയാളപ്പെടുത്തുന്നു എന്നതും ഉത്തരാധുനിക കാവ്യലോകത്തെ മുൻനിർത്തി പഠിക്കുന്നു. നവമുഖ്യധാരാസാഹിത്യം എന്ന വിശേഷണം നൽകിക്കൊണ്ടാണ് അവ പഠനവിധേയമാക്കുന്നത്. പരിസ്ഥിതി സാഹിത്യം, ദളിത് സാഹിത്യം, ഡയസ്പോറ സാഹിത്യം സൈബർസാഹിത്യം, പ്രവാസസാഹിത്യം, കുടിയേറ്റ സമൂഹങ്ങളുടെ സാഹിത്യം, സ്ത്രീവാദ സാഹിത്യം തുടങ്ങിയ സാഹിത്യപ്രസ്ഥാനങ്ങളുടെ ഭിന്നമുഖങ്ങൾ കവിതയെ രൂപപ്പെടുത്തിയിട്ടുണ്ട്. ഭാഷപോലും കവിതയിൽ ജൈവ–അജൈവ ലോകങ്ങളുടെ ഇടമായി മാറുന്നത് കാണാം. ഭാഷയിലൂടെ ഒരു നവലോകവും ലോകബോധവും ഇവിടെ രൂപപ്പെടുന്നു. പി. ടി. ബിനു, എം. പി. പ്രതീഷ്, പി. രാമൻ, എസ്. ജോസഫ്, സെബാസ്റ്റ്യൻ, എം.ബി. മനോജ്, ശിവപ്രസാദ് പി. റോഷ്നി സ്വപ്ന, അലീന, അജിത എം. കെ തുടങ്ങിയ കവികളുടെ എഴുത്തുലോകമാണ് പ്രബന്ധത്തിന്റെ പഠനപരിസരം.

***താക്കോൽവാക്കുകൾ:*** ഉത്തരാധുനികത, ജീവികൾ അജീവികൾ, പരിസരനിരീക്ഷണം, മുഖ്യധാരാസാഹിത്യം

തൊണ്ണൂറുകളോടെ കവിതയിൽ സംഭവിച്ച പരിവർത്തനങ്ങളെ ഉത്തരാധുനികം എന്നാണ് നാം വിളിച്ചുവരുന്നത്. പലതരത്തിലും പ്രാധാന്യമുള്ള കാലമായിരുന്നു

തൊണ്ണൂറുകൾ. ജനാധിപത്യത്തിനു വേണ്ടിയുള്ള കൂടുതൽ അന്വേഷണങ്ങളായിരുന്നു അതിലൊന്ന്. അതേസമയം അതിന്റെ മറുവശത്താകട്ടെ കൂടുതൽ ഏകീകരണത്തിനായുള്ള ശ്രമങ്ങളും ഉണ്ടായി. ഇതുരണ്ടും ഒരർത്ഥത്തിൽ ഉത്തരാധുനികതയുടെ സാമൂഹിക രാഷ്ട്രീയവശങ്ങളായിരുന്നു. സാഹിത്യരൂപങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഇന്ത്യയിൽത്തന്നെ പലവിധ ചലനങ്ങൾക്കുള്ള അവസരം ലഭ്യമായ കാലഘട്ടം കൂടിയായിരുന്നു ഇത്. ആധുനികതയോട് ഇടഞ്ഞുകൊണ്ടും, വിമർശിച്ചും പുനർവായിച്ചുകൊണ്ടുമാണ് ഉത്തരാധുനികരചന രൂപപ്പെട്ടത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആധുനികതയോട് ഇടയുക എന്നതുതന്നെ പുനർവിചിന്തനപരമായ ഒന്നായിരുന്നു. ഇന്ത്യൻ സമൂഹത്തെ, പ്രത്യേകിച്ച് മലയാളിയെ കുറച്ചെങ്കിലും നവീകരിച്ചത് ആധുനിക ബോധമായിരുന്നതിനാൽ ആധുനികതയെ കൂടുതൽ അറിയുക, കൂടുതൽ ആധുനികരാവുക എന്നതായിരുന്നു പ്രധാനപ്പെട്ട സംഗതി.

ഇന്ത്യൻ ഉത്തരാധുനികത യൂറോപ്യൻ ഉത്തരാധുനികതയിൽ നിന്നും ഒരളവോളം വ്യത്യസ്തമാണ്. ഇന്ത്യനവസ്ഥകൾ വ്യതിരിക്തമാണ് എന്നതാണ് ഇതിനുകാരണം. ഇന്ത്യൻ ഉത്തരാധുനികതയെ സംബന്ധിച്ച്, കൂടുതൽ ആധുനികരെങ്കിലുമാവുക എന്നതാണ് ഒന്നുകൂടി പ്രസക്തമായത് എന്ന് വിലയിരുത്താവുന്നതാണ്. കൂടുതൽ ജനാധിപത്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളും ഇക്കാലഘട്ടത്തിലെ ഇന്ത്യൻ സാഹിത്യത്തിൽ കാണാം. പാരിസ്ഥിതിക കവിതകൾ, പാരഡി കവിതകൾ, സൈബർ രചനകൾ, പ്രവാസസാഹിത്യം, ഡയസ്പോറ സാഹിത്യം, കുടിയേറ്റ സമൂഹത്തിന്റെ സാഹിത്യം, ട്രാൻസ് സമൂഹങ്ങളുടെ സാഹിത്യം, ഭിന്നശേഷി വിഭാഗങ്ങളുടെ സാഹിത്യം എന്നിങ്ങനെ പല വിളിപ്പേരുകളിലൂടെയാണ് കവിതയും സാഹിത്യവും ഇന്നറിയപ്പെടുന്നത്.

ഉത്തരാധുനികതയുടെ ഭാഗമായി മലയാളകവിതയിലും പല പുതിയശൈലികളും രൂപപ്പെട്ടു. പദ്യത്തേക്കാൾ ഗദ്യത്തിനു പ്രാധാന്യമുള്ള രചനകൾ, പദ്യത്തിന്റെയും ഗദ്യത്തിന്റെയും മിശ്ര സ്വഭാവമുള്ള രചനകൾ, പൂർണ്ണമായും ലഘുഘടനയുള്ള രചനകൾ, ദീർഘഘടനയുള്ള രചനകൾ, തിണയുടെ സാധ്യതകളുള്ള രചനകൾ, തീരദേശഭാഷകൾക്കും ഗോത്രഭാഷകൾക്കും പ്രാധാന്യമുള്ള എഴുത്തുകൾ ഇത്തരത്തിൽ ഒട്ടനവധി ശൈലികളും പ്രമേയങ്ങളും കവിതയുടെ ഭാഗമായിമാറി. തൊണ്ണൂറുകൾ മുതൽ ആരംഭിക്കുന്ന 25 വർഷങ്ങൾ ഈയർത്ഥത്തിൽ പ്രധാനപ്പെട്ടതായിരുന്നു.

ഈയൊരു കാവ്യചലനത്തിൽ പ്രധാനസ്ഥാനത്തു നിൽക്കുന്ന കവികളിൽ ഒരാളാണ് പി.ടി. ബിനു. 2005-ൽ അദ്ദേഹമെഴുതിയ ഒരു കവിതയുടെ പേര് 'കവിതയിൽ താമസിക്കുന്നവർ' എന്നാണ്.

*'കവിതയിൽ താമസക്കാരുണ്ട്*
*ചിരട്ടവീണ പോലുള്ള നാടോടികൾ*
*സൂര്യനെ പൂവാക്കിയ അന്ധർ*
*കിളിയൊച്ച പോലുള്ള രോഗികൾ*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*ജലശലഭങ്ങൾ പറക്കുന്ന പിച്ചക്കാർ*
*ആകാശം നിറയെ കുരുവികൾ വളർത്തുന്ന തടവുകാർ*
*പാട്ടുചേർത്ത് കുപ്പായമെഴുതുന്ന തുന്നൽക്കാർ'*

*(കവിതയിൽ താമസിക്കുന്നവർ, പി.,ടി. ബിനു)*

കവിതയിലെ പുതിയ താമസക്കാരെക്കുറിച്ചാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്. ഈ താമസക്കാർ മുൻപും കവിതയിൽ ഉണ്ടായിരുന്നവരാണ്. ഒരു വിഷയം എന്നതിനേക്കാൾ പുതിയ കവിതയെ നയിക്കുന്ന ഘടകമായി അത് മാറുന്നു എന്നതാണ് ഇവിടെ കാണുന്ന ഒരു കാര്യം. എഴുത്തിനെ നയിക്കുന്ന ഒരു ഘടകമായി നവമായ ഒരു ലോകവും ലോകബോധവും രൂപപ്പെടുന്നു. ഈ ലോകബോധം രാഷ്ട്രീയബോധത്തിൽ നിന്നും സാഹിത്യദർശനങ്ങളിൽ നിന്നുമാണ് രൂപപ്പെടുന്നത്. കവിതയുടെ അന്വേഷണത്തെ മറ്റൊരു വഴിയിലേക്ക് ഇത് കൊണ്ടുപോകുന്നു. നവമുഖ്യധാര എന്ന് ഇതിനെ വിളിക്കാം. മലയാളസാഹിത്യത്തിൽ ഒരു മുഖ്യധാരാസാഹിത്യവും നവമുഖ്യധാരാസാഹിത്യവുമുണ്ട്. മുഖ്യധാരാനിർമ്മിതി നൂറ്റാണ്ടുകളോളം സംഭവിക്കുന്നുണ്ട്. ഇതിനെ നമുക്ക് വ്യവസ്ഥാപിത മുഖ്യധാര എന്ന് വിളിക്കാം. ഇതിന്റെ ആലോചനകൾക്ക് അപ്പുറത്തു നിൽക്കുന്നതാണ് ഇവിടെ സൂചിപ്പിച്ച നവമുഖ്യധാരാരചനകൾ. ആലോചനകളും വീക്ഷണങ്ങളുമാണ് അതിന് ആധാരഘടകം. കൂടുതൽ ജനാധിപത്യം എന്ന ആലോചനയിൽ നിന്നാണ് ഈ നവമുഖ്യധാര രൂപപ്പെടുന്നത്. രാഷ്ട്രീയബോധ്യങ്ങൾ, തിരിച്ചറിവുകൾ ഇടപെടലുകൾ ഇവയുടെ ആലോചനകളും വീക്ഷണങ്ങളും ഈ നവമുഖ്യധാരയ്ക്ക് ഇന്ധനമാകുന്നു. ദളിത് ബഹുജനസാഹിത്യവും പരിസ്ഥിതി- സ്ത്രീവാദ- ന്യൂനപക്ഷസമൂഹ സാഹിത്യവും ഇതിന്റെ ഭാഗമാണ്. ഇത്തരം ആലോചനകളുടെ കാൽനൂറ്റാണ്ട് നമുക്ക് മുന്നിലുണ്ട്. ഇവിടെ രണ്ട് അവസ്ഥകൾ രൂപപ്പെട്ടു എന്ന് വിലയിരുത്താം. ഒരുവശത്ത് കൂടുതൽ ജനാധിപത്യം എന്ന ശ്രമത്തിനായി നിലകൊണ്ടപ്പോൾ മറുവശത്ത് കൂടുതൽ ഏകീകരിക്കുവാനുള്ള ശ്രമങ്ങളും നടന്നുവന്നു. ബഹുജന ബഹുസ്വര ഇടങ്ങൾക്കായുള്ള ചർച്ച നടക്കുന്ന അതേ ഘട്ടത്തിൽത്തന്നെ ഏകീകരണത്തിന്റെയും ചുരുക്കിയെടുക്കുന്നതിന്റെയും പ്രവർത്തനമണ്ഡലവും വ്യാപിക്കുകയുണ്ടായി.

ഇങ്ങനെയൊരു സവിശേഷ സന്ദർഭത്തെ നിരീക്ഷിച്ചുകൊണ്ടാണ് പ്രത്യേകിച്ചും 2010 നു ശേഷമുള്ള കവിതകളെ വിലയിരുത്തുവാനാവുക. കവിതയുടെ മറ്റൊരു ലോകഘടകവും ഇക്കാലത്തോടെ രൂപപ്പെടുകയുണ്ടായി. ആദിവാസിഗോത്രസാഹിത്യം, ട്രാൻസ് സമൂഹങ്ങളുടെ സാഹിത്യം തുടങ്ങിയവ ഈ കാലത്താണ് കൂടുതൽ സജീവത നേടിയത്. ജീവികളുടെയും അജീവികളുടെയും ലോകം കവിതയുടെ ഭാഗമാകുന്നത് ഈ കാലത്തോടെ കൂടുതൽ സവിശേഷമാകുന്നു എന്ന് കാണാവുന്നതാണ്. 2018-ലെ ചില കാവ്യകൃതികൾ പ്രത്യേകിച്ചും എം. പി. പ്രതീഷിന്റെ രചനകൾ ഈയൊരു കാഴ്ചപ്പാടിന് ഉപോദ്ബലകമാകുന്നവയാണ്.

*'ഉണങ്ങുകയും കുതിരുകയും ചെയ്യുന്ന ചെരുപ്പുകൾ*
*വാതിലിന്റെ വക്കിൽ കുറേക്കാലം താമസിച്ചു*
*പാരപ്പറ്റിൽ രാത്രിയുടെ മൂങ്ങകൾ*

*ചുമരിലെ വിള്ളലിൽ പായൽ*
*ദ്രവമായൊരുവാക്ക് കട്ടപിടിച്ച്*
*കല്ലായിത്തീരുന്നതും*
*ആന്റിനയുടെയും ജനലിന്റെയും കമ്പിയിൽ*
*തുരുമ്പ് വരുന്നതും*
*അകത്ത് മരിച്ചു കിടന്നയാളിന്റെ*
*ശരീരത്തിലെ വെള്ളം*
*വളർത്തു പൂച്ചകൾ നക്കിത്തോർത്തുന്നതും*
*ആരെയും അറിയിക്കുന്നില്ല.' (പിൽക്കാലം എം. പി. പ്രതീഷ്)*

കവിതയെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് പല നിരീക്ഷണങ്ങളിലൂടെയാണ്. അവയെ ബാഹ്യനിരീക്ഷണങ്ങൾ, ആന്തരനിരീക്ഷണങ്ങൾ, പരിസര നിരീക്ഷണങ്ങൾ അങ്ങനെ പലതായി വിലയിരുത്തിവരുന്നു. അകത്തു മരിച്ചു കിടക്കുന്നയാളിന്റെ ശരീരത്തിലെ വെള്ളം വളർത്തുപൂച്ചകൾ നക്കിത്തോർത്തുന്നത്, ആരെയും അറിയിക്കുന്നില്ല എന്ന വരികൾ അദ്ദേഹത്തിന്റെ തന്നെയും മറ്റു കവിതകളിലേയ്ക്ക് പോകുവാനുള്ള പ്രേരണയായിത്തീരുകയായിരുന്നു. സൂക്ഷ്മാന്വേഷണങ്ങൾ എന്ന പേരിലാണ് നമ്മൾ എഴുത്തിലെ ഒരു രീതിയെ വിളിച്ചുവരുന്നത്. സമീപത്തെയും ഏറെസമീപത്തെയും കാഴ്ചകളാണ് ഈ കവിതകൾ പങ്കുവയ്ക്കുന്നത്. സൂക്ഷ്മാന്വേഷണം എന്നതിനും ഏറെസമീപം എന്നതിനും രണ്ട് തലങ്ങളുണ്ടെന്ന് വിലയിരുത്തുന്നു. സൂക്ഷ്മം നോട്ടത്തിന്റെ ഏറ്റവും പ്രധാനമായ ഒരു ഘടകമാണ്. എന്നാൽ അത് നമുക്ക് ഏറെ അടുത്ത് നിൽക്കുന്നതും പരിഗണനാർഹവുമായ ഒന്നായിക്കൊള്ളണമെന്നില്ല. സൂക്ഷ്മാന്വേഷണത്തിൽ എഴുത്തിന്റെ അവബോധം ചിലപ്പോഴെങ്കിലും സ്വാധീനമാകാത്തതും അതേസമയം കാഴ്ചയുടേതും ആയിത്തീർന്നേക്കാം. തനിക്കുകൂടി ബാധിക്കുന്നതും താൻ അതിന്റെ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നതുമായ ഒരു ജീവ-അജീവ-മനുഷ്യബന്ധം ആകുന്നു ഏറെ സമീപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്ഥൂലം, സൂക്ഷ്മം എന്നതിൽ നിന്ന് വേറിട്ടതുകൂടിയാണ് ഈ ഏറെസമീപമായത് എന്ന കാഴ്ചപ്പാട്.

പക്ഷികൾ, മൃഗങ്ങൾ, വളർത്തുമൃഗങ്ങൾ ഇവയെക്കുറിച്ച് എഴുത്തുകൾ നിരവധിയുണ്ട്. ഇവ പങ്കുവയ്ക്കുന്ന സമീപനത്തിൽ നിന്നും ചില സവിശേഷതകൾ പുതുകാല എഴുത്തിലുണ്ട്. ഇത് ദാർശനികമായ ചില പുതിയ വഴികൾ തുറന്നിടുന്നുണ്ട്. പി രാമന്റെ 'ഭാഷയ്ക്ക് പകരം' എന്ന കവിതയെ ഇവിടെ ആലോചനയ്ക്ക് കൊണ്ടുവരുന്നു.

*'ശ്വാസവായു കടന്നുപോകുമ്പോൾ*
*തൊണ്ടയിൽ നിന്ന് ഭാഷയ്ക്ക് പകരം*
*നിയന്ത്രിക്കാനാവാത്ത പല പല ശബ്ദങ്ങൾ*
*പുറത്തുവിടുന്ന ഒരു മനുഷ്യനെ*
*ഒരിക്കൽ പരിചയപ്പെട്ടു' (ഭാഷയ്ക്കുപകരം, പി. രാമൻ)*

ശ്വാസവായു കടന്നുപോകുമ്പോൾ തൊണ്ടയിൽ നിന്ന് ഭാഷയ്ക്ക് പകരം പലതരം ശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന ഒരു മനുഷ്യൻ. ചിലപ്പോൾ ഒരു സർജറിക്ക് ശേഷം പ്രശ്നമുണ്ടായതാവാം. സർജറിക്ക് ശേഷം തൊണ്ടയിൽ കുഴലിട്ട മനുഷ്യർ, അതുപോലെ മൂക്കിലൂടെ ട്യൂബ് ഇട്ട മനുഷ്യരെയും മറ്റും നാം കാണാറുണ്ട്. ജന്മനാ തന്നെ തൊണ്ടയിൽ നിന്ന് ഇത്തരം ശബ്ദങ്ങൾ വരുന്ന മനുഷ്യരും ആകാം. ഇങ്ങനെ ഒരു മനുഷ്യനെ കാണുമ്പോൾ കവി പറയുന്നത് അയാൾക്ക് മറ്റൊരു ഭാഷയുണ്ട് എന്നാണ്. നിങ്ങളുടെ ആ ശബ്ദത്താൽ ഒരു സംഗീതത്തിന്റെ സാധ്യതയെ അല്ലെങ്കിൽ ഒരു സംഗീതത്തെ ആവിഷ്കരിക്കുവാൻ കഴിയുകയില്ലേ? എന്ന് കവി അയാളോട് ചോദിക്കുന്നു. മറ്റൊരു ശബ്ദം, മറ്റൊരു ഭാഷ, ആ ശബ്ദത്താൽ ഒരു സംഗീതം. ഒരു സാധാരണമായ ആലോചനയുടെയോ കാവ്യഭാവനയുടെയോ അപ്പുറത്ത് നിൽക്കുന്ന മറ്റൊരു വായനയായി ഈ കവിത നമ്മുടെ മുമ്പിലേക്ക് വരുന്നു.

*'രണ്ടുദിവസം ഞങ്ങളൊരുമിച്ചുണ്ടായിരുന്നു*
*തനിക്ക് അങ്ങനെയൊരു രോഗമുണ്ടെന്ന്*
*പറഞ്ഞതല്ലാതെ അത്തരം ശബ്ദങ്ങളൊന്നും*
*എന്റെ മുന്നിലിരിക്കുമ്പോൾ പുറത്തു വന്നില്ല*
*അതൊരു സംഗീതമാക്കിക്കൂടെ*
*അയാൾ ഒന്നും മിണ്ടിയില്ല' (ഭാഷയ്ക്കുപകരം, പി. രാമൻ)*

തന്റെ മുമ്പിലേക്കു വരുന്ന ഒരു മനുഷ്യനെ ഈ അർത്ഥത്തിൽ വ്യക്തമാക്കുകയാണ് കവി. എസ്. ജോസഫിന്റെ 'വൈരൂപ്യം' എന്ന കവിതയിൽ ഇങ്ങനെ എഴുതുന്നു:

*'വളഞ്ഞുപുളഞ്ഞൊരു*
*തെങ്ങു നിൽക്കുന്നത്*
*അതു കാണുവാൻ ഭംഗി തന്നെ*
*മനുഷ്യർക്കും മൃഗങ്ങൾക്കുമുള്ള*
*വൈരൂപ്യങ്ങൾ എന്തുകൊണ്ട്*
*ഭംഗി തേടുന്നില്ല' (വൈരൂപ്യം, എസ്. ജോസഫ്)*

വിരൂപമായത്, സുന്ദരമായത് എന്നിങ്ങനെ ചിട്ടപ്പെടുത്തിയ ഒരു ലോകത്താണ് മനുഷ്യർ ജീവിക്കുന്നത്. അത് എത്ര ഇല്ല എന്ന് പറയുന്നുവോ, അത്രയും കാപട്യമാകുവാനാണ് സാധ്യത. മനുഷ്യർക്കും മൃഗങ്ങൾക്കുമുള്ള വൈരൂപ്യങ്ങൾ എന്തുകൊണ്ട് ഒരു സൗന്ദര്യമാകുന്നില്ല എന്ന ദാർശനികമായ ഒരു ചോദ്യമാണ് എസ്. ജോസഫ് ചോദിക്കുന്നത്.

*'മൺതിട്ടകൾ കുന്നുകൾ കീഴ്ക്കാംതൂക്കുകൾ*
*എല്ലാം സുന്ദരം*
*അവയിലെ ഉറവകളും*
*വായിൽ നിന്നും വെള്ളമൊലിപ്പിക്കുന്ന വൃദ്ധനും ഈച്ചയാർത്തുകിടക്കുന്ന*
*മൃഗവും എത്ര വിരൂപം' (വൈരൂപ്യം, എസ്. ജോസഫ്)*

'അവയിലെ ഉറവകളും' എന്ന വരി ഇവിടെ ഏറെ പ്രധാനപ്പെട്ടതാണ്. പ്രകൃതിയിലെ ഒരു ഉറവ മനുഷ്യർക്ക് എത്രയും പ്രിയപ്പെട്ടതാണ്. അതേസമയം വായിൽ നിന്നും വെള്ളം ഒലിപ്പിച്ചു കിടക്കുന്ന ഒരു മനുഷ്യൻ, അല്ലെങ്കിൽ ഈച്ചയാർത്തു കിടക്കുന്ന മൃഗം അത് എന്തുകൊണ്ട് മനുഷ്യർക്ക് സുന്ദരമായ ഒരു കാഴ്ചയാവുന്നില്ല? ഇത് ദാർശനികമായ ഒരു ചോദ്യമാണ്. വായിൽ നിന്ന് വെള്ളമൊലിപ്പിച്ച് വീണുകിടക്കുന്ന മനുഷ്യനെ കാണുന്നത് വേദനയുടെ ഭാഗമാണ്. വേദനയാണ് അവിടെ പ്രധാനമായുള്ളത്. എന്നാൽ വേദനയെ മാറ്റിനിർത്തി ആനന്ദത്തിന് പ്രാധാന്യം നൽകുന്ന ഒരു ലോകബോധം വളർച്ച നേടിയിട്ടുണ്ട്. നമ്മൾ ജീവിക്കുന്ന ഇക്കാലത്ത് യുദ്ധപ്രഖ്യാപനം നടത്തുന്നവരും വംശഹത്യ നടത്തുന്നവരും വേദനയുടെ സ്ഥാനത്ത് ആനന്ദം സ്ഥാപിച്ചവരാണ്. വൈരൂപ്യം എന്ന കവിതയുടെ ദാർശനിക പ്രപഞ്ചം ഈ രൂപത്തിൽ സംവേദനക്ഷമമാണ്.

*'പ്ലാവിൻ ചുവട്ടിൽ വീണ് ചിതറിക്കിടക്കുന്ന*
*ചക്കപ്പഴങ്ങൾ സമൃദ്ധിയെ ചൂണ്ടുന്നു*
*ഇതേമാതിരി കിടക്കുന്ന ജീവികൾ*
*എന്താണ് ഓർമിപ്പിക്കുക' (വൈരൂപ്യം എസ്. ജോസഫ്)*

വയറുപൊട്ടി പഴുത്ത് വീണു കിടക്കുന്ന ചക്കപ്പഴം സമൃദ്ധിയുടെ സൂചനയാകുന്നു. അതേസമയം വയറുപൊട്ടി പഴുത്ത് വീണ് അളിഞ്ഞു കിടക്കുന്ന മനുഷ്യരുടെ ചിത്രം എന്തായിരിക്കാം തരിക. എന്താണ് ഓർമ്മിപ്പിക്കുക. നിലവിലെ കവിതാപാരായണ സങ്കേതങ്ങൾക്ക് അപ്പുറത്തുള്ള ഒരു പാരായണം ഇവിടെ കവിത സാധ്യമാക്കുന്നു. ടെഡ്ഹ്യൂഗ്സിനെപ്പോലുള്ളവർ തന്റെ 'വ്യൂ ഓഫ് പിഗ്സ്' പോലുള്ള കവിതകളിൽ മുൻപുതന്നെ ഈ നിരീക്ഷണം നടത്തിയിട്ടുണ്ട്. ഇവിടെ നമുക്ക് നിലവിലുള്ള പാരായണങ്ങൾക്ക് അപ്പുറത്തേക്ക് പോകേണ്ടതായി വരുന്നു. 'കൃഷി' എന്ന പേരിലുള്ള സെബാസ്റ്റ്യന്റെ കവിത നോക്കാം.

*'ഉള്ളം കയ്യിൽ നെൽകൃഷി ചെയ്യുന്ന ഒരാളുണ്ടത്രേ*
*നൂറ്റാറുവയസ്സ്*
*എൺപതേ തോന്നിക്കൂ*
*ആരോഗ്യ ദൃഢഗാത്രൻ*
*നിവർത്തിയ കൈവെള്ളയിൽ*
*കലപ്പയിറക്കുന്നു*
*.....................*
*ആ ഉള്ളംകൈ*
*കൊയ്ത്തു കഴിഞ്ഞവിശാലമായ*
*പാടശേഖരങ്ങൾ*
*ചില കൊറ്റികൾ, തവളകളുടെ കരച്ചിൽ' (കൃഷി, സെബാസ്റ്റ്യൻ)*

ഒരു മനുഷ്യന്റെ ഉള്ളംകൈയാവുന്നു ഇവിടെ കവിതയുടെ കേന്ദ്രം. കാർഷിക സംസ്കൃതിയുടെ ആകെത്തുകയായി ആ ഉള്ളംകൈ മാറുന്നു. കാർഷികലോകം അതിന്റെ വിഭിന്ന അടരുകളെ സമ്മാനിച്ച, അന്യസംസ്ഥാനതൊഴിലാളികളെ സമ്മാനിച്ച ഒരു

കാലത്തിലൂടെയാണ് കടന്നുപോകുന്നത്. കൃഷിയും കായികത്തൊഴിലുകളും ഏറ്റവും അവഗണനയനുഭവിക്കുന്ന കാലത്താണ് നാം. മാന്യത ലഭിക്കണമെങ്കിൽ കൃഷി, കായിക പ്രവർത്തനങ്ങളിൽ നിന്നും നാം കഴിയുന്നത്രയും അകലം പാലിക്കേണ്ടി വരുന്നു. അതേസമയം നമ്മുടെ മുന്നിൽ ഇപ്പോഴും മാതൃകയായി നിൽക്കുന്ന കർഷകരും തൊഴിലാളികളുമുണ്ട്. ഈ കവിത വായിക്കുമ്പോൾ ഓർമ്മവരുന്നത് ചെറുവയൽ രാമനെയാണ്. അപൂർവയിനം നെൽവിത്തുകൾ സ്വന്തമായി സൂക്ഷിക്കുന്നയാൾ. ഇന്ന് അദ്ദേഹം പത്മശ്രീ പുരസ്കാരം ലഭിച്ച ആളാണ്. മനുഷ്യരിലെ വ്യക്തിത്വത്തിന്റെ അടയാളങ്ങളാണ് മണ്ണിൽ ചവിട്ടി നിൽക്കുന്ന ഈ മനുഷ്യർ.

പി. ടി. ബിനുവിൽ നിന്നും എം. പി. പ്രതീഷിലേക്ക് എത്തുന്ന ഈയൊരു ലോകം അദൃശ്യ ജീവികളുടെ, അദൃശ്യമനുഷ്യരുടെ, അജീവികളുടെ ദൃശ്യതയെ കൂടുതൽ സമീപസ്ഥമാക്കുന്ന കവിതകളുടെ ലോകം കൂടിയാകുന്നു. അരികുവല്കരിക്കപ്പെട്ടവർ തുടങ്ങിയ ചിന്താമണ്ഡലം ഉത്തരാധുനികതയിൽ നമുക്ക് രൂപപ്പെടുത്തുവാൻ സാധിച്ചിരുന്നു. 90-കളിലെ ഈ ആലോചനയുടെ മുപ്പതുവർഷങ്ങളും അതിന്റെ തുടർച്ചയും നമുക്ക് ഇവിടെ കാണാം. ജീവികളും അജീവികളുമായ ജീവലോകത്തിന്റെയും അജൈവലോകത്തിന്റെയും ഘടകങ്ങളെ കുറച്ചുകൂടി ദൃശ്യതയിലേക്ക് കൊണ്ടുവരുവാൻ പുത്തൻ ആധുനിക, നവ ആധുനിക ഉത്തരാധുനികാനന്തരകാലത്തിന് കഴിയുന്നു. എം. പി. പ്രതീഷിന്റെ 'വാതിലുകൾ' എന്ന കവിത നോക്കുക. ഈ കവിതാപാരായണം പല ദലങ്ങളായുള്ളതാണ്. അധ്യായങ്ങളും ഉപ അധ്യായങ്ങളും ഉൾപ്പെടുന്നവയാണ്. 'ചർമ്മം' എന്ന ഒരു അധ്യായം ഇതിനുണ്ട്.

*'രണ്ടറ്റവും മനുഷ്യരെക്കൊണ്ട്*
*മുറുക്കിയടച്ച ഒരു കുഴലാണ്*
*ഓടുന്ന എലിയുടെ പാർപ്പിടം*
*എലി അറ്റത്തുകൂടി ഓടുന്നതിന്റെ*
*പ്രയാസത്തോടെയുള്ള അനക്കം*
*ഭൂമിയുടെ ഈയറ്റത്തു നിന്നുകൊണ്ട്*
*ഞാൻ കണ്ടു*
*ഭൂമിയുടെ അങ്ങേയറ്റത്തുള്ള*
*ഞാനത് കാണുമോ?*
*മാളത്തിൽ, ഇറയത്ത്, കിഴങ്ങ് ചെടികൾക്കിടയിൽ*
*തൂമ്പയുമായി നിൽക്കുന്ന ഞാൻ*
*മാളത്തിന്റെ അങ്ങേയറ്റത്ത്*
*മറ്റൊരു കിഴങ്ങ് ചെടിയുടെയിടയിൽ തൂ*
*മ്പയുമായി നിൽക്കുന്ന മറ്റൊരു ഞാൻ' (വാതിലുകൾ, എം. പി. പ്രതീഷ്)*

മനുഷ്യനിർമ്മിതമായ സങ്കൽപ്പത്തിന്റെ, ഒരു വാതിലിന്റെ ഘടനാപരവും പ്രയോജനപരവുമായ അർത്ഥമെന്ത് എന്ന് കവി വ്യക്തമാക്കുന്നു. ഒരു ഗുഹയ്ക്ക് ഉള്ളിലേക്കുള്ള പ്രവേശനകവാടമാണ് വാതിൽ. ജീവികൾക്കെന്നപോലെ മനുഷ്യർക്കും.

ഒരു ജീവിയുടെ പാർപ്പിടത്തെ അടുത്തു നിന്നുകൊണ്ട് കാണുന്നു കവി. അതിന്റെ മാളം, അതിന്റെ പാർപ്പിടം, മാളത്തിലേക്കുള്ള വായ, അതിന്റെ വാതിൽ തുടങ്ങിയവ. എലിയാകാം, പാമ്പാകാം, ഉറുമ്പുകളാവാം ജീവികൾ ഏതുമാകാം. ഇനി ജീവികളെപ്പോലെ പൊത്തിലും അളയിലും പൈപ്പുകളിലും മറ്റും താമസിക്കുന്ന മനുഷ്യരുമാവാം. ആ എലിയെ പിടിക്കുവാൻ അതിന്റെ മാളങ്ങളുടെ വാതിലുകളെല്ലാമടച്ച് ഭൂമിയുടെ രണ്ട് സ്ഥലത്ത് നിൽക്കുന്ന മനുഷ്യരെക്കാണുന്നു. മാളത്തിനുള്ളിൽ പ്രയാസപ്പെട്ട് ഓടുന്ന എലിയെക്കുറിക്കുന്നു. കാഴ്ചയുടെയും എഴുത്തിന്റെയും വേറൊരു ലോകമാണ് ഇവിടെ പങ്കുവയ്ക്കുന്നത്. ജീവികളെക്കുറിക്കുന്ന മറ്റൊരു നോട്ടം ഇവിടെയുണ്ട്. തുരുമ്പ്, പൊടി, അവശിഷ്ടങ്ങൾ ഇത്തരം വസ്തുക്കൾക്ക് കവിതയിൽ ലഭിക്കുന്ന സ്ഥാനമാണ് പി. രാമന്റെ 'നോക്കു' എന്ന കവിത.

*'പൊടി പിടിക്കാനുള്ളതാണ്*
*വസ്തുക്കളൊക്കെയും*
*മനുഷ്യനും അതേ വസ്തു തന്നെ' (നോക്കു, പി.രാമൻ)*

'തുരുമ്പ്' എന്ന പി. രാമന്റെ, തന്നെ മറ്റൊരു കവിതയിൽ നിന്നും അതിന്റെ രാഷ്ട്രീയ പ്രമേയത്തിൽ നിന്നും വ്യത്യാസമുള്ളതാണ് 'നോക്കു' എന്ന കവിതയുടെ കാഴ്ച. പൊടിയെയും ഉടഞ്ഞുപോയ വസ്തുക്കളെയും കുറിച്ച് നമുക്ക് മുൻപും കവിതകളുണ്ട്. ബാലാമണിയമ്മയുടെ 'വിളി' എന്ന കവിതയിൽ നമുക്ക് അജീവലോകം കാണാം. എന്നാൽ അതിൽ നിന്നും വ്യത്യസ്തമാണ് സമകാല കവിതയുടെ നോട്ടം എന്ന് വ്യക്തമാണ്. ഒന്നുകൂടി വ്യക്തമാക്കിയാൽ ജീവിതം, നിർവേദം, ജീവാജീവലോകം, അതിന്റെ ആത്മാവും അതീതവുമായ ലോകം തുടങ്ങിയ ചർച്ചകൾ 'വിളി' എന്ന കവിതയിൽ ചർച്ചചെയ്യുന്നത് വ്യക്തമാണ്. അതേസമയം കാഴ്ചയുടെ വേറൊരു ലോകം ഈ പുതുകവിതകൾ ആവിഷ്കരിക്കുന്നു. മനുഷ്യകേന്ദ്രീകൃതമല്ലാത്ത മറ്റു നിരവധി കാഴ്ചകളാണ് ഇവിടെ ഹേതു. അവശിഷ്ടങ്ങളുടെ രചനയുടെ ഒരു ലോകം ഇവിടെ കവിതയിൽ കേന്ദ്രമായി വരുന്നു.

പൊടി, തുരുമ്പ്, ചർമ്മം, സ്ഥലം എന്നു തുടങ്ങിയ പലതും ഇവിടെ ചർച്ചയുടെ ഭാഗമായി വരുന്നു. സ്ഥലം എന്നതിന്റെ സമീപസ്ഥവും വേറിട്ടതുമായ നിരവധി വിവക്ഷകൾ ഈ കവിതകളിലുണ്ട്. എം.പി പ്രതീഷിന്റെ വാസസ്ഥലങ്ങൾ എന്ന പേരിലുള്ള കവിത ഈ പ്രത്യേകത വ്യക്തമാക്കുന്നതാണ്.

'മുറിവ് ദേഹത്ത്
ഒരു ചെറിയ വിടവാണ്
ഇരുട്ടും സമയവും കാറ്റും വെട്ടവും
പറവകളും പുഴുക്കളും മനുഷ്യരും
മുറിവിനകത്ത് കയറിപ്പറ്റുന്നു' *(മുറിവ്, എം. പി. പ്രതീഷ്)*

സ്ഥലം എന്നതിന്റെ സങ്കല്പം തന്നെയും മറ്റൊന്നായി നോക്കിക്കാണുന്നു. സമയത്തെയും ഈ സ്ഥലത്തിനുള്ളിലേയ്ക്ക് കൊണ്ടുവരുന്നു. ഒരു ചെറിയ മുറിവ് ഒരു

സ്ഥലമായി മാറുന്നു. അവിടെ ഇരുട്ട്, സമയം, കാറ്റ്, വെട്ടം, പറവകൾ, പുഴുക്കൾ, മനുഷ്യർ ഇങ്ങനെ പലരും ആ മുറിവിൽ കയറിപ്പറ്റുന്നു. സ്ഥലത്തെ പ്രമേയമാക്കുന്ന ഒരു കവിത കൂടിയാണ് എം. പി. പ്രതീഷിന്റെ മുൻപ് പരാമർശിച്ച 'വാതിൽ' എന്ന കവിത. ഒരു മാളമാണ് അവിടെ സ്ഥലമാകുന്നത് എങ്കിൽ, ഇവിടെ മുറിവ്, പൊട്ടൽ, വിടവ് തുടങ്ങിയവയൊക്കെയും സ്ഥലവും പാർപ്പിടവും ആകുന്നതിനെ വ്യക്തമാക്കുന്നു.

ഭാഷയെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു വിനിമയം പങ്കുവയ്ക്കുന്നുണ്ട് എം. ബി. മനോജിന്റെ 'ജീവൽഭാഷ' എന്ന കവിത. വ്യവസ്ഥാപിതമായ ഭാഷയ്ക്ക് പകരം മറ്റൊരു ഭാഷയിൽ സംസാരിക്കുന്നു. ഒരു സമൂഹത്തെയും അവരുടെ ഭാഷയെ മറ്റുള്ളവർ മനസ്സിലാക്കുന്നതിന്റെ സങ്കീർണ്ണപ്രശ്നങ്ങളെയും ഇവിടെ കവിത ആവിഷ്കരിക്കുന്നു. വ്യവസ്ഥാപിതഭാഷ വശമുള്ളയാളെ, തങ്ങൾ പറയുന്ന കാര്യങ്ങൾ എങ്ങനെ മനസ്സിലാക്കിക്കും എന്ന പ്രശ്നം ഒരു ഭാഷാസമൂഹത്തിന്റേതായി കവിതയിൽ ഉയർന്നുവരുന്നു. അതിനായി അവർ കുറച്ചു കല്ലുകളെയും കമ്പുകളെയും എടുത്തുവച്ചുകൊണ്ട് തങ്ങളുടെ പ്രശ്നങ്ങൾ വ്യവസ്ഥാപിതഭാഷകളോട് പറയുവാൻ ശ്രമിക്കുന്നു.

*'ഈയിരിക്കുന്ന കല്ലുകൾ ഞങ്ങളാണ്*
*ഇത്രയും കല്ലുകൾ പുറത്തൂന്ന് വന്നത് അതാണീ വെച്ച കല്ലുകൾ*
*അവർ ഞങ്ങടെ പെണ്ണുങ്ങടെ*
*കൂടെക്കെടക്കാൻ*
*ഓടിച്ചിട്ടുപിടിച്ചു*
*അത് എങ്ങനെ മനസ്സിലാക്കിക്കും (ജീവൽഭാഷ, എം. ബി. മനോജ് )*

തങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ പലതരത്തിൽ കല്ലുകൾ ചേർത്തും മാറ്റിയും, കമ്പുകൾ ചേർത്തും മാറ്റിയും അവയുടെ ചലനങ്ങളാൽ ആവിഷ്കരിക്കുവാൻ ശ്രമിക്കുകയാണ് ആ സമൂഹം.

*'പലവശത്തൂന്ന് കല്ലുകൾ വരുന്നുണ്ട്*
*ഇക്കല്ലുകൾ*
*ഞെരിഞ്ഞ് അകത്തായിപ്പോയി*
*വൈകിട്ടത്തെ സൂര്യനാ അത്*
*കല്ലുകളിവിടെത്തന്നെയിരിക്കുവാ*
*ഈയിരിക്കുന്ന കല്ലുകളെന്നുപറഞ്ഞില്ലേ*
*ഇവിടെക്കെടന്നത്*
*അതിനെ എറിഞ്ഞു കളഞ്ഞു' (ജീവൽഭാഷ എം.ബി. മനോജ്)*

ഇങ്ങനെ ആംഗ്യങ്ങളും പ്രവർത്തനങ്ങളും ജീവൽഭാഷയാകുന്ന ഒരു സമൂഹത്തെയാണ് കവിത ചർച്ച ചെയ്യുന്നത്. ഉടമകളും വനവാസികളും പണ്ഡിതരും പഠിത്തക്കാരും അവരെ ഒറ്റപ്പെടുത്തുന്നു. വനവാസികൾ അവരെ ഞെരുക്കുന്നു. പ്രഭാതം, ഉച്ച, സായാഹ്നം തുടങ്ങിയവയൊക്കെ കല്ലുകളെ മാറ്റിക്കൊണ്ട് ആംഗ്യത്താലും അഭിനയത്താലുമാണ് അവർ വ്യക്തമാക്കാൻ ശ്രമിക്കുന്നത്. എന്നാൽ അവരുടെ ആ ഭാഷ അഥവാ അവരുടെ

ജീവൽഭാഷ വന്നവർക്ക് മനസ്സിലാകാതെ പോകുന്നു. തങ്ങൾ ഒറ്റപ്പെട്ടുപോയി എന്നാണ് പറയാൻ ശ്രമിച്ചത്. എങ്കിലും വന്നവർ മനസ്സിലാക്കിയത് മറ്റൊന്നായിരുന്നു. അവർ പറഞ്ഞു നിങ്ങളുടെ ഈ നാടകം കൊള്ളാം ഉഷാറായിരിക്കുന്നു.

*'നാട്യം ഗംഭീരമാണ്*
*കല്ലുകളൊക്കെ വെച്ചുള്ളത്*
*ചുള്ളിക്കമ്പൊക്കെ വെച്ചിട്ട്*
*പെർഫോമൻസ്*
*ബലേഭേഷ്*
*ഒന്നാന്തരം' (ജീവൽഭാഷ, എം.ബി മനോജ്)*

നാട്യം ഗംഭീരമാണെന്ന വനവാസികളുടെ വാക്കുകളും ആംഗ്യവും ഒക്കെ ഏതൊക്കെയോ വിധത്തിൽ കേട്ട ആ സമൂഹം സ്വയം പറയുന്നത് ഇങ്ങനെയാണ്. എന്താണോ തങ്ങൾ പറയാൻ ശ്രമിച്ചത് അത് ഇവർക്ക് മനസ്സിലാകുന്നില്ല.

*'ഞങ്ങൾ*
*പറഞ്ഞതെന്താ*
*ഇവർ പറയുന്നതെന്താ*
*അത് എങ്ങനെ മനസ്സിലാക്കിക്കും' (ജീവൽഭാഷ, എം. ബി. മനോജ്)*

ഒരു വല്ലാത്ത കുടുക്കിലേക്കാണ് ആ സമൂഹം എത്തിച്ചേരുന്നത്. ഞങ്ങൾ പറഞ്ഞതെന്താ, ഇവർ പറയുന്നതെന്താ, അവ രണ്ടും രണ്ടാണല്ലോ. തങ്ങളുടെ പ്രശ്നങ്ങളാണ് വന്നവരോട് പറയുവാൻ ശ്രമിച്ചതെങ്കിൽ, അവർക്കാകട്ടെ പ്രശ്നങ്ങളൊന്നും മനസ്സിലായില്ല. പകരം അവർക്ക് തോന്നിയത് അത് ഒരു നിശബ്ദ നാടകമാണെന്നാണ്. നാടകത്തിനുള്ളിലെ പൊരുൾ അവർക്ക് ബോധ്യമാകാതാവുകയും പകരം അവർ അതൊരു ഫോക് ലോർ നാടകപ്രകടനം ആണെന്ന് കരുതുകയുമാണ് ചെയ്യുന്നത്. ഇത് പറയുമ്പോഴും ഭാഷയുടെ പ്രശ്നം അവിടെ നിഴലിക്കുന്നുണ്ട്. നിങ്ങൾ മനസ്സിലാക്കിയതല്ല ഞങ്ങൾ പറയാൻ ശ്രമിച്ചത് 'അത് എങ്ങനെ മനസ്സിലാക്കിക്കും' എന്ന് കുഴങ്ങുന്ന ഒരു സമൂഹത്തെ ഇവിടെ വരച്ചിടാൻ ശ്രമിക്കുന്നു. വ്യവസ്ഥാപിതധാരണകളും അതു തീർക്കുന്ന അധികാര മണ്ഡലവും എങ്ങനെയാണ് ഇതരസമൂഹങ്ങളെ വീണ്ടും വീണ്ടും നിശബ്ദമാക്കുന്നത് എന്നാണ് വ്യവസ്ഥാപിത ഭാഷയുടെയും നിശബ്ദ ഭാഷയുടെയും പ്രശ്നങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് എം. ബി. മനോജ് പറയുവാൻ ശ്രമിക്കുന്നത്. ലോകത്ത് എത്രയോ ഭാഷകൾ നിശബ്ദ മരണത്തിന് വിധേയമാകുന്നു എന്ന് ഇവിടെ പറയുകയാണ് കവി. അതിലൂടെ ആ മനുഷ്യരും അന്യപ്പെടുന്നു.

ശിവപ്രസാദ്. പി. യുടെ ഒരു കവിതയിൽ ഇങ്ങനെ എഴുതുന്നു:

*'കുളിമുറിയിൽ എന്റെ കുളി കണ്ടുനിൽക്കുന്നു*
*ഇരിക്കുന്നു കിടക്കുന്നു*
*രണ്ടു തേരട്ടകൾ മൂന്നൊച്ചുകൾ*
*ഒരു പച്ചപ്പയ്യ്പിന്നെയും*
*ഒളിച്ചിരിപ്പുണ്ടാം അനേകങ്ങൾ' (ശീർഷകമില്ലാത്ത കവിത ശിവപ്രസാദ് പി.)*

ഒരു സറ്റയറിന്റെ സ്വഭാവം ഈ കവിതയ്ക്കുണ്ട്. കുളിമുറിയിൽ സമീപത്തായി അയാൾ കാണുന്നു ഈ കാഴ്ചകൾ. എത്ര വെള്ളം ഒഴുക്കിയിട്ടും സോപ്പുഴിഞ്ഞിട്ടും തേരട്ടയുടെ മിനുസമോ ഒച്ചിന്റെ മാർദ്ദവമോ പച്ചപ്പയ്യിന്റെ ചന്തമോ ശരീരത്തിൽ കാണാഞ്ഞ് അപകർഷമായി, ഉടുമുണ്ട് ചുറ്റുന്നു, പൊതിക്കുള്ളിലാക്കുന്നു. ഇവിടെ താനും ഒരു ജീവിയാണ് എന്നയാൾ തിരിച്ചറിയുന്നു. കണ്ടതൊക്കെ കാണികൾ ആരോടും പറയാതിരിക്കാൻ ചെരുപ്പ് കൊണ്ട് ചതച്ചു കൊല്ലുന്നു, ചതിച്ചു കൊല്ലുന്നു. തന്നെ ഒളിഞ്ഞു നോക്കിയ ജീവികൾക്കൊപ്പം തന്നെ പകർത്താൻ നോക്കിയ ഒരു ജീവിയായി അയാൾ സ്വയം നിരീക്ഷിക്കുകയും, തുടർന്ന് അയാൾ ജീവികളിൽ നിന്ന് അന്യമാവുകയും ചെയ്യുന്നു. ഇതിലൂടെ ആ ജീവികളെ പരാജയപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്.

കവിതയിൽ താമസിക്കുന്നവർ എന്ന ആശയത്തെക്കുറിച്ച് മുൻപ് സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ചില തുടർച്ചകളാണ് ഇനി കണ്ടെത്തുവാൻ ശ്രമിക്കുന്നത്. പി. രാമന്റെ 'ഒരു ശില്പി'എന്ന കവിത നോക്കുക:

*'അയാളെ ഒരു ശില്പിയായി സങ്കൽപ്പിക്കാൻ*
*ഞാൻ ഇഷ്ടപ്പെട്ടു*
*പിഴുതു കൂട്ടിയിട്ട വേരുകൾ*
*തീ കാത്തു കിടക്കെ*
*അവർക്കിടയിൽ തനിക്ക് പറ്റിയ*
*ഒന്നിനുവേണ്ടി*
*തിരയുകയാണെന്ന് തോന്നിച്ചു കൊണ്ടേയിരുന്നു*
*അയാൾ' (ഒരു ശില്പി, പി. രാമൻ)*

ഇതോടൊപ്പം എസ്. ജോസഫിന്റെ മറ്റൊരു കവിതയെ കൂടി ചേർത്തുവയ്ക്കാവുന്നതാണ് 'പാടാനറിയില്ലെങ്കിലും' എന്ന കവിത നോക്കുക:

*'പാടാനറിയില്ലെങ്കിലും*
*പാട്ട് ഉള്ളിലുള്ളവരുണ്ട്*
*വരക്കാനറിയാത്തയാൾ*
*സ്വയമൊരു ചിത്രമാകാം*
*ശരിക്കുള്ള ശില്പികൾ*
*ആശാരി, തട്ടാൻ, കൊല്ലൻ, മേസ്തിരി*
*എന്നിവരൊക്കെയാണെന്ന് തോന്നാറുണ്ട്*
*കുശവന്റെ കലാഗ്യാലറിയിൽ വച്ചാൽ*
*രസമായിരിക്കും' (പാടാനറിയില്ലെങ്കിലും, എസ്. ജോസഫ്)*

'ഒരു ശില്പി' എന്ന കവിതയിൽ സ്വയം പിഴുതു കൂട്ടിയ വേരുകൾക്ക് അടുത്തിരിക്കുന്നയാളെ ഒരു ശില്പിയായി കവി സങ്കൽപ്പിക്കുന്നു. ശരിക്കുള്ള ശില്പികളായി സാധാരണക്കാരായ അധ്വാനിക്കുന്ന മനുഷ്യരെ പ്രതിഷ്ഠിക്കുന്നു 'പാടാനറിയില്ലെങ്കിലും' എന്ന കവിത. ലോപയുടെ 'ഏതു മണിച്ചട്ടവും ചിലപ്പോൾ'എന്ന കവിത നോക്കുക:

*'നിരയൊപ്പിച്ചു നിർത്തിയതിൽ*
*ചിതറിപ്പോയി ചിലത്*
*ഉപചാരം മിനുക്കിയ വാക്കുകൾ*
*പഠിപ്പിച്ചുറപ്പിച്ച പതിവുകൾ*
*അഴുക്കിനു മീതെ അലക്കിയതുടുത്ത*
*ഓർമ്മകൾ*
*കഴിച്ചു മടുത്ത രുചികൾ*
*പറയാതമർന്ന തലമുറകൾ*
*അടക്കവും ഒതുക്കവും അടപ്പിട്ടു വച്ച നിശബ്ദ കടാക്ഷങ്ങൾ*
*അങ്ങനെയങ്ങനെ പലതും*
*ഉള്ളിലെ മണിച്ചട്ടം*
*എത്രനാൾ ഈ കള്ളക്കനങ്ങളെ ഒതുക്കും' (ഏതു മണിച്ചട്ടവും, ചിലപ്പോൾ ലോപ)*

വ്യവസ്ഥാപിതമെന്നോ ചിട്ടപ്പെടുത്തിയതെന്നോ നമ്മൾ പറയുന്ന, ചിട്ടപ്പെടുത്തി നിരയൊപ്പിച്ചതിൽ നിന്നും ചിതറിപ്പോവുന്ന, ചിലത് കൂടിയുണ്ട് എന്ന് ഇവിടെ ലോപ പറയുന്നു. ആ ചിതറിപ്പോകലാവട്ടെ പലപ്പോഴും ഒരു തരത്തിലുള്ള അസംസ്കൃത ലോകത്തെയാണ് ഓർമ്മിപ്പിക്കുന്നത്. അങ്ങനെയൊരു ലോകത്താണ് നിലകൊള്ളുന്നത്. പഠിപ്പിച്ചുറപ്പിച്ച പതിവുകൾക്ക് പുറത്താണ് അത് നിൽക്കുന്നത്. അഴുക്കിനു മീതെ അലക്കിയതുടുത്ത രൂപത്തിലാണത്. അലക്കിയതാണ് കാണുന്നതെങ്കിലും അലക്കാത്ത ഉടുത്തുകെട്ടിന് പുറത്താണത് കാണുന്നത്. പറയാതെ അമർന്നുപോയ തറുതലകൾ നമ്മൾ കാണുന്നു. അടക്കിവെച്ച നിശബ്ദ കടാക്ഷങ്ങൾ കാണുന്നുണ്ട്. ഈയർത്ഥത്തിൽ നിരയൊപ്പിക്കലുകൾക്കപ്പുറത്ത് ചിതറിപ്പോകാൻ സാധ്യതയുള്ള ചില വഴികൾ, ചില കാഴ്ചകൾ ഇവിടെയുണ്ട്. പൂർണ്ണതയെയാണ് പലപ്പോഴും ആളുകൾ സ്ഥാപിച്ചു വയ്ക്കുവാൻ ശ്രമിക്കുന്നതെങ്കിൽ ആ പൂർണ്ണതയുടെ ഇടയിലെവിടെയോ പൊട്ടി പ്പോകാവുന്ന, വിട്ടുപോകാവുന്ന അപൂർണ്ണതയുടെ ഒരു ഘടന, അതുമല്ലെങ്കിൽ ഒരു ഘടകം അതാണ് ലോപ ഇവിടെ പറയുവാൻ ശ്രമിച്ചിട്ടുള്ളത്. ലോപയുടെ തന്നെ 'വൃത്ത സ്ഥിത' എന്ന കവിതയിലും ഇതിനു സമാനമായ നിരീക്ഷണം കാണാം. ലോകത്ത് എല്ലാ ഭാഷയിലും കവിതകൾ കൃത്യമായ ചില വൃത്തങ്ങളിൽ ആയിരിക്കണം എന്ന് ആവർത്തി ച്ചിരുന്നു. കൃത്യമായ ഉച്ചാരണം മുറിഞ്ഞുപോകാതെ ചൊല്ലണം എന്ന് മന്ത്രങ്ങൾ പറഞ്ഞി രുന്നു, അത്തരത്തിലുള്ള വൃത്തസ്ഥിതമായ, കൃത്യമായ ചിട്ടപ്പെടലിനുള്ളിലുള്ള ചലനത്തെക്കുറിച്ച് സ്ഥാപിച്ചുവന്നിരുന്നു. ഇവിടെ കവിത പറയുന്നത് ഇങ്ങനെയാണ്:

*'മൂന്നു കല്ലടുപ്പിന്റെ ഇത്തിരിവട്ടം മാത്രം*
*മൂളലിൽ മൂടേന്തുന്ന പാദവിന്യാസം മാത്രം*
*ചിലന്തിക്കാലാൽ പാറും നേരിയ ചത്ര മാത്രം*
*ചിലമ്പും പാത്രത്തിന്റെ ശൂന്യവർണ്ണത്തുള മാത്രം*
*നിറയും കണ്ണീരുപ്പായി കല്ലിച്ച മുഖം താഴ്ത്തി*
*തറയിൽ നൂലെന്നപോൽ തിരിഞ്ഞേ തീരുമ്പോൾ*

*ചുഴലിക്കാറ്റിൻ വന്യവേഗവൃത്താകാരയായ്*
*ചുടലത്തീയായ് നെടിയിൽ അവളിൻ കാളീഭാവം*

*.........................................................................................................*

*തനിക്കായൊരു മുറി കുഴിയാനയെപ്പോലെ*
*പലതും മുണ്ടത്തിയാമിവളെ വൃത്തസ്ഥിത' (വൃത്തസ്ഥിത, ലോപ)*

സ്ത്രീവാദകവിതയുടെ എല്ലാ സാധ്യതകളും നിലനിൽക്കുന്ന കവിതയാണിത്. അതേസമയം വൃത്തങ്ങളിലും അതിർവരച്ചും ഒറ്റ യൂണിഫോമിലേക്ക് എല്ലാറ്റിനെയും നിർത്താൻ ശ്രമിക്കുന്ന ഒരു ബോധ്യമുണ്ടാക്കാവുന്ന അതിന്റെ ഇളക്കമാണ് ഇവിടെ കവിത പങ്ക് വയ്ക്കുന്നത്. കുഴിയാനയെപ്പോലെ, പലതും മിണ്ടാതെ അവിടെയിരിക്കുന്ന ഒരു യൂണിഫോമിറ്റിക്കുള്ളിലാകുന്നതിന്റെ പ്രശ്നപരിസരമാണ് ഇവിടെ കാണുന്നത്. പൂർണത എന്ന സങ്കല്പത്തിന്റെ പരിമിതിയാണ് ഈ രണ്ട് കവിതകളും പങ്കുവയ്ക്കുന്നത്.

രോഷ്നി സ്വപ്നയുടെ 'പേര്' എന്ന കവിതയെ ഇവിടെ പരിശോധിക്കാം:

*'കൂടെ പഠിച്ച ഒരുവനുണ്ടായിരുന്നു*
*ആമത്തോടുപോലെ മുൻജന്മങ്ങളിൽ നിന്ന്*
*ശരീരത്തിനെ മറച്ചുവച്ചുകൊണ്ട്*
*കയറിപ്പറ്റിയ പാകമാവാത്ത*
*ഒരു കുപ്പായത്തിനുള്ളിൽ നിന്ന്*
*ആയാസപ്പെട്ട് നോക്കിച്ചിരിക്കുന്നു' (പേര്, രോഷ്നി സ്വപ്ന)*

കവിതയുടെ അവസാനത്തിലെത്തുമ്പോൾ ഇങ്ങനെ കാണാം. നുണ പറഞ്ഞ് രക്ഷപ്പെടാൻ അറിയാമായിരുന്നെങ്കിൽ വേറെയെന്തെങ്കിലും പേര് പറഞ്ഞ്, അവന് ജീവപര്യന്തം ഒഴിവാക്കാമായിരുന്നു. പാകമാകാത്ത കുപ്പായത്തിനുള്ളിൽ നിൽക്കുന്ന ഈ യുവാവ്, തനിക്ക് ബന്ധമില്ലാത്ത എന്തൊക്കെയോ കാരണത്താൽ ജീവപര്യന്തം ശിക്ഷയനുഭവിച്ച ഒരാൾ കൂടിയായി മാറുന്നു.

അലീനയുടെ 'സിൽക്ക് റൂട്ട്' എന്ന കവിതയും ഇങ്ങനെയൊരു മനുഷ്യലോകമാണ് പറയുന്നത്:

*'കുഞ്ഞുമോളെ കല്യാണത്തിന് ഞാൻ വരുന്നില്ല*
*എനിക്ക് തുണിയില്ല*
*സാരിയുടുക്കാതെ കൈലിയും ബ്ലൗസുമിട്ട്*
*എങ്ങനെയോ അവിടം വരെ*
*അന്നമ്മയുടെ തൂമ്പാതലപ്പിൽ*
*ഭൂമി രണ്ടായിപ്പിളർന്നു' (സിൽക്ക് റൂട്ട് ,അലീന)*

കല്യാണത്തിനു പോകുവാൻ കഴിയാതെ വരുന്ന, സാരിയില്ലാത്ത ഒരു തൊഴിലാളി സ്ത്രീയുടെ അവസ്ഥയാണ് ഇവിടെ കവിത വിവരിക്കുന്നത്. അന്നമ്മയുടെ തൂമ്പതലപ്പിൽ, രണ്ടായിപ്പിളരുന്ന ഭൂമി, എന്നത് മുൻപ് നമ്മൾ "ചിന്താവിഷ്ടയായ സീതയിൽ" കണ്ടതാണ്.

ഇവിടെ രണ്ടു ലോകത്ത് ജീവിക്കുന്ന സ്ത്രീകളെയും അവരുടെ രണ്ട് ഭാവങ്ങളെയും കവി വ്യക്തമാക്കുന്നു. സ്ത്രീവാദത്തിനുള്ളിൽ ചർച്ച ചെയ്യുന്ന അപരസ്ത്രീകൾ എന്ന ലോകം ഇവിടെ വ്യക്തമാണ്. ഒരു ഘടകത്തിനുള്ളിൽത്തന്നെ ഇടറിപ്പോകാവുന്ന പല ഘടകങ്ങളുണ്ട് എന്ന ഘടനാവാദ ആലോചനയുടെ ചിന്താമണ്ഡലം ഇവിടെ കവിതയ്ക്ക് കൂടുതൽ പാരായണം നൽകുന്നുണ്ട്. ഇവിടെ അന്നമ്മയും കുഞ്ഞുമോളും തമ്മിൽ നടത്തുന്ന ചർച്ച അതുകൊണ്ടുതന്നെ ചില വിഷയങ്ങൾ കൂടി വ്യക്തമാക്കിത്തരുന്നു.

'എനിക്കൊരു നീലയുണ്ട് ചോപ്പുണ്ട്, ചേടത്തി ഏതാണെന്ന് പറഞ്ഞാൽ മതി രാവിലെ കൊണ്ടുത്തരാം എന്നുപറയുന്ന കുഞ്ഞുമോൾ ചേട്ടത്തിക്ക് ഒരു സിൽക്ക് സാരി കൊണ്ടുക്കൊടുക്കുന്നു. അവർ ആ സാരിയുടുത്ത് കല്യാണത്തിന് പോകുന്നു. തിരിച്ച് വരുന്ന വഴിക്കു തന്നെ ആ സാരി അഴിച്ചു വാങ്ങിക്കുകയാണ് കുഞ്ഞുമോൾ. അവർക്ക് വീട്ടിലെത്തി ആ സാരി പൊതിഞ്ഞു മടക്കി കൊടുക്കാൻ കുഞ്ഞുമോൾ അനുവദിക്കുന്നില്ല.

*'സ്ഥലം എത്തിയല്ലോ ചേട്ടത്തി*
*എന്റെ സാരി തന്നേരെ*
*ഒറ്റയ്ക്ക് കല്യാണത്തിന്*
*പോയാലെ അതിയാന് കൊഴപ്പമുള്ളൂ*
*ഒറ്റയ്ക്ക് വന്നാൽ കുഴപ്പമില്ല' (സിൽക്ക് റൂട്ട് അലീന)*

ബ്ലൗസും പാവാടയും മാത്രമിട്ട് തിരികെ ആ സിൽക്ക് റൂട്ട് മുഴുവൻ അന്നമ്മ കരഞ്ഞുകൊണ്ടോടി. വീട്ടിൽ നിന്നും കല്യാണത്തിന് സിൽക്ക് സാരി ഉടുത്തിറങ്ങിയ ആ വഴിയാണ് കവിതയിലെ സിൽക്ക് റൂട്ട്. 'സിൽക്ക് റൂട്ട്' എന്ന പേര് ഇന്ന് ലോക ഭൂപടത്തിൽ പ്രശ്നസങ്കീർണ്ണമായ ഒന്നാണ്. ഇവിടെ കവിതയിൽ അന്നമ്മയുടെ ജീവിതത്തിലെ പ്രശ്നസങ്കീർണതയാണ് കവി ആവിഷ്കരിക്കുന്നത്. ഏഷ്യയിലെ ഒരു സങ്കീർണ്ണപാതയും ഒരു ദരിദ്രസ്ത്രീയുടെ ജീവിതത്തിലെ ദൈനം ദിനപാതയും ഏത് വിധത്തിൽ സങ്കീർണ്ണമാവുന്നു എന്ന് ഓർമ്മിപ്പിക്കുന്നു കവിത. ഏഷ്യ ഒരു ഭൂഖണ്ഡ മാകുമ്പോഴും അതിനുള്ളിൽ നിരവധി അപരങ്ങളുണ്ട്. സ്ത്രീകൾ ഒരു ജൻഡറാകുമ്പോൾ ത്തന്നെ അതിനുള്ളിൽ നിരവധി അടരുകളും അപരങ്ങളുമുണ്ടെന്ന് കവിത വ്യക്തമാക്കി ത്തരുന്നു.

ഭിന്നശേഷി എഴുത്തിന്റെ അടിസ്ഥാനത്തിൽ വേണം അജിത എം. കെ. യുടെ ഭാഗ്യം എന്ന കവിതയെ മനസ്സിലാക്കേണ്ടത്.

*'ഭാഗ്യക്കുറി കൈവെള്ളൽ*
*വെച്ചിട്ടങ്ങേര് പറയും*
*ഇന്നത്തെയാണ്*
*ഈ ഭാഗ്യം നിങ്ങൾക്കാണ്*
*എന്നിട്ട് ചട്ടിയും ചാടിയും നടക്കും' (ഭാഗ്യം, അജിത എം. കെ.)*

അയാൾക്ക് ഒരിക്കലും ഭാഗ്യം കിട്ടുന്നില്ല. പകരം അയാൾ ഭാഗ്യം കൊടുത്തു കൊണ്ടിരിക്കുന്നു. അയാൾ ഭാഗ്യക്കുറി വിറ്റ് കുടുംബം പുലർത്തുന്നയാളാണ്. രാവിലെ

വില്പനയ്ക്കിറങ്ങി വൈകിട്ട് വീട്ടിലേക്കുള്ള സാധനങ്ങളും വാങ്ങിച്ചു മടങ്ങുന്നു. രോഗിയായി കിടക്കുന്ന സഹോദരനെ വീട്ടിൽച്ചെന്നു കാണുന്നു. സഹോദരന്റെ വീട്ടിലെ അടുക്കളയിലേയ്ക്കുള്ള കായ്കറികൾ വാങ്ങിക്കൊടുക്കുന്നു. രോഗാവസ്ഥയിൽ കിടക്കുന്ന സഹോദരന് ഒരിറക്കു മദ്യം ഒഴിച്ചുകൊടുക്കുന്നു. സഹോദരനു മദ്യംകൊടുത്തു എന്ന വഴക്ക്കേട്ട് ആ വീട്ടിൽ നിന്നും രാത്രിയിൽ സ്വന്തം വീട്ടിലേക്ക് നടക്കുന്നു. 'ഭാഗ്യം' എന്ന കവിത ഭിന്നശേഷിക്കാരനായ ഒരാളുടെ ജീവിതത്തിന്റെ ചിത്രീകരണമായി മാറുന്നു.

എം. പി. പ്രതീഷിന്റെ 'ആറുന്നു' എന്ന കവിത നോക്കൂ:

*'കോപ്പ കഴുകി*
*അടിയുടുപ്പ് കഴുകി*
*അടുക്കളത്തറ കഴുകി*
*പിഞ്ഞാണം കഴുകി*
*ചില്ലു കഴുകി*
*ചെരുപ്പ് കഴുകി*
*പട്ടിക്കൂട് കഴുകി*
*കോണിപ്പടി കഴുകി*
*ഉമ്മറം കഴുകി*
*മുറ്റം കഴുകി*
*കാൽ നഖം കഴുകി*
*നിരത്തു കഴുകി*
*അഴുക്കുചാൽ കഴുകി*
*പരസ്യങ്ങൾ കഴുകി*
*പാലം കഴുകി*
*തെരുവ് ആകെ ക്കഴുകി*
*അന്തരീക്ഷം കഴുകി*
*ഒടുവിൽ സ്വയം മാറാൻ*
*കൊളുത്തിക്കിടക്കുന്നു'*

കഴുകുന്ന ഓരോ മനുഷ്യനും ആറുവാനായി സ്വയം കൊളുത്തിക്കിടക്കുന്നു. നമുക്കറിയാം ഈ കൊളുത്തിക്കിടക്കുന്ന മനുഷ്യർ തൊഴിലാളികളാണ്. ശുചീകരണ ത്തൊഴിലാളികളാണ്. പണിക്കാരാണ്. വീട്ടമ്മമാരാണ്. സ്വയം ആറാനായി കൊളുത്തി ക്കിടക്കുന്നവരാണ്. സ്വയം കൊളുത്തപ്പെട്ട് പോയവരാണ്. കോപ്പ, അടിയുടുപ്പ്, അടുക്കള, പിഞ്ഞാണം, ചില്ല്, ചെരുപ്പ്, പട്ടിക്കൂട്, കോണിപ്പടി, ഉമ്മറം, മുറ്റം, കാലിനകം, നിരത്ത്, അഴുക്കുചാൽ, പരസ്യം, പാലം, തെരുവ്, അന്തരീക്ഷം വൃത്തിയാക്കുന്നവർ. അവരുടെ എണ്ണം കൂടുന്നു.

'കാ' എന്ന കവിതയിൽ കാക്കകളെ അവരുടെ ഒച്ചയിൽ വിളിച്ചുവരുത്തി നടന്നുമറഞ്ഞ ഒരാളെക്കുറിച്ച് എഴുതുന്നു.

*ആകാശത്തേക്ക്*
*തൊണ്ട പിളർത്തി*
*കാക്കകളെ തേടി നടന്നു*
*പിന്മടങ്ങി (കാ, എസ്. കലേഷ് )*

കാക്കകളെ പ്രത്യേകശബ്ദത്തിൽ വിളിച്ചുവരുത്തിയിരുന്നയാളുടെ ശബ്ദം അവസാനിക്കുന്നതിനെക്കുറിച്ചാണ് കവിത പറയുന്നത്.

കവിതയിലേക്ക് അത്രകണ്ട് പരിചിതരല്ലാത്ത പലരും കടന്നുവരുന്നു. അജൈവലോകം, തുരുമ്പ്, പൊടി അവശിഷ്ടങ്ങൾ, പാർപ്പിടം, സമയം, സ്ഥലം എന്നിവയെ മറ്റൊരുതരത്തിൽ ആവിഷ്കരിക്കുവാൻ ഈ കവിതകൾക്ക് സാധിക്കുന്നു. ഭാഷയെ കവിതയിൽ മറ്റൊരു രൂപത്തിൽ ആവിഷ്കരിക്കുന്നു. ഉത്തരാധുനികതയുടെ മുപ്പതു വർഷങ്ങൾക്കുശേഷമുള്ള കവിതയുടെ ഉത്തരാധുനികാനന്തര ഭാവുകത്വമായി അതിനെ കാണാം. അനശ്വരത, പൂർണത, സൗന്ദര്യം തുടങ്ങിയ സങ്കല്പങ്ങളും ശരീരം, ആത്മീയത തുടങ്ങിയ ദർശനങ്ങളും ഉൾപ്പെടെ വിവിധസംവർഗ്ഗങ്ങൾ പുതിയകവിതയിൽ അന്വേഷിക്കാവുന്ന സംഗതികളാണെന്നും വിലയിരുത്താവുന്നതാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *അജിത, എം. കെ.,വിരലുകളുടെ, മുദ്രബുക്സ്,2019.*
2. *കലേഷ്, എസ്. ആട്ടക്കാരി, ഡിസിബുക്സ്, കോട്ടയം, 2021.*
3. *പ്രതീഷ്, എം.പി. മണ്ണുംവെള്ളവും,സ്വകാര്യവിതരണം,2018.*
4. *ബിനു, പി.ടി. കവിതയിൽ താമസിക്കുന്നവർ,ഡി.സി.ബുക്സ്, 2005 .*
5. *മനോജ്,എം.പി.,പ്രാവേപ്രാവേപോകവേണ്ട,ഡി.സി.ബുക്സ്,2016.*
6. *ജോസഫ്, എസ്.,മഞ്ഞപറന്നാൽ, ഡി.സി.ബുക്സ്, 2017.*
7. *രാമൻ, പി., രാത്രിപന്ത്രണ്ടരയ്ക്ക്ക് ഒരുതാരാട്ട്,മാതൃഭൂമിബുക്സ്,2016.*
8. *റോഷ്നിസ്വപ്ന,ചുവപ്പ്,ഡി.സി.ബുക്സ്,2021.*
9. *ലോപ, വൈക്കോൽപ്പാവ,ഡി.സി.ബുക്ക്സ്,2015.*
10. *ശിവപ്രസാദ്, പി.,തലക്കെട്ടില്ലാത്തകവിതകൾ,പാപ്പാത്തി, 2021.*
11. *സെബാസ്റ്റ്യൻ, കൃഷിക്കാരൻ,മാതൃഭൂമിബുക്സ്,2019.*

# ജീവിതമെഴുത്തിന്റെ രാഷ്ട്രീയം

**ഡോ. പ്രമോദ്കുമാർ ഡി.എൻ**
അസോസിയേറ്റ്പ്രൊഫസർ, മലയാളവിഭാഗം, എസ്.എൻ.ജി.എസ്.കോളെജ്, പട്ടാമ്പി

**പ്രബന്ധസംഗ്രഹം**

നവോത്ഥാനകാലത്ത് ആത്മകഥ എന്നത് സമൂഹത്തിന്റെ കഥ കൂടിയായിരുന്നു. അവിടെനിന്ന് ആധുനികതയും കടന്ന് ഉത്തരാധുനികതയിലെത്തുമ്പോൾ ആത്മകഥയ്ക്ക് സമാനമായി ജീവിതമെഴുത്ത് എന്ന സങ്കല്പം ഉണ്ടായി ത്തീരുന്നു. വ്യക്തി അവന്റെ/അവളുടെ ലൈംഗികമോ വംശീയമോ ഒക്കെ ആയ തനിമയിലേയ്ക്ക് മടങ്ങുന്ന സ്വത്വരാഷ്ട്രീയത്തിന്റെ നിലപാടുകൾ തന്നെയാണ് ജീവിതമെഴുത്തുകളിലും പൊതുവിൽ കാണാൻ കഴിയുന്നത്. ബൃഹദാഖ്യാ നങ്ങളെ അപ്രസക്തമാക്കി ഹ്രസ്വാഖ്യാനങ്ങൾ മുന്നോട്ടുവച്ച ഉത്തരാധുനികത യുടെ രാഷ്ട്രീയം തന്നെയാണ് ജീവിതമെഴുത്തിനുമുള്ളത്.

***താക്കോൽവാക്കുകൾ:*** ആത്മകഥ, സ്വത്വം, അതിവ്യക്തിത്വവാദം, പ്രാദേശികവൽക്കരണം, ഹ്രസ്വാഖ്യാനങ്ങൾ, ലൈംഗികസ്വത്വം, വംശീയ സ്വത്വം, അരാഷ്ട്രീയത

'കണ്ണീരും കിനാവും' എഴുതുമ്പോൾ, അൻപതു വർഷം മുൻപുള്ള നമ്പൂതിരിക്ക് ആത്മ കഥയില്ല എന്ന് വി.ടി.ഭട്ടതിരിപ്പാട് പറയുന്നുണ്ട്. പ്രത്യുൽപാദനം എന്ന ജൈവിക ധർമ്മത്തിൽ എല്ലാം അടങ്ങിയിരുന്ന ജീവിതമായിരുന്നു അന്നത്തെ നമ്പൂതിരി നയിച്ചിരുന്നത് എന്നതിനാലാണ് വി.ടി. അങ്ങനെ പറഞ്ഞത്. സാമൂഹികചരിത്രം ഇല്ലാത്ത ഒരാൾക്ക് ആത്മകഥയുണ്ടാകുന്നതെങ്ങനെ എന്ന ചോദ്യമാണ് വി.ടി. ഈ പ്രസ്താവന യിലൂടെ ഉന്നയിക്കാൻ ശ്രമിച്ചത്. ഈ ചോദ്യത്തിന്റെ മറുപടിയാണ് ജീവിതമെഴുത്ത് (Life writing). അങ്ങനെ നോക്കിയാൽ വെണ്മണിമഹന്റെ 'പൂരപ്രബന്ധം' ഒരു ജീവിതമെഴുത്താണ്. പൂരത്തിനിടയിൽ കാണുന്ന സ്ത്രീകളുടെ മാറിടവും നിതംബവും ഉറ്റുനോക്കി ആസ്വദിക്കുന്നതിനിടയിൽ നികൃഷ്ടമായ ജീവിതത്തെക്കുറിച്ചുള്ള തിരിച്ചറിവോ സാമൂഹിക അസമത്വങ്ങളെക്കുറിച്ചുള്ള വിങ്ങലോ ആവശ്യമില്ല. കീറിയ മുണ്ടുകൊണ്ട് മുടിമൂടി, ദേഹം മുഴുവൻ ചേറുപുരണ്ട് വൻകറ്റയും ചുമന്ന് പ്രാഞ്ചിക്കിതച്ചു വരുന്നവളെ

ക്കണ്ടിട്ട് 'ഏറെക്കൊതിക്കുന്നു ഞാൻ' എന്നുപറയുന്ന ഒരു സംസ്കാരത്തിന് ആത്മകഥയില്ല. എന്നാൽ ജീവിതമെഴുത്തിന്റെ സാധ്യതയുണ്ട്. അങ്ങനെ ഭോഗവും ഭക്ഷണവും ഭരിക്കുന്ന അരാഷ്ട്രീയ ജീവിതത്തിന്റെ രേഖപ്പെടുത്തലായി മാറാനുള്ള സാധ്യത ജീവിതമെഴുത്തിൽ തെളിഞ്ഞുകിടക്കുന്നു. ഇത് ഒരാളുടെ ജീവിതം മറ്റൊരാൾ കേട്ടെഴുതുന്ന, ആത്മകഥയ്ക്കും ജീവചരിത്രത്തിനും ഇടയിൽ നിൽക്കുന്ന, ജീവിതമെഴുത്ത് എന്ന രചനാരൂപത്തിന്റെ പ്രശ്നമല്ല. മറിച്ച് ആ രചനാരൂപം കടന്നുവന്ന സാഹചര്യവും കാലഘട്ടവും ഉണ്ടാക്കിത്തീർത്ത സവിശേഷതയാണ്. ഉത്തരാധുനികകാലഘട്ടത്തിൽ രാഷ്ട്രീയം കലർന്ന സാമൂഹിക ജീവിതാഖ്യാനങ്ങൾക്കു ബദലായാണ് ജീവിതമെഴുത്ത് കടന്നുവന്നത് എന്നതിനാൽ അരാഷ്ട്രീയജീവിതത്തിന്റെ മഹത്വവൽക്കരണമാണ് പലപ്പോഴും അതിലൂടെ സംഭവിക്കുന്നത്.

സ്വത്വചിന്തകൾ, ഓർമ്മകൾ, അനുഭവങ്ങൾ മുതലായവയുടെ രേഖപ്പെടുത്തലാണ് ജീവിതമെഴുത്ത് എന്നുപറയാം. ആത്മകഥ, ജീവചരിത്രം, ഓർമ്മക്കുറിപ്പുകൾ, ഡയറി, കത്ത്, ബ്ലോഗ്, ഇമെയിൽ തുടങ്ങിയ പല ജനുസുകളിലും പ്രയോഗങ്ങളിലുമായി ഇതു നിലനിൽക്കുന്നു. അതിവ്യക്തിത്വവാദം(extreme individualism) ആണ് ഇതിന്റെ പ്രമുഖസവിശേഷത.

മനഃശാസ്ത്രത്തിൽ ഒരു ചികിത്സാപദ്ധതിയായാണ് ഇതിനെ കണക്കാക്കുന്നത്. പ്രമുഖ മനശാസ്ത്രജ്ഞയായ ഇറപ്രൊഗോഫ് 1975ൽ തന്നെ ഇതിന്റെ പ്രാധാന്യം എടുത്തു കാണിച്ചിട്ടുണ്ട്. ആത്മവിശ്വാസം, ആത്മനിയന്ത്രണം എന്നിവയ്ക്ക് ജീവിതമെഴുത്ത് നല്ലതാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല അൽഷിമേഴ്സ് വരാനുള്ള സാധ്യത കുറയ്ക്കുന്നതിനും ഇത് ഉപകരിക്കും എന്ന് അവർ കൂട്ടിച്ചേർക്കുന്നു.

ഏതാണ്ട് ഇതേകാലഘട്ടത്തിൽ തന്നെ സാമൂഹികശാസ്ത്രമേഖലയിലും ജീവിതമെഴുത്ത് പ്രാധാന്യം നേടുന്നുണ്ട്. 1970-കളിൽ സസക്സ് ലൈബ്രറി വ്യക്തികളുടെ, 1937 മുതൽ 1950 വരെയുള്ള ഡയറിക്കുറിപ്പുകൾ ശേഖരിച്ച് ആർക്കൈവ് ഉണ്ടാക്കി. 1980-നു ശേഷം ഇതൊരു തുടർപ്രക്രിയയായി മാറി. 1999-ൽ സസക്സ്സ് യൂണിവേഴ്സിറ്റി, സെൻറർ ഫോർ ലൈഫ്ഹിസ്റ്ററി ആൻറ് ലൈഫ് റൈറ്റിങ് റിസേർച്ച് സ്ഥാപിച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ സെൻറർ ഫോർ ലൈഫ്റൈറ്റിങ് എന്നൊരു സ്ഥാപനമുണ്ട്. ലണ്ടൻ കിങ്സ് കോളേജിനും വുൾഫ്സൺ കോളേജിനും ജീവിതമെഴുത്ത് പഠനകേന്ദ്രങ്ങളുണ്ട്.

സാമൂഹ്യശാസ്ത്രപഠനരംഗത്ത് ജീവിതമെഴുത്തിന് പ്രാധാന്യം കൈവന്നു. വ്യക്തിപരമായ രേഖകൾ, ഡയറിക്കുറിപ്പുകൾ, വാമൊഴിചരിത്രം, വ്യക്തിവിവരണങ്ങൾ മുതലായവ ഉപയോഗിച്ച് വ്യക്തിചരിത്രവും സാമൂഹ്യചരിത്രവും നിർമ്മിക്കപ്പെട്ടു. വ്യക്തി കുടുംബം, പ്രാദേശികം ദേശീയം തുടങ്ങിയ ബന്ധങ്ങൾ ജീവിതമെഴുത്തിലൂടെ നിർണയിക്കപ്പെട്ടു. വംശം (race), ലിംഗം (gender), ദേശം, വർഗ്ഗം (Class) ഇവയൊക്കെ വ്യക്തിയിലൂടെ നിർവചിക്കപ്പെട്ടു. നിലവിലെ ചരിത്രത്തിന് സമാന്തരമായി വ്യക്തിചരിത്രങ്ങളും കുടുംബചരിത്രങ്ങളും പ്രാദേശികചരിത്രങ്ങളും നിർമ്മിക്കപ്പെട്ടു.

വലുതിന് എതിരെ ചെറുതുകളുടെ ഒരു ബദൽ രൂപപ്പെട്ടു. നവചരിത്രവാദത്തിന്റെ പുതിയ അന്തരീക്ഷത്തിൽ ഇത് ശക്തമായി. ബൃഹത് സാമൂഹികമാറ്റങ്ങളുടെ അന്തരീക്ഷത്തിൽ എഴുതപ്പെട്ട ചരിത്രത്തിനുബദലായി പ്രാദേശിക കുടുംബചരിത്രങ്ങളും വ്യക്തി ചരിത്രങ്ങളും കരുതപ്പെട്ടു.

ബൃഹദാഖ്യാനങ്ങളെ അപ്രസക്തമാക്കി, ഹ്രസ്വാഖ്യാനങ്ങൾ മുന്നോട്ടുവെച്ച ഉത്തരാധുനികതയുടെ രാഷ്ട്രീയം തന്നെയാണ് ജീവിതമെഴുത്തിൽ പ്രതിഫലിച്ചത്. ആഗോളവൽക്കരണത്തിനു സമാന്തരമായി, ബദൽ എന്ന് തോന്നിക്കത്തക്കവണ്ണം പ്രാദേശികവൽക്കരണം (localisation) മുന്നോട്ടു വയ്ക്കുന്നതിന് കൃത്യമായ രാഷ്ട്രീയകാരണങ്ങളുണ്ട്. അത് സാർവദേശീയ മുതലാളിത്തത്തിന്റെ അജണ്ടയായിരുന്നു. മുതലാളിത്തത്തിന് ആത്യന്തിക ഭീഷണിയായ വർഗ്ഗസമരത്തെ അപ്രസക്തമാക്കുക എന്ന ദൗത്യം ഇതിനുണ്ട്. ഫൂക്കോ മുന്നോട്ടുവച്ച സൂക്ഷ്മരാഷ്ട്രീയം വർഗ്ഗരാഷ്ട്രീയത്തെ അപ്രസക്തമാക്കാനുള്ള ഉപകരണമായിരുന്നു എന്ന് ഐജാസ് അഹമ്മദ് നിരീക്ഷിക്കുന്നുണ്ട്. വർഗ്ഗം എന്ന ബൃഹദാഖ്യാനത്തെ ശിഥിലീകരിച്ച് സ്വത്വം, ലിംഗം, വംശം മുതലായ ഹ്രസ്വാഖ്യാനങ്ങൾ ആക്കിമാറ്റുന്നതിൽ ഒരു പരിധി വരെ സൂക്ഷ്മ രാഷ്ട്രീയവാദം വിജയിച്ചു. പ്രത്യേക രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ഒരു സാംസ്കാരിക ഹെജിമണിയുടെ കൊടുങ്കാറ്റ് അഴിച്ചുവിടുകയായിരുന്നു ഉത്തരാധുനികത. കമ്പോള മുതലാളിത്തത്തിന്റെ സാംസ്കാരികയുക്തിയാണ് ഉത്തരാധുനികത എന്ന് ഫ്രെഡറിക് ജെയിംസൺ നിരീക്ഷിക്കുന്നത് അതുകൊണ്ടാണ്. അങ്ങനെ മുതലാളിത്തത്തിനു ഭീഷണിയായ വലിയ സമരങ്ങളെ ഇല്ലാതാക്കാനും രോമസ്പർശിയായ കൊച്ചുകൊച്ചു സമരങ്ങൾ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ നടന്നു. ഈ പ്രക്രിയയ്ക്കുള്ള സാംസ്കാരിക ഇന്ധനമായി ദളിതിസം, ഫെമിനിസം, പരിസ്ഥിതിവാദം മുതലായവ മാറി. ഇവയ്ക്ക് അനുബന്ധമായോ അനുപൂരകമായോ കടന്നുവന്ന ഒന്നാണ് ജീവിതമെഴുത്ത്. തീവ്രരാഷ്ട്രീയത്തിന്റെ മുഖംമൂടിയണിഞ്ഞ് എത്തിയ ഇതിന്റെ ഉള്ളിൽ എപ്പോഴും ഉണ്ടായിരുന്നത് ശുദ്ധ അരാഷ്ട്രീയവാദം തന്നെയായിരുന്നു. ഈ അരാഷ്ട്രീയതയുടെ പ്രയോഗവൽക്കരണമായി മലയാളത്തിലെ പ്രഖ്യാതമായ പല ജീവിതമെഴുത്തുകളും മാറി. സ്ത്രീലൈംഗികത, പരിസ്ഥിതി, പ്രാന്തവത്കരണം, വംശീയത തുടങ്ങിയമേഖല കളിലായി ഇത് വ്യാപിച്ചുകിടക്കുന്നു.

ആഗോളവൽക്കരണകാലത്തെ സ്ത്രീപ്രശ്നങ്ങളെ മറച്ചുകൊണ്ട് സ്ത്രീലൈംഗിക തയുടെ പ്രശ്നങ്ങൾ ഉയർന്നുവന്നു. 'ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ', നളിനി ജമീലയുടെ അനുഭവങ്ങൾ മറ്റൊരാൾ രേഖപ്പെടുത്തുന്ന പുസ്തകമാണ്. വേശ്യാവൃത്തി എന്ന ഗതികേടിനെ ലൈംഗികത്തൊഴിൽ എന്ന പ്രയോഗംകൊണ്ട് ഇതിൽ അട്ടിമറിക്കുന്നു. ഒരു തൊഴിലാളിയെ ഭരണകൂടഭീകരത മോശമായി കൈകാര്യം ചെയ്യുന്ന ചിത്രം വരച്ച്, വേശ്യാവൃത്തിയെ വെള്ളപൂശിയെടുക്കുകയാണ് ഇവിടെ ചെയ്യുന്നത്. ശരീരവില്പന മികച്ച തൊഴിലാണെന്നും അതിന് ചെറുപ്പത്തിലേ പരിശീലനം നേടാവുന്നതാണ് എന്നും മറ്റുമുള്ള വർത്തമാനം പറയാനുള്ള ധൈര്യം അങ്ങനെ ലഭിക്കുന്നു. തൊട്ടിലിൽ കമിഴ്ന്നു കിടന്നു കളിക്കുന്ന കുട്ടി ഭാവിയിലെ മദനലീലകൾക്കുള്ള പരിശീലനം നേടുകയാണോ

എന്നു ചിന്തിച്ച ഒരു മണിപ്രവാള മനസ്സ് ഇവിടെ സ്പന്ദിക്കുന്നുണ്ട്. വൈശിക തന്ത്രത്തിന്റെയും ചന്ദ്രോത്സവത്തിന്റെയും അംബോപദേശത്തിന്റെയും പുത്തൻ ആഖ്യാനം ചമയ്ക്കാൻ വെമ്പുന്ന ആ മനസ്സ്, ശരീരവില്പനയുടെ കാലഘട്ടത്തിലെ ജീവിതത്തിന്റെ നോവും കയ്പും അറിഞ്ഞ നളിനി ജമീലയുടേതല്ല എന്ന് വ്യക്തം. 'എനിക്ക് 51 വയസ്സുണ്ട് ഞാൻ ഒരുലൈംഗികതൊഴിലാളിയായി തുടരാൻ ആഗ്രഹിക്കുന്നു.' എന്നുപറഞ്ഞാണ് ഈ ആത്മകഥ തുടങ്ങുന്നത്. അതും അവരുടെ ആഗ്രഹമല്ല. അത് കേട്ടെഴുതുന്നവരുടെയും പുസ്തകം ചൂടപ്പം പോലെ വിറ്റഴിയണം എന്നു ചിന്തിക്കുന്ന പ്രസാധകരുടെയും ആഗ്രഹ മാണ്. വളർന്നു വരുന്ന ടൂറിസം വ്യവസായത്തിന് അനുഗുണമായ രീതിയിൽ കേരളത്തെ മാറ്റിയെടുക്കുക എന്ന ദൗത്യവും ഇത് നിർവഹിക്കുന്നുണ്ട്. സ്ത്രീപുരുഷലൈംഗികതയ്ക്ക് ബദലായി സ്വവർഗലൈംഗികതയെ ഉയർത്തിക്കൊണ്ടു വരുന്ന, ജെറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യും ഈ ഗണത്തിൽ പെടും. സ്വവർഗ്ഗലൈംഗികത പാപമാണോ എന്നതല്ല ഇവിടത്തെ ചിന്താവിഷയം. അത് ഒരു സവിശേഷമായ ശാരീരിക/ മാനസിക അവസ്ഥയാണെന്നും അതിന് സാമൂഹികജീവിതത്തിൽ അർഹിക്കുന്ന പരിഗണന ലഭിക്കണമെന്നും ആ സമൂഹം നേരിടുന്ന ശാരീരികവും മാനസികവും സാമൂഹികവും ആയ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യപ്പെടേണ്ടതാണ് എന്നും ഉള്ള കാര്യത്തിൽ തർക്കമില്ല. മറിച്ച് അതൊരു ആദർശമാക്കി മാറ്റാനുള്ള തീവ്രപരിശ്രമം നടക്കുന്നുണ്ട് എന്നതാണ് പ്രശ്നം. അതിന്റെ ദുരന്തം ബഷീർ 'ശബ്ദങ്ങ'ളിലൂടെ വർഷങ്ങൾക്കു മുൻപേ നമുക്ക് കാണിച്ചു തന്നിട്ടുള്ളതുമാണ്.

ചുവപ്പിൽ നിന്ന് പച്ചയിലേക്കുള്ള പ്രയാണത്തെ അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കല്ലേൻ പൊക്കുടന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' പുറത്തു വരുന്നത്. കമ്മ്യൂണിസ്റ്റ്പാർട്ടിപ്രവർത്തകനായിരുന്ന പൊക്കുടൻ പരിസ്ഥിതിസ്നേഹി ആകുന്നത്, യഥാർത്ഥത്തിൽ സാമൂഹികപ്രശ്നങ്ങളിൽ നിന്ന് ആത്മീയതയിലേക്ക് മടങ്ങിപ്പോകുന്ന പ്രക്രിയയ്ക്ക് തുല്യമാണ്. പക്ഷേ അതിനെ മഹത്വവൽക്കരിച്ച് പുതിയൊരു സാമൂഹികപ്രശ്നത്തിന്റെ മുഖംമൂടിയിട്ടാണ് ആ പുസ്തകം പുറത്തിറങ്ങു ന്നത്. പരിസ്ഥിതിയുടെ അംശമായ മനുഷ്യനെ അതിൽ നിന്ന് മാറ്റിനിർത്തി 'അസ്പൃശ്യ മായ പരിസ്ഥിതി' എന്ന ഗഹന പരിസ്ഥിതിവാദത്തിന്റെ നിലപാടുകൾ ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി ഈ പുസ്തകം മാറുന്നുണ്ട്. വന്യമായ പ്രകൃതിയെ പരിസ്ഥിതി യാക്കി മാറ്റുന്നത് മനുഷ്യന്റെ ഇച്ഛാശക്തിയാണ്. നെൽച്ചെടി പ്രകൃതിയുടേതാണെങ്കിലും വയൽ മനുഷ്യനിർമ്മിതിയാണ്. ഇത്തരത്തിൽ പ്രകൃതിയോട് സർഗ്ഗാത്മകമായി ഇടപെട്ട് മനുഷ്യൻ നിർമ്മിച്ചെടുത്തതാണ് ഇന്നു കാണുന്ന പരിസ്ഥിതി. വൻകിടക്കാരുടെ അത്യാർത്തി പരിസ്ഥിതിസന്തുലനത്തെ തകിടം മറിക്കുന്നുണ്ട് എന്ന വസ്തുത അംഗീകരി ക്കുമ്പോൾ തന്നെ മനുഷ്യവർഗ്ഗം പരിസ്ഥിതിയുടെ ശത്രുവാണ് എന്ന നിലപാടിനെ പ്രതിരോധിക്കേണ്ടിയുംവരും.

പുലയന് ആത്മകഥയുണ്ടോ എന്ന് പൊക്കുടൻ ചോദിക്കുന്നതിന് മറ്റൊരു തലമുണ്ട്. അത് വംശീയ സ്വത്വത്തിന്റെ ഉയർത്തെഴുന്നേൽക്കലാണ്. കൃത്യമായ രാഷ്ട്രീയനിലപാടു കളുള്ള മാമുക്കോയയെ അവതരിപ്പിക്കുമ്പോൾ അദ്ദേഹത്തിലെ നടനെയോ സാമൂഹിക

ബോധമുള്ള മനുഷ്യനെയോ അല്ല മുസ്ലീം സ്വത്വത്തെയാണ് കേട്ടെഴുത്തുകാരൻ മുന്നിൽ നിർത്തുന്നത് (മാമുക്കോയ താഹമാടായി). പുലയനെയും നമ്പൂതിരിയെയും മനുഷ്യനാക്കുക എന്നമുദ്രാവാക്യമാണ് നവോത്ഥാന കാലഘട്ടത്തിൽ അലയടിച്ചതെങ്കിൽ പരിഷ്കൃതസമൂഹം ഉപേക്ഷിച്ച വംശീയ/ജാതി സ്വത്വത്തെ മടക്കിക്കൊണ്ടുവരുന്നതിനുള്ള യത്നം ഉത്തരാധുനികകാലത്ത് നടക്കുന്നു. അതോടൊപ്പം പാർശ്വവൽകൃതർ എന്ന പുതിയ ഒരു വിഭാഗവും ഉയർന്നുവന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തപ്പെട്ടവർ അതിനോടൊപ്പം എത്തണം എന്ന നവോത്ഥാനകാല നിലപാടിൽ നിന്ന്, മാറ്റിനിർത്തപ്പെട്ടവൻ/മാറ്റിനിർത്തപ്പെട്ടവൾ അവന്റെ/അവളുടെ അരികുജീവിത/ലിംഗ/വംശീയസ്വത്വം നിലനിർത്തി, അത് മഹത്വവൽക്കരിക്കണം എന്ന നിലപാട് ഉത്തരാധുനിക കാലത്ത് ഉയർന്നുവന്നു. ഈ സ്വത്വവാദം സമൂഹത്തെ ജാതി/മതസ്വത്വങ്ങളാക്കി വിഘടിപ്പിച്ചു. കാഞ്ച ഐലയ്യയുടെ 'ഞാൻ എന്തുകൊണ്ട് ഹിന്ദുവല്ല', 'എരുമദേശീയത' എന്നീ പുസ്തകങ്ങൾ പരിശോധിച്ചാൽ കൂടുതൽ വ്യക്തത ലഭിക്കും. ബ്രാഹ്മണസ്വത്വമാണ് ഇതുവരെ ഇന്ത്യൻ ദേശീയതയുടെ മുഖമുദ്രയായിരുന്നത് എന്നും ഇനി വേണ്ടത് ദളിത് സ്വത്വത്തിന്റെ ദേശീയവൽക്കരണമാണ് എന്നും അദ്ദേഹം വാദിക്കുന്നു. വരേണ്യതയുടെ പ്രതീകമായ പശുവല്ല ഇന്ത്യൻ ദേശീയതയുടെ മുഖമെന്നും കറുപ്പു നിറമുള്ള, ഇന്ത്യയുടെ പാൽ ഉല്പാദനത്തിന്റെ സിംഹഭാഗം സംഭാവനചെയ്യുന്ന എരുമയാണ് എന്നും അദ്ദേഹം പറയുന്നു. കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ സാമ്പത്തികശക്തി ലോകം ഭരിക്കുന്ന കാലത്ത് മുനയൊടിഞ്ഞ ബ്രാഹ്മണ്യത്തോടുള്ള ഈ യുദ്ധം ഡോൺക്വിക്സോട്ടിന്റെ, കാറ്റാടി യന്ത്രങ്ങളോടുള്ള യുദ്ധംപോലെ പരിഹാസ്യമായി മാറുന്നു. ഇതിന്റെ പിൻകാഴ്ചയാകട്ടെ, ബ്രാഹ്മണരും ദളിതരും വോട്ടുബാങ്കുകളായി മാറുകയും രണ്ടു കക്ഷികളും ഒരുമിച്ചു ചേർന്ന് വരേണ്യവർഗ്ഗ പ്രത്യയശാസ്ത്രം പുലർത്തുന്ന രാഷ്ട്രീയസംഘടനയെ പിന്തുണക്കുകയും ചെയ്യുന്നതാണ്.

'തസ്കരൻ മണിയൻപിള്ളയുടെ ആത്മകഥ' (ജി.ആർ.ഇന്ദുഗോപൻ), 'ഒരു ഡ്യൂപ്പിന്റെ ആത്മകഥ'(സുരയ്യാബാനു), 'കടൽമുത്ത് ഒരുമത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ' (എ.ആൻഡ്രൂസ്/വി.ആർ.ജ്യോതിഷ്) തുടങ്ങി അനേകമനേകം ജീവിതമെഴുത്തുകൾ പാർശ്വവൽകൃത ജീവിതങ്ങളെ അതിന്റെ സ്വത്വത്തിൽ നിർത്തി അവതരിപ്പിക്കുന്നുണ്ട്. അതതു സന്ദർഭങ്ങളിലെ പ്രശ്നമേഖലകളും അറിവുകളും ഇത്തരം ജീവിതമെഴുത്തുകൾ പങ്കുവയ്ക്കുന്നുണ്ട്. അതേസമയം വ്യക്ത്യനുഭവങ്ങളിലേയ്ക്ക് അവ ചുരുങ്ങുകയും ചെയ്യുന്നു.

ആത്മകഥയ്ക്ക് പുതിയ അർത്ഥങ്ങളും പുതുരീതികളും എന്ന മുഖവാക്യത്തോടെ ഇറങ്ങിയ 'ആത്മകഥ ജീവിതം, സമൂഹം, നിരൂപണം' എന്ന പുസ്തകത്തിൽ ഡോ.വി.സി. ഹാരിസ് പറയുന്നതു നോക്കുക, 'എന്തുചെയ്യണം ഏതൊക്കെ രീതിയിൽ പ്രവർത്തിക്കണം എന്ന് നിർദ്ദേശിക്കുന്ന ഒരു തത്വസംഹിതയായി അല്ലാതെ പ്രവർത്തിക്കുമ്പോൾ ഓരോ വ്യക്തിയും അവളവളുമായി സ്ഥാപിക്കുന്ന ബന്ധമായി നൈതികതയെ കാണാമെങ്കിൽ (ഫ്യൂക്കോ ഇങ്ങനെ പറയുന്നുണ്ട്) ആത്മകഥ നൈതികതയുടെ ആവിഷ്കരണമാണ്; ആവിഷ്കരണത്തിന്റെ ഇടമാണ്. 'ഇവിടെ ആത്മകഥ അതിന്റെ സാമൂഹികത ഊരിയെറിഞ്ഞ് വൈയക്തികതയിലേയ്ക്ക് ചുരുങ്ങുന്നു.

മുണ്ടശ്ശേരിയും വി.ടി.യും ലളിതാംബികഅന്തർജ്ജനവും ഇ.എം.എസും ആത്മകഥ എഴുതിയ ഒരു സ്ഥലത്ത് നിന്നുകൊണ്ട് ഇങ്ങനെ പറയുമ്പോൾ അത് ആത്മകഥയുടെ ചരിത്രത്തെത്തന്നെ നിഷേധിക്കലാകുന്നു; അതോടൊപ്പം മനുഷ്യന്റെ രാഷ്ട്രീയ ചരിത്രത്തെയും. ഉത്തരാധുനികകാലത്തെ ജീവിതമെഴുത്തിന്റെ അന്തസത്ത ഈ അരാഷ്ട്രീയതയാണ്. എങ്കിലും ചില വെളിച്ചങ്ങൾ ജീവിതമെഴുത്തിന്റെ മേഖലയിൽ ഉണ്ട്. എം.എൻ.വിജയന്റെ അനുഭവങ്ങൾ രേഖപ്പെടുത്തുന്ന 'കാലിഡോസ്കോപ്പ്', യിരമ്യാവ് എന്ന വ്യക്തിയുടെ ജീവിതത്തിലൂടെ കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ അടയാളപ്പെടുത്താൻ ശ്രമിക്കുന്ന 'യിരമ്യാവ് അടിമയുടെ ജീവിതം' (എ.വി.അനിൽകുമാർ), പച്ചവിരൽ (ദയാബായി) എന്നിവ ജീവിതമെഴുത്തിന്റെ അരാഷ്ട്രീയവഴിയിൽ നിന്ന് വേറിട്ടു സഞ്ചരിക്കുന്ന കൃതികളാണ്.

അതേസമയം ജീവിതമെഴുത്ത് ഇന്ന് പുതിയ മേഖലകൾ തേടുന്നുണ്ട്. ബെന്യാമിന്റെ 'ആടുജീവിതം' ഒരു ജീവിതാനുഭവത്തിന്റെ നോവൽ ആവിഷ്കാരമാണ്. സുഭാഷ്ചന്ദ്രന്റെ 'ദാസ്ക്യാപിറ്റൽ' ജീവചരിത്രത്തിന്റെയും ആത്മകഥയുടെയും ഇടയിൽ നിന്ന് യേശുദാസിന്റെ ഗാനജീവിതത്തെ നോക്കിക്കാണുന്ന രചനയാണ്. ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ഒക്കെ ജീവിതമെഴുത്തിന്റെ വൈചിത്ര്യവും വൈവിധ്യവും കാണാം. ഉത്തരാധുനികതയുടെ കെട്ടുകളഴിഞ്ഞ് സത്യാനന്തരകാലം പത്തിവിടർത്തിയാടുന്ന ഇക്കാലത്ത് ജീവിതമെഴുത്തും പുതിയ വഴികൾ തേടിയേക്കാം.

## സഹായകഗ്രന്ഥങ്ങൾ

1. *അനിൽകുമാർ എ.വി., ശരീരം,വിപണി,ദൈവം, അടയാളം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2007.*
2. *ഐജാസ്അഹമ്മദ്, ഉത്തരാധുനികത, ചിന്ത പബ്ലിഷേഴ്സ്, 2014.*
3. *ഗോപാലകൃഷ്ണൻ, നടുവട്ടം, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.*
4. *ജമീല, നളിനി, ഒരുലൈംഗികത്തൊഴിലാളിയുടെ ആത്മകഥ, ഡി.സി. ബുക്സ്, കോട്ടയം, 2007.*
5. *ജോർജ്,കെ. എം. ഡോ.,(ജന.എഡി.), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം, 2019.*
6. *പൊക്കുടൻ, കല്ലേൻ, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, ഡി.സി.ബുക്സ്, 2015.*
7. *പോക്കർ പി. കെ., ആധുനികോത്തരതയുടെ കേരളീയപരിസരം, എൻ. ബി. എസ്., കോട്ടയം, 2000.*
8. *ഭട്ടതിരിപ്പാട്,വി.ടി., വി.ടി.യുടെ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, 2000.*
9. *മിനി, എസ്. ഡോ., ഭക്ഷണം, വസ്ത്രം, ആചാരം നവോത്ഥാന ആത്മകഥകളിലെ കേരളചരിത്രം, പാഠംബുക്സ്, 2019.*
10. *വേണുഗോപാലൻ, കെ. എം.(എഡി.), ലൈംഗികതയുംസ്വത്വരാഷ്ട്രീയവും, സൈൻ ബുക്സ്, തിരുവനന്തപുരം, 2006.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*11. വേണുഗോപാലൻ, കെ. എം.,കേരളം, ലൈംഗികത, ലിംഗനീതി, സൈൻ ബുക്സ്, തിരുവനന്തപുരം, 2002.*
*12. ഷൂബ കെ. എസ്., മിത്തുകളുടെനിർമ്മിതിയുംഉത്തരാധുനികതയും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017.*
*13. സുധീഷ്,എസ്., പിക്കാസോഎന്തുകൊണ്ട്കമ്മ്യൂണിസ്റ്റായി, മെലിൻഡബുക്സ് തിരുവനന്തപുരം 2005.*
*14. ഹാരിസ്, വി. സി., ആത്മകഥ ജീവിതം, സമൂഹം, നിരൂപണം, റെയിൻബോബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ 2007.*

# ആധുനിക തൊഴിലാളിയുടെ നഗരമാതൃകകൾ: ഓടയിൽനിന്നിന്റെ ആധുനികതാസന്ദർഭം

**യാക്കോബ് തോമസ്**
അസി. പ്രൊഫസർ, കെ.കെ,ടി.എം. ഗവ.കോളെജ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

**പ്രബന്ധസംഗ്രഹം**

കേരളീയ ആധുനികതയിൽ നഗരങ്ങളും ഫാക്ടറികളും മറ്റും വന്നപ്പോൾ അവിടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വ്യവഹരിക്കപ്പെട്ടു. മലയാളനോവലിൽ ആധുനിക പുരുഷതൊഴിലാളി സങ്കല്പം ശക്തമായി ഉന്നയിച്ച നോവലാണ് കേശവദേവിന്റെ ഓടയിൽനിന്ന്. ആധുനികസമൂഹത്തിനു ചേർന്ന ശരിയായ ആൺതൊഴിലാളിയെന്ന ആദർശാത്മകതയുടെ നിർമ്മിതിയാണ് ഓടയിൽനിന്നിലൂടെ നടക്കുന്നത്. ആധുനികതൊഴിലാളിയുടെ, തന്റെ തൊഴിലിൽ അന്ധമായി വിശ്വസിക്കുകയും അതിലൂടെ അധീശപരമായ ആണത്തസങ്കല്പങ്ങൾ കെട്ടിവയ്ക്കുകയും ചെയ്യുന്ന തൊഴിലാളിയുടെ മൂശയാണ് പപ്പു. സ്ത്രീകളെ മാറ്റിനിർത്തുന്ന ആണത്തത്തിന്റെ രൂപമായി നഗരതൊഴിലാളിത്തം എങ്ങനെ രൂപംകൊണ്ടു വെന്ന് ഈ പഠനം വ്യക്തമാക്കുന്നു.

***താക്കോൽവാക്കുകൾ:*** ആധുനികത, നഗരം, ആണത്തം, തൊഴിലാളി

ആധുനികതയെന്ന കൊളോണിയൽ പ്രക്രിയ കേരളീയ ഫ്യൂഡൽഗ്രാമീണതയെയും അതിന്റെ കുലത്തൊഴിൽ വ്യവസ്ഥയെയും തകർത്തുകൊണ്ട് നഗരകേന്ദ്രീകൃതവും യന്ത്ര ഫാക്ടറി സംസ്കാരപ്രധാനവുമായ സാമൂഹികതയെ നിർമ്മിച്ചു. ഈ പുതിയ തൊഴിൽ സംസ്കാരം ശമ്പളക്കാരനെയും തൊഴിലാളിയെയും സൃഷ്ടിച്ചു. സമൂഹത്തിന്റെ സാമ്പത്തികഘടനയെ മാറ്റിത്തീർത്തു. അങ്ങനെ ഗ്രാമത്തിലെ ബാർട്ടർ വ്യവസ്ഥ തകരുകയും പണം പ്രധാനമാകുന്ന നാണയസമ്പദ്വ്യവസ്ഥ രൂപംകൊള്ളുകയും ചെയ്തു. ആധുനികത തീവ്രമായതോടെ അടിമത്തതറവാട് വ്യവസ്ഥ തകരുകയും അധ്വാനിക്കുന്ന തൊഴിലാളിയും ഉദ്യോഗസ്ഥനും സമൂഹത്തിലെ വ്യക്തികളായി നിർവചിക്കപ്പെടുകയും

ചെയ്യുന്നു. നഗരങ്ങളും പട്ടണങ്ങളും ജീവിതത്തിന്റെ ആവാസവ്യവസ്ഥയാകുകയും വാഹനങ്ങളും യന്ത്രങ്ങളും സമൂഹ്യജീവിതത്തിൽ കാര്യമായ പങ്കുവഹിക്കുകയും ചെയ്യുന്നു. ഈ ആധുനികതയുടെ പ്രകാശനമാണ് 1920-കൾ മുതലുള്ള സാഹിത്യകൃതികൾ, വിശേഷിച്ച് നോവലുകൾ.

## മുതലാളിയുടെയും ഉദ്യോഗസ്ഥന്റെയും ഉദയം കേരളത്തിൽ

കൊളോണിയലിസത്തിനു മുമ്പ് കോഴിക്കോടുപോലുള്ള പ്രശസ്ത നഗരങ്ങളുണ്ടായിരുന്നു. എന്നാൽ അവ ജാതിവ്യവസ്ഥയുടെയും മധ്യകാലസാമൂഹികതയുടെയും ചിട്ടകൾക്കുള്ളിലാണ് പുലർന്നത്. ആധുനികനഗരങ്ങൾ അവയെ അട്ടിമറിച്ചു. ബ്രിട്ടീഷുകാരുടെ അധിനിവേശത്തോടെ തിരുവിതാംകൂറിൽ വ്യവസായസംസ്കാരം വളരുകയും അതിനനുസരിച്ചുള്ള സാമൂഹികമാറ്റങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. സർ സി.പി.യുടെ കാലത്ത് വലിയതോതിലുള്ള വ്യവസായവല്കരണം നടന്നതായി വിലയിരുത്തപ്പെടുന്നു. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചും നൂതനമായ കെമിക്കൽ ഫാക്ടറികളാരംഭിച്ചും സ്റ്റേറ്റ് ട്രാൻസ്പോർട്ട് പോലുള്ള മേഖലകളിൽ പുതിയ സാധ്യതകൾ തുറന്നും അദ്ദേഹം തിരുവിതാംകൂറിനെ മുന്നോട്ടു നയിച്ചു. ഏലൂരിലെ രാസവള നിർമ്മാണഫാക്ടറി പോലുള്ള നിരവധി സ്ഥാപനങ്ങൾ സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആരംഭിച്ചത് തൊഴിൽരംഗത്തും വിദ്യാഭ്യാസരംഗത്തും ആധുനികീകരണം കൊണ്ടുവന്നു. സാമ്പത്തികരംഗത്തു നടന്ന ഇത്തരം പുരോഗതികളും സാമൂഹിക രംഗത്തു രൂപം കൊണ്ട നവോത്ഥാനപരമായമാറ്റങ്ങളുമാണ്കേരളത്തിന്റെആധുനികീകരണം സാധ്യമാക്കിയത്, പുതിയ തൊഴിൽശമ്പളസംസ്കാരം സൃഷ്ടിച്ചത്. അങ്ങനെ വ്യവസായസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും മറ്റും നഗരങ്ങൾ കേരളത്തിൽ വ്യാപകമാകുന്നു. പരമ്പരാഗതമായി അറിയപ്പെട്ട സ്ഥലങ്ങളെ അപ്രസക്തമാക്കി പുതിയ നഗരങ്ങൾ വളരുന്നു. അതിലൂടെ തൊഴിലും ശമ്പളവും ലഭിക്കുന്ന വ്യവസ്ഥ രൂപംകൊള്ളുന്നു. പരമ്പരാഗതമായ കൃഷിപോലുള്ള മേഖലകൾ പ്രസക്തമല്ലാതാകുന്നു.

നാണയസമ്പദ്‌വ്യവസ്ഥയിൽനിന്ന് മുതലാളിത്തത്തിലേക്ക് കാർഷികവൃത്തിയിൽ നിന്നു വ്യവസായിക സംസ്കാരത്തിലേക്കുള്ള മാറ്റത്തെ ഇ.എം.എസ് വിശകലനം ചെയ്യുന്നുണ്ട്: 'ഇറക്കുമതിയിലും കയറ്റുമതിയിലും ഉണ്ടായ അഭിവൃദ്ധിയുടെ ഫലമായി മൊത്തക്കച്ചവടക്കാർ ചില്ലറക്കച്ചവടക്കാർ, തരകുകാരും ഏജന്റുമാരും അവരുടെ പീടികകളും ഗോഡൗണുകളും നാട്ടിലാകെ പടർന്നുപിടിച്ചു. ഇതിന്റെ ഭാഗമായി കച്ചവടം ചെയ്യുന്നതിന് ജോയിന്റ്സ്റ്റോക്ക് കമ്പനികൾ വളർന്നുവന്നു. കൃഷിക്കമ്പനികൾ, കച്ചവടക്കമ്പനികൾ, ബാങ്കുകൾ, ഫാക്ടറികൾ, വാഹനക്കമ്പനികൾ തുടങ്ങിയവ കേരളത്തിൽ വളർന്നു. 1888-ൽ ജോയിന്റ് സ്റ്റോക്ക് കമ്പനിനിയമം തിരുവിതാംകൂറിൽ വന്നു. അങ്ങനെ നൂറുകണക്കിന് പുതിയ കമ്പനികൾ വന്നുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി 1944-ൽ 403 കമ്പനികൾ തിരുവതാംകൂറിൽ ഉണ്ടായിരുന്നു. ഇവ നികുതിയിനത്തിൽ നല്കിയത് കോടിക്കണക്കിന് രൂപയാണുതാനും. ഇതിന്റെയൊക്കെ ഫലമായി സംഭവിച്ചത് ജന്മിയേക്കാൾ ശക്തനും പദവിയുള്ളവനുമായ മുതലാളി ജനിച്ചു എന്നതാണ്. ഒരു വില്ലേജിൽത്തന്നെ 1000-2000 പാട്ടം കിട്ടുന്ന ഒരു ചെറുജന്മിയേക്കാൾ പണവും

പദവിയും സ്വാധീനവുമുള്ളത് 1000–2000 മുതലിറക്കി കച്ചവടം നടത്തുകയോ അല്ലെങ്കിൽ പത്ത് പതിനഞ്ച് തറികളുള്ള കമ്പനി നടത്തുകയോ ചെയ്യുന്ന മുതലാളിക്കാണ്. ഇതാണ് ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ നമ്മുടെ നാട്ടിൽവന്ന വമ്പിച്ച സാമൂഹ്യവിപ്ലവം' (1997:130). കൊളോണിയലിസം ഫ്യൂഡലിസത്തെ റദ്ദാക്കി നഗരകേന്ദ്രീകൃതമായ ജീവിതത്തെ സാധ്യമാക്കിയെന്നു വ്യക്തം.

നഗരസ്വഭാവത്തിലേക്കും നാണയസമ്പദ്‌വ്യവസ്ഥയിലേയ്ക്കുമുള്ള മാറ്റത്തെയാണ് സൂക്ഷ്മമായി ഇന്ദുലേഖ പോലുള്ള നോവലുകൾ അടയാളപ്പെടുത്തുന്നതെന്ന് നോവൽസാഹിത്യം വ്യക്തമാക്കുന്നു. ഇനിയും ഫ്യൂഡൽരീതിയിൽ സാമ്പത്തികജീവിതം സാധ്യമാകില്ലെന്ന ചിന്ത ശക്തിപ്പെടുന്നു. ഈ മാറ്റത്തെ തിരിച്ചറിഞ്ഞ് ഉദ്യോഗസ്ഥ ജീവിതത്തെക്കാൾ ഉയർന്നതും സാധ്യതയുള്ളതുമാണ് വ്യവസായി എന്നനിലയിലുള്ള ജീവിതമെന്ന് വ്യവഹരിക്കുകയും ചെയ്യുന്ന നോവലാണ് ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും(2015:147). ഫ്യൂഡലിസത്തിന്റെ കാലം അവസാനിച്ചുവെന്നും വ്യവസായ വല്കരണവും വ്യവസായികളുമാണ് രാജ്യത്തെ നിയന്ത്രിക്കാനും ഭരിക്കാനും പോകുന്നതെന്നും നോവൽ ഭാവന ചെയ്യുന്നു. കേരളത്തിന്റെ ആധുനികീകരണത്തെ സവിശേഷമായി ഈ നോവൽ അനുധാവനം ചെയ്യുന്നുണ്ട്. ഫ്യൂഡലിസത്തിലെ കാരണവന്മാർക്കും കാര്യസ്ഥന്മാർക്കും ശേഷം പുതിയ സ്കൂളിലും കോളേജിലും പഠിച്ച കുട്ടികളാണ് വരുന്നത്. കാർത്തികേയനും രാധയും വിശ്വവുമൊക്കെ. അതിനൊപ്പം പാരമ്പര്യത്തെ മുറിച്ചുകടന്ന് കമ്പോളപ്പണിയും പിന്നീട് സ്വന്തമായ ബിസിനസും ചെയ്ത് ചെറുകിട വ്യവസായിയാകുന്ന സുലൈമാന്റെ കഥയും നഗരത്തിലെ ഫാക്ടറികളിലേക്കു തൊഴിലാളിയായിപ്പോകുന്നവരുടെ കഥകളും നിറഞ്ഞ ആഖ്യാനത്തിൽ വേറിട്ടുനിൽക്കുന്നതാണ് കൃഷ്ണൻ നമ്പിടിയുടെ മകൻ കാർത്തികേയന്റെ കഥ. എല്ലാവരും സ്കൂളിലും കോളേജിലും പഠിച്ച് ഏതെങ്കിലും ഉദ്യോഗം വാങ്ങിച്ചു വിവാഹവും ചെയ്തു കഴിയാൻ ശ്രമിച്ചപ്പോൾ അയാളുടെ ശ്രദ്ധ ഉദ്യോഗത്തിനപ്പുറം കടക്കാനായിരുന്നു.

രാജ്യം പോകുന്നത് വ്യവസായയുഗത്തിലൂടെയാണെന്നും ഭൂമിക്ക് പഴയതുപോലെ പ്രസക്തിയില്ലെന്നുംമൂലധനത്തിന്റെയും സമ്പത്തിന്റെയും വിപുലമായ നിക്ഷേപങ്ങളും പെരുക്കവുമാണ് ഈ യുഗത്തിന്റെയുക്തികളെന്നും കാർത്തികേയൻ മനസ്സിലാക്കുന്നു. അയാൾ വായിക്കുന്ന പുസ്തകങ്ങളേറെയും വ്യവസായങ്ങളെക്കുറിച്ചും ഫാക്ടറികളെ ക്കുറിച്ചും ഉള്ളതായിരുന്നു. അങ്ങനെ കാർത്തികേയൻ പുതിയകാലത്തിന്റെ വ്യവസായ സംസ്കാരത്തിലേക്കു പ്രവേശിക്കുകയും ഫാക്ടറി ഉടമയായിത്തീരുകയും ചെയ്യുന്നു. അങ്ങനെ ഫ്യൂഡലിസത്തിന്റെ ജാതിയും തറവാടും ഭൂമിബന്ധങ്ങളും മേൽച്ചാർത്തുകളും എന്നെന്നേക്കുമായി ഇല്ലാതാകുന്നു. മൂലധനവും ഓഹരികളും ലാഭവും തൊഴിലാളികളും കടന്നുവരുന്നു. മൂന്നു ദശകത്തോളമുള്ള മലബാറിന്റെ സാമൂഹികപരിവർത്തനങ്ങളെ ഉള്ളിലൊതുക്കുന്ന സുന്ദരികളും സുന്ദരന്മാരും നാണയ സമ്പദ്‌വ്യവസ്ഥയുടെ വിപുലീകരണത്തെയാണ് നോവലിന്റെ കലാത്മകതയുടെ അടിപ്പടവാക്കി മാറ്റുന്നത്. മലയാളിയുടെ ആധുനികതയുടെ ലോകബോധത്തിന് പുതിയൊരു സൗന്ദര്യാനുഭവം നല്കുകയാണിവിടെ.

മലയാളസാഹിത്യത്തിന്റെ ആധുനികതയെന്നത് നാണയ സമ്പദ്‌വ്യവസ്ഥയിലേയ്ക്കുള്ള കേരളത്തിന്റെ പരിണാമങ്ങളുടെ ആവിഷ്കാരമാണ് എന്ന് ഇതിലൂടെ വ്യക്തമാകുന്നു. 1930 നു ശേഷം പുറത്തുവന്ന നോവലുകൾ കൈകാര്യം ചെയ്യുന്നത് ആധുനിക നാണയസമ്പദ്‌വ്യവസ്ഥയിലേയ്ക്കും അതിന്റെ തൊഴിൽ സംസ്കാരത്തിലേയ്ക്കും മാറുന്ന കേരളത്തിലെ വ്യക്തികളും സമൂഹവും ഉൾപ്പെടുന്ന പലവിധത്തിലുള്ള സംഘർഷങ്ങളും അക്കാലത്തെ കാമനാവിനിമയങ്ങളുമാണ്. ആധുനികതയും പാരമ്പര്യവും തമ്മിലുള്ള സംഘർഷങ്ങളൊക്കെ ഇവിടെ ദൃശ്യമാകുന്നു. അതിന്റെ പ്രധാനപ്പെട്ട കണ്ണി നഗരവും തൊഴിലും ശമ്പളവുമാണെന്നും പറയാം. 1930 കൾ മുതലുള്ള നോവലുകളുടെ ഇതിവൃത്തം ഇത് വ്യക്തമാക്കുന്നുണ്ട്.

| നോവൽ/ എഴുത്തുകാരി/ൻ | വർഷം | പ്രതിപാദ്യം |
|---|---|---|
| നളിനി അഥവാ വിധിയുടെ ഗതി (ബി. ഭഗീരഥിയമ്മ) | 1932 | സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കുവാനാഗ്രഹിക്കുന്ന നളിനി എന്ന തകർന്ന തറവാട്ടിലെ യുവതിയുടെ പലായനങ്ങളുടെ കഥ. സിംഗപ്പൂരിലേക്കുള്ള കുടിയേറ്റത്തിന്റെയും പുതിയ തൊഴിൽ സംസ്കാരത്തിന്റെയും കഥ സ്ത്രീയുടെ കണ്ണിലൂടെ അവതരിപ്പിക്കപ്പെടുന്നു. നഗരം പ്രധാനമാകുന്നു. |
| അപ്ഫന്റെ മകൾ (ഭവത്രാതൻ നമ്പൂതിരിപ്പാട്) | 1932 | ഡോക്ടറാവാൻ മധുവിന്റെ ശ്രമം. നമ്പൂതിരി സമുദായത്തിൽ ആദ്യമായി ഒരാൾ ഉന്നത വിദ്യാഭ്യാസം നേടി ഡോക്ടറാവുന്ന കഥ. |
| ആനന്ദവല്ലി (ബി. ഭഗീരഥിയമ്മ) | 1936 | പുതിയ വിദ്യാഭ്യാസം നേടി ഒരു കമ്പനിയിൽ ടൈപ്പിസ്റ്റായി ജോലിനോക്കുന്ന ആനന്ദവല്ലിയുടെ കഥ. ജീവിതം മുന്നോട്ടു പോകവേ അപ്രതീക്ഷിത സംഭവങ്ങളിൽപ്പെട്ടു ദുരിതമാകുന്നുവെങ്കിലും ഒടുവിൽ ആഗ്രഹിച്ച ആളെ വിവാഹം ചെയ്ത് സ്വന്തമായി പ്രസ് നടത്തി ജീവിക്കുന്നു. |
| നാടൻപ്രേമം (എസ്.കെ. പൊറ്റക്കാട്) | 1941 | നഗരത്തിന്റെ സാമ്പത്തിക മൂലധനത്തിൽ സമ്പന്നനായി ജീവിക്കുന്ന നായകൻ ഗ്രാമത്തിലെ ഒരു യുവതിയെ പ്രേമിക്കുന്നു. നഗരത്തിന്റെ വളർച്ചയ്ക്കും തോട്ടം, ഫാക്ടറി സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിനുമിടയിൽ നാടൻപ്രേമം ദുരന്തമാകുന്നു. കേവലമായ ഗ്രാമനഗര സംഘർഷമല്ല മറിച്ച് നാണയസമ്പദ്ഘടനയുടെ വ്യാപനമാണ് നോവലിലെ വിഷയം. |

| | | |
|---|---|---|
| പ്രേമലേഖനം (ബഷീർ) | 1943 | തൊഴിലും പ്രണയവും. ആധുനിക ബാങ്ക് ജോലികൾ പോലെയുള്ളവ ഇവിടെ വരുന്നു. കേശവൻനായർ പുതിയ തൊഴിലുമായി ഉത്തരേന്ത്യൻ നഗരത്തിലേയ്ക്കു പോകുന്നു. സാറാമ്മയും തൊഴിലന്വേഷിക്കുന്നു. |
| പ്രേമഭാജനം (എസ്. സരസ്വതിയമ്മ) | 1944 | വൈദേശികജീവിതകാഴ്ചപ്പാടാണ് പുതിയ കാലത്തിനാവശ്യം എന്നു പറയുന്ന കൃതി. പുതിയ വ്യക്തികൾക്കു ജീവിതരീതി സ്ത്രീ, പുരുഷ വ്യക്തിത്വത്തെ മാനിക്കുന്ന പടിഞ്ഞാറൻ നഗരസംസ്കാരമാണ്. |
| ഓടയിൽനിന്ന് (കേശവദേവ്) | 1944 | നഗരത്തിലെ റിക്ഷാത്തൊഴിലാളിയായ പപ്പുവിന്റെ കഥ, എടുത്തു വളർത്തിയ മകളെ ബി.എ. കാരിയാക്കാൻ ശ്രമിക്കുന്ന കഥ. പപ്പുവിന്റെ ദുരന്തവും. |
| ബാല്യകാലസഖി (ബഷീർ) | 1944 | മജീദിന്റെ നഗരങ്ങളിലൂടെയുള്ള തൊഴിലന്വേഷണവും സാമ്പത്തിക പരാധീനതയും. സാമ്പത്തികമായി വളരാൻ കഴിയുന്നില്ലെങ്കിൽ തകർച്ചയുണ്ടാകുമെന്ന ആശയം. |
| തോട്ടിയുടെ മകൻ (തകഴി) | 1947 | നഗരസമൂഹം നികൃഷ്ടതൊഴിലുകളായി കരുതുന്ന തോട്ടിത്തൊഴിലാളികളുടെ ഒരു തലമുറ. പുതിയ സാമൂഹിക മാറ്റങ്ങളെ സവർണരിലൂടെ തിരിച്ചറിഞ്ഞ് അതിനൊപ്പം മാറാൻ ശ്രമിക്കുന്നു. |
| തോട്ടി (നാഗവള്ളി) | 1947 | തോട്ടിത്തൊഴിലാളികൾ തൊഴിലാളിവർഗമാകുന്ന കഥ |
| വിഷകന്യക (എസ്. കെ പൊറ്റക്കാട്ട്) | 1948 | സമ്പത്ത് തേടി മലബാറിലേക്കു കുടിയേറുന്ന തിരുവിതാംകൂറുകാരുടെ നിലനില്പിനായുള്ള പോരാട്ടങ്ങൾ. ഭൂമിയെ മാറ്റിത്തീർക്കുന്ന ആധുനികതയുടെ ഇടപെടൽ. |
| മൂടുപടം (എസ്. കെ. പൊറ്റക്കാട്ട്) | 1948 | ഫ്യൂഡൽജീവിതത്തിന്റെ തകർച്ചയിൽ ജീവിക്കാൻ തൊഴിലു തേടി ബോംബെ നഗരത്തിലേക്കു പോകുന്ന ചെറുപ്പക്കാരുടെ കഥ. നഗരത്തിന്റെ സമ്പത്ത് ചെറിയതോതിൽ ഗ്രാമജീവിതത്തിലെ ദാരിദ്ര്യത്തിന് ഉത്തരമാകുന്നു. |

| | | |
|---|---|---|
| രണ്ടിടങ്ങഴി (തകഴി) | 1949 | കർഷക തൊഴിലാളികളുടെ സമ്പത്ത്, തൊഴിൽ പ്രശ്നങ്ങളും അത് പരിഹരിക്കുന്നതിനായുള്ള സംഘടിത പാർട്ടി ശ്രമങ്ങളും. |
| ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് (ബഷീർ) | 1951 | പാരമ്പര്യത്തിൽ വിശ്വസിക്കുന്ന കുഞ്ഞുപാത്തുമ്മായുടെ ജീവിതത്തിൽ ആധുനികതയിൽ വിശ്വസിക്കുന്ന നിസാർ അഹമ്മദ് കടന്നുവരുന്നു. നിസാറിന്റെ പിതാവ് കോളെജ് പ്രൊഫസറാണ്. |
| മണ്ണിന്റെ മാറിൽ (ചെറുകാട്) | 1952 | കൊണ്ടേരന്റെ കർഷക തൊഴിലാളി എന്ന നിലയിലുള്ള ജീവിതം |
| ഉമ്മാച്ചു (ഉറൂബ്) | 1954 | ഉമ്മാച്ചു ബീരാൻ! മായൻ പ്രണയകഥ. ബീരാനെ കൊന്ന് മായൻ ഉമ്മാച്ചുവിനെ സ്വന്തമാക്കുന്നു. മായനെ അതിന് സഹായിക്കുന്നത് കുടിയേറ്റ തൊഴിൽ ജീവിതമാണ്. |
| പാടാത്തപൈങ്കിളി (മുട്ടത്തുവർക്കി) | 1955 | അധ്യാപകനായ ലൂക്കോസാറിന്റെ മകൾ ചിന്നമ്മ സമ്പന്നനായ, തോട്ടവും മറ്റും നടത്തുന്ന തങ്കച്ചനെ പ്രണയിക്കുന്നു. പ്രതിബന്ധങ്ങൾ തരണം ചെയ്ത് അവരുടെ വിവാഹം നടക്കുന്നു. |
| ചെമ്മീൻ (തകഴി) | 1956 | പണം സമ്പാദിച്ച് വള്ളവും വീടും വാങ്ങാനും അതിലൂടെ സുഖിക്കാനും ശ്രമിക്കുന്ന ചെമ്പൻകുഞ്ഞിന്റെ കഥ. പരമ്പരാഗത മൽസ്യത്തൊഴിലാളി സമൂഹത്തിലേക്ക് പണാധിഷ്ഠിത സാമ്പത്തിക ക്രമം വളരുന്ന കഥ. |
| സുന്ദരികളും സുന്ദരന്മാരും (ഉറൂബ്) | 1958 | മലബാറിന്റെ മൂന്നു ദശകത്തിന്റെ കഥ. ഫ്യൂഡലിസത്തിൽ നിന്ന് നാണയ സമ്പദ്വ്യവസ്ഥയിലേക്കും വ്യവസായത്തിലേക്കും വളരുന്ന, നാഗരീകരണത്തിന്റെ കഥ. കച്ചവടക്കാർ, വ്യവസായികൾ, തൊഴിലാളികൾ എന്നിവരുടെ വളർച്ചാപരിണാമം. |
| കള്ളിച്ചെല്ലമ്മ (ജി.വിവേകാനന്ദൻ) | 1956 | കള്ളിച്ചെല്ലമ്മയുടെ കഥയിലൂടെ അവരുടെ ദേശത്തിലെ ആധുനികതാപരമായ പരിണാമങ്ങളും പുതിയ തൊഴിൽ സംസ്കാരത്തിന്റെ വളർച്ചയും പ്രവാസത്തിലേക്ക് നാടുമാറുന്നതും. |

| | | |
|---|---|---|
| അന്വേഷിച്ചു കണ്ടെത്തിയില്ല (പാറപ്പുറത്ത്) | 1958 | നേഴ്സാകുന്നസൂസമ്മയുടെ കഥ. വീട്ടിലെ സാമ്പത്തിക പ്രശ്നത്തിന് അറുതി വരുത്തുന്ന തിനായി പട്ടാളനേഴ്സായി ചേരുന്ന അവൾ ധാരാളം പണം സമ്പാദിച്ച് പുതിയ ജീവിതം കെട്ടുപണിചെയ്യാൻ ശ്രമിച്ച കഥ. അവളുടെ തൊഴിലിനെ പുരുഷാധിപത്യസമൂഹം അംഗീക രിക്കുന്നില്ല. |
| നാലുകെട്ട് (എം.ടി) | 1958 | അപ്പുണ്ണി പഠിച്ച് തോട്ടത്തിൽ ജോലി നേടി തന്നെ പുറത്താക്കിയ തറവാടിനോട് പ്രതികാരം ചെയ്യുന്ന കഥ. |

## പപ്പുവെന്ന നഗരത്തൊഴിലാളി

ഫ്യൂഡൽസമൂഹം ആധുനികതയിലേയ്ക്കു പരിണമിക്കുന്ന, വർഗസമൂഹത്തിന്റെയും വർഗസമരങ്ങളുടെയും രൂപീകരണം നടക്കുന്ന സംഘർഷാത്മകമായ കാലത്താണ് കേശവദേവ് ഓടയിൽനിന്ന് എഴുതുന്നത്. ആധുനികത സൃഷ്ടിച്ച തൊഴിലുകളിൽ ഉദ്യോഗസ്ഥേതരമായ ജോലികൾ ചെയ്യുന്നവരുടെ ജീവിതം സാഹിത്യത്തിൽ അകറ്റി നിർത്തപ്പെട്ടിരിക്കുകയായിരുന്നു. ഇവിടെയാണ് കേശവദേവിന്റെ ഓടയിൽനിന്ന് എന്ന നോവൽ വഴിത്തിരിവ് സാധ്യമാക്കുന്നത്. ഉദ്യോഗസ്ഥർക്കു പകരം നഗരത്തിൽ ശാരീരിക മായി അധ്വാനിക്കുന്ന തൊഴിലാളി, പപ്പുവിലൂടെ കടന്നുവരുന്നു. അതിലൂടെ അതുവരെ മലയാളനോവലിൽ കാണാതിരുന്ന തൊഴിലെടുക്കുന്നവരുടെ ജീവിതങ്ങളും പ്രശ്നങ്ങളും സാമൂഹികതയും പ്രതിപാദിക്കപ്പെടുകയും ചെയ്യുന്നു. ആധുനികത കൊണ്ടുവന്ന വൈവിധ്യമാർന്ന നഗര തൊഴിലിടങ്ങൾ പലതരത്തിൽ വിശാലമാകുന്ന കേരളത്തെയാണ് അടയാളപ്പെടുത്തുന്നത്.

റിക്ഷാക്കാരനായ, തന്റെ അധ്വാനത്തെക്കുറിച്ച് അതിരുകവിഞ്ഞ വിശ്വാസമുള്ള പപ്പുവെന്ന തൊഴിലാളി താൻ എടുത്തു വളർത്തുന്ന ഒരു പെൺകുട്ടിയെ ബി.എ. കാരി യാക്കാൻ ശ്രമിക്കുന്നതാണ് ഓടയിൽനിന്നിലെ കഥ. ജന്മിത്വവും അതിന്റെ സാംസ്കാരികരൂപങ്ങളും നിലനിന്നകാലത്ത് ഒരു കൃഷിക്കാരന്റെ മകനായി ജനിക്കുന്ന പപ്പു കുട്ടിക്കാലം മുതലേ അനീതികളോട് അസഹിഷ്ണുവായിരുന്നു. സ്കൂളിൽ പഠിച്ചപ്പോൾ സ്കൂളിലെ ജാതിവിവേചനങ്ങളിൽ പ്രതിഷേധിച്ച് അവൻ പഠിത്തംതന്നെ നിർത്തുകയും നഗരത്തിലെത്തി പലതരം പണികൾപഠിച്ച് തൊഴിലാളിയാവുകയും ചെയ്തു. ഒടുവിലയാൾ റിക്ഷാക്കാരനാവുന്നു. തന്റെ റിക്ഷ മുട്ടി ഓടയിൽവീണ ലക്ഷ്മിയെന്ന കുട്ടിയോടു സഹതാപം തോന്നി പപ്പു അവളുടെ വീട്ടിലെത്തി വിധവയായ കല്യാണിയോടൊപ്പം ജീവിക്കുന്നു. ലക്ഷ്മിയെ സ്കൂളിൽ വിടുകയും അവളെ ബി. എ. കാരിയാക്കുകയും വേണം എന്നു നിശ്ചയിക്കുന്നു. അതോടെ ജീവിതച്ചെലവുകൾ വർദ്ധിക്കുന്ന പപ്പു കഠിനമായി അധ്വാനിക്കുകയും ഒടുവിൽ ക്ഷയരോഗബാധിതനാ വുകയും ചെയ്യുന്നു. ലക്ഷ്മി അവിടുത്തെ പ്രമാണിയായ ഗോപിയുമായി പ്രണയത്തിലാ

വുന്നു. അവരുടെ വിവാഹം നടക്കുന്നു. വിവാഹദിവസം രോഗിയായ പപ്പു എങ്ങോട്ടെന്നില്ലാതെ പോകുന്നിടത്ത് നോവൽ അവസാനിക്കുന്നു. പപ്പു എന്ന കരുത്തനായ തൊഴിലാളിയുടെ ജീവിതത്തിന്റെ അനുക്രമമായിട്ടുള്ള വളർച്ചയെന്ന നിലയിലാണ് നോവൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്, കഠിനമായി അധ്വാനിക്കുന്ന ഒരു പുരുഷതൊഴിലാളിയുടെ വളർച്ചയെന്ന നിലയിൽ.

## നഗരവും പുരുഷനും

ഗ്രാമത്തിൽ നിന്ന് നിഷ്കാസിതനാക്കപ്പെട്ട് പപ്പു ചെന്നുപെടുന്നത് ചെറുനഗരത്തിലാണ്. ഫ്യൂഡലിസത്തിന്റെ അങ്ങാടികളെ റദ്ദാക്കിക്കൊണ്ട് ഉയർന്നുവന്ന ആധുനികതയുടെ പൊതുസ്ഥലമാണ് നഗരം. ഈ നഗരത്തിലാണ് പ്രധാനമായും വാഹനങ്ങളും അവയുടെ ഉപഭോക്താക്കളുമുള്ളത്. നഗരമാണ് വ്യവസായങ്ങളുടെ കേന്ദ്രവും. 'പാത ജനനിബിഡമായിരുന്നു, പ്ലഷർകാറുകൾ, ബസ്സുകൾ, ജഡ്ക്കകൾ, കാളവണ്ടികൾ, റിക്ഷകൾ, പുതുമയുടെ യുവത്വവും പഴമയുടെ വാർധക്യവും മുട്ടിയും തട്ടിയും പാഞ്ഞും ഇഴഞ്ഞും അങ്ങോട്ടുമിങ്ങോട്ടും പോകുന്നുണ്ട്. അവയുടെ ഇടയിൽക്കൂടി ജീവിതം പുളച്ചുകയറിയും പതുങ്ങിപ്പതുങ്ങിയും ചാഞ്ഞും ചരിഞ്ഞും ചിരിച്ചും കരഞ്ഞും അങ്ങനെ ഒഴുകിക്കൊണ്ടിരുന്നു' (അതേകൃതി, 26). ഓടയിൽനിന്നിലെ നഗരവർണനയിൽ നാണയ സമ്പദ്വ്യവസ്ഥയും അതിന്റെ ക്രമങ്ങളും വർദ്ധിച്ചതിന്റെ അടയാളമാണ് കാണുന്നത്. ആധുനികനഗരങ്ങൾ പ്രകടമായും ഊന്നൽ നല്കിയത് വർഗാടിസ്ഥാനത്തിലുള്ള മനുഷ്യവിഭജനത്തിനും തൊഴിൽ സംസ്കാരത്തിനുമാണ്. ഈ തൊഴിൽ സംസ്കാരത്തിലേക്കാണ് പപ്പു ചെന്നുവീഴുന്നത്. ഒരു തൊഴിലും പ്രത്യേകമായി പഠിക്കാഞ്ഞിട്ടും പപ്പുവിന് നഗരത്തിൽ സ്വന്തമായൊരു വിലാസം നല്കുന്നത് അയാൾക്കു സാംസ്കാരികമായി ലഭ്യമായ ആണിന്റെ അധികാരമാണ്. ജാതിത്തൊഴിലിന് പ്രസക്തിയല്ലാതാവുകയും ഏതു തൊഴിലും പഠിച്ച് തൊഴിലാളിയോ ഉദ്യോഗസ്ഥനോ ആകാനാവുമെന്ന ആധുനികതയാണ് നഗരങ്ങളിൽ ദൃശ്യമാകുന്നത്.

നഗരത്തിലെത്തുന്ന പപ്പു നിരവധിയിടത്ത് പണിയെടുക്കുകയും ജീവിക്കുകയും ചെയ്യുന്നുണ്ട്. റിക്ഷാക്കാരനാകുന്നതിനുമുമ്പ് പപ്പു നഗരത്തിലെ പല തൊഴിലിടങ്ങൾ കടന്നു പോകുന്നുണ്ട്

1. റെയിൽവേ സ്റ്റേഷനിലെ കൂലി
2. ബീഡിക്കമ്പനിയിലെ തൊഴിലാളി
3. സോഡാഫാക്ടറി തൊഴിലാളി
4. നെയ്ത്തു തൊഴിലാളി

നിരവധി തൊഴിലിടങ്ങളുടെ സമാഹാരമാണ് നഗരമെന്ന് പപ്പുവിന്റെ തൊഴിലുകൾ സൂചിപ്പിക്കുന്നുണ്ട്. ജാതിക്കുപരിയായി മനുഷ്യരെ വർഗാടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കുന്ന പ്രവർത്തനമാണ് അവിടെ നടക്കുന്നത്. നഗരതൊഴിലിടങ്ങളിൽ നിലനിന്ന അനിയന്ത്രിതമായ പീഡനങ്ങളിലൂടെയും തൊഴിൽ സംസ്കാരത്തിന്റെ അവികസിതത്വ

ത്തിലൂടെയുമാണ് പപ്പു സഞ്ചരിക്കുന്നത്. അന്നത്തെ ഫാക്ടറികളിലും മറ്റും പലതല ത്തിലുള്ള തൊഴിലാളി പീഡനം ശക്തമായിരുന്നെന്ന് ചരിത്രത്തിലുണ്ട്. ഈ മർദ്ദനങ്ങളെ പപ്പു പല്ലും നഖവും ഉപയോഗിച്ച് ചെറുത്തിരുന്നു. മാത്രവുമല്ല അടിച്ചമർത്തലുകളെ നിശബ്ദം സഹിക്കുന്നവരോട് അയാൾക്കു പുച്ഛവുമായിരുന്നു. ആദ്യമായി പപ്പു എത്തിച്ചേർന്ന റെയിൽവേസ്റ്റേഷനിൽ മറ്റു കൂലിപ്പിള്ളേർ അവനെ ആക്രമിച്ചപ്പോൾ തന്റെ ശാരീരിക കരുത്തുകൊണ്ടാണ് അതിനെ മറികടക്കുന്നത്. 'എല്ലാവരും കൂടെ പപ്പുവിന്റെ നേരെ ഒരാക്രമണത്തിനു തയ്യാറായി. പപ്പു നിന്ന നിലയിൽ അനങ്ങിയില്ല. അവൻ കൈ ചുരുട്ടിക്കാണിച്ചു കൊണ്ടുപറഞ്ഞു എന്നെ തൊട്ടു പോയാൽ എല്ലാത്തിന്റെയും മൂക്ക് ഇടിച്ചുപരത്തിക്കളയും. ആ താക്കീത് കുറിക്കുകൊണ്ടു. ആർക്കും ധൈര്യമുണ്ടായില്ല, പപ്പുവിനോടെതിർക്കുവാൻ' (കേശവദേവ്,2007:27) ഇങ്ങനെ തന്റെ ആണത്തത്തിന്റെ തെരുവുഭാഷ്യം കൊണ്ടാണ് പപ്പു എന്ന കൗമാരക്കാരൻ തൊഴിലാളി പൗരുഷത്തിലേക്ക് ചവിട്ടിക്കയറുന്നത്.

കുട്ടിക്കാലത്തെ സൗഹൃദസംഘം കഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന ചങ്ങാത്തം മക്കാരുമായിട്ടുള്ളതാണ്. പിന്നൊന്ന് ചായക്കടക്കാരനുമായാണ്. ഒരു സ്ത്രീപോലും അദ്ദേഹത്തിന്റെ ചങ്ങാത്തത്തിൽ ഇല്ല. ഓടയിൽനിന്നിൽ മുഖ്യമായും ദൃശ്യമാകുന്നത് നഗരമെന്ന സ്ഥലപരിധിയിൽ കാണുന്ന സ്ത്രീകളുടെ അസാന്നിധ്യമാണ്. ഇതിലുള്ള സ്ത്രീകഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത് വീടുമായി ബന്ധപ്പെട്ടു മാത്രമാണ്. പൊതുസ്ഥലത്തോ നഗരത്തിലോ ഒറ്റ സ്ത്രീകളെയും നോവൽ കാണിച്ചുതരുന്നില്ല. സാമ്പ്രദായികമായി ഒരു തെരുവിൽ വേശ്യകളടക്കമുള്ള നിരവധി സ്ത്രീകൾ ഉണ്ടാകുമെന്നിരിക്കെ സ്ത്രീകളുടെ ലാഞ്ഛനപോലും നോവലിൽ കാണുന്നില്ല. ഈ സൗഹൃദങ്ങളുടെയെല്ലാം അടിസ്ഥാനസ്വഭാവം ഈ വിവരണത്തിലുണ്ട്. 'അടുത്ത ദിവസം കൂലിപ്പിള്ളേർ ഓരോരുത്തരായി പപ്പുവിനോട് ഇഷ്ടംകൂടാൻ വന്നുതുടങ്ങി. പപ്പു അവരോടെല്ലാം സ്നേഹമായി പെരുമാറി. പരസ്പരം നാടും വീടും പേരും മറ്റും പറഞ്ഞു. ഒടുവിൽ പപ്പുവിനെ അവരിലൊരാളായി അംഗീകരിച്ചു. അന്നു വൈകുന്നേരമായപ്പോഴേക്കും പപ്പു അവരുടെ നേതാവാകുകയും ചെയ്തു.' (അതേകൃതി,27) മറ്റുള്ളവരുടെ മുൻപിൽ നേതാവാകാനുള്ളതാണ് പപ്പുവിന്റെ സൗഹൃദത്തിന്റെ ആധാരം. അഥവാ നേതൃത്വം ലഭിക്കുന്നിടത്തു മാത്രമായിരിക്കും, മറ്റുള്ളവരെ കീഴടക്കിനിർത്താൻ കഴിയുന്നിടത്തു മാത്രമായിരിക്കും പപ്പുവിന്റെ ചങ്ങാത്തം പ്രവർത്തിക്കുക.

## നഗരത്തിലെ വാഹനങ്ങൾ

ജാതികാരണം അയിത്തവും തീണ്ടലും നിലനിന്ന കേരളത്തിൽ യാത്ര സങ്കീർണമായ ഒന്നായിരുന്നുവെന്നു ചരിത്രകാരന്മാർ നിരീക്ഷിക്കുന്നുണ്ട്. കുറച്ചുപേർക്കു നടക്കാവുന്ന, വാഹനങ്ങൾക്ക് ഓടാവുന്ന, റോഡുകളില്ലാതിരുന്ന കേരളീയ ഫ്യൂഡൽസമൂഹത്തിൽ ടിപ്പുവാണ് ഇന്നത്തെ നിലയിലുള്ള റോഡുകളുടെ നിർമാതാവ് എന്ന ചരിത്രവസ്തുത മലയാളിയുടെ അക്കാലത്തെ യാത്രകൾ ഒറ്റയടിപ്പാതകളിലൂടെയായിരുന്നു എന്നത് വ്യക്തമാക്കുന്നു. സന്ദേശകാവ്യങ്ങളെന്ന പേരിൽ സഞ്ചാരത്തിന്റെ ഭാവനാ ഭൂപടം ഫ്യൂഡൽകാലത്തുണ്ടായിട്ടുണ്ടെങ്കിലും ആ യാത്രകളൊക്കെ കാടും മേടും താണ്ടിയുള്ള

നടക്കലായിരുന്നുവെന്ന് ആ കൃതികളെ സൂക്ഷ്മപാരായണം ചെയ്താൽ കാണാം. കേരളത്തിലെ റോഡിന്റെയും തോടുകളുടെയും ചരിത്രം പരിശോധിക്കുന്ന പി. കെ ബാലകൃഷ്ണൻ അപരിഷ്കൃതമായ, ട്രൈബൽ സ്വഭാവവും ജാതിവ്യവസ്ഥയും കാരണം റോഡുകളും പാലങ്ങളും ആവശ്യമില്ലാതിരുന്ന കേരളത്തിന്റെ ചരിത്രം വിവരിക്കുന്നുണ്ട് (2008:199206). കാടുകളായിരുന്നു ഇവിടുത്തെ റോഡുകൾ. പാലങ്ങൾ ഇല്ലാത്തതിനാൽ എല്ലായാത്രകളും പുഴവക്കത്ത് അവസാനിച്ചിരുന്നു. കുതിരവണ്ടികൾ ഇവിടെ കാര്യമായി ഉണ്ടായിരുന്നില്ല. കാളവണ്ടികളും മഞ്ചലുകളുമായിരുന്നു യാത്രാവശ്യങ്ങൾ ഒരു പരിധിവരെ നിർവഹിച്ചിരുന്നത്. ഇന്നത്തെ നിലയിലുള്ള വിദ്യാലയങ്ങളോ ഓഫീസുകളോ ഇല്ലാതിരുന്ന അക്കാലത്ത് യാത്രാവശ്യങ്ങൾ വളരെ പരിമിതമായിരുന്നു താനും. ജാതിവ്യവസ്ഥയിലെ അയിത്തം കാരണം ഓരോ ജാതിക്കാർക്കും പാർക്കാനും സഞ്ചരിക്കാനും നിശ്ചിത സ്ഥലങ്ങൾ മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നതിനാൽ അതു മറികടന്നുള്ള യാത്രകളും അനുവദനീയമായിരുന്നില്ല. ദേശം മാറി വിവാഹം ചെയ്യാൻപോലും അനുവദിച്ചിരുന്നില്ല. ക്ഷേത്രങ്ങളും അങ്ങാടികളും കീഴാളർക്കു വിലക്കായിരുന്നു. എല്ലാ അർഥത്തിലും സ്ത്രീകൾക്കും കീഴാളർക്കും യാത്ര എന്ന ആശയം തന്നെ പരിമിതമായ ചുറ്റുവട്ടത്തിലുള്ള നടപ്പായിരുന്നുവെന്ന് കോരപ്പുഴ വിലക്കും മറ്റനേകം പുഴവിലക്കുകളും മണ്ണാപ്പേടി, പുലപ്പേടി പോലുള്ള ആചാരങ്ങളും സൂചിപ്പിക്കുന്നു. ആധുനികത വന്നപ്പോൾ ബ്രിട്ടീഷുകാരും തദ്ദേശീയ ഭരണകൂടങ്ങളും റോഡുകൾ നിർമിക്കുന്നുണ്ട്. പിന്നീട് റോഡുകൾ വ്യാപകമായപ്പോൾ കീഴാളർക്കു വഴിനടക്കുവാൻ വിവിധ നിയമസഭകളിൽ സഞ്ചാരസ്വാതന്ത്ര്യപ്രമേയങ്ങൾ അവതരിപ്പിക്കലും പോരാട്ടവും വേണ്ടിവന്നിരുന്നു. ഇത്തരം വിലക്കുകൾ മാത്രമല്ല എപ്പോഴൊക്കെ യാത്ര ചെയ്യണം, എന്തൊക്കെ ആചാരങ്ങൾ പാലിക്കണം തുടങ്ങി അനേകം വിശ്വാസങ്ങളും യാത്രയുടെ കാര്യത്തിലുണ്ട്. ഇത്തരം വിലക്കുകളെല്ലാം സ്ത്രീയുടെ കാര്യത്തിലാണ് ഏറെയും കാണുന്നത്.

വ്യാപാരവും മറ്റും പുരോഗതി പ്രാപിക്കുന്ന, വിദ്യാഭ്യാസരീതികൾ വളരുന്ന കാലത്തും തീവണ്ടി പോലുള്ള ആധുനിക യാത്രാവാഹനങ്ങൾ യഥേഷ്ടം പുറത്തിറങ്ങുന്ന കാലത്തും സ്ത്രീകളുടെ യാത്രയെന്നത് എതിർക്കപ്പെട്ടിരുന്നുവെന്നു കാണാം. തന്റെ കുട്ടിക്കാലത്തെ യാത്രകളെക്കുറിച്ചോർക്കുന്ന കാണിപ്പയ്യൂർ തീവണ്ടിയിൽ അന്തർജനങ്ങളെ യാത്രചെയ്യാൻ അനുവദിക്കാതിരുന്നത് എഴുതുന്നുണ്ട്. ദീർഘദൂരയാത്രകളൊക്കെ അവരെ നടത്തിച്ചു (2005:,12). ഇങ്ങനെ ആധുനിക യാത്രാസംസ്കാരം ശക്തമായി വരുന്ന കാലത്താണ് റിക്ഷാവാഹനങ്ങൾ പോലുള്ളവ ഇവിടുത്തെ പട്ടണങ്ങളിൽ സ്ഥലം പിടിക്കുന്നതും പപ്പു ഒരു റിക്ഷയുമായി പ്രത്യക്ഷപ്പെടുന്നതും.

പത്തൊമ്പതാംനൂറ്റാണ്ടിലെ യാത്രകളെയും വാഹനങ്ങളെയും അനുസ്മരിക്കുന്ന കാണിപ്പയ്യൂർ റിക്ഷാവാഹനത്തെക്കുറിച്ചും താൻ കണ്ടത് എഴുതുന്നുണ്ട്. കേരളത്തിൽ റിക്ഷാവണ്ടി ഞാൻ ആദ്യമായിക്കണ്ടതു എറണാകുളം, തൃപ്പൂണിത്തുറ, കൊച്ചി എന്നീ പ്രദേശങ്ങളിലാണ്. അതു കൊല്ലവർഷം 1084നോടടുത്ത കാലത്തുമാകുന്നു. മൃഗങ്ങളെക്കൊണ്ടു വലിപ്പിക്കുന്നതല്ലാതെ മനുഷ്യർ വലിക്കുന്ന വണ്ടി അക്കാലത്ത്

അപൂർവമായിട്ടേ ഉണ്ടായിരുന്നുള്ളൂ. ജപ്പാനിൽ നിന്നാണ് ഇവിടെ ഈ വാഹനം വന്നതെന്നും കാണിപ്പയ്യൂർ ഓർക്കുന്നു.

അക്കാലത്തെ പാഠപുസ്തകങ്ങളിൽ റിക്ഷയെക്കുറിച്ച് പരാമർശങ്ങളുണ്ടായിരുന്നു. 1957ലെ കേരള പാഠാവലിയിൽ വാഹനങ്ങളെക്കുറിച്ചുള്ള ഭാഗത്ത് റിക്ഷയെ ഇങ്ങനെ പരിചയപ്പെടുത്തുന്നു. 'മനുഷ്യർ വലിച്ചുകൊണ്ടുപോകുന്ന വേറൊരു തരം വാഹനമുണ്ട്. ആ വണ്ടിക്ക് റിക്ഷാ എന്നാണ് പേര്. നിരപ്പുള്ള പ്രദേശങ്ങളിലാണ് റിക്ഷാവണ്ടി അധികമായി ഉപയോഗിക്കുന്നത്. കൊച്ചി, ആലപ്പുഴ, കൊല്ലം, മദ്രാസ് തുടങ്ങിയ പട്ടണങ്ങളിൽ റിക്ഷാ ധാരാളം ഉണ്ട്. കുന്നും കുഴിയും നിറഞ്ഞ തിരുവനന്തപുരത്തും ഈയിടെ ഈ വണ്ടി നടപ്പിലായിട്ടുണ്ട്. എന്നാൽ മനുഷ്യർ വലിച്ചുകൊണ്ടു പോകുന്നതിനാൽ ഈ വാഹനത്തോട് പലർക്കും രസമില്ല.'

നഗരങ്ങളിൽ യാത്രകൾക്കായിവന്ന ഇത്തരം വാഹനങ്ങളുടെ പ്രായോജകർ ആരാണ് എന്ന ചോദ്യത്തിനുള്ള ഉത്തരം പപ്പുവിന്റെ റിക്ഷ നല്കുന്നുണ്ട്. സ്ത്രീകളെ വീട്ടിനകത്തിരുത്തിയ കേരളീയ ആധുനികത, നഗരങ്ങളുടെ ആധിപത്യം നല്കിയ പുരുഷന്മാരായിരുന്നു പപ്പുവിന്റെയും റിക്ഷയുടെ ഉപഭോക്താക്കൾ. ഒരു സ്ത്രീപോലും പപ്പുവിന്റെ റിക്ഷയിൽ കയറിയതായി പറയുന്നില്ല. അയാളുടെ ഒപ്പം പത്തുകൊല്ലം ജീവിച്ച കല്യാണിയോ ലക്ഷ്മിയോ പോലും. ആദ്യകാലത്ത് കരുത്തനായ പപ്പു വളരെ വേഗത്തിൽ വാഹനമോടിക്കുമായിരുന്നു. എന്നാൽ പില്ക്കാലത്ത് അയാളുടെ കരുത്ത് കുറയുകയും രോഗങ്ങൾ ബാധിക്കുകയും ചെയ്തതോടെ അയാളുടെ വാഹനമോടിക്കാനുള്ള ശേഷി നശിക്കുകയും അയാളുടെ വാഹനത്തിൽ കയറുന്നത് യാത്രക്കാർ ഒഴിവാക്കുകയും ചെയ്തു.

പപ്പുവിന്റെ വാഹനത്തിൽ കയറുന്നവർ അക്കാലത്ത് രൂപംകൊണ്ട പുതിയ തൊഴിലിടങ്ങളിലേക്ക് വന്ന ഉദ്യോഗസ്ഥരും മറ്റുമാണ്. 'റെയിൽവേസ്റ്റേഷനിലും ബസ് സ്റ്റാന്റിലും ബോട്ടുജെട്ടിയിലും സിനിമാക്കൊട്ടയുടെ ഗേറ്റിലും കച്ചേരിവാതുക്കലും എന്നു വേണ്ട എവിടെയല്ലാം റിക്ഷ ആവശ്യമുണ്ടോ അവിടെയല്ലാം പപ്പുവും ഹാജരുണ്ട്. ട്രെയിനും ബസും ബോട്ടും വരികയും പോവുകയും ചെയ്യുന്ന സമയമെല്ലാം അയാൾക്കു നല്ല തിട്ടമാണ്. പുതിയ സിനിമാപടങ്ങൾ! വന്നാൽ അതെത്രനാൾ ഉണ്ടെന്നും എത്ര സമയം കൊണ്ട് തീരുമെന്നും അയാൾക്കു നിശ്ചയമുണ്ട്. കച്ചേരിക്കു കാറിൽ പോകുന്ന വക്കീലന്മാർ എത്രയെന്നും നടന്നുപോകുന്നവരെത്രയെന്നും റിക്ഷായിൽ പോകുന്നവരെത്രയെന്നും അയാൾക്കറിയാം' (കേശവദേവ്,2007:31). ആധുനികമായി വികസിക്കുന്ന നാണയ സമ്പദ്വ്യവസ്ഥാപരമായ മാറ്റങ്ങളാണ് പപ്പുവിന്റെ ജീവിതത്തെ തൊഴിൽപരമായി വളർത്തുന്നത്. അതിന്റെ ബലത്തിലാണ് അയാൾ ആ നഗരത്തിൽ ആളുകളെയും കൊണ്ട് ഓടുന്നത്. വളരെവേഗം മറ്റിടങ്ങളിലേക്ക്എത്തേണ്ടവരാണ്പപ്പുവിന്റെ യാത്രക്കാർ. ഇങ്ങനെ വേഗത്തിൽ പോകേണ്ടവരെ തൃപ്തിപ്പെടുത്തുന്ന വേഗമാണ് അയാളുടെ ശരീരം നിർവഹിക്കുന്നതും അയാൾ പ്രിയപ്പെട്ട റിക്ഷാക്കാരനായി അവിടെ മാറുന്നതും. ഒരുതവണ സഞ്ചരിച്ചാൽ പിന്നീട് യാത്രക്കാർ അയാളെ തേടിയെത്തുമെന്ന പരാമർശം അയാളുടെ തൊഴിൽവൈദഗ്ധ്യം സൂചിപ്പിക്കുന്നതാണ്. അതിനർഥം റിക്ഷാവലിക്കു

വേണ്ട കായികമികവും മറ്റും അയാളെ റിക്ഷാക്കാരുടെ വാർപ്പുമൂശയാക്കി മാറ്റുന്നുണ്ട് എന്നാണ്. പിന്നീട് രോഗംകൊണ്ട് വലഞ്ഞപ്പോൾ റിക്ഷാവലിക്കാൻ കഴിയാതെ അയാൾ തളരുകയും ചെയ്യുന്നു. അതോടെ യാത്രക്കാർ അയാളെ ഉപേക്ഷിക്കുകയും ചെയ്തു. ചുരുക്കത്തിൽ തൊഴിലാളിയുടെ 'ലക്ഷണങ്ങൾ' ക്കനുസരിച്ച് ജീവിക്കുമ്പോഴാണ് ഒരാൾ തൊഴിലാളിയായി മാറുന്നതെന്ന സൂചന ഇവിടെക്കാണാം.

## ഉദ്യോഗം കിട്ടുന്ന ബി.എ പഠനം

പപ്പുവിന്റെ ശ്രദ്ധ ലക്ഷ്മിയെ പഠിപ്പിക്കുന്നതിലായിരുന്നു. പഠിപ്പിക്കലിന്റെ ലക്ഷ്യം ലക്ഷ്മിയെ ഇംഗ്ലീഷ് പഠിപ്പിച്ച് ഉദ്യോഗസ്ഥയാക്കണമെന്നാണ് (കേശവദേവ്, 2007:47), അതിനാണയാൾ ഏറെ അധ്വാനിച്ചത്. ലക്ഷ്മി ഇംഗ്ലീഷ് പഠിക്കാൻ പോയതോടെയാണ് അയാളുടെ ജീവിതത്തിലെ ചെലവുകൾ ഏറെയായത്. കൃത്യസമയത്ത് ഫീസുകെട്ടാനും വസ്ത്രങ്ങളും മറ്റും വാങ്ങാനും വലിയ തുകകകൾ ആവശ്യമായി വരുന്നു. അതെല്ലാം കണ്ടെത്താമെന്ന ചിന്തയിലാണയാൾ അവളെ സ്കൂളിൽ വിടുന്നത്. ആദ്യകാല പഠനം കഴിഞ്ഞ് ഇംഗ്ലീഷു പഠനത്തിന് വിടുന്നതോടെ ചെലവ് നന്നേ വർധിക്കുകയും പപ്പുവിന്റെ വരുമാനം കുറയുകയും ചെയ്യുന്നു. അവളുടെ ഫീസുകളും മറ്റും സമയത്ത് കെട്ടാൻ അയാൾക്ക് കഴിയാതെ വരുന്നു. അതിനൊപ്പം പുകവലിയിലൂടെ കിട്ടിയ ക്ഷയരോഗം അയാളെ നിത്യരോഗിയാക്കുകയും റിക്ഷാവലിക്കാനുള്ള ശേഷിയെ നശിപ്പിക്കുകയും ചെയ്യുന്നു. ലക്ഷ്മിയെ എന്തിനാണ് പഠിപ്പിക്കുന്നത് എന്നതിന് പപ്പുവിന് ഉത്തരമുണ്ടായിരുന്നു ഒരു ബി.എ.കാരിയാക്കണം. കല്യാണിക്കും അതേ ആഗ്രഹമുണ്ടാകുന്നുണ്ട്. 'കല്യാണിക്കും ആഗ്രഹമുണ്ട്, മകൾ ഇംഗ്ലീഷ് പഠിച്ച് ഉദ്യോഗസ്ഥയാകണമെന്ന്. എങ്കിലും ആ ആഗ്രഹത്തെ അടക്കിക്കൊണ്ട് അവൾ ചോദിച്ചു: മലയാളം പഠിക്കുന്നതുപോലെയാണോ ഇംഗ്ലീഷ് പഠിക്കുന്നത്? ഫീസുകൊടുക്കണം, പൊസ്തകം മേടിക്കണം. മറ്റൊള്ള പെമ്പിള്ളേരു പോകുമ്പോലെ ഉടുത്തൊരുങ്ങിപോണം. അതിനെല്ലാം പണമുണ്ടോ?' (കേശവദേവ്, 4748). അക്കാലത്തെ ആധുനികതാപരമായ മാറ്റങ്ങളുടെ സാരാംശം ഇവിടെ കാണാം. ഉദ്യോഗം നല്കുന്ന സ്കൂൾ വിദ്യാഭ്യാസം പ്രത്യേകിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം കുട്ടികൾക്ക് പ്രാധാന്യം നല്കുന്നത് വ്യക്തമാകുന്നു. കോളെജ് വിദ്യാഭ്യാസം ലഭിച്ചാൽ നല്ലൊരു ഉദ്യോഗം കിട്ടുമെന്ന തിരിച്ചറിവ് ദാരിദ്ര്യത്തിലുള്ളവരെപ്പോലും പ്രത്യാശയുള്ളവരാക്കുന്നു എന്നതാണ് കല്യാണിയുടെ പ്രതികരണത്തിലൂടെ വ്യക്തമാകുന്നത്. ജാതിവ്യവസ്ഥയിൽ നിന്നുഭിന്നമായി റിക്ഷ വലിക്കുന്ന ഒരു സാദാതൊഴിലാളിക്കുപോലും മക്കളെ ഉയർന്ന ഉദ്യോഗത്തിലേക്ക് വിടാൻ കഴിയുന്നതിലൂടെ സാമൂഹികപദവി ഉയർത്താൻ കഴിയുമെന്ന പ്രതീക്ഷയാണ് പപ്പുവിലൂടെ ഉന്നയിക്കുന്നത്. പെൺകുട്ടികൾക്കും ഉദ്യോഗംകിട്ടുമെന്നും അത് സാമൂഹികമായി നേട്ടമാകുമെന്നുമുള്ള വിചാരം ശക്തമായിരുന്നുവെന്നു സാരം. നഗരമാണ് ഇത്തരം ആധുനികതകൾ നേടാനെളുപ്പം എന്ന ചിന്താഗതി വളരുന്ന ഘട്ടമാണത്. ഗ്രാമത്തിൽനിന്ന് വിദ്യാർഥികൾ നഗരത്തിലേക്ക് കുടിയേറുന്ന കാലവുമാണത്.

പപ്പുവിനെ കണ്ടുമുട്ടുന്നതിന് മുമ്പ് അവൾ സ്കൂളിൽ പോകുന്നുണ്ടായിരുന്നില്ല. പപ്പുവാണ് അവളെ സ്കൂളിൽ ചേർക്കുന്നതും പുതിയ പുസ്തകങ്ങൾ വാങ്ങിനല്കുന്നതും.

കല്യാണി അത് ചെലവിന്റെ കാര്യം പറഞ്ഞ് ചെറുക്കുന്നുണ്ടെങ്കിലും പപ്പു അനുസരിക്കുന്നില്ല. ഇംഗ്ലീഷ് പഠനത്തോടെയാണ് ലക്ഷ്മിയുടെ സ്കൂൾ ചെലവുകൾ കുത്തനെ കൂടിയത്. എന്നല്ല അവൾ തന്റെ കൂട്ടുകാരികളെ തന്റെ ദരിദ്രമായ വീട്ടിലേക്കു കൊണ്ടുവരാനും മടിക്കുന്നു. അവൾ തന്റെ വീടിനോട് താനാർജ്ജിക്കുന്ന സംസ്കാരത്തിനനുസരിച്ച് അകലം പാലിക്കുന്നു. വിവാഹത്തോടെയാണ് അത് മാറുന്നതെന്നും കാണാം. അവളെ ബി.എ.കാരിയാക്കാനുള്ള തീരുമാനമാണ് അയാളുടെ തകർച്ചയ്ക്കു കാരണമെന്ന് അയാളുടെ സുഹൃത്തുക്കൾ പറയുന്നത് ശ്രദ്ധേയമാണ്. ബി.എ ഉള്ളവർ ഉന്നതമായ പദവിയുടെ അടയാളമായിരിക്കുന്ന കാലത്താണ് ഇത്തരമൊരു ഇതിവൃത്തം രൂപപ്പെടുന്നത്. വിശേഷിച്ചും സ്ത്രീകൾ ഉന്നതവിദ്യാഭ്യാസരംഗത്തു വരുന്നത് അപൂർവമായിരിക്കുന്ന കാലത്ത്. ഇവിടെയാണ് ബി.എ.ക്കാരിയാക്കാനുള്ള ഒരു തൊഴിലാളിയുടെ സ്വപ്നം പാതിവഴിയിലെത്തി തീരുന്നത്. പപ്പുവിന്റെ ആരോഗ്യം തകരുന്നതും ലക്ഷ്മിയുടെ കല്യാണം നടക്കുന്നതും ഏതാണ്ട് ഒന്നിച്ചു സംഭവിക്കുന്നു. ലക്ഷ്മി സ്കൂൾ ഫൈനൽ പാസാകുന്നതോടെയാണ് അവളുടെ വിവാഹം നടക്കുന്നത്. പപ്പുവിന്റെ ആരോഗ്യം തകരുന്നതോടെ ആ കുടുംബം അനാഥമാകുമെന്നും മറ്റൊരു കരുതലിലേക്ക് അവർ പ്രവേശിക്കണമെന്നും ഭാവന ചെയ്യപ്പെടുന്നു. ആ നിലയിലാണ് അവളുടെ വിവാഹം വരുന്നത്. എന്നാൽ വിവാഹത്തോടെ അവളുടെ പഠനത്തിന്റെ തുടർച്ചയെക്കുറിച്ച് യാതൊരു സൂചനയുമില്ല. ലക്ഷ്മിയുടെ പഠനം അവസാനിക്കുമ്പോൾ താനിനി ആർക്കുവേണ്ടി ജോലി ചെയ്യും എന്ന് പപ്പു പരിതപിക്കുന്നുണ്ട് (അതേകൃതി, 70). അതായത് അധ്വാനിച്ച് ഒരു കുടുംബം പോറ്റി പുലർത്താനുള്ള ശരീരം മാത്രമാണ് അയാളെന്നു പപ്പു ആവർത്തിക്കുന്നു. ഇവിടെ, അവളുടെ പഠനത്തെപ്പറ്റി, ബി.എ. ക്കാരിയാവുക എന്ന സ്വപ്നത്തെക്കുറിച്ച് ഒന്നും വ്യക്തമാകുന്നില്ല. വിവാഹത്തോടെ അതെല്ലാം അവസാനിക്കുന്നു എന്നർത്ഥം. സ്ത്രീയുടെ വിദ്യാഭ്യാസം പരിഷ്കാരിയായ പുരുഷന്റെ ഭാര്യാപദവിക്കു മാത്രമാണെന്നുമുള്ള ആശയങ്ങളാണ് നവോത്ഥാനകാലത്ത് പ്രബലമായിരുന്നത്. അത്തരം ആശയങ്ങളുടെ ധ്വനി നോവലിൽ പ്രകടമാകുന്നു എന്നർത്ഥം.

## നഗരത്തൊഴിലാളിയുടെ വാർപ്പുമാതൃക

പപ്പു മികച്ച തൊഴിലാളി എന്ന നിലയിൽ അവിടെ പ്രശസ്തനായിരുന്നുവെന്ന് സൂചനകളുണ്ട്. ഗോപിയിലൂടെ ലക്ഷ്മി അത് മനസിലാക്കുന്നുണ്ട്. ശരിയായ തൊഴിലാളി, ആദർശവാനായ തൊഴിലാളി എന്ന പപ്പുവിന്റെ പ്രതിച്ഛായ അക്കാലത്തൊരു തൊഴിലാളി എങ്ങനാവണം എന്ന വാർപ്പുമാതൃകയെ നിർമിക്കുകയാണ്. ആ തൊഴിലാളിത്തത്തിൽ കെട്ടപ്പെട്ടുപോയതുകൊണ്ടാണ് അന്ത്യത്തിൽ തകർച്ച വന്നപ്പോഴും പപ്പു സഹായങ്ങൾ വാങ്ങാൻ വിമുഖനാകുന്നതും മറ്റുള്ളവരെ അനുസരിക്കാൻ കൂട്ടാക്കാത്തതും. ആധുനികനായ, ശരിയായ ആൺതൊഴിലാളിയെന്ന ആദർശാത്മകതയുടെ നിർമിതിയാണ് ഓടയിൽനിന്നിലൂടെ നടക്കുന്നത്. ഫ്യൂഡലിസത്തിന്റെ അടിമ പിന്നീട് കാർഷികത്തൊഴിലാളിയായി വാർപ്പുമാതൃക രൂപപ്പെടുന്നതുപോലെ ആധുനിക തൊഴിലാളിയുടെ, തന്റെ തൊഴിലിൽ അന്ധമായി വിശ്വസിക്കുകയും അതിലൂടെ അധീശപരമായ ആണത്ത

സങ്കല്പങ്ങൾ കെട്ടിവയ്ക്കുകയും ചെയ്യുന്ന തൊഴിലാളിയുടെ ശക്തമായ മൂശയാണ് പപ്പു. ഉദ്യോഗസ്ഥനിൽ നിന്നും ഭിന്നനാണ് തൊഴിലാളി എന്നുറപ്പിക്കുന്നതാണ് ഇവിടെ കാണുന്നത്. മകളെ ബി.എ.ക്കാരിയാക്കുക എന്നത് കഠിനമായ പ്രവൃത്തിയാണെന്നും ഒരു തൊഴിലാളിയുടെ ജീവിതത്തിലൂടെ അതു സാധ്യമല്ലെന്നും ഉറപ്പിക്കുന്നതിന്റെ രാഷ്ട്രീയം തൊഴിലാളിയുടെ വാർപ്പുമൂശ സൂചിപ്പിക്കുന്നുണ്ട്, തൊഴിലാളിക്ക് തൊഴിലാളിയാകാനേ പറ്റുവെന്ന പ്രത്യയശാസ്ത്രമാണത്.

വ്യവസായവല്കരണത്തോടെ യൂറോപ്പിൽ ശക്തമാകുന്ന ‘ചെലവിനുതരുന്നവൻ’/ അന്നദാതാവ് (Breadwinner) എന്ന ആശയത്തിന്റെ കേരളീയാവിഷ്കാരത്തിലാണ് പപ്പുവിനെ പോലുള്ളവരുടെ തൊഴിലാളിത്തം സവിശേഷമായി രൂപപ്പെടുന്നതെന്നു വ്യക്തം. പപ്പു വീടിന്റെ എല്ലാ സാമ്പത്തിക കാര്യങ്ങളും തന്റെ നിയന്ത്രണത്തിൽ വേണമെന്ന നിർബന്ധക്കാരനായിരുന്നു. രോഗബാധിതനായപ്പോഴും കല്യാണി പണിക്കു പോകാമെന്നു പറഞ്ഞിട്ടും അയാൾ സമ്മതിച്ചില്ല. എന്നല്ല മകളുടെ മുഴുവൻ കാര്യങ്ങളും താൻ നിർവഹിക്കുമെന്ന ചിന്താഗതിക്കാരനായിരുന്നു. കൃത്യസമയത്ത് ഫീസ് നല്കണമെന്നും വസ്ത്രങ്ങളൊക്കെ മോടിയിലായിരിക്കണമെന്നും അയാൾ നിശ്ചയിച്ചിരുന്നു. തന്റെ അധ്വാനത്തിലൂടെയല്ലാതെ വേറൊരു പണവും അതിലേക്ക് വരരുതെന്നും അയാൾ ശഠിച്ചിരുന്നു. ഗോപി സാമ്പത്തികസഹായം നല്കുമ്പോൾ അതിനെ എതിർക്കുന്നതും തന്റെ അധ്വാനത്തിലെ ആണത്തവിശ്വാസം കാരണമാണ്. മകളുടെ വിവാഹം നടക്കുമ്പോൾ താനിനി ആർക്കുവേണ്ടി ജോലി ചെയ്യും എന്നാണയാൾ വിലപിക്കുന്നത്. അതായത് ജോലി ചെയ്യാനുള്ള ശരീരം മാത്രമാണ് താനെന്നുള്ള ചിന്തയിലായിരുന്നു പപ്പു. ആധുനികത നിർമ്മിച്ച കേരളീയ തൊഴിലാളിയുടെ ശരീരഭാഷ അന്നദാതാവെന്ന ആണത്തമായിരുന്നുവെന്ന് അക്കാലത്തെ നോവലുകൾ വ്യക്തമാക്കുന്നുണ്ട്.

തൊഴിലെടുക്കുന്നതിനനുസരിച്ച് കൂടിയും കുറഞ്ഞും സ്ഥിരതയില്ലാതെ കിട്ടുന്ന കൂലിയെ ആധാരമാക്കി ജീവിക്കുന്ന ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം മകളെ ഉയർന്ന നിലയിൽ പഠിപ്പിക്കാനാവുകയില്ലെന്ന പാഠമാണ് നോവൽ അവതരിപ്പിക്കുന്നതെന്നു കാണാം. ആധുനികത ഇളക്കിമറിച്ച കാലമായിരുന്നെങ്കിലും കീഴ്ത്തട്ടിലുള്ള സാമൂഹിക പരിണാമങ്ങളെ ആഴത്തിൽ വിഷയവല്കരിക്കുന്ന നോവലുകളില്ലാതിരുന്ന കാലത്ത് തൊഴിലാളി എന്ന സങ്കല്പത്തെ ദേവ് അവതരിപ്പിച്ചത് പില്ക്കാലത്തെ തൊഴിലാളി സങ്കല്പങ്ങളുടെയെല്ലാം മൂശയായി മാറി എന്നു പറയാം. ശരീരകരുത്തിലും താൻ പോരിമയിലും അഹന്തയിലും ക്ഷിപ്രപ്രതികരണത്തിലും വിശ്വസിക്കുന്ന, വിദ്യാഭ്യാസമില്ലാത്ത വിഭാഗമെന്ന വാർപ്പുമൂശയാണ് ഓടയിൽനിന്നിലെ പപ്പുവിലൂടെ വ്യക്തമാകുന്നത്. കേരളീയ നഗരങ്ങളിലെ തൊഴിൽസ്ഥാപനങ്ങളിലൂടെ രൂപംകൊള്ളുന്ന തൊഴിലാളി ആണത്തങ്ങളുടെ മാതൃക അതായിരുന്നു. അത്തരത്തിലൊരു തൊഴിലാളി സങ്കല്പം പിന്നീട് സിനിമയിലൂടെയും മാധ്യമങ്ങളിലൂടെയും പ്രഖ്യാതമാകുന്നുണ്ട്. കട്ടമീശയൊക്കെ പിരിച്ചുവച്ച് നിക്കറുകാണിച്ച് മുണ്ടുമടക്കിക്കുത്തി ഭീഷണിപ്പെടുത്തുന്ന റൗഡിയായ തൊഴിലാളി മലയാളിയുടെ പൊതുബോധത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ തൊഴിലാളി,

സവർണനും മാന്യനുമായ ഉദ്യോഗസ്ഥനെ നല്ലവനും ശരിയായ പൗരുഷത്തിന്റെ അടയാളവുമാക്കുന്ന അപരമാണ്.

വിദ്യാഭ്യാസവും ലോകത്തിലെ മാറ്റങ്ങളെക്കുറിച്ചുള്ള ധാരണകളും ഇല്ലാത്തവരായ അപരിഷ്കൃതരാണ് തൊഴിലാളികളെന്നും അവരുടെ കായികമായ കരുത്താണവരുടെ സമ്പത്തെന്നുമുള്ള ധാരണകളുടെ വർപ്പുമാതൃകയാണ് ഇവിടെ കാണുന്നത്.

'പപ്പുവിന്റെ റിക്ഷാവണ്ടിക്ക് ഒരിക്കലും വിശ്രമമില്ല. അതെപ്പോഴും പട്ടണത്തിലെ റോഡുകളിൽക്കൂടി വായുവേഗത്തിൽ പാഞ്ഞു പോകുന്നതു കാണാം. റിക്ഷയും വലിച്ചുകൊണ്ടോടുന്നതു കണ്ടാൽ അയാളുടെ കാലുകൾ നിലത്തു തൊടുന്നുണ്ടോ എന്നു സംശയം തോന്നും. മറ്റു റിക്ഷാക്കാർ പറയാറുണ്ട് പപ്പുവിന് നടക്കാൻ അറിഞ്ഞുകൂടാ എന്ന്' (കേശവദേവ്, 2007:31).

'വണ്ടിയിൽ ആൾ കയറിക്കഴിഞ്ഞാൽ പടഹദ്ധ്വനി കേട്ട പടക്കുതിരയെപ്പോലെ അയാൾക്കുത്സവമാണ്. വെയിലെന്നില്ല മഴയെന്നില്ല അയാൾ ഓടുകയായി'. (അതേകൃതി, 31). പപ്പുവിന്റെ റിക്ഷാ ഓടിക്കലിനെക്കുറിച്ചുള്ള ഈ വിവരണം ഒരു മൃഗതുല്യമായ കുതിര ബിംബത്തിലൂടെയാണ് നിർമിക്കുന്നത്. കുതിരയെപ്പോലെയാണ് അയാളെന്ന സൂചന പപ്പുവിന്റെ മാനുഷികതയെയും തൊഴിലാളിയിലെ വിദഗ്ദ്ധസ്വഭാവത്തെയും മറച്ചുവയ്ക്കുകയും തൊഴിലാളിയെന്നാൽ പണിയെടുക്കേണ്ട കരുത്തുള്ള പുരുഷശരീരം മാത്രമാണെന്ന പൊതുബോധത്തെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഫ്യൂഡലിസത്തിലെ തൊഴിലാളി ജാതിയുടെ അടിമയായിരുന്നുവെങ്കിൽ ആധുനികനഗരങ്ങളിലെ തൊഴിലാളികൾ മുതലാളിത്തത്തിന്റെയും യന്ത്രങ്ങളുടെയും അടിമയാണെന്നുള്ള വ്യവഹാരങ്ങൾ ശക്തമായിരുന്നകാലവുമാണിത്. പടക്കുതിരയെപ്പോലെ റിക്ഷയും വലിച്ചുകൊണ്ട് നഗരത്തിലൂടെ ഓടിയ ഓടയിൽനിന്നിലെ പപ്പു കേരളീയ ആധുനികത യിൽ തൊഴിലാളിയെന്ന മൃഗ/യന്ത്ര പുരുഷന്റ ആദ്യകാല മാതൃകയെ വരച്ചിടുക യായിരുന്നു. ഈ മാതൃകയിലാണ് ഇപ്പോഴും കേരളത്തിലെ തൊഴിലാളിസങ്കല്പങ്ങളുടെ പൊതുബോധം പ്രവർത്തിക്കുന്നതെന്നുകാണാം.

## ആധാരസൂചി


1. *ഇ.എം.എസ്, സമ്പൂർണകൃതികൾ സഞ്ചിക-അഞ്ച്, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2001.*
2. *ഉറൂബ്, ഉറൂബിന്റെ കൃതികൾ(വാല്യംഒന്ന്), ഡി. സി. ബുക്സ്, കോട്ടയം, 2011.*
3. *ഉറൂബ്, ഉറൂബിന്റെ കൃതികൾ(വാല്യംരണ്ട്), ഡി. സി. ബുക്സ്, കോട്ടയം, 2011.*
4. *കമലാസനൻ എൻ.കെ. കുട്ടനാടും കർഷകത്തൊഴിലാളി പ്രസ്ഥാനവും, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1999.*
5. *കേശവദേവ്, ഓടയിൽനിന്ന്, പൂർണ്ണാപബ്ലിക്കേഷൻസ്, കോഴിക്കോട്, 2007.*
6. *കേശവദേവ്, അയൽക്കാർ, ഡി.സി. ബുക്സ്, കോട്ടയം, 2007.*
7. *കേശവദേവ്, വെളിച്ചം കേറുന്നു, ഡി.സി. ബുക്സ്, കോട്ടയം, 2009.*
8. *കേശവദേവ്,സഖാവ് കാരോട്ട് കാരണവർ, ഡി.സി. ബുക്സ്, കോട്ടയം, 2011.*

9. *ഗണേഷ്, കെ. എൻ, കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1996.*
10. *ഗണേഷ്, കെ. എൻ, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1997.*
11. *ഗോവിന്ദപ്പിള്ള, പി., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2012.*
12. *ഗോവിന്ദപ്പിള്ള, പി., വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.*
13. *ഗോവിന്ദപ്പിള്ള,പി., കേരളനവോത്ഥാനം മതാചാര്യർ മതനിഷേധികൾ, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009.*
14. *ഗോവിന്ദപ്പിള്ള, പി., കേരളനവോത്ഥാനം യുഗസന്തതികൾ ശില്പികൾ, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009.*
15. *ജോർജ് ഓണക്കൂർ, ഡോ., നായകസങ്കല്പം മലയാളനോവലിൽ, പ്രഭാത്ബുക്ക്ഹൗസ്, തിരുവനന്തപുരം, 1986.*
16. *ജോർജ് ഇരുമ്പയം, ഡോ., മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1997.*
17. *ജോർജ് ഇരുമ്പയം, ഡോ., നോവൽ സി.വി മുതൽ ബഷീർ വരെ, കേരളസാഹിത്യ അക്കാദമി,തൃശൂർ, 2009.*
18. *തരകൻ, കെ. എം., മലയാളനോവൽസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി,തൃശൂർ, 2005.*
19. *ദിലീപ് മേനോൻ, എം, ഡോ:, ജാതിയും കൊളോണിയൽ ആധുനികതയും: സരസ്വതീവിജയം വീണ്ടും വായിക്കുമ്പോൾ, താപസം, വോള്യം 1, ജൂലൈ, താരതമ്യപഠനസംഘം, ചങ്ങനാശേരി, 2005.*
20. *ബാലകൃഷ്ണൻ പി. കെ., ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി. സി. ബുക്സ്, കോട്ടയം, 2009.*
21. *രാജശേഖരൻ, പി. കെ., അന്ധനായ ദൈവം: മലയാള നോവലിന്റെനൂറുവർഷങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.*
22. *സാം, എൻ., കേരളത്തിലെ സാമൂഹിക നവോത്ഥാനവും സാഹിത്യവും, പ്രസാ. ഗ്രന്ഥകാരൻ, 1988.*
23. *സെൻ, സുകുമോൾ, ഇന്ത്യൻ തൊഴിലാളി വർഗത്തിന്റെ ചരിത്രം, കേരള സർവീസ്, തിരുവനന്തപുരം, 2005.*
24. *ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, എന്റെ സ്മരണകൾ (ഒന്നാം ഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദംകുളം, 2004.*
25. *ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, എന്റെ സ്മരണകൾ (രണ്ടാം ഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദംകുളം, 2004.*
26. *ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, എന്റെ സ്മരണകൾ (മൂന്നാം ഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദംകുളം, 2005.*

# ദളിത്സ്ത്രീസ്വത്വാവിഷ്കാരം സി. അയ്യപ്പന്റെ കഥകളിൽ

**ഡോ. ബീനാകൃഷ്ണൻ എസ്.കെ**
അസ്സോസിയേറ്റ് പ്രൊഫസർ,മലയാളവിഭാഗം, ഗവണ്മെന്റ് കോളെജ്,നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

കീഴാളജനതയെ സംബന്ധിക്കുന്ന ചരിത്രരചനാബോധം ആരംഭിക്കുന്നത് 1960 കളിലാണ്. സമകാലമലയാളചെറുകഥയിലെ പ്രധാനപ്രമേയങ്ങളിൽ ഒന്നാണ് ദളിത് വാദം. ദളിത് സ്വത്വത്തെ കഥകളിലാവിഷ്ക്കരിച്ച എഴുത്തുകാരിൽ പ്രധാനിയാണ് സി.അയ്യപ്പൻ. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ജീവിതാനുഭവങ്ങളാണ് അദ്ദേഹം തന്റെ കഥകളിൽ പ്രമേയമാക്കിയിട്ടുള്ളത്. മലയാളത്തിലെ ദളിത് കഥകളുടെ പശ്ചാത്തലത്തിൽ ദളിത്സ്ത്രീസ്വത്വത്തെ വിശകലനം ചെയ്യുന്ന പഠനങ്ങൾക്ക് ഏറെ പ്രസ്കതിയുണ്ട്. കാവൽഭൂതം, പ്രേതഭാഷണം തുടങ്ങിയ കഥകളിലൂടെ കീഴാളജീവിതവും ദളിത് സ്ത്രീ സ്വത്വവും തീവ്രമായി ആവിഷ്ക്കരിക്കുന്നു.

***താക്കോൽവാക്കുകൾ:*** സ്ത്രീസ്വത്വം, കീഴാളജീവിതം, ആത്മഭാഷണം, എഴുത്തുജീവിതം, കാവൽഭൂതം, പ്രേതഭാഷണം, ഭൂതബലി, നിരവത്ത് കയ്യാണി

സവർണ്ണവും മേലാളവുമായ പ്രത്യയശാസ്ത്രങ്ങൾക്കുള്ളിൽ നിലകൊള്ളുന്ന സ്വത്വം സാഹിത്യാവിഷ്കാരത്തിന്റെ ബഹുസ്വരതയെ തമസ്ക്കരിച്ചുകൊണ്ടാണ് ആധിപത്യം നേടുന്നത്. എഴുത്തിന്റെ കർതൃത്വം വരേണ്യമായ പൊള്ളബോധത്തിനുള്ളിലാണ് നിർമ്മിക്കപ്പെടുന്നത്. സമൂഹത്തിലെ സ്ത്രീ, ദളിത്, കീഴാള പ്രതിനിധാനങ്ങളെല്ലാം പൊതുഇടങ്ങളിൽ നിന്നും പലപ്പോഴും പുറത്താക്കപ്പെടുന്നുണ്ട്. ചരിത്രപരമായ തുടർച്ചയുണ്ടെങ്കിലും ഉത്തരാധുനിക സന്ദർഭത്തിലാണ് ഈ വിഷയം ഒരു സജീവപ്രമേയമായി വികസിക്കുന്നത്.

മുംബൈ കേന്ദ്രമാക്കി രൂപം കൊണ്ട ദളിത്പാന്തേഴ്സ് എന്ന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലൂടെ പരിചിതമായ പദമാണ് ദളിത്. ദല് എന്ന പദത്തിന് നശിക്കപ്പെട്ട അറുത്തുതള്ളപ്പെട്ട, പിളർത്തപ്പെട്ട എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. ദളിത് എന്ന പദം കൊണ്ട് ജാതിയെ ആണ് സൂചിപ്പിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഒരുവന്റെ പദവി നിശ്ചയിക്കുന്നത് അവന്റെ ജാതിയാണ്. ജാതി അടിസ്ഥാനത്തിൽ ജനങ്ങളെ പലതട്ടുകളായി തിരിച്ചിരിക്കുന്നു. അവരുടെ അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരാക്കി പൊതു ഇടങ്ങളിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ദളിത് കൂട്ടായ്മകളും ചർച്ചകളും ഇക്കാലത്ത് സജീവമാകുന്നത്.

മലയാളകഥയുടെ സമകാലികചരിത്രത്തിൽ ദളിത്, സ്ത്രീ, പരിസ്ഥിതി തുടങ്ങി വിഭിന്നങ്ങളായ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. സി. അയ്യപ്പൻ തൊണ്ണൂറുകളിൽ ദളിത് പ്രമേയങ്ങൾക്ക് സമകാലിക രൂപഭാവങ്ങൾ നൽകിയാണ് മലയാളചെറുകഥാരംഗത്ത് പ്രത്യക്ഷപ്പെടുന്നത്. ഞണ്ട്, സി.അയ്യപ്പന്റെ കഥകൾ, ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ എന്നിവയാണ് പ്രധാനകൃതികൾ. ടി.കെ.സി വടുതലയ്ക്കു ശേഷം ദളിത് അനുഭവങ്ങളെ ചരിത്രത്തിന്റെയും സംസ്ക്കാരരാഷ്ട്രീയത്തിന്റെയും പശ്ചാത്തലത്തിൽ ആവിഷ്ക്കരിച്ചത് സി.അയ്യപ്പനാണ്. ദളിത് കഥകൾ എന്ന ഒരു വിഭാഗം മലയാളകഥയിൽ പ്രാമുഖ്യം നേടുന്ന സമകാലികസന്ദർഭത്തിലാണ് ദളിത് സ്ത്രീസ്വത്വം അയ്യപ്പന്റെ കഥകളെ മുൻനിർത്തി അന്വേഷിക്കുന്നത്.

## സി.അയ്യപ്പന്റെ എഴുത്തുജീവിതം

സി.അയ്യപ്പൻ എറണാകുളം ജില്ലയിലെ കീഴില്ലത്ത് 1949ൽ ജനിച്ചു. ശ്രീശങ്കരവിദ്യാപീഠം, മഹാരാജാസ് കോളെജ്, എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം നിരവധി കോളേജുകളിൽ മലയാളം അധ്യാപകനായിരുന്നു മലപ്പുറം ഗവൺമെന്റ് കോളേജിൽ നിന്ന് പ്രിൻസിപ്പൽ ആയി വിരമിച്ചു.

പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ജീവിതാനുഭവങ്ങളെ മലയാളകഥയിൽ ആവിഷ്ക്കരിച്ചുകൊണ്ടാണ് സി.അയ്യപ്പൻ സാഹിത്യരംഗത്തു കടന്നുവരുന്നത്. നവോത്ഥാന കേരളത്തിന്റെ നീക്കിയിരിപ്പുകൾ ദളിത് ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് ഇന്നും വലിയ മാറ്റങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ല എന്ന് അദ്ദേഹത്തിന്റെ കഥകളിലൂടെ തിരിച്ചറിയുന്നു. ചെറുകഥ എന്ന സാഹിത്യജനുസിനെ ചരിത്രത്തിന്റെയും സംസ്ക്കാര രാഷ്ട്രീയത്തിന്റെയും ഉള്ളടക്കങ്ങളിൽ വ്യാഖ്യാനിക്കുന്നു അയ്യപ്പന്റെ കഥകൾ.

സമകാലമലയാളചെറുകഥയിൽ കീഴാളജീവിതവും അനുഭവങ്ങളും തീവ്രമായി ആവിഷ്ക്കരിക്കപ്പെടുന്ന കഥകൾ സി.അയ്യപ്പന്റേതാണ്. പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ, ജനതയുടെ ഭാഷാവൈവിധ്യങ്ങളും ചിതറിയജീവിതങ്ങളും ശക്തമായി ആവിഷ്ക്കരിക്കുന്നു. കാവൽഭൂതം, ഭൂതബലി, പ്രേതഭാഷണം തുടങ്ങിയ കഥകളിൽ ഇത്തരം സവിശേഷതകൾ കടന്നുവരുന്നുണ്ട്.

സി.അയ്യപ്പന്റെ സമ്പൂർണകൃതികളിൽ നിന്നും തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തി ദളിത് സ്ത്രീ സ്വത്വരൂപീകരണം അയ്യപ്പന്റെ കഥകളിൽ എങ്ങനെ പ്രകടമാകുന്നു എന്ന

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അന്വേഷണമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. മുഖ്യധാരയിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ട കീഴാള സാംസ്കാരികമൂലധനം അതിജീവനത്തിനു വേണ്ടിയുള്ള പുതിയൊരു പാതയൊരുക്കുന്നതായാണ് സി.അയ്യപ്പന്റെ കഥകളിൽ കാണപ്പെടുന്നത്. അദ്ദേഹത്തിന്റെ കഥകളിൽ ആത്മഭാഷണങ്ങളാണ് പ്രധാന പ്രമേയമായി കടന്നുവരുന്നത്. അത്തരത്തിൽ തെരഞ്ഞെടുത്ത ചില കഥകളാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## കാവൽഭൂതം

പ്രതികാരത്തിന്റെ ആത്മഭാഷണമാണ് കാവൽഭൂതം എന്ന കഥ. ശങ്കുണ്ണിയുടെ പ്രേതം തന്നെ നിരസിച്ച ദേവിയുടെ ഉടലിൽക്കയറി അവളോട് പ്രതികാരം ചെയ്യുന്നതാണ് കഥയിലെ ഇതിവൃത്തം. ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു ഐതിഹ്യകഥാപാത്രമായിരുന്നു ശങ്കുണ്ണി. ഐതിഹ്യത്തിന്റെ പുറമ്പോക്കിലേക്ക് തള്ളി അവനെപ്പറ്റി കഥകളുണ്ടാക്കാനായിരുന്നു ആളുകൾക്കിഷ്ടം. കൗമാരം കഴിയുന്നതിനു മുൻപുതന്നെ അച്ഛനെക്കൊന്നു ജയിലിൽ പോകുന്ന ശങ്കുണ്ണി, പുലക്കള്ളികളെ വേട്ടയാടുന്ന ഐസക് തന്റെ സഹോദരിയെ പിഴപ്പിച്ചെന്നറിയുമ്പോൾ അവനെക്കൊണ്ട് അവളുടെ കാൽകഴുകിയ വെള്ളം കുടിപ്പിക്കുന്നു. കൂടാതെ ഐസക്കിന്റെ അനിയൻ ബേബിയെ, ദേവിയുമായുള്ള രഹസ്യ സമാഗമവേളയിൽ മർദ്ദിച്ചു. ശങ്കുണ്ണി ദേവിയുടെ കണ്ണിൽ ചട്ടമ്പിയായി മാറുന്നു. ബേബി നാടുവിടുന്ന അവസരത്തിൽ ശങ്കുണ്ണിയുടെ കൂട്ടുകാരൻ വാസുവുമായി ദേവിയുടെ വിവാഹം നടക്കുന്നു. നാട്ടിൽ തിരിച്ചെത്തുന്ന ബേബിയുമായി ദേവി തന്റെ രഹസ്യബന്ധം തുടരുന്നു. ഇക്കാര്യം വാസുവിനോട് പറയാൻ ശങ്കുണ്ണി ശ്രമിക്കുന്നെങ്കിലും അതിനു കഴിയുന്നില്ല. അമ്പലത്തിലെ ഉത്സവം കാണാൻ വാസുവിനൊപ്പം എത്തുന്ന ദേവി ബേബിയുമായി ശൃംഗരിക്കുന്നത് കാണുന്ന വാസു ദേവിയെ മർദ്ദിക്കുന്നു. പെണ്ണിനെ തല്ലുന്നു എന്ന ബേബിയുടെ വാക്കുകേട്ട നാട്ടുകാർ വാസുവിനെ തല്ലുന്നു. ഇതിൽ മനം നൊന്ത വാസു ആത്മഹത്യ ചെയ്യുന്നു. വാസുവിനോട് തനിക്ക് സംസാരിക്കണം എന്ന് നിർബന്ധം പിടിക്കുന്ന ശങ്കുണ്ണി അതേ കയറിൽ തൂങ്ങിമരിക്കുന്നു. പരലോകത്തെത്തിയ ശങ്കുണ്ണിക്ക് വാസുവിനെ കണ്ടെത്താൻ കഴിയുന്നില്ല. തുടർന്ന് ദൈവത്തിൽ നിന്ന് വാസു ദേവിയുടെ വയറ്റിൽ ജനിക്കാൻ തുടങ്ങി എന്ന വാർത്ത അറിയുന്നു. അതിൽ ക്ഷുഭിതനായ ശങ്കുണ്ണി ദൈവത്തിൽ നിന്ന് വരം വാങ്ങി ഭൂമിയിലെത്തി ദേവിയെ നിത്യഗർഭിണിയാക്കി പ്രതികാരം ചെയ്യുന്നു.

ബാഹ്യലോകത്തിലെ ദുരന്തയാഥാർത്ഥ്യങ്ങളെ സംബന്ധിച്ച വിലയിരുത്തലുകളും മറുപടികളുമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത് സമൂഹത്തിൽ തന്റെ സ്വത്വം നഷ്ടപ്പെട്ടതിന്റെ കാരണം അന്വേഷിക്കുന്ന ശങ്കുണ്ണി,[1] 'ദേവി നമ്മുടെ ജീവിതം കല്ലേലിട്ട കലംപോലെ തകർന്നുപോകാനുള്ള കാരണം എന്താണ്' എന്ന് അന്വേഷിക്കുകയാണ്. കീഴാള അനുഭവങ്ങളെ ഐതിഹ്യവൽക്കരിക്കുന്ന പ്രവണതകളോടുള്ള പ്രതിഷേധം ഇവിടെ ശങ്കുണ്ണി എന്ന കഥാപാത്രത്തിലൂടെ പ്രകടമാകുന്നു. സ്വന്തം വ്യക്തിത്വത്തെ ഇല്ലാതാക്കിക്കൊണ്ട് യാഥാർത്ഥ്യത്തിൽ നിന്ന് അകറ്റിനിർത്താനുള്ള സാമൂഹ്യശ്രമങ്ങളെ പ്രതിരോധിക്കുന്ന കഥാപാത്രമാണ് കാവൽഭൂതത്തിലെ ശങ്കുണ്ണി. കീഴാള ജീവിതങ്ങളുടെയും അവരുടെ ദർശനങ്ങളുടെയും വ്യാഖ്യാനങ്ങളിയൂടെയുള്ള സ്വത്വനിർമ്മി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തിയിലെ അനിവാര്യതയാണ് സി.അയ്യപ്പൻ ഈ കഥയിലൂടെ മുന്നോട്ട് വയ്ക്കുന്നത്. ദൈവത്തെപ്പോലും സാധാരണ മനുഷ്യനായിട്ടാണ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്.

## പ്രേതഭാഷണം

ക്രിസ്ത്യൻ മതംമാറ്റ വിമർശനവും ആധുനികതാവിമർശനവും ഒരേ തരത്തിൽ പ്രത്യക്ഷപ്പെടുന്ന കഥയായി പ്രേതഭാഷണത്തെ വിലയിരുത്താം. സവർണ്ണ ക്രിസ്ത്യൻ യുവാവിനെ സ്നേഹിച്ച് അവനാൽ വഞ്ചിക്കപ്പെട്ട പുലക്കള്ളിയുടെ മകൾ ആ കാമുകന്റെ ശരീരത്തിൽ കയറിപ്പറ്റി അവളുമായി നടത്തുന്ന ആത്മഭാഷണമാണ് ഈ കഥയിൽ കഥാകൃത്ത് അവതരിപ്പിക്കുന്നത്.[2] 'എന്റെ വാക്കുകൾക്ക് ചെവി തരിക ഞാൻ നിന്നോട് സംസാരിച്ച് നിന്റെ മനസ്സിലെ കല്ലും നെല്ലും തരം തിരിക്കാൻ പോവുകയാണ്. ചങ്ങലയിൽ കിടക്കുന്ന നിന്നോട് സംസാരിക്കാൻ ഇപ്പോൾ ഞാൻ മാത്രമേ ഇവിടെ അവശേഷിച്ചി ട്ടുള്ളൂ. സത്യമേ ഞാൻ പറയൂ, നുണകൊണ്ട് നേടാവുന്ന അൽപരസങ്ങളിലൊന്നും എനിക്ക് താൽപര്യമില്ല'. പ്രേതമായി മാറിയ പുലക്കള്ളിയുടെ ഈ വാക്കുകൾ പുതിയ അവബോധമാണ് കഥയിൽ സൃഷ്ടിക്കുന്നത്. പ്രേതം എന്നത് അയ്യപ്പന്റെ കഥകളിൽ ഭയപ്പെടുത്തുന്ന ഒന്നല്ല. 'സത്യത്തിന്റെ നഗ്നതകൊണ്ടു ഞാൻ നിന്റെ കണ്ണെഴുതാൻ പോവുകയാണ്' എന്ന് പറയുമ്പോൾ സത്യത്തിനു ചുറ്റുമുള്ള കൈവശാവകാശം സാധ്യമാകുന്ന മനുഷ്യവർഗ്ഗമായി ദളിതർ പ്രേതഭാഷണങ്ങളിലൂടെ പരിവർത്തനം ചെയ്യപ്പെടുന്നു എന്ന് മനസ്സിലാക്കാം.

കീഴാള ജനതയിലെ ഒരുപറ്റം സ്ത്രീകളുടെ സ്വത്വത്തെ ചോദ്യം ചെയ്യുന്നതാണ് ഈ കഥയിൽ കാണുന്നത്. ക്രിസ്ത്യൻ യുവാവിന് ദളിത് യുവതിയെ സ്വീകരിക്കുന്നതിന് ജാതിമത കുടുംബബന്ധങ്ങൾ എതിരുനിൽക്കുന്ന സാമൂഹ്യവ്യവസ്ഥകളാണ് ഇന്നും നിലനിൽക്കുന്നത്. പ്രേതഭാഷണം എന്ന കഥ വർത്തമാനകാലത്ത് നിസ്സഹായയായ സ്ത്രീയുടെ പ്രതിരോധഭാഷണം കൂടിയാണ്. കീഴാളജനതയുടെ അടിച്ചമർത്തപ്പെട്ട വികാരങ്ങളും യാതനയുമാണ് ഇവിടെ ഉയർത്തെഴുന്നേൽക്കുന്നത്. കഥയിൽ ദളിത് സ്ത്രീയുടെ ശരീരം പീഡിപ്പിക്കപ്പെട്ട ജനതയുടെ ചരിത്രമാണ് വിളിച്ചുപറയുന്നത്. അതുകൊണ്ടുതന്നെയാണ് തന്റെ പ്രതികാരത്തിനായി അവൾക്ക് മറ്റൊരു ശരീരത്തെ തേടേണ്ടിവരുന്നത്.

കാമുകന്റെ സഹോദരിയുടെ ഉടൽ പുലക്കള്ളിയുടെ മകൾക്ക് പ്രതികാരം ചെയ്യാനുള്ള ഉപകരണമാണ്. അനിയത്തിയിലൂടെ കാമുകനുമായി രഹസ്യബന്ധം തുടർന്നപ്പോൾ അയാളുടെ അച്ഛൻ അവനെ വെട്ടിക്കൊല്ലുന്നു. സഹോദരിയുമായുള്ള നിഷിദ്ധബന്ധമായ തിനാലാണ് അച്ഛൻ മകനെ കൊല്ലുന്നത്. അങ്ങനെയാകുമ്പോൾ പുലക്കള്ളിയുടെ മകളു മായുള്ള ബന്ധവും നിഷിദ്ധമാണ്. കാരണം കാമുകന്റെ അച്ഛന് പുലക്കള്ളിയിൽ അവിഹിതമായുണ്ടായതാണ് പുലക്കള്ളിയുടെ മകൾ. ഒരു സ്കൂൾ അധ്യാപിക ആയിരുന്നിട്ടു കൂടി ദളിത് എന്ന അടിച്ചമർത്തലിൽപ്പെട്ടുപോകുന്ന നിസ്സഹായയായ ഒരു പെൺകുട്ടിയെയാണ് ഈ കഥയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. അതിനർത്ഥം വിദ്യാഭ്യാസം നേടിയിട്ടും അടിച്ചമർത്തലിൽ നിന്നും മോചനമില്ലാത്ത ജനവിഭാഗത്തെ യാണ് എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നത് എന്നാണ്.

## ഭൂതബലി

സമൂഹത്തിൽ ദളിത് ജനവിഭാഗങ്ങൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ രണ്ടു കാലഘട്ടങ്ങളിലായി അവതരിപ്പിച്ചിരിക്കുന്നു. രേവതി എന്ന കഥാപാത്രം തന്റെ സ്വത്വം ഇല്ലാതാക്കിയ കഥ ആദ്യം പൊട്ടിച്ചിരിയിലൂടെയും പിന്നീട് അവളുടെ ആത്മഭാഷണത്തിലൂടെയും വെളിപ്പെടുത്തുന്നു. ദളിത് വിഭാഗത്തിൽപ്പെട്ട ആദ്യത്തെ സ്കൂൾ അധ്യാപകനായിരുന്നു അവളുടെ അച്ഛൻ കണ്ടൻകോരൻ. ജോലിയിൽ പ്രവേശിക്കുന്ന ആദ്യദിവസം തന്നെ അദ്ദേഹത്തെ തൂമ്പ കൊണ്ടാണ് സ്കൂളധികൃതർ സ്വീകരിക്കുന്നത്. വിദ്യാഭ്യാസപുരോഗതി ഉണ്ടായിട്ടും അധ:സ്ഥിതനാണെന്നതിന് തെളിവായിട്ടാണ് തൂമ്പകൊണ്ടെതിരേൽക്കുന്നത്.

എന്നാൽ രേവതിയെ എതിരേറ്റത് തൂമ്പയും ചൂലുമൊന്നുമല്ല, മറിച്ച് ഒരു പ്രണയബന്ധമായിരുന്നു. ജോലിയിൽ പ്രവേശിക്കാൻ സിവിൽ സർജന്റെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണമെന്ന പ്രിൻസിപ്പാളിന്റെ പിടിവാശിക്കു മുന്നിൽ പകച്ചു നിന്ന അവളെയും അച്ഛനെയും സഹായിച്ചത് ദേവദാസ്മേനോൻ എന്ന അധ്യാപകനായിരുന്നു. അവർക്കുവേണ്ട സൗകര്യങ്ങളെല്ലാം ഒരുക്കികൊടുത്ത അയാളുമായി അവൾ പ്രേമബന്ധത്തിൽ ഏർപ്പെടുന്നു. എന്നാൽ അവളുടെ ശരീരത്തോടുള്ള അമിത ആസക്തിമൂലമാണ് ഭാര്യയും മകനുമുണ്ടെന്നുള്ള കാര്യം മറച്ചുവച്ച് അവളെ പ്രണയിച്ചതെന്നയാൾ തുറന്നു പറയുന്നതോടുകൂടി അവൾ ആ ബന്ധത്തിൽ നിന്നും പിൻമാറുന്നു. തന്റെയും തന്റെ പിതാവിന്റെയും കർതൃത്വം വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ് അവൾ മരണത്തിൽ നിന്നും ഉയർത്തെഴുന്നേൽക്കുന്നത്. കേരളത്തിൽ നവോത്ഥാനആശയങ്ങൾ ജാതിക്കെതിരാണെങ്കിലും അടിച്ചമർത്തലിന്റെ സംഘർഷാവസ്ഥ ഇന്നും നിലനിൽക്കുന്നുണ്ടെന്ന് അയ്യപ്പന്റെ ഈ കഥകളിൽ തെളിയുന്നു.

## നിരവത്ത് കയ്യാണി

ചവിട്ടിയാൽ കാൽ പറിച്ചെടുക്കാൻ കഷ്ടപ്പെടുന്ന കയ്യാണിയിൽ വച്ച് ഒരു പെൺകുട്ടിക്ക് അവളുടെ മാനം നഷ്ടപ്പെടുന്ന കഥയാണ് നിരവത്ത് കയ്യാണി. ഭൂതകാലത്തിലെയും വർത്തമാനകാലത്തിലെയും രണ്ടു കഥകളെ കൂട്ടിയിണക്കിയ ഈ കഥ 25 വർഷം മുൻപ് എഴുതപ്പെട്ട കഥയുടെ ഓർമ്മപ്പെടുത്തലാണെന്ന് എഴുത്തുകാരൻ പറയുന്നു. രണ്ടു കാലഘട്ടങ്ങളിലായി ഒറ്റമുലച്ചി, ഇണ്ണൂലി, ശാരദ എന്നിങ്ങനെ വ്യത്യസ്ത കാലങ്ങളിൽ സവർണ്ണപീഡനത്തിനിരയായ മൂന്നു സ്ത്രീകളുടെ കഥയാണ് ഇതിൽ പറയുന്നത്. ഒറ്റമുലച്ചിയെ കേന്ദ്രീകരിച്ചു പ്രാദേശികബിംബസൂചനകളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്. ഒറ്റമുലയും ദംഷ്ട്രകളും കനൽക്കണ്ണുകളുമുള്ള രൂപമാണ് ഒറ്റമുലച്ചിയുടേത്.

ഇണ്ണൂലിയുടെ കഥയിൽ തന്നെ നശിപ്പിച്ചവരോടുള്ള പ്രതികാരരൂപിയായി അവൾ മാറുന്നു. അവളിൽ പ്രത്യക്ഷപ്പെടുന്ന ദംഷ്ട്രകൾ പ്രതിരോധത്തിന്റെ സൂചകങ്ങളാണ്. കയ്യാണിയിൽ വച്ച് സവർണ്ണ തമ്പുരാനാൽ പീഡിപ്പിക്കപ്പെടുന്ന ശാരദയിൽ സ്വപ്നത്തിൽ മാത്രമാണ് ദംഷ്ട്രകൾ കാണുന്നത്. പീഡനങ്ങളെത്തുടർന്ന് ശാരദയുടെ വീടിനു തീയിടുകയും രക്ഷപ്പെട്ടോടി അവൾ കയ്യാണിയിൽ വീണൊടുങ്ങുകയുമായിരുന്നു എന്ന്

കഥാകാരൻ സൂചിപ്പിക്കുന്നു. പരസ്പരം പകർന്നാടുന്ന ഈ മൂന്നു ദളിത് സ്ത്രീ കഥാപാത്രങ്ങളിലൂടെ ജീവിതത്തിന്റെ നൈരന്തര്യം വ്യക്തമാക്കുന്നു.

ഇവിടെ കീഴാള സ്ത്രീയുടെ ശരീരത്തിലൂന്നിക്കൊണ്ടുള്ള സവർണ്ണരുടെ ചൂഷണങ്ങൾ എടുത്തുകാട്ടുന്നു. പ്രതികാരദാഹിയായ ഒറ്റമുലച്ചിയുടെയും ശാരദയുടെയും കാലുകൾ പിന്നോട്ടു സഞ്ചരിക്കുന്നതുവഴി സമൂഹത്തിൽ ദളിത് ജനതയ്ക്ക് മുന്നോട്ട് സഞ്ചരിക്കാൻ കഴിയാത്തവിധം അവരുടെ കർതൃത്വം അടിച്ചമർത്തപ്പെടുകയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാം.

## അരുന്ധതീദർശന ന്യായം

പ്രതികാരനടപടികൾക്ക് വേണ്ടിയുള്ള ഒരു ഉപകരണമാക്കി ദൈവത്തെ ചിത്രീകരിക്കുകയാണ് ഈ കഥയിലൂടെ എഴുത്തുകാരൻ ചെയ്യുന്നത്. കർക്കിടകവാവ് ദിവസത്തിൽ ചേച്ചി ഭഗവതിയെ എഴുന്നേൽപ്പിച്ചുനിർത്തി അനിയത്തി ദേവിയുടെ തലയിൽ കാലൂന്നി നിന്നുകൊണ്ട് ശക്തി പിടിച്ചുവാങ്ങുന്ന ഒരു കഥാപാത്രത്തെയാണ് അവതരിപ്പിക്കുന്നത്.4

വടക്കുനിന്നും വന്ന ഏഴു ദേവിമാരിൽ രണ്ടുപേരാണ് കഥയിലെ ദേവിമാർ. പുലക്കുടിയിൽ തീ വാങ്ങാൻ പോയപ്പോൾ മീൻ ചുടുന്നമണം അറിയാതെ ആസ്വദിച്ചതിന്റെ പേരിൽ ഭ്രഷ്ടരാക്കപ്പെട്ട ഏറ്റവും ഇളയസഹോദരിമാരാണ് ഈ ഭഗവതിമാർ എന്ന ഐതിഹ്യം കഥാകൃത്തിന്റെ നാട്ടിൽ പ്രചരിച്ചിട്ടുള്ളതാണെന്ന് സി. അയ്യപ്പൻ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇവിടെ ദൈവങ്ങളെപ്പോലും ജാതിയടിസ്ഥാനത്തിലാണ് തരംതിരിച്ചിരിക്കുന്നത്. ദൈവത്തിനുപോലും ഈ തരംതിരിവിൽ ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന പരിഹാസവും വിമർശനവുമാണ് കഥാകാരൻ അവതരിപ്പിക്കുന്നത്. ഈ കഥകളിലെല്ലാം തന്നെ അയ്യപ്പന്റെ കഥാപാത്രങ്ങൾ അവരവരുടെ ജീവിതവും സ്വത്വവും വെളിപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഓരോ കഥാപാത്രവും വ്യത്യസ്തതലങ്ങളിലാണ് അവരുടെ ജീവിതത്തെ തുറന്നുകാട്ടുന്നത്. ചിലർ പ്രേതങ്ങളായും ചിലർ ആത്മഭാഷണങ്ങളിലൂടെയും മറ്റു ചിലർ ദൈവത്തെ മുൻനിർത്തിയും.

## ഉപസംഹാരം

നിയമവൽക്കരിക്കപ്പെട്ടതും സ്ഥായിയുമായ സവർണബോധങ്ങളെ തിരുത്തുന്നതിലൂടെയും ദളിത് ദർശനങ്ങളിലൂടെ അവയെ പ്രാന്തവൽക്കരിക്കുന്നതിലൂടെയുമാണ് സമകാലികസന്ദർഭത്തിൽ ദളിത് വാദം പ്രാധാന്യമർഹിക്കുന്നത്. ഇന്ത്യയിൽ അംബേദ്കറുടെ നിരന്തരമായ ഇടപെടലുകളിലൂടെ സാമൂഹികരാഷ്ട്രീയരംഗങ്ങളിൽ സജീവ പ്രശ്നമായി ദളിത് ചിന്ത മാറി.

സി. അയ്യപ്പൻ താൻ ഉൾപ്പെടുന്ന കീഴാളസമുദായത്തിന് ഉന്നതകുലജാതരിൽ നിന്നും നേരിടേണ്ടി വന്ന ചൂഷണങ്ങളെയും പീഢനങ്ങളെയും വ്യത്യസ്തമായ ആഖ്യാനമാതൃകകളിലൂടെ ആവിഷ്ക്കരിച്ചു. റിയലിസത്തിന്റെ ഭാഷാക്രമങ്ങളെ അയ്യപ്പൻ പലപ്പോഴും തിരസ്ക്കരിച്ചു. പ്രേതം കൂടിയ വ്യക്തിയുടെ ഭാഷണമായി, ഭ്രാന്തുള്ള ആളിന്റെ

പറച്ചിലുകളായി, പിറുപിറുക്കലായി, അയ്യപ്പന്റെ കഥകളിൽ ഭാഷതന്നെ സവിശേഷ മാതൃകകളായി മാറുന്നു. വർത്തമാന ഘടനയ്ക്കുള്ളിലും കീഴാള അനുഭവങ്ങൾ തീവ്രമാണ്. അവൾക്ക് നേരിടേണ്ടി വരുന്ന പുതിയതരം അതിശയയുക്തികൾ അവരുടെ മനസ്സിൽ തീവ്രമായ സംഘർഷങ്ങൾ ഉണ്ടാക്കുന്നവയാണ്. ഭ്രാന്ത് അത്തരമൊരു കഥയാണ്. കാവൽ ഭൂതത്തിലെ ശങ്കുണ്ണി, തന്നെ തിരസ്ക്കരിച്ച ദേവിയോടുള്ള പ്രതികാരം പ്രേതശക്തി നേടി നിറവേറ്റുന്നു. ഇഹലോകജീവിതത്തിൽ സാക്ഷാത്കരിക്കാൻ പറ്റാതെപോയ കാര്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയാണ് അയ്യപ്പന്റെ കഥാപാത്രങ്ങൾ മരിക്കുന്നത്.

അരുന്ധതീദർശന ന്യായത്തിൽ കഥാപാത്രം ആത്മഹത്യചെയ്ത് പ്രേതശക്തിയും നീതിയും നേടാൻ നോക്കുന്നു. ഭൂതബലിയിൽ മരണത്തിലൂടെ കീഴാളസ്ത്രീ തന്റെ സ്വത്വം വെളിപ്പെടുത്തുന്നു. നിരവത്തു കയ്യാണിയിൽ കാൽ പുറകോട്ടു സഞ്ചരിക്കുന്ന ഒറ്റമുലച്ചി എന്ന കഥാപാത്രത്തിലൂടെ സമൂഹത്തിൽ ഇന്നു ദളിത് ജനതയ്ക്ക് മുന്നോട്ട് സഞ്ചരിക്കാൻ കഴിയുന്നില്ല എന്ന സത്യം വ്യക്തമാക്കുന്നു. ദളിത് സ്ത്രീസ്വത്വത്തെ ശാശ്വതീകരിക്കുന്ന സന്ദർഭങ്ങളായാണ് സി.അയ്യപ്പന്റെ കഥകൾ ആവിഷ്ക്കരിക്കുന്നത്. ജീവിതത്തിന്റെ പൊതു ഇടങ്ങളിൽ തങ്ങളുടെ സ്വത്വംനിഷേധിക്കപ്പെട്ടവരാണ് അയ്യപ്പന്റെ കഥാപാത്രങ്ങൾ. എന്നാൽ സമൂഹത്തിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടകീഴാള സംസ്കാരമൂലധനം അതിജീവനത്തിനുവേണ്ടിയുള്ള പുതിയൊരു പാതയൊരുക്കുകയാണ് അദ്ദേഹത്തിന്റെ കഥകളിൽ. ആധുനികതയുടെ മുഖ്യധാരാ കഥാഖ്യാനങ്ങളിൽ നിന്നും ചിതറിനിൽക്കുന്ന വാമൊഴിശൈലികളും അവ്യവസ്ഥാപിതമായ ആഖ്യാനവും സി.അയ്യപ്പന്റെ കഥകളെ വ്യത്യസ്തമാക്കുന്നു.

## കുറിപ്പുകൾ

1. *സി.അയ്യപ്പൻ,അയ്യപ്പന്റെ കഥകൾ, മനോരമ, പെൻഗ്വിൻ, കോട്ടയം,2008,പുറം:55*
2. *അതേ പുസ്തകം പുറം: 71*
3. *അതേ പുസ്തം പുറം : 82*
4. *അതേ പുസ്തകം പുറം : 90*

## സഹായകഗ്രന്ഥങ്ങൾ

1. *അയ്യപ്പൻ,സി.,അയ്യപ്പന്റെ കഥകൾ, മനോരമ, പെൻഗ്വിൻ, കോട്ടയം,2008.*
2. *അയ്യപ്പൻ,സി.,ഞണ്ടുകൾ, ഡി.സി. ബുക്സ്, കോട്ടയം, 2003.*
3. *പ്രദീപൻ പാമ്പിരിക്കുന്ന്, ദളിത് പഠനം, സ്വത്വം, സംസ്കാരം, സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007.*
4. *മുരളി, കവിയൂർ, ദളിത് സാഹിത്യം, കറന്റ് ബുക്സ്, കോട്ടയം, 2001.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# എം.ജി.എസിന്റെ നിരീക്ഷണങ്ങളിലെ പ്രശ്നങ്ങൾ

**ഡോ. പി.എസ്.രാജേഷ്കുമാർ**
മലയാളവിഭാഗം, യൂണിവേഴ്സിറ്റികോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

എം.ജി.എസ്. നാരായണന്റെ 'കേരളചരിത്രത്തിലെ പത്തു കള്ളക്കഥകൾ' എന്ന ചരിത്രകൃതി പേരുകൊണ്ടുതന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. എന്നാൽ ഇതിൽ എം.ജി.എസ്. കള്ളക്കഥകളാണെന്ന് സ്ഥാപിക്കുന്നവയിൽ ഭൂരിഭാഗവും സത്യമാണെന്ന്ആരുംതന്നെ വിശ്വസിക്കുന്നില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ നിഗമനങ്ങളിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുക എന്നതാണ് ഈ ലേഖനത്തിന്റെലക്ഷ്യം.

***താക്കോൽവാക്കുകൾ:*** എം.ജി.എസ്. നാരായണൻ, കേരളചരിത്രം, ഐതിഹ്യം, സെന്റ്തോമസ്, ചേരമാൻ പെരുമാൾ, വാസ്കോ ഡ ഗാമ, ടിപ്പുസുൽത്താൻ, പഴശ്ശിരാജാവ്, കേരളവികസനമാതൃക.

സംഭവപരമ്പരകളുടെ വസ്തുനിഷ്ഠമായ (objective) പ്രതിനിധാനമാണ് ചരിത്രം. എന്നാൽ ഐതിഹ്യങ്ങളെയും സങ്കല്പസാഹിത്യത്തെയും കെട്ടുകഥകളെയും കേട്ടറിവുകളെയും അടിസ്ഥാനമാക്കിയുള്ള ചരിത്രനിർമ്മിതി, അതിന്റെ ലക്ഷ്യത്തെത്തന്നെ ഇല്ലാതാക്കുന്നു. ചില ചരിത്രകാരന്മാർ പ്രസ്തുത ചരിത്രനിർമ്മിതിയിലെ (Historic Ditermination) ന്യൂനതകൾ വിലയിരുത്താറുമുണ്ട്. അതിലേക്കുള്ള ഒരു ശ്രമമായിരുന്നു മുട്ടായിൽ ഗോവിന്ദമേനോൻ ശങ്കരനാരായണൻ എന്ന എം.ജി.എസ്. നാരായണന്റെ കേരളചരിത്രത്തിലെ പത്തുകള്ളക്കഥകൾ എന്ന കൃതി. ബുക്കിന്റെ കവർപേജിൽ തന്നെ തിരുത്തിയെഴുതിയ കേരളചരിത്രം എന്നദ്ദേഹം ഇതിനെ വിശേഷിപ്പിച്ചിരിക്കുകയും ചെയ്യുന്നു. 'കേരളചരിത്രത്തിൽ വലുതും ചെറുതുമായ ഒരുപാട് കള്ളക്കഥകളുണ്ട്. അവയിൽ പ്രധാനപ്പെട്ട പത്തെണ്ണം തിരഞ്ഞെടുത്ത് ഒരു മാലയായി കോർത്ത് കൈരളിയുടെ കണ്ഠത്തിൽ ചാർത്തുവാനാണ് ഈ ലേഖനത്തിൽ ഉദ്യമിക്കുന്നത്'1 എന്ന്

അദ്ദേഹം രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ചരിത്രത്തിൽ അഗാധമായ അറിവുകളുണ്ടെങ്കിലും ചെറുപ്പകാലം മുതൽ പുലർത്തുന്ന കമ്മ്യൂണിസ്റ്റ് വിരോധവും ചരിത്രരചനയ്ക്ക് അവിഭാജ്യഘടകമായ വസ്തുതകളുടെ വിവരണത്തിന്റെ അഭാവവും ഒരു ഫ്യൂഡലിസ്റ്റിനെപ്പോലെ ജനപക്ഷത്തു നിലയുറപ്പിക്കാത്തതും അപഗ്രഥനാത്മകതയില്ലാതെ ചിട്ടപ്പെടുത്തുന്ന നിഗമനങ്ങളും പ്രസ്തുതകൃതിയെ ലക്ഷ്യത്തിലെത്തിക്കുന്നില്ല. അതുകൊണ്ടുതന്നെ വളരെ പ്രചാരത്തിലുള്ള ഈ തിരുത്തൽ നിർമ്മിതിയുടെ രചനാവൈകല്യം അന്വേഷിക്കേണ്ടതുണ്ട്.

എം.ജി.എസ്. തന്റെ കേരളചരിത്രത്തിലെ പത്തുകള്ളക്കഥകളിൽ ഒന്നാമതായി കുറിച്ചിരിക്കുന്നത് പരശുരാമൻ കേരളം സൃഷ്ടിച്ചു എന്ന കഥയാണ്. എന്നാൽ ആര്യാഗമനത്തെക്കുറിച്ചും ബുദ്ധജൈനമതത്തെപ്പറ്റിയും പറഞ്ഞ് കാടുകയറുന്നതല്ലാതെ പ്രസ്തുത വിഷയം എം.ജി.എസ്. പ്രതിപാദിക്കുന്നതേയില്ല. തന്നേയുമല്ല പരശുരാമകഥ സത്യമാണെന്ന് ഒരു കേരളീയനും വിശ്വസിക്കുന്നുമില്ല. അത് പഴകിയ ഒരു ഐതിഹ്യം മാത്രമാണ്. തന്നേയുമല്ല എം.ജി.എസിന്റെ ഈ ചരിത്രനിരാസത്തിലും പുതുമയില്ല. അത് ശ്രീധരമേനോൻ മുൻപുതന്നെ കുറിച്ചുവച്ചിട്ടുണ്ട്. 'ഈ ഐതിഹ്യത്തിന് ചരിത്രപരമോ വസ്തുതാസ്പർശിയോ ആയ അടിസ്ഥാനമൊന്നുമില്ല. പരശുരാമൻ തന്നെ ഒരു പുരാണ സങ്കല്പകഥാപാത്രമാണ്. ഒരു പ്രത്യേകഘട്ടത്തിൽ ബ്രാഹ്മണാധിപത്യസിദ്ധാന്തത്തിനു പ്രചാരം നൽകാൻ തൽപ്പരകക്ഷികൾ ചമച്ചതാണ് ഈ ഐതിഹ്യം'[2] എന്ന ശ്രീധരമേനോന്റെ നിഗമനത്തെ പകർത്തിയെഴുതുക മാത്രമാണ് ലേഖകൻ ചെയ്തത്. ചുരുക്കത്തിൽ ചരിത്രത്തിന്റെ ഭാഗമല്ലാത്ത ഒരു ഐതിഹ്യത്തെ ഉണ്ടെന്ന് തെറ്റിദ്ധരിച്ച് നിരാകരിക്കുവാനുള്ള എം.ജി.എസിന്റെ ശ്രമം ഒരു ചരിത്രകാരന് ചേർന്നതല്ല.

രണ്ടാമതായി എം.ജി.എസ്. രേഖപ്പെടുത്തിയിരിക്കുന്നത് യേശുക്രിസ്തുവിന്റെ ശിഷ്യനായ സെൻറ്തോമസ് കേരളത്തിൽ വന്നു എന്ന കഥ വ്യാജമാണെന്നാണ്. കേരളത്തിലെ എല്ലാ മതങ്ങളും തങ്ങൾക്ക് കൂടുതൽ പാരമ്പര്യമുണ്ടെന്ന് ബോധ്യപ്പെടുത്തുന്നതിന് ചില ഐതിഹ്യങ്ങളും കഥകളും പ്രചരിപ്പിക്കാറുള്ളതുപോലെ ഒരു കെട്ടുകഥയായി മാത്രമേ സെൻറ്തോമസിന്റെ കേരളസന്ദർശനത്തെയും കേരളീയർ കരുതുന്നുള്ളൂ. അക്കാലത്ത് ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാൾ, കാൽനടയായി കേരളത്തിലെത്തി ഇവിടെ ക്രിസ്തുമതം പ്രചരിപ്പിക്കുകയും തുടർന്ന് ചേരമാൻ പെരുമാളിനെയും ശങ്കരമംഗലം, പകലോമറ്റം എന്നീ ബ്രാഹ്മണ കുടുംബക്കാരെയും മതം മാറ്റി ക്രിസ്തുമതത്തിൽ ചേർക്കുകയും ചെയ്തു എന്നത് അവിശ്വസനീയമാണ്; ഇതിന് തെളിവുകളുമില്ല. തന്നേയുമല്ല ക്രിസ്തുവർഷാരംഭത്തിൽ, ചേരമാൻ പെരുമാൾ ആയിരുന്നോ ഇവിടുത്തെ ഭരണാധികാരി? അന്ന് എത്ര ബ്രാഹ്മണകുടുംബങ്ങൾ കേരളത്തിലുണ്ടാവും? ശ്രീധരമേനോൻ തന്റെ കേരളചരിത്രത്തിലും[3] പി.കെ.ഗോപാലകൃഷ്ണൻ തന്റെ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലും[4] അച്യുതവാര്യർ തന്റെ കേരള സംസ്കാരത്തിലും[5] സെൻറ് തോമസ് കേരളത്തിൽ വന്നു എന്ന് യാതൊരു രേഖകളുമില്ലാതെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം.ജി.എസ്. സെൻറ്തോമസ് കേരളത്തിൽ വന്നിരുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൗർഭാഗ്യവശാൽ ഇതിനൊന്നും തന്നെ

വസ്തുതാബലമുള്ള നിഗമനങ്ങളില്ല. അതുകൊണ്ടുതന്നെ ഇതും നിരാകരിക്കുവാനേ കഴിയൂ.

മഹാബലി കേരളം ഭരിച്ച കഥ ഒരു ചരിത്രമായി നിലനിൽക്കുന്നു എന്നും അതൊരു കെട്ടുകഥയാണെന്നുമുള്ളതാണ് എം.ജി.എസിന്റെ മൂന്നാമത്തെ വിമർശനം. എല്ലാ ആഘോഷങ്ങളുടെയും പിന്നിൽ ഒരു കഥയുണ്ടാവും. അതു പുരാണത്തിൽ അധിഷ്ഠിതവുമായിരിക്കും; അത് മിക്കപ്പോഴും കല്പിതകഥ മാത്രമാണ്; ചരിത്രമല്ല. ഓണത്തിന്റെ ഉത്ഭവത്തെക്കുറിച്ചും മഹാബലിവാമനൻ ദ്വന്ദ്വവുമെല്ലാം ഇത്തരത്തിലുള്ളതാണ്. മഹാബലി കേരളം ഭരിച്ചിട്ടുമില്ല, വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയിട്ടുമില്ല, ബലി എല്ലാവർഷവും കേരളത്തിൽ എത്താറുമില്ല, യാഥാസ്ഥിതികർപോലും അങ്ങനെ കരുതുന്നുമില്ല. അതിനാൽ മഹാബലി കേരളം ഭരിച്ചു എന്നത് ആസ്തികരുടെ ഒരു വിശ്വാസമാണ്, അതു ചരിത്രമല്ല.

ചേരമാൻ പെരുമാൾ നബിയെ കണ്ട കഥയ്ക്ക് കേരളത്തിൽ പ്രചാരമുണ്ടെന്നും അതിന് ചരിത്രപരമായി ബന്ധമില്ലെന്നുമാണ് എം.ജി.എസ്. പ്രകടിപ്പിക്കുന്ന നാലാമത്തെ കണ്ടെത്തൽ. ഏതു ചരിത്രകാരനാണ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അദ്ദേഹം പറയുന്നുമില്ല. നബി ഏ.ഡി. ഏഴാം നൂറ്റാണ്ടിലും അവസാന ചേരമാൻ പെരുമാൾ (1089-1124) കാലത്തുമാണ് ജീവിച്ചിരുന്നതെന്നും അതിനാൽ അവർ പരസ്പരം കാണുവാൻ സാധ്യതയില്ല എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. സെൻറ് തോമസിന്റെയും മഹാബലിയുടെയും പോലെ ഒരു കഥയായി മാത്രമേ ഈ സമാഗമത്തെയും കരുതുന്നുള്ളൂ. അതിനും ചരിത്രാടിത്തറയില്ല.

ഈ ഭാഗത്ത് 'പ്രവാചകൻ, ക്രിസ്തു ഏഴാം നൂറ്റാണ്ടിലും ഒടുക്കത്തെ ചേരമാൻ പെരുമാളായ രാമവർമ്മ കുലശേഖരൻ, ക്രിസ്തു പന്ത്രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ് ജീവിച്ചത്'[6] എന്ന എം.ജി.എസിന്റെ പ്രസ്താവത്തിനും തെളിവുകളുടെ അഭാവത്താൽ വിശ്വസനീയതയില്ല.

'വാസ്കോഡ ഗാമ 1498ൽ മലബാറിലെത്തിയപ്പോൾ, ആദ്യമായി കപ്പലിറങ്ങിയത് കാപ്പാട് കടപ്പുറത്താണെന്ന് കള്ളക്കഥയുണ്ടാക്കിയത് മറ്റാരുമല്ല, പ്രശസ്തമായ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്ന ഔദ്യോഗിക സ്ഥാപനം തന്നെയാണ്'[7] എന്നതാണ് എം.ജി.എസ് അഞ്ചാമതായി രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് ഗാമ ആദ്യമായി എത്തിയത് കാപ്പാടല്ലെന്നും അതിനു വടക്കുള്ള പന്തലായനികൊല്ലത്താണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇങ്ങനെ എഴുതിയതല്ലാതെ ഉപോത്ബലകമായ ഒരു വസ്തുതയും അദ്ദേഹം നൽകുന്നില്ല. ഇവിടെ എം.ജി.എസ് സത്യത്തിൽ നിന്നും രണ്ടുതവണ അകന്നുനിൽക്കുന്നു. ഒന്ന് നാളിതുവരെ പ്രചാരത്തിലുള്ള ഒരു ചരിത്ര വിശ്വാസത്തെ തിരസ്കരിക്കേണ്ടത് അതിനുയോജ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാവണം; എന്നാൽ ഇവിടെ അതുണ്ടായില്ല. രണ്ട് കാപ്പാടിനു വടക്കുള്ള പ്രദേശങ്ങളിലെ ജനങ്ങൾ അവിടുത്തെ കച്ചവട ടൂറിസം ലക്ഷ്യമിട്ട് വാസ്കോഡഗാമ ആദ്യമായി കപ്പലടുപ്പിച്ചത് പന്തലായനികൊല്ലത്താണെന്ന് പ്രചരിപ്പിക്കുന്നുണ്ട്;

അവിടെപ്പോയാൽ നമുക്കത് ബോധ്യമാവുകയും ചെയ്യും. അതിനാൽ പ്രസ്തുത നിരീക്ഷണം ശരിയാണെങ്കിൽ അത് എം.ജി.എസിന്റെ അഭിപ്രായമല്ല. ഇവിടെ തൻറേതല്ലാത്ത അഭിപ്രായം സ്വന്തമാണെന്ന മട്ടിലെഴുതി, എം.ജി.എസ്. തന്റെ വിശ്വാസം നഷ്ടപ്പെടുത്തുന്നത് നാം കാണുന്നു.

ആറാം അധ്യായത്തിൽ ടിപ്പു സുൽത്താന്റെ സ്വാതന്ത്ര്യപ്പോരാട്ടത്തെ എം.ജി.എസ്. നിരാകരിക്കുവാൻ ശ്രമിക്കുന്നത് വർഗ്ഗവെറിപൂണ്ട ഒരു ചരിത്രകാരനെപ്പോലെയാണ്. 1990 വരെ ടിപ്പു സുൽത്താൻ അറിയപ്പെട്ടിരുന്നത് ധീരദേശാഭിമാനിയായും തികവുറ്റ ഭരണാധികാരിയായും എന്തിന് ആധുനിക കർണ്ണാടകത്തിന്റെ ശില്പിയുമായാണ്. എന്നാൽ 1990 മുതലുള്ള ഇന്ത്യയിലെ അധികാരവ്യതിയാനം നമ്മുടെ ചരിത്രരചനയെയും സ്വാധീനിച്ചു. ഈ അധികാരവ്യതിയാനത്തിന്റെ സൗമ്യമായ ഉൽപ്പന്നമാണ് എം.ജി.എസ്.നാരായണൻ. അദ്ദേഹം ടിപ്പുവിന്റെ ഭരണമികവിനെ തന്റെ കേരള ചരിത്രത്തിലെ പത്തുകള്ളക്കഥയിൽ അപനിർമ്മിച്ചിരിക്കുന്നത് ഇങ്ങനെയാണ്. 'ടിപ്പു സുൽത്താൻ മൈസൂരിൽ, കർണ്ണാടകത്തിൽ, ശക്തനായ നല്ലൊരു ഭരണാധികാരിയും മംഗലാപുരത്തെ ക്രിസ്ത്യാനികളെയും മലബാറിലെ ഹിന്ദുക്കളെ അന്യായമായി ആക്രമിച്ചു കൊള്ളയടിച്ച ഒരു ദുഷ്ടനും ആയിരുന്നു. മതം അദ്ദേഹത്തിന്റെ സൈന്യാധിപന്മാർ ഒരു മറയാക്കിയിരുന്നു. ദേശീയബോധം പിൽക്കാലത്തെ ചില ബുദ്ധിശൂന്യരായ ചരിത്രകാരന്മാർ കൃത്രിമമായി സൃഷ്ടിച്ച് അദ്ദേഹത്തിനു ചാർത്തിക്കൊടുത്തതാണ്.'[8] ഇതിനു യാതൊരു രേഖയും എം.ജി.എസ്. നൽകുന്നില്ല എന്നു മാത്രവുമല്ല ഈ അഭിപ്രായത്തിലൂടെ അദ്ദേഹം ടിപ്പുസുൽത്താനെയും മറ്റു ചരിത്രകാരന്മാരെയും ഒന്നുപോലെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്നു. 'ഹൈദരുടെയും ടിപ്പുവിന്റെയും ആക്രമണങ്ങൾ, മലബാറിൽ പഴയ ജന്മിത്തവ്യവസ്ഥിതിയുടെ ക്ഷയത്തിനും രാജ്യഭരണത്തിൽ ആധുനികവും പുരോഗമനാത്മകവുമായ ആശയങ്ങളുടെ അവതരണത്തിനും വഴിതെളിച്ചു'[9] എന്ന ശ്രീധരമേനോന്റെ വിലയിരുത്തൽ നിഷ്പക്ഷതയോടുകൂടിയതാണ്.

പഴശ്ശിരാജാ വൈരം വിഴുങ്ങി ആത്മഹത്യചെയ്ത കഥയാണ് ഏഴാമത്തെ കെട്ടുകഥയായി എം.ജി.എസ് അവതരിപ്പിക്കുന്നത്. കേരളത്തിലെ പല ചരിത്രകാരന്മാരും പഴശ്ശിയെ ശത്രുക്കൾക്ക് കീഴടങ്ങാത്ത ഭരണാധികാരിയായി അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ശ്രീധരമേനോൻ, പി.കെ.ഗോപാലകൃഷ്ണൻ തുടങ്ങിയവർ തന്നെ ഉദാഹരണം. എന്നാൽ പഴശ്ശിയുടെ അന്ത്യത്തെക്കുറിച്ച് എം.ജി.എസ്. തന്റെ കൃതിയിൽ എഴുതുന്നത് 'കമ്പനി അരിയും ഭക്ഷ്യവസ്തുക്കളും വരുന്ന എല്ലാ വഴികളും അടച്ചതിനാൽ പട്ടിണികിടന്ന് ഗതി മുട്ടിയ തമ്പുരാനും അവശേഷിച്ച കൂട്ടുകാരും മൈസൂർ അതിർത്തിയിൽ കടന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലാണ് കമ്പനിപ്പട്ടാളത്തിന്റെപിടിയിൽപ്പെട്ടത്. ഏറ്റുമുട്ടലിൽ ആളറിയാതെ ആരോ വെച്ച വെടിയാണ് പഴശ്ശിത്തമ്പുരാനെ പരലോകത്തേക്കയച്ചത്. ഒരു തണുത്ത ലോഹക്കുഴലായ തോക്കിനുണ്ടോ തിരിച്ചറിവ്?'[10] ഇങ്ങനെയാണ്. വളരെ ഉദാസീനമായ ഈ പരികല്പന, അറിവില്ലാത്ത ചോദ്യത്തിന് വിദ്യാർത്ഥികൾ പരീക്ഷയിൽ, ഉത്തരമെഴുതുന്ന ലാഘവത്തോടെയാണ് എം.ജി.എസ്. നിർവ്വഹിച്ചിരിക്കുന്നത്. തന്നെയുമല്ല ഇത്ര ചമത്കാരമൊന്നും ഇല്ലാതെ തന്നെ

എസ്.അച്യുതവാര്യർ ഇത് വളരെ മുൻപുതന്നെ കുറിച്ചുവച്ചിട്ടുമുണ്ട്. 'ചാരന്മാരിൽ നിന്നും പഴശ്ശിയും സംഘവും വയനാട്ടിൽ, മൈസൂർ അതിർത്തിക്കടുത്ത് കങ്കാറപ്പുഴയരികിൽ ക്യാമ്പു ചെയ്യുന്നതായി അറിവുകിട്ടി, ബാബറിന്റെ നേതൃത്വത്തിൽ സൈന്യം പലതായി പിരിഞ്ഞു ഒളിത്താവളം വളഞ്ഞാക്രമിച്ചു. ഏറ്റുമുട്ടലിൽ പഴശ്ശി നിഹനിക്കപ്പെട്ടു.'[11] ഇവിടെ തെളിവില്ലാതെ ചരിത്രമെഴുതിയ എം.ജി.എസിനെ വിശ്വസിച്ചാൽ നാം മറ്റൊരു കള്ളക്കഥ വിശ്വസിക്കുന്നതുപോലെയാകും.

മലബാർ ലഹളയെക്കുറിച്ച് പ്രചാരത്തിലുള്ള ചരിത്രവസ്തുതകളും കള്ളക്കഥ കളാണെന്നാണ് എം.ജി.എസ്. പറയുന്നത്. അദ്ദേഹം മലബാർ കലാപത്തെക്കുറിച്ച് ഇങ്ങനെ പ്രസ്താവിക്കുന്നു. 'ഏറനാട്ടിലാണ് (മഞ്ചേരിമലപ്പുറം ഭാഗങ്ങളിൽ) ടിപ്പു സുൽത്താന്റെ കാലത്തുണ്ടായ നിർബന്ധിത മതംമാറ്റത്തിൽ മുസ്ലീങ്ങളായ ഒട്ടേറെ താഴ്ന്ന ജാതിക്കാർ, ഭൂവുടമകളാവുകയും പിന്നീട് ബ്രിട്ടീഷുകാർ വന്നപ്പോൾ ആ ഭൂമി നഷ്ടപ്പെട്ട് കഷ്ടത്തിലാവുകയും ചെയ്തിരുന്നത്. പണ്ട് ഉയർന്ന ജാതിക്കാർക്കെതിരെയും ബ്രിട്ടീഷുകാർക്കെതിരെയും വളർന്ന ശത്രുത അക്രമാസക്തമായ നിലയിൽ നിയന്ത്രണം വിട്ട് അരങ്ങേറി. ബ്രിട്ടീഷ് വിരുദ്ധമായി ഗാന്ധിജിയും കോൺഗ്രസ്സും കല്പിച്ച പ്രസ്ഥാനം സാമുദായിക ലഹളയായി, വൻതോതിലുള്ള രക്തച്ചൊരിച്ചിലിൽ കലാശിച്ചു. നൂറുകണക്കിനു ഹിന്ദുക്കൾ അക്രമത്തിനും മതംമാറ്റത്തിനും ഇരയായി'[12]. എന്നാൽ മലബാർലഹള ഒരു കർഷകസമരമായിരുന്നു എന്നാണ് മിക്ക ചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ കർഷകസമരത്തെ എം.ജി.എസ്. നേരിടുന്നു. 'കുടിയാന്മാരുടെ ജന്മികൾക്കെതിരായ പ്രക്ഷോഭമാണ് 1921ൽ ഉണ്ടായതെന്നു പറയു മ്പോൾ പല വൈഷമ്യങ്ങളും ഉണ്ട്. ഒന്നാമതായി മലബാറിൽ എല്ലായിടത്തും കുടിയാന്മാരും ജന്മികളും ഉണ്ടായിരുന്നു. ഒരേ പ്രശ്നങ്ങളാണ് ഉണ്ടാവേണ്ടത്, ഒരു താലൂക്കിലെ അല്പം ചില ഭാഗങ്ങളിൽ മാത്രമല്ല. രണ്ടാമതായി കുടിയാന്മാരിൽ ഭൂരിഭാഗവും മുസ്ലീങ്ങളായിരുന്നില്ല. ഈഴവരും നായന്മാരും ഒരുപാടുണ്ടായിരുന്നു. അവരാരും പ്രക്ഷോഭത്തിൽ ചേർന്നില്ല. മൂന്നാമതായി കണ്ണൂരിലും തലശ്ശേരിയിലും കോഴിക്കോട്ടും പൊന്നാനിയിലുമുള്ള മുസ്ലീം കുടിയാൻമാർ പോലും ലഹളയിൽ പങ്കെടുത്തില്ല. നാലാമതായി ഒരു കർഷക മുദ്രാവാക്യം പോലും ഈ ലഹളയിൽ ഉയർന്നില്ല. ഇത് കല്പിച്ചുകൂട്ടി ഒരു വർഗ്ഗസമരവ്യാഖ്യാനം കെട്ടിയേൽപ്പിക്കുന്നതിന്റെ ഉദാഹരണമാണ്[13]. മുൻപുപറഞ്ഞ ഏഴ് കള്ളക്കഥകളിൽ നിന്നും വ്യത്യസ്തമായി മലബാർ ലഹളയിൽ അദ്ദേഹം ചില വിരുദ്ധാഭിപ്രായങ്ങൾ എണ്ണമിട്ടുനിരത്തുന്നുണ്ടെങ്കിലും അതൊന്നും തന്നെ വാസ്തവമല്ല. മലബാർ കലാപം കേവലം 1921ൽ ഉണ്ടായതല്ല. മലബാറിൽ 1850 മുതൽ കുടിയാന്മാർ ഒരു ഭാഗത്തും ജന്മികളും ബ്രിട്ടീഷുകാരും വിരുദ്ധഭാഗത്തുമായി പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുണ്ട്. തന്നെയുമല്ല സമരക്കാർ, എം.ജി.എസ് എഴുതിയതുപോലെ മുസ്ലീങ്ങൾ മാത്രമായിരുന്നില്ല; ഹിന്ദുക്കളുമുണ്ടായിരുന്നു. ബ്രഹ്മദത്തൻ നമ്പൂതിരി, നാരായണമേനോൻ തുടങ്ങിയവരായിരുന്നല്ലോ മലബാർ കലാപത്തിന്റെ ആദ്യകാല നായകന്മാർ. കൊളോണിയൽ സ്റ്റേറ്റിനും ജന്മിമാർക്കുമെതിരായ സമരമാണ് മലബാർ ലഹളയെന്ന കെ.എൻ.പണിക്കരുടെ നിരീക്ഷണം അത്തരത്തിലു ള്ളതാണ്. യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഭരണത്തിനും, ആ ഭരണത്തിന്റെ നാട്ടുനടത്തിപ്പു

കാരായ ജന്മിമാരുടെ ദുർഭരണത്തിനും ദ്രോഹങ്ങൾക്കുമെതിരെ മലബാറിലെ കർഷകരുടെ സമരപോരാട്ടമാണ് മലബാർ കലാപം. ഇതിന്റെ ജീവിക്കുന്ന മനുഷ്യസാക്ഷ്യങ്ങൾ അടുത്തകാലം വരെ ഉണ്ടായിരുന്നിട്ടും അതിനെയെല്ലാം നിരാകരിച്ച് ഒരു ജനവിഭാഗത്തെ തന്നെ സംശയദൃഷ്ടിയിൽ നിർത്തുന്ന എം.ജി.എസിന്റെ കാർഷികസമരത്തിന്റെ അട്ടിമറിക്കഥയും മലബാർ കലാപനിരീക്ഷണവും വ്യാജമാണ്. മാത്രമല്ല അത് യഥാർത്ഥ വിപ്ലവകാരികളോടു ചെയ്യുന്ന കടുത്ത അപരാധവുമാണ്.

കേരള വികസനമാതൃക ഒരു കള്ളക്കഥയാണെന്നതാണ് എം.ജി.എസിന്റെ ഒൻപതാമത്തെ നിരീക്ഷണം. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പണം ഉപയോഗിച്ചാണ് കേരളത്തിൽ റോഡുകളും സ്കൂളുകളും ആശുപത്രികളും ഉണ്ടായതെന്നും അതിൽ ഇവിടുത്തെ ഗവൺമെന്റുകൾക്ക് പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് ഗവൺമെൻറുകൾക്ക് യാതൊരു പങ്കുമില്ലെന്നും, അവർ കേരളത്തിലെ വ്യവസായശാലകളെ തകർക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അതിനാൽ കേരളമോഡൽ വികസനം ഒരു കെട്ടുകഥയാണെന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം; കേരളമാതൃക എന്താണെന്ന് മനസ്സിലാക്കാത്തതിന്റെ പിഴവാണിത്. ലോകത്തിനു തന്നെ പല കാര്യത്തിലും മാതൃകയാണ് ഇന്നു കേരളം. ഉയർന്ന സാക്ഷരത, മികച്ച ആരോഗ്യം, കൂടിയ ആയുർദൈർഘ്യം, എല്ലാവർക്കും വിദ്യാഭ്യാസം, സകലർക്കും വീട്, ശുദ്ധജലം, വൈദ്യുതി, നഗരത്തിലും ഗ്രാമത്തിലും ഒരേ തരം വികസനം, വിഭാഗീയതയില്ലായ്മ തുടങ്ങിയവയാണ് കേരളവികസനത്തിന്റെ സവിശേഷത. ഇതിന് എന്നും ജനപക്ഷത്തു നിൽക്കുന്ന കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് വളരെയധികം സംഭാവന നൽകിയിട്ടുമുണ്ട്. അതുകൊണ്ടുതന്നെ കേരളമോഡൽ ഒരു കള്ളക്കഥയാണെന്ന എം.ജി.എസിന്റെ അഭിപ്രായം തള്ളേണ്ടതുമാണ്.

പത്താമത്തെ കെട്ടുകഥയായി അദ്ദേഹം കുറിക്കുന്നത് മുസിരിസ് ഇന്നത്തെ പറവൂർ പട്ടണത്തിന്റെ ഭാഗമാണെന്നു സ്ഥാപിക്കുവാൻ ഇവിടത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് ശ്രമിച്ചുവെന്നും എന്നാൽ മുസിരിസ് കൊടുങ്ങല്ലൂരാണെന്നുമാണ്. കേരളത്തിൽ ഏതാണ്ട് എല്ലാ ചരിത്രഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത് മുസരിസ്, കൊടുങ്ങല്ലൂരാണെന്നു തന്നെയാണ്. പ്രാചീനകാലത്തെ തിണ്ടിസ്, ബൊറക്കെ, നെൽക്കിണ്ട തുടങ്ങിയ മറ്റ് എല്ലാ തുറമുഖങ്ങളും സ്ഥിതിചെയ്തിരുന്നത് ഇന്നത്തെ ഏതു പ്രദേശത്തായിരുന്നു എന്നതിനെക്കുറിച്ച് അഭിപ്രായഭിന്നതയുണ്ടെങ്കിലും മുസിരിസ് കൊടുങ്ങല്ലൂരാണെന്നതിന് സംശയമില്ല. തന്നേയുമല്ല പറവൂർ മുസിരിസാക്കുവാൻ ആരും ശ്രമിച്ചിട്ടുമില്ല. അതിനാൽ എം.ജി.എസിന്റെ സങ്കല്പകഥമാത്രമാണിത്. ചുരുക്കത്തിൽ എം.ജി.എസ്. കേരള ചരിത്രത്തിലെ പത്തുകള്ളക്കഥകൾ എന്ന പേരിൽ പ്രചരിപ്പിക്കുന്ന ഈ സംഭവങ്ങൾ എല്ലാം തന്നെ ചരിത്രമായി ആരും പരിഗണിക്കാത്തതാണ്. ചിലത് സൂചിതകഥകളോ ഐതിഹ്യങ്ങളോ മാത്രമാണ്. മറ്റു ചിലത് എം.ജി.എസിന്റെ കല്പനകളും. വാസ്കോഡഗാമ കപ്പലിറങ്ങിയത് കാപ്പാടല്ല, ടിപ്പു സ്വാതന്ത്ര്യപ്പോരാളിയുമല്ല, മലബാർ കലാപം കർഷകസമരമല്ല തുടങ്ങിയ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ രേഖകളുടെ അഭാവത്തിൽ വിശ്വാസയോഗ്യമല്ല. കേരളമോഡൽ ഇല്ല, മുസിരിസിനെ പറവൂർ ആക്കുവാൻ ശ്രമിക്കുന്നു തുടങ്ങിയ പ്രസ്താവനകൾ രാഷ്ട്രീയപ്രേരിതവുമാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എല്ലാ ചരിത്രകാരന്മാർക്കും ചില പക്ഷപാതങ്ങളുണ്ട്. ഈ പക്ഷം ചേരാൻ അവരുടെ നല്ല ചരിത്രഗവേഷണത്തെപ്പോലും നശിപ്പിക്കാറുമുണ്ട്. എം.ജി.എസും ഇത്തരം ചില ചേരിയുടെ തടവറയിലാണ്. കമ്മ്യൂണിസ്റ്റ് വിരോധവും മുസ്ലീം വിദ്വേഷവും അദ്ദേഹത്തിന്റെ ചരിത്രനിരീക്ഷണങ്ങളിൽ ഉടനീളം കാണാം. അതൊരു വലിയ ന്യൂനത തന്നെയാണ്. ഒരു ചരിത്രകാരൻ രേഖകളുടെ അടിസ്ഥാനത്തിലാണ് സംസാരിക്കേണ്ടത്. എന്നാൽ എം.ജി.എസ്. കേവലം കഥ പറയുന്ന മട്ടിലും അയുക്തികമായും പല നിഗമനങ്ങളിലും എത്തിച്ചേരുന്നത് ശരിയായ ചരിത്രനിർമ്മിതിയല്ല. ചുരുക്കത്തിൽ കേരളചരിത്രത്തിലെ പത്തുകള്ളക്കഥകൾ എന്ന പേരിൽ എം.ജി.എസ്. നിരത്തുന്ന പത്തു സംഭവങ്ങളും വസ്തുതകളുടെയും യുക്തിയുടെയും അഭാവത്തിൽ നിരാകരിക്കേണ്ടത് തന്നെയാണ്.

## കുറിപ്പുകൾ

1. *എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ പത്തു കള്ളക്കഥകൾ, ഡി.സി.ബുക്സ്, 2022.പേജ് 93.*
2. *എ.ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി.ബുക്സ്, 2008.പേജ് 25,*
3. *അതേ പുസ്തകം, പേജ് 107.*
4. *പി.കെ.ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.പേജ് 192,193.*
5. *എസ്. അച്യുതവാര്യർ, കേരള സംസ്കാരം, പേജ് 46, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.*
6. *എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ പത്തു കള്ളക്കഥകൾ, ഡി.സി.ബുക്സ്, 2022.പേജ് 105,*
7. *അതേ പുസ്തകം, പേജ് 109.*
8. *അതേ പുസ്തകം, പേജ് 117.*
9. *എ.ശ്രീധരമേനോൻ, കേരളചരിത്രശില്പികൾ, ഡി.സി.ബുക്സ്, 2007,പേജ് 188.*
10. *എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ പത്തു കള്ളക്കഥകൾ, ഡി.സി.ബുക്സ്, 2022, പേജ് 121.*
11. *എസ്. അച്യുതവാര്യർ, കേരളസംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010,പേജ് 184,*
12. *എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ പത്ത് കള്ളക്കഥകൾ, ഡി.സി.ബുക്സ്, 2022, പേജ് 126,*
13. *അതേ പുസ്തകം, പേജ് 127.*

## സഹായകഗ്രന്ഥങ്ങൾ

1. *അച്യുതവാര്യർ, എസ്., കേരളസംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010,*
2. *ഗോപാലകൃഷ്ണൻ,പി.കെ.,കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.*
3. *നാരായണൻ, എം.ജി.എസ്., കേരളചരിത്രത്തിലെ പത്തു കള്ളക്കഥകൾ, ഡി.സി.ബുക്സ്, 2022.*
4. *ശ്രീധരമേനോൻ .എ, കേരളചരിത്രശില്പികൾ, ഡി.സി.ബുക്സ്, 2007.*

# ഭാഷാഭേദവും പ്രാദേശികഭാഷയും: ദേശീയവിദ്യാഭ്യാസനയത്തിൽ

**ഡോ.പി.ശിവപ്രസാദ്**
അസി. പ്രൊഫസർ, ഡിപാർട്ട്മെൻറ് ഓഫ് മോഡേൺ ഇന്ത്യൻ ലാംഗ്വേജസ് ആൻറ് ലിറ്ററി സ്റ്റഡീസ്, ഫാക്കൽട്ടി ഓഫ് ആർട്സ്, നോർത്ത് ക്യാമ്പസ്സ്, ഡൽഹി സർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

ദേശീയവിദ്യാഭ്യാസനയത്തിന്റെ പശ്ചാത്തലത്തിൽ ഭാഷാപഠനസമീപനങ്ങളെ, പ്രത്യകിച്ച് പ്രാദേശികഭാഷാപഠന സമീപനങ്ങളെ അപഗ്രഥിക്കുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം. മാനകഭാഷ, പ്രാദേശികഭാഷ എന്നിങ്ങനെയാണ് പൊതുവെ ഭാഷയെ ഭാഷാഗവേഷകർ പഠനസൗകര്യത്തിനായി തിരിച്ചിരിക്കുന്നത്. എന്നാൽ പ്രാദേശിക ഭാഷയിൽതന്നെ വീട്ടുഭാഷ എന്ന പ്രത്യേക വിഭാഗത്തെക്കൂടി ദേശീയവിദ്യാഭ്യാസനയം അഭിസംബോധന ചെയ്യുന്നുണ്ട്. ഈ സമീപനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ പ്രാദേശിക ഭാഷാപഠനങ്ങൾക്ക് സംഭവിക്കാൻ പോകുന്ന പരിണാമം അടയാളപ്പെടുത്തേണ്ടതുണ്ട്.

***താക്കോൽവാക്കുകൾ:*** ദേശീയവിദ്യാഭ്യാസനയം, മാതൃഭാഷ, മാനകഭാഷ, പ്രാദേശികഭാഷ, വീട്ടുഭാഷ

## മാനകഭാഷയും പ്രാദേശികഭാഷയും

മാനകഭാഷയെ മാനദണ്ഡമാക്കിയാണ് പൊതുവെ ഭാഷാഭേദങ്ങളെ നിശ്ചയിക്കുന്നത്. ഒരേ മാതൃഭാഷ സംസാരിക്കുന്നവർതന്നെ വിവിധ കാരണങ്ങൾകൊണ്ട് വ്യത്യസ്തമായ രീതിയിൽ ഭാഷ ഉപയോഗിക്കുമ്പോൾ ഭാഷാഭേദമുണ്ടാവുന്നു. മാനകഭാഷ എന്ന സങ്കല്പത്തിന് മുൻകാലങ്ങളിലുണ്ടായിരുന്ന പ്രാധാന്യം ഇന്നില്ല. മുമ്പ് പരമ്പരാഗത മാധ്യമങ്ങളാണ് മാനകഭാഷയെ ഭാഷയുടെ ഉയർന്ന തലത്തിൽ പ്രതിഷ്ഠിച്ചിരുന്നത്. എന്നാൽ സാമൂഹിക മാധ്യമങ്ങളുടെ കടന്നുവരവോടെ ഭാഷയുടെ പ്രാദേശിക

ഭേദങ്ങൾക്കും മാധ്യമരംഗത്ത് പ്രചാരമുണ്ടായി. ഇതൊക്കെയാണെങ്കിലും ഭാഷാഭേദങ്ങളും അവ ചേർന്നുണ്ടാവുന്ന പ്രാദേശികഭാഷകളും ഭാരതത്തിൽ പ്രതിസന്ധി നേരിടുന്നുണ്ട്. കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ മാത്രം 220 ഭാഷകൾ നമുക്ക് നഷ്ടപ്പെട്ടുവെന്ന് 2020 ൽ നിലവിൽ വന്ന ദേശീയവിദ്യാഭ്യാസനയത്തിൽ പ്രത്യേകം പറയുന്നുണ്ട്. 197 ഭാരതീയ ഭാഷകളെ വംശനാശഭീഷണി നേരിടുന്ന ഭാഷകളായി യുനസ്കോ പ്രഖ്യാപിച്ചിട്ടുള്ളതും ഇതിനോട് ചേർത്ത് വായിക്കാം. ലിപിയില്ലാത്ത പല ഭാഷകളും നാശത്തിന്റെ വക്കിലാണു ള്ളത്. ഇത്തരം ഭാഷകൾ സംസാരിക്കുന്ന ഗോത്രസമൂഹത്തിലെ മുതിർന്ന അംഗങ്ങൾ മരണപ്പെടുമ്പോൾ ആ ഭാഷകളും അതോടൊപ്പം വിസ്മൃതമാവുന്നു. വിശാലമായ ഇത്തരം സംസ്കാരങ്ങളുടെ തനത് ആവിഷ്കാരങ്ങളായ ഭാഷകൾ രേഖപ്പെടാതെ നശിച്ചുപോകാറുണ്ട്.

ഭാരതീയഭാഷകൾക്ക് ഇത്തരത്തിൽ പ്രതിസന്ധി രൂപപ്പെടുമ്പോൾ അവയെ സംരക്ഷി ക്കേണ്ടത് ഭാഷാസ്നേഹികളുടെ ഉത്തരവാദിത്വമാണ്. മൂന്നാം ലോകരാജ്യങ്ങളിലേക്ക് സാംസ്കാരിക അധിനിവേശം നടത്തിയ യൂറോപ്യൻ സാമ്രാജ്യത്വശക്തികളാണ് വാസ്തവത്തിൽ ഭാരതീയഭാഷകളെ ഭാരതീയരിൽനിന്നും ആദ്യം അകറ്റിയത്. ഒരു രാഷ്ട്രത്തെ കീഴ്പെടുത്താൻ ആദ്യം ചെയ്യേണ്ടത് ആ രാഷ്ട്രത്തിന്റെ സംസ്കാരവാഹിനി കളായ ഭാഷകളെ നശിപ്പിക്കുകയാണെന്ന് സാമ്രാജ്യത്വശക്തികൾ മുമ്പേ തിരിച്ചറിഞ്ഞി ട്ടുണ്ട്. യൂറോകേന്ദ്രിതമായ സംസ്കാരം മൂന്നാം ലോകരാജ്യങ്ങളിലെ സംസ്കാരങ്ങളിൽ അധിനിവേശം നടത്താനായി ഉപയോഗിച്ചത് ഈ മാർഗ്ഗമാണ്. കെനിയൻ എഴുത്തുകാര നായ ഗൂഗി വാതിയോംഗോ തന്റെ 'അപകോളനിവൽക്കരിക്കപ്പെട്ട മനസ്സ്' എന്ന പുസ്തക ത്തിൽ ഇക്കാര്യം സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ പറയുന്നുണ്ട്. തന്റെ സംസ്കൃതിയുടെ സ്വത്വമായ ഗിഗിയുഭാഷയെ ബ്രിട്ടീഷുകാർ നശിപ്പിച്ച വിധം വ്യക്തമാക്കി അതിൽനിന്നും സ്വഭാഷയെ വീണ്ടെടുക്കാൻ നടത്തിയ ശ്രമങ്ങളാണ് തിയാംഗോ ആ പുസ്തകത്തിൽ സൂചിപ്പിക്കുന്നത്. തിയോംഗോയെപ്പോലുള്ളവരുടെ ഇടപെടൽകൊണ്ട് കെനിയ ഉൾപ്പെടെ യുള്ള ആഫ്രിക്കൻ രാജ്യങ്ങൾ ഭാഷാകോളനീകരണത്തിൽനിന്നും ഒരു വിധം കരകയറി. ഇസ്രായേലി ജനതയാവട്ടെ ഒരു പടികൂടിക്കടന്ന് ഭാഷാധിനിവേശത്തിൽനിന്നും കുതറി മാറി തങ്ങളുടെ ഭാഷയായ ഹീബ്രുവിനെ ലോകഭാഷകളുടെ നെറുകയിൽ എത്തിച്ചു. 1890-ൽ എലൈസർ ബെൻ യെഹൂദ സ്ഥാപിച്ച ഹീബ്രു ലാംഗ്വേജ് കമ്മിറ്റിയിൽനിന്നും ആരംഭിക്കുന്നു ഹീബ്രുഭാഷയുടെ ഉയർത്തെഴുന്നേൽപ്പ്. ഈ കമ്മിറ്റി 1953-ൽ 'അക്കാദമി ഓഫ് ഹീബ്രു ലാംഗ്വേജ്' ആയി മാറുന്നു. സാഹിത്യം മാത്രമല്ല, ശാസ്ത്രവിഷയങ്ങളും അവർ ഹീബ്രുവിൽ കൈകാര്യം ചെയ്തു. അതുകൊണ്ടുതന്നെ അവർക്ക് ശാസ്ത്രവിഷയ ങ്ങളിൽ മൗലികമായ കണ്ടെത്തലുകൾ നടത്താൻ എളുപ്പം കഴിഞ്ഞു. നോബൽ സമ്മാനിത രായ ഇസ്രായേലി ശാസ്ത്രജ്ഞൻമാരെ നോക്കുക. അവരിൽനിന്നും നമുക്ക് ഒരുപാട് പഠിക്കാനുണ്ട്. യൂറോകേന്ദ്രിത സാംസ്കാരികാധിനിവേശത്തിന്റെ വിഴുപ്പുമായി നടക്കുന്ന എല്ലാ മൂന്നാം ലോകരാജ്യങ്ങൾക്കും ഇസ്രായേൽ ഒരു മാതൃകയായി മാറുന്നത് അതുകൊണ്ടാണ്.

1835 മുതൽ ഭാരതീയരും ഭാഷാധിനിവേശത്തിന്റെ ഇരകളാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം നമുക്ക് പുതിയ ലോകവീക്ഷണം നൽകിയെന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്.

എന്നാൽ അതോടൊപ്പം സ്വന്തം ഭാഷകളെക്കുറിച്ചുള്ള അവജ്ഞാമനോഭാവവും ബ്രിട്ടീഷുകാർ നമ്മിൽ അടിച്ചേൽപ്പിച്ചു. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് കഴിഞ്ഞെങ്കിലും നമ്മൾ ഈ മനോഭാവത്തിൽനിന്നും ഇപ്പോഴും സ്വതന്ത്രരായിട്ടില്ല. കേരളീയരാവട്ടെ ഇംഗ്ലീഷിനെ ഒന്നാം ഭാഷയായും മാതൃഭാഷയെ രണ്ടാം ഭാഷയായുമാക്കി വിദ്യാലയങ്ങളിൽ ഒരു ലജ്ജയുമില്ലാതെ പഠിപ്പിച്ചുപോന്നു. ഭാരതത്തിൽ ഇതുവരെ നടപ്പിലാക്കിയ വിദ്യാഭ്യാസനയങ്ങളൊന്നും ഭാരതീയഭാഷകളുടെ സ്വത്വം സംരക്ഷിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചില്ല. ഈയൊരു പശ്ചാത്തലത്തിലാണ് 2020 ജൂലൈ 29 ന് പുറത്തിറങ്ങിയ ദേശീയവിദ്യാഭ്യാസനയം ഭാരതീയഭാഷകളുടെ, പ്രത്യേകിച്ച് പ്രാദേശികഭാഷകളുടെ ഉന്നമനത്തിനുവേണ്ടി മുന്നോട്ടുവെക്കുന്ന സമീപനങ്ങൾ ശ്രദ്ധിക്കേണ്ടത്.

## മാതൃഭാഷയും കേരളവും

കേരളത്തിന്റെ ഔദ്യോഗിക മാതൃഭാഷ മലയാളമാണെങ്കിലും മറ്റു ഭാഷകൾ മാതൃഭാഷയായി സ്വീകരിച്ചുപയോഗിക്കുന്ന നിരവധി ജനസമൂഹങ്ങൾ കേരളത്തിലുണ്ട്. അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവരാണ് മറ്റു മാതൃഭാഷകൾ കൂടുതലായി ഉപയോഗിക്കുന്നത്. കാസർഗോഡ് എന്ന ജില്ലതന്നെ സപ്തഭാഷാസംഗമഭൂമി എന്നാണ് അറിയപ്പെടുന്നത്. മലയാളത്തിനു പുറമെ കന്നട, തുളു, കൊങ്കിണി, മറാത്തി, ഉറുദു, ബ്യാരി എന്നിവയാണ് ഇവിടെ പ്രചാരത്തിലുള്ള മറ്റ് ഭാഷകൾ. അത് കൂടാതെ പ്രാദേശികഭേദങ്ങൾ വേറെയുമുണ്ട്. ഇരുള, കാടർ തുടങ്ങിയ ഭാഷകൾ മാതൃഭാഷയായി ഉപയോഗിക്കുന്നവർ തമിഴ്നാട്-കേരളം അതിർത്തികളിൽ താമസിക്കുന്നുണ്ട്. ജാതി, മതം, ഗോത്രം, പ്രദേശം തുടങ്ങിയ നിരവധി ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രാദേശിക ഭാഷകൾ രൂപംകൊള്ളുന്നത്. കേരളസർവ്വകലാശാലയിൽ ആദ്യമായി ഭാഷാഭേദനിഘണ്ടു തയ്യാറാക്കിയത് ഈഴവരുടെ ഭാഷയെ അടിസ്ഥാനമാക്കിയായിരുന്നു. അറബിമലയാളം (അറബിയും മലയാളവും ഇടകലർന്ന മിശ്രഭാഷ), ജൂതമലയാളം (ഹീബ്രുവും മലയാളവും ഇടകലർന്ന മിശ്രഭാഷ), ഏറനാടൻ ഭാഷ (മലപ്പുറം), തലശ്ശേരി ഭാഷ(കണ്ണൂർ) പണിയ, കുറിച്യ (ഗോത്രഭാഷകൾ) എന്നിങ്ങനെ നിരവധി പ്രാദേശികഭേദങ്ങൾ കേരളത്തിലുണ്ട്.

## ഖസാക്കിലെ കവറപ്പേച്ച്

ഗദ്യഭാഷയെ കാവ്യഭാഷയോട് ബന്ധിപ്പിച്ച ഒ.വി.വിജയൻ തന്റെ വിഖ്യാതമായ ഖസാക്കിന്റെ ഇതിഹാസത്തിൽ കവറപ്പേച്ച് എന്നൊരു പ്രാദേശികഭേദത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. പാലക്കാട്ടെ തസറാക്ക് എന്ന ഉൾഗ്രാമത്തെ പശ്ചാത്തലമാക്കിയാണല്ലോ അദ്ദേഹം ഈ നോവൽ രചിച്ചിരിക്കുന്നത്. തസറാക്കാണ് നോവലിൽ ഖസാക്കായി മാറുന്നത്. ഖസാക്കിലെ ഗ്രാമീണർ സംസാരിക്കുന്നത് പാലക്കാട്ടെ പ്രാദേശികഭാഷയാണ്. അവർ പരസ്പരം ഉപയോഗിക്കുന്ന ഭാഷയിൽത്തന്നെ വ്യത്യാസമുണ്ട്. ഖസാക്കിലെ പ്രാദേശിക ഭാഷകളുടെ സ്വഭാവം പരിശോധിക്കുമ്പോൾ അതിൽ വ്യക്തികളുടെ ജാതി, മതം, പ്രായം, ലിംഗം തുടങ്ങിയ അനേകം ഘടകങ്ങൾ കടന്നുവരുന്നതായി കാണാം.

പ്രാദേശികഭാഷാഭേദങ്ങൾ നമ്മുടെ ഗദ്യസാഹിത്യത്തിൽ എല്ലാ എഴുത്തുകാരും ഉപയോഗിച്ചിട്ടുണ്ട്. കഥാപാത്രങ്ങളുടെ തനിമ അടയാളപ്പെടുത്തുക, ആഖ്യാനത്തിൽ

നർമ്മം കൊണ്ടുവരിക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഇത്തരം പ്രാദേശികഭേദങ്ങൾ ഉപയോഗിക്കുമ്പോൾ അവർക്കുണ്ടായിരുന്നത്. എന്നാൽ വിജയൻ പ്രാദേശിക ഭാഷ ഉപയോഗിക്കുന്നത് ഇത്തരം ഉദ്ദ്യേശ്യങ്ങളോടെ മാത്രമല്ല. പ്രാദേശിക ഭാഷയെ അത് സംസാരിക്കുന്ന ജനതയുടെ ആത്മാവിന്റെ ഭാഗമായാണ് വിജയൻ കാണുന്നത്. കവറപ്പേച്ച് അതിന്റെ തെളിവാണ്. രവി ജോലിചെയ്യുന്ന ഏകാദ്ധ്യാപകവിദ്യാലയത്തിൽ വിദ്യാർത്ഥികളെ എത്തിക്കാൻ ഉത്സാഹിക്കുന്ന തുന്നൽക്കാരൻ മാധവൻനായർ ഒരു ദിവസം രണ്ട് പൊടിക്കുട്ടികളെയും കൊണ്ടുവരുന്നുണ്ട്. പനമ്പു നെയ്യുന്ന കവറവിഭാഗത്തിൽപെട്ട കുട്ടികളാണവർ. രണ്ടുമാസം കഴിയുമ്പോഴേക്കും ആ കുട്ടികൾ പഠിപ്പു നിർത്തി. ഗുരുനാഥനോട് വിടവാങ്ങാൻ കുട്ടികളുടെ അച്ഛനുമമ്മയും വന്നു. കുട്ടികളുടെ പഠിപ്പ് മുടക്കുന്നതെന്തിനാണെന്ന് രവി ചോദിച്ചപ്പോൾ കവറകൾ പഠിക്കേണ്ടതില്ലെന്ന് അവർ പറയുന്നു. കാരണം കവറപ്പേച്ച് എല്ലാ ഭാഷകളിലും മുന്തിയതാണ്. അതിന് ലിപികളില്ല. അതിൽ പാട്ടുകളുമില്ല. മലഞ്ചെരുവുകളിൽ തങ്ങിനിന്ന മനുഷ്യാത്മാക്കളുടെ കഥകൾ മാത്രമേയുള്ളൂ.

രവി പഠിപ്പിക്കുന്നത് മലയാളമെന്ന കേരളത്തിന്റെ ഔദ്യോഗിക മാതൃഭാഷയിലാണ്. എന്നാൽ കവറക്കുട്ടികൾക്ക് അത് മാതൃഭാഷയല്ല, രണ്ടാം ഭാഷയാണ്. സ്വന്തം മാതൃഭാഷ മറ്റെല്ലാ ഭാഷയേക്കാളും മുകളിലാണെന്ന് പനമ്പു നെയ്യുന്ന നിരക്ഷരരായ കവറകളാണ് രവിയെ പഠിപ്പിക്കുന്നത്. വിജയൻ ഇതെഴുതുമ്പോൾ മാതൃഭാഷയുടെയും പ്രാദേശിക ഭാഷയുടെയും പ്രാധാന്യത്തെക്കുറിച്ച് ഭാഷാശാസ്ത്രകാരൻമാർപോലും ചിന്തിച്ചിരിക്കാനിടയില്ല. പുതിയ ദേശീയവിദ്യാഭ്യാസനയത്തിൽ ഭാഷാപഠനത്തിന് നൽകിയിരിക്കുന്ന പ്രാധാന്യം ഇവിടെയാണ്.

## ദേശീയവിദ്യാഭ്യാസനയവും ഭാഷാപഠനവും

പ്രാഥമികവിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്ക് സുപ്രധാന സ്ഥാനമാണ് ദേശീയ വിദ്യാഭ്യാസനയം നൽകിയിരിക്കുന്നത്. മാതൃഭാഷയെത്തന്നെ പ്രാദേശികഭാഷ, വീട്ടുഭാഷ എന്നിങ്ങനെ രണ്ടായി തിരിക്കുന്നുണ്ട്. മാതൃഭാഷയുടെ മാനകരൂപമാണ് നിലവിലുള്ള പാഠ്യപദ്ധതിയിലുള്ളത്. മലയാളം ഉദാഹരണമായെടുക്കാം. കേരളത്തിന്റെ മാതൃഭാഷ മലയാളമാണെങ്കിലും ഓരോ പ്രദേശത്തിനനുസരിച്ചുള്ള മലയാളമാണ് കേരളീയർ ഉപയോഗിക്കുന്നത്. പ്രാദേശികഭാഷ എന്നാണ് ഈ ഭാഷാഭേദത്തെ വിളിക്കുന്നത്. അതേസമയം പ്രാദേശികഭാഷയിൽതന്നെ വ്യത്യാസമുണ്ട്. ഒരു പ്രദേശത്ത് താമസിക്കുന്നവർ അവരവരുടെ വീടുകളിൽ ഉപയോഗിക്കുന്നത് വേറിട്ട ഭാഷയാണ്. അങ്ങനെ വരുമ്പോൾ ഒരു കുഞ്ഞ് ആദ്യം പഠിക്കുന്നത് വീട്ടുഭാഷയാണ്. പിന്നീട് ആ കുഞ്ഞ് വളർന്നു വരുന്നതിനനുസരിച്ച് പ്രാദേശികഭാഷയും പിന്നീട് മാനകരൂപത്തിലുള്ള മാതൃഭാഷയും സ്വായത്തമാക്കുന്നു. നിലവിലെ പാഠ്യപദ്ധതിയിൽ മാതൃഭാഷാപഠനം എന്നത് മാനകരൂപത്തിലുള്ള ഭാഷാപഠനമാണ്. എന്നാൽ പുതിയ വിദ്യാഭ്യാസ നയം ഇതിനൊരു സാരമായ മാറ്റം വരുത്തുന്നു. കുഞ്ഞ് ആദ്യമായി സ്വായത്തമാക്കുന്ന വീട്ടുഭാഷയും, പ്രാദേശിക ഭാഷയും പ്രാഥമിക വിദ്യാഭ്യാസത്തിൽ പരിഗണിക്കുന്നു. ഇത് ആശയവിനിമയം കൂടുതൽ വേഗത്തിലാക്കുന്നു. അഞ്ചാം ക്ലാസ്സുവരെ നിർബന്ധമായും, സാധിച്ചാൽ എട്ടാം ക്ലാസ്സുവരെയെങ്കിലും മാതൃഭാഷയ്ക്ക് പരിഗണന നൽകണമെന്നാണ് നിർദ്ദേശമുള്ളത്.

ആദിവാസിഗോത്രസമൂഹത്തിലാണ് വീട്ടുഭാഷയിലുള്ള ബോധനത്തിന് കൂടുതൽ പ്രസക്തി. അട്ടപ്പാടിപോലുള്ള സ്ഥലങ്ങളിലെ ഗോത്രവർഗ്ഗക്കാർ മലയാളത്തിൽനിന്നും വ്യത്യസ്തമായ ആദിവാസിഭാഷകളാണ് നിത്യജീവിതത്തിൽ ഉപയോഗിക്കുന്നത്. നിലവിൽ അവർ മലയാളം പഠിക്കുന്നത് മറ്റൊരു പുതിയ ഭാഷയായിട്ടാണ്. അങ്ങനെ വരുമ്പോൾ അട്ടപ്പാടിയിലുള്ള ഇരുള വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഇരുളഭാഷ യിൽത്തന്നെ പഠിക്കാം. സ്വന്തം പ്രാദേശികഭാഷ മറ്റേതൊരു ഭാഷയേക്കാളും മീതെയാ ണെന്ന് പറഞ്ഞ ഖസാക്കിലെ കവറകളുടെ അഭിമാനം അവർക്കുണ്ടാവും.

സപ്തഭാഷാഭൂമിയായ കാസർഗോഡും ഈ പ്രശ്നമുണ്ട്. കേരളത്തിൽ ഇതാണവസ്ഥ യെങ്കിൽ വിവിധഭാഷകൾ ഒരുപോലെ കൈകാര്യം ചെയ്യുന്ന വടക്കുകിഴക്കൻ സംസ്ഥാന ങ്ങളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും പൊതുവായ മാതൃഭാഷ എന്ന സങ്കൽപ്പ ത്തിൽ സങ്കീർണ്ണതയേറെയുണ്ട്. അതുകൊണ്ടാണ് പ്രാഥമികതലത്തിൽ കുട്ടികൾ അവരു ടെ പ്രദേശത്തെ വീട്ടുഭാഷയിൽ പഠിച്ചാൽമതി എന്ന് വിദ്യാഭ്യാസനയം നിഷ്കർഷിക്കു ന്നത്. ഇത് പൊതുവിദ്യാലയങ്ങളിലും സ്വകാര്യവിദ്യാലയങ്ങളിലും ഒരു പോലെ നടപ്പിലാ ക്കണം. അങ്ങനെ വരുമ്പോൾ മാതൃഭാഷ പഠിക്കുന്നു എന്ന കാരണത്താൽ ഒരു വിദ്യാർ ത്ഥിയും ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥിയേക്കാൾ പിന്നിലാവുന്നില്ല. മാതൃഭാഷയെയും അതിന്റെ ഭാഗമായ പ്രാദേശികഭേദങ്ങളെയും സംരക്ഷിക്കാൻ ഇതിലും നല്ലൊരു മാർഗ്ഗം വേറെയില്ല. വളരെ വിശാലമായ അർത്ഥത്തിലാണ് ദേശീയവിദ്യാഭ്യാസനയം മാതൃഭാഷാ പഠനത്തെ കാണുന്നത് എന്ന് ഇവിടെ വ്യക്തമാണ്.

ശാസ്ത്രവിഷയങ്ങൾ മാതൃഭാഷയിൽ പഠിക്കാൻ അവസരമൊരുങ്ങുന്നു എന്നതാണ് മറ്റൊരു പ്രസക്തമായ കാര്യം. കുട്ടികളിലേക്ക് ശാസ്ത്രവിഷയങ്ങൾ പ്രാദേശികഭാഷയിൽ പകരാൻ ദ്വിഭാഷാസമീപനമാണ് അദ്ധ്യാപകർ സ്വീകരിക്കുക. അതായത് പാഠ പുസ്തകങ്ങൾ മാതൃഭാഷയിലും ഇംഗ്ലീഷിലും ലഭ്യമാകും. രണ്ട് ഭാഷയിലും അദ്ധ്യാപകർ പഠിപ്പിക്കും. ശാസ്ത്രഗണിതശാസ്ത്രവിഷയങ്ങളിൽ ഉയർന്ന നിലവാരത്തിലുള്ള ദ്വിഭാഷാ പാഠപുസ്തകങ്ങളും പഠനസാമഗ്രികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നയം വ്യക്തമാക്കുന്നു. മാതൃഭാഷയിലും ഇംഗ്ലീഷിലും പുസ്തകങ്ങൾ ലഭിക്കുമ്പോൾ കൂടുതൽ സമഗ്രമായി കാര്യങ്ങൾ ഗ്രഹിക്കാനും ചിന്തിക്കാനും സംസാരി ക്കാനും പഠിക്കാനും വിദ്യാർത്ഥികൾക്ക് സാധിക്കും. ഇസ്രയേലുകാർ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണിത്. ശാസ്ത്രവിഷയങ്ങൾ മാതൃഭാഷയിൽ പഠിക്കുന്ന വിദ്യാർ ത്ഥികൾക്ക് ആ വിഷയങ്ങളിൽ മൗലികമായ ഗവേഷണം നടത്താൻ എളുപ്പമായിരിക്കും. 1953ൽ ഇസ്രയേലുകാർ സ്വീകരിച്ച ആ മാർഗ്ഗം വൈകിയാണെങ്കിലും നമ്മൾ നടപ്പിലാക്കാൻ പോവുന്നു. ഭാരതത്തിന്റെ ഗവേഷണരംഗം ഭാവിയിൽ വൻ കുതിച്ചുചാട്ടം നടത്താൻ പോവുന്നു എന്ന് സാരം.

## സഹായകഗ്രന്ഥങ്ങൾ

1. *വിജയൻ ഒ.വി., ഖസാക്കിന്റെഇതിഹാസം, ഡി.സി. ബുക്സ്, കോട്ടയം, 2009.*
2. *Minitsry of Human Resource DevelopmentNational Education Policy- 2020, Government of India, New Delhi, 2020.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# മനുഷ്യന് ഒരു ആമുഖം അതികഥനത്തിന്റെ ആഖ്യാനം

**മഞ്ജു കെ ആർ**
അസി. പ്രൊഫസർ, മലയാളവിഭാഗം, സർക്കാർ വനിതാകോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

നോവൽ എന്നത് മൗലികമായി ഒരുസമൂഹത്തെ അല്ലെങ്കിൽ ഒരുകാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന സഹിത്യരൂപമാണ്. കൽപ്പിതചരിത്രവും ചരിത്രവസ്തുതകളും ഭാവനയും ഇടകലർത്തി പുതിയ ഒരു ആഖ്യാനമാതൃക സ്വീകരിച്ചു രചിച്ച നോവലാണ് സുഭാഷ്ചന്ദ്രന്റെ മനുഷ്യനൊരാമുഖം. ജനകീയ വർത്തമാനങ്ങളെയും കേട്ടുകേൾവികളെയും ചരിത്രപരമായി പുനഃസൃഷ്ടിച്ചുകൊണ്ട് തച്ചനക്കരയുടെ ദേശചരിത്രവും അയ്യാട്ടുമ്പിള്ളിയുടെ കുടുംബചരിത്രവും ആഖ്യാനം ചെയ്യുന്നതിലൂടെ കഴിഞ്ഞ ഒരുനൂറ്റാണ്ടിന്റെയും ഇനിയുള്ള പതിനാറുവർഷങ്ങളുടെയും കേരളചരിത്രത്തെയും, നവോത്ഥാനാനന്തര കേരളത്തിന്റെ സങ്കീർണ്ണമായ സാമൂഹിക ജീവിതത്തെയും വരച്ചു കാട്ടുന്നതാണ് ഈ നോവൽ. ഈ നോവലിൽ കാലഘട്ടത്തിന്റെ ഉപരിതലത്തിലുള്ള ചലനങ്ങൾ മാത്രമല്ല ആന്തരികമായ ചലനങ്ങൾ കൂടി ആവിഷ്കരിക്കുന്നതിലൂടെ മഹത്തായ ഉൾക്കാഴ്ച നൽകുന്നു.

***താക്കോൽവാക്കുകൾ:*** അതികഥനം, ആഖ്യാനം, ചരിത്രപാഠം, പ്രശ്നവൽക്കരണം

ചരിത്രത്തെ ആഖ്യാനത്തിന്റെ മുഖ്യരാഷ്ട്രീയവും പ്രത്യയശാസ്ത്രവുമായി സ്വീകരിച്ച നോവലാണ് സുഭാഷ്ചന്ദ്രന്റെ 'മനുഷ്യന് ഒരു ആമുഖം'. ചരിത്രത്തിൽ നിന്നെടുത്ത ചില സന്ദർഭങ്ങളെ കാര്യകാരണബന്ധത്തോടെ അടുക്കിവെക്കുകയും അവയിൽ വർത്തമാനകാലം സ്പന്ദിക്കുന്നതിനായി സാങ്കല്പികവും അല്ലാത്തതുമായ കഥാപാത്രങ്ങളെ സന്നിവേശിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഈ നോവലിന്റെ രൂപം

ജനപ്രിയമാകാൻ ശ്രമിക്കുന്നത്. കഥാപാത്രങ്ങളും നോവലിസ്റ്റും ഓരോ ചരിത്ര പാഠത്തെയും പുതിയ രീതിയിൽ വായിച്ചു തുടങ്ങുന്നിടത്താണ് ഇത്തരം നോവലുകൾ ശ്രദ്ധേയമാകുന്നത്. ആധുനികതാവാദ രചനാപദ്ധതിയിൽ ഇത്തരം വ്യാഖ്യാനങ്ങൾ ദാർശനികവും ലാവണ്യാത്മകവുമായ പ്രതലങ്ങളെ സ്പർശിക്കുന്നുണ്ട്. പുതിയ അനുഭവമണ്ഡലങ്ങളാണ് ഉത്തരാധുനിക നോവൽ ആവിഷ്കരിക്കുന്നത്. ചരിത്രത്തോടും രാഷ്ട്രീയത്തോടുമുള്ള വിമർശനാത്മകമായ സമീപനവും പുതിയ സാങ്കേതിക സംസ്കാര ത്തോടുള്ള അഭിമുഖീകരണവും നിലവിലുള്ള ആഖ്യാനമാതൃകകളുടെ അപര്യാപ്തത യെക്കുറിച്ചുള്ള ബോധവും ഭാഷ,  വായന, എഴുത്ത് തുടങ്ങിയ ക്രിയകളെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളും ഉത്തരാധുനിക രചനാപ്രവണതകളുടെ ആക്കംകൂട്ടി. ആധുനിക സാഹിത്യത്തിൽ സൂക്ഷ്മരൂപത്തിൽ ആവിഷ്കൃതമായിരുന്ന അതികഥാസങ്കേതം ഉത്തരാധുനികഘട്ടത്തിൽ ശക്തമാകുന്നു.

എഴുതപ്പെടുന്ന ചരിത്രത്തെയും സാഹിത്യത്തെയും കുറിച്ചുള്ളപഴയധാരണകൾ മാറിയതോടെ എഴുതപ്പെടാതെ പോയ ചരിത്രത്തെയും സാഹിത്യത്തെയും കുറിച്ചുള്ള പുതിയ ധാരണകൾ കടന്നുവന്നു. സാഹിത്യം ആദ്യം സാഹിത്യത്തെക്കുറിച്ചുതന്നെ എഴുതിയപ്പോൾ ചരിത്രം ചരിത്രരചനയെകുറിച്ചും ചിന്തിച്ചുതുടങ്ങി. ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും ആഖ്യാനങ്ങളുടെ തലത്തിൽ ഉണ്ടായ ഈ മാറ്റങ്ങൾ ആണ് ചരിത്രവിജ്ഞാനീയത്തിന്റെയും അതികഥനത്തിന്റെയും പിന്നിലുള്ളത്. അതികഥ പ്രാചീന, മധ്യകാലസാഹിത്യങ്ങളിലുള്ള ഒരു ആഖ്യാനസങ്കേതം ആണെങ്കിൽ പോലും ആധുനികതയിലാണ് നോവലിന്റെ ഒരു എഴുത്ത് രീതിയായി സ്ഥാനം നേടിയത്. ലിൻഡാ ഹാച്ചിയനാണ് 'എ പൊളിറ്റിക്സ് ഓഫ് പോസ്റ്റ്മോഡേണിസം: ഹിസ്റ്ററി, തിയറി, ഫിക്ഷൻ' എന്ന ഗ്രന്ഥത്തിൽ ചരിത്രത്തെയും നോവലിനെയും കുറിച്ചുള്ള ഈ പുതിയ കാഴ്ചപ്പാ ടിന്റെ ഫലമെന്നോണം 'ചരിത്രവിജ്ഞാനപരമായ അതികഥനം' (HMF- Historiographic Meta Fiction) എന്ന സംജ്ഞ രൂപപ്പെടുത്തിയത്. ഹിസ്റ്റോറിക്കൽ റൊമാൻസിൽനിന്നും ഹിസ്റ്റോറിക്കൽ നോവലിൽനിന്നും വ്യത്യസ്തമാണ് ഹിസ്റ്റോറിയോ ഗ്രാഫിക് മെറ്റാഫിക്ഷൻ. മുൻപ് സൂചിപ്പിച്ചതുപോലെ അത് ചരിത്രത്തെയും നോവലിനെയും കുറിച്ച് ഒരേസമയം നടത്തുന്ന പുനരാഖ്യാനമാണ്.

കല്പിതചരിത്രവും യഥാർത്ഥ ചരിത്രവസ്തുതകളും കൂട്ടിക്കലർത്തിയുള്ള പുതിയ ആഖ്യാനസങ്കേതം ഉത്തരാധുനികനോവലുകളുടെ മുഖ്യസവിശേഷതയാണ്. വസ്തുത കൾക്കും യാഥാർത്ഥ്യത്തിനും മാത്രമിടമുള്ള നിലവിലുള്ള ചരിത്രരചനാസങ്കേതത്തെ തകിടം മറിക്കുന്ന ചരിത്രരചനാത്മക അതികഥനരീതി (Histographic metafiction) നോവൽരചനയെ സങ്കീർണ്ണവും അന്തർവൈജ്ഞാനികവുമായ ഇടങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.  താനെഴുതുന്നത് കല്പിതകഥയാണെന്ന വെറുമൊരു വെളിപ്പെടുത്തൽ മാത്രമല്ല, കത്തുകൾ, ലേഖനം, പ്രബന്ധം എന്നീ കഥാബാഹ്യരീതികൾ സ്വീകരിച്ച്, അതികഥാതന്ത്രങ്ങളിലൂടെ ആവിഷ്കരണം ശക്തമാക്കുന്നു.  ഇങ്ങനെ കഥാ ജീവിതത്തിന് ആഖ്യാനാത്മകവും രചനാത്മകവുമായ ഒരു തലം സൃഷ്ടിച്ച് നോവലിസ്റ്റ് ലക്ഷ്യം പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. മുഖ്യധാരാ ചരിത്രത്തിന്റെ പരിധിയിൽ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കടന്നുവരാത്ത പ്രാദേശികചരിത്രവും കുടുംബചരിത്രങ്ങളും ആണ് മിക്കനോവലുകളുടെയും പ്രമേയം. ഇത്തരത്തിൽ കൽപ്പിതചരിത്രത്തെയും ചരിത്രവസ്തുതകളെയും ഭാവനയെയും ഇടകലർത്തി പുതിയൊരു ആഖ്യാനമാതൃക സ്വീകരിക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. ജനകീയവർത്തമാനങ്ങളെയും കേട്ടുകേൾവികളെയും ചരിത്രപരമായി പുന:സൃഷ്ടിച്ചുകൊണ്ട് തച്ചനക്കരയുടെ ദേശചരിത്രവും അയ്യാട്ടുമ്പിള്ളിയുടെ കുടുംബചരിത്രവും നോവലിസ്റ്റ് ആഖ്യാനം ചെയ്യുന്നു. നവോത്ഥാന ചരിത്രപശ്ചാത്തലത്തിൽ തച്ചനക്കരയുടെ ദേശചരിത്രവും അയ്യാട്ടുമ്പിള്ളിയുടെ കുടുംബചരിത്രവും ആഖ്യാനം ചെയ്യുന്നതിലൂടെ കഴിഞ്ഞ ഒരു ശതകം മുതൽ വരാനിരിക്കുന്ന പതിനാറ് വർഷക്കാലത്തെകൂടിയുള്ള സാമൂഹികസാംസ്കാരിക ജീവിതത്തെയുമാണ് അടയാളപ്പെടുത്തുന്നത്. തച്ചനക്കരയുടെ ദേശചരിത്രം, ജാതിവിവരണം, കുടുംബ ചരിത്രം എന്നിവയ്ക്കാണ് ഈ നോവലിൽ പ്രാധാന്യം. ഇരുപതാംശതകത്തിനുമുമ്പുള്ള തച്ചനക്കരയുടെ ചരിത്രം നാറാപിള്ളയുടെ ചെറുമകന് പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണ് വ്യക്തമാക്കുന്നത്.

നൂറുവർഷങ്ങൾകൊണ്ട് മലയാളിസമൂഹത്തിന് സംഭവിച്ച സാംസ്കാരികവും വൈകാരികവുമായ ഒരു പരിണതിയെ ഒരു കുടുംബകഥയുടെ പശ്ചാത്തലത്തിൽ പരുവപ്പെടുത്തിയതാണ് 'മനുഷ്യന് ഒരു ആമുഖം'. ഈ നോവൽ വായിച്ചു കഴിയുമ്പോൾ താൻ വായനയുടെ വഴിയിൽ ദീർഘമായ ഒരു സഞ്ചാരം പൂർത്തിയാക്കി എന്ന തോന്നൽ വായനക്കാരനിൽ ഉണ്ടാകാം. നോവലിന്റെ ഉള്ളടക്കം ഒരു നൂറ്റാണ്ടു കാലത്തെ കേരളീയ ജീവിതത്തെ മാത്രമല്ല, മനുഷ്യപ്രകൃതത്തിന്റെയും സർഗവൃത്തിയുടെയും പല ആഴങ്ങളെയും ഗാഢമായി സ്പർശിക്കുന്നുണ്ട്. പരപ്പിലും ആഴത്തിലും പറഞ്ഞു വച്ചിരിക്കുന്ന ഒരു വലിയ കുടുംബകഥ, അയ്യാപ്പിള്ള മുതൽ ആൻമേരിവരെ കല്ലിൽ കൊത്തിയെടുത്തപോലുള്ള അനേകം കഥാപാത്രങ്ങൾ, അത്യന്തം വികാരതീവ്രമായ ജീവിതമുഹൂർത്തങ്ങൾ, എല്ലുറപ്പുള്ള ഭാഷ, ചൈതന്യവത്തായ ഇമേജുകൾ, മനുഷ്യാവസ്ഥയുടെ നാനാമുഖങ്ങളെക്കുറിച്ചുള്ള മൗലികനിരീക്ഷണങ്ങൾ തുടങ്ങിയവ വായനക്കാരെ നോവലുമായി ബന്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

'പൂർണ്ണവളർച്ചയെത്തും മുമ്പ് മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ' എന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന ഈ നോവൽ നമ്മുടെ സാമ്പ്രദായികമായ കഥപറച്ചിലിൽനിന്നും വ്യത്യസ്തമായി നായകന്റെ മരണത്തിന്റെയും തുടർന്ന് അയാളുടെ ശവസംസ്കാരചടങ്ങുകളുടെയും വിവരണത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ജീവിച്ചുതീർന്നശേഷം നായകൻ നടത്തുന്ന അന്വേഷണവും ഇടപെടലുകളുമാണ് ഈ നോവലിലൂടെ നോവലിസ്റ്റിന് പറയാനുള്ളത്. ജിതേന്ദ്രൻ എന്ന നോവലിസ്റ്റിനാൽ അപൂർണ്ണമായ നിലയിൽ ഉപേക്ഷിക്കപ്പെട്ട ഒരു നോവലായിട്ടാണ് മനുഷ്യനൊരാമുഖം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ജിതേന്ദ്രൻ എന്ന മുഖ്യകഥാപാത്രം ഭാര്യ ആൻ മേരിക്ക് വിവാഹത്തിന്മുമ്പ് അയച്ച കത്തുകളും അയാൾ തന്റെ അനുഭവങ്ങളെ മുൻനിർത്തി നോവലിനുവേണ്ടി തയ്യാറാക്കിയ അപൂർണ്ണമായ കുറിപ്പുകളും മറ്റും വിധവയായ സന്ദർഭത്തിൽ അവൾ എടുത്തു പരിശോധിക്കുന്ന രീതിയിലാണ് ഇതിന്റെ ആഖ്യാനം

ചിട്ടപ്പെടുത്തിയിട്ടുള്ളത്. തന്റെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന പല അനുഭവങ്ങളെയും തന്റെ കാലഘട്ടത്തിന്റെ അന്തരാത്മാവിനെ രൂപപ്പെടുത്തുന്ന സംഭവങ്ങളെയുമെല്ലാം തന്റെ പ്രണയിനിക്ക് അയക്കുന്ന കത്തുകളിലെ വിചാരങ്ങളുടെ രൂപത്തിൽ സംഭവങ്ങൾ ആമുഖമായി അവതരിപ്പിച്ചു കൊണ്ടാണ് നോവലിലെ ഓരോ അധ്യായത്തിലും സംഭവങ്ങളുടെ ആഖ്യാനത്തിലേക്ക് എഴുത്തുകാരൻ പ്രവേശിക്കുന്നത്. പഴക്കംചെന്ന കടലാസുകളിൽ അവശേഷിച്ചിട്ടുള്ള ആ കുറിപ്പുകൾക്കും കത്തുകൾക്കുമിടയിലൂടെ ജിതേന്ദ്രന്റെ മുൻതലമുറകളുടെയും കേരളചരിത്രത്തിലെ ഗതിവിഗതികൾ നിർണയിച്ച പ്രധാനസംഭവങ്ങളുടെയും വ്യക്തികളുടെയും മലയാളിയുടെ മാറിമാറിവരുന്ന ജീവിതസാഹചര്യങ്ങളുടെയും സാംസ്കാരിക അഭിരുചികളുടെയും നേർചിത്രം ഈ നോവൽ പകർന്നുതരുന്നു.

'മനുഷ്യന് ഒരു ആമുഖ'ത്തിലെ ചരിത്രകഥനം ആരംഭിക്കുന്നത് പരശുരാമനിലാണ്. മഴുവെറിഞ്ഞ് കേരളത്തെ സൃഷ്ടിച്ച് സവർണർക്കു നൽകിയ പരശുരാമൻ തന്നെയാണ് തച്ചനക്കരതേവർ. തച്ചനക്കരയുടെ ദേശചരിത്രം, ജാതിവിവരണം, കുടുംബചരിത്രം എന്നിവയ്ക്കാണ് ഈ നോവലിൽ പ്രാധാന്യം. ഇരുപതാംശതകത്തിനു മുമ്പുള്ള തച്ചനക്കരയുടെ ചരിത്രം നാറാപിള്ളയുടെ ചെറുമകന് പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണ് വ്യക്തമാക്കുന്നത്. അയ്യാട്ടുമ്പിള്ളി എന്ന പേരിന് കാരണക്കാരനായ അയ്യാപിള്ളയുടെ കഥയാണ് ഇതിൽ പ്രധാനം. അയ്യാട്ടുമ്പിള്ളിയുടെ ചരിത്രം അയ്യാപിള്ളയിൽനിന്ന് തുടങ്ങുന്നു. തിരുവിതാംകൂർ ഭരണാധികാരി അയ്യാപ്പിള്ളയെ വധശിക്ഷയ്ക്ക് വിധിക്കുന്നു. അനങ്ങാൻ കഴിയാത്ത ഇരുമ്പുകൂട്ടിലടച്ച് മാമരത്തിന്റെ തുഞ്ചത്ത് തൂക്കിയിട്ടു ഭക്ഷണവും ജലപാനവും ഇല്ലാതെ കൊല്ലുകയാണ് ശിക്ഷ. മരണം കാത്തു കിടന്ന് പത്താംദിവസം സന്ദേശവാഹകനായി എത്തിയ കഴുകനെപ്പോലും 'ഫോ'! എന്ന് ആട്ടിയോടിച്ചു കൊണ്ട്, 27 ദിവസം മരണത്തെ വെല്ലുവിളിച്ചുകൊണ്ട്, ഇരുമ്പഴി ക്കൂട്ടിൽ കഴിഞ്ഞ അസാമാന്യ മനോബലത്തിനുടമയായിരുന്നു അമ്പത്തഞ്ചുകാരനായ അയ്യാപ്പിള്ള. തന്റെ മരണത്തെ ഓർമ്മിപ്പിച്ചുകൊണ്ട് തനിക്ക് ചുറ്റും കൂടിയ കഴുകന്മാരെ ആട്ടിയോടിച്ച് അവസാനശക്തിയുമെടുത്ത് 'ഫോ'! എന്ന് ഉഗ്രമായി ആട്ടിയോടിച്ച ശേഷമാണ് അയ്യാപിള്ള മരണത്തിന് കീഴടങ്ങിയത്. ഇരുമ്പുകൂട്ടിനുള്ളിൽ കുറ്റവാളിയെ ബന്ധിച്ച് പൊതുസ്ഥലത്തോ വിജനസ്ഥലത്തോ ഉപേക്ഷിക്കുന്ന ഈ ശിക്ഷാവിധി കൺമുന്നിൽ എന്നപോലെ നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. തന്റെ ശരീരം കാംക്ഷിച്ചു വന്നെത്തിയ കഴുകന്മാരെ അതിഭയങ്കരമായി ആൾക്കൂട്ടം സാക്ഷി നിൽക്കെ ആട്ടിയതു കൊണ്ടാണ് പിൻതലമുറക്കാർക്ക് അയ്യാട്ടുമ്പിള്ളി എന്ന തറവാട്ടുപേര് സ്വന്തമായത്. മരണശിക്ഷയെ തോൽപിച്ച അയ്യാപിള്ളയിൽ നിന്ന് തുടങ്ങുന്നതാണ് അയ്യാട്ടു മ്പിള്ളിയുടെ ചരിത്രം. ഇങ്ങനെ കുടുംബചരിത്ര നിർമ്മിതിയിൽ മലയാളിയുടെ പൊതു സമീപനത്തെ തിരസ്കരിച്ചുകൊണ്ട് വധശിക്ഷയ്ക്ക് വിധേയനായ ഒരു കുറ്റവാളിയിൽ നിന്ന് കുടുംബചരിത്രം ആരംഭിക്കുന്നു. ഇരുപതാംശതകത്തിലെ തച്ചനക്കരയുടെയും നാറാപിള്ളയുടെയും ചരിത്രമാണ് പിന്നീട് നോവലിലുള്ളത്. അയ്യാപിള്ളയുടെ വീറും കരുത്തും അതിജീവനശേഷിയും ഒട്ടും കുറയാതെ നാറാപിള്ളയ്ക്ക് കിട്ടിയിരുന്നു. തന്റെ നായർ സ്വത്വബോധം ഉണർത്തിയ വരേണ്യജാത്യാഭിമാനമാണ് തച്ചനക്കരയിലെ

നാറാപിള്ളയെ മുന്നോട്ടുനയിക്കുന്നത്. മാറിയകാലം മുന്നോട്ടു വയ്ക്കുന്ന മാനവികതയ്ക്ക് പുറംതിരിഞ്ഞുനിൽക്കുകയാണ് നാറാപിള്ള.

ജാതിയുടെ ഉച്ചനീചത്വങ്ങളോ തീണ്ടലോ അല്ല, ജാതിപരമായ മേൽക്കോയ്മ നില നിർത്തി തന്റെ ആഗ്രഹങ്ങൾക്ക് തടസ്സം ഉണ്ടാക്കാതെ മുന്നോട്ടുപോവുക എന്നതാണ് നാറാപിള്ളയുടെ ലക്ഷ്യം. തന്റെ രൂപംകൊണ്ടും സ്വഭാവംകൊണ്ടും തലയുയർത്തി നിൽക്കുന്ന അതിശക്തനായ ഒരു കഥാപാത്രമാണ് നാറാപിള്ള. കുടിയനും കുറ്റിയാനും കരിവീട്ടിയുടെ നിറമുള്ള കഷണ്ടിത്തലയനുമായിരുന്ന നാറാപിള്ളയ്ക്ക് നന്ത്യാർവട്ടത്തെ തോൽപ്പിക്കുന്ന കുഞ്ഞുവമ്മയെ ഭാര്യയായി ലഭിക്കുന്നു. കുളിച്ചുകൊണ്ട് നിന്ന കുഞ്ഞുവമ്മയോട് നാറാപിള്ളയ്ക്ക് തോന്നിയ കൗതുകം അവരുടെ വിവാഹത്തിലെത്തി. സാധുവും സാധാരണക്കാരിയുമായ കുഞ്ഞുവമ്മ അസാധാരണ പുരുഷനായ നാറാപിള്ള യോട് വളരെ നിഷ്കളങ്കതയോടെയും നിസ്സാരഭാവത്തോടെയുമാണ് പെരുമാറുന്നത്. അയാളെ ഇഷ്ടപ്പെട്ടത് ശ്രീനാരായണഗുരുവിന്റെ പേരുകാരനായതുകൊണ്ടാണെന്ന് ആദ്യരാത്രിയിൽ കുഞ്ഞുവമ്മ പറഞ്ഞപ്പോൾ നായർ രക്തത്തിൽ ഊറ്റം കൊണ്ടിരുന്ന നാറാപിള്ള ജീവച്ഛവമായി മാറിപ്പോകുന്നു. പാടത്ത് കൊയ്ത്തുപണിക്കെത്തിയ കാളി പ്പെണ്ണുമായി നാറാപിള്ള പുലർത്തിയ മൃഗീയമായ ലൈംഗികതയ്ക്കും ആ സാധ്വി സാക്ഷ്യം വഹിക്കുന്നുണ്ട്.'കരണക്കുറ്റിനോക്കി നാലുപൊട്ടിച്ചാൽ ഏതു പെണ്ണും അവിടെ നിൽക്കും' എന്ന് അക്കാമ്മചെറിയാനെ കുറിച്ച് നാറാപിള്ള പറയുന്നുണ്ട്. പെണ്ണിനെക്കുറിച്ചുള്ള നാറാപിള്ളയുടെ കാഴ്ചപ്പാട് അതിലൊതുങ്ങുന്നു. ജാത്യാഭിമാനം, പരപുച്ഛം, ലോകവിവരമില്ലായ്മ തുടങ്ങിയവയാണ് നാറാപിള്ളയുടെ പ്രത്യേകതകൾ.

നാറാപിള്ളയുടെ നേർവിപരീതസ്വഭാവവും ശീലങ്ങളുമാണ് കുഞ്ഞുവമ്മയ്ക്കുണ്ടായി രുന്നത്. കുഞ്ഞുവമ്മയ്ക്ക് നവോത്ഥാനചിന്തകൾ പകർന്നു നൽകിയത് നാടുവിട്ടുപോയ കേശവൻ എന്ന ബന്ധുവാണ്. തന്റെ ആൺമക്കൾക്ക് പാരമ്പര്യവഴിക്ക് നായരെന്നും പിള്ളയെന്നും വാലുവയ്ക്കാതെ പരിഷ്കാരമുള്ള പേരുകളിട്ട് കേശവൻ പകർന്നു നൽകിയ നവോത്ഥാനചിന്തകളെ കുഞ്ഞുവമ്മ പ്രാവർത്തികമാക്കി. മൂത്തമകൻ ഗോവിന്ദൻ ചോവത്തിപെണ്ണിനെ ഇഷ്ടപ്പെടുന്നതറിഞ്ഞു ആ പ്രണയബന്ധത്തെ അംഗീകരിക്കുകയും അവനുവേണ്ടി നാറാപിള്ളയോട് കലഹിക്കുകയും ചെയ്യുന്നു. വാടകക്കാരായെത്തിയ മേനോൻമാഷിന്റെ കുടുംബജീവിതത്തിലൂടെ ഉദാത്തദാമ്പത്യവും സ്ത്രീപുരുഷബന്ധ ത്തിലെ സമത്വസ്വഭാവവും എന്താണെന്ന് അവർ തിരിച്ചറിയുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അതിൽ അങ്ങേയറ്റം സന്തോഷിക്കുകയും ഗാന്ധിജിയുടെ മരണത്തിൽ അങ്ങേയറ്റം ദുഃഖിക്കുകയും ചെയ്യുന്നു. മകന്റെ പ്രണയത്തെ എതിർക്കുന്ന ഭർത്താവ് ദിവസവും കാമപൂർത്തിയ്ക്കായി അയിത്തം നോക്കാതെ താഴ്ന്ന ജാതിക്കാരിയുടെ അടുത്ത് പോകുന്നതിനെ ചോദ്യംചെയ്യാനും അവർ ധൈര്യപ്പെടുന്നുണ്ട്. ഒടുവിൽ പാറപോലെ ഉറച്ച മനസ്സും ശരീരവും ഉള്ള നാറാപിള്ളയോടൊപ്പമുള്ള ജീവിതത്തെ ശപിച്ചും പ്രാകിയും നാലുചുമരുകൾക്കുള്ളിൽ സ്വയം ജീവിതമൊടുക്കുന്നു. അക്കമ്മ ചെറിയാനെപ്പോലുള്ളവരുടെ സ്ത്രീമുന്നേറ്റചരിത്രങ്ങൾ ഒന്നും അറിയാതെതന്നെ സ്വന്തം മനസ്സാക്ഷിയുടെ മുന്നിൽ സത്യധർമ്മനീതികളെല്ലാം തിരിച്ചറിഞ്ഞു ജീവിച്ച കുഞ്ഞുവമ്മ നോവലിലെ ശക്തയായ സ്ത്രീസാന്നിധ്യം ആണ്.

ഇരുപതാംനൂറ്റാണ്ട് കേരളത്തിൽ നിരവധി സാമൂഹികമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്ന കാലമാണ്. ഈ നൂറ്റാണ്ടിൽ ജീവിച്ചിരുന്നവർ കേരളചരിത്രത്തെ എപ്രകാരം ഉൾക്കൊണ്ടിരുന്നു എന്ന് ഈ നോവൽ വെളിപ്പെടുത്തുന്നുണ്ട്. ജാതിബദ്ധമായ കേരള സമൂഹത്തിലേക്ക് വായനയും വിദ്യാഭ്യാസവും പ്രസരിപ്പിച്ച പുതിയ സ്വത്വബോധം ആയിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കണ്ടത്. നവോത്ഥാന നോവലിസ്റ്റുകളും സ്വതന്ത്ര ബുദ്ധിജീവികളും സാഹിത്യകാരന്മാരും മുഖ്യധാരയാകുന്ന ഒരു സാംസ്കാരിക ജീവിതം പിന്നീടുണ്ടായി. കേരളീയജാതിചിന്തയിൽ മാറ്റംവരുത്തിയതിൽ സാഹിത്യത്തിനുള്ള പങ്ക് വളരെ വലുതാണ്. വി.സി. ബാലകൃഷ്ണപ്പണിക്കർ, വള്ളത്തോൾ, പോഞ്ഞിക്കര റാഫി, ഇ.എം.എസ്., തകഴി, വി.ടി.ഭട്ടതിരിപ്പാട്, പ്രേംജി, നിത്യചൈതന്യയതി, ചിന്മയാനന്ദൻ തുടങ്ങി നിരവധി എഴുത്തുകാരെയും നോവലിൽ പരാമർശിക്കുന്നുണ്ട്. ഇരുപതാംനൂറ്റാണ്ടിലെ പ്രധാനപ്പെട്ട ചരിത്രസംഭവങ്ങളും ഈ നോവലിൽ സൂചിപ്പിക്കുന്നുണ്ട്. തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരം, ആലുവ അദ്വൈതാശ്രമത്തിലേക്കുള്ള മഹാത്മാഗാന്ധിയുടെ സന്ദർശനം, നാരായണഗുരു, അയ്യങ്കാളി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, ചട്ടമ്പിസ്വാമികൾ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കൾ, ഗ്രാമീണഗ്രന്ഥശാലകൾ, കേരളപ്പിറവി, കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, വിമോചനസമരം, കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം, ടെലിവിഷൻ, ഇംഗ്ലീഷ്മീഡിയം, മൊബൈൽ ഫോണിന്റെ കടന്നുവരവ് തുടങ്ങിയവയെല്ലാം ഈ നോവലിന്റെ ഭാഗമാകുന്നു. ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷവും തച്ചനക്കരക്ഷേത്രത്തിൽ കയറി പരശുരാമനെ തൊഴാൻ അവർ മടിച്ചുനിന്നു എന്ന് നോവലിൽ ഒരു പരാമർശമുണ്ട്. ഉപരിവർഗ്ഗത്തിന്റെ പദ്ധതികൾക്ക് അനുസരിച്ച് ആസൂത്രണം ചെയ്ത ജാതിവിരുദ്ധ കലാപങ്ങളോട് പ്രത്യക്ഷത്തിൽ പങ്കുചേർന്നിരുന്നെങ്കിലും ജാതിയുടെ ആഴത്തിലുള്ള സ്വാധീനത്താൽ അധ:കൃതവർഗ്ഗം തങ്ങളുടെ വഴിയിൽത്തന്നെയായിരുന്നു സഞ്ചരിച്ചത് എന്ന് ഈ പരാമർശം സൂചന നൽകുന്നുണ്ട്. ജാതിബോധത്തിന്റെ പുരുഷരൂപമായിരുന്നു നാറാപിള്ള. ജാതിപരമായ വേർതിരിവുകൾ ഇല്ലാതാകുന്നത് ഭയപ്പാടോടെയാണ് നാറാപിള്ള കണ്ടിരുന്നത്. നാറാപിള്ളയുടെ മകനും ചെറുമകനും ജാതിക്കു പുറത്തുനിന്നാണ് വിവാഹം കഴിക്കുന്നത്. മകൻ ഈഴവസമുദായത്തിൽനിന്ന് വിവാഹംകഴിക്കുന്നു. കൊച്ചുമകനായ ജിതൻ ഒരു ക്രിസ്ത്യാനിപ്പെണ്ണിനെ ജീവിത സഖിയാക്കുന്നു. വിദ്യാഭ്യാസം ലഭിച്ച അടുത്ത രണ്ട് തലമുറകൾ സമൂഹത്തെ നോക്കിക്കാണുന്നതിങ്ങനെയാണ്. മകൻ ഗോവിന്ദൻ, ചെറുമകൻ ജിതേന്ദ്രൻ എന്നിവരിലൂടെ ജാതിബോധത്തെയും സങ്കുചിത ചിന്തകളെയും നിരാകരിക്കുന്ന പുതുതലമുറ രംഗപ്രവേശം ചെയ്യുന്നു. വിപ്ലവചിന്തകളിലൂടെ, മിശ്രവിവാഹങ്ങളിലൂടെ ജാതിബദ്ധമായ ഘടന ശിഥിലമാവുകയാണിവിടെ. കഴിഞ്ഞനൂറ്റാണ്ടിലെ നവോത്ഥാന സാമൂഹിക ചരിത്രത്തിന്റെ ലഘു ആഖ്യാനമാണ് നാറാപിള്ളയുടെ കുടുംബചരിത്രം. ഈ കഥാപാത്രങ്ങളെല്ലാം കഴിഞ്ഞ നൂറ്റാണ്ടിൽ കേരളീയ സമൂഹം പരിചയിച്ച വ്യത്യസ്ത ജീവിതദർശനങ്ങളുടെ പ്രതിനിധാനങ്ങളാണ്.

മനുഷ്യന് ഒരു ആമുഖം എന്ന നോവലിലെ ആഖ്യാനരീതി വളരെ സവിശേഷമാണ്. ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന നാലുഘട്ടങ്ങളിലൂടെ കടന്നുപോകുന്ന നോവൽ എഴുത്തുകാരന്റെതന്നെ ഭാഷയിൽ 'സൃഷ്ട്യുന്മാദത്തിന്റെ കാറ്റുപിടിച്ച വാക്കുകളുടെ

പായ്ക്കപ്പൽ ആണ്.' പത്ത് അധ്യായങ്ങൾ വീതമുള്ള നാലുഭാഗങ്ങളായി പുരുഷാർത്ഥ ങ്ങളുടെ പേരുകൾ നൽകിയിട്ടുള്ള ഈ വിഭജനം നോവലിനെ സംബന്ധിച്ചിടത്തോളം ഔചിത്യപൂർണമാണ്. ആദ്യഘട്ടമായ ധർമ്മത്തിൽ ധർമ്മദേവനായ ഗുരുദേവന്റെ ദർശന ങ്ങളെയും അധർമ്മമൂർത്തിയായ നാറാപിള്ളയെയും ഒരു നാണയത്തിന് ഇരുപുറങ്ങളി ലായി പ്രതിഷ്ഠിച്ചിരിക്കുന്നു. അർത്ഥകാണ്ഡത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങളും കാമ കാണ്ഡത്തിൽ പ്രണയവും മോക്ഷത്തിൽ നായകനായ ജിതന്റെ ജീവിതവും ആവിഷ്കരി ക്കുന്നു. ഇതുകൂടാതെ നൂറോളം കഥാപാത്രങ്ങൾ അവിടത്തെ മാറ്റങ്ങൾ ഉൾക്കൊണ്ടും അല്ലാതെയും നോവലിൽ കടന്നുവരുന്നുണ്ട്. 1999 മാർച്ച് 29 മുതൽ 2000 ജനുവരി 1 വരെ ജിതേന്ദ്രൻ അമേരിക്കയ്ക്ക് അയച്ച കത്തുകൾ അധ്യായങ്ങൾക്ക് മുന്നിൽ ചേർത്തിട്ടുണ്ട്. മനുഷ്യാവസ്ഥയെ സംബന്ധിച്ചുള്ള തത്ത്വചിന്താപരമായ കാഴ്ചപ്പാടുകളും നോവലി സ്റ്റിന്റെ ദർശനങ്ങളും ഈ കത്തുകളിൽ ഉണ്ട്. മനുഷ്യാവസ്ഥ എല്ലാക്കാലത്തും നേരിടുന്ന പ്രതിസന്ധികളെയും ജിതേന്ദ്രൻ കത്തുകളിലൂടെ ഓർമിപ്പിക്കുകയാണ് നോവലിസ്റ്റ്. ധീരനും സ്വതന്ത്രനും സർവ്വോപരി സർഗ്ഗാത്മകനുമായ മനുഷ്യശിശു അറുപതോ എഴുപതോ വർഷംകൊണ്ട് ഭീരുവും പരതന്ത്രനുമായി സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കു വേണ്ടിമാത്രം ചെലവിട്ട് ഒടുവിൽ വൃദ്ധവേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചുപോകുന്നതിനെയാണ് മനുഷ്യജീവിതം എന്ന് പറയുന്നതെങ്കിൽ പ്രിയപ്പെട്ടവളേ മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല' എന്ന് ജിതൻ പറയുന്നുണ്ട്. പൂർണ്ണവളർച്ചയെത്തും മുമ്പ് മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ എന്ന് നോവലിന്റെ തുടക്കത്തിൽ എഴുതിയിട്ടുണ്ട്. ഈ വിഷയമാണ് നോവലിലുടനീളം പ്രശ്നവൽക്കരിക്കുന്നത്. ജനനത്തിനും മരണത്തിനും ഇടയിലെ ജീവിതത്തിന്റെ നാല് അർത്ഥതലങ്ങളിൽ അർത്ഥകാമങ്ങൾക്ക് പ്രാധാന്യം ലഭിക്കുകയും അതിൽതന്നെ കാമവും സന്താനോൽപ്പാദനവും മാത്രമാണ് മനുഷ്യന്റെ പ്രധാനകർമ്മമെന്ന് വരികയും ചെയ്യുന്നു. മനുഷ്യജീവിതത്തിന്റെ അർത്ഥം പരിമിതപ്പെടുകയാണ് എന്ന് നോവലിസ്റ്റിന് അഭിപ്രായമുണ്ട്.

മലയാളിസ്വത്വത്തിന് ഏറ്റവും കാതലായ അംശങ്ങളെ ആവാഹിക്കുന്നതും അതു മലയാളിയുടെ ബൗദ്ധികവും വൈകാരികവുമായ പരിണാമങ്ങളെ അടയാളപ്പെടുത്തു ന്നതുമായ ഒരു നോവലാണ് താനെഴുതുന്നത് എന്ന എഴുത്തുകാരന്റെ ബോധ്യം 'മനുഷ്യന് ഒരു ആമുഖം' എന്ന നോവലിൽ പലയിടത്തായി വെളിപ്പെടുന്നുണ്ട്. ജിതന്റെ ആധികൾ ഉൾക്കൊള്ളുന്ന പ്രണയലേഖനങ്ങൾ, ഒരു കാലത്ത് അയാൾ തീവ്രമായി എഴുതാൻ ആഗ്രഹിച്ച പുസ്തകത്തിന്റെ കുറിപ്പുകൾ എന്നിവ ചേർന്ന് ചരിത്രവും ആഖ്യാനവും ഇട കലരുന്ന നോവൽരൂപത്തെ സൃഷ്ടിക്കുന്നു. ഒരാൾ ജീവിക്കുന്നതും ജീവിച്ചിരുന്നതും ആയ ചരിത്രം അന്തിമവിശകലനത്തിൽ വെറും കല്പിതകഥയായി മാറുന്ന ആഖ്യാനതന്ത്രവും ഇതിൽ പരീക്ഷിക്കുന്നുണ്ട്. പാവകൾ നിർമ്മിക്കുന്ന കമ്പനിയിലെ ഉയർന്ന ഉദ്യോഗ സ്ഥനായി വിരമിച്ച് ഫ്ളാറ്റ് ജീവിതം നയിക്കുന്ന ജിതേന്ദ്രന്റെ മരണത്തിൽ ഈ നോവൽ ആരംഭിക്കുന്നു. സ്ത്രീപുരുഷബന്ധം, ലൈംഗികത എന്നിവയെ സംബന്ധിച്ച് നില നിൽക്കുന്ന ധാരണകളെ ഈ നോവൽ പരിഗണിക്കുന്നില്ല. ലൈംഗികത, പ്രണയം എന്നിവ യെ ഉദാത്തവൽക്കരിക്കുന്ന ശൈലിയിൽനിന്ന് മാറി യാഥാർഥ്യത്തിന്റെ അനുഭവതലം

ആണ് നോവലിസ്റ്റ് പിന്തുടരുന്നത്. അത് ലൈംഗികതയും പ്രണയവും യാഥാർത്ഥ്യത്തിന്റെ അനുഭവസത്യങ്ങളായി ആവിഷ്കരിക്കുന്നു. രോഗം, ശരീരം, മരണം എന്നിവ പോലെ തികച്ചും ശാരീരികമായ കർമ്മം മാത്രമായി ലൈംഗികതയെയും കാണുന്നു. പുരുഷ സഹജമായ സാധാരണവികാരം എന്നതിനപ്പുറം ലൈംഗികതയ്ക്ക് ജിതന്റെ ജീവിതത്തിൽ വലിയ ഇടമില്ല. ജിതനിൽ കൗമാരകാലത്ത് കാണുന്ന ലൈംഗികാഭിമുഖ്യം പതിയെ മങ്ങുകയാണ്. ഭംഗിയില്ലാത്ത സ്ത്രീകളോട് പ്രത്യേക അനുകമ്പയുള്ള ജിതൻ തലയും മുലയും ഉള്ള പെണ്ണായി സോഫിയയെ കാണുന്നു. മറ്റു സ്ത്രീകളോട് ഒന്നും ഒരിക്കലും വെളിപ്പെടുത്തിയിട്ടില്ലാത്ത ആദ്യത്തെ വേഴ്ചയും അതിൽ നിന്നുണ്ടായ സുഖകരമല്ലാത്ത പ്രതികരണങ്ങളും മറ്റേതൊരു യുവാവിനേയും പോലെ ജിതന്റെ ഓർമ്മകളുടെ ചതുപ്പിൽ ആഴ്ന്നു കിടന്നിരുന്നു. രതികർമ്മത്തെ തികച്ചും യാന്ത്രികവും മരണതുല്യമായ ഒന്നായും നോവലിൽ വിശേഷിപ്പിക്കുന്നുണ്ട്. പതിനാലാം വയസ്സിലെ ഒരു രാത്രിയിൽ ഇതിൽ പറയുന്നത് പോലെ രതിയുടെയും മൃതിയുടെയും ഞരക്കങ്ങൾക്ക് അത്ഭുതകരമായ സാദൃശ്യം ഉണ്ടായിരുന്നു എന്ന് എഴുതിയിട്ടുണ്ട്. മലിനജലം പോലെ കെട്ടിക്കിടക്കാൻ തുടങ്ങിയ പുതിയകാലത്തിലും മനുഷ്യർ കൊതുകിനെപോലെ പെറ്റുപെരുകുന്നതിൽ മനംമടുത്ത ജിതൻ തനിക്ക് കുട്ടികൾ വേണ്ടെന്ന തീരുമാനത്തിൽ എത്തിയിട്ടും അയാൾ ഇടതടവില്ലാതെ ഭോഗിക്കുകയാണ്. തന്റെ മരണശേഷം നിലനിൽക്കാൻ കെൽപ്പുള്ള ഒന്നിനെ സൃഷ്ടിക്കുക എന്ന കർമ്മത്തിൽനിന്നും ഒളിച്ചോടാൻ അയാൾ തീവ്രമായി ആഗ്രഹിക്കുന്നുണ്ട്. സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കുവേണ്ടി മാത്രം ചെലവിട്ട് വൃദ്ധ വേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചുപോകുന്ന നിസ്സാരനാണ് മനുഷ്യൻ എന്ന കണ്ടെത്തലാണ് മനുഷ്യാവസ്ഥയുടെ ആത്യന്തികസത്തയായി നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

ആശയങ്ങളോട് പ്രകടമായ ആസക്തി വെളിവാക്കുന്ന ഒരു നോവലാണ് മനുഷ്യനൊരാമുഖം. ഏറ്റവും സാധാരണവും നിസ്സാരവുമായ മനുഷ്യ അനുഭവങ്ങളെപ്പോലും അതിന്റെ ചാലകശക്തികളിൽ മുഖ്യമായ ആശയങ്ങളോടുകൂടി ചേർത്തുവയ്ക്കാനുള്ള വെമ്പൽ നോവലിലുടനീളം പ്രകടമാണ്. ഓരോ അധ്യായത്തിലും ആമുഖമായി ചേർത്തിരിക്കുന്ന കുറിപ്പുകൾ ഓരോന്നും ഓരോ ആശയത്തിന്റെ അവതരണം ലക്ഷ്യം വച്ചുള്ളതാണ്. ഈ ആശയങ്ങളിൽ ചിലത് നോവലിന്റെ ഇതരഘടകങ്ങൾ പുലർത്തുന്ന ഗഹനതയുടെ നിലവാരത്തെക്കാൾ വളരെ താഴെയാണെന്നത് ഒരു യാഥാർത്ഥ്യമാണ്. എഴുത്തിലൂടെ താൻ നിർവഹിക്കേണ്ട ജീവിത വിമർശനത്തിന്റെ വൈപുല്യത്തെകുറിച്ച് ഇങ്ങനെ ഒരു ധാരണ പുലർത്തുകയും ആ ധാരണയോട് ആകാവുന്നത്ര നീതിപുലർത്താൻ പൂർണമായി യത്നിക്കുകയും ചെയ്തിട്ടുള്ള ഈ നോവൽ താഴ്ന്ന മധ്യവർഗ്ഗത്തിലുള്ള സവർണ്ണ ജീവിതങ്ങൾക്ക് തന്നെയുള്ള ഒരു പ്രശ്നമാണ്. കഥാപാത്രങ്ങളെ ഭരിക്കുന്ന ഈ അസ്തിത്വം മാറ്റിയെടുക്കാൻ നോവലിന് കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. സാഹിത്യരൂപങ്ങളിൽവെച്ച് നോവൽ അതിന്റെ ഇതിവൃത്തത്തിലേക്കും ആശയ ലോകത്തേക്കും പരമാവധി കാര്യങ്ങളെക്കുറിച്ച് കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുന്ന ഒരു മാധ്യമമാണ്. എന്തും കുത്തിനിറയ്ക്കാവുന്ന കീറച്ചാക്കിന്റെ അവസ്ഥയിലേക്ക് അതിനെ എത്തിക്കുന്നത് ഈ വ്യഗ്രതകൊണ്ടാണ്. അനുഭവങ്ങളുള്ള അതിന്റെ സമീപനം

ബഹുമുഖമാണ്. ബഹുസ്വരതയും ബഹുഭാഷണത്വവും ജന്മസ്വഭാവമായ നോവൽ നാനാമുഖമായ ആത്മസംശയങ്ങളിലേക്കും ആത്മവിമർശനത്തിലേക്കും എഴുത്തിനെക്കുറിച്ചുള്ള അവിശ്വാസത്തിലേക്കും എല്ലാം നോവലിസ്റ്റിനെ നയിക്കും. ഈ അനുഭവം ഏറ്റവും വൈകാരികമായും വാചാലമായും അവതരിപ്പിക്കുന്ന ഒരു നോവലാണ് 'മനുഷ്യനൊരാമുഖം'.

## സഹായകഗ്രന്ഥങ്ങൾ

1. *കുമാർ ജെ, ഡോ., ഷിജു.കെ. ഡോ, എഡി:, ആധുനികാനന്തരമലയാളനോവൽ, മാളുബൻ പബ്ലിക്കേഷൻസ്., തിരുവനന്തപുരം, 2018.*
2. *ശിവദാസ്, കെ. കെ., ഡോ., എഡി., മലയാളനോവൽ രണ്ടായിരത്തിനുശേഷം. പാപ്പിറസ്ബുക്സ്, കോട്ടയം, 2014.*
3. *ശ്രീകുമാർ. കെ, ഡോ., എഡി., നവനോവൽ വസന്തം. പൂർണപബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.*
4. *ലിസിമാത്യു, വി., ഡോ., ഇവൾ പൂക്കുംഇലഞ്ഞിമരങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.*
5. *ജോബിൻ ചാമക്കാല, ഡോ., എഡി., നോവലുംപ്രാദേശികതയും, ആത്മബുക്സ്, കോഴിക്കോട്, 2020.*
6. *ഷാജിജേക്കബ്, ഡോ., ആധുനികാനന്തരമലയാളനോവൽ വിപണി, കല, പ്രത്യയശാസ്ത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.*
7. *സുധീഷ്. എസ്., ചരിത്രവും ഭാവനയും നോവൽ കലയിൽ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.*
8. *സുധാകരൻ, സി.ബി., ഉത്തരാധുനികത, കറൻറ്ബുക്സ്, 1999.*
9. *ബെഞ്ചമിൻ, ഡി. ഡോ., നോവൽസാഹിത്യപഠനങ്ങൾ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2010.*
10. *Foster. E. M, Aspect of the novel, London: Penguin books, 1990.*

# അപകോളനീകരണത്തിന്റെ സാംസ്കാരികപാഠം

**ഡോ. കെ.പി. രവിചന്ദ്രൻ**
അസോസിയേറ്റ്പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളെജ്, പാലക്കാട്.

**പ്രബന്ധസംഗ്രഹം**

മലയാളത്തിലെ പ്രമുഖ എഴുത്തുകാരനായ എം.ബി മനോജിന്റെ 'ബുദ്ധരൂപം' എന്ന കൃതിയെ ആന്തരിക അപകോളനീകരണത്തിന്റെ സാംസ്കാരിക പാഠമെന്ന നിലയിൽ വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം. ഇന്ത്യൻ തത്ത്വചിന്തയിൽ ബ്രാഹ്മണികാശയവാദങ്ങൾക്ക് വലിയ സ്വാധീനമാണുള്ളത്. അതിഭൗതികതയിലും ചരാചരശ്രേണികരണത്തിലും ഊന്നുന്ന ഈ തത്ത്വ ചിന്ത മറ്റെല്ലാ ദർശനങ്ങൾക്കും മേലെ ആധിപത്യം നേടുകയും അസമത്വ ത്തെ താത്വികമായി സ്ഥാപിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ബ്രാഹ്മണികാശയ വാദങ്ങളുടെ കടന്നു കയറ്റത്തെ ആന്തരികകൊളോണിയലിസമെന്നാണ് സാമൂഹികരാഷ്ട്രീയചിന്തകർ വിശേഷിപ്പിക്കുന്നത്. ഇന്ത്യൻ ശ്രമണപാരമ്പര്യ ത്തിലുൾപ്പെടുന്ന ബുദ്ധദർശനങ്ങളാണ് ചരാചരമൈത്രിയുടേയും സമഭാവന യുടേയും തത്ത്വങ്ങൾ കൊണ്ട് ചാതുർവർണ്യത്തിലധിഷ്ഠിതമായ ബ്രാഹ്മണികലോകബോധത്തെ വെല്ലുവിളിച്ചത്.ബൗദ്ധസാഹിത്യപാരമ്പര്യം മറ്റിന്ത്യൻ ഭാഷകളിലെന്നപോലെ മലയാളത്തിലും ശക്തമായുണ്ട്. നവോത്ഥാന കാലത്തും ആധുനിക ആധുനികോത്തരകാലത്തും ബുദ്ധദർശനങ്ങൾ മലയാളസാഹിത്യത്തെ പ്രചോദിപ്പിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും അടുത്ത കാലത്തെ തെളിവാണ് 2021ൽ പുറത്തിറങ്ങിയ ബുദ്ധരൂപം എന്ന കൃതി. മനുഷ്യരെയും ജീവജാലങ്ങളേയും ശ്രേണീകരിക്കുകയും പുറന്തള്ളുകയും ചെയ്യുന്ന തത്ത്വചിന്ത ശക്തിപ്പെടുന്ന സമകാലികസാഹചര്യത്തിൽ അതിനെ തിരെ നില്ക്കാൻ കഴിയുന്ന ഇന്ത്യൻ പാരമ്പര്യത്തിലെ ബദൽ ഊർജ്ജ ശക്തിയെന്ന നിലയിൽ ബൗദ്ധദർശനങ്ങളെ ഉയർത്തിപ്പിടിക്കുന്നത് സാഹോദര്യത്തിന്റേയും തുല്യതയുടേയും മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന തിനു സമമാണ്.

***താക്കോൽവാക്കുകൾ:*** അപകോളനീകരണം, ബ്രാഹ്മണിസം, സ്വദേശീ, ആധുനികത, നവബ്രാഹ്മണ്യം

അപകോളനീകരണത്തിന്റെ സാംസ്കാരിക പാഠമാണ് എം.ബി. മനോജിന്റെ ബുദ്ധരൂപം എന്ന കൃതി. ഭാഷ, ഭാവുകത്വം, ആഖ്യാനം പ്രമേയസ്വീകരണം എന്നിവയിലെല്ലാം ബുദ്ധരൂപം ബ്രാഹ്മണികമായ ആഭ്യന്തര കൊളോണിയലിസത്തെ ചെറുക്കുന്നു. അധീശചരിത്രത്തിന്റെ എതിർപാഠവും പാരായണവുമായി ബുദ്ധരൂപം ചരിത്രം സൃഷ്ടിക്കുന്നു. ദലിതവും ദമിതവുമായ ചരിത്രത്തെ തിരിച്ചു പിടിയ്ക്കലാണിത്. ഭാഷയുടെ പ്രബുദ്ധരൂപമാണ് കാവ്യം എന്നുറപ്പാക്കുക കൂടി ചെയ്യുന്നുണ്ട് ഈ കൃതി.

## ബുദ്ധൻ എന്ന സാംസ്കാരിക സൂചകം

ബുദ്ധൻ ഒരു സാംസ്കാരികസൂചകമാണ്.ബോധോദയം നേടിയ ആളാണ് ബുദ്ധൻ. ബുദ്ധൻ എന്ന സംജ്ഞയ്ക്ക് ബുദ്ധനേക്കാൾ പഴക്കമുണ്ടെന്നു പറയപ്പെടുന്നു. വിവേകത്തിന്റെ കാഴ്ചയാണ് ബുദ്ധത്വം. എല്ലാവർക്കും ബുദ്ധന്മാരാകാം എന്ന സാധ്യത അതിലുണ്ട്. സ്ഥാപനവല്കൃതവും അധികാരോന്മുഖവുമായിത്തീർന്ന ബുദ്ധമതത്തെയല്ല ബുദ്ധൻ പ്രതിനിധാനം ചെയ്യുന്നത്. മതത്തിന്റെ യാന്ത്രികതയിലല്ല സത്യാന്വേഷണത്തിന്റെ ജൈവോർജ്ജത്തിലാണ് ബുദ്ധൻ ഇന്നും ജീവിക്കുന്നത്.

ബുദ്ധനെ ശ്വസിക്കുന്നതു കൊണ്ടാണ് വർത്തമാനകാലസമൂഹം നിലനിൽക്കുന്നതും നിവർന്നു നിൽക്കുന്നതും. തമസ്കരണങ്ങളെ അതിജീവിച്ച് ബുദ്ധന്റെ ഉടഞ്ഞ ഉടൽ രൂപങ്ങൾ ആഴങ്ങളിൽ നിന്ന് വീണ്ടെടുക്കപ്പെടുന്നു. എല്ലാ ലോകഭാഷകളിലും ബുദ്ധൻ സംസാരിക്കുന്നു. സാംസ്കാരികപാഠങ്ങൾ ചരാചരമൈത്രിയുടെ ബുദ്ധഭാഷണങ്ങളാകാൻ മത്സരിക്കുന്നു. 'ബുദ്ധജീവധാര അംബേദ്കറുടെ നവയാനമായും ഗാന്ധിയൻ അഹിംസയായും ഇവാൻ ഇല്ലിച്ചിന്റെ അഹിംസാത്മക സാങ്കേതികവിദ്യാദർശനമായും ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ളവമായും അയോത്തിതാസരുടെ ആദിദ്രാവിഡ പ്രസ്ഥാനമായും പാരിസ്ഥിതിക ധാരകളായും ഒഴുകിക്കൊണ്ടേയിരിക്കുന്നു.'(രാജൻ കെ.2022:100)

## ബ്രാഹ്മണികാശയവാദം തുല്യതയ്ക്കെതിരെ

ഇന്ത്യൻ സമൂഹത്തെ നിശ്ചലവും യാഥാസ്ഥിതികവുമായി നിലനിർത്തുന്നതിൽ ബ്രാഹ്മണികാശയവാദം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇന്ത്യയെന്ന ഭൂപ്രദേശത്തെ കോളനിവൽക്കരിച്ച ആദ്യത്തെ തത്ത്വവും പ്രയോഗവും ബ്രാഹ്മണിസത്തിന്റേതാണ്. ആയിരത്താണ്ടുകളുടെ അടിവേരുകൾ അതിനുണ്ട്.ബ്രഹ്മമോക്ഷ കർമ്മ പുനർജന്മസിദ്ധാന്തങ്ങളിലൂടെ അത് സംതൃപ്തരും വിധിവിശ്വാസികളുമായ ശ്രേണീകൃത അസമസമൂഹത്തെ സൃഷ്ടിച്ചു പരിപാലിച്ചു പോരുന്നു. അസമത്വഘടനയെ മാറ്റാനുള്ള കുതറലോ പിടച്ചിലോ അതിനകത്തു സാധ്യമല്ലാത്ത രീതിയിൽതത്ത്വജ്ഞാനപരമായും ആത്മീയമായും ഇന്ത്യൻ ജനത കുരുങ്ങിക്കിടക്കുന്ന കെണിയാണ് ബ്രഹ്മമോക്ഷ കർമ്മ പുനർജന്മ സിദ്ധാന്തങ്ങൾ.

തുല്യതയെക്കുറിച്ചു പറയുന്ന വിപ്ലവകരമായ മഹാസങ്കല്പമായാണ് ബ്രഹ്മസങ്കല്പം അവതരിപ്പിക്കപ്പെടുന്നത്. എല്ലാസൃഷ്ടികളിലും ഒരേ ചൈതന്യമാണെന്നു പറയുന്നതിലൂടെ നാടകീയമായി ആ തത്ത്വം മഹത്വവൽക്കരിക്കപ്പെടുന്നുണ്ട്. എന്നാൽ അതോടൊപ്പം കർമ്മ സിദ്ധാന്തം കൂടി ചേർത്തു വയ്ക്കുന്നതോടെ ബ്രാഹ്മണ്യകൗശലം ലക്ഷ്യം നേടുകയാണ്. ഓരോ ജീവിയും അതിന്റെ കർമ്മഫലമാണ് അനുഭവിക്കുന്നത് എന്നതാണ് ആ സിദ്ധാന്തം. ഭൗതിക ജീവിതത്തിലെ ഭേദചിന്തകളെ, ഉച്ചനീചത്വങ്ങളെ, അസമത്വത്തെ സ്വാഭാവികമായ കർമ്മഫലമാണെന്നു വരുത്തിത്തീർക്കാൻ ഈ തത്ത്വചിന്തയ്ക്ക് എളുപ്പം കഴിയുന്നു. ഇതിൽ നിന്ന് മോചനംനേടാൻ ഈ ജന്മത്തിൽ കഴിയില്ലെന്നും ജാതിവർണ്ണ നിയമങ്ങൾക്കനുസരിച്ചുള്ള കർമ്മങ്ങളനുഷ്ഠിച്ചാൽ അടുത്ത ജന്മത്തിൽ സാധ്യമായേക്കാം എന്നുമാണ് പുനർജന്മസിദ്ധാന്തം പറയുന്നത്.

വൈദികകാലം മുതൽ സത്യാനന്തരകാലം വരെ അസമത്വത്തിന്റെയും അസ്പൃശ്യതയുടെയും ഈ തത്ത്വജ്ഞാനം സങ്കീർണമായ സംഘടിതാധികാര സ്ഥാപനങ്ങളിലൂടെ, സാഹിത്യത്തിലൂടെ, മറ്റു വ്യവഹാരങ്ങളിലൂടെ മനുഷ്യമസ്തിഷ്കങ്ങളെ പ്രക്ഷാളനം ചെയ്തുവരുകയായിരുന്നു.

## എഴുത്തിലെ വർണ്ണപാരമ്പര്യം

അമ്പേറ്റ കിളിയോടുതോന്നിയ അനുതാപവും കാരുണ്യവും തലയറുക്കപ്പെട്ട ശംബൂകനോടില്ലാത്തവിധം വർണ്ണബോധം പേറുന്ന എഴുത്തു പാരമ്പര്യത്തിന് ഇന്നും തുടർച്ചകളുണ്ട്. ഇതിഹാസപുരാണ പാരമ്പര്യം ചരാചരമൈത്രിയെ ഉയർത്തിപ്പിടിയ്ക്കുന്നതല്ല. ബുദ്ധമൂല്യങ്ങൾ സംഘർഷഹേതുവായി ഇടപെടുന്നതിനപ്പുറം ഈ പാരമ്പര്യം ബ്രാഹ്മണികതയെയാണ് പൊലിപ്പിച്ചെടുത്തതും വിജയിപ്പിച്ചെടുത്തതും. ആധുനിക കാലംവരെ നീളുന്നതും നിയന്ത്രിക്കുന്നതുമാണ് സാംസ്കാരികവും രാഷ്ട്രീയവുമായ ഈ നീരാളിക്കൈകൾ.

'ആദികാവ്യവും മഹത്തായ ഇതിഹാസവുമായ വാത്മീകിരാമായണം ഉൾവഹിയ്ക്കുന്ന മൂല്യങ്ങൾ രാമകഥയിലൂടെ ബ്രാഹ്മണ്യപ്രത്യയബോധവും ജാതിബ്രാഹ്മണ്യ ലോകവീക്ഷണവുമായി പ്രവർത്തിക്കുന്നു. ജാതിവ്യവസ്ഥയുടെ ഭേദരൂപങ്ങളുടെ നിലവിതാനങ്ങളിൽ സ്ഥാനപ്പെട്ടിരിക്കുന്ന ഇന്ത്യൻസമൂഹത്തിൽ ജാതിവർണ്ണസങ്കരം അധർമ്മമായി കാണുന്ന ഒരു ലോകബോധമാണ് വാത്മീകിരാമായണം പ്രചരിപ്പിച്ചത്.' എന്ന് കെ.എസ്.മാധവൻ ചൂണ്ടിക്കാട്ടുന്നു. (ശ്യാം കുമാർ ടി.എസ്2021:50,51)

ബ്രാഹ്മണന് ഉയർന്ന നിലയും ശൂദ്രന് താഴ്ന്ന നിലയും കൽപ്പിക്കുന്ന മനുസ്മൃതിയുടെ ചാതുർവർണ്ണ്യപ്രത്യയശാസ്ത്രത്തെ മഹാഭാരതത്തിലെ ധർമ്മാനുശാസനങ്ങൾ സാധൂകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നുവെന്ന് കെ.സി. നാരായണനും എഴുതുന്നുണ്ട്. (നാരായണൻ.കെ.സി.2021:225) അതിശൂദ്രരെ അഭിസംബോധന ചെയ്യാത്ത ഇതിഹാസ പുരാണങ്ങളുടെ ഭാഷാന്തരീകരണം വഴിയാണ് കേരളീയസാഹിത്യം വളർന്നതെന്ന ഡോ.പ്രദീപൻ പാമ്പിരിക്കുന്നിന്റെ നിരീക്ഷണം ഏറെ പ്രസക്തമാണ്. ഏറ്റക്കുറച്ചിലുകളോടെ മലയാളത്തിലെ വിവിധ സാഹിത്യരൂപങ്ങളിൽ ബ്രാഹ്മണിക ജ്ഞാനവ്യവസ്ഥയും മൂല്യബോധവും അലിഞ്ഞുചേർന്നിരുന്നു.

## ബുദ്ധരൂപം: പ്രമേയം, ആഖ്യാനം

നവബ്രാഹ്മണികതയുടെ കാലത്തിറങ്ങുന്ന ഈ കൃതി അതിനോടുള്ള കലഹത്തിലൂടെയാണ് രാഷ്ട്രീയമായി പ്രാധാന്യം നേടുന്നത്. കാലത്തെ പുരാതന വൈദികകാലത്തു നിന്ന് സമകാലത്തേയ്ക്കു സഞ്ചരിപ്പിക്കുന്നതാണ് ഇതിലെ ആഖ്യാനകല.

ആഖ്യാനപരമായി കഥാകഥന രീതിയാണ് എഴുത്തുകാരൻ സ്വീകരിയ്ക്കുന്നത്. പ്രമേയപരമായി കദനത്തിന്റെ കഥനം കൂടിയാകുന്നു ബുദ്ധരൂപം. ചരിത്രത്തിന്റെ നിലവിളികൾ ഇതിൽ നിന്നുയരുന്നുണ്ട്. ചരിത്രത്തിന്റെ കദനകഥകളാണ് ആഖ്യാനം കഥനം ചെയ്യപ്പെടുന്നത്.ഇത് കൃതിയെ രുദിതാനുസാരിയാക്കുന്നു. രുദിതാനുസാരിത്വം ബുദ്ധമാർഗ്ഗമാണ്. കദനവും രോദനവും പ്രതിരോധത്തിലേയ്ക്കു നയിക്കുന്നുണ്ട്. ചോദ്യങ്ങളിലേയ്ക്ക് ഉണർത്തുന്നുണ്ട്. വിമോചകമായ ചോദ്യങ്ങളാണവ.

മുടന്തിയായ കുഞ്ഞാട് ബുദ്ധഭിക്ഷുക്കൾക്ക് കഥ പറഞ്ഞു കൊടുക്കുന്നു. ജനകഥകളാണ് കുഞ്ഞാടു പറഞ്ഞുകൊടുക്കുന്നത്. അതിൽ യാഗാചാര്യന്റെയും മീൻപിടുത്തക്കാരന്റെയും കഥയുണ്ട്. ആനയുടെയും ആനപ്പാപ്പാന്റെയും കഥയുണ്ട്. ചെണ്ടപ്പണിക്കാരന്റെ കഥയുണ്ട്.

യാഗങ്ങളുടെയും യജ്ഞങ്ങളുടെയും കാലത്തേയ്ക്കാണു കാവ്യം നമ്മെ കൊണ്ടുപോകുന്നത്. ത്രൈവർണികനിയമങ്ങൾ ദണ്ഢനീതിയിലൂടെ നടപ്പാക്കുന്ന കാലത്തേയ്ക്ക്. ചൂണ്ടക്കാരനും/മീൻകാരനും കവിതയും വേറെയല്ലാതിരുന്ന കാലത്ത്, അവനും തത്ത്വജ്ഞാനിയും വേറെയല്ലാതിരുന്ന കാലത്ത് അതിനെ പിളർന്നുകൊണ്ടുള്ള കല്പനകൾ വരുന്നു. തത്ത്വം പറയാൻ നീയാരെന്ന ചോദ്യം മാത്രമല്ല നീ അനുസരിക്കേണ്ടവൻ മാത്രമാണെന്ന വിധിയും അവിടെ നിന്നു കേൾക്കുന്നു.

## അധികാരവും പ്രതിരോധവും

അധികാരവും പ്രതിരോധവുമാണ് കൃതിയെ ആന്തരികമായി ചലിപ്പിക്കുന്നത്. വൈദികാധികാരം സർവവ്യാപിയായി നില്ക്കുന്ന സ്ഥലകാലങ്ങളാണ് കൃതിയിലുള്ളത്. ഹിംസാത്മകമായ അതിന്റെ വ്യാപനം നിലവിളികൾ ബാക്കിയാക്കുന്നു. വൈദികവും ബൗദ്ധവുമായ രണ്ടു ലോകബോധങ്ങളുടെ ഏറ്റുമുട്ടലുണ്ട് ഈ കൃതിയിൽ. ബ്രാഹ്മണ്യലോകബോധത്തിന്റെ ഹിംസയിൽ നിന്ന് ബൗദ്ധദർശനത്തിന്റെ ചരാചരമൈത്രിയിലേയക്കുള്ള ഉണർച്ചയുണ്ട്. അറിവും ശാന്തിയും ദാനവും അമൃത് നല്കി അടിസ്ഥാന ജനതയെ ഉണർത്തിയെടുക്കുന്നത് ബുദ്ധസംഘങ്ങളാണ്. അവർ ജാതിഗ്രാമങ്ങൾ തോറും കയറിയിറങ്ങി. വർണ്ണവ്യവസ്ഥയെ ലംഘിച്ചു.ജാതികളിൽ കലർപ്പുണ്ടാക്കി. ചണ്ഡാളർക്കും സ്ത്രീകൾക്കും പൗരോഹിത്യം നൽകി.

*ബുദ്ധസംഘം*
*ജാതിഗ്രാമങ്ങൾ*
*കയറി ഇറങ്ങുന്നുവെന്നും*
*വർണവ്യവസ്ഥയെ ലംഘിയ്ക്കുന്നുവെന്നും*
*ജാതികളിൽ കലർപ്പുണ്ടാക്കുന്നുവെന്നും*

*ചണ്ഡാളർക്കും പെണ്ണുങ്ങൾക്കും*
*പൌരോഹിത്യം നല്കുന്നു എന്നും*
*അതു തുടരാൻ*
*അനുവദിയ്ക്കരുത് എന്നും*
*കൊട്ടാരങ്ങളിൽതീപിടിച്ചു തുടങ്ങിയിരുന്നു. (മനോജ് എം.ബി.2021:43)*

വൈദികധർമ്മങ്ങൾ മനുഷ്യവിരുദ്ധവും സാമൂഹ്യവിരുദ്ധവുമായ വ്യവസ്ഥകളായിരുന്നു സ്ത്രീകളിലും ശൂദ്രാദിവിഭാഗങ്ങളിലും അടിച്ചേൽപ്പിച്ചുകൊണ്ടിരുന്നത്.

ചോദ്യങ്ങളിലൂടെ അധികാരികളെ നേരിടുന്ന ബഹുജനങ്ങളെ ഇതിൽ കാണാം. രാജദൂതന്മാർക്ക് ഉത്തരംമുട്ടിപ്പോകുന്നുണ്ട്. ശാലാവൈദ്യന്മാരുടെ നേർക്കും ജനങ്ങൾ തിരിയുന്നുണ്ട്. ത്രൈവർണ്ണികാധികാരത്തിന്റെ വ്യാപനം ഹിംസാത്മകമാണ്. കൃഷ്ണമൃഗങ്ങളുടെ കൂട്ടക്കരച്ചിൽ എന്ന അധ്യായം ഈ ഹിംസയുടെ രൂപകാത്മകമായ പ്രതിനിധാനമാണ്. യാഗത്തിലൂടെ, അതിന്റെ കാർമ്മികരിലൂടെ, ആചാര്യന്മാരിലൂടെ, അക്കിത്തിരിമാരിലൂടെ, രാജദൂതന്മാരിലൂടെ രാഷ്ട്രീയവും സാംസ്കാരികവുമായി പടരുന്നു വൈദികാധികാരം. ഇതിനിരയാകുന്നത് ബഹുജനങ്ങളായ തൊഴിൽ സമൂഹങ്ങളാണ്. അവരിൽ മീൻപിടുത്തക്കാർ, ചെണ്ടപ്പണിക്കാർ, പശുവളർത്തുന്നവർ, നെയ്ത്തുകാർ, ചുടുകട്ട വേവിക്കുന്നവർ, കുശവന്മാർ, മരത്തച്ചന്മാർ, തെങ്ങുകയറ്റക്കാർ, കല്ലാശാരിമാർ, കിണറുകുത്തുകാർഎന്നിവരുണ്ട്. അപ്പുറത്ത് യാഗാചാര്യന്മാർ, രാജദൂതന്മാർ, അക്കിത്തിരിമാർ, വൈദികന്മാർ, ശാലാവൈദ്യന്മാർ, കാർമ്മികർ എന്നിവരും.

അധികാരത്തിന്റെ പിരമിഡ് രൂപം കൃതിയിൽ കാണാം. അത് മുകളിൽ നിന്ന് താഴേയ്ക്കു പ്രവർത്തിക്കുന്നു. താഴെയുള്ളവരെ മ്ലേഛന്മാരാക്കുന്നു. താഴെത്തട്ടിലെ കവിതയേയും തത്ത്വചിന്തയേയും കരകൗശലങ്ങളേയും അദ്ധ്വാനത്തേയും അത് അപഹസിക്കുന്നു. താഴെത്തട്ടിലെ വിളവുകളേയും വിഭവങ്ങളേയും മുകൾത്തട്ട് കൊള്ളയടിക്കുന്നു.

*കൂട്ടിയിട്ട ധാന്യങ്ങൾ*
*ഒന്നൊന്നായി കവർന്നവർ*
*എള്ളും പയറും തിനയും വിത്തും*
*അരിയും ചാമയും അവർ മോഷ്ടിച്ചു.*
*തടഞ്ഞ ഉടലുകൾ*
*മെതിച്ചെറിഞ്ഞപോൽ ചിതറി*
*ആയുധക്കൂട്ടമായ് വൈദികർ അവിടെ*
*പൂഴിയും കരച്ചിലും പടർത്തി. (മനോജ് എം.ബി.2021:73)*

യാഗത്തിനും യജ്ഞത്തിനും വേണ്ടി അടിമപ്പണി ചെയ്യുന്നവരാക്കി ഗ്രാമീണരെ മാറ്റുന്നു. നെയ്തു നെയ്തു മുതുകു കൂനിയവരായി അവർ മാറുന്നു. അവരുടെ കുഞ്ഞുങ്ങൾ പട്ടിണി കിടന്നു മരിക്കുന്നു.

യാഗത്തിനുള്ള പൂക്കളും താമരയും ശേഖരിയ്ക്കാൻ മീൻകാരനെ ഭീഷണിപ്പെടുത്തുന്ന യാഗാചാര്യൻ.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*ഇതു യാഗത്തിനായുള്ളത്*
*തത്വം പറയാൻ നീയാര്?*
*കവിത ചമയ്ക്കാൻ ഭാഷയും*
*മീൻ പിടിയ്ക്കുവോൻ നീ*
*അനുസരിയ്ക്കേണ്ടവൻ*
*അധികാരിതന്നതാണീയാജ്ഞ*
*അതിൻ മുന്നിൽ നിൻ കൃതി*
*വികൃതിയും*
*ശിരസ്സറ്റിളകും രക്തവർണം പോൽ. (മനോജ് എം.ബി.2021:30)*

പൊട്ടിയൊലിക്കുന്ന വ്രണങ്ങളുമായി കഷ്ടപ്പെടുന്ന ആനയെ നട്ടുച്ചയിലും എഴുന്നള്ളിക്കാൻ കല്പിക്കുന്ന യജമാനൻ.ദേവനെ തുയിലുണർത്താനുള്ള തുകലും ദേവകലയും ഹാജരാക്കാൻ ചെണ്ടപ്പണിക്കാരനോടാജ്ഞാപിയ്ക്കുന്ന അധികാരി. അധികാരം അതെത്ര ഭീതിദം എന്ന് ചെണ്ടപ്പണിക്കാരൻ വിറയ്ക്കുന്നുണ്ട്. പുല്ലും വെള്ളവും കൈത്തീറ്റയും സ്നേഹവും നൽകി വളർത്തിയ പശുവിനെ വളർത്തുകാരിയിൽ നിന്ന് പിടിച്ചെടുത്ത് യാഗശാലയിലേക്കു കൊണ്ടുപോകുന്ന ശിങ്കിടികൾ, കശാപ്പുകാരന്റെ വീട്ടിൽ ഊറയ്ക്കിട്ട കാളത്തോലുകൾ കൈക്കലാക്കുന്ന കിങ്കരന്മാർ, ഗ്രാമങ്ങളെ കരയിച്ചും പട്ടിണിക്കിട്ടും യാഗം നടത്തുന്ന ത്രൈവർണ്ണികർ. കറന്നെടുത്ത പാലും നെയ്യും യാഗശാല യിലെ അടുപ്പിലെരിക്കുന്നവർ. ഇല്ലാത്ത സ്വർഗ്ഗം കിട്ടാൻ ഭൂമിയിൽ ദാരിദ്ര്യം സൃഷ്ടിക്കുന്ന വർ. ഗ്രാമത്തിലെ കുഞ്ഞുങ്ങളുടെ, വൃദ്ധരുടെ, കന്നുകാലികളുടെ വിശപ്പും ദാഹവും കേൾക്കാത്തവർ. ഭൂമി തന്നെയാണ് സ്വർഗ്ഗവും നരകവുമെന്ന്, ഇഹവും പരവും ഇവിടത്ത ന്നെയാണെന്ന്, ഇവിടത്തെ ചെയ്തികൾക്ക് ഇവിടത്തന്നെയാണ് ഫലം കിട്ടേണ്ടതെന്ന് സിദ്ധനാർ അഗത്തിയത്തിൽ പറയുന്നുണ്ട്. സിദ്ധസംഘങ്ങളാണ് കരയുന്ന ഗ്രാമങ്ങൾക്ക് വെള്ളവും വറ്റും നല്കി രക്ഷിക്കുന്നത്. യാഗക്കാർ നെയ്ത്തുകാരെ രാപ്പകൽ പണിയെടു പ്പിച്ചു. അവർ വയറൊട്ടി അസ്ഥിമാത്രരായി. അവർ യാഗത്തിനായി തുണികൾ നെയ്തു കൂട്ടി. കരഞ്ഞുറങ്ങിയ മക്കളെപ്പോലും ശ്രദ്ധിക്കാനാവാതെ, നെയ്ത്തുകാരുടെ അസ്ഥികൾ ശയിക്കും ഗ്രാമത്തിലെത്തിയ സിദ്ധസംഘത്തോട് യജമാനന്റെയും ഉടയോന്റെയും ആൾക്കാർ കയർക്കുന്നു.

വർണ്ണസമൂഹത്തിനകത്തുതന്നെ ഹീനരാക്കപ്പെട്ട ശൂദ്രവിഭാഗമാണ് കൃതിയിലുള്ള ബഹുജനങ്ങൾ. അവർ കൃഷിയും കൈത്തൊഴിലുകളും സേവനത്തൊഴിലുകളും ചെയ്യുന്നവരാണ്. ആര്യാധിനിവേശം ശക്തിപ്പെട്ട ഇന്ത്യൻ ചരിത്രസന്ദർഭമാണിത്. വർണ്ണജാതിവ്യവസ്ഥയെന്ന തരം തിരിച്ച അസമത്വവ്യവസ്ഥ രൂപപ്പെടുന്നു. വർണ്ണ ഘടനയ്ക്കു പുറത്തുള്ളവർ മ്ലേഛരും നിഷാദരും ചണ്ഡാലരുമായി മുദ്രകുത്തപ്പെടുന്നു. ശൂദ്രന്മാരിൽ കൈവേലക്കാർ, കൃഷിക്കാർ എന്നിവരുണ്ട്. കുംഭാരന്മാർ, നെയ്ത്തുകാർ, ആശാരിമാർ, മുക്കുവർ എന്നീ തൊഴിൽസമൂഹങ്ങളാണിവർ. 'ബി.സി അഞ്ചും ആറും നൂറ്റാണ്ടുകളോടെയാണ് വേദപ്രാമാണ്യവും യജ്ഞപ്രാമാണ്യവും ഘോഷിക്കുന്നതും

ബ്രാഹ്മണ്യത്തിന്റെ അധീശത്വം ഉള്ളതുമായ ചാതുർവർണ്ണ്യസമൂഹങ്ങൾ ഇന്ത്യയിൽ ഉയർന്നുവരുന്നത്.' (നാരായണൻ കെ.സി. 2021:188)

## യാഗയജ്ഞസംസ്കാരം

ദൈവപ്രീതിയ്ക്കായുള്ള ആര്യൻ ആരാധനയുടെ കേന്ദ്രം യാഗശാലകളാണ്. അനുഷ്ഠാനപരമായിത്തീർന്ന വൈദികമതം യാഗയജ്ഞസംസ്കാരത്തെ പ്രോജ്ജ്വലിപ്പിച്ചു. ദേവപ്രീതിക്കായിരുന്നു ബലി എന്ന പേരിൽ ഹിംസ നടത്തിപ്പോന്നത്. കർമ്മ സിദ്ധാന്തവും പുനർജ്ജന്മസിദ്ധാന്തവും യാഗയജ്ഞസംസ്കാരത്തോടു ചേർന്നു നിന്നു. ദണ്ഡനീതിയിലൂടെ വർണ്ണവ്യവസ്ഥ ദൃഢീകരിക്കപ്പെട്ടു.

അളവറ്റ സമ്പത്തു ചെലവഴിച്ചും മൃഗങ്ങളെ കശാപ്പുചെയ്തും നടത്തിവന്ന ഹിംസയാണ് യാഗങ്ങൾ. ഗ്രാമങ്ങളിലെ അടിസ്ഥാനതൊഴിൽസമൂഹത്തെ പീഡിപ്പിച്ചും ഭീഷണിപ്പെടുത്തിയും സമാഹരിച്ച സമ്പത്തായിരുന്നു ഇതിനുപയോഗിച്ചുകൊണ്ടിരുന്നത്. അവരെ അടിമപ്പണി ചെയ്യിച്ചാണ് യാഗങ്ങളുടെ സംഘാടനം നടന്നത്. യാഗങ്ങളിലൂടെ സമ്പത്തു ധൂർത്തടിയ്ക്കപ്പെടുമ്പോൾ ഗ്രാമങ്ങൾ ദാരിദ്ര്യത്തിലേയ്ക്കും ദുരിതത്തിലേയ്ക്കും കൂപ്പുകുത്തിയിരുന്നു.

'ഭയങ്കരമായ കൂട്ടസംഹാരം നടക്കുന്ന ഇത്തരം യജ്ഞങ്ങൾ യഥാർത്ഥത്തിൽ ഒരുതരം ആഹ്ലാദമദോൽസവങ്ങളായിരുന്നു. പൊരിച്ചെടുത്ത മാംസത്തിനു പുറമേ മദ്യവും അവിടെ ലഭ്യമായിരുന്നു. ബ്രാഹ്മണർ സോമവും സുരയും പാനംചെയ്തുവന്നു. മറ്റുള്ളവർ വേണ്ടുവോളം സുര കുടിച്ചു.മിക്കവാറും എല്ലായിടങ്ങളിലും യജ്ഞം കഴിഞ്ഞ് ചൂതാട്ടമുണ്ടായിരുന്നു. എന്നാൽ ഏറ്റവും വിചിത്രമായ സംഗതി ഇതോടൊപ്പം തന്നെ വെളിമ്പ്രദേശത്ത് വച്ച് ലൈംഗികവേഴ്ചകൾ നടത്തിവന്നിരുന്നുവെന്നതാണ്. യജ്ഞം വെറും കാമക്കൂത്തായി അധഃപതിച്ചു. അതിൽ മതത്തിന്റെ അംശംപോലും അവശേഷിച്ചിരുന്നില്ല.' (അംബേദ്കർ 1999:35)

പ്രപഞ്ചോൽപ്പത്തി തന്നെ യാഗത്തിലൂടെയാണെന്ന സിദ്ധാന്തങ്ങൾ പുരോഹിതന്മാരുണ്ടാക്കി. പ്രപഞ്ചക്രമം നിലനിർത്താൻ യാഗങ്ങൾ തുടരേണ്ടതുണ്ടെന്നു പ്രചരിപ്പിച്ചു. യാഗം നടത്തിപ്പുകാരായ പുരോഹിതന്മാർക്ക് ലഭിച്ച ദിവ്യത്വത്തിലൂടെ അവർ അമിതാധികാരം സമ്പാദിച്ചു. യാഗസംസ്കാരത്തിന്റെ പ്രാബല്യം ഉത്തരേന്ത്യൻ ആര്യസമൂഹങ്ങളിൽ BC900 മുതൽ ഉണ്ടായിരുന്നതായി എൽ.എ.ബാഷാം (ബാഷാം. എൽ.എ.2011:359) അഭിപ്രായപ്പെടുന്നുണ്ട്. ബ്രാഹ്മണികതത്ത്വചിന്തയ്ക്കും ആചാരങ്ങൾക്കുമെതിരെ ഭൗതികവാദവീക്ഷണം ഉയർന്നുവന്നിരുന്നു. ലോകായതദർശനങ്ങളും ജൈന ബുദ്ധദർശനങ്ങളും ബ്രാഹ്മണ്യത്തിനെതിരായിരുന്നു.

ബൗദ്ധബഹുജനസംഘത്തിന് വൈദികരിൽ നിന്നും കിങ്കരന്മാരിൽ നിന്നും ഏല്ക്കേണ്ടി വന്നത് വലിയ പ്രതിബന്ധങ്ങളായിരുന്നു. ധീരമായി അതിനെ നേരിടുന്ന സന്ദർഭം കൃതിയിലുണ്ട്

*സ്വർഗ്ഗം വാഗ്ദാനം ചെയ്യാത്തവർ ഞങ്ങൾ*
*ഭൂമിയിൽ ജീവിപ്പോർ*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*ജനിച്ചാൽ മരിയ്ക്കുവോർ*
*ജീർണ്ണ ഗേഹങ്ങൾ മേയുവോർ*
*വിറകും വെള്ളവും വഴിയും കൊടുക്കുവോർ*
*അവരുടെ പൈതങ്ങൾക്ക്*
*അക്ഷരവും അന്നവും നല്കുവോർ ഞങ്ങൾ*
*അവർക്കു കൂലിയായ് നാണയം നല്കുവിൻ നിങ്ങൾ*
*ഗ്രാമത്തിനു പ്രിയത്വം സമാധാനം. (മനോജ് എം.ബി.2021:62)*

## ചരിത്രപാഠങ്ങളിലെ അധികാരനിർമ്മിതികൾ

മനുഷ്യനിർമ്മിതികളിൽ ഏറ്റവും ഭാവനാപരവും ഭ്രമാത്മകവും നിഗൂഢവുമായ ഒന്ന് ചരിത്രമാണ്. അതിഭാവനകളും അതീതഭാവനകളും ചരിത്രപദവിയിൽ അവരോധിയ്ക്കപ്പെട്ടു.സർറിയലിസവും മാജിക്കൽറിയലിസവും അതിനായി മത്സരിച്ചു. ഇതിഹാസങ്ങളും പുരാണങ്ങളുമൊക്കെ ഒരുകാലത്ത് ചരിത്രപദവിയിൽ അലങ്കരിപ്പെട്ടിരുന്നത് അങ്ങനെയാണല്ലോ.

ചരിത്രം ഒരു മൂലധനമാണെന്നു ആദ്യം തിരിച്ചറിഞ്ഞത് അധീശശക്തികൾ തന്നെയായിരിക്കണം. ചരിത്രത്തെ അവർ ഹാക് ചെയ്തതും ഹൈജാക് ചെയ്തതും ആ തിരിച്ചറിവിൽ നിന്നുകൊണ്ടാണ്. മറ്റൊരു ജനതയുടെ ചരിത്രത്തിലേക്ക് നുഴഞ്ഞുകയറുകയും അതു തങ്ങളുടേതാക്കുകയും ചെയ്ത ചരിത്രമാണ് അധീശത്വത്തിന്റെ ചരിത്രം. കൊളംബസ് അമേരിക്ക 'കണ്ടുപിടിച്ച' ചരിത്രമാണത്. ആഫ്രിക്കയെ 'ഇരുണ്ട ഭൂഖണ്ഡമാക്കി'യ ചരിത്രം.. ഇന്ത്യയെവേദങ്ങളുടെ നാടാക്കിയതും പരശുരാമൻ മഴുവെറിഞ്ഞ് കേരളമുണ്ടാക്കി എന്ന കഥചമച്ചതും അങ്ങനെ തന്നെ. പുരാണങ്ങളിലെ അമൃതിന്റെ കഥയും ഗരുഡന്റെ കഥയുമെല്ലാം അധിനിവേശത്തിന്റെയും പിടിച്ചെടുക്കലിന്റേയും അന്യാപദേശങ്ങളാണ്. ഇന്ത്യയിലെ ആദിമവംശമായ നാഗന്മാരെ നശിപ്പിച്ചകഥയാണ് ഗരുഡകഥ.

*കൊലചെയ്യപ്പെട്ടവരുടെ*
*സന്തതികളെക്കൊണ്ടുതന്നെ*
*ചുടുകട്ട ചുട്ടെടുപ്പിയ്ക്കും വിരോധം.(മനോജ് എം.ബി.2021:60)*

എന്ന വരികൾ ഇതിനോടുള്ള ഉപഹാസമാണ്.

ഒരുനാടിന്റെ ആദ്യചരിത്രമെഴുതിയിട്ടുണ്ടാവുക അവിടത്തെ അധിനിവേശകരായിരിക്കും. അധിനിവേശത്തിന്റെ സാധൂകരണത്തിനുള്ള ആഖ്യാനങ്ങളായിരിക്കും ആദ്യകാലചരിത്രാഖ്യാനങ്ങൾ. കാലാകാലങ്ങളിൽ ആധിപത്യത്തിലിരുന്ന വിവിധ ശക്തികൾ ഇന്ത്യയുടെ ചരിത്രമെഴുതിയിട്ടുണ്ട്.കൊളോണിയൽ താല്പര്യങ്ങളും ദേശീയവാദതാല്പര്യങ്ങളും വർഗ്ഗീയതാല്പര്യങ്ങളും അവയിൽ നിഴലിച്ചു.ഇന്ത്യയുടെ മഹാപാരമ്പര്യങ്ങളുടെ ചരിത്രത്തിൽ നിന്ന് ബുദ്ധൻ തമസ്കരിക്കപ്പെട്ടു.

ചരിത്രത്തിന്റെ ഖനികളിൽ നിന്ന് ബുദ്ധന്റെ ഉടഞ്ഞ ഉടൽ രൂപങ്ങൾ പുറത്തു വന്നു കൊണ്ടിരിക്കുന്നു. ബുദ്ധന്റെ ഉടഞ്ഞ ഉടൽ രൂപങ്ങൾ പറയുന്ന ചരിത്രത്തിനാണ് വർത്തമാനകാലം കാതോർക്കുന്നത്. ആഴങ്ങളിലവ അടയ്ക്കപ്പെട്ട കാലമായിരിക്കണം ഇന്ത്യയുടെ പതനത്തിന്റെ കാലമെന്നു തീർച്ച. എന്നാൽ ചിലരെങ്കിലും അക്കാലത്തെ സുവർണ്ണകാലമെന്നു വിളിച്ചാനന്ദിക്കുന്നുണ്ട്.

## ഇന്ത്യയുടെ പ്രബുദ്ധപാരമ്പര്യം

ഇന്ത്യയുടെ തമസ്കരിക്കപ്പെട്ട മഹാപാരമ്പര്യമെന്നാണ് ബുദ്ധധർമ്മപാരമ്പര്യം വിശേഷിപ്പിക്കപ്പെടുന്നത്. സിന്ധുനദീതടസംസ്കാരത്തോളം വേരുകളുള്ള ഇന്ത്യൻ ശ്രമണപാരമ്പര്യത്തിൽപ്പെടുന്ന ആധ്യാത്മികഗുരുവായിരുന്നു ബുദ്ധൻ. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനബലവും മൂല്യവുമായി ധാർമ്മികതയെ സങ്കല്പിക്കുകയും പ്രയോഗിയ്ക്കുകയും ചെയ്ത ദർശനമാണ് ബുദ്ധധർമ്മം. ധാർമ്മികതയെയല്ലാതെ മറ്റൊരു ദൈവത്തേയും ബുദ്ധൻ സൃഷ്ടിച്ചിട്ടില്ല. വൈദികബ്രാഹ്മണമതത്തിന്റെ സനാതന ധർമ്മത്തിൽനിന്നു വ്യത്യസ്തമാണിത്. വർണ്ണാശ്രമധർമ്മത്തെയാണ് സനാതനധർമ്മമായി ബ്രാഹ്മണമതം കാണുന്നത്. ഇതാകട്ടെ അംബേദ്കറുടെ ഭാഷയിൽ ശ്രേണീകൃത അസമത്വത്തിന്റെയും അസ്പൃശ്യതയുടെയും സംസ്ഥാപനമാണ്. ബി.സി 500 മുതൽ എ.ഡി 1000 വരെ നീണ്ടുനിന്ന ബുദ്ധപ്രഭാവകാലമാണ് ഇന്ത്യൻ പ്രബുദ്ധതയുടെ കാലം. ബുദ്ധമതത്തിലെ പ്രബുദ്ധത പ്രജ്ഞയുടേയും കരുണയുടേയും സംയോഗമാണ്.(രാജൻ കെ.2022:100)

കരുണയിലും ചരാചരമൈത്രിയിലും അടിയുറച്ച ഉച്ചനീചത്വവിരുദ്ധമായ ദർശനമായിരുന്നു ബുദ്ധദർശനം.ആധുനികകാലത്തു രൂപപ്പെട്ട മനുഷ്യസമത്വസങ്കൽപ്പങ്ങളേക്കാൾ സമകാലികവും പ്രസക്തവുമാവാൻ അതിനുകഴിയുന്നു. ബുദ്ധനെ മുൻനിർത്തി ഇന്ത്യയുടെ പ്രബുദ്ധപാരമ്പര്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും പഠനങ്ങളും ശക്തിപ്പെടുന്നതിന്റെ കാരണമതാണ്. അഹിംസയെപ്പറ്റി പറഞ്ഞ ദർശനമാണ് ഇന്ത്യയിലേറ്റവും ഹിംസിക്കപ്പെട്ടത് എന്ന സത്യം കേവലമൊരു വിരോധാഭാസാലങ്കാരമല്ല. നിർദ്ദയവും അക്രമോത്സുകവുമായ എതിർബലങ്ങളാണ് ഇന്ത്യയുടെ പാരമ്പര്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്ന നടുക്കുന്ന ഓർമ്മപ്പെടുത്തലുകളാണ്. ജന്മനാട്ടിൽ തന്നെ കഴുവേറ്റപ്പെട്ട തത്ത്വചിന്തയാണ് ബുദ്ധന്റേത്. മൈത്രിയെപ്പറ്റിയും കരുണയെപ്പറ്റിയും പറയുന്നവരെ നാടുകടത്തിയ പാഠവും നമുക്കു മുമ്പിലുണ്ട്.

ജ്ഞാനോൽപ്പാദനത്തിനും വിതരണത്തിനും കല്പിക്കപ്പെട്ട അതിരുകൾ ഭേദിച്ചത് ബുദ്ധനാണ്. മനുഷ്യനെ വിഭജിക്കുന്ന നീതിശാസ്ത്രത്തെ ചോദ്യം ചെയ്തത്ബുദ്ധധർമ്മമാണ്. വിദ്യയും വിത്തവും ശാന്തിയും ലോകത്തിനു വാഗ്ദാനം ചെയ്തത് ബുദ്ധനായിരുന്നു. ബോധിസത്വന്മാർ ഗ്രാമങ്ങളിലേക്കിറങ്ങിച്ചെന്ന് ഇവ പകർന്നുകൊടുത്തു. മനുഷ്യസേവനത്തിനായി ഉഴിഞ്ഞു വയ്ക്കപ്പെട്ട ഭിക്ഷുക്കളായിരുന്നു ബോധിസത്വന്മാർ.പാലാഴി കടഞ്ഞെടുത്ത അമൃത് ദേവന്മാർ തട്ടിക്കൊണ്ടുപോയ കഥ യഥാർത്ഥത്തിൽ വിദ്യയും വിത്തവും ബൗദ്ധരിൽ നിന്ന് വൈദികർ തട്ടിയെടുത്ത കഥയാണ്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*അമൃതെന്നാൽ*
*മൂന്നു വിശിഷ്ടവസ്തുക്കൾ എന്നർത്ഥം*
*............................*
*ഒന്നിൽ നിറയേ അക്ഷരങ്ങൾ*
*ഒന്നിൽ തുളുമ്പും ദാനങ്ങൾ*
*ഒന്നിൽ സമ്മാനിയ്ക്കേണ്ടും സമാധാനം.(മനോജ് എം.ബി.2021:40)*

ബൗദ്ധസംഘങ്ങളിൽ നിന്ന് ഇതാണ് കൊള്ളചെയ്യപ്പെട്ടത്.

ബുദ്ധധർമ്മത്തെ അതിന്റെ ശത്രുക്കൾ ശൂദ്രമതം എന്നു വിളിച്ചു. ഇന്ത്യയിൽ സ്ത്രീകൾക്കും ശുദ്രർക്കും അവർണ്ണർക്കും വിദ്യ അഭ്യസിക്കാനും സ്വത്തു സമ്പാദിക്കാനും അന്തസ്സും പദവിയും നേടാനും വഴിയൊരുക്കിയത് ബുദ്ധധർമ്മത്തിന്റെ സമഭാവനയാണ്. ജന്മനാട്ടിൽ നിന്ന് ബുദ്ധമതം ലോകത്തിലെ പലരാഷ്ട്രങ്ങളിലേയ്ക്കു കുടിയേറി തദ്ദേശീയ സ്വത്വങ്ങളുമായിച്ചേർന്നു. ശ്രീലങ്ക, തായ്‌ലന്റ്, മ്യാന്മാർ, ലാവോസ്, കംബോഡിയ, ടിബറ്റ്, മംഗോളിയ, അമേരിക്ക, ചൈന, ജപ്പാൻ എന്നീരാജ്യങ്ങളിൽ പ്രബലമായി നിൽക്കുന്നു ഇന്ന് ബുദ്ധമതം. ദേശീയവും സാർവ്വദേശീയവുമായ രൂപഭാവങ്ങളോടെയാണ് ലോകമതങ്ങളുടെ കൂട്ടത്തിൽ ബുദ്ധമതം ഇന്നുള്ളത്.

## മോക്ഷത്തിന്റെ ബുദ്ധമാർഗ്ഗം

മോക്ഷത്തിന് ബ്രാഹ്മണികമല്ലാത്തൊരു മാർഗ്ഗമവതരിപ്പിച്ചു ബുദ്ധൻ. ഉൾക്കൊള്ളലിന്റെ പ്രപഞ്ചബോധമാണ് ബുദ്ധമാർഗ്ഗം. ജീവിതനിരാസം അതിലില്ല. ജീവിതത്തിന് ഗുണകരമായത് സ്വീകരിക്കുക എന്നത് ബുദ്ധൻ മുന്നോട്ടുവച്ച നവീനമായ കാഴ്ചപ്പാടായിരുന്നു. മനുഷ്യജന്മത്തെ ബന്ധനങ്ങളിൽ നിന്നു സ്വതന്ത്രമാക്കലാണ് ബുദ്ധന് മോക്ഷം. സ്വതന്ത്രവും ആഹ്ലാദകരവുമായ അവസ്ഥയാണ് മോക്ഷം. പരമ്പരാഗതാർത്ഥത്തിലുള്ള മോക്ഷസങ്കല്പമായിരുന്നില്ല ഇത്. മോക്ഷം എന്നല്ല നിർവാണം എന്ന വാക്കാണ് അതിനെക്കുറിക്കുന്നത്.

'ആത്മീയതയെ നൈതികതയുമായും നൈതികതയെ ആരോഗ്യവും ജാഗ്രതയുമുള്ളൊരു മനസ്സുമായും ബുദ്ധൻ ബന്ധപ്പെടുത്തി.ക്ഷണികതയെ അനശ്വരതയുമായും വിവേകത്തെ ജ്ഞാനവുമായും ബന്ധപ്പെടുത്തി. ദുഃഖത്തിനും ആഹ്ലാദത്തിനുമിടയിലൊരു വഴി വെട്ടിയുണ്ടാക്കി. നോട്ടത്തെ ഛിന്നഭിന്നമാക്കാതെ ഏകാഗ്രമാക്കി. അലസതയെ തകർത്തു ഉണർന്നിരിയ്ക്കുന്ന മനുഷ്യരുണ്ടായി. അങ്ങനെ ബുദ്ധനിൽ ശരീരവും മനസ്സും യോജിച്ചു. സംസാരസാഗരത്തിനുള്ളിൽ തന്നെ ദുഃഖം പ്രതിരോധിക്കപ്പെട്ടു. അതിനുള്ളിൽ തന്നെ നിർവാണവും നിർമ്മിക്കപ്പെട്ടു' (ബോബി തോമസ്.2021:180)

ബുദ്ധധർമ്മവും വിജ്ഞാനവും ലോകപ്രശസ്ത സർവകലാശാലകളെ സൃഷ്ടിച്ചു. നളന്ദയെന്നും തക്ഷശിലയെന്നും പേരിൽ. ഉണ്മയുടെ മതമല്ല ഉണ്ടായിത്തീരലിന്റെ മതമായിരുന്നു ബുദ്ധമതം. സ്ഥിരത എന്നൊന്നില്ലെന്നും ശാശ്വതമായ ആത്മാവ് ഇല്ലെന്നും ബുദ്ധൻ പറഞ്ഞു. ആത്മാവിലും ദൈവത്തിലുമൂന്നാത്ത മതമായിരുന്നു ബുദ്ധമതം.

*ജനിച്ചാൽ മരണം സുനിശ്ചിതം*
*പിന്നെന്ത് അമരത്വം*
*പ്രപഞ്ചമൂലകങ്ങളാൽ പടുക്കുന്നു ശരീരം*
*വിശപ്പാകുന്നിതഗ്നി കാമവും*
*രേതസ്സും രക്തവും നദിതന്നൊഴുക്കും*
*ആനാപാനസതിയിൽ വായുവാം പ്രാണായാമവും*
*മണ്ണിൽ ലയിക്കുമുടലും*
*മൊത്തഭാവത്താൽ നിറയും തുല്യത*
*അതാകാശവും.(മനോജ്എം.ബി.2021:41,42)*

ജീവിതത്തേയും മരണത്തേയും അതിഭൗതികമല്ലാതെ ബുദ്ധൻ വിവരിച്ചു. ത്രൈവർണികരുടെ മദ്യപാനാസക്തിയെയും ഭോഗലാലസതയേയും ചാർവാകഗുരുക്കളി ലൊരാൾ പരിഹസിക്കുന്നുണ്ട്.

*ചിലർക്കു മദ്യപാനം ശാസ്ത്രം*
*അതിനു തുലയ്ക്കേണ്ടും*
*അടിപ്പടവിൻ ജീവിതം*
*സോമലത ഉരുളൻ കല്ലിൽ*
*ഇടിച്ചു പിഴിഞ്ഞ് ഒഴിക്കേണ്ടത്*
*കാളത്തോൽ കോട്ടിയ ഉരുളിയിൽ*
*മധു കുടിച്ചു മത്തരാവുന്നു അവർ*
*തിന്നും കുടിച്ചും രമിക്കുന്നു..(മനോജ് എം.ബി.2021:48)*

യാഗയജ്ഞസംസ്കാരത്തിന്റെ അസംബന്ധത്വവും ചോദ്യം ചെയ്യപ്പെടുന്നു.

*യാഗശാലയിൽ*
*അടുപ്പിൽ തീപൊരിയുന്നു*
*കറന്ന പാലും നെയ്യും*
*അവിടെ തീയിൽ ആളുന്നു*
*ഇല്ലാതെ സ്വർഗ്ഗത്തെ കീഴടക്കുവാൻ*
*ഉള്ള ഭൂമിയിൽ ദാരിദ്ര്യം ചെയ്വതെന്തിനു വൈദികർ. (മനോജ് എം.ബി.2021:52)*

അതിഭൗതികതയുടേയും യാഥാസ്ഥികത്വത്തിന്റേയും അസ്പൃശ്യതയുടേയും ഇരുണ്ടലോകമാണ് ബ്രാഹ്മണികതത്വചിന്ത.

*ആചാര്യൻ ഓരോന്നോരോന്നെടുത്ത്*
*അതതിന്റെ അളവിൽ തീർച്ചപ്പെടുത്തിവച്ച്*
*അരണിയിൽ തിരിച്ചുതിരിച്ച് തീകൂട്ടിക്കത്തിച്ച്*
*ഇല്ലാത്തവർക്ക് ദാനം കൊടുക്കാമായിരുന്ന*

*വിശിഷ്ടവസ്തുക്കളെല്ലാം അതിലിട്ടു കത്തിച്ച്*
*ചാമ്പലും ചാരവുമാക്കി മഴയെക്കാത്തിരുന്നു. (മനോജ്.എം.ബി.2021:86)*

എന്ന ബ്രാഹ്മണികബോധത്തെ

*മരം നടേണ്ടുന്നതിന്*
*വനം മുളയ്ക്കേണ്ടുന്നതിന്*
*ഇല്ലാത്തോർക്കു കൊടുക്കേണ്ടുന്നതിന്ന് പകരം*
*ഇവിടെ കത്തിച്ചു കളയുകയാണല്ലോ. (മനോജ്.എം.ബി.2021:43)*

എന്നു പരിഹസിക്കുമ്പോൾ തന്നെ വേവലാതിപ്പെടുകയും ചെയ്യുന്നതാണ് ബുദ്ധചിന്ത.

യുക്തിയുടെയും കാര്യകാരണബന്ധത്തിന്റെയും പരിവർത്തനത്തിന്റെയും അധ്വാനത്തിന്റെയും ഉൾക്കൊള്ളലിന്റെയും മഹാതത്ത്വങ്ങളാണ് ബുദ്ധദർശനം. ഇന്ത്യയുടെ ചരിത്രം ബ്രാഹ്മണിസവും ബുദ്ധിസവും തമ്മിലുള്ള കൊടിയ യുദ്ധത്തിന്റെ ചരിത്രമാണെന്ന് അംബേദ്കർ പറയുന്നുണ്ട്. (1999:143)

## നവബ്രാഹ്മണ്യം

അഹം ബ്രഹ്മാസ്മിയും തത്ത്വമസിയും ഉയർത്തിപ്പിടിച്ചാണ് നവബ്രാഹ്മണ്യം അതിന്റെ വിമോചകത്വവും സനാതനത്വവും പുതിയകാലത്തുപോലും ഉദ്ഘോഷിക്കുന്നത്. ലോകത്തിലുണ്ടായിട്ടുള്ള മറ്റേതൊരു പ്രത്യയശാസത്രത്തിനും മീതെ തങ്ങളുടെ കൊടി നാട്ടുന്നുണ്ടവർ. ചാതുർവർണ്ണ്യത്തിലുൾപ്പെടുന്ന ശൂദ്രർക്കുപോലും ബ്രഹ്മത്തെ അപ്രാപ്യമാക്കിയിരിക്കുന്ന ബ്രാഹ്മണ്യതന്ത്രം വിദഗ്ധമായി മറച്ചുവെയ്ക്കപ്പെടുന്നു. ത്രൈവർണ്ണിക അഹത്തിനു മാത്രമേ ബ്രഹ്മസാക്ഷാത്കാരത്തിനോ മോക്ഷത്തിനോ അർഹതയുള്ളുവെന്ന് ഉറപ്പിച്ചിട്ടുണ്ട് ശ്രുതികളും സ്മൃതികളും. എങ്കിലും അവയുടെ അഭിനവവ്യാഖ്യാതാക്കൾ അഹം ബ്രഹ്മാസ്മിയും തത്ത്വമസിയും ഏറ്റുപാടി പുളകം കൊള്ളുന്നു.

നവബ്രാഹ്മണ്യം ഭരണകൂടത്തിലും മാധ്യമശൃംഖലകളിലും പിടിമുറുക്കിയിരിക്കുന്നതാണ് വർത്തമാനകാലയാഥാർത്ഥ്യം. സ്വർഗ്ഗത്തിലേക്കു വിസയുറപ്പിച്ചു കാത്തിരിക്കുന്ന മൗഢ്യങ്ങളെ ജീവിതത്തിന്റെ നഗ്നയാഥർത്ഥ്യങ്ങൾ കൊണ്ട് ഞെട്ടിച്ചുണർത്താൻ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കേ കഴിയൂ.അവർ ഇങ്ങനെ പരിഹസിക്കുന്നു:

*മരിച്ചശേഷം പോകേണ്ടും ലോകത്തെക്കുറിച്ചാണല്ലോ*
*ഇവിടെയെപ്പോഴും ചർച്ച*
*മരിച്ചിട്ടു പിറക്കേണ്ടും ദേഹത്തെക്കുറിച്ചും. (മനോജ് എം.ബി.2021:89,90)*

## കേരളത്തിന്റെ ബൗദ്ധപാരമ്പര്യം മലയാളത്തിന്റെയും

ബുദ്ധധർമ്മം പ്രാചീനകാലത്തുതന്നെ കേരളീയജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അടിസ്ഥാനമായിരുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പിൽക്കാലത്ത് തകർക്കപ്പെട്ടെങ്കിലും ബുദ്ധധർമ്മത്തിന്റെ ആശയങ്ങളും ഐതിഹ്യങ്ങളും ആചാരങ്ങളും പേരുകളും എമ്പാടും സമകാലത്തും നിലനില്ക്കുന്നു. കേരളീയരെ

ആദ്യമായി അക്ഷരം പഠിപ്പിച്ചതിൽ, കൃഷിയുടെ പ്രാഥമിക തത്ത്വങ്ങൾ ശീലിപ്പിച്ചതിൽ ബുദ്ധമതത്തിന്റെ പങ്കു നിർവിവാദമാണ്. വിദ്യാഭ്യാസത്തോടൊപ്പം ആതുരസേവനവും വ്യാപാരവും ബൗദ്ധർ നടത്തിപ്പോന്നു. കാർഷികസംസ്കാരവും വാണിജ്യസംസ്കാരവുമടങ്ങുന്ന തൊഴിൽസംസ്കാരമാണ് ബുദ്ധമതത്തിന്റെ സവിശേഷതയായി നിരീക്ഷിക്കപ്പെടുന്നത്. കേരളത്തിൽ ആയുർവേദത്തിന്റെ പ്രശസ്തിക്ക് ബുദ്ധമതബന്ധം കാരണമായിട്ടുണ്ട്.

കേരളത്തിൽ സംഘകാലത്തും അതിനുശേഷവും ബുദ്ധധർമ്മം നിലനിന്നിരുന്നു. ചേരരാജാക്കന്മാരുടെ പേരിനൊപ്പം ആതൻ എന്നു ചേർത്തിരുന്നത് അവരുടെ ബുദ്ധബന്ധത്തിന്റെ തെളിവാണ്. ബുദ്ധഭിക്ഷുക്കളിലെ ഉന്നതരെക്കുറിക്കുന്ന പദമാണ് ആർഹതൻ അഥവാ ആതൻ. പ്രാചീനദേവാലയങ്ങൾ പലതും ബുദ്ധാലയങ്ങളായിരുന്നു എന്നതിനും തെളിവുകളുണ്ട്.ഇന്നു ഹൈന്ദവീകരിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന ക്ഷേത്രാരാധന, വിഗ്രഹപൂജ, ഘോഷയാത്ര, ഉത്സവങ്ങൾ ഇവയെല്ലാം ബൗദ്ധമാണെന്ന് ഡോ. എൻ.കുഞ്ഞൻപിള്ള പറയുന്നുണ്ട്(ജോസ്.എൻ.കെ.215) കേരളത്തിലെ ബുദ്ധപ്രഭാവത്തെപ്പറ്റി എഴുതിയചരിത്രകാരന്മാരിൽ എസ്.ശങ്കുഅയ്യർ, പി.കെ ഗോപാലകൃഷ്ണൻ, ഇളംകുളം കുഞ്ഞൻപിള്ള, എ.ശ്രീധരമേനോൻ, ദളിത്ബന്ധു എൻ.കെ ജോസ് എന്നിവരുൾപ്പെടുന്നു.ഡോ. അജയ് ശേഖർ, ഡോ. അജു. കെ. നാരായണൻ, ഡോ.എം.ബി.മനോജ് എന്നിവരുടെ സമീപകാല പഠനങ്ങൾ കൂടുതൽ തെളിവുകളും വിവരങ്ങളും പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

## നവോത്ഥാനബുദ്ധൻ

കേരളനവോത്ഥാനത്തെ ചലിപ്പിച്ചതിലെ ജാതിവിരുദ്ധതയുടെയും സമഭാവനയുടെയും ഊർജ്ജം ബൗദ്ധമായിരുന്നു. നാരായണഗുരുവിലൂടെയും സഹോദരനയ്യപ്പനിലൂടെയും കുമാരനാശാനിലൂടെയുമാണ് അത് ശക്തമായി പ്രസരിച്ചത്.എഴുത്ത് ജൈവമായ അർത്ഥത്തിൽ സമൂഹാഭിമുഖമായി നിന്നപ്പോഴൊക്കെ സാഹിത്യത്തിൽ ബുദ്ധനുണ്ടായിരുന്നു. പിൽക്കാല സാഹിത്യത്തിന്റെ വിശേഷിച്ച് ആധുനികതാവാദ സാഹിത്യത്തിന്റെ കാലത്താണ് ബുദ്ധൻ തിരസ്കരിക്കപ്പെട്ടത്.

## ആധുനികബുദ്ധൻ

ബിംബിസാരന്റെ ഇടയനിലൂടെ ബുദ്ധതത്ത്വത്തിലേക്കു മലയാളിയെ ഇടശ്ശേരി ക്ഷണിച്ചു. ഹിംസയ്ക്കും അഹിംസയ്ക്കുമിടയിലെ സംഘർഷങ്ങളിലൂടെ താത്ത്വികമായി സഞ്ചരിപ്പിച്ചു.കാരുണ്യരഹിതമായ ജീവിതത്തെക്കുറിച്ചുള്ള എ.അയ്യപ്പന്റെ എഴുത്തുകളിൽ ബുദ്ധൻ നിറഞ്ഞു. കെ.ജി എസിലും സച്ചിദാനന്ദനിലും ബുദ്ധന്റെ പുനർജ്ജന്മമുണ്ടായി. അക്കാലത്തെ ക്ഷോഭങ്ങളുടെയും കലഹങ്ങളുടെയും ആവേശങ്ങളുടെയും ഭാഷയും ഭാവുകത്വവും വെടിഞ്ഞാണ് എം.ബി മനോജിന്റെ ബുദ്ധരൂപം ഉയിരെടുക്കുന്നത്. ഭാഷയും ഭാവുകത്വവും പുതുക്കപ്പെടുന്ന അനുഭവമാണിവിടെയുള്ളത്.

## ബുദ്ധരൂപത്തിന്റെ സാംസ്കാരിക രാഷ്ട്രീയം

ബുദ്ധരൂപം എന്ന കൃതിയുടെ സാംസ്കാരികരാഷ്ട്രീയവും ബഹുസ്വരതയും വിശകലനം ചെയ്യുന്നുണ്ട് അവതാരികയിൽ ഡോ. അജയ്ശേഖർ. മിണ്ടാപ്രാണികളെന്ന് മനുഷ്യർ വിളിക്കുന്ന സഹജീവികൾക്ക് ശബ്ദവും നിർവാഹകത്വവും കൊടുത്ത് അവരെ ആഖ്യാന കർതൃത്വങ്ങളും കേന്ദ്രങ്ങളുമാക്കുന്നു എന്നത് കൃതിയുടെ സാംസ്കാരികരാഷ്ട്രീയത്തെ വെളിപ്പെടുത്തുന്നു. ഇന്ത്യാചരിത്രത്തിലെ ആന്തരാധിനിവേശത്തെയും വർത്തമാന രാഷ്ട്രീയസമഗ്രാധിപത്യതന്ത്രങ്ങളെയും അന്യാപദേശരൂപേണ വിമർശിക്കുന്ന ഗൗരവ മേറിയ കഥനകാവ്യമായി അദ്ദേഹം ബുദ്ധരൂപത്തെ അടയാളപ്പെടുത്തുന്നു.

## സ്വദേശീആധുനികത

തദ്ദേശീയമായ  പാരമ്പര്യത്തെ സാംസ്കാരികവും രാഷ്ട്രീയവുമായ വിമോചനത്തിന്റെ ഊർജ്ജ സ്രോതസാക്കുകയാണ് എം.ബി മനോജ് ഈ കൃതിയിലൂടെ ചെയ്യുന്നത്. പാരമ്പ ര്യത്തിലെ ആധുനികതയായിരുന്നു ബുദ്ധദർശനങ്ങൾ.അകത്തുനിന്നു പുറത്തേക്കൊ ഴുകിയ പ്രബുദ്ധത. മലയാളസാഹിത്യത്തിന്റെ ബൗദ്ധമായ പാരമ്പര്യത്തിലും സൗന്ദര്യ ദർശനത്തിലുമാണ് ബുദ്ധരൂപം എന്ന കൃതി സ്ഥാനപ്പെടുന്നത്. കേരളത്തിലെ അടിമ അയിത്ത സമൂഹത്തെയെന്ന പോലെ സവർണ്ണജാതിബോധത്തെയും മനുഷ്യകർതൃത്വ ത്തിലേക്ക് ഉയർത്തിയതിൽ ബുദ്ധദർശനങ്ങൾക്കു വലിയ പങ്കുണ്ട്.

## ഉപസംഹാരം

ബുദ്ധരൂപം വിമോചനത്തിന്റെ രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്ന കൃതിയാണ്.  സവർണ്ണ ആത്മീയതയ്ക്കെതിരായ ബുദ്ധഗീതയാണത്. നമ്മുടെ നൈതിക വിചാരങ്ങളിലേക്ക് കത്തിപ്പടരാൻ ശേഷിയുള്ള അക്ഷരദീപ്തിയാണ്. പരമ്പരാഗത ജ്ഞാനബോധങ്ങൾ ക്കെതിരാണ്. ചാതുർവർണ്യത്തെ ഉറപ്പിക്കുന്ന പൗരാണികതയ്ക്കും നവബ്രാഹ്മണികത യ്ക്കും എതിരാണ്. ഇതിഹാസപുരാണപാരമ്പര്യത്തിലെ സ്ത്രീശൂദ്രവിരുദ്ധ ലോകബോധ ത്തിനുമെതിരാണ്.നാമസങ്കീർത്തനത്തിലൂടെ മോക്ഷം എന്നു പ്രഖ്യാപിക്കുന്ന ജ്ഞാന മാർഗ്ഗത്തിനെതിരാണ്. അധ്വാനത്തെയും അധ്വാനിയ്ക്കുന്നവരെയും ഉയർത്തിപ്പിടിക്കുന്ന കൃതിയാണ്. സ്വദേശീ ആധുനികതയുടെ, പ്രബുദ്ധതയുടെ, പ്രതിരോധപാരമ്പര്യത്തിന്റെ വേരുകളാണതിന്റെ ബലം.പ്രകൃതിയോടും ജീവിതത്തോടും അത്രമേൽ ഗാഢമായ മമതയുണ്ടതിന്.

*ഇവിടെ ഈ പ്രപഞ്ചത്തിൽ*
*ഈ ജീവിതത്തിൽ കിട്ടേണ്ടും*
*ഒരിറ്റു വെള്ളം കാട്ടിത്തരുന്നു പ്രകൃതി*
*..................*
*അതുതരും വെള്ളമല്ലോ മരിച്ചവർക്കായ് കമിഴ്ത്തുക*
*ജനിച്ചവർക്കായ് തളിക്കുക*
*ജീവിക്കുവോർ കുടിക്കുക.(മനോജ് എം.ബി.2021:90)*

പരമ്പരാഗതമായ നിരവധി ജ്ഞാനബോധങ്ങളോട് സൗന്ദര്യബോധങ്ങളോട് കലഹിച്ചുകൊണ്ടേ ബുദ്ധരൂപത്തിലേക്കെത്തിച്ചേരാൻ കഴിയൂ. സംവാദ സന്നദ്ധരായവരെ ഈ കൃതി മാറ്റിത്തീർക്കും. വിദ്യയും വിത്തവും മൈത്രിയും പകർന്ന ശ്രമണബൗദ്ധ പാരമ്പര്യത്തിലാണ് ഇന്ത്യയ്ക്കു നിവർന്നുനില്ക്കാൻ കഴിയുന്നത്. അടിയാളന്റെ മോചനസ്വപ്നമെന്ന നിലയിൽ ബുദ്ധദർശനത്തെ കാഞ്ചഇളയ്യയെ പോലുള്ള ചിന്തകർ ഉയർത്തിപ്പിടിക്കുന്നുമുണ്ട്. കരുണയും മൈത്രിയും പുലർത്തുന്ന സമഭാവനയുടെയും സഹവർത്തിത്വത്തിന്റെയും ജീവിതമാണ് ലോകം സ്വപ്നം കാണുന്നത്. അസമവ്യവസ്ഥകൾ നിർമ്മിക്കുന്ന അധീശജ്ഞാനത്തെയും പ്രയോഗത്തെയും പ്രതിരോധിക്കാൻ പുതിയ ബുദ്ധപാഠങ്ങൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടേയിരിക്കണം.

## സഹായകഗ്രന്ഥങ്ങൾ

1. *അംബേദ്കർ, ഡോ., ഡോ. അംബേദ്കർസമ്പൂർണകൃതികൾ, വാല്യം7, ഡോ.അംബേദ്കർ ഫൌണ്ടേഷൻ, ന്യൂഡൽഹി, 1999.*
2. *അംബേദ്കർ.ഡോ., ഇന്ത്യയുടെ മഹത്വം ബുദ്ധിസത്തിലൂടെ(വിവ:അനാമിക), മൈത്രി ബുക്സ്, തിരുവനന്തപുരം, 2021.*
3. *അജയ്ശേഖർ.എസ്., പുത്തൻകേരളം:കേരളസംസ്കാരത്തിന്റെ ബൗദ്ധ അടിത്തറ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.*
4. *ജോസ്. എൻ.കെ., ബുദ്ധനാണുശരി, സിയാൻസു പബ്ളിക്കേഷൻസ്, കുടവൂർ, 2014.*
5. *ധർമ്മാനന്ദ് കൊസാംബി., ഭഗവാൻബുദ്ധൻ(വിവ:പി.സിസിലി), പുസ്തകപ്രസാധക സംഘം, കോഴിക്കോട്, 2022.*
6. *നാരായണൻ.കെ.സി., മഹാഭാരതം ഒരു സ്വതന്ത്രസോഫ്റ്റ് വെയർ, ഡി.സി ബുക്സ്, കോട്ടയം, 2021.*
7. *പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനംസ്വത്വം, സംസ്കാരം, സാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017.*
8. *ബാഷാം എൽ.എ., ഇന്ത്യ എന്ന വിസ്മയം(വിവ:സി.പി.അബൂബക്കർ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.*
9. *ബോബി തോമസ്, ശ്രമണബുദ്ധൻ:ബുദ്ധൻ നടന്ന വഴികൾ, ഡി.സി. ബുക്സ്, കോട്ടയം, 2021.*
10. *മനോജ് എം.ബി., ബുദ്ധരൂപം ഡി.സി.ബുക്സ്, കോട്ടയം, 2021.*
11. *രാജൻ.കെ., ട്രാൻസ്മോഡേണിറ്റിയുടെ ഭിന്നപ്രവാഹങ്ങൾ, ക്വിവൈവ് ടെക്സ്റ്റ്, മാവേലിക്കര, 2022.*
12. *ശ്യാം കുമാർ ടി.എസ്., ആരുടെ രാമൻ?, ഡി.സി.ബുക്സ്, കോട്ടയം, 2021.*
13. *സുഗതൻ.കെ., ബുദ്ധമതവുംജാതിവ്യവസ്ഥയും, പ്രോഗ്രസ് പബ്ലിഷേഴ്സ്, കോഴിക്കോട്, 2011.*

# പുനർനിർമ്മിതിയുടെ രാഷ്ട്രീയം: ബഷീറിന്റെ ശബ്ദങ്ങളുടെ മന:ശാസ്ത്ര വായന

**ഡോ. ദീപ. എസ്.എസ്**
അസി. പ്രൊഫസർ,മലയാളവിഭാഗം, ഗവൺമെന്റ് കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

മലയാളസാഹിത്യത്തിൽ നവോത്ഥാനത്തിന്റെയും കാല്പനികതയുടെയും പുതുബോധം പകർന്ന എഴുത്തുകാരനായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. പ്രണയം, വിരഹം, കാമന, ലൈംഗികത എന്നീ ജീവഘട്ടങ്ങൾ പ്രമേയമാക്കി രചിച്ച ബഷീർ കൃതികൾ ജീവിതത്തിന്റെ വേറിട്ട ഇടങ്ങളാണ് ആവിഷ്ക രിക്കാൻ ശ്രമിച്ചത്. മലയാളികളുടെ ഭാവുകത്വത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയവയാണ് ബഷീറിന്റെ ഒട്ടുമിക്ക കൃതികളും. നോവലിന്റെ ഘടന നിലനിർത്തിക്കൊണ്ട് സമകാലിക മനുഷ്യാവസ്ഥകളുടെ സങ്കീർണതകൾ വിശകലനംചെയ്യുന്ന 'ശബ്ദങ്ങളി'ലെ കാമന, ലൈംഗികത എന്നിവയെ ക്കുറിച്ചുള്ള മന:ശാസ്ത്രപരമായ വിശകലനമാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** ശരീരം,മനോവിശകലനം, ആന്റിഹീറോ, ഇദ്, ഈഗോ, സൂപ്പർ ഈഗോ, ദുരന്താവബോധം.

നാടുവാഴിത്ത വ്യവസ്ഥയ്ക്കെതിരെയും കൊളോണിയൽ വാഴ്ചയ്ക്കെതിരെയുമുള്ള അധ:സ്ഥിത വർഗ്ഗമുന്നേറ്റങ്ങളുടെ ചരിത്രമാണ് കേരളീയനവോത്ഥാനം അടയാള പ്പെടുത്തിയത്. കേരളസംസ്കാരത്തിലും മലയാളസാഹിത്യത്തിലും വമ്പിച്ച മാറ്റങ്ങൾ ക്കിടയായ കാലമായിരുന്നു അത്. സംഘർഷങ്ങളും സങ്കീർണതകളും നിറഞ്ഞ നവോത്ഥാനകാല ജീവിതം അക്കാലത്തെ എല്ലാ മികച്ച എഴുത്തുകാരുടെയും പ്രമേയ മായിരുന്നു. വൈക്കംമുഹമ്മദ്ബഷീർ എന്ന എഴുത്തുകാരൻ കേരളത്തിന്റെ നവോത്ഥാന കാല കാഥികനും അദ്ദേഹത്തിന്റെ രചനകൾ നവോത്ഥാനകാല രചനകളുമാകുന്നത് ഈ അർത്ഥത്തിലാണ്. വരേണ്യസമുദായം പുറത്തു നിർത്തിയ കള്ളനും വേശ്യയും കറുമ്പനും

കറുമ്പിയും ബീഡിത്തൊഴിലാളിയുമൊക്കെ ബഷീർകൃതികളുടെ കർതൃസ്ഥാനത്ത് കടന്നുവന്നു. അവരുടെ അധ:സ്ഥിതത്വത്തെയായിരുന്നു അവ അഭിസംബോധന ചെയ്തത്. മനുഷ്യജീവിതത്തിന്റെ പിന്നാക്ക അവസ്ഥയെയും ബഷീർ പ്രശ്നവൽക്കരിച്ചു. ആ മനുഷ്യബോധം ഏകപക്ഷീയമായ മൗലികവാദമായി മാറുന്നില്ലെന്നതും ശ്രദ്ധേയമാണ്. സമൂഹത്തിന്റെയും സമുദായത്തിന്റെയും ആഭ്യന്തരവൈരുദ്ധ്യങ്ങളിൽ നിന്ന് ജനജീവിതത്തിന്റെ കീഴാള അവസ്ഥയെ കണ്ടെത്തുവാനും ദേശീയ പൊതുധാരയോടൊപ്പം സമൂഹങ്ങൾ കണ്ണിചേർക്കപ്പെടണം എന്ന ആശയം പങ്കുവയ്ക്കുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. നിത്യപരിചിതലോകവും മനുഷ്യരുമാണ് ബഷീർ രചനയുടെ ഉപാദാന സാമഗ്രികൾ. പരിചിതലോകത്തെയും മനുഷ്യരെയും സൂക്ഷ്മദർശനംചെയ്ത് അവർ പ്രതിനിധാനം ചെയ്ത ജീവിതത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങളെ യഥാതഥമായി ആവിഷ്കരിക്കുകയായിരുന്നു അദ്ദേഹം.

സാധാരണ അനുഭവങ്ങളെ അസാധാരണമായി പറയുകയായിരുന്നു ബഷീർ. സമൂഹം തന്നെയായിരുന്നു അദ്ദേഹത്തിന്റെ കഥപറച്ചിലിന്റെ ഭൂമിക. സമൂഹത്തിലേക്ക് തുറന്നുവച്ച കണ്ണുകളാണ് ബഷീറിനെ വേറിട്ട എഴുത്തുകാരനാക്കുന്നത്. ആത്മസംഘർഷത്തിന്റെ വേദനയില്ലാതെ ഒരു സാഹിത്യസൃഷ്ടിയും മനുഷ്യഗന്ധിയാവില്ല. അബോധമനസ്സിന്റെ സ്പർശം സാഹിത്യത്തെ ശ്രേഷ്ഠമാക്കുന്നു. എഴുത്തുകാരന്റെ ജീവിതവും അനുഭവങ്ങളും ഭാവനയും ഓർമ്മകളുമാണ് അദ്ദേഹത്തിന്റെ അസംസ്കൃതവസ്തു. ജീവിതത്തോടുള്ള അഭിനിവേശം, നായകന്മാരെ സാധാരണക്കാരായി അവതരിപ്പിക്കാനുള്ള ശ്രമം, ജീവിത സന്ദർഭങ്ങളെ സ്വാഭാവികമായി സാഹിത്യത്തിലേക്ക് ആവാഹിച്ചു കൊണ്ടുവരുന്നതിനുള്ള മികവ്, ഗ്രാമീണരും നിഷ്കളങ്കരും സ്നേഹസമ്പന്നരും തുടങ്ങി സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യർ എന്നിവ ബഷീർ കൃതികളെ ജനപ്രീയമാക്കി.

## മനോവിജ്ഞാനീയം

അപഗ്രഥനത്തിലൂടെ/വ്യാഖ്യാനത്തിലൂടെ മനസ്സിന്റെ നിഗൂഢതകളും രഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ കഴിയുന്ന ശാസ്ത്രീയവിശകലനമാണ് മന:ശാസ്ത്രം (Psychology). നവീന മന:ശാസ്ത്രത്തിന്റെ പിതാവായറിയപ്പെടുന്ന വിൽഹെംവുണ്ട് (Wilhelm Wunt,1832-1920) ശരീരശാസ്ത്രപരമായ മന:ശാസ്ത്രതത്ത്വങ്ങൾ (Principles of Physiological Psychology) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടെയാണ്, സൈക്കോളജി ഒരു ശാസ്ത്രശാഖയെന്ന നിലയിൽ അംഗീകരിക്കപ്പെട്ടത്. മനസ്സിന്റെ ബോധതലത്തെയും അതിന്റെ നിയന്ത്രണത്തിന് വിധേയമാകാത്തതും സങ്കീർണ്ണഘടനയോടു കൂടിയതുമായ ഉപബോധതലത്തെയും കുറിച്ചുള്ള ഫ്രോയിഡിന്റെ കണ്ടെത്തലുകൾ ഈ ശാസ്ത്രശാഖയുടെ പ്രസക്തി വർദ്ധിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദയം കൊണ്ടതും സാഹിത്യനിരൂപണത്തെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളതുമായ മേഖലയാണ് മന:ശാസ്ത്രാപഗ്രഥനവിമർശനം/മനോവിജ്ഞാനീയവിമർശനം/മനോവിശ്ലേഷണ വിമർശനം. ആധുനികബോധത്തിലേക്ക് മനുഷ്യരെ നയിച്ച ഫ്രോയിഡിന്റെ മനോ വിശ്ലേഷണ സിദ്ധാന്തപദ്ധതിക്ക് സാഹിത്യത്തിൽ ആഴത്തിലുള്ള വേരോട്ടം ഉണ്ടായി.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തുടർന്ന് യുങ്, ലക്കാൻ, ആഡ്ലർ തുടങ്ങിയവരുടെ സങ്കൽപ്പനങ്ങൾ സാഹിത്യം പ്രയോഗികതലത്തിൽ ഉപയോഗിച്ചുതുടങ്ങി. മനോവിജ്ഞാനീയരംഗത്ത് ഫ്രോയിഡ് ആവിഷ്കരിച്ച ചിന്താധാരകൾ സർഗ്ഗാത്മകരചനയെയും സാഹിത്യസിദ്ധാന്തത്തെയും വലിയ അളവിൽ സ്വാധീനിച്ചു. സ്വപ്നങ്ങളുടെ വ്യാഖ്യാനം (The Interpretation of dreams) എന്ന പുസ്തകത്തിൽ മനസ്സിന്റെ വിവിധതലങ്ങളെ ഫ്രോയിഡ് വിശദമാക്കുന്നുണ്ട്. അബോധം (Unconscious) പൂർവ്വബോധം (pre-conscious) ഉപരിബോധം (subconscious) എന്നിങ്ങനെ മൂന്ന് അറകൾ മനസ്സിലുണ്ടെന്നും, അവ യഥാക്രമം ഇദ്ദ്(Id), ഈഗോ(Ego), സൂപ്പർ ഈഗോ(super Ego) എന്നീ മാനസികശക്തികൾക്ക് അധീനമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മനസ്സിന്റെ മൂന്ന് ശക്തികളിൽ സൂപ്പർ ഈഗോയുടെ സാക്ഷാത്കാരത്തിനായുള്ള യത്നത്തിൽ ബോധമണ്ഡലത്തിന് അബോധമണ്ഡലത്തിലെ പ്രേരണകൾ വിഘ്നമായിത്തീർന്നു. അബോധമനസ്സിന്റെ പ്രേരണകളിൽനിന്ന് മുക്തിനേടാൻ അതിനെ അമർത്തിക്കളയുകയോ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പ്രകാശിപ്പിക്കുകയോ ചെയ്യുന്നു.

പാശ്ചാത്യചിന്തയ്ക്ക് ഫ്രോയിഡ് നൽകിയ മികച്ച സംഭാവനങ്ങളിൽ ഒന്നാണ് അബോധം എന്ന കാഴ്ചപ്പാട്. മനസ്സിന്റെ ഏറ്റവും വലിയ ഭാഗമാണിത്, ആഗ്രഹങ്ങളുടെയും സ്മരണകളുടെയും ഉറവിടമാണിത്. വ്യക്തി അനുഭവിച്ച ദുരന്തങ്ങൾ, മാനസികമുറിവുകൾ അബോധത്തിലാണ് സൂക്ഷിക്കുക. അബോധം എല്ലാവിധ പ്രചോദനങ്ങളുടെയും കേന്ദ്രമാണ്. ഈയൊരു പ്രചോദനത്തെ ബോധംകൊണ്ട് നിഷേധിക്കുകയോ തടയുകയോ ചെയ്താലും മറ്റൊരു രൂപത്തിൽ മനസ്സിലേക്ക് തന്നെ തിരിച്ചുവരും. ഇത്തരത്തിൽ അടിച്ചമർത്തപ്പെട്ട പ്രേരണകളാണ് കലാവ്യാപാരമായും കലാസൃഷ്ടികളായും പ്രത്യക്ഷപ്പെട്ട് മനസ്സിനെ/ജീവിതത്തെ സംതൃപ്തമാക്കുന്നത് എന്നാണ് ഫ്രോയിഡിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ ശിഷ്യനായ യുങിന്റെ വീക്ഷണത്തിൽ മനസ്സിന്റെ അബോധതലം മൃഗീയവും അസാമൂഹികവുമായ വാസനകളുടെ കലവറയല്ല. മറിച്ച്, ബോധതലത്തിന്റെ ഉല്പത്തിയും നിലനിൽപ്പും അബോധതലത്തിന്റെ അടിസ്ഥാനത്തിലാണ്. ബോധാബോധതലങ്ങളെ മൊത്തത്തിൽ 'സൈക്ക്' എന്ന് അദ്ദേഹം പറയുന്നു. സൈക്കിന്റെ ചൈതന്യത്തിന് 'ലിബിഡോ' എന്ന് നാമകരണം ചെയ്യുന്നു. ലിബിഡോയുടെ അഭിലാഷങ്ങൾ നിർവഹിക്കപ്പെടാതെ വരുമ്പോൾ മനസ്സ് രോഗഗ്രസ്തമാകുന്നു. ഒരു വ്യക്തിയിൽ ബോധാബോധമനസ്സുകൾക്ക് പുറമേ ശക്തമായ സ്വാധീനം ചെലുത്തുന്ന സമൂഹാവബോധ മനസ്സ് കൂടിയുണ്ടെന്ന് വ്യക്തമാക്കുന്നു. ഓരോരുത്തരുടെയും സഹജവാസന അനുസരിച്ചുള്ള പ്രവർത്തനത്തിൽ നിന്ന് അതിന്റെ സാന്നിധ്യം മനസ്സിലാക്കാം. അനിമ, അനിമസ്, ഇരുണ്ട സഹോദരൻ(dark brother) എന്നീ സങ്കല്പനങ്ങൾ മന:ശാസ്ത്ര വ്യാഖ്യാതാക്കൾ സാഹിത്യത്തിലും പ്രയോഗിക്കാറുണ്ട്. യുങിന്റെ സ്വപ്നവ്യാഖ്യാനവും ആഡ്ലറുടെ അപകർഷബോധത്തെക്കുറിച്ചുള്ള വ്യാഖ്യാനവും മന:ശാസ്ത്രത്തിന്റെ മുഖ്യനേട്ടങ്ങളാണ്. ആഡ്ലറുടെ സിദ്ധാന്തം അഹന്തക്കും(ego) സാമൂഹികമായ കാര്യങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. എഴുത്തുകാരുടെയും കഥാപാത്രങ്ങളുടെയും മനസ്സഞ്ചാരത്തെയും സാഹിത്യാസ്വാദ

നത്തെയും പഠിക്കുവാൻ ഈ തത്ത്വങ്ങൾ ഉപയോഗിക്കപ്പെട്ടു. ശബ്ദങ്ങൾ എന്ന നോവലിലെ അന്ത:സംഘർഷങ്ങൾ മനോവിജ്ഞാനീയ വിമർശനത്തിന്റെ സിദ്ധാന്തങ്ങൾ ഉപയോഗിച്ച് ഇവിടെ വിശകലനവിധേയമാക്കുന്നു.

## ശബ്ദങ്ങൾ പ്രമേയവിശകലനം

ജീവിതാനുഭവങ്ങളുടെ തീക്ഷ്ണത നിറഞ്ഞുനിൽക്കുന്ന ശബ്ദങ്ങളിൽ പ്രധാന കഥാപാത്രങ്ങൾ എന്ന് പറയാൻ ആരുമില്ല. പാരമ്പര്യത്തെയും മാന്യതയെയും വെല്ലുവിളിക്കുന്ന കഥാപാത്രങ്ങളെയാണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. മാതാ പിതാക്കളെ അന്വേഷിച്ചെത്തിയ ഒരു പട്ടാളക്കാരൻ കഥാകൃത്തിനോട് തന്റെ ജീവിതാനുഭവകഥ പറയുന്ന രീതിയിലാണ് ശബ്ദങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത്. ആരോ തെരുവിൽ ഉപേക്ഷിച്ചുപോയ ചോരക്കുഞ്ഞിനെ ഒരു പുരോഹിതൻ എടുത്തുവളർത്തി. മുതിർന്നപ്പോൾ പട്ടാളത്തിൽ ചേർന്ന അയാളെ, യുദ്ധം അവസാനിപ്പിച്ചപ്പോൾ അവിടെ നിന്നും പിരിച്ചുവിട്ടു. ജീവിതത്തിന് ലക്ഷ്യമില്ലാതെ അലഞ്ഞുനടന്ന അവസരത്തിൽ ആൺവേശ്യകളുമായി ബന്ധപ്പെടുകയും ഗൊണോറിയ രോഗം പിടിപെടുകയും ചെയ്തു. ജീവിക്കാൻ മറ്റുമാർഗ്ഗമില്ലാതെ ആത്മഹത്യയ്ക്കൊരുങ്ങിയ അയാളെ വിധി അതിനും അനുവദിച്ചില്ല. ഒടുവിൽ നാലുംകൂടിയ തെരുവിൽ തന്റെ ജനനത്തിന് കാരണക്കാ രായവരെ അന്വേഷിച്ചെത്തിയ അയാൾ കഥാകൃത്തിനെ കണ്ടുമുട്ടുകയും സ്വന്തം അനുഭവങ്ങൾ വിവരിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ വ്യക്തിജീവിതത്തിലെ ആരും പരസ്യമാക്കാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ഈ നോവലിൽ തുറന്നുകാണിച്ചിരിക്കുന്നു. വ്യഭിചാരവും സ്വവർഗ്ഗസംഭോഗവും മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റുന്ന അവസ്ഥ ഇതിൽ കാണാം. സ്വപ്നാടനരംഗം പോലെ അവതരിപ്പിച്ചിരിക്കുന്ന 'അമ്മയുംമകനും', 'ഭാവിയിലെ പൗരൻ' എന്നീ അധ്യായങ്ങളിൽ തെരുവ് വേശ്യകളെയും ഭിക്ഷക്കാരികളെയും ചിത്രീകരിച്ചിരിക്കുന്നു. മാന്യമല്ലാത്ത തൊഴിലിൽ ഏർപ്പെട്ട് ജീവിക്കേണ്ടിവരുന്ന സ്ത്രീകളുടെ ദയനീയചിത്രം ഇവിടെക്കാണാം. വേശ്യയെത്തേടി എത്തുന്ന പണക്കാരന്റെ ആഗമനവും തിടുക്കവും, ഉറങ്ങിക്കിടക്കുന്ന പട്ടാളക്കാരനെ കണ്ടപ്പോൾ ഉള്ള അയാളുടെ ഭാവമാറ്റം, അവരുടെ സംഭാഷണം ഇതെല്ലാം സ്വാഭാവികമായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. വിശപ്പും ജീവിക്കാനുള്ള അഭിനിവേശവും കുഞ്ഞിനെ വളർത്താനുള്ള ആഗ്രഹവുമാണ് അവളെ വേശ്യാവൃത്തി ചെയ്യാൻ പ്രേരിപ്പിക്കുന്നത്. യാഥാസ്ഥിതികമായ സാഹിത്യധർമ്മങ്ങളെ നിരസിക്കുകയും മഹത്തരവും ശ്രേഷ്ഠവുമായ നായകത്വത്തെ തള്ളിപ്പറയുകയും ചെയ്യുന്ന ഇത്തരം സാഹിത്യത്തെ പ്രതിസാഹിത്യം എന്നുകൂടി വിളിക്കാം. വൈരുദ്ധ്യങ്ങളുടെ സങ്കലനമായ, നിലനിൽക്കുന്ന ധാർമ്മികബോധങ്ങളെ വെല്ലുവിളിക്കുന്ന ആൻറിഹീറോ (Anti-hero)എന്ന സങ്കല്പനം ശബ്ദങ്ങളിലെ കേന്ദ്രാശയം തന്നെയാണ്. ഇതിലെ പട്ടാളക്കാരനെയും തെരുവുവേശ്യയെയും പ്രതിനായകരായി വായിച്ചെടുക്കാം. സാമ്പ്രദായിക മൂല്യങ്ങളെ വെല്ലുവിളിക്കുന്ന, മതവും സമുദായവും കപടനാണയങ്ങളാകുന്ന പുതിയൊരു ജീവിതാവസ്ഥയുടെ പ്രതിനിധികളാണ് ഇത്തരം പ്രതിനായകന്മാർ. അരാജകത്വപൂർണ്ണ വും ഭയാനകവും അസ്ഥിരവുമായ അവസ്ഥ കൃത്യതയോടെ അടയാളപ്പെടുത്തുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## കാമനയും മനോവിശകലനവും

മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള ആഗ്രഹങ്ങളെ കാമന എന്ന് വിവക്ഷിക്കുന്നു. സിഗ്മണ്ട് ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ മനുഷ്യനെ നയിക്കുന്നത് കാമനകളാണ്. ബോധപൂർവ്വം എന്ന് കരുതപ്പെടുന്ന മനുഷ്യന്റെ പ്രവൃത്തികൾക്ക് പിന്നിൽ അബോധപരമായ പ്രേരണകളുണ്ട് എന്ന ഫ്രോയിഡിന്റെ നിഗമനം ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യന്റെ ആത്മബോധപരമായ അന്വേഷണങ്ങളെ ആഴത്തിൽ സ്വാധീനിച്ചു.[1] അബോധമനസ്സിൽ അമർത്തപ്പെട്ട ആഗ്രഹങ്ങളുടെ (കാമന) അഥവാ അനുഭവങ്ങളുടെ വിശകലനമാണ് മനോവിശകലനം (Psycho analysis). ഇദ് ജൈവികവും ഈഗോ വൈയക്തികവും സൂപ്പർ ഈഗോ സാമൂഹികവുമായ ഘടകങ്ങളെയാണ് നിയന്ത്രിക്കുന്നത്. അബോധത്തിന്റെ അടിത്തട്ടിൽ സ്ഥിതിചെയ്യുന്ന ഇദ് പ്രതീകവൽക്കരിക്കാൻ ആവാത്തതും എന്നാൽ നിരന്തരം ആവിഷ്കാരത്തിനായി കൊതിക്കുന്നതും ആണ്. സഹജവാസനകളുടെ ഇരിപ്പിടവും ലൈംഗികവും ആക്രമികവുമായ ചിന്തകളുടെ കൂമ്പാരവുമായ ഇതിനെ കാമന(wish)യെന്ന് ഫ്രോയ്ഡ് വിളിക്കുന്നു. കാമന എങ്ങനെയും സാക്ഷാത്കരിക്കാനുള്ള വ്യഗ്രത ഇദിലുണ്ട്. കാമനാപൂർത്തിയിലൂടെ ഇദിലുണ്ടാകുന്ന സംതൃപ്തി വ്യക്തിക്ക്അനുഭവപ്പെടണമെന്നില്ല. ഇദ് ആനന്ദത്തെ മാത്രം മുന്നിൽ കാണുമ്പോൾ ഈഗോ യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നു. വ്യക്തി പക്വത നേടുന്തോറും ഇദിന്റെ കുറച്ചുഭാഗം ഈഗോയായി മാറുന്നു. ബോധത്തെ പുറംലോകവുമായി ബന്ധിപ്പിക്കുന്നതിന്റെ ഫലമാണിത്. വ്യക്തി യാഥാർത്ഥ്യവുമായി ബന്ധപ്പെടാൻ ശ്രമിക്കും. വ്യക്തിയുടെ ആവശ്യങ്ങളെ മുൻനിർത്തി ഇദ് സൃഷ്ടിക്കുന്ന ആഗ്രഹങ്ങളെ പൂർത്തീകരിക്കാൻ ഈഗോ സാധ്യമായ വഴികൾ തേടുന്നു. ഇദിനെയും വ്യക്തിയെയും സന്തോഷിപ്പിക്കാൻ ഈഗോ പരിശ്രമിക്കുന്നു. മൂല്യങ്ങളും ആദർശങ്ങളും കുറ്റബോധവും എല്ലാം സൂപ്പർ ഈഗോയുടെ ഭാഗമാണ്. ഇദ് സൃഷ്ടിക്കുന്ന കാമനകളെ ഈഗോ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുമ്പോൾ ബോധത്തിന്റെ ഭാഗമായ സൂപ്പർ ഈഗോ അതിനെ മൂല്യങ്ങളുടെ പേരിൽ നിയന്ത്രിക്കുന്നു. 'മനുഷ്യൻ ഇച്ഛകളെ ദമനം ചെയ്യുന്നു. അത് മനുഷ്യനെ അസ്വസ്ഥനാക്കും. ദമനഫലമായി ഇച്ഛകളെ ഉദാത്തവത്കരിച്ച് സർഗ്ഗാത്മകമാക്കുന്നത് അസ്വാസ്ഥ്യത്തെ മറികടക്കാനുതകും. മൗലികമായ ഒരു ത്വരയെ ഉദാഹരണത്തിന്, രതിവാഞ്ഛയെ ദമനം ചെയ്യേണ്ടി വരുമ്പോഴുണ്ടാവുന്ന അസ്വാസ്ഥ്യത്തെ തരണംചെയ്യാൻ മറ്റൊരുതരം നിർമ്മാണപ്രവർത്തനം ഉദാഹരണത്തിന് പാലംപണിയലോ പള്ളിപണിയലോ പര്യാപ്തമാവാം. ഇച്ഛകളുടെ ഉദാത്തവത്കരണമാണ് മാനുഷികസംസ്കാരത്തിന്റെ അടിത്തറ. കലാസാഹിത്യാദി സർഗാത്മക പ്രവർത്തനങ്ങൾ മൗലികത്വരകളുടെ ഉദാത്തവത്കരണത്തിൽ നിന്നുളവാകുന്നു'.

ശബ്ദങ്ങൾ എന്ന നോവലിനെ മനശാസ്ത്രപരമായി വിശകലനം ചെയ്യാം. പട്ടാളക്കാരനും കഥാകൃത്തും തമ്മിലുള്ള സംഭാഷണത്തിലൂടെ മുന്നോട്ടു പോകുന്ന ശബ്ദങ്ങളിൽ പ്രേമം, സദാചാരം, വേശ്യകൾ, യുദ്ധം, ലഹളകൾ, രോഗങ്ങൾ തുടങ്ങിയവയെല്ലാം ചർച്ചചെയ്യുന്നുണ്ട്. പട്ടാളക്കാരൻ തന്റെ അനുഭവങ്ങളും ജീവിതക്കാഴ്ചകളും വിവരിക്കുമ്പോൾ ഇടയ്ക്കിടക്ക് കഥാകൃത്തിനോട് അഭിപ്രായം ചോദിക്കുന്നുണ്ട്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'വേശ്യാവൃത്തിയെപ്പറ്റി എന്താ നിങ്ങൾക്കു പറയാനുള്ളത്?'

'അതു നല്ലതോ ചീത്തയോ ആണെന്നാണോ?'

'അതെ'

'വേശ്യാവൃത്തി ലോകത്തിലെ ഏറ്റവും പഴക്കമുള്ള തൊഴിലാണെന്നു കേട്ടിട്ടുണ്ട്; ഇന്നും പലരും സ്വീകരിച്ചു വരുന്നുമുണ്ട്. പിച്ചക്കാരി മുതൽ രാജ്ഞിവരെ. ഏതായാലും എന്റെ അമ്മയും സഹോദരികളും ഭാര്യയും അതു സ്വീകരിക്കുന്നത് എനിക്കിഷ്ടമല്ല!'

.. 'സ്ത്രീകൾ എന്തുകൊണ്ടു വേശ്യകളായിത്തീരുന്നു?'

'പുരുഷന്മാരുള്ളതുകൊണ്ടായിരിക്കാം!'

'അതൊരു ശരിയായ സമാധാനമാണോ?'

'പുരുഷന്മാരെന്തിന് അവരുടെ അടുത്ത് പോകുന്നു?....... പുരുഷന്റെ ഭാഗത്തുനിന്ന് നോക്കുമ്പോൾ തെറ്റെപ്പോഴും സ്ത്രീകളുടെ ഭാഗത്താണ്. സ്ത്രീയുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ തെറ്റെപ്പോഴും പുരുഷന്മാരുടെ ഭാഗത്തും. ഒന്നുകിൽ എല്ലാവരുടെയും ഭാഗത്ത് തെറ്റുണ്ട്. അല്ലെങ്കിൽ ആരുടെയും ഭാഗത്ത് തെറ്റില്ല. നിങ്ങൾ തെറ്റും ശരിയും വിധിക്കാൻ പോകുന്നത് എന്ത് ന്യായം വെച്ചുകൊണ്ടാണ്?'

'സദാചാരത്തിന്റെ'

'ഭൂഗോളത്തിന്റെ ഏതുഭാഗത്തുള്ള ജനങ്ങളുടെ സദാചാരത്തിന്റെ?'

'അതെനിക്കറിഞ്ഞുകൂടാ. സാധാരണ നമ്മൾ സദാചാരം എന്നു പറയുന്നില്ലേ പരസ്ത്രീകളെ നോക്കരുത്, പാതിവ്രത്യം എന്നൊക്കെ?'

'പലമതങ്ങളിലും പലതാണ് സദാചാരം. ഏകപത്നീവ്രതമെടുക്കുന്ന ചില മതങ്ങളിൽ ബഹുപത്നീവ്രതമാവാം. ചിലതിൽ ബഹുഭർത്തൃവ്രതവുമാവാം.അമ്മ, സഹോദരി ഇവരെ ഭാര്യമാരാക്കുന്ന ജനങ്ങളും രാജാക്കന്മാരുമുണ്ടായിരുന്നു. അതായിരുന്നു അവരുടെ സദാചാരം. ലിംഗാരാധന, യോനിപൂജ എന്നൊക്കെ കേട്ടിട്ടില്ലേ? അവിടെ എന്താണ് സദാചാരം? മൃഗങ്ങളുടെ ഇടയിലും ഇഴജന്തുക്കളുടെ ഇടയിലും പക്ഷികളുടെ ഇടയിലും മറ്റും മിക്കപ്പോഴും സ്വന്തം സഹോദരിയാണ് ഭാര്യ. ഇതുപോലെ തന്നെ മനുഷ്യരുടെ ഇടയിലും ഉണ്ട്. സഹോദരിക്കു സഹോദരനിൽ നിന്നും ഗർഭമുണ്ടാവാറുണ്ട്. അമ്മയ്ക്ക് മകനിൽ നിന്നും മകൾക്ക് അച്ഛനിൽ നിന്നും'.[2]

ഇവിടെ വേശ്യകളെക്കുറിച്ചും സദാചാരത്തെക്കുറിച്ചുമുള്ള പട്ടാളക്കാരന്റെയും ശബ്ദ ങ്ങളിലെ കഥാപാത്രമായ കഥാകൃത്തിന്റെയും കാഴ്ചപ്പാടാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഷീർ എന്ന എഴുത്തുകാരന്റെ അബോധമനസ്സിന്റെ പ്രതിരൂപമാണ് പട്ടാളക്കാരൻ എന്ന കഥാപാത്രം.എഴുത്തുകാരന്റെ മനസ്സിന്റെ അടിത്തട്ടിൽ അടിച്ചമർത്തപ്പെട്ട വികാരങ്ങളു ടെയും പ്രേരണകളുടെയും പ്രതിഫലനമാണ്പട്ടാളക്കാരൻ. ഈ കഥാപാത്രത്തിന്റെ സംഭാഷണത്തിലൂടെ ബഷീറിന്റെ അബോധമനസ്സിനെ അതായത് ഇദിനെ പുറത്ത് കാട്ടുകയാണ്. ഇദ് തികച്ചും ജൈവികമാണ്. പട്ടാളക്കാരന്റെ സംഭാഷണങ്ങളെല്ലാം എഴുത്തുകാരനായ ബഷീറിന്റെ മനസ്സിലെ ഇദിന്റെ പ്രതിഫലനങ്ങളാണ്. എന്നാൽ

നോവലിലെ കഥാപാത്രമായ കഥാകൃത്തിന്റെ സംഭാഷണത്തിൽ സാമൂഹ്യഘടകങ്ങളാൽ നിയന്ത്രിക്കപ്പെട്ട കാഴ്ചപ്പാടും, മതവും സദാചാരവും അടിച്ചേല്പിച്ച വിലക്കുകളുമാണ് വെളിവാകുന്നത്. അതായത് കഥാകൃത്ത് എഴുത്തുകാരന്റെതന്നെ സൂപ്പർഈഗോയുടെ പ്രതിഫലനമാണ്. പട്ടാളക്കാരന്റെയും കഥാകൃത്തിന്റെയും വ്യവഹാരങ്ങളിലെ വൈരുദ്ധ്യവും ശ്രദ്ധേയമാണ്. കഥാകൃത്തിനെ മതാധിഷ്ഠിതമായ പാപബോധം അസ്വസ്ഥനാക്കുന്നു. മാത്രമല്ല സദാചാരം സംസ്കാരം തുടങ്ങിയവ അയാളെ നിയന്ത്രിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. പട്ടാളക്കാരൻ പാപബോധങ്ങളിലും സദാചാരങ്ങളിലും നിന്ന് വിമുക്തനും ശരീരത്തിന്റെ ആനന്ദങ്ങൾ അതിരുകളോ വിലക്കുകളോ ഇല്ലാതെ ആഘോഷിക്കുന്നവനുമാണ്. ബഷീറിന്റെ തന്നെ ബോധഅബോധമനസ്സിന്റെ പ്രതിഫലനമാണ് പട്ടാളക്കാരനും കഥാകൃത്തും. അതായത് കഥാകൃത്തിന്റെ മനസ്സിനെ ഈഗോയും സൂപ്പർ ഈഗോയും നിയന്ത്രിക്കുമ്പോൾ പട്ടാളക്കാരന്റെ ആഗ്രഹങ്ങളെ ഇദ് സഫലീകരിക്കുന്നു. ബഷീറിന്റെ മനസ്സിൽ ഈ രണ്ട് ദ്വന്ദ്വങ്ങളും (ഇദും സൂപ്പർ ഈഗോയും) തമ്മിൽ നടന്ന സംഘട്ടനത്തിൽ നിന്നും ഉടലെടുത്ത നോവലാണ് ശബ്ദങ്ങൾ. സാധാരണത്തിന്റെ അസാധാരണത്വമാണ് ഇതെന്ന് തിരിച്ചറിയാൻ സാധിക്കുന്നു. ഇതാണ് ബഷീറിയൻ മനശാസ്ത്രം.

ശബ്ദങ്ങളിലെ 'ഭാവിയിലെ ഒരു പൗരൻ' എന്ന അധ്യായത്തിൽ പട്ടാളക്കാരന്റെ അരികെ കുഞ്ഞിനെ ഉറക്കിക്കിടത്തി വേശ്യാവൃത്തിക്കായി അമ്മ പോയപ്പോൾ ഉറുമ്പ്കടിയേറ്റ് കുഞ്ഞു കരയാൻ തുടങ്ങി. കുഞ്ഞിന്റെ കരച്ചിൽ കേട്ട് അവിടെക്കിടന്നിരുന്ന പട്ടാളക്കാരൻ കുഞ്ഞിനെ എടുത്ത് ഉറുമ്പിനെ തട്ടിക്കളഞ്ഞ് അതിനെ സംരക്ഷിക്കുന്നു. രോഗതീവ്രതയിലും വിശപ്പിലും മാനസികവിഭ്രാന്തിയിലും പെട്ട് ഉഴലുമ്പോഴും പ്രവർത്തനനിരതമായിക്കൊണ്ടിരിക്കുന്ന അഹംബോധത്തിന്റെ ഉടമയായിതന്നെ പട്ടാളക്കാരൻ നിലകൊള്ളുന്നു. താനാരാണെന്നും തന്റെ കർത്തവ്യം എന്താണെന്നും തികഞ്ഞ അഹംബോധത്തോടെ മനസ്സിലാക്കി കുഞ്ഞിനെ എടുത്ത് പട്ടാളക്കാരൻ അതിന്റെ ആധികൾക്ക് ആശ്വാസമേകുന്നു. ഇവിടെ പ്രകടമാകുന്ന സഹധർമബോധവും ധാർമ്മികചിന്തയും വ്യക്തിബന്ധങ്ങളുടെയും നിലനിൽപ്പിന്റെയും അടിസ്ഥാനവും ഒരർത്ഥത്തിൽ പട്ടാളക്കാരന്റെ വ്യക്തിസ്വത്വത്തിലുള്ള സാമൂഹ്യവാസന (Social instinct)കളുടെ ഭാഗം തന്നെയാണ്. ഇവിടെ ഫ്രോയിഡിന്റെ വിവക്ഷയിൽ പുരുഷനിലുള്ള സ്ത്രീത്വം അതായത് അനിമ പട്ടാളക്കാരനെ സക്രിയതയിലേക്ക് നയിക്കുന്ന ഘടകമായി വർത്തിക്കുന്നു. അതുപോലെതന്നെ കുഞ്ഞിന്റെ നിലവിളികേട്ട് ഹൃദയവേദനയോടെ ഓടിക്കിതച്ച് അതിന്റെ അമ്മ പട്ടാളക്കാരന്റെ അരികത്ത് വന്ന് കുഞ്ഞിനെ പിടിച്ചു പറിച്ചെടുത്തിട്ട് അയാളുടെ നെഞ്ചത്ത് ആഞ്ഞുചവിട്ടി. സ്ത്രീയിലുള്ള പുരുഷത്വം അതായത് അനിമസ് ആണ് പട്ടാളക്കാരനെ ചവിട്ടാൻ അവൾക്ക് പ്രേരണയായ ഘടകമായി വർത്തിക്കുന്നത്. എന്നാൽ അല്പസമയത്തിനുള്ളിൽ തന്നെ ഉറുമ്പ് കടിച്ചാണ് കുഞ്ഞ് കരഞ്ഞതെന്നു മനസ്സിലാക്കി അവൾ അയാളോട് ക്ഷമപറയുകയും ഒരു നാണയത്തുട്ട് അയാളുടെ മുന്നിൽ ഇട്ടുകൊടുക്കുകയും ചെയ്തു. കുഞ്ഞിനെ തട്ടിയെടുക്കാൻ ശ്രമിക്കുകയാണെന്ന് തെറ്റിദ്ധരിച്ചാണ് അവൾ അയാളെ ചവിട്ടുകയും കുഞ്ഞിനെ പിടിച്ചുപറിക്കുകയും ചെയ്തത്. മാതൃത്വത്തിന്റെ പ്രതിഫലനമായിരുന്നു അത്. തെരുവുവേശ്യയായി ജീവി

ക്കേണ്ടി വരുമ്പോഴും തന്റെ പിഞ്ചുകുഞ്ഞിനെ സംരക്ഷിക്കാൻ തയ്യാറാവുന്ന അവളുടെ മാതൃത്വം ആദർശമാതൃത്വത്തോട് അടുത്തു നിൽക്കുന്നു. അവളുടെ ആന്തരിക ജീവിതത്തിലെ സൂക്ഷ്മഭാവങ്ങൾ സ്ത്രീ അഥവാ അമ്മ എന്ന നിലയിൽ ജീവിക്കുമ്പോൾ തന്നെ പുരുഷസത്തയെയും വെളിവാക്കുന്നു. അവളിലെ പുരുഷസത്തയുടെ അദൃശ്യ സാന്നിധ്യം സ്ത്രീസാന്നിധ്യത്തോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നു. ഒരേസമയം സ്ത്രൈണസത്ത (anima)യും പുരുഷസത്ത(animus)യും സമ്മേളിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് ശബ്ദങ്ങളിലെ വേശ്യയായ അമ്മ. ഈ നോവലിലെ തെരുവുവേശ്യയെ 'രതി' എന്ന സഹജവാസനകളുടെ പ്രതിരൂപമായി അവതരിപ്പിക്കു മ്പോഴും കഥാപാത്ര പരിണതിയിൽ വ്യക്തിയുടെ നിലനിൽപ്പിനായുള്ള വാസനാ വൈവിധ്യങ്ങൾ നിറഞ്ഞിരിക്കുന്നതായിട്ടാണ് ബഷീറിന്റെ ചിത്രീകരണം. അതേസമയം, ജന്മവാസനകളിൽ അലിഞ്ഞുപോകാതെ അഹ(ego)ത്തിന്റെയും അത്യഹത്തിന്റെയും (super ego) സ്വാധീനത്തോടെ, സ്വത്വത്തെ നിയന്ത്രിച്ചു നിർത്തുവാൻ പട്ടാളക്കാരനെ അപേക്ഷിച്ച് തെരുവുവേശ്യയ്ക്ക് കൂടുതൽ കഴിയുന്നു. ഈ ഭാവവൈവിധ്യം അഥവാ ഭാവസ്ഥിരതകൊണ്ടു തന്നെയാണ് ശബ്ദങ്ങളിലെ വേശ്യയായ കഥാപാത്രം പട്ടാളക്കാരനും മീതേ സ്ഥാനം പിടിക്കുന്നത്.

മനുഷ്യജീവിത ലക്ഷ്യംതന്നെ കാമനയെ സഫലീകരിക്കുക എന്നതാണ്. വിധി, വ്യക്തിയുടെ ദൗർബല്യങ്ങൾ തുടങ്ങി പലവിധ സാഹചര്യങ്ങളാൽ കാമനകൾ സഫലമാകാതെപോകുന്നു. ഇത് വ്യക്തിയെ സംഘർഷത്തിലേക്ക് നയിക്കുകയും, പതനത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഒരു മനുഷ്യന്റെ ഇത്തരത്തിലുള്ള വീഴ്ചയെ യാണ് ദുരന്തം എന്ന് പറയുന്നത്. ദുരന്തത്തെക്കുറിച്ചുള്ള അവബോധത്തെയാണ് ദുരന്താവബോധം എന്ന് ഉദ്ദേശിക്കുന്നത്. ആധുനികമനുഷ്യന്റെ ജീവിതത്തിൽ വിധിയുടെ സ്ഥാനം ഫ്രോയിഡിയൻ ദർശനം മുന്നോട്ടുവച്ചു. മനുഷ്യന്റെ അടിമനസ്സിലെ കോംപ്ലക്സുകളാണ് അവന്റെ ഭാഗധേയം നിർണയിക്കുന്നത് എന്ന ഫ്രോയിഡിയൻ ചിന്ത സാഹിത്യത്തെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി[3]. സംസ്കാരം അടിച്ചേൽപ്പിക്കുന്ന കൃത്രിമമായ വിലക്കുകൾ തകർത്തുകൊണ്ട് യുക്തിവിരുദ്ധവും ആദിമവും ആയ അനുഭവമേഖലകളിലേക്ക് കൂപ്പുകുത്താനുള്ള അഭിലാഷമാണ് ശബ്ദങ്ങളിലെ പട്ടാളക്കാ രനെ ആത്മനാശത്തിലേക്കും ദുരന്തത്തിലേക്കും നയിച്ചത്. മനുഷ്യന്റെ ഉള്ളിൽ കുടി കൊള്ളുന്ന ഇരുണ്ടവാസനകളുടെ ഭൂഖണ്ഡത്തെ അതായത് അബോധത്തെ തുറന്നു വയ്ക്കുകയാണ് ശബ്ദങ്ങൾ.

മലയാളസാഹിത്യത്തിലെ നവോത്ഥാനകാലഘട്ടത്തിന് ബഷീറിന്റെ ശബ്ദങ്ങളിലെ കഥാപാത്രങ്ങളുടെ ആന്തരികസംഘർഷങ്ങളെ കാണാതെ പോകാൻ കഴിയില്ല. ത്യാഗികളായ ആ കഥാപാത്രങ്ങൾ മനസ്സിൽ സ്നേഹം സൂക്ഷിക്കുന്ന ഓരോ മനുഷ്യന്റെ യും ഹൃദയങ്ങളിൽ സ്വീകാര്യമായ ഇരിപ്പിടം കണ്ടെത്തിയിട്ടുണ്ട്. സമൂഹത്തിലേക്ക് തുറന്നുപിടിച്ച ആത്മബന്ധങ്ങളിലെ സ്നേഹം, ത്യാഗം, ആർദ്രത, പങ്കുവയ്ക്കൽ, എന്നിവയെല്ലാം വൈവിധ്യങ്ങളോടെ ആഴത്തിൽ ബഷീർ ശബ്ദങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. കാമനകളിലൂടെ സഞ്ചരിക്കുകയായിരുന്നു ശബ്ദങ്ങളിലെ ഓരോ കഥാപാത്രവും. തങ്ങളുടെ ആഗ്രഹത്തിന്റെ പൂർത്തീകരണത്തിനായി ആത്മാർത്ഥമായി

ജീവിച്ചുപോയവർ. പക്ഷേ വിധിയുടെ ഇടപെടലോ, സാഹചര്യ സമ്മർദ്ദങ്ങളോ അവരുടെ മോഹങ്ങളെ തട്ടിയെറിഞ്ഞപ്പോൾ, ദുരന്തത്തിലേക്ക് വീണുപോയവർ. മനോവിജ്ഞാനീയപ്രകാരം, മറഞ്ഞിരുന്ന് എല്ലാം നിയന്ത്രിക്കുന്ന ഒരു അജ്ഞാത ശക്തിയല്ല അബോധ മനസ്സിന്റെ കോംപ്ലക്സുകളാണ് അവരുടെ ഭാഗധേയം നിർണയിക്കുന്നത്. ഈ വിധി അവരെ കരയിപ്പിക്കുന്നു, ദുരന്തജീവിയാക്കി മാറ്റുന്നു.ഈ ദർശനം പേറുന്ന കഥാവസ്തുവും കഥാപാത്രങ്ങളുമാണ് ബഷീർ തന്റെ നോവലായ ശബ്ദങ്ങളിൽ വൈവിധ്യങ്ങളോടെ ആവിഷ്കരിച്ചിരിക്കുന്നത്. കാമനയും ദുരന്തബോധവും ബഷീറിന്റെ ജീവിതദർശനമായി അദ്ദേഹത്തിന്റെ ജനപ്രീതിനേടിയ നോവലായ ശബ്ദങ്ങളിൽ നിറഞ്ഞു നിൽക്കുന്നതായി കാണാം.

## ശരീരം /ലൈംഗികത ശബ്ദങ്ങളിൽ

ശരീരത്തിന്റെയും മനസ്സിന്റെയും സ്വേച്ഛാപൂർണ്ണവും വിലക്കുകൾക്കതീതവുമായ ആവിഷ്കാരങ്ങളിൽ, അതിന്റെ അഭിനിവേശങ്ങളിൽ പ്രധാനവും പ്രമുഖവുമായ സ്ഥാനം ലൈംഗികതയ്ക്കാണുള്ളത്. മതം, സദാചാരം, പാപബോധം എന്നിവയോട് ബന്ധപ്പെടുത്തി മാത്രം ലൈംഗികത (Sexualtiy)യെക്കുറിച്ച് ചിന്തിക്കുന്നതുകൊണ്ടാവണം നിഷേധാത്മകമായാണ് ചരിത്രത്തിൽ ലൈംഗികത അടയാളപ്പെടുന്നത്. ലൈംഗികത തന്നെ നിഷിദ്ധവും മറച്ചുവയ്ക്കേണ്ടതുമായി കണക്കാക്കപ്പെടുന്ന സാമൂഹിക പരിസരങ്ങളിൽ വിലക്കപ്പെട്ടതും അഗമ്യവുമായ ലൈംഗികതയെ ചുറ്റിപ്പറ്റി നിഗൂഢതകളും വന്യതകളും മെനഞ്ഞെടുക്കുക എഴുത്തുകാർക്ക് സൗകര്യപ്രദവുമാണ്. ലൈംഗികാഭിനിവേശങ്ങളുടെ സ്വതന്ത്രപ്രകാശനങ്ങളെ പ്രാകൃതം/അപരിഷ്കൃതം എന്നു മുദ്രകുത്തുകയും സംസ്കാരശൂന്യതയുടെ ഭാഗമെന്ന് നിശ്ചയിക്കുകയും ചെയ്യുന്ന സമൂഹം അത്തരം അഭിലാഷങ്ങളെ അടിച്ചമർത്തുന്നത് സംസ്കാരമായി വിലയിരുത്തുന്നു. ശരീരത്തിന്റെ അഭിലാഷങ്ങളെ നിഷേധാത്മകമായി അടയാളപ്പെടുത്തുന്ന സംസ്കാരം സ്വാഭാവികമായും അതിന്റെ പ്രത്യാഘാതങ്ങളെയും പ്രതീക്ഷിക്കുന്നുണ്ട്. തൃഷ്ണകളും ആസക്തികളുമാണ് മനുഷ്യസമൂഹത്തെ മുന്നോട്ടുനയിക്കുന്ന ഇച്ഛാപൂർണമായ ഘടകങ്ങൾ. അതിൽ ശരീരബദ്ധമായ തൃഷ്ണകളുമടങ്ങിയിരിക്കുന്നു. ഉറക്കെപ്പറയാനോ തുറന്നാവിഷ്കരിക്കാനോ കഴിയാത്തവിധം അവയെ അമർച്ചചെയ്യാനും ഉള്ളറകളിലൊതുക്കാനും പരിഷ്കൃത മനുഷ്യൻ നിർബന്ധിതനാണ്[5].

ശബ്ദങ്ങൾ എന്ന നോവൽ സദാചാരം, മതനിഷ്ഠമായ പാപബോധം എന്നിവയെ നിഷേധിച്ചുകൊണ്ട് ലൈംഗികതയും കലഹവും കലാപവും കുറ്റങ്ങളും നിറഞ്ഞ സമാന്തരലോകങ്ങൾ സൃഷ്ടിക്കുന്നു. ജൈവമൂല്യങ്ങളുടെ നിർമിതിയിലൂടെ യാഥാസ്ഥിതികതയെ പൊളിച്ചുകൊണ്ട് സ്വതന്ത്രമായ ലൈംഗികതയെക്കുറിച്ച് സംവദിക്കുന്നു.

'സ്വപ്നം കാണുന്ന കണ്ണുകളോടെ മന്ദഹസിച്ചു. എന്നെ വണ്ടിയിൽ നിന്നിറക്കി. തെരുവിലുള്ള മുറിയിൽ കയറ്റി വാതിലടച്ചു. എന്നെ ആലിംഗനം ചെയ്തു. കിടക്കയിൽ പിടിച്ചിരുത്തി. മുറി ഇരുളിൽ മുങ്ങി. സ്വർഗീയസൗരഭം! ഞാനാമുഖത്തും കണ്ണുകളിലും ചുംബിച്ചു. സുന്ദരമായ മുലകളിൽ തെരുതെരെ നൂറുകുറി ചുംബിച്ചു. ഞങ്ങൾ നിർവൃതിജനകമായ, ഗാഢമായ ആലിംഗനത്തിൽ ആണ്ടുമുഴുകി.

ഞാൻ. ഞാനേതോ മലമുകളിൽ നിന്നുത്ഭവിച്ച നദി. യുഗങ്ങളായി പ്രവാഹം തടയപ്പെട്ടിരുന്ന പർവ്വതം എന്റെ ശക്തിയാൽ വിണ്ട് ..... വിണ്ടുപോയി. ഉഗ്രമായ വേഗത്തിൽ ഞാൻ പായുകയാണ്. പാരാവാരത്തിൽ നഷ്ടപ്പെടുകയാണ്. ഒടുവിൽ ഒടുവിൽ ആനന്ദാബ്ധിയിൽ നിന്നു ഞാൻ പൊന്തി. ഞാൻ കണ്ണു തുറന്നു. വിളക്കു വീണ്ടും തെളിഞ്ഞു. എന്റെ തലയ്ക്ക് നല്ല വെളിവ് വീണു. എനിക്ക് വളരെ സന്തോഷം തോന്നി. യുഗങ്ങളുടെ തൃപ്തിയും'[4].

ഉദ്വേഗം ഉണ്ടാക്കുന്ന ആഖ്യാനം, സ്വച്ഛപൂർണ്ണമായ രതിഭാവങ്ങൾ, മതനിഷേധം എന്നിവ ആവിഷ്കരിക്കപ്പെടുന്നു. മതം,ഭരണകൂടം, കുടുംബം തുടങ്ങിയ അധികാര ഘടനകൾ അടിച്ചമർത്തുകയും നിഗൂഢമാക്കുകയും ചെയ്ത ലൈംഗികതയെക്കുറിച്ചുള്ള എഴുത്തുകാരന്റെ നിരീക്ഷണങ്ങൾ ശബ്ദങ്ങളിൽ ദൃശ്യവത്കൃതമാകുന്നുണ്ട്. ആൺവേശ്യ എന്ന അധ്യായം ഉദാഹരണമാണ്.

'അവൾ അത് അവൻ എന്റെ അരികത്തുവന്നു. പഞ്ഞി മുലകളുള്ള ബോഡിസെടുത്തു കെട്ടിവച്ചു.അതിന്റെ പുറമേ ബ്ലൗസിട്ടു. എന്നിട്ട് ഭംഗിയായി സാരി ധരിച്ചു കൊണ്ട് എന്നോട് ചോദിച്ചു:

'എന്നെപ്പോലുള്ളവരെകണ്ടിട്ടില്ലേ?'

'നിന്നെപ്പോലുള്ളവരോ?'

'എല്ലായിടത്തുമുണ്ടല്ലോ?'

'എല്ലായിടത്തും എക്കാലവും.

പിന്നീട്ഞാൻ അറിഞ്ഞു: പണ്ടുപണ്ട് രാജകൊട്ടാരങ്ങളിൽ, ചക്രവർത്തിമാരുടെ, പ്രസിഡണ്ടന്മാരുടെ, സ്വേച്ഛാധിപതികളുടെ അരമനകളിൽ ഇവർ ഉണ്ടായിരുന്നു. ആൺ വേശ്യകൾ!

"ഞങ്ങൾക്കൊരു സംഘമുണ്ട്. ഒന്നല്ല, ഒരുപാടു സംഘക്കാർ ഹിജ്ഡകൾ, നപുംസകങ്ങൾ. ഒരുപാട് വിശ്വാസക്കാർ. ഏതെങ്കിലും ഒരു സംഘത്തിൽ ചേരുന്നതിന് മുമ്പ് നിലവിളക്കുപോലെ കൂർത്ത ഒന്നിൽ ഇരുത്തും വേദനയുള്ള ശസ്ത്രക്രിയയുണ്ട്. ചോര ഒരുപാടു വാർന്നുപോകും പിന്നെ കല്യാണച്ചടങ്ങു കഴിക്കും. അന്നു സംഘത്തിൽ പെട്ടവരൊക്കെ വരും. അന്ന് പാട്ടും മറ്റും ഉണ്ട്. പിന്നെ ചവണകൊണ്ടു മുഖത്തെ രോമങ്ങൾ പിഴുതു കളയും. പെൺപേരു വിളിക്കും. സാരിയും പാവാടയും ധരിക്കും. മുടി വളർത്തി നീട്ടും'[5].

ശരീരത്തിന്റെ ആസക്തിയും ലൈംഗികതയുടെ വ്യത്യസ്തമായ അടരുകളും ശബ്ദങ്ങളുടെ സാർവകാലികമായ ജനപ്രിയതയ്ക്കുള്ള പ്രധാനഹേതുക്കളാണ്. സമാനഘടകങ്ങൾ ചേർത്തുമെനഞ്ഞ നോവലുകൾ എല്ലാഭാഷകൾക്കും എല്ലാദേശങ്ങൾക്കുമുണ്ട്. കേവലമായ അന്വേഷണം, ഭീതി ജനിപ്പിക്കുന്ന പശ്ചാത്തലം എന്നിവയിൽ ഒതുങ്ങാതെ അതേസമയം ഇവയൊക്കെയും നിശ്ചിതമായ അനുപാതത്തിൽ ചേർത്തിണക്കിക്കൊണ്ടുതന്നെ മനുഷ്യാവസ്ഥകളുടെ സങ്കീർണതകളിലേക്കു ചൂഴ്ന്നിറ

ങ്ങുന്നു. തെറ്റ് / ശരി, അന്വേഷണം എന്നിവയ്ക്ക് പുറമേ കാമന, ആസക്തി, മൃതി എന്നീ ചേരുവകൾ ഉപയോഗിച്ച് ജീവിതത്തെക്കുറിച്ചുള്ള വ്യത്യസ്തമായ നിരീക്ഷണങ്ങളും കാഴ്ചകളും ശബ്ദങ്ങൾ സാധ്യമാക്കുന്നു.

ലൈംഗികതയുടെ ബീജം ശൈശവത്തിൽത്തന്നെ കണ്ടുതുടങ്ങുന്നുവെന്നും മുല കുടിയിലൂടെ കുട്ടികൾക്കുണ്ടാകുന്ന ശാരീരികസുഖം ലൈംഗികമാണെന്നും ഫ്രോയിഡ് നിരീക്ഷിച്ചു. ശബ്ദങ്ങൾ എന്ന നോവലിലെ 'അമ്മയുംമകനും ' എന്ന അധ്യായത്തിൽ

'അവൾ മാറിനിന്നു കുഞ്ഞിനു മുലകൊടുക്കാൻ തുടങ്ങി. വലിയ മുലകൾ ആ കുഞ്ഞ് ചപ്പിച്ചപ്പി കുടിക്കുന്നു.'

'.......ഞാൻ ഒരമ്മയുടെ മുലകുടിച്ചിട്ടില്ല! ആ കുഞ്ഞ് ഒരു കൈകൊണ്ട് മറ്റേ മുലപിടിക്കാൻ ശ്രമിക്കുന്നു. അറിയാത്ത, കാണാത്ത എന്റെ എന്റെ അമ്മേ!'[6]

പാല് കിട്ടാനാണ് ആദ്യം അമ്മയുടെ മുല ചപ്പുന്നത്. ക്രമേണ അതിലൊരാനന്ദം കൂടിയുളവാകുന്നു. ഫ്രോയിഡ് ഇതിനെ രതിയോട് ബന്ധപ്പെടുത്തുന്നു. മാതാവിനോടുള്ള വൈകാരിക ബന്ധത്തിൽ രണ്ടുതരം ത്വരകളുണ്ട്. ഭുജിക്കലിനോടും ഭോഗത്തോടും ബന്ധപ്പെട്ടവ. വിശപ്പ്; കാമം.(സംസ്കൃതഭാഷയിൽ ഭോഗമെന്ന ഒരേ പദത്തിൽ ഈ രണ്ട് അർത്ഥവും മേളിച്ചിട്ടുണ്ട്.) ആദ്യത്തെ ഭോഗത്വര ക്രമേണ രണ്ടാമത്തെ ഭോഗത്വരയാകുന്നു. ഈ ഒന്നാമത്തെ രതിദശയെ ഫ്രോയിഡ് വദനദശ അഥവാ അധരദശ (Oral stage) എന്ന് വിളിക്കുന്നു[7]. മനുഷ്യമനസ്സിന്റെ അന്ത:സംഘർഷങ്ങളുടെയും വ്യക്തിമനസ്സിന്റെ അജ്ഞേയവും നിഗൂഢവുമായ സമഗ്രസഞ്ചാരങ്ങളുടെയും അടിസ്ഥാനമാണ് ലൈംഗി കത; കഥാപാത്രത്തിന്റെ ലൈംഗിക മാനസിക നിശ്ശബ്ദതകൾ കണ്ടെത്തുന്നതിനപ്പുറം കൃതിയുടെ ആഴങ്ങളിലേക്ക് കടന്നെത്തുന്ന പുതിയൊരു സൗന്ദര്യശാസ്ത്രം തുടങ്ങിയവ ശബ്ദങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആശയപരിസരമാണ്.

സുലഭമായ അപഥസഞ്ചാരങ്ങൾക്കൊപ്പം പ്രലോഭനങ്ങളുടെയും അഭിലാഷങ്ങളുടേതു മാണ് ഈ കൃതിയുടെ അന്തർലോകം. സ്ത്രീയോടുള്ള ഭയം, ലൈംഗികമായ അടിച്ച മർത്തലുകൾ, വിലക്കുകൾ ഇതെല്ലാം സംസ്കൃതിയുടെ ചിഹ്നങ്ങളാകുമ്പോൾ ഇതൊന്നുമില്ലാത്ത പ്രതിലോകങ്ങളാണ് ഇവിടെ കണ്ടെത്താനാവുക. വ്യവസ്ഥാപിത മൂല്യങ്ങളെ ധിക്കരിക്കൽ, സമൂഹത്തിന്റെ കീഴ്വഴക്കങ്ങളെ ചോദ്യംചെയ്യൽ, സമാന്തരലോക നിർമ്മിതി എന്നിവ പ്രത്യക്ഷവത്കൃതമാകുന്നു. പരസ്യമായ ലൈംഗികത കുറ്റകൃത്യമായതോടെ, ഇന്ദ്രിയാധിഷ്ഠിതമായ ആനന്ദങ്ങൾക്കു വിലക്ക് വന്നതോടെ, അത് സ്വാഭാവികമായ ജൈവാനുഭവം അല്ലാതായിത്തീരുന്നു. വിവാഹത്തിനുള്ളിലല്ലാത്ത ലൈംഗികതയുടെ പാപബോധം ചുമക്കുന്ന കഥാപാത്രങ്ങളും പാപബോധമില്ലാതെ അതിൽ ആനന്ദം കണ്ടെത്തുന്നവരും ഇതിലുണ്ട്. സദാചാരവും ശാരീരികാനന്ദവും പരസ്പരം ചേർച്ചയില്ലാത്ത വിരുദ്ധശക്തികളായി വടംവലി നടത്തുന്ന സന്ദർഭങ്ങൾ നോവലിൽ സുലഭമാണ്. നോവലിന്റെ ആരംഭത്തിലെ പട്ടാളക്കാരന്റെയും കഥാകൃത്തി ന്റെയും സംഭാഷണങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളാണ്. മതവും വിശ്വാസവും ചേർന്ന് സൃഷ്ടിക്കുന്ന സംസ്കാരത്താൽ അടിച്ചമർത്തപ്പെട്ട തമോലോകങ്ങൾ ശബ്ദങ്ങൾ അനാവൃതമാക്കുന്നു. ശരീരനിഷ്ഠമായ രതിസങ്കല്പനങ്ങൾ, അഗമ്യമായ രതിബന്ധങ്ങൾ

എന്നിവ ഈ നോവലിലെ പ്രമേയത്തിന്റെ സങ്കീർണ്ണതകളെ നിർണ്ണയിച്ചുകൊണ്ട് കേന്ദ്രസ്ഥാനത്ത് വരുന്നു. കൃത്യമായതും നടന്നുകഴിഞ്ഞതുമായ ലൈംഗികത, അതിനെപ്പറ്റിയുള്ള അന്വേഷണം, യാഥാർത്ഥ്യങ്ങളുടെ സ്പഷ്ടീകരണം തുടങ്ങിയ അടരുകൾ സൂക്ഷ്മമായ തലത്തിൽ അവയോരോന്നിലൂടെയും കടന്നുപോരുന്ന തരത്തിലാണ് നോവലിലെ സംഭവങ്ങളുടെ ക്രമീകരണം. മനുഷ്യന്റെ ആദിമ ഭയങ്ങളെല്ലാം, പാപപുണ്യങ്ങൾ, ധാർമ്മികത, സദാചാരം, വിശ്വാസം തുടങ്ങിയവയോട് ബന്ധപ്പെട്ടവയാണ്. മനുഷ്യമനസ്സിന് ലൈംഗികതയുടെയും നിഗൂഢതകളുടെയും കഥകൾക്കായി ദാഹിക്കുന്ന മൂടിവയ്ക്കപ്പെട്ട മറ്റൊരുതലം കൂടിയുണ്ട്.അതാണ് അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെ ഇരിപ്പിടമായ മനസ്സിന്റെ അബോധതലമായ ഇദ്. സംസ്കാരവും വിശ്വാസവും മതപരമായ അച്ചടക്കവും ലൈംഗികതയുടെ ഭാവത്തെ ഒളിപ്പിച്ചു വച്ചേക്കും. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ആഖ്യാനങ്ങൾക്ക് എക്കാലത്തും ജനപ്രീതി ലഭിക്കുന്നത്.

പരമ്പരാഗതമായ വിശ്വാസവും അച്ചടക്കവും സദാചാരവും മുന്നിട്ടുനിൽക്കുന്ന സമൂഹത്തിൽ നിന്നുള്ള വേശ്യകളുടെയും ഗൊണോറിയ, സിഫിലിസ്സ് രോഗികളുടെയും ഒറ്റപ്പെടലും, സമൂഹത്തെ ആശ്രയിക്കാനുള്ള അവരുടെ അന്തർദാഹവും തമ്മിലുള്ള സംഘർഷങ്ങളാണ് ശബ്ദങ്ങളെ ശ്രദ്ധേയമാക്കുന്നത്. ഇത്തരം സംഘർഷങ്ങളുള്ള നോവലുകൾ നവോത്ഥാനകാലത്ത് പൊതുവേ കുറവായിരുന്നു.ഈ പശ്ചാത്തലത്തിലാണ് ബഷീറിന്റെ ശബ്ദങ്ങൾ വ്യത്യസ്തമാകുന്നത്. ജീവിതകാമനയും മനുഷ്യന്റെ താളംതെറ്റിയ മനസ്സും കുടുംബബന്ധങ്ങളും വ്യക്തിയനുഭവിക്കുന്ന ഒറ്റപ്പെടലും സ്നേഹസമ്മർദ്ദങ്ങളും കുറ്റവാളിയായിത്തീരുന്ന സാഹചര്യവും അറിയാതെ ദുരന്തങ്ങൾ ഏറ്റുവാങ്ങുന്ന നിഷ്കളങ്കരും സാധാരണക്കാരുമായ മനുഷ്യരായിരുന്നു ശബ്ദങ്ങളിലെ ഓരോരോ കഥാപാത്രങ്ങളും. പ്രമേയസ്വീകരണ വൈവിധ്യം കൊണ്ടാണ് ബഷീറിന്റെ ശബ്ദങ്ങൾ വേറിട്ട് നിൽക്കുന്നത്. കഥ മെനഞ്ഞെടുക്കുന്ന രീതിയും അവതരണവും തികച്ചും മൗലികമായിരുന്നു. ബഷീർ കഥയെയും കഥാപാത്രങ്ങളെയും കണ്ടെടുത്തത് ജീവിതവൃത്തത്തിലും അനുഭവത്തിലും നിന്നാണ്. ശബ്ദങ്ങളിലെ കഥാപാത്രങ്ങളെല്ലാം തന്നെ ആത്മാനുകമ്പയുള്ളവരായിരുന്നു. ആഗ്രഹങ്ങളും സ്വപ്നങ്ങളും പേറി ദുരന്തത്തിന്റെ തോണിതുഴഞ്ഞ് ജീവിതത്തിന്റെ ആഴക്കടലിലേക്ക് സ്വയം പുറപ്പെട്ടു പോകുന്നവർ ആയിരുന്നു അവർ. പട്ടാളക്കാരനും വേശ്യയും ആൺവേശ്യകളുമെല്ലാം സ്നേഹത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും വേദനപേറിയവരായിരുന്നു. ഈ കഥാപാത്രങ്ങൾ തോറ്റത് അവർക്കുവേണ്ടി ആയിരുന്നില്ല, സമൂഹത്തിന്റെ മുഴുവൻ സന്തോഷത്തിന് വേണ്ടിയായിരുന്നു. ജീവിക്കുന്ന, അനുഭവിക്കുന്ന ഉപരിതലലോകങ്ങൾക്ക് സമാന്തരമായ അധോലോകങ്ങളുടെ വെളിപ്പെടുത്തലാണ് ശബ്ദങ്ങളെ വിശേഷപ്പെട്ടതാക്കുന്നത്. പൂർണ്ണമായും നോവലിന്റെ കള്ളികളിൽ ഒതുങ്ങാതിരിക്കുമ്പോഴും നിഗൂഢതയും വന്യതയും ഉപയോഗപ്പെടുത്തി ജീവിതത്തെയും കാമനയെയും ലൈംഗികതയെയും കുറിച്ചുള്ള നിരീക്ഷണങ്ങൾ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കാൻ ശബ്ദങ്ങൾക്ക് കഴിയുന്നു.ശരീരബദ്ധമായ ലൈംഗികതയിലൂന്നി പുണ്യപാപസദാചാരങ്ങൾ നിർണ്ണയിക്കുന്ന സാമൂഹികബോധ്യങ്ങളെ വെല്ലുവിളിക്കുകകൂടിയാണ് ശബ്ദങ്ങൾ.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ശബ്ദങ്ങൾ പരിശോധിക്കുമ്പോൾ, നിലനിൽക്കുന്ന സാമൂഹിക ശ്രേണീഘടനയുടെ യാഥാസ്ഥിതിക ചട്ടക്കൂടുകളെ പൊളിച്ച് പുറത്തുകടക്കുന്ന മനുഷ്യരെ കണ്ടെത്താം. പ്രതിലോമകരമായ സദാചാരമര്യാദകളെ ധൈര്യപൂർവ്വം മറികടന്നുകൊണ്ട് ജൈവിക കാമനകളും അനുഭൂതികളും സാമൂഹികനിലപാടുകളുമുള്ള അപരലോകങ്ങൾ നിർമ്മിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഷീർ ബോധവാനായിരുന്നു എന്ന് മനസ്സിലാക്കാം. സ്വാതന്ത്ര്യബോധത്തിലധിഷ്ഠിതമായ പുതിയ വ്യക്തിത്വം രൂപപ്പെട്ടു വരുമെന്ന് അദ്ദേഹം പ്രത്യാശിച്ചിരുന്നതായി കാണാം. ഈ പ്രത്യാശയുടെ വളർച്ചയാണ് പിൽക്കാലത്ത് മലയാളത്തിൽ ശക്തമായി വളർന്നുവന്ന ജനപ്രിയ സാഹിത്യം.

## കുറിപ്പുകൾ

1. *Peter Gay,The Freuds Reader, London,Vintage books,1995,P 13*
2. *വൈക്കംമുഹമ്മദ്ബഷീർ,ശബ്ദങ്ങൾ, ബഷീർ സമ്പൂർണ്ണകൃതികൾ, പുറം 427-428*
3. *Henk de berg,Freud's Theory and its use in Literary and Cultural Studies an introduction,New York,Camben house,2003,P.73*
4. *ജിസ്സ ജോസ്, ശരീരവുംലൈംഗികതയും ഇരുട്ടിന്റെ പുസ്തകങ്ങളിൽ, ചെങ്ങഴി, vol. 1 No.9 ജനുവരി ജൂൺ, ശ്രീശങ്കരാചാര്യസംസ്കൃതസർവ്വകലാശാല, കാലടി, 2023,പുറം 165*
5. *വൈക്കം മുഹമ്മദ്ബഷീർ, ശബ്ദങ്ങൾ, ബഷീർ സമ്പൂർണ്ണകൃതികൾ, പുറം 440*
6. *വൈക്കം മുഹമ്മദ്ബഷീർ, ശബ്ദങ്ങൾ, ബഷീർ സമ്പൂർണ്ണകൃതികൾ, പുറം 448*
7. *ലീലാവതി,എം,ഡോ, മാനസികാപഗ്രഥനം സാഹിത്യനിരൂപണത്തിൽ, സാഹിത്യ നിരൂപണത്തിലെ ദിശാബോധം,കേരളസാഹിത്യഅക്കാദമി,തൃശൂർ, 2006, പുറം 94*

## ഗ്രന്ഥസൂചി


1. *ജിസ്സ ജോസ്, ശരീരവുംലൈംഗികതയും ഇരുട്ടിന്റെപുസ്തകങ്ങളിൽ, ചെങ്ങഴി, vol.1 No.9 ജനുവരി -ജൂൺ, ശ്രീശങ്കരാചാര്യസംസ്കൃതസർവ്വകലാശാല, കാലടി, 2023.*
2. *നാരായണപിഷാരടി,കെ, പി,നാട്യശാസ്ത്രം,(വിവ),കേരളസാഹിത്യഅക്കാദമി, തൃശൂർ,1997*
3. *നായർ. എം. കെ, സാഹിത്യസംജ്ഞാകോശം, ഡി. സി. ബുക്സ്, കോട്ടയം, 1996.*
4. *മുരളീധരൻ നെല്ലിക്കൽ, വിശ്വസാഹിത്യദർശനങ്ങൾ, ഡിസിബുക്സ്, കോട്ടയം, 1997.*
5. *മുഹമ്മദാലി എൻ എം, ഫ്രോയിഡിന്റെ ജീവിതകഥ, കറന്റ്ബുക്സ്, കോട്ടയം, 2011.*
6. *രാകേഷ്നാഥ്, സിഗ്മണ്ട്ഫ്രോയിഡ്: ജീവിതം, ദർശനം, സംഭാഷണം (പരിഭാഷ) ഒലിവ്ബുക്സ്, കോഴിക്കോട്, 2012.*
7. *വൈക്കംമുഹമ്മദ്ബഷീർ, ശബ്ദങ്ങൾ, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി. സി. ബുക്സ്, കോട്ടയം, 2001.*
8. *Henk de berg, Freud's Theory and its use in Literary and Cultural Studies an Introduction, Camben house, New York, 2003.*
9. *Peter Gay,The Freuds Reader, Vintage books, London, 1995.*

# വയലാർക്കവിതകളിലെ ഫോക്‌ലോർ ചാരുത

**ഡോ. പ്രിയ വി**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, യൂണിവേഴ്‌സിറ്റി കോളെജ്,
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മനുഷ്യന്റെ കൂട്ടായ്മയാണ് സമൂഹം. നാം ആരെന്നും നമ്മുടെ ഇന്നലെകൾ എങ്ങനെയായിരുന്നുവെന്നും ഇന്നു കാണുന്ന ഭാഷയുടെയും കലകളുടെയുമൊക്കെ മൂലസ്രോതസ്സ് എന്തായിരുന്നുവെന്നുമുള്ള സമൂഹത്തിന്റെ ചിന്തകൾ ചെന്നെത്തിയത് പാരമ്പര്യസ്വത്തായ ഫോക്‌ലോറിലായിരുന്നു. ജീവിതത്തിന്റെ പ്രത്യക്ഷീകരണമായ നിരവധി ഫോക്‌ലോർ രൂപങ്ങൾ ഓരോ സമൂഹത്തിലും നിലനിൽക്കുന്നുണ്ട്. അതിനാൽ സമൂഹത്തിൽ നിലനിൽക്കുന്ന അറിവുകളിലൂടെ സമൂഹത്തെക്കുറിച്ചു പഠിക്കുവാൻ ഈ വിജ്ഞാനശാഖ ഉപയുക്തമാകുന്നു. കൂട്ടായ്മയുടെ സ്വത്വത്തെ തിരിച്ചറിയുന്നതിലൂടെ അവനവന്റെ സ്വത്വത്തെ തിരിച്ചറിയാൻ മനുഷ്യന് കഴിയുന്നു. അതിനായി സംസ്കൃതിയും ചരിത്രവും പുതുതലമുറയിലെത്തിക്കാൻ പറ്റിയ ഏറ്റവും നല്ല ഉപാധിയാണ് സാഹിത്യകൃതികൾ. സാഹിത്യകാരന്മാർ നിരവധി ഫോക് ഘടകങ്ങളെ തങ്ങളുടെ കൃതികൾക്ക് അവലംബമായി സ്വീകരിക്കാറുണ്ട്. മലയാളസാഹിത്യത്തിൽ മാനവവീര്യത്തിന്റെ വക്താവായി നിലകൊള്ളുന്ന കവിയാണ് വയലാർ രാമവർമ്മ. വൈവിധ്യവും വൈചിത്ര്യവും വൈപുല്യവുമാർന്ന വയലാർക്കവിതകൾ നിരവധി മാനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവ സാഹിത്യത്തിൽ ഇന്നും ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ഒരൊറ്റക്കാരണം മതി വയലാർക്കവിതകളുടെ ഗരിമ എത്ര ഔന്നത്യത്തിലാണ് വിരാജിക്കുന്നത് എന്നതിനു തെളിവായി. പല വയലാർക്കവിതകളുടെയും മൂലസ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് ആ കാവ്യങ്ങളിലെ വരികൾക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും വിലസുന്ന ഫോക്‌ലോർ ഘടകങ്ങളിലേക്കാണ്. പ്രസ്തുത ഫോക്‌ലോർ ഘടകങ്ങളെ കണ്ടെത്തുക എന്നതാണ് പ്രബന്ധലക്ഷ്യം.

***താക്കോൽവാക്കുകൾ:*** ഫോക്‌ലോർ, വയലാർക്കവിതകളിലെ ഫോക് ലോർ ഘടകങ്ങൾ, വാമൊഴിവഴക്കം, പാരമ്പര്യം, വിശ്വാസം, അനുഷ്ഠാനം, നാടൻപാട്ടുകൾ, മിത്തുകൾ

എത്ര കോരിയെടുത്താലും വറ്റാത്ത കല്പനകളുടെ അക്ഷയഖനിയാണ് വയലാർക്കവിതകൾ. മനുഷ്യന്റെ അജയ്യതയെ പാടിപ്പുകഴ്ത്തി തന്റെ കാവ്യമനസ്സിനെ പ്രസരിപ്പുള്ളതായി വയ്ക്കാൻ കവി നിരന്തരം ശ്രമിക്കുന്നു. അതിനായി പൂർവ്വസംസ്കൃതിയുടെ അന്തസ്സത്തയെയാണ് കവി തന്റെ മനസ്സിന്റെ ഊർജ്ജസ്രോതസ്സായി സ്വീകരിച്ചിരിക്കുന്നത്. ഇത് അനിഷേധ്യമായ ഒരു വസ്തുതയാണ്.

വയലാർക്കവിതകളിലെ ഫോക്‌ലോർ എന്നത് ഒരു സാഹിത്യഗവേഷകന് വിഷയമാക്കാവുന്നത്ര ബഹുസ്വരതയാർന്നതാണ്. 'ശേഷന്നുമുണ്ടുപണി' എന്ന കവിവാക്യത്തെ അന്വർത്ഥമാക്കുന്ന തരത്തിൽ വിപുലമായത്. അതിനാൽത്തന്നെ അദ്ദേഹത്തിന്റെ കവിതകളിലെ ഫോക്‌ലോർ ചാരുത ചില പ്രധാന കൃതികളെ മുൻനിർത്തി വിശകലനം ചെയ്യാൻ മാത്രമാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

എന്താണ് ഫോക്‌ലോർ? മനുഷ്യർ കൂട്ടായി ജീവിക്കുമ്പോൾ, ജീവിതം പരസ്പരം അംഗീകരിക്കുന്ന നിരവധി തലങ്ങളിലുള്ള വ്യവസ്ഥകളായിട്ടാണ് നിലനിൽക്കുന്നത്. അതോടൊപ്പം ബാഹ്യാഭ്യന്തര സമ്മർദ്ദങ്ങളുടെ ഫലമായി നിരന്തരം മാറ്റങ്ങൾക്കു വിധേയമാവുകയും ചെയ്യുന്നു. ഈ അവസ്ഥകളാണ് ഫോക്‌ലോറുകൾ എന്ന് സാമാന്യമായി പറയാം. ഈ വ്യവസ്ഥകളും പരിണാമങ്ങളും കാലങ്ങളിലൂടെ സംക്രമിക്കുകയും വിവിധ രൂപങ്ങൾ കൈക്കൊള്ളുകയും കലകളിലൂടെയും വാമൊഴിവഴക്കങ്ങളിലൂടെയും മൂർത്തമാവുകയും ചെയ്യും.

ഫോക്‌ലോറിനാൽ സമ്പന്നമാണ് മലയാളകവിത. മലയാളകവിതാചരിത്രം പരിശോധിച്ചാൽ ഫോക്‌ലോർ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണെന്ന് കാണാം. കവിതകൾക്ക് തനി കേരളീയമായ അടിത്തറയിലൂന്നിയ സുദൃഢമായ ഒരു ആത്മബന്ധം നൽകുന്നതിൽ ഫോക്‌ലോർ പങ്കു വഹിച്ചിട്ടുണ്ട്. മാത്രമല്ല കവിതകൾക്ക് ഭാവാവിഷ്കാരപൂർണ്ണതയും ചാരുതയും പ്രാക്തനാനുഭൂതിയുമൊക്കെ പകർന്നു നൽകുന്നതിനും ഫോക്‌ലോറിന് സാധിച്ചിട്ടുണ്ട്. വയലാർക്കവിതകളുടെ കാര്യവും ഭിന്നമല്ല.

സംസ്കാരരൂപീകരണത്തിന് കാരണമായ ഘടകങ്ങളെ നാം പൊതുവായി ഫോക്‌ലോറെന്നാണ് വിളിക്കാറുള്ളത്. അനുഷ്ഠാനം, കഥകൾ, പാട്ടുകൾ, ചൊല്ലുകൾ, കടങ്കഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, ഭാഷാപ്രയോഗങ്ങൾ, ആചാരം, വിശ്വാസം, വൈദ്യം, വസ്ത്രധാരണം, പരിസ്ഥിതി ഇവ ഒരുമിക്കുമ്പോൾ ജനതയുടെ സംസ്കാരമായി. ഇങ്ങനെയുള്ള വിവിധ ഫോക്‌ലോർ ഘടകങ്ങൾ ചേർന്നാണ് സംസ്കാരത്തെ രൂപപ്പെടുത്തുന്നതെന്ന് സ്പഷ്ടം. 'ഫോക്‌ലോർ ജനങ്ങളുടെ സംസ്കാരത്തെ മുഴുവൻ ഉൾക്കൊള്ളുന്നു' (ഡോ.എം.വി. വിഷ്ണുനമ്പൂതിരി, നാടോടിവിജ്ഞാനീയം, പുറം 29) എന്നുപറയുന്നത് അതുകൊണ്ടാണ്.

ആർദ്രഹൃദയനും പ്രതിഭാധനനും മനുഷ്യസ്നേഹിയുമായ വയലാർ തന്റെ രചനകൾക്ക് ഓജസ്സും തേജസ്സും വർദ്ധിപ്പിക്കുന്നതിനായി ഫോക്‌ലോറുകൾ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കാവ്യസംസ്കാര രൂപീകരണത്തിന് കാരണമായ പ്രധാന ഘടകങ്ങളിലൊന്നാണ് പാരമ്പര്യം. അതാകട്ടെ സുപ്രധാനമായ ഒരു ഫോക്‌ലോർ ഘടകമാണുതാനും. ജീവിതത്തിലെന്നപോലെ നാട്ടു പാരമ്പര്യം എന്ന ഫോക്‌ലോർ ഘടകം അദ്ദേഹത്തിന്റെ കവിതകളിൽ ഉടനീളം പ്രതിഫലിക്കുന്നുണ്ട്.

ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സംസ്കാരം എഴുത്തിൽ പ്രതിഫലിക്കുക സ്വാഭാവികമാണ്. പ്രമേയ പ്രതിമാന സ്വീകരണം, ആവിഷ്കാരശൈലി എന്നിവയെല്ലാംതന്നെ എഴുത്തുകാരനിൽ ഊട്ടിയുറപ്പിക്കപ്പെട്ട പാരമ്പര്യത്തിന് അനുഗുണ മായിട്ടാവും ജന്മം കൊള്ളുക. കുട്ടിക്കാലത്ത് ചിട്ടയായി ലഭിച്ച സംസ്കൃതവിദ്യാഭ്യാസം, രാമായണ മഹാഭാരതാദി പുണ്യഗ്രന്ഥങ്ങളുടെ നിത്യപാരായണം, കണ്ടും കേട്ടും അനുഭവി ച്ചും വന്ന സാമുദായികമായ ആചാരാനുഷ്ഠാനങ്ങൾ ഇത്യാദികളാൽ രൂഢമൂലമാക്കപ്പെട്ട ഒരു പാരമ്പര്യമാണ് വയലാറിൽ നിലനിന്നിരുന്നത്. സി.പി.അച്യുതമേനോന്റെ കവിയും കാലവും എന്ന പുസ്തകത്തിന്റെ അവതാരികയിൽ ഇത്തരമൊരു നിരീക്ഷണം നമുക്ക് കാണാവുന്നതാണ്. സമരാവേശം ജ്വലിക്കുന്ന കവിതകളെഴുതി വിപ്ലവകവിയെന്ന ഖ്യാതി നേടി. മനുഷ്യന്റെ അജയ്യതയിൽ ഊറ്റം കൊണ്ടിരുന്ന കവി തികഞ്ഞ ഭൗതികവാദിയു മായിരുന്നു. ജന്മാർജ്ജിതമായ പാരമ്പര്യം അപ്പോഴും കവി മനസ്സിന്റെ അടിത്തട്ടിൽ അരക്കിട്ടുറപ്പിക്കപ്പെട്ടിരുന്നു എന്നും എത്രതന്നെ പുതപ്പിച്ചാലും അത് ഏതെങ്കിലും അവസരത്തിൽ അറിയാതെ പുറത്തുചാടും എന്നുമുള്ള പ്രകൃതിതത്ത്വത്തിന് ഉത്തമോദാ ഹരണമാണ് സർഗ്ഗസംഗീതത്തിലെ ഈ വരികൾ:

*'ആരണ്യാന്തരഗഹ്വരോദരതപ*
*സ്ഥാനങ്ങളിൽ, സൈന്ധവോ*
*ദാരശ്യാമമനോഭിരാമപുളിനോ*
*പാന്തപ്രദേശങ്ങളിൽ*
*ആരന്തർമ്മുഖമിപ്രപഞ്ചപരിണാ*
*മോത്ഭിന്നസർഗ്ഗക്രിയാസാരം*
*തേടിയലഞ്ഞു പണ്ടവരിലെ*
*ചൈതന്യമെൻ ദർശനം.'*

മനുവും വാല്മീകിയും നെയ്‌വിളക്കും യാഗാശ്രമവുമൊക്കെ പരാമർശിതമായിരിക്കുന്ന ഈ കവിതയിൽ പാരമ്പര്യം എന്ന ഫോക്‌ലോർ ഘടകത്തെ പിൻപറ്റിക്കൊണ്ടാണ് കവി മുന്നേറുന്നത്. പൂർവ്വസൂരികളായ കവികളെ ആദരിച്ചുകൊണ്ട് പ്രസ്തുത കവിതയിൽ ഭാരതീയ പാരമ്പര്യത്തോടും സംസ്കാരത്തോടുമുള്ള തന്റെ ഭക്തിബഹുമാനങ്ങളെ കവി തുറന്നുകാട്ടുന്നു.

പേരെടുത്തു പറയാവുന്ന മറ്റൊരു ഫോക്‌ലോർ ഘടകമാണ് വിശ്വാസം. അത്, നിലനിൽക്കുന്ന കൂട്ടായ്മയുടെ സാംസ്കാരിക സവിശേഷതകൾ പ്രകടമാക്കുന്ന

പ്രമുഖഘടകമാണ്. അനുഭവങ്ങളാണ് വിശ്വാസത്തിന്റെ അടിസ്ഥാനം. 'പ്രത്യക്ഷമോ പരോക്ഷമോ ആയ അനുഭവമാണ് ഏതെങ്കിലും വിശ്വാസത്തിന് കാരണമായി ഭവിക്കുന്നത്' (രാഘവൻ പയ്യനാട്, ഫോക്‌ലോർ, പുറം 334). ഒരു വിശ്വാസം ആവർത്തിച്ചാവർത്തിച്ച് പ്രയോഗിക്കുമ്പോൾ അതിന് പാരമ്പര്യസ്വഭാവം കൈവരുന്നു. ബാല്യകാലത്തെ ജീവിതാനുഭവങ്ങളാണ് തന്റെ കാവ്യാഭിരുചിയെ വലംകൈ പിടിച്ചുയർത്തിയതെന്ന് 'കവിയുടെ ഡയറി' എന്ന ഗ്രന്ഥത്തിൽ വയലാർ അടിവരയിട്ട് പറയുന്നുണ്ട്. ഈ പ്രസ്താവത്തെ അന്വർത്ഥമാക്കുന്ന ഒരു കവിതയാണ് സർഗ്ഗസംഗീതം എന്ന സമാഹാരത്തിലെ 'ഒരു ദൈവം കൂടി'. കവിതയുടെ അവസാനത്തിൽ കാണുന്ന

*'സാധിക്കുകില്ലേ ഭഗവാനുപോലുമീ*
*സാറിന്റെ കാലിലെ മന്തു മാറ്റീടുവാൻ'*

എന്ന ചോദ്യത്തിൽ ആക്ഷേപഹാസ്യം മുറ്റിനിൽക്കുന്നു. എങ്കിലും മലയാളിമനസ്സിലടിയുറച്ചുപോയ വിശ്വാസം എന്ന ഫോക്‌ലോർ ഘടകത്തിന്റെ വൈവിധ്യമാർന്ന ഭാവങ്ങളെ കവി പ്രസ്തുത കവിതയുടെ ചിമിഴിൽ അനുവാചകനായി കാഴ്ചവച്ചിരിക്കുന്നു.

*'വ്യാഴം തുടങ്ങിയിരിക്കുന്നു; രാഹുവി*
*ന്നൂഴം കഴിഞ്ഞു, തെളിഞ്ഞുപോയ് ജാതകം!'*
*'പത്തു കവടി നിരത്താൻ പഠിച്ചവർ*
*കുത്തിക്കുറിച്ച വിധികളും കർമ്മവും'*
*'ലഗ്നത്തിലേക്കു പാപഗ്രഹദൃഷ്ടിക*
*ളഗ്നികണങ്ങൾ ചൊരിഞ്ഞുനിന്നപ്പൊഴും'*

എന്നിവിടങ്ങളിൽ കവിയുടെ ജീവിതപശ്ചാത്തലം കവിയിലുറപ്പിച്ച ജ്യോതിഷത്തിലും ജാതകത്തിലുമുള്ള വിശ്വാസത്തിൽനിന്നും ജന്യമായതാണ് എന്ന് കരുതാവുന്നതേയുള്ളൂ.

പ്രസവത്തിൽ മരിക്കുന്ന സ്ത്രീകൾ ഗർഭപ്പിശാചായി മാറുമെന്ന നാടൻവിശ്വാസത്തെ പിൻപറ്റുന്നതാണ്

*'പെറ്റുമരിച്ച സഹധർമ്മിണി നാടു*
*ചുറ്റുന്നു ഗർഭപ്പിശാചായി നിത്യവും'* എന്ന വരികൾ.

നാഗാരാധനയിലും നാഗത്താൻമാരിലുമുള്ള വിശ്വാസം

*'കാവിലെച്ചിത്രകൂടങ്ങളിലെസ്സർപ്പ*
*ദൈവങ്ങൾ തന്നെ വെടിഞ്ഞില്ലിതേവരെ!'*

സർപ്പക്കാട് വെട്ടിത്തെളിച്ചപ്പോൾ കണ്ട ചിത്രകൂടങ്ങളിൽ ചവിട്ടിയതിനാലാണ് ലോനപ്പനെ കോടാലി ചെന്നു തകർത്തതെന്നു പറയുന്ന ഭാഗത്ത് നാഗങ്ങളുടെ കാവുകൾ നശിപ്പിച്ചാൽ ദോഷം സംഭവിക്കും എന്നുള്ള നാടൻവിശ്വാസം അരക്കിട്ടുറപ്പിക്കുന്നു. കവിതയിൽ പരാമർശിതമായിരിക്കുന്ന പാലയും പാലച്ചുവട്ടിലെ നീലക്കരിങ്കൽ പ്രതിമയുമൊക്കെ യക്ഷിയിലും മറ്റുമുള്ള വിശ്വാസത്തിൽ നിന്നുരുത്തിരിഞ്ഞവയത്രേ. വിഗ്രഹത്തിലാടിയ തീർത്ഥം സേവിക്കുന്നത് പുണ്യമാണെന്നത് മറ്റൊരു വിശ്വാസം.

*'അക്കാട്ടുപാലത്തൊലി ദേവതീർത്ഥത്തിൽ
മുക്കിയരച്ചു സർവാംഗം പുരട്ടിയാൽ,
ഉള്ളിൽക്കഴിച്ചാ, ലതു പോലൊരൗഷധ
മില്ലപോൽ മറ്റെങ്ങു, മേതു രോഗത്തിനും!'*

എന്നിടത്ത് നാട്ടുവൈദ്യത്തിലും ഈശ്വരനിലുമുള്ള അടിയുറച്ച വിശ്വാസം ചിത്രീകരിക്കുന്നു.

*'കാലും മുടന്തി നടന്ന മരംവെട്ടു
കാര 'നയ്യ' ന്റെ മുടന്തു നിവർന്നുപോയ്!
ഉണ്ണിക്കുറുപ്പിന്റെ പൊട്ടിയ കണ്ണുകൾ
ക്കുണ്ടയി നല്ല തിളക്കവും കാഴ്ചയും!
ഊമനമ്പൂരി നടയ്ക്കൽ വന്നപ്പൊഴേ
നാമസങ്കീർത്തനം ചൊല്ലീയുറക്കനെ!
ഭ്രാന്തനന്തോണിക്കു ബോധം തെളിഞ്ഞു, -സം-
ഭ്രാന്തരായ് കേട്ടവർ കേട്ടവർ നിന്നുപോയ്!'*

എന്ന ഭാഗത്ത് അത്ഭുത മന്ത്രസിദ്ധികളിലുള്ള വിശ്വാസത്തെയാണ് ചിത്രണം ചെയ്തിരിക്കുന്നത്. ചുരുക്കത്തിൽ വിശ്വാസം എന്ന ഫോക്‌ലോർ ഘടകത്തെ കവിതയിലുടനീളം വയലാർ സമർത്ഥമായി വിന്യസിച്ചിരിക്കുന്നു. അനുഷ്ഠാനം എന്ന ഫോക്‌ലോർ ഘടകവും ഈ കവിതയുടെ ചാരുത വർദ്ധിപ്പിക്കുന്നതായി കാണാം.

*'അസ്ഥിത്തറയ്ക്കലും ചിത്രകൂടത്തിലും
കൈത്തിരി വച്ചു തൊഴുതിറങ്ങീടവേ,'*

എന്ന വരികളിൽ മരണാനന്തരം അസ്ഥിത്തറ കെട്ടി അവിടെ വിളക്കുവയ്ക്കുക എന്ന കേരളീയ അനുഷ്ഠാനത്തെ ചിത്രീകരിച്ചിരിക്കുന്നു. പാലച്ചുവട്ടിൽ യക്ഷി, മാടൻ, മറുത തുടങ്ങിയ ദൈവങ്ങളെ കുടിയിരുത്തുക എന്ന അനുഷ്ഠാനം ഇന്ന് കേരളത്തിന്റെ ചില ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. പായസനിവേദ്യം, എണ്ണയാടിക്കൽ, തീർത്ഥം സേവിക്കൽ എന്നിവയും കേരളീയമായ അനുഷ്ഠാനങ്ങൾ തന്നെ. നിലവിലുള്ള അനുഷ്ഠാനങ്ങൾ തന്നെയാണ് കോമരം തുള്ളലും ഭരദേവതാപ്രതിഷ്ഠാപനവും നാമസങ്കീർത്തനവും ശംഖ്‌വിളിയുമെല്ലാം. ഇവിടെ വിശ്വാസമെന്നപോലെ അനുഷ്ഠാനവും കവിതയിൽ തന്റെ സ്ഥാനത്തെ ഉറപ്പിച്ചിരിക്കുന്നു.

വിശ്വാസങ്ങൾ പലപ്പോഴും അന്ധവിശ്വാസങ്ങളാകാറുണ്ട്. ഇവ രണ്ടും വേർപിരിക്കാനാവാത്തവിധം കൂടിക്കലർന്നു വർത്തിക്കുന്നതായിട്ടാണ് പലപ്പോഴും കാണുക. ഒരുവന്റെ വിശ്വാസം മറ്റൊരുവന് അന്ധവിശ്വാസമാവുന്ന കാഴ്ചയും വിരളമല്ല. അത്തിമുറ്റത്തെ ലോനപ്പനാണ് 'ഒരു ദൈവം കൂടി' എന്ന കവിതയിലെ നായകൻ. അയാൾക്ക് നേരിട്ട സർപ്പകോപത്തിന്റെ കഥയാണ് ഈ കവിത. അന്ധവിശ്വാസത്തിന്റെ ഉച്ചാടനം ലക്ഷ്യംവച്ച കവിത അവസാനിക്കുന്നതാവട്ടെ വിശ്വാസത്തിലധിഷ്ഠിതമായ പുനഃപ്രതിഷ്ഠയിലും.

കവിയുടെ അബോധമനസ്സിലടിയുറച്ചുപോയ വിശ്വാസത്തിന്റെ പ്രതിഫലനം തന്നെയാവണം ഈ വൈരുദ്ധ്യത്തിനു പിന്നിലും.

വയലാർക്കവിതകളിലെ എടുത്തുപറയേണ്ട മറ്റൊരു ഫോക്‌ലോർ ഘടകമാണ് വാമൊഴിവഴക്കം. നാടൻപാട്ടുകൾ, നാടൻ പദങ്ങൾ, നാടൻ ഭാഷാപ്രയോഗങ്ങൾ, പഴങ്കഥകൾ എന്നിങ്ങനെ നാടോടിഭാഷയുടെ വീര്യത്തെയും ഊർജ്ജസ്വലതയെയും സ്വന്തം കവിതകളിലേക്ക് അദ്ദേഹം ആവാഹിച്ചു. അത്യഗാധമായ സംസ്കൃതപാണ്ഡിത്യം ഉണ്ടായിട്ടും ആവിഷ്കരിക്കുന്ന ആശയത്തിന് അനുഗുണമായ ശൈലി തെരഞ്ഞെടുത്തിരുന്ന കവി ഏറെ ഗാനാത്മകത്വമുള്ള നാടൻശീലുകളെയും ദ്രാവിഡ വൃത്തങ്ങളെയും തന്റെ കവിതയിൽ സന്നിവേശിപ്പിച്ചു. സാധാരണക്കാരന്റെ മനസ്സ് മനസ്സിലാക്കി ഗദ്യത്തോട് വളരെ ചേർന്നുനിൽക്കുന്ന ശൈലിയിൽ വയലാർ കവിതകൾ രചിച്ചിരുന്നു എന്നതിനുദാഹരണമാണ് 'അറുകൊലയമ്മാവൻ വന്നില്ല' എന്ന കവിത.

*'സർപ്പംപാട്ടു നടത്തുവാനായി*
*സ്വല്പം രൂപ ഞാൻ മേടിച്ചു;*
*അതിനീച്ചിതമുള്ള തറവാടു മോഹിക്കാൻ*
*മുതിരണോ, മുതിരണോ, ലോനപ്പാ*
*കുടിയാൻ ലോനനും കോടതിയാമ്യനും*
*കുടുകുടെയൊന്നു ചിരിച്ചോതി:*
*സർപ്പംപാട്ടിന്നു തറവാടുപോയാലും*
*സർപ്പത്താന്മാരു തന്നോളും!'*

ഇതേ ജനുസ്സിൽപ്പെട്ട മറ്റു ചില കവിതകളാണ് അവർക്കും ഓണമുണ്ടായിരുന്നു, സന്ധ്യ ഒരു വേശ്യ, ദൈവം വീട്ടിൽ വന്നിരുന്നു, കൃഷിക്കാരൻ തുടങ്ങിയവ.

നാടൻപാട്ടുകൾ എന്ന ഫോക്‌ലോർ ഘടകവും ശക്തമായി വയലാറിന്റെ കവിതകളെ സ്വാധീനിച്ചിരുന്നു. 'പശയുള്ള വരമ്പ്' എന്ന കവിതയിലെ

*'കരിയിലക്കാറ്റിൽ പറന്നപോലെ*
*കുരുവികൾ മാനത്തലഞ്ഞിടുമ്പോൾ*
*ചെറുചെറുതോണികൾ ചൂണ്ടലുമായ്*
*കരിമീനുകളെപ്പരതിടുമ്പോൾ*
*ചിറകുമുയർത്തിക്കഴുകനെപ്പോൽ*
*കരകളിൽച്ചീനവലകൾ നിൽക്കെ*
*ചുഴികളിൽ ചെഞ്ചായമിട്ടുകൊണ്ടാ*
*വഴി നടന്നെത്തും തുടുത്ത സന്ധ്യ!'*

എന്ന വരികൾ 'വയനാടൻ മഞ്ഞൾമുറിച്ച പോലെ' എന്ന വടക്കൻ പാട്ടിന്റെ ഊർജ്ജസ്വലവും സരളവുമായ പ്രതിപാദനശൈലിയുടെ തനിയാവിഷ്കാരം തന്നെ. ഇതേ അച്ചിൽ വാർത്ത മറ്റൊരു കവിതയാണ് 'വൈക്കം കായലിൽ ഓളം തല്ലുമ്പോൾ' എന്നത്. 'രമണന്റെ ശവകുടീരത്തിൽ' എന്ന കവിതയിലെ

*'ചെങ്കതിരു പൊട്ടിവീണു പച്ചമുളംകാട്ടിൽ*
*ചെമ്മുകിലു പൂത്തപോലെ പുലരിവന്നു മേലേ!*
*ഇരുളുറഞ്ഞ വാനിടത്തിൽ നീലവയലേല*
*ചെറുവിരിപ്പിൽ കതിരുചൂടി കാറ്റിലാടി നീളേ!*
*പുതിയമണ്ണിൻ കരളിൽനിന്നു കൂമ്പിവന്നപോലെ*
*പുതിയ പവിഴക്കതിർമണികൾ തണ്ടുലച്ചു ചാലേ!*
*പുതിയ കൊയ്ത്തിന്നണയുക നീ കർഷകപ്പെണ്ണാളേ*
*പുകയുകയാണിവിടെയെങ്ങും കൂരകളിൽ നീളേ!*
*കിലുകിലുക്കം കേൾപ്പു നീളെ കൊയ്ത്തരിവാൾതോറും*
*കിടുകിടുക്കം കേൾപ്പു നീളെ നെല്ലറകൾ തോറും!*
*എന്റെ ചങ്കില് നിന്റെ ചങ്കില് പൂത്തിരുന്നപോലെ!*
*എന്റെ കുയിലേ പൂക്കണല്ലോ ചെമ്മുകില് മേലേ!'*

എന്ന വരികൾ തനി മാപ്പിളപ്പാട്ടു രീതിയിലാണ് രചിച്ചിരിക്കുന്നത്. 'ആയിഷ'യിലെ 'അമ്പിളിപ്പെണ്ണിനെ മൊത്തുവാൻ മാനത്ത്' എന്നാരംഭിക്കുന്നതും മനോഹരമായ ഒരു മാപ്പിളപ്പാട്ടായി മാറിയിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. 'അരിവാൾ, തലമുറകളിലൂടെ' എന്ന കവിത 'ഒന്നാം കുന്നിന്മേലോരടി കുന്നിൻമേൽ' എന്ന നാടോടിപ്പാട്ടിന്റെ ശീലിൽ വിരചിതമായിരിക്കുന്നു.

*'കൊയ്യാനെത്തിയോരാപ്പുലപ്പെണ്ണുങ്ങൾ*
*വയ്യാന്നേരത്തു കൂട്ടമായി'*

എന്ന വരികൾ ഉദാഹരണം. ഓരോ കൂട്ടായ്മയും തങ്ങളുടേതായ വ്യവഹാര ഭാഷയിലാണ് ആശയസംവേദനം നടത്തുന്നത്. തന്റെ ചില കവിതകളിൽ നാട്ടുവർത്തമാന രീതിയിലുള്ള ഭാഷാപ്രയോഗവും കഥാപാത്രങ്ങൾ ഉൾപ്പെടുന്ന കൂട്ടായ്മയുടെ തനതുഭാഷയും വയലാർ സമർത്ഥമായി സന്നിവേശിപ്പിച്ചിട്ടുണ്ട് എന്നതിന് മികച്ച തെളിവാണ് 'ആയിഷ'. മുസ്ലീം സമുദായത്തിലെ 'മൊഴിചൊല്ലൽ' എന്ന അനാചാരം ചിത്രണം ചെയ്യുന്നതിനൊപ്പം തണ്ട്, വള, കാറക്കല്ല്, ചങ്കേലസ്സ് എന്നിങ്ങനെയുള്ള പരമ്പരാഗത ആഭരണങ്ങളും ചങ്ക്, കള്ളക്കാഫർ, ഹെൻറുമ്മോ, ശതിച്ചല്ലോ, ബദരീങ്ങളെ, ചേതവും വരുത്തല്ലേ, രൂഫായെണ്ണി, കൽബ്, ശാമ്പലാക്കും നിന്ന, ചൊന്നു കളയും, മൻസലാക്കണം.... എന്നിങ്ങനെ നിരവധി ഗ്രാമ്യപദങ്ങളെ സമർത്ഥമായി കോർത്തിണക്കിയും മുസ്ലീങ്ങളുടെ ഇടയിൽ മാത്രം പ്രചാരമുള്ള പദങ്ങളും ദേശ്യഭാഷാപ്രയോഗങ്ങളും സാന്ദർഭികമായി സന്നിവേശിപ്പിച്ചും ആയിഷയെ വയലാർ കാവ്യഭൂമികയിലെ വൈഢൂര്യഖനിയാക്കി മാറ്റി.

ഒരുകാലത്തെ കിടാത്തന്മാരായിരുന്ന പുലയസമുദായത്തിന്റെ ഭാഷാപ്രയോഗങ്ങളാണ് 'രണ്ടുതലമുറകൾ' എന്ന കവിതയ്ക്ക് ചാരുത വർദ്ധിപ്പിക്കുന്നത്. തേവൻ, ഏൻ, ചേല്, പൊലക്കള്ളി തുടങ്ങിയ നാടൻപദങ്ങൾ രണ്ടു തലമുറകളുടെ ഓജസ്സും തേജസ്സും വെളിപ്പെടുത്തുന്നു.

'സത്യത്തിനെത്ര വയസ്സായി' എന്ന കവിതയുടെ തുടക്കത്തിലെ സ്വർഗ്ഗവാതിൽ പക്ഷി ചോദിച്ചു: 'ഭൂമിയിൽ സത്യത്തിനെത്ര വയസ്സായി?' എന്ന വരികൾ നാടോടിക്കവിതാ പാരമ്പര്യത്തിലെ ചോദ്യോത്തരരീതി എന്ന വാമൊഴിവഴക്കത്തിന്റെ രീതിയാണ് അവലംബിക്കുന്നത്. നാട്ടുമൊഴി വഴക്കവുമായി അത്രമാത്രം ഇഴചേർന്നുനിൽക്കുന്ന നിരവധി കവിതകൾ തൂലിക പടവാളാക്കിയ ആ മഹാനുഭാവനിൽ നിന്നു കൈരളിക്കു ലഭിച്ചിട്ടുണ്ട്.

കവിതകളുടെ ചാരുതയ്ക്കു മിഴിവു നൽകുന്ന പ്രധാന ഫോക്‌ലോർ ഘടകമാണ് മിത്തുകൾ. അതിനാൽത്തന്നെ മിത്തുകളുടെ പുനർനിർമ്മിതിയാൽ ഭാവസാന്ദ്രമായിട്ടുള്ള അനുവാചകമനസ്സിൽ അനശ്വരമായി നിലകൊള്ളുന്ന, മൂന്നു കവിതകളെ പഠനവിധേയ മാക്കാതെ ഈ പഠനം പൂർണ്ണമാവുകയില്ല. വയലാറിന്റെ ഏതാണ്ടു പന്ത്രണ്ടു കവിതകളെ ശ്രേണിയിൽപ്പെടുത്താവുന്നതാണ്. എങ്കിലും തഴപ്പും മുഴുപ്പും ഏറി നിൽക്കുന്നത് 'രാവണപുത്രി'യും 'താടകയെന്ന ദ്രാവിഡരാജകുമാരി'യും തന്നെ എന്നത് നിസ്തർക്കം.

സംസ്കാരത്തിന്റെ ഉപലബ്ധികളാണ് മിത്തുകൾ. പ്രാക്തനമായ നന്മകൾ പ്രദാനം ചെയ്യുന്നവയാണവ. മാനവസംസ്കാരചരിത്രത്തിന്റെ ഒരു രേഖ എന്ന നിലയിൽ മൂല്യമാർന്നവയാണവ. അതിനാൽ അവയെ പവിത്രാഖ്യാനങ്ങളെന്ന് കരുതിപ്പോരുന്നു. ഭാവനാപൂർണ്ണമായ ആദിമജനുസ്സിനെ മനസ്സിലാക്കുവാനും ജനസംസ്കാരത്തിന്റെ ആത്മീയസ്വഭാവം മനസ്സിലാക്കുന്നതിനും മിത്തുകൾ സഹായിക്കുന്നു. മിത്തുകളില്ലാത്ത സമൂഹം സങ്കല്പാതീതമാണ്. മനുഷ്യനുള്ളിടത്തെല്ലാം അവന്റെ നിഴലെന്നപോലെ ഒരു ജനതയുമുണ്ടാകും. അവിടെ അവന് സ്വന്തമായ ചില മിത്തുകളുമുണ്ടാകും. തന്റെ യുക്തിബോധത്തെ തൃപ്തിപ്പെടുത്താൻ ശാസ്ത്രീയമായ ചിന്താധാരകളൊന്നും ഉരുത്തിരിയാതിരുന്നതുകൊണ്ട് മനുഷ്യൻ കല്പനകളിലൂടെ തന്റെ യുക്തിബോധത്തെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചതിന്റെ ഉൽപ്പന്നമായി മിത്തുകളെ കണക്കിലെടുക്കാം.

കുശധ്വജൻ എന്ന ബ്രാഹ്മണന് ബ്രഹ്മാവിന്റെ വരഫലമായി ലഭിച്ച മകളായിരുന്നു വേദവതി. മകൾക്ക് നാരായണസ്വാമി വരനായി വരണമെന്നാഗ്രഹിച്ച് അദ്ദേഹത്തെ ഭജിച്ച കുശധ്വജൻ വേദവതിയെ സ്വന്തമാക്കാൻ മുന്നോട്ടുവന്ന ശംഭു എന്ന ദൈത്യനാൽ കൊല്ല പ്പെട്ടു. കുശധ്വജപത്നി ഭർത്താവിന്റെ ചിതയിൽ ആത്മാഹുതി ചെയ്തു. ഭർത്താവായി നാരായണസ്വാമിയെ കിട്ടാൻ ഭജിച്ചുകൊണ്ടിരുന്ന വേദവതിയെ ആ വഴി വന്ന രാവണൻ കടന്നാക്രമിച്ച് അപമാനിതയാക്കി. രാവണനെ ശപിച്ചുകൊണ്ട് വേദവതി ആത്മാഹുതി ചെയ്തു. വേദവതി ദഹിച്ച സ്ഥലത്തുനിന്ന് അവളുടെ അസ്ഥിയെടുത്ത് സൂത്രത്തിൽ നാരദൻ രാവണന്റെ യാഗശാലയിലെത്തിച്ചു. ആ അസ്ഥിയിൽ നിന്നും നാൽപത്തി യൊന്നാംനാൾ ഉണ്ടായ പെൺകുട്ടിയെ ശുക്രാചാര്യരുടെ നിർദ്ദേശപ്രകാരം രാവണൻ ഒരു സ്വർണ്ണപ്പെട്ടിയിലടച്ച് സമുദ്രത്തിലൊഴുക്കി. തിരമാലകളാൽ കരയ്ക്കടിഞ്ഞ് മണ്ണുമൂടിക്കിടന്ന പെട്ടി മിഥിലാധിപൻ തന്റെ പുത്രകാമേഷ്ടിയാഗാവസാനത്തിൽ നിലമുഴുതപ്പോൾ പുറത്തുവരികയും അതിനുള്ളിലെ പെൺകുട്ടിക്ക് സീത എന്ന് പേരു നൽകി പുത്രിയായി വളർത്തുകയും ചെയ്തു. നേടി വച്ച ശാപങ്ങളുടെ തോത് രാവണനെ ധരിപ്പിക്കുവാൻ വിഭീഷണൻ ജ്യേഷ്ഠനോട് പറഞ്ഞുകൊടുക്കുന്നതായാണ്

കമ്പരാമായണത്തിൽ ഈ സീതാരാവണ ബന്ധത്തിന്റെ കഥ ആവിഷ്കൃതമായിരിക്കുന്നത്. രാമകഥയിൽ രാവണന്റെ സീതാപഹരണം രാമനായി അവതരിച്ച മഹാവിഷ്ണുവിന്റെ രാവണവധത്തിന് അനിവാര്യഘടകമായിരുന്നു എന്നത് നിസ്തർക്കം. നിന്ദ്യനും നീചനും ദുഷ്ടനും അക്രമിയും ആഭാസനും വിടാഗ്രഗണ്യനും നിഷ്ഠുരനുമായ രാക്ഷസ രാജാവായി മാത്രമാണ് പ്രഖ്യാതമായ രാമകഥയിൽ രാവണൻ പരാമർശിതനായിരിക്കുന്നത്. എന്നാൽ സൗന്ദര്യോപാസകനും വിഷയാസക്തനും മനുഷ്യസഹജമായ മൃദുലവികാരങ്ങളോടു കൂടിയവനുമായിരുന്നു രാവണനെന്നും അദ്ദേഹം സഹതാപവും ബഹുമാനവും അർഹിക്കുന്ന ഒരു ഉത്തമ പിതാവായിരുന്നുവെന്നും അനുവാചകരുടെ ഉള്ളത്തിൽ ആഴത്തിൽ കോറിയിടുകയാണ് വയലാർ തന്റെ 'രാവണപുത്രി' എന്ന കവിതയിലൂടെ.

കമ്പരാമായണത്തിലെ ഒരു മിത്തിനെ ഭാവസാന്ദ്രമായി, വികാരവായ്പോടെ ആസ്വാദനക്ഷമമാക്കാൻ വയലാറിന്റെ തൂലികയ്ക്കു കഴിഞ്ഞു. മിത്ത് എന്ന ഫോക്‌ലോർ ഘടകത്തെ അപഗ്രഥിക്കാനും സ്വാംശീകരിക്കാനും പ്രമേയമായി ഇത്ര തന്മയത്വത്തോടെ അവതരിപ്പിക്കുവാനും കവി കാട്ടിയ കരവിരുത് പ്രശംസനീയമാണ്. രാമസായകമേറ്റ് മരണത്തോട് മല്ലടിക്കുന്ന രാവണൻ ചെയ്തുപോയ തെറ്റുകളോർത്ത് പശ്ചാത്തപിക്കുന്നു.

*'ആ യുദ്ധഭൂവിൽ നിലംപതിച്ചു,*
*രാമസായകമേറ്റു തളർന്ന ലങ്കേശ്വരൻ*
..................................................................
..................................................................
*അപ്പൊഴും രാവണ, ന്നുള്ളിലൊരന്തിമ*
*സ്വപ്നമായ് നിന്നൂ മനോജ്ഞയാം മൈഥിലി.'*

മണിച്ചിലങ്ക കെട്ടി ഓടിനടക്കുന്ന മൈഥിലിയാണ് ആ സ്മൃതികളിൽ നിറഞ്ഞു നിൽക്കുന്നത്. നാരദമഹർഷിയിൽ നിന്ന് തന്റെ മകളാണ് ശ്രീരാമപത്നിയായതെന്ന വൃത്താന്തം അറിഞ്ഞതുമുതൽ അവളെ സ്വന്തമാക്കാനാഗ്രഹിച്ച ആ പിതൃഹൃദയം ഒടുവിൽ മകളോട് മാപ്പിരന്ന് തികഞ്ഞ സംതൃപ്തിയോടെ ജീവൻ വെടിയുമ്പോൾ കമ്പരാമായണത്തിലെ മിത്ത് പുനഃസൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്.

*'നാദരൂപാത്മകൻ പിന്നീടൊരിക്കലാ*
*നാരദൻ പുത്രിയെപ്പറ്റിപ്പറഞ്ഞ നാൾ*
..................................................................
..................................................................
*തൻ നെഞ്ചിൽ വീണ കുമാരിതൻ*
*മായാത്ത കണ്ണീരിനുള്ളിൽപ്പിതൃത്വം തളിർത്തുപോയ്!'*

രാവണപുത്രിയോളം തന്നെ പ്രസിദ്ധമായ മറ്റൊരു കവിതയാണ് 'താടകയെന്ന ദ്രാവിഡ രാജകുമാരി'. കാളിദാസന്റെ വിശ്വവിഖ്യാതമായ രഘുവംശത്തിലെ താടകയെന്ന മിത്തിനെ പുനർനിർമ്മിച്ച് ആര്യവംശ മേധാവിത്വത്തോട് പടപൊരുതിയ ദ്രാവിഡ

രാജകുമാരിയാക്കുവാൻ മനുഷ്യന്റെ അജയ്യതയിൽ അദമ്യമായി അഭിരമിക്കുകയും ഊറ്റം കൊള്ളുകയും ചെയ്ത വയലാർ എന്ന കവിക്കു സാധിച്ചിരിക്കുന്നു. സ്ത്രീപുരുഷപ്രേമത്തിന്റെ ഉദാത്ത മാതൃകയെന്ന് ആർഷഭാരതം ഉദ്ഘോഷിച്ചിരുന്ന ശിവപാർവ്വതിമാരെ പൂജിക്കാൻ എത്തിയ വിലാസവതിയും യുവതിയുമായ താടക രാമനിൽ മോഹമുണർത്തുന്നതും ഒടുവിൽ ഋഷീശ്വരന്മാരുടെ നിർദ്ദേശാനുസരണം മനസ്സില്ലാമനസ്സോടെ ശ്രീരാമനെയ്ത സായകമേറ്റ് നിലം പതിക്കുന്നതുമാണ് കഥാവസ്തു. എന്നാൽ രഘുവംശത്തിലെ ഈ മിത്തിനെ പുനർനിർമ്മിച്ച് ആര്യദ്രാവിഡവംശജരുടെ വംശീയചരിത്രമാക്കി മാറ്റി ചരിത്രാന്വേഷകർക്കു മുമ്പിൽ ഒരു പുതു ദിശാസൂചി നാട്ടുകയെന്ന സാമൂഹികധർമ്മം സാർത്ഥകമാക്കാനും വയലാറിന്റെ തൂലിക ചലിച്ചിരുന്നു എന്നതാണ് പരമാർത്ഥം.

*'വിന്ധ്യശൈലത്തിന്റെ താഴ്‌വരയിൽ, നിശാ*
*ഗന്ധികൾ മൊട്ടിടും ഫാൽഗുനസന്ധ്യയിൽ*
*..........................................................................*
*..........................................................................*
*മറ്റൊരസ്ത്രത്താൽ തകർന്നുപോയ് സ്തബ്ധനായ്*
*പുത്രീവിയോഗവ്യഥയിൽ വിന്ധ്യാചലം!'*

മനുഷ്യന്റെ അജയ്യതയെക്കുറിച്ചു പാടിപുകഴ്ത്തിയ കവി ഇവിടെ ഫോക്‌ലോർ ഘടകമായ മിത്തുകളുടെ ശേഷി പറയാതെ പറയുകയാണ്.

ഭാരതീയ ഇതിഹാസപുരാണാദികളിൽ മാത്രമല്ല ഗ്രീക്ക് സാഹിത്യത്തിലും അഭിരമിച്ചിരുന്നു കവിയുടെ മനസ്സ്. യവനേതിഹാസത്തിലെ പ്രൊക്രൂസ്റ്റസ് എന്ന കഥാപാത്രത്തെ രാഷ്ട്രീയക്കാരുടെ ആശയാദർശപരമായ അധഃപതനത്തെ പ്രതീകവത്കരിക്കാൻ കവി 'പ്രൊക്രൂസ്റ്റസ്' എന്ന കവിതയിൽ ശ്രമിക്കുന്നു. വനാന്തരത്തിലെ വിരുന്നുകാരെ അനുനയവാക്കുകൾകൊണ്ട് മയക്കി വീട്ടിലേക്ക് ക്ഷണിച്ച് സത്കരിക്കുകയാണ് പ്രൊക്രൂസ്റ്റസിന്റെ പതിവ്.

*'അവന്റെ ഗുഹയിലെയിരുമ്പുകട്ടിലിൽ*
*ആളുകൾ വീണുമയങ്ങും*
*ഉറക്കമായാലവരുടെ മുതലുക*
*ളൊക്കെക്കൊള്ളയടിക്കും!*
*ഉറങ്ങിയുണരുന്നവരെക്കട്ടിലിൽ*
*വരിഞ്ഞു കൂട്ടിക്കെട്ടും.*
*അവന്റെ കട്ടിലിനെക്കാൾ വലുതാ*
*ണവരുടെയുടലുകളെങ്കിൽ,*
*അരിഞ്ഞു ദൂരെത്തള്ളും കത്തി*
*ക്കവരുടെ കൈയും കാലും!*
*അവന്റെ കട്ടിലിനേക്കാൾ ചെറുതാ*

*ണവരുടെയുടലുകളെങ്കിൽ,*
*അടിച്ചു നീട്ടും ചുറ്റികകൊണ്ടവ*
*നവരുടെ കൈയും കാലും!'*

ഇതാണ് യവനസാഹിത്യത്തിൽ പരാമർശിതമായിരിക്കുന്ന പ്രൊക്രൂസ്റ്റസിന്റെ മിത്ത്. ഏതൻസിലെ രാജകുമാരനായ തിസ്യൂസിനാൽ വധിക്കപ്പെടുന്നതോടെ ഒരു ജനതയാകെ അവന്റെ ക്രൂരതകളിൽനിന്ന് രക്ഷനേടുന്നു. ഈ മിത്തിനെ രാഷ്ട്രീയക്കാരുടെ അന്തമില്ലാത്ത നെറികേടുകളെ വിവരിക്കാൻ കൂട്ടുപിടിക്കുകയാണ് കവി. പ്രത്യയശാസ്ത്രങ്ങളും പ്രകടനപത്രികകളും പ്രൊക്രൂസ്റ്റസിന്റെ അനുനയവാക്കുകളായി. അണികളെ പ്രശ്നശരങ്ങൾ നിരത്തി തങ്ങളുടെ അടിമകളാക്കി മാറ്റുകയും എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന രാഷ്ട്രീയ നെറികേടുകളെ തുറന്നുകാട്ടുകയാണ് കവി ഇവിടെ. തങ്ങളുടെ ആശയങ്ങളോട് അനുഭാവമില്ലാത്തവരെ കട്ടിലിന്നു പാകത്തിൽ വിരുന്നുകാരനെ പ്രൊക്രൂസ്റ്റസ് വലിച്ചു നീട്ടുന്നതുപോലെ ആശയവാദങ്ങൾ ഉന്നയിച്ച് തങ്ങൾക്കനുകൂലമാക്കുന്നു. എതിർക്കുന്നവനെ, തന്റെ കട്ടിലിനേക്കാൾ നീളം കൂടിയവനെ പ്രൊക്രൂസ്റ്റസ് അരിഞ്ഞുതള്ളുന്ന പോലെ രാഷ്ട്രീയക്കാരും ഇല്ലായ്മ ചെയ്യുന്നു. പ്രൊക്രൂസ്റ്റസിനെ നിഗ്രഹിക്കാൻ തിസ്യൂസെന്ന പോലെ അരാജകത്വം നിറഞ്ഞ ഈ രാഷ്ട്രീയക്കളികളെ ഉന്മൂലം ചെയ്യാൻ ഒരാൾ വരുമെന്ന വിശ്വാസത്തിൽ ദിനമെണ്ണുന്ന കവിമനസ്സിനെയാണ് കവിതാന്ത്യത്തിൽ നമുക്ക് കാണാനാവുന്നത്.

ചുരുക്കത്തിൽ വയലാറിന്റെ കവിതകളെ പഠനവിധേയമാക്കിയാൽ നാടോടി പൈതൃകത്തെ പിൻപറ്റിയുള്ള പ്രമേയസ്വീകരണം, പ്രതിപാദനരീതി, ഭാഷാപ്രയോഗം എന്നിവ കണ്ടെടുക്കാം. ഫോക്‌ലോറിനെ തന്റെ കവിതകളിൽ ഫലവത്തായി ഉപയോഗിക്കുന്നതിൽ വയലാർ ബദ്ധശ്രദ്ധനായിരുന്നു. വീക്ഷണതലം, പ്രമേയതലം, ആവിഷ്കാരതലം എന്നിവയെ ഫോക്‌ലോറിനാൽ സമ്പന്നമാക്കി തന്റെ കവിതകളിൽ ഭംഗിയായി സ്വാംശീകരിച്ചിരിക്കുന്ന കവിയെ ഭേദകല്പനകളിലൂടെ മലയാളകവിതയ്ക്ക് ഫോക്‌ലോർ ചാരുത പകർത്തിയ കവി എന്നു ശങ്കയില്ലാതെ വിശേഷിപ്പിക്കാം.

## സഹായകഗ്രന്ഥങ്ങൾ

1. *ചന്ദ്രികശങ്കരനാരായണൻ, ഡോ., വയലാർ രാമവർമ്മ ഋതുഭേദങ്ങൾക്ക് വർണ്ണം പകർന്ന കവി, സാഹിത്യപ്രവർത്തക സഹകരണസംഘം, 2013.*
2. *രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1997.*
3. *രാമവർമ്മ, വയലാർ കൃതികൾ, ഡി.സി.ബുക്സ്, 1995.*
4. *വിഷ്ണുനമ്പൂതിരി എം.വി., ഡോ., നാടോടിവിജ്ഞാനീയം, ഡി.സി.ബുക്സ്, കോട്ടയം, 1996.*
5. *ശരച്ചന്ദ്രൻ, കെ.പി., പ്രൊഫ., തെസ്യൂസിന്റെ സംഗീതം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1987.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ജീവചരിത്രാഖ്യാനങ്ങൾ മലയാളത്തിൽ 'വാൻഗോഗിന്റെ കാമുകി' എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. ഗംഗാദേവി.എം**
അസി. പ്രൊഫസർ, മലയാളവിഭാഗം,സർക്കാർ വനിതാകോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മഹാന്മാരുടെ ജീവിതങ്ങളെയും ചരിത്രസംഭവങ്ങളെയും ചേർത്തുവച്ച് സർഗ്ഗാത്മകൃതികൾ ധാരാളം മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥ ജീവിതം അവതരിപ്പിക്കുമ്പോൾ നോവൽ രചയിതാവ് നേരിടുന്ന അനേകം വെല്ലുവിളികളുണ്ട്. കാലഘട്ടം, വ്യക്തിയുടെ സ്വഭാവം, സംഭവങ്ങൾ, സ്ഥലം, ജീവിതസാഹചര്യങ്ങൾ, കഥാപാത്രങ്ങൾ, ഭാഷാപരമായ സവിശേഷതകൾ ഇവയ്ക്കൊക്കെ എഴുത്തുകാരൻ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. മഹാന്മാരുടെ ജീവിതം ആ വ്യക്തിത്വത്തിന് കോട്ടം വരാത്തവിധം ആയിരിക്കണം ആവിഷ്കരിക്കേണ്ടത്. അധികം കൂട്ടിച്ചേർക്കലുകൾ നടത്താതെ ഏറ്റവും സത്യസന്ധമായും ആത്മാർത്ഥമായും അവതരിപ്പിക്കണം. എങ്കിലും നോവലാകുമ്പോൾ എഴുത്തുകാരന്റേതായ ചില സ്വാതന്ത്ര്യങ്ങളും ഉണ്ട്. സങ്കൽപ്പലോകത്തിലൂടെ പല കാലങ്ങൾ പല ദൂരങ്ങൾ അയാൾക്ക് സഞ്ചരിക്കാം. കാല്പനികമായ ഭാഷയിലൂടെ ഭാവനാത്മകമായ വർണ്ണനകളിലൂടെ വ്യത്യസ്തമായ ഭാവുകത്വം സൃഷ്ടിക്കാം. വിഖ്യാതനായ ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ ജീവിതത്തെ ആസ്പദമാക്കി ശ്രീ ജേക്കബ് എബ്രഹാം രചിച്ച വാൻഗോഗിന്റെ കാമുകി എന്ന നോവലിനെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ലക്ഷ്യമിടുന്നത്.

***താക്കോൽവാക്കുകൾ:*** ജീവചരിത്രനോവൽ, വിൻസെന്റ് വാൻഗോഗ്, ചിത്രകലയും ജീവിതവും

## ജീവചരിത്രനോവൽ

മനുഷ്യജീവിതത്തിന്റെ വലിയൊരു ക്യാൻവാസ് ആണ് നോവൽ എന്ന സാഹിത്യരൂപം. എന്തും കുത്തിനിറയ്ക്കാനുള്ള കീറച്ചാക്കായ നോവലിൽ ധാരാളം കഥാപാത്രങ്ങളും ജീവിതവും ആവിഷ്കരിക്കപ്പെടുന്നു. ഇത്തരം സാഹിത്യരൂപം എല്ലാക്കാലത്തും ജനപ്രിയ സാഹിത്യമാണ്. നാളിതു വരെ വിവിധങ്ങളായ വിഷയങ്ങൾ സ്വീകരിച്ച് ധാരാളം കൃതികൾ ഉണ്ടായിട്ടുണ്ട്. പുതിയ പ്രമേയങ്ങൾ, പുതിയ ആഖ്യാനങ്ങൾ, ആഖ്യാനതന്ത്രങ്ങൾ എന്നിവകൊണ്ട് നോവൽ സാഹിത്യം അതിന്റെ ഭാവുകത്വത്തെ നിരന്തരം പരിണാമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പലവിധ പ്രമേയങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ട ഈ സാഹിത്യരൂപം പല പരീക്ഷണങ്ങൾക്കും വിധേയമായിട്ടുണ്ട്. പുതിയ ആഖ്യാനരീതിയും പ്രമേയസ്വീകാര്യതയും കൊണ്ട് നോവൽസ്വരൂപത്തെ പുതുക്കുക എന്ന തന്ത്രം എഴുത്തുകാർ അവരുടെ ഓരോ കൃതിയിലും സ്വീകരിച്ചുവരുന്നു. അപ്രകാരം വ്യത്യസ്തതയ്ക്കായി എഴുത്തുകാരൻ സ്വീകരിച്ച ഒരു മാർഗ്ഗമാണ് ജീവിച്ചിരുന്ന വ്യക്തികളുടെ ജീവിതത്തെ ഭാവനാത്മകമായി അവതരിപ്പിക്കുക എന്നത്. അങ്ങനെയാണ് ജീവചരിത്രനോവൽ എന്ന നോവൽവിഭാഗം ഉണ്ടാകുന്നത്.

ഒരു വ്യക്തിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി രചിക്കുന്ന നോവൽ എന്ന നിലയിൽ അയാൾ ജീവിച്ചിരുന്ന കാലഘട്ടം, സമകാലികരായ മനുഷ്യർ, വ്യക്തിയുടെ സ്വഭാവം, പ്രത്യേകതകൾ, കുടുംബം തുടങ്ങി അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും ജീവചരിത്ര നോവലിൽ ഉണ്ടാകും. എന്ന് മാത്രമല്ല എഴുത്തുകാരന്റെ യുക്തിക്കനുസരിച്ച് ഭാവനാത്മകമായ കഥാപാത്രങ്ങളെയും സൃഷ്ടിക്കാം. നോവലിന്റെ ഭാവത്തെ ഉദാത്തീകരിക്കുന്ന പല തന്ത്രങ്ങളും ആഖ്യാതാവിന് സ്വീകരിക്കാം. എന്നാൽ അടിസ്ഥാനപരമായ വിവരങ്ങൾ ഒന്നുംതന്നെ മാറ്റാതെ വേണം ചിത്രീകരിക്കാൻ. ജീവിതം മുഴുവൻ ആവിഷ്കരിക്കണമെന്നില്ല. 'ഫിക്ഷൻ' എന്നനിലയിൽ എഴുത്തുകാരന്റെ സ്വാതന്ത്ര്യം അനുസരിച്ചാണ് അവയൊക്കെ തീരുമാനിക്കുക.

എഴുത്തിന് വ്യത്യസ്ത വഴികൾ നോവൽകർത്താക്കൾ സ്വീകരിച്ചിട്ടുണ്ട്. ഒരാളുടെ ജീവിതത്തിന്റെ ആദിമധ്യാന്തസ്വരൂപത്തിൽ അല്ല പലപ്പോഴും ആവിഷ്കരിക്കുക. ചിലപ്പോൾ മധ്യവയസ്സിൽനിന്ന് ബാല്യകാലത്തിലേക്കും തുടർന്ന് വാർദ്ധക്യത്തിലേക്കും കടക്കാറുണ്ട്. ഇതുപോലെ തിരിച്ചും. ചിലപ്പോൾ ജീവിതത്തിന്റെ ഒരു പ്രത്യേക നിമിഷത്തിൽ നിന്നായിരിക്കാം തുടങ്ങുക. പുതിയ കഥാപാത്രങ്ങളെ കൂട്ടിച്ചേർക്കാറുമുണ്ട്. ആസ്വാദകലോകത്തിന് സ്വീകാര്യമായ തരത്തിലുള്ള അഥവാ വായനക്കാരെ മുൻനിർത്തിയുള്ള ആത്മഭാഷണങ്ങളാണ് പലപ്പോഴും ജീവചരിത്രനോവൽ.

വിൻസന്റ് വാൻഗോഗിന്റെ ജീവിതത്തെ ആസ്പദമാക്കി എർവിങ്സ്റ്റൺ എഴുതിയ വിഖ്യാതമായ നോവലാണ് 'ലസ്റ്റ് ഫോർ ലൈഫ്'. ഇന്ത്യയിലെ വിഖ്യാതനായ ചിത്രകാരൻ രാജാരവിവർമ്മയുടെ ജീവിതമാണ് രാജാരവിവർമ്മ എന്ന നോവലിലൂടെ രഞ്ജിത്ത് ദേശായി പറയുന്നത്. ചിത്രകാരി ടി കെ പത്മിനിയുടെ ജീവിതം പറയുന്ന നോവലാണ് പത്മിനി. ഇങ്ങനെ ചിത്രകാരന്മാരുടെ ജീവിതത്തെ നോവലാക്കി ലോകത്തെ

മ്പാടും കൃതികൾ ഉണ്ടായിട്ടുണ്ട്. എല്ലാക്കാലത്തും ചിത്രകലയിലാണ് പുതുപരീക്ഷണങ്ങളും പുതുആശയങ്ങളും ആദ്യം കടന്നുവരാറ്. സർറിയലിസം, ക്യൂബിസം, മോഡേണിസം, പോസ്റ്റ്മോഡേണിസം തുടങ്ങിയവയെല്ലാംതന്നെ ചിത്രകലയിലാണ് ആദ്യം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ചിത്രകാരന്മാരുടെ പ്രാധാന്യം വ്യക്തമാണ്. ഏതൊരു പുതുമയേയും ആവിഷ്കരിക്കാനുള്ള ആ പുതിയ മനസ്സ് അംഗീകരിക്കുകതന്നെ വേണം. തീർച്ചയായും ചിത്രകാരൻ അസാധ്യമായ കഴിവുകൾക്ക് ഉടമയാണ്. പ്രകൃതിയെ അല്ലെങ്കിൽ ജീവിതത്തെ അതുപോലെ നിറങ്ങളിൽ പുനരാവിഷ്കരിക്കുക എന്നത് പ്രയാസമേറിയ കാര്യം തന്നെയാണ്. പലപ്പോഴും ഓവർതിങ്കിംഗ് കാരണം ചിത്രകാരന്മാർ ഉന്മാദികൾ ആവാറുണ്ട്. ചിലപ്പോൾ ആത്മാനുരാഗികളും വിഷാദചിന്തകൾ ഉള്ളവരും ആയി മാറാറുണ്ട്. ഭ്രാന്തമായ ആവേശങ്ങളിലൂടെ കടന്നുപോകാറുണ്ട്. ഇതെല്ലാം ചിത്രകല എന്ന അത്ഭുതപൂർവമായ കലയുടെ സ്വാധീനംതന്നെ. ഇപ്രകാരം വിൻസന്റ് വാൻഗോഗ് എന്ന ചിത്രകാരൻ കടന്നുപോയ ജീവിതത്തിന്റെ വഴികൾ, അർത്ഥങ്ങൾ, വേർപിരിയലുകൾ, വഴിപിരിയലുകൾ എന്നിവ അടയാളപ്പെടുത്തിയിട്ടുള്ള നോവലിനെ സർഗ്ഗാത്മകമായി പഠിക്കാൻ ശ്രമിക്കുകയാണ് ഇവിടെ. അതിനുമുമ്പ് മലയാളത്തിൽ ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട ജീവനോവലുകൾ ഏതൊക്കെയെന്ന് നോക്കാം. എസ്.ഗിരീഷ്കുമാറിന്റെ 'അലിംഗം ' എന്ന നോവൽ ഓച്ചിറ വേലുക്കുട്ടിയുടെ ജീവിതമാണ്. ജോൺ ആൻറണിയുടെ 'ആകാശദീപങ്ങൾ സാക്ഷി' എന്ന നോവൽ ചാവറ അച്ചന്റെ ജീവിതത്തിലൂടെയുള്ള യാത്രയാണ്. ശ്രീബുദ്ധന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള 'മഹാപ്രസ്ഥാനം, ശ്രീരാമകൃഷ്ണദേവന്റെ ആത്മീയജീവിതം ആവിഷ്കരിക്കുന്ന 'അമൃതസ്യ പുത്രഃ, ത്യാഗരാജസ്വാമികളുടെ സംഗീതജീവിതം സാക്ഷ്യപ്പെടുത്തുന്ന 'എന്തരോ മഹാനുഭാവലു', ഗാന്ധിജിയുടെ ജീവിതം ചിത്രീകരിക്കുന്ന 'ഓം ശാന്തി ശാന്തി' എന്നീ നോവലുകൾ മാടമ്പ് കുഞ്ഞിക്കുട്ടൻ എഴുതിയിട്ടുള്ള ജീവചരിത്ര നോവലുകളാണ്. കെ.സുരേന്ദ്രന്റെ 'മരണം ദുർബലം 'കുമാരനാശാന്റെ ജീവിതത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാണ്. അദ്ദേഹം ശ്രീനാരായണഗുരുവിന്റ ജീവിതത്തെ ആസ്പദമാക്കി രചിച്ച 'ഗുരു' എന്ന നോവലും ജീവചരിത്ര നോവലാണ്. ഇനിയുമുണ്ട് ധാരാളം ജീവചരിത്രനോവലുകൾ. തിരൂർ ദിനേശിന്റെ മഹാത്മാ അയ്യങ്കാളിയെകുറിച്ചുള്ള നോവലാണ് 'തീണ്ടാളൻ'. അതുപോലെ ദസ്തേവ്സ്കിയുടെ ജീവിതംപറയുന്ന 'ഒരു സങ്കീർത്തനംപോലെ' മലയാളത്തിലെ അതിപ്രശസ്തമായ ഒരു ജീവചരിത്ര നോവലാണ്.

## വിൻസെന്റ് വാൻഗോഗ്

യൂറോപ്യൻ ചിത്രകലാചരിത്രത്തിലെ ഏറ്റവും മഹാനായ പെയിന്റർമാരിലൊരാളാണ് വിൻസെന്റ് വാൻഗോഗ്. ഏറെ ആഗ്രഹിച്ചിട്ടും ആദരവും അംഗീകാരവും മരണാനന്തരം മാത്രം ലഭിച്ച നിർഭാഗ്യവാനായ ചിത്രകാരനായിരുന്നു അദ്ദേഹം. 1853 മാർച്ച് 30ന് വാൻഗോഗ് ഹോളണ്ടിലെ സുന്തർട്ടിൽ ജനിച്ചു. 1890 ജൂലൈ 29ന് അന്തരിച്ചു. ജീവിതകാലത്തെ യാതനകളും ദാരിദ്ര്യവും മാനസിക ആഘാതവും അനുഭവിച്ച വാൻഗോഗ് മരിച്ച് പതിനൊന്നാം കൊല്ലമാണ് പ്രശസ്തിയിലേക്ക് ഉയർന്നത്. മരിക്കുന്നതിന് തൊട്ടു

മുമ്പുള്ള പത്തുകൊല്ലം കൊണ്ടാണ് അദ്ദേഹം തന്റെ മഹത്തായ എല്ലാ ചിത്രങ്ങളും വരച്ചുതീർത്തത്. ചായത്തിലുള്ള തൊള്ളായിരം ചിത്രങ്ങളും കറുപ്പും വെളുപ്പും കലർന്ന 1100 വരപ്പുകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

ചിത്രകാരനാവുന്നതിനു മുമ്പ് ചെറിയ ജോലികൾ ചെയ്തും മതപ്രസംഗങ്ങൾ നടത്തിയുമാണ് അദ്ദേഹം ജീവിച്ചത്. പത്തുകൊല്ലത്തെ ചിത്രകലാജീവിതത്തിനു ശേഷം കടുത്ത മാനസികരോഗത്തിനടിമപ്പെട്ട് അലഞ്ഞുതിരിയുകയായിരുന്നു. ഒടുവിൽ സ്വയം നിറയൊഴിച്ച് ചെറുപ്രായത്തിൽതന്നെ ഈ ലോകത്തോട് വിടപറഞ്ഞു.

## വാൻഗോഗിന്റെ കാമുകി

വാൻഗോഗ് എന്ന വിശ്വവിഖ്യാതനായ ചിത്രകാരന്റെ ജീവിതം അടയാളപ്പെടുത്തുന്ന മലയാളനോവലാണ് ജേക്കബ് എബ്രഹാം രചിച്ച, 2022 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ച വാൻഗോഗിന്റെ കാമുകി. ഡി.സി. ബുക്സ് റൊമാൻസ്ഫിക്ഷൻ മത്സരത്തിൽ തെരഞ്ഞെടുത്ത ഒരു നോവലാണിത്. വിശ്വവിഖ്യാതനായ ചിത്രകാരനെ ആവിഷ്കരിക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കണം എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കാരണം അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി സാധാരണക്കാർക്ക് പോലും അറിവുണ്ടായിരിക്കും. ചെറിയ വ്യത്യാസങ്ങൾ പോലും വലിയ പ്രശ്നങ്ങൾക്ക് ഇടയാക്കിയെന്ന് വരാം. വിവാദങ്ങൾക്ക് ഇടകൊടുക്കാതെ വേണം എഴുതാൻ എന്ന് ചുരുക്കം. ചിത്രകാരനെപ്പറ്റി ആകുമ്പോഴാണ് ആ ജീവിതത്തെ പ്രത്യേകം പഠിക്കേണ്ടി വരുന്നത്. ഉന്മാദിയായ ഒരാൾക്ക് ഒരു പ്രത്യേകതരം മാനസികാവസ്ഥയായിരിക്കും. ആ മനസ്സിലൂടെ കടന്നുപോയാൽ പോലും അത് പകർത്താൻ പ്രയാസമായിരിക്കും എന്നതാണ് യാഥാർത്ഥ്യം. അത്തരത്തിൽ ഒരു പകർന്നാട്ടം കൃത്യമായി നടത്തേണ്ടതുണ്ട്. ആവിഷ്കർത്താവും കഥാനായകനും ഒന്നാകുന്ന അവസ്ഥ സംജാതമാകുമ്പോൾ കുറെയൊക്കെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കാൻ സാധിച്ചേക്കാം. കിട്ടാവുന്ന മുഴുവൻ വിവരവും ശേഖരിച്ച ശേഷമേ ഇത്തരം കൃതികൾ രചിക്കാൻ തുടങ്ങാവൂ. ഊഹാപോഹങ്ങളേ പാടില്ല എന്ന് നിബന്ധന വെക്കാമെങ്കിലും പലതും ഊഹിച്ച് എഴുതുവാനേ സാധിക്കൂ എന്നത് മറ്റൊരുവശമാണ്. ജീവിതത്തിന്റെ പ്രധാനപ്പെട്ട ചില സംഭവങ്ങൾ ഒഴിവാക്കി വിടുന്നതായികണ്ടിട്ടുണ്ട്. സ്വാതന്ത്ര്യമാണ് എന്ന് പറഞ്ഞു രക്ഷപ്പെടാമെങ്കിലും അത്തരം ഒഴിവാക്കലുകൾ നല്ലതല്ല. രസനീയതയുടെ ചരടിലൂടെ മാത്രം ജീവിതം ആവിഷ്കരിക്കുവാൻ സാധിക്കുകയില്ല. അവിടെ പല സങ്കീർണ്ണതകളും കണ്ടെന്നിരിക്കാം. രസനീയതയുടെ പേരിൽ ഒഴിവാക്കുന്നതിന് ന്യായീകരണമില്ല.

ജീവചരിത്രങ്ങൾ ചരിത്രത്തിന്റെ ഭാഗം തന്നെയാണ്. കാരണം ഒരുകാലഘട്ടം കൂടിയാണ്, ചരിത്രം കൂടിയാണ് നോവലിലൂടെ ആവിഷ്കൃതമാകുന്നത്. അങ്ങനെ അത് ഒരു സംസ്കാരപഠനം കൂടിയായി മാറുന്നു. ദേശത്തിന്റെയും കാലത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രം. വാൻഗോഗ് എന്ന ചിത്രകാരന്റെ ജീവിതവും കാലഘട്ടവും ചരിത്രവും ഒക്കെ വളരെ തന്മയത്വത്തോടു കൂടി ആവിഷ്കരിച്ചിരിക്കുന്ന നോവലാണ് വാൻഗോഗിന്റെ കാമുകി. ഇതിലെ പ്രധാന കഥാപാത്രാഖ്യാതാവും തെരുവുവേശ്യയും വാൻഗോഗിന്റെ

കാമുകിയുമായ സിയാൻ ആണ്. Sorrow എന്ന ചിത്രത്തിന്റെ മോഡലായിരുന്നു സിയാൻ. തെരുവുവേശ്യയായ സിയാനോട് വാൻഗോഗിനുണ്ടായ അനന്യമായ സ്നേഹമാണ് ഇതിലെ പ്രതിപാദ്യം.

കാസിന മരിയഹൂർണിക്ക് എന്ന സിയാനാണ് ഈനോവലിന്റെ ആഖ്യാതാവ്. വാൻഗോഗ് പ്രണയിച്ചിരുന്ന തെരുവുവേശ്യ. ആമുഖത്തിൽ ഇപ്രകാരം പറയുന്നു: 'മദ്യപാനിയും ഗർഭിണിയുമായ സിയാൻ എന്ന യുവതിയുടെ ആന്തരികവും ഭൗതികവുമായ ജീവിതത്തിന് വാൻഗോഗ് നൽകുന്ന പ്രണയത്തിന്റെ നിറക്കൂട്ടാണ് വാൻഗോഗിന്റെ കാമുകി. ഭാവനയുടെ അയഞ്ഞ സ്വാതന്ത്ര്യം മഷി നിറച്ചെഴുതിയ ഈ നോവൽ വാൻഗോഗിനെ ഒരുചിത്രകാരൻ എന്നതിലുപരി അതിഭീകരനായ ഒരുകാമുകൻ എന്നനിലയിൽ നോക്കിക്കാണാനാണ് ശ്രമിക്കുന്നത്. ചരിത്രസംഭവങ്ങളെ പിൻപറ്റാതെ ഭാവനയുടെ സ്വാതന്ത്ര്യമാണ് നോവൽരചനയിൽ സ്വീകരിച്ചിരിക്കുന്നത്.'

ഭാവനയുടെ അയഞ്ഞ സ്വാതന്ത്യത്തോടെ എഴുത്തുകാരൻ ഒരു പെണ്ണായി പകർന്നാടുകയാണീ നോവലിൽ. ഒരു യഥാർത്ഥ പ്രണയിനിയുടെ ആന്തരികലോകം അനാവരണം ചെയ്യുകയാണദ്ദേഹം. പ്രകൃതിയുടെ നിറസങ്കലനത്തിലൂടെ ചിത്രകലയിൽ അഭിരമിക്കുന്ന വാൻഗോഗ് ഒരു യഥാർത്ഥ ചിത്രകാരനും.'അദ്ദേഹം അടിമുടി കലാകാരനാണ്. കലാപരതയാണ് ആ ജീവിതത്തിന്റെ സത്ത. ശരീരം മുഴുവൻ പൂക്കുന്നതായി എനിക്കു തോന്നി'. കലാകാരനേയും കാമുകിയേയും പൂർണ്ണമായി മനസിലാക്കിയ മറ്റൊരു കലാകാരന്റെ വാക്കുകൾ!

'യഥാർത്ഥ പ്രണയത്തിന്റെ ശക്തി എന്തെന്ന് എന്റെ ഹൃദയം ഇപ്പോൾ എന്നോടു പറയുന്നു. അത് മരണത്തെ അതിജീവിക്കുന്നു'.

'പ്രണയം എന്നത് ശീലങ്ങളുടെ തടവറകളിൽ നിന്നുള്ള മോചനം കൂടിയാണ്'.

'നല്ലകല നല്ലരീതിയിൽ ചിന്തിപ്പിക്കണം. വെറും കാഴ്ചയുടെ സൗന്ദര്യ ആസ്വാദനം മാത്രമല്ല ചിത്രകല'.

'ലോകത്ത് സകല ആളുകളും വേശ്യ എന്ന് വിളിച്ച് കല്ലെറിയുന്ന ഒരു സ്ത്രീയെ സ്നേഹിക്കുന്നതിൽപ്പരം എന്ത്തരം പ്രണയമാണ് മഹത്തരമായി ഈ ഭൂമിയിലുള്ളത്'?

'ജീവിതം പലപ്പോഴും ഇങ്ങനെയാണ്. പ്രതീക്ഷിക്കാതിരിക്കുമ്പോൾ സ്നേഹത്തിന്റെ ഒരുതരി കാണിച്ച് അത്ഭുതപ്പെടുത്തും'.

പ്രണയത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും വാൻഗോഗിനെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ വളരെ സ്വാഭാവികമായി പറഞ്ഞുപോകുന്ന വാക്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നവ.

ഉന്മാദിയായ ഒരു ചിത്രകാരനെയും തെരുവു വേശ്യയെയും മഹത്വവൽക്കരിക്കാനല്ല ഈ കൃതി രചിച്ചത്. യഥാർത്ഥ സ്നേഹത്തിന്റെ സൗഗന്ധികങ്ങൾ വിരിയിക്കുന്ന പുതിയ അദ്ധ്യായങ്ങളാണിവ. പണ്ട് ഉത്തരമധുരാപുരിയിൽ ഒരുത്തിക്കുണ്ടായി, സമയമാകാത്ത

നാളിലൊരു പ്രണയം. പക്ഷേ പണമെന്ന സങ്കല്പകാന്തിയിലത് മാഞ്ഞുപോയി. ഇവിടെ നിത്യദാരിദ്ര്യത്തിലും ജ്വലിച്ചുനിൽക്കയാണാ സ്നേഹം. ഉന്മത്തലാവണ്യങ്ങളുടെ അനന്ത കലയെപ്പറ്റി, ജീവിതത്തിന്റെ വൈചിത്ര്യതകളെപ്പറ്റി, പെൺമനസ്സിന്റെ തരളതയെപ്പറ്റി, പ്രകൃതിയൊരുക്കുന്ന നിറങ്ങളെപ്പറ്റി, സർവ്വോപരി പ്രണയത്തിന്റെ അനന്യതയെപ്പറ്റി ഈ നോവൽ നമ്മോട് സംസാരിക്കുന്നു.

സിയാൻ കഥ പറയുന്നതായിട്ടാണ് ഇതിന്റെ ആഖ്യാനം. '1881ലെ ക്രിസ്മസിനാണ് വിൻസന്റ് വാൻഗോഗിനെ ഞാൻ ആദ്യമായി കാണുന്നത്. ഒരു മദ്യശാലയ്ക്ക് മുന്നിൽവച്ച്' എന്ന് തുടങ്ങുന്നു നോവൽ. ആ മനുഷ്യൻ പിന്നീട് അവളുടെ ജീവിതത്തിലേക്ക് കടന്നുവരികയാണ്. ജീവിതത്തിൽ നിന്ന് പല ഒളിച്ചോട്ടങ്ങൾ നടത്തി ഇവിടെ എത്തിയിരിക്കുകയായിരുന്നു വാൻഗോഗ്. ചിത്രരചനയുടെ വിവിധ വശങ്ങൾ മനസ്സിലാക്കാനും വരയ്ക്കാനും ആയിരുന്നു വന്നത്. അദ്ദേഹം ഇവിടെത്തും മുമ്പ് പലരെയും പ്രണയിക്കാൻ ശ്രമിച്ചെങ്കിലും നിരാസമായിരുന്നു ഫലം. ഒടുവിൽ അയാൾ ഒരു തെരുവു വേശ്യയെ പ്രണയിക്കാനും സംരക്ഷിക്കാനും തീരുമാനിക്കുകയായിരുന്നു. വളരെ ഭ്രാന്തമായ രീതിയിൽ പെരുമാറുന്ന ഒരാളായിരുന്നു അദ്ദേഹം. ചിലപ്പോൾ സ്നേഹമയനായ കാമുകൻ ആയിരിക്കും. എന്നാൽ ചിലപ്പോൾ വയലന്റായ ഒരു ജീവിയെപ്പോലെ ആയിരിക്കും പെരുമാറ്റം. എങ്കിലും സിയാനെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു അയാൾ. ചിത്രകലയുടെ പാഠങ്ങൾ സിയാന്റെ മകൾ മറിയയ്ക്ക് അയാൾ പറഞ്ഞുകൊടുത്തിരുന്നു. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന നിറച്ചാർത്തുകൾ അയാളെ നിരന്തരം പ്രചോദിപ്പിച്ചിരുന്നു. സിയാന്റെ മകൾക്ക് അയാൾ ഒരു പിതാവായി മാറുകയായിരുന്നു. ഗർഭിണിയായ സിയാന്റെ ഭർത്താവ് എന്ന പദവിയും സ്വയം ഏറ്റെടുക്കുകയാണ്, മറ്റാരുടെയോ കുഞ്ഞിനെ ചുമക്കുന്നവൾ ആയിട്ടും. അതിന്റെ പേരിൽ സ്വന്തം സഹോദരനോടുപോലും പിണങ്ങുകയാണ് അയാൾ. ബന്ധുക്കളോടും നാട്ടുകാരോടും അയാൾ പിണങ്ങുന്നു. ഒരു വേശ്യയുടെ കൂടെപാർക്കുന്നവൻ എന്ന ദുർഖ്യാതി കുടുംബക്കാരെ മുഴുവൻ ശത്രുവാക്കി മാറ്റി. എന്നിട്ടും അയാൾ അവരെ വിട്ടുപോകുന്നില്ല. സ്നേഹവും പ്രണയവും ആ മനുഷ്യനിൽ നിറഞ്ഞിരുന്നു. ചെറിയകാര്യങ്ങൾ പോലും താങ്ങാനുള്ള കരുത്ത് അയാൾക്ക് ഉണ്ടായിരുന്നില്ല. ഒരു ചെറിയകുട്ടിയുടെ മനസ്സായിരുന്നു. ചില നേരങ്ങൾ ചിത്രം വരയ്ക്കുമ്പോൾ അദ്ദേഹം മറ്റൊരു ഗന്ധർവനായി മാറുകയാണ്. ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും വച്ചുപുലർത്തുന്ന ഒരു ചിത്രകാരനായി മാറുന്നു. അദ്ദേഹം ചിത്രങ്ങൾ വരയ്ക്കുന്ന സന്ദർഭങ്ങളും അതിലെ ആശയങ്ങളും എപ്രകാരം രൂപപ്പെടുന്നു എന്ന് സിയാനിലൂടെ കാണിച്ചു തരികയാണ് നോവലിസ്റ്റ് ജേക്കബ് എബ്രഹാം.

ആഖ്യാതാവായ സിയാൻ ഒരു അസാധ്യ കഥാപാത്രമായി മാറുന്നു നോവലിൽ. വാസവദത്തയെപ്പോലെ ഒരുവൾ. വിശുദ്ധപ്രണയത്തിൽ മുഴുകി ജീവിച്ചവൾ. ഒരു ചിത്രകാരനു വേണ്ടി അയാളുടെ സന്തോഷത്തിനു വേണ്ടി ജീവിച്ച ഒരുവൾ. വിചിത്രമായ മനുഷ്യബന്ധങ്ങൾ പോലും ഇവിടെ പറഞ്ഞുവെക്കുന്നു. സിയാനും ആഗ്നസ്സും തമ്മിലുള്ള സ്നേഹത്തിന് മറ്റൊരു മാനമുണ്ട്. സഹോദരിമാരോ ബന്ധുക്കളോ അല്ലാതിരുന്നിട്ടുകൂടി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവർ പരസ്പരം സഹായിക്കുകയും ഒന്നാവുകയും ചെയ്യുന്നു. നിശ്ശബ്ദനായ മറ്റൊരു കഥാപാത്രമാണ് പെഡ്രോ. എപ്പോഴുമൊരു സഹായിയായി കുതിരവണ്ടിയിൽ അവരുടെ വീട്ടു പടിക്കലൂടെ കടന്നുപോകുന്ന അയാൾ ഈ നോവലിലെ മറ്റൊരു തേജസ്സാണ്. ഒടുവിൽ ആഗ്നസിന്റെ കാമുകനായി, ഭർത്താവായി മാറുന്നു പെഡ്രോ. ആഗ്നസ്, പെഡ്രോ എന്നിവർ സങ്കല്പ കഥാപാത്രങ്ങളാണ്. വാൻഗോഗിന്റെ യഥാർത്ഥ ജീവിതത്തിൽ ഇവർഇല്ല. എന്നാൽ ഈരണ്ടു കഥാപാത്രങ്ങളും ചേർന്ന് സൃഷ്ടിക്കുന്നു മറ്റൊരു പുതിയ ലോകം. ഈ സ്നേഹസങ്കല്പം നോവലിനെ മിഴിവുറ്റതാക്കുന്നു.

വാൻഗോഗിന്റെ സഹോദരൻ തിയോ എഴുതുന്ന കത്തുകൾ ഈ നോവലിലെ മറ്റൊരു പ്രധാനകാര്യമാണ്. വാൻഗോഗിന്റെ സഹോദരസ്നേഹവും ഒപ്പം സിയാനോടുള്ള അമിതസ്നേഹവും വ്യക്തമാക്കുന്നവയാണവ. മറ്റാരുമറിയാതെ സിയാൻ തിയോയ്ക്കുള്ള കത്തും തിയോയുടെ കത്തും വായിക്കുന്ന രംഗങ്ങൾ ഉണ്ട്. അവൾ തിയോയെ സ്നേഹിച്ചിരുന്നു, സ്വന്തം അനുജനെ പോലെ. എന്നാൽ തിയോ തന്നെപ്പറ്റി ചിന്തിച്ചത് വാൻഗോഗിനെ പിടിച്ചുവച്ചിരിക്കുന്ന തെരുവുവേശ്യ എന്നാണ്. അയാൾ വീട്ടിൽ വരുമ്പോൾ ഒളിച്ചുനിന്നു കാണുകയും അവർക്കുള്ള ഭക്ഷണം ഒരുക്കി വെക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പുച്ഛത്തോടെ അയാൾ കടന്നുപോവുകയാണ് ചെയ്തത്. വളരെ നിരാശാജനകമായിരുന്നു ആ സന്ദർഭം.

ചില യാത്രാക്കുറിപ്പുകൾ ഏറെ ഹൃദ്യമായിട്ടാണ് നോവലിൽ കാണുന്നത്. ആഴ്ചകളോളം നീണ്ടുനിൽക്കുന്ന കനാൽയാത്ര പ്രകൃതിയെയും പ്രപഞ്ചത്തെയും തിരിച്ചറിഞ്ഞുകൊണ്ടുള്ള ഒരു കുടുംബയാത്രയായിരുന്നു. ഏറ്റവും ഉദാത്തമായ ഒരു പ്രണയം തന്നെയായിരുന്നു വാൻഗോഗിന്റേത്. ലോകത്ത് ഒരു പുരുഷനും തോന്നാത്ത തരത്തിലുള്ള സ്നേഹം. മറ്റൊരാളുടെ കുട്ടിയെ വളർത്തുന്ന, തന്തയാരെന്നറിയാത്ത മറ്റൊരു ഗർഭവുമായി ജീവിക്കുന്ന ഒരുവളെ അകമഴിഞ്ഞ് സ്നേഹിക്കാൻ, കൂടെപാർക്കാൻ, അവൾക്കു വേണ്ടി ബന്ധുക്കളെ ഉപേക്ഷിക്കാൻ വാൻഗോഗിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. പ്രണയവും സ്നേഹവും ഒന്നിക്കുന്ന ഈ നോവൽ മലയാളനോവൽ ചരിത്രത്തിൽ വേറിട്ടു നിൽക്കുന്നു. വാൻഗോഗിന്റെ മരണം ഈ നോവലിൽ ആവിഷ്കരിച്ചിട്ടില്ല. അതുപോലെ ചെവി മുറിച്ചു കൊടുക്കുന്ന സംഭവവും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. സിയാന് ഒരു കുട്ടി ജനിക്കുന്നതും ആ കുട്ടിക്ക് പേരിടുന്നതും വരെയുള്ള ശുഭകരമായ ജീവിതമാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇവിടെ വ്യത്യസ്തതനായ, മഹാനായ ഒരു മനുഷ്യനെ ഏറ്റവും അടുത്തുനിർത്തി വായിക്കാൻ സഹായിക്കുന്നു ഈ നോവൽ.

ജീവിതംതന്നെ ഒരു ചിത്രശാലയായി കൊണ്ടുനടന്നിരുന്ന ഒരു മനുഷ്യന്റെ ജീവിതം ഇങ്ങനെ തന്മയത്വത്തോടെ അവതരിപ്പിക്കാൻ സിയാൻ എന്ന കഥാപാത്രത്തിലൂടെ മാത്രമേ സാധിക്കൂ. വാൻഗോഗിന്റെ കുട്ടിക്കാലമോ യൗവനമോ ഒന്നും അത്രകാര്യമായി നോവലിൽ കടന്നുവരുന്നില്ല. ചില സൂചനകളിലൂടെ ആനുഷംഗികമായി പറയുന്നുണ്ടെന്നു മാത്രം. അതിന്റെ ആവശ്യമേയുള്ളൂതാനും. ഒരുനൂറ്റാണ്ടിനു മുൻപുള്ള ജീവിതം അതും ഹേഗ് പോലെയുള്ള പട്ടണത്തിൽ സംഭവിച്ച വസ്തുതകൾ അവതരിപ്പിക്കുക ഒരു വെല്ലുവിളി തന്നെയായിരുന്നു. കണ്ടിട്ടുപോലുമില്ലാത്ത ഇടങ്ങളെ ഭവനാത്മകമായി ചിത്രീ

കരിക്കുന്നത് പ്രത്യേക കഴിവ് തന്നെയാണ്. ആഖ്യാനരീതിയിലും ഭാഷയിലും എഴുത്തുകാരൻ സ്വീകരിച്ച ലാളിത്യവും വൈകാരികതയും ഏറെ പ്രാധാന്യമർഹിക്കുന്നു.

കുറച്ചു നാളത്തെ ജീവിതത്തിലൂടെ എല്ലാകാലത്തിലെയും കാര്യങ്ങൾ പറഞ്ഞു വെക്കുക എന്ന ദൗത്യവും സിയാനുണ്ടായിരുന്നു. അറിയപ്പെടാതെ പോകേണ്ട ഒരു തെരുവുവേശ്യയുടെ ജീവിതം നൂറ്റാണ്ടുകൾക്കിപ്പുറവും എഴുതപ്പെടുന്നു എന്നതു തന്നെയാണ് ഈനോവലിന്റെ പ്രസക്തിയും. ജീവചരിത്രനോവലുകളുടെ കൂട്ടത്തിൽ എടുത്തുപറയാനാവുന്ന ഒരു നോവലാണ് ജേക്കബ് എബ്രഹാമിന്റെ വാൻഗോഗിന്റെ കാമുകി. വാൻഗോഗിന്റെ ചിത്രലോകവും ജീവിതവും ഈകൃതിയിൽ വിശദമായി ചർച്ചചെയ്യുന്നു. അദ്ദേഹം വരച്ച ഓരോ ചിത്രത്തിന്റെയും അനുഭവം കടന്നുവരുന്നുണ്ട്. സിയാൻ എന്ന തെരുവുവേശ്യയിലൂടെ കഥനം നിർവ്വഹിക്കുന്ന ഈ നോവൽ വിചിത്ര സ്വഭാവിയായ ഒരു മനുഷ്യന്റെ എല്ലാ അംശങ്ങളും തുറന്നുകാട്ടുന്നു. വർണ്ണസങ്കലന ത്തെയും പ്രകൃതിയിലെ നിറങ്ങളുടെ കോർത്തെടുപ്പിനെയും പ്രത്യേകം പരാമർശി ക്കുന്നുണ്ട്. ഒരു സ്ത്രീയുടെ ദൈന്യവും പ്രണയത്തിലൂടെ വിശുദ്ധമാക്കപ്പെട്ട മനസ്സിന്റെ ശക്തിയും തിരിച്ചറിയാനാകും. ലോകത്തോടു തനിക്കുള്ള പ്രതിഷേധം വാൻഗോഗ് പ്രഖ്യാപിക്കുന്നുണ്ട്. നിരർത്ഥകമായ സദാചാരബോധത്തെ വിമർശിക്കുന്നുണ്ട്. ഒരുപച്ച മനുഷ്യനെയാണ് ഇവിടെ കാണുന്നത്. ആഖ്യാനത്തിലെ വ്യതിരിക്തത, ലളിതമായ ഭാഷ, വൈകാരികത നിറഞ്ഞ വാക്യങ്ങൾ എന്നിവ ഈനോവലിനെ ആത്മാംശമുള്ള ഒരു കൃതിയാക്കി മാറ്റുന്നു. വാൻഗോഗിനെ അറിയാൻ, ആ മനസ്സിന്റെ ഉന്മത്താവസ്ഥകൾ അറിയാൻ ഈ കൃതി സഹായകരമാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *തരകൻ,കെ.എം., മലയാളനോവൽസാഹിത്യചരിത്രം, കേരളസാഹിത്യഅക്കാദമി, തൃശൂർ,1978.*
2. *നടുവട്ടംഗോപാലകൃഷ്ണൻ,ഡോ., ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1985.*
3. *ബെഞ്ചമിൻ, ഡോ. ഡി, ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്,കോട്ടയം, 2015.*
   *വാൻഗോഗിന്റെവിഖ്യാതചിത്രങ്ങൾ, ലിങ്ക്*
   *https://ml.m.wikipedia.org/wiki/%E0%B4% AA%E0% B5%8D% E0%B4 %B0% E0% B4%AE%E0%B4%BE%E0%B4%A3%E0%B4%82:Vincent_Van_Gogh_-_The_Potato_Eaters.png*

# ദൃശ്യബിംബങ്ങളുടെ ആവിഷ്കാരം- സുഭാഷ്ചന്ദ്രന്റെ പറുദീസാനഷ്ടം എന്ന കഥയെ ആസ്പദമാക്കിയുള്ള പഠനം

**ഹർഷ സിറിയക്**

ഗവേഷക, മലയാളവിഭാഗം, എം. ജി. കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സാഹിത്യം, കല എന്നിവ ഉൾപ്പെടെയുള്ള സാംസ്കാരികരൂപങ്ങളിൽ മാത്രമല്ല, വാണിജ്യം, പരസ്യം, ആശയവിനിമയം തുടങ്ങിയ സാമൂഹിക മേഖലകളിലെയും ബിംബങ്ങളെ നിത്യജീവിതത്തിൽ നാം അഭിമുഖീകരിക്കാറുണ്ട്. വാച്യാതീതമായ ആശയങ്ങളും അർത്ഥങ്ങളും ഉല്പാദിപ്പിക്കുന്ന അവയ്ക്ക് നിരവധി ഉദ്ദേശ്യങ്ങളുണ്ട്. അവതരിപ്പിക്കുന്ന വിഷയത്തിന്റെ ശക്തി അനുവാചകനെ ബോധ്യപ്പെടുത്തുവാനാണ് സാഹിത്യത്തിൽ ബിംബകല്പനകൾ ഉപയോഗിക്കുന്നത്. തിരക്കഥാഖ്യാനത്തിന്റെ കരുത്ത് ശബ്ദദൃശ്യ സൂചനകളിലൂടെ തയ്യാറാക്കുന്ന ദൃശ്യബിംബങ്ങളാണ്. മാധ്യമസ്വഭാവത്തിന് അനുസൃതമായി ദൃശ്യബിംബങ്ങൾ എങ്ങനെ വ്യത്യസ്തത പുലർത്തുന്നു എന്ന അന്വേഷണമാണ് ഈ പഠനം.

***താക്കോൽവാക്കുകൾ:*** സാഹിത്യം, ബിംബം, ആഖ്യാനരീതി, അർത്ഥതലങ്ങൾ

ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിലയിൽ സ്വീകരിക്കപ്പെട്ട ഭാഷ സാഹിത്യാനുഭവമെന്ന തലത്തിലേക്ക് വികസിക്കുന്നത് സവിശേഷമായ ചില ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്. വാക്കുകളുടെ ക്രമപ്പെടുത്തലിലൂടെ ഭാഷയുടെ വിനിമയശേഷിയിൽ വ്യത്യാസമുണ്ടാക്കുകയും അർത്ഥപ്രദാനത്തിന് അപൂർണ്ണതകൾ ഉണ്ടാകുന്നിടത്ത് ബിംബങ്ങളെ ഉപയോഗിക്കുകയും ചെയ്യുന്നത് സർവ്വസാധാരണമാണ്. കവിത, നാടകം, നോവൽ തുടങ്ങിയ സർഗാത്മകസാഹിത്യ രൂപങ്ങളിലെല്ലാം തത്കർത്താ

ക്കൾ ബിംബകല്പനകളിലൂടെ ഭാവവ്യഞ്ജനയ്ക്കായി ശ്രമിക്കുന്നു. സാഹിത്യ പ്രവണതകളും അഭിരുചികളും കാലാകാലമായി പരിവർത്തനവിധേയമാകുമ്പോഴും സൗന്ദര്യാനുഭൂതിയുടെ അടിസ്ഥാനഘടകങ്ങളിലൊന്നായി ബിംബം അവശേഷിക്കുന്നു. മൂർത്തമായ ബാഹ്യലോകവും സാഹിത്യസ്രഷ്ടാവിന്റെ ആന്തരികലോകവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായിട്ടാണ് ബിംബകല്പനകൾ പ്രവർത്തിക്കുന്നത്. അവ വാക്കുകൾകൊണ്ട് നിർമ്മിക്കുന്ന വെറും അലങ്കാരപ്പണികളോ ആഭരണങ്ങളോ അല്ല. അത് എഴുത്തുകാരന്റെ ദർശനബോധത്തിന്റെ ഏറ്റവും സത്യസന്ധമായ സാക്ഷ്യങ്ങളാണ്. ബിംബങ്ങൾ സൃഷ്ടിയുടെ വേളയിൽ എഴുത്തുകാരന്, തന്നെയും പ്രപഞ്ചത്തെയും അറിയാനുള്ള മാർഗമായിത്തീരുന്നു. അതുകൊണ്ട് വായനക്കാരൻ ബിംബകല്പനകൾ അപഗ്രഥിച്ചുവേണം എഴുത്തുകാരന്റെ വ്യക്തിത്വത്തിലും, അയാളുടെ ദാർശനികമായ വിഷമസമസ്യകളിലും എത്തിച്ചേരേണ്ടത്.'[1]

'കാലാകാലങ്ങളായി ബിംബങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുള്ളത് പ്രകൃതിയെയും സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള വിഭിന്നങ്ങളായ അർത്ഥങ്ങൾ നിർമ്മിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനുമാണ്. ഒപ്പം മൂർത്താശയങ്ങളെയുംസാങ്കല്പിക ലോകങ്ങളെയും പ്രതിനിധാനം ചെയ്യാനും.'[2] ദൃശ്യപ്രധാനമായ ചിത്രരൂപങ്ങളായിരുന്നു അവ. ചരിത്രത്തിൽ ഇത്തരം ബിംബങ്ങൾ ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ളത് മതപരമായ മിത്തുകൾ, മതാനുശാസനങ്ങൾ, ചരിത്രസംഭവങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കുന്നതിനു വേണ്ടിയാണ്. ക്ഷേത്രങ്ങളിലെയും മറ്റും ചുവർചിത്രങ്ങളും ശില്പങ്ങളും ഉദാഹരണം. യാഥാർത്ഥ്യം, ഭാവന, വികാരങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കാനുള്ള ഉപാധികളാണ് ആ ചിത്രരൂപങ്ങൾ.[3] ഇത്തരം ബിംബങ്ങളിൽ നിന്ന് വ്യത്യസ്തമാണ് സാഹിത്യത്തിലെ ബിംബങ്ങൾ. ഇമേജ്, ഇമേജറി എന്നീ ആംഗലപദങ്ങൾക്കു തുല്യമായാണ് ബിംബം, ബിംബകല്പന എന്നിങ്ങനെ മലയാളത്തിൽ പ്രയോഗിക്കുന്നത്. സാഹിത്യകൃതിയിൽ അടങ്ങിയിട്ടുള്ള ബിംബങ്ങളെ ഒരുമിച്ചുചേർത്ത് 'ബിംബകല്പന'എന്നുപറയാം. 'ഇമേജറി'ക്കു സമാനമായി പലരും പല പദങ്ങളും ഉപയോഗിച്ചു കണ്ടിട്ടുണ്ടെങ്കിലും സാഹിത്യപഠനലോകത്ത് പൊതുവെ സ്വീകരിച്ചിട്ടുള്ള സംജ്ഞ ബിംബകല്പന എന്നതാണ്.

ആധുനികതയുടെ ആവിർഭാവത്തോടെയാണ് മലയാള ചെറുകഥാസാഹിത്യത്തിൽ ആഖ്യാനതന്ത്രമെന്ന നിലയിൽ ബിംബങ്ങൾ പ്രാമുഖ്യം നേടിയത്. ആദ്യകാലകഥാകൃത്തുകളിലും യഥാതഥ കഥാകൃത്തുക്കളിലും അലങ്കാരപ്രയോഗങ്ങളും ചിത്രകല്പനകളും പ്രതീകങ്ങളും പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും കഥയുടെ ആവിഷ്കാരരീതിയിലും ദർശനത്തിലും അവയ്ക്ക് വിശേഷിച്ച് ഒരു മാറ്റവും ഉണ്ടായിരുന്നില്ല. എം. ടി., മാധവക്കുട്ടി, ടി. പത്മനാഭൻ തുടങ്ങിയവർ ഉൾപ്പെടുന്ന പൂർവ്വാധുനികരുടെ കഥകൾ രംഗത്തെത്തിയതോടെ ഈ സ്ഥിതി മാറി. കഥാഖ്യാനത്തിൽനിന്നും ഇളക്കിമാറ്റാനാകാത്ത ഒന്നാണ് ബിംബകല്പനകൾ എന്ന് അവരുടെ രചനകൾ തെളിയിച്ചു. ഒ. വി. വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ. സേതു, എം. പി. നാരായണപിള്ള, പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങിയവർ ഉൾപ്പെടുന്ന ആധുനിക കഥാകൃത്തുക്കൾ ബിംബകല്പനകളും കഥാഖ്യാനവും തമ്മിലുള്ള

ബന്ധത്തെ വികസിതമാക്കി. 'ഇമേജറി ഇല്ലാത്ത സാഹിത്യം ഭാവനാശൂന്യമായ സാഹിത്യരൂപമാണെന്ന് അഴീക്കോട് പറയുന്നുണ്ട്.'[4]

സാഹിത്യത്തിലായാലും സിനിമയിലായാലും ദൃശ്യത്തെ ദൃശ്യബിംബമെന്ന നിലയിൽ പരിഗണിക്കാനാവുക, ഇതിവൃത്തവികാസത്തെ സഹായിക്കുന്നതിലുപരി മറ്റു ധർമങ്ങളും നിർവഹിക്കുമ്പോഴാണ്. 'ഭാവനയുടെ സഹായത്തോടെ വിവിധ പ്രമേയങ്ങൾ തമ്മിലുള്ള ബന്ധം സൃഷ്ടിച്ചെടുക്കാനും പ്രമേയങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ സാധിച്ചെടുക്കാനും സഹായിക്കുന്ന ദൃശ്യങ്ങളാണ് ദൃശ്യബിംബങ്ങളായിത്തീരുന്നത്.'[5] ആസ്വാദകന്റെ സവിശേഷ ശ്രദ്ധ അത്തരം ദൃശ്യങ്ങളിലേക്കാകർഷിക്കപ്പെടുന്നു. ഘടനകൾ കണ്ടെത്തുകയും ആ ഘടനകളെ കലാസൃഷ്ടിയുടെ സമഗ്രതയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന സമീപനത്തിൽ സഹായത്തിനെത്തുന്ന ഇത്തരം ദൃശ്യങ്ങളെയാണ് ദൃശ്യബിംബങ്ങളായി കണക്കാക്കുന്നത്. രൂപകങ്ങളിലും ഉപമകളിലും വിരോധാഭാസങ്ങളിലും നിറഞ്ഞുകിടക്കുന്ന ദൃശ്യബിംബങ്ങളെ കണ്ടെത്തി അവ തമ്മിലുള്ള ബന്ധം മനസ്സിലാക്കുകയാണ് സാഹിത്യനിരൂപകൻ ചെയ്യുന്നത്. ചലച്ചിത്രനിരൂപകന് അസംഖ്യം ദൃശ്യങ്ങളിൽനിന്നാണ് പ്രസക്തമായ ദൃശ്യബിംബങ്ങളെ കണ്ടെത്തേണ്ടിവരുന്നത്. സാഹിത്യത്തിൽ വാക്കുകളാണ് മാധ്യമമെങ്കിൽ ചലച്ചിത്രത്തിൽ ദൃശ്യങ്ങൾ തന്നെയാണ് മാധ്യമമെന്നത് ലളിതവും അടിസ്ഥാനപരവുമായ വസ്തുതയാണ്. നായകന്റെ സവിശേഷകല്പനകൾ, അർത്ഥസൂചനകൾ എന്നിവ സാഹിത്യത്തിലും ഷോട്ടുകൾ, ആംഗിളുകൾ, ക്യാമറാ ചലനങ്ങൾ എന്നിവ സിനിമയിലും മാറ്റി രൂപീകരിക്കുന്നു. അതുകൊണ്ടുതന്നെ സാഹിത്യത്തിലെ ദൃശ്യബിംബങ്ങൾ ഭാഷയുമായും സിനിമയിലെ ദൃശ്യബിംബങ്ങൾ ദൃശ്യങ്ങളുടെ തന്നെ സവിശേഷമായ ദൃശ്യപരതയുമായും ബന്ധപ്പെട്ടിരിക്കുന്നു.

സിനിമയിലെയും സാഹിത്യത്തിലെയും ദൃശ്യബിംബങ്ങൾക്ക് കേവലമായ വ്യക്തിത്വം അവകാശപ്പെടാനാവുകയില്ല എങ്കിലും അവയുടെ അസ്തിത്വം മാധ്യമപരമായ സവിശേഷതകളുമായി അടിസ്ഥാനപരമായി ബന്ധപ്പെട്ടുകിടക്കുന്നു. അതത് മാധ്യമത്തിന്റെ സ്വഭാവങ്ങൾക്കനുസരിച്ച് സാധ്യതകളെ ചൂഷണം ചെയ്യാനാണ് ഇരുമാധ്യമങ്ങളിലും ദൃശ്യബിംബങ്ങൾ ശ്രമിക്കുന്നത്. എന്നാൽ ചില ദൃശ്യബിംബങ്ങൾക്ക് മാധ്യമപരമായ സവിശേഷതകളെ അടിസ്ഥാനമാക്കി സാഹിത്യത്തിലും സിനിമയിലും പ്രാധാന്യം ലഭിക്കുന്നുണ്ട്. ദൃശ്യബിംബങ്ങളുടെ ഈ സവിശേഷതകൾ എങ്ങനെയാണ് മേൽപ്പറഞ്ഞ രണ്ടു രീതിയിലും പ്രത്യക്ഷപ്പെടുന്നതെന്ന് സുഭാഷ്ചന്ദ്രന്റെ പറുദീസാനഷ്ടം എന്ന കഥയെ അടിസ്ഥാനമാക്കി ഇന്ദുമേനോൻ തിരക്കഥയെഴുതി രൂപേഷ്പോൾ സംവിധാനം ചെയ്ത 'മൈ മദേഴ്സ് ലാപ്ടോപ്' എന്ന ചലച്ചിത്രത്തെ ആധാരമാക്കി ഇവിടെ വിശകലനം ചെയ്യുന്നു.

ആധുനികാനന്തരഘട്ടത്തിൽ ചെറുകഥാസാഹിത്യം കൂടുതൽ രൂപപ്രാധാന്യം നേടുന്നു. ആനുകാലികത കൈവരിക്കുന്നതിനിടയിൽ പലപ്പോഴും അപ്രസക്തമായ രൂപഭ്രമത്തിലേക്കു ചിലർ വഴുതിവീഴാറുണ്ട്. അപ്പോൾ ആവിഷ്കൃതമാകുന്ന ജീവിതാംശത്തിന്റെ സാന്ദ്രത നഷ്ടമാകുന്നു. എന്നാൽ രൂപനവത്വം തേടിക്കൊണ്ടുതന്നെ ആവിഷ്കൃത ജീവിതത്തിന്റെ ഘനമാനം നിലനിറുത്തുന്ന ചെറുകഥകളാണ് സുഭാഷ്ചന്ദ്രന്റേത്.

ജീവിതമെന്ന ദുരന്തസമസ്യയുടെ അനന്തമായ വൈചിത്ര്യങ്ങളിൽനിന്നും അതു നല്കുന്ന അപാരമായ സാധ്യതകളിൽനിന്നും ഒരിഴ അതിന്റെ ഗാഢതയിൽ അവതരിപ്പിക്കുന്നതാണ് സുഭാഷ് ചന്ദ്രന്റെ രീതി. കഥാകാരനെ ശ്രദ്ധേയനാക്കിയ ആദ്യകഥകളിൽത്തന്നെ ഇതു പ്രകടമാണ്. ആധുനികലോകക്രമത്തിന്റെ വിമർശനങ്ങൾ കഥയിൽ ഉണ്ടെങ്കിലും മരണം തുടങ്ങിയുള്ള ചിരന്തന സമസ്യകളാണ് മുഖ്യപ്രമേയമായി സുഭാഷ് ചന്ദ്രൻ സ്വീകരിക്കുന്നത്. മറ്റു പ്രമേയങ്ങളിലേക്ക് കടക്കുമ്പോഴും അവയെ ഗൌരവമുള്ള ജീവിതാവസ്ഥയുടെ മൂർത്തീകരണമായി അവതരിപ്പിക്കുകയാണ് പതിവ്.

വാക്കുകളും വാക്യങ്ങളും വിന്യസിക്കുന്നതിൽ, ബിംബങ്ങളുടെയും പദയോജനങ്ങളുടെയും നിർമ്മിതിയിലുമൊക്കെ സൂക്ഷ്മത പുലർത്തുന്നു സുഭാഷ്ചന്ദ്രൻ. പുതുമയുണർത്തുന്ന പദച്ചേരുവകളും ആഘാതമായിത്തീരുന്ന ബിംബാവലികളും കഥയുടെ ആഖ്യാനക്രമത്തെ ഇഴമുറുക്കവും ചൊടിയുമുള്ളതാക്കുന്നു. കള്ളുഷാപ്പിനെ 'ബലരാമക്ഷേത്രം' എന്ന് കല്പിക്കുമ്പോഴും 'തള്ളയുടെ മുലപ്പാലിൽ വേവിച്ച ആട്ടിൻകുട്ടി'യെ പരാമർശിക്കുമ്പോഴും ഈ രചനാരീതിയുടെ സവിശേഷത പ്രകടമാകുന്നു. നിഗൂഢമായ അന്തർധാരയായി വർത്തിക്കുന്ന കറുത്ത ഹാസ്യം ഇടയ്ക്കു മിന്നിമറയുമെങ്കിലും പൊതുവിൽ രചനകളിലെ അന്തരീക്ഷം ദുരന്തത്തിന്റെ ഘനിമയാർന്നതാണ്.

പത്തുമാസക്കാലം തന്നെ ചുമന്നുകൊണ്ടുനടന്ന അമ്മയുടെ ഗർഭപാത്രം നഷ്ടപ്പെട്ടുപോയ മകന്റെ വ്യാകുലതകളും ദുരിതചിന്തകളും വിഷാദവും ചിത്രീകരിക്കുന്ന സുഭാഷ്ചന്ദ്രന്റെ കഥയാണ് പറുദീസാനഷ്ടം. കറുത്ത പോളിത്തീൻ കവറിൽ പൊതിഞ്ഞ അമ്മയുടെ ഗർഭപാത്രം ഉൾക്കൊള്ളുന്ന പ്ലാസ്റ്റിക് ഭരണി നരേന്ദ്രൻ എവിടെയോ മറന്നുവച്ചു. ഏറെനേരത്തെ തിരച്ചിലിനു ശേഷവും അത് കണ്ടുകിട്ടുകയുണ്ടായില്ല. 'വീണ്ടും റോഡിലേക്കിറങ്ങുമ്പോൾ തൊഴിലാളിയെന്നു വിളിക്കാൻ പ്രായമായിട്ടില്ലാത്ത ഒരു ഹോട്ടൽ പയ്യൻ ഇളിച്ചുകൊണ്ട് നരേന്ദ്രനോട് ചോദിച്ചു 'എന്തായിരുന്നു സാർ പൊതിയിൽ.'[6] 'നരേന്ദ്രൻ അവന്റെ മുഖത്തേക്കുനോക്കി. എങ്കിലും അയാൾ അവനെ കണ്ടില്ല. അയാൾ ആരെയും കണ്ടില്ല. പരിഭ്രമം മറയ്ക്കുന്ന ഒരു ചിരിയോടെ നരേന്ദ്രൻ തന്നോടുതന്നെ അതിനുത്തരം പറഞ്ഞു. 'ഒരു പഴയ പാത്രം''[7] ജീവിതമെന്ന യാത്രയിൽ കൂടെയുണ്ടായിരുന്നതും സ്വന്തമായിരുന്നതുമായ പല ഇടങ്ങളും നഷ്ടപ്പെട്ടുപോവുകയും പുതിയ ഇടങ്ങൾ അവ സ്വന്തമാക്കുകയും ചെയ്യും. ഇത് വർത്തമാനകാലജീവിതാവസ്ഥയാണ്. മനുഷ്യന് നഷ്ടപ്പെടുന്നതും നഷ്ടപ്പെടാതിരിക്കുന്നതുമായ പലതരം ഇടങ്ങളെ പറുദീസാനഷ്ടം എന്ന കഥയിലൂടെ സുഭാഷ്ചന്ദ്രൻ അവതരിപ്പിക്കുന്നു. ഭൂതകാലത്തിലെന്നോ അനുഭവിച്ചതും പിന്നീട് നഷ്ടമായതെന്ന് കരുതപ്പെടുന്നതുമായ ഒരു സ്വർഗ്ഗത്തെക്കുറിച്ചുള്ള ആകുലതകളും ഉത്കണ്ഠകളും പ്രമേയമാക്കുന്ന കൃതിയിൽ ദൃശ്യബിംബങ്ങളുടെ സാന്നിധ്യം പ്രകടമാണ്. ആസ്വാദകന്റെ ശ്രദ്ധ അത്തരം ദൃശ്യങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു.

അമ്മയുടെ ഗർഭപാത്രത്തെ 'കാഴ്ചയിൽ അതൊരു ഹൃദയം പോലുണ്ടായിരുന്നു. ഒരു മാൻകുഞ്ഞിന്റെ ശിരസ്സോളം വലിപ്പം, കൊമ്പുകളുടെ സ്ഥാനത്ത് ഇരുവശത്തേയ്ക്കും നിരാലംബമായി ഇഴഞ്ഞുതൂങ്ങിയ അണ്ഡവാഹിനികൾ; പിന്നെ ചോരക്കുഞ്ഞുങ്ങൾ

ക്കെന്നപോലുള്ള ഒരു ചുവന്ന ദൈന്യവും'[8] എന്ന് കഥാകൃത്ത് ചിത്രീകരിക്കുന്നിടത്ത് അമ്മയുടെ ഗർഭപാത്രം കാണുന്ന മകന്റെ നിസ്സംഗതയും ആന്തരികാനുഭവ സങ്കീർണ്ണതകളും പ്രകടമാണ്. ഡോക്ടർ ബീനാകോശിയുടെ കൈകളിൽ പറ്റിയിരിക്കുന്ന രക്തത്തെ 'അപ്പോൾ അവരുടെ നാടൻ കോഴിമുട്ടയുടെ നിറമുള്ള കൈയുറകളിൽ അമ്മയുടെ ആന്തരികാവയവത്തിൽ നിന്നുള്ള രക്തം മഷികുടഞ്ഞതുപോലെ ചിതറിയിരിക്കുന്നത് നരേന്ദ്രൻ കണ്ടു'[9] എന്ന് പറയുന്നിടത്തും ഇത് ദൃശ്യമാണ്.

സാഹിത്യത്തിൽ ദൃശ്യബിംബങ്ങൾക്ക് അഗാധമായ അർത്ഥസന്ദിഗ്ദ്ധതകൾക്കുള്ള സാധ്യതകളുണ്ട്. എങ്കിലും അവ വാക്കുകളിൽ തളയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവയ്ക്ക് ഭാഷയുടെ വ്യാകരണനിയമങ്ങളെ അനുസരിക്കേണ്ടിവരുന്നു. അതുകൊണ്ടാണ് സാഹിത്യത്തിൽ ദൃശ്യബിംബങ്ങൾ പലപ്പോഴും രൂപകങ്ങളിലൂടെയും ഉപമകളിലൂടെയും പ്രത്യക്ഷപ്പെടുന്നത്. ഇതൊരു പരിമിതിയായിത്തീരുന്നില്ല. മറിച്ച് ഇവയിലൂടെ അമൂർത്തമായ സങ്കൽപ്പങ്ങൾക്കും അനുഭൂതികൾക്കും ആവിഷ്കരണസാധ്യത സാഹിത്യത്തിൽ കുടുതലാകുന്നു. 'അമ്മ ഇപ്പോൾ തായ് വേരടർന്ന ഒരു മരംപോലെ കിടക്കുന്നുണ്ടാകണം; അല്ലെങ്കിൽ ഒഴുക്കു നിലച്ച ഒരു പുഴപോലെ'[10] എന്ന് പറയുന്നിടത്ത് ഈ സ്വഭാവം പ്രകടമാണ്.

സമയം എന്ന സങ്കൽപത്തിന്റെ പ്രതീകമായ 'സമയം' എന്ന വാക്ക് ഒരു ചിഹ്നമായി ഉപയോഗിക്കാൻ സാഹിത്യത്തിൽ സാധിക്കുന്നു. 'ചിലപ്പോൾ റബ്ബർനാടപോലെ വലിച്ചാൽ നീളുന്നതും ചിലപ്പോൾ വീണക്കമ്പിപോലെ മുറുകിപ്പൊട്ടുന്നതുമായ സമയം....'[11] എന്നാണ് കഥാകൃത്ത് പറയുന്നത്. സമയത്തെക്കുറിച്ചോർത്തുകൊണ്ടിരിക്കുന്ന നരേന്ദ്രന്റെ മാറാരോഗത്തോടൊപ്പം അദ്ദേഹത്തിന് അനുഭവപ്പെട്ട സമയത്തിന്റെ ദൈർഘ്യവും ഇതിലൂടെ വ്യക്തമാക്കുന്നു.

അമ്മയുടെ ഗർഭപാത്രം അടങ്ങുന്ന പൊതി മകൻ തന്നോടു ചേർത്തുപിടിച്ചു. അതിൽ നിന്നു പ്രസരിക്കുന്ന തണുപ്പ് അയാൾ അറിഞ്ഞു. 'സമസ്ത സാന്ത്വനങ്ങളുടെയും ബോധിവൃക്ഷം വിത്തിലേക്ക് മടങ്ങിപ്പോയി അയാളുടെ കൈപ്പടങ്ങൾക്കുള്ളിലെ പ്ലാസ്റ്റിക് ഭരണിയിൽ ഒതുങ്ങി.'[12] അമ്മ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും അറിവിന്റെയും ഉറവിടമാണ്. മനുഷ്യന്റെ ആദ്യ ജന്മഗൃഹമായ ഗർഭപാത്രം ഒരു വിത്തിന്റെ രൂപത്തിൽ അയാളുടെ കൈപ്പടങ്ങൾക്കുള്ളിലെ പ്ലാസ്റ്റിക് ഭരണിയിൽ ഒതുങ്ങുന്ന ദൃശ്യം മനസ്സിനെ ഉലയ്ക്കുന്നു. 'പല കൈവഴികളായി ഒഴുകി നിറഞ്ഞ മനുഷ്യപ്പുഴയിൽ വാഹനങ്ങൾ പൊങ്ങുതടികളെപ്പോലെ ഇളകിയൊഴുകി'[13] എന്ന് പറയുന്നിടത്ത് നഗരത്തിന്റെ ആഢംബരഭ്രമവും വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവും സൂചിതമാണ്. നഗരത്തിലെ ജനവർദ്ധനവിനെയും തിരക്കിനെയും 'ചിതലുകൾ കൂടിയ മൺപുറ്റുപോലെ പുറത്ത് ആൾക്കൂട്ടം ഉറച്ചുകട്ടിയാകുന്നത് അയാൾ കണ്ടു'[14] എന്ന വാക്യത്തിലൂടെയാണ് കഥയിൽ അവതരിപ്പിക്കുന്നത്. തന്റെ ആദ്യജന്മഗൃഹമായ അമ്മയുടെ ഗർഭപാത്രവും ചുമന്നുകൊണ്ട് തിരക്കിലൂടെ നടന്നുനീങ്ങുന്ന നരേന്ദ്രൻ 'സ്വന്തം പ്യൂപ്പത്തൊണ്ടും കടിച്ചുപിടിച്ചു നടക്കുന്ന ഒരു ചിത്രശലഭപ്പുഴുവായി'[15] മാറുന്നത് കഥാകൃത്ത് ആവിഷ്കരിക്കുന്നു.

അമ്മയുടെ ഗർഭപാത്രം നഷ്ടപ്പെട്ട മകന്റെ അവസ്ഥ 'കരയ്ക്കു പിടിച്ചിട്ട ഭയങ്കരനായ ഒരു കടൽജീവിയെപ്പോലെ പിടച്ചുകൊണ്ടിരിക്കുന്ന തെരുവിലേക്ക് നരേന്ദ്രൻ ഇറങ്ങി'[16] എന്ന വാകൃത്തിലൂടെ വ്യക്തമാണ്. സാഹിത്യത്തിൽ വാക്കുകൾക്ക് ഭാഷയുടെ വികാസവുമായും മറ്റു വാക്കുകളുമായും ഉള്ള ബന്ധം വ്യത്യസ്താനുഭവങ്ങളെ ആവിഷ്കരിക്കുന്നതിനു സഹായകമായിത്തീരുന്നു. 'ഭയം അതിന്റെ തീക്കനൽ പോലുള്ള നാക്കുകൊണ്ട് നരേന്ദ്രന്റെ നട്ടെല്ലിൽ നക്കി'[17] എന്ന് പറയുന്നിടത്ത് കഥ അവസാനിക്കുമ്പോൾ ആ ഭയം വായനക്കാരന്റെ ഉള്ളിലേയ്ക്കും സംക്രമിക്കുന്നു.

സുഭാഷ്ചന്ദ്രന്റെ പറുദീസാനഷ്ടം എന്ന ചെറുകഥയെ ആസ്പദമാക്കി ഇന്ദുമേനോൻ തിരക്കഥയെഴുതിയ ചിത്രം ആഖ്യാനാനുഭവത്തിൽ വ്യതിരിക്തമായി. ചെറുകഥയുടെ ആഖ്യാനതലത്തെ അത്രകണ്ട് പിൻപറ്റുന്നില്ല എങ്കിലും മൂലകഥയുടെ അടിസ്ഥാന ആഖ്യാനത്തോട് ചേർന്നുനിന്നുകൊണ്ടാണ് രൂപേഷ്പോൾ ചിത്രം സംവിധാനം ചെയ്തത്.

മാതൃത്വത്തിന്റെ മഹത്വവും സ്നേഹത്തിന്റെ അഗാധതയും അഭ്രപാളികളിൽ വരച്ചിടുകയാണ് 'മൈ മദേഴ്സ് ലാപ്ടോപ്' (അമ്മയുടെ മടിത്തട്ട്). അമ്മയുടെ വാത്സല്യത്തിന്റെ അഗാധതയെ കണ്ടെടുക്കാൻ ശ്രമിക്കുന്നതാണ് ചിത്രത്തിന്റെ ഇതിവൃത്തം. മകനിൽ നിറഞ്ഞു തുളുമ്പുന്ന അമ്മയോടുള്ള സ്നേഹം മാതൃരതിയുടെ കാഴ്ചപ്പെടൽ ആകുന്നു. അച്ഛനെ വെറുക്കുകയും അമ്മയോട് സ്നേഹവും കാമവും സൂക്ഷിക്കുകയും ചെയ്യുന്ന മകനിലെ ഈഡിപ്പസ് കോംപ്ലക്സിനെ ചിത്രം തുറന്നുകാണിക്കുന്നു. ഒരു പ്രത്യേക നിമിഷത്തിൽ അമ്മയോടു പറയാതെ വീടുവിട്ടിറങ്ങുന്ന രവി വർഷങ്ങൾക്കുശേഷം തിരിച്ചെത്തുന്നു. ഈ തിരിച്ചുവരവിൽ രവി അമ്മയെ ഓർമ്മകളിലൂടെ വീണ്ടെടുക്കാൻ ശ്രമിക്കുന്നു. ഈ ശ്രമത്തിനൊടുവിൽ അമ്മ രോഗിയാണെന്നും സംസാരശേഷിയില്ലാതെ ആശുപത്രിയിലാണെന്നും തിരിച്ചറിയുന്നതാണ് ചിത്രത്തിലെ പ്രധാനഭാഗം. അമ്മയെ ശുശ്രൂഷിക്കുന്ന രവിയെ അമ്മ കുഞ്ഞുന്നാളിൽ തന്നോട് കാണിച്ച സ്നേഹത്തിന്റെയും കരുതലിന്റെയും ഓർമ്മ വല്ലാതെ പിന്തുടരുന്നു. ഇവയിൽ നിന്ന് രക്ഷപ്പെടാൻ അയാൾ മദ്യപിക്കുന്നുണ്ടെങ്കിലും ഇവിടെയും ഓർമ്മകൾ അയാളെ വേട്ടയാടുകയാണ്.

ഓർമ്മ, അമ്മ, രവി എന്നിവയുടെ കൃത്യമായ സംയോഗമാണ് ചിത്രം. പായൽ എന്ന കാമുകിയുടെ പ്രണയാവേശമോ പരിലാളനയോ ഒന്നുംതന്നെ അയാളെ പിടിച്ചുനിർത്തുന്നില്ല. അവളിൽ അയാൾ കണ്ടെത്തുന്നത് അമ്മയെയാണ്. അല്ലെങ്കിൽ അമ്മയുടെ മടിത്തട്ടിനെയാണ്. ചിത്രത്തിൽ അയാൾക്ക് ഒരു ലാപ്ടോപ്പ് ഉണ്ട്. ഇതിൽ നിറയെ അമ്മയുടെ ചിത്രങ്ങളാണ്. ഇവയിലെല്ലാം അയാൾ സൂക്ഷിക്കുന്നത് പൊക്കിൾക്കൊടിയും കുഞ്ഞും തമ്മിലുള്ള ബന്ധമാണ്. ചിത്രത്തിന്റെ അവസാനഭാഗത്ത് മാതാവിന്റെ ഗർഭപാത്രം കൈയിൽ ഏറ്റുവാങ്ങുകയും അതിലൂടെ തന്റെ പുനർജനനം സ്വപ്നം കാണുകയും ചെയ്യുന്നു രവി. എന്നാൽ ഗർഭപാത്രം ഒരു പ്രത്യേക സാഹചര്യത്തിൽ കടലിൽ ഒഴുകിപ്പോകുന്നു. അവസാനഭാഗത്ത് രവി കടലിന്റെ അഗാധതയിലേക്ക് വീഴുകയും വീഴ്ചയ്ക്കുശേഷം അമ്മയുടെ ഗർഭപാത്രത്തിൽ എന്ന വണ്ണം കാഴ്ചപ്പെടുകയുമാണ് ചെയ്യുന്നത്.

കാഴ്ചയിൽ നിന്ന് മറഞ്ഞ് കേൾവിയിൽ നിന്ന് അകന്ന് പൂർണ്ണമായും അയാളൊരു കുഞ്ഞാവുകയാണ് ചിത്രാവസാനം.

വെള്ളത്തിന്റെ ആഴങ്ങളിലേക്ക് പോകുന്ന രവിയെ കാണിച്ചുകൊണ്ടാണ് ലാപ്ടോപ്പ് എന്ന ചലച്ചിത്രത്തിന്റെ ആരംഭം. ചിത്രത്തിന്റെ അന്ത്യഘട്ടത്തിലും ഇതുതന്നെ ദൃശ്യമാകുന്നു. കടലിന്റെ അഗാധതയിലേക്ക് നിപതിക്കുന്ന രവിയുടെ ജീവിതത്തിന്റെ നിഗൂഢതകളും അഗാധതയുമാണ് ഇത് വ്യക്തമാക്കുന്നത്. കടൽ ഈ സിനിമയിലുടനീളം ദൃശ്യബിംബമാണ്. ബാല്യകാലത്ത് അമ്മയും മകനും തമ്മിൽ കളിച്ചത് കടൽക്കരയിലായിരുന്നു. ആ കടലിന്റെ അഗാധതയിലേക്ക് പ്രണയിനി അയാളെ വിളിക്കുന്നു. ചീനവലയുടെ ഉയർച്ചതാഴ്ചകൾ അയാളുടെ ജീവിതത്തിന്റെ ഉയർച്ചതാഴ്ചകൾ തന്നെയാണ്. ചീനവലകളുടെ ഏകാന്തതയെ അമ്മയുടെ ഏകാന്തതയുമായി കൂട്ടിയോജിപ്പിക്കുകയാണ് ചിത്രത്തിൽ. 'ഈ ചീനവലകളോളം ഏകാന്തത തന്റെ അമ്മയും അനുഭവിച്ചിരുന്നു' എന്ന രവിയുടെ വാക്കുകൾ ഇത് വ്യക്തമാക്കുന്നു.

ആകാശം, ഇളംവെയിൽ, ഇരുട്ട്, നിഴലുകൾ, പാറക്കെട്ടുകൾ, റോഡ്, പഴയ ഫോട്ടോകൾ, ഗോലി, കത്തിച്ച മെഴുകുതിരി, എട്ടുകാലി, പാവകൾ, ശൂന്യമായ കവറുകൾ തുടങ്ങിയ ദൃശ്യബിംബങ്ങളുടെ സാന്നിധ്യം ചിത്രത്തിൽ പ്രകടമാണ്. നരച്ച നിറങ്ങളുടെ സമ്മിശ്രമായ ചേരുവകൾ ചിത്രം ഉപയുക്തമാക്കുന്നു. കത്തിച്ച മെഴുകുതിരി രവിയുടെ ജീവിതശോഭയെ പ്രകടമാക്കുമ്പോൾ തകർന്ന പാവകൾ അയാളുടെ പ്രണയനഷ്ടത്തെയും അമ്മയുടെ മാറാരോഗത്തെയും സൂചിപ്പിക്കുന്നു. ബാല്യകാലത്ത് എട്ടുകാലിയുടെ മുകളിൽ മൂത്രമൊഴിക്കുന്നത് രവിയ്ക്ക് ഇഷ്ടമായിരുന്നു. ഇത് കാണുന്ന അമ്മ അതിനെ ഉപദ്രവിക്കരുത് എന്ന നിർദ്ദേശം മകന് നൽകുന്നു. വളർന്നപ്പോൾ എട്ടുകാലിയുടെ മുകളിൽ വെള്ളം ഒഴിക്കുന്ന രവിയെയാണ് ചിത്രം കാണിക്കുന്നത്.

ഒരിക്കലും മോക്ഷം കിട്ടരുത് എന്ന ആഗ്രഹത്താൽ അച്ഛന്റെ ചിതാഭസ്മം പുഴയിൽ ഒഴുക്കാതെ വീടിനുള്ളിൽ സൂക്ഷിച്ചു വച്ചിരിക്കുന്നു അമ്മ. ഒടുവിൽ അമ്മയുടെ ഗർഭപാത്രവുമായി യാത്രചെയ്യുന്ന മകന്റെ കൈയിൽനിന്നും അത് നഷ്ടമാകുകയും കടലിൽ പതിക്കുകയും ചെയ്യുന്നു. അമ്മയ്ക്ക് ലഭ്യമാകുന്ന മോക്ഷത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ചിത്രാവസാനം കടലിലേക്ക് പതിക്കുന്ന രവിയുടെയും കാമുകിയുടെയും ദൃശ്യവും ഇതുതന്നെയാണ് പ്രകടമാക്കുന്നത്. ലാപ്ടോപ്പ് എന്ന സിനിമ കണ്ടിറങ്ങുന്ന പ്രേക്ഷകന്റെ മനസ്സിൽ ഒരു വിഭ്രമാത്മക അവസ്ഥ സൃഷ്ടിച്ചുകൊണ്ട് ചിത്രം അവസാനിക്കുന്നു. ദൃശ്യബിംബങ്ങളെ അനുയോജ്യമായ രീതിയിൽ ഫലപ്രദമായി ഉപയോഗിക്കുവാൻ ഈ ചിത്രത്തിന് സാധിച്ചിരിക്കുന്നു.

ചെറുകഥയിലും സിനിമയിലും ആവിഷ്കരിക്കപ്പെടുന്ന ദൃശ്യബിംബങ്ങൾ അവയുടെ ആഖ്യാനരീതികൾക്കും മാധ്യമ സവിശേഷതകൾക്കും അനുസൃതമായി വ്യത്യാസപ്പെടുന്നുണ്ടെന്ന് മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്ന് ഏറെ വ്യക്തമാണ്. പ്രമേയപരമായി സാജാത്യമുള്ളവയെ സ്വീകരിക്കുമ്പോൾ വ്യത്യസ്തമാധ്യമങ്ങൾ അവയുടെ സവിശേഷതകൾക്കനുസൃതമായി രൂപപ്പെടുത്തുന്ന ഘടകങ്ങളെ അപഗ്രഥിക്കുകയാണി

വിടെ. കലയെ സംബന്ധിച്ചിടത്തോളം പ്രമേയത്തെ അടിസ്ഥാനമാക്കി സ്വാംശീകരിക്കുന്ന ദൃശ്യബിംബങ്ങളാണ് ഇവിടെ വിശകലനവിധേയമാക്കിയിരിക്കുന്നത്.

സാഹിത്യത്തിലെ ദൃശ്യബിംബങ്ങൾക്ക് അഗാധമായ അർത്ഥ സന്ദിഗ്ധതകൾക്കുള്ള സാധ്യതകളുണ്ട്. എങ്കിലും അവയ്ക്ക് വാക്കുകൾ അടിസ്ഥാനമാകുന്ന ചില പരിമിതിക്കുള്ളിൽ നിൽക്കുകയും ഭാഷയുടെ വ്യാകരണനിയമങ്ങളെ അനുസരിക്കുകയും ചെയ്യേണ്ടിവരുന്നു. ചലച്ചിത്രനിരൂപകന് അസംഖ്യം ദൃശ്യങ്ങളിൽനിന്നാണ് പ്രസക്തമായ ദൃശ്യബിംബങ്ങളെ കണ്ടെത്തേണ്ടിവരുന്നത്. സാഹിത്യത്തിൽ വാക്കുകളാണെങ്കിൽ ചലച്ചിത്രത്തിൽ ദൃശ്യങ്ങൾ തന്നെയാണ് മാധ്യമമെന്നത് വസ്തുതയാണ്. അതു കൊണ്ടുതന്നെ സാഹിത്യത്തിലെ ദൃശ്യബിംബങ്ങൾ ഭാഷയുമായും സിനിമയിലെ ദൃശ്യ ബിംബങ്ങൾ ദൃശ്യങ്ങളുടെ തന്നെ സവിശേഷമായ ദൃശ്യപരതയുമായും ബന്ധപ്പെട്ടി രിക്കുന്നു. വാക്കുകളും വാക്യങ്ങളും വിന്യസിക്കുന്നതിൽ, ബിംബങ്ങളുടെയും പദയോജന ങ്ങളുടെയും നിർമ്മിതിയിൽ ഒക്കെ മാധ്യമസ്വഭാവത്തിനനുസൃതമായി സൂക്ഷ്മത പുലർത്തേണ്ടിയിരിക്കുന്നു. പുതുമയുണർത്തുന്ന പദച്ചേരുവകളും ആഘാതമായിത്തീരുന്ന ബിംബാവലികളും കഥയുടെ ആഖ്യാനക്രമത്തെ ഇഴമുറുക്കാനും ചൊടിയുള്ളതാക്കാനും സഹായിക്കുന്നു.

മാധ്യമസ്വഭാവത്തിന് അനുസൃതമായ സൂക്ഷ്മത പുലർത്തി ശബ്ദദൃശ്യ സൂചനകളിലൂടെ സിനിമയും വാക്കുകളുടെ വിന്യാസത്തിലൂടെ കഥയും ബിംബാവലികൾ സൃഷ്ടിക്കുന്നു. ഇവ സംസ്കാരവുമായും ജ്ഞാനപരിസരവുമായും ബന്ധപ്പെട്ട് നിൽക്കു ന്നു. അതുകൊണ്ടുതന്നെ ദൃശ്യബിംബങ്ങളുടെ അർത്ഥവ്യഞ്ജകശേഷിയെന്നത് ഭാഷ യുടെ വിനിമയതലത്തിൽ നിൽക്കുന്നതും മറ്റു സവിശേഷ സന്ദർഭങ്ങളെ ഉപയോഗപ്പെടു ത്തുന്നതുമായ ഒന്നാണ്.

## കുറിപ്പുകൾ


1. *അപ്പൻ കെ. പി., കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പതിപ്പ്, തൃശൂർ, 1984, പുറം : 156.*
2. *https:\\en.opetnran.net.*
3. *https:\\www.collinsdictionary.com.*
4. *സുകുമാർ അഴീക്കോട്, ഭാവന എന്ന വിസ്മയം, ഡി. സി. ബുക്സ്, കോട്ടയം, 2001, പുറം: 60.*
5. *ഷൺമുഖദാസ് ഐ., 'ദൃശ്യബിംബങ്ങൾ സാഹിത്യത്തിലും സിനിമയിലും', ഭാഷാപോഷിണി, പുസ്തകം 6, ലക്കം 2, 1984, പുറം: 79.*
6. *സുഭാഷ് ചന്ദ്രൻ, പറുദീസാനഷ്ടം, ഡി. സി. ബുക്സ്, കോട്ടയം, 2001, പുറം : 18.*
7. *അതിൽത്തന്നെ, പുറം : 18.*
8. *അതിൽത്തന്നെ, പുറം : 15.*
9. *അതിൽത്തന്നെ, പുറം : 15.*
10. *അതിൽത്തന്നെ, പുറം : 16.*
11. *അതിൽത്തന്നെ, പുറം : 16.*


ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

12. *അതിൽത്തന്നെ, പുറം : 17.*
13. *അതിൽത്തന്നെ, പുറം : 17.*
14. *അതിൽത്തന്നെ, പുറം : 18.*
15. *അതിൽത്തന്നെ, പുറം : 18.*
16. *അതിൽത്തന്നെ, പുറം : 18.*
17. *അതിൽത്തന്നെ, പുറം : 18.*

## ആധാരസൂചി

1. *അപ്പൻ കെ. പി., കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പതിപ്പ്, തൃശൂർ, 1984.*
2. *ഷൺമുഖദാസ് ഐ., 'ദൃശ്യബിംബങ്ങൾ സാഹിത്യത്തിലും സിനിമയിലും', ഭാഷാപോഷിണി, പുസ്തകം 6, ലക്കം 2, 1983.*
3. *സുകുമാർ അഴീക്കോട്, ഭാവന എന്ന വിസ്മയം, ഡി. സി. ബുക്സ്, കോട്ടയം, 2001.*
4. *സുഭാഷ് ചന്ദ്രൻ, പറുദീസാനഷ്ടം, ഡി. സി. ബുക്സ്, കോട്ടയം, 2001.*
5. *https:\\en.opetnran.net.*
6. *https:\\www.collinsdictionary.com.*

# നിവർത്തന നാൾവഴികളും ഈഴവരും

**ഡോ. ജോമോൾ ജോസ്**
അസി. പ്രൊഫസർ, മലയാളവിഭാഗം, സെന്റ്. അലോഷ്യസ്കോളെജ്, എടത്വ

### പ്രബന്ധസംഗ്രഹം

തിരുവിതാംകൂറിൽ സർക്കാർ ഉദ്യോഗങ്ങളിൽ ന്യായമായ പ്രാതിനിധ്യം ലഭിക്കാൻ ഈഴവ, ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങൾ നടത്തിയ സമരമാണ് നിവർത്തന പ്രക്ഷോഭണം. ചരിത്ര പ്രസിദ്ധമായ എൽ.എം.എസ്. ഹാൾ യോഗത്തിലാണ് നിവർത്തന നിശ്ചയം പാസ്സാക്കപ്പെടുന്നത്. ഈഴവ – ക്രിസ്ത്യൻ – മുസ്ലിം സമുദായങ്ങൾ സംഘടിച്ച് സംയുക്ത രാഷ്ട്രീയസഭ രൂപംകൊണ്ടു. ഈഴവ രാഷ്ട്രീയസഭ പലതായ രീതിയിലും ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങളുടെ കൂട്ടുപിടിച്ചും നായർ മേധാവിത്വത്തിന്റെ പതനത്തിനായി പ്രവർത്തിച്ചു. ഈഴവ പ്രമാണിയായ സി.വി.കുഞ്ഞിരാമന്റെ ചുമതലയിലുള്ള മലയാളരാജ്യം ദിനപ്പത്രം ഈഴവ കരിങ്കാലിയായപ്പോൾ ഒരുനായർ തറവാടി തന്നെയായ ബാലകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ കേസരിദിനപ്പത്രം ഈഴവർക്ക് അനുകൂലമായി പ്രവർത്തിച്ചു. പല പല യോഗങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ഒടുവിൽ സംയുക്ത രാഷ്ട്രീയസഭയുടെ വിജയ വൈജയന്തിയായി നിവർത്തന പ്രക്ഷോഭണം ലക്ഷ്യം നേടി. തുടർന്ന് ഭൂസ്വത്തിന്റെ അടിസ്ഥാനത്തിൽ സമ്മതിദാനാവകാശം വിപുലപ്പെടുത്തി. ഹൈക്കോടതി ജഡ്ജിയായിരുന്ന ജി.ഡി.നോക്സിന്റെ ചുമതലയിൽ രൂപീകരിക്കപ്പെട്ട കമ്മീഷന്റെ നിർദ്ദേശപ്രകാരം സമുദായ പ്രാതിനിധ്യമനുസരിച്ച് കേരളപബ്ലിക് സർവീസ് കമ്മീഷൻ നിലവിൽ വരികയും ചെയ്തു.

***താക്കോൽവാക്കുകൾ:*** സംയുക്ത രാഷ്ട്രീയകമ്മറ്റി, എൽ.എം.എസ്. ഹാൾ യോഗം, കേസരി ദിനപ്പത്രം, മലയാളരാജ്യം ദിനപ്പത്രം, ഈഴവ രാഷ്ട്രിയക്ലബ്, ഫാക്കൾട്ടേറ്റീവ് പ്രാതിനിധ്യം,1933ലെ നിരോധനാജ്ഞ, അഖില തിരുവിതാംകൂർ ഈഴവ യുവജനസമാജം, സമസ്ത തിരുവിതാംകൂർ സംയുക്ത നായർ സമ്മേളനം, ഈഴവ മഹാജനസഭ, നിവർത്തന നിശ്ചയം.

തിരുവിതാംകൂറിൽ നിയമസഭയിലും സർക്കാർ നിയമനങ്ങളിലും ന്യായമായ പ്രാതിനിധ്യം ലഭിക്കാൻ ഈഴവ ക്രിസ്ത്യൻ മുസ്ലിംസമുദായങ്ങൾ സംഘടിച്ച് നടത്തിയ സമരമാണ് നിവർത്തന പ്രക്ഷോഭണം'. ഈ പ്രയോഗത്തിന്റെ ഉപജ്ഞാതാവ് പണ്ഡിതൻ ഐ.സി.ചാക്കോയായിരുന്നു. ഈഴവർ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയ സമുദായ ക്കാർക്ക് ജനസംഖ്യാനുപാതികമായി നിയമസഭയിലും ഉദ്യോഗങ്ങളിലും സ്ഥാനം ലഭിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂറിൽ നടപ്പാക്കിയ ഭരണപരിഷ്കാരങ്ങൾക്കെ തിരെ പ്രക്ഷോഭം സംഘടിക്കപ്പെട്ടു. ഇതിനായി 1932 ഡിസംബർ 17ന് ഓൾ ട്രാവൻകൂർ ജോയിന്റ് പൊളിറ്റിക്കൽ കോൺഫറൻസ് (സംയുക്തരാഷ്ട്രീയസമിതി) എന്നൊരു സംഘടന രൂപവത്കരിച്ചു. എൻ.വി.ജോസഫും ടി.എം.വർഗീസും സി.കേശവനും,[1] പി.കെ. കുഞ്ഞും പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. നിവർത്തനപ്രക്ഷോഭത്തിന്റെ ജിഹ്വ തന്നെ യായി കേരള കേസരിപത്രം പ്രവർത്തിച്ചു.

## എൽ.എം.എസ്. ഹാൾ യോഗം

സൈമൺ കമ്മീഷൻ ഇന്ത്യയിൽ വന്നപ്പോൾ അന്ന് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയായിരുന്ന സി.വി.കുഞ്ഞുരാമൻ ഒരു മെമ്മോറാണ്ടം എഴുതി സമർപ്പിച്ചു. ഈഴവരെ സംബന്ധിച്ചിടത്തോളം അത് ഒരു ചരിത്രരേഖ തന്നെയാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഒരു ഭരണപരിഷ്കാരത്തിന് ശുപാർശ ചെയ്യാൻ കമ്മീഷൻ ഒരുമ്പെടരുത് എന്നും പ്രത്യേകനിയോജകമണ്ഡലങ്ങൾ മൂലം സമുദായ പ്രാതിനിധ്യം നൽകണമെന്നും പ്രായപൂർത്തിവോട്ടവകാശം നൽകണ മെന്നും മറ്റും അതിൽ ശക്തിയായി വാദിച്ചിരുന്നു. നിയമസഭാചട്ടങ്ങളെപ്പറ്റി ഈഴവർ മാത്രമായിരുന്നില്ല നിരാശരായിരുന്നത്. ക്രിസ്ത്യാനിക്കും മുസ്ലിമിനും വലിയ എതിർപ്പു ണ്ടായിരുന്നു. ക്രിസ്തീയവിഭാഗങ്ങൾ ഇ. ജെ. ജോണിന്റെ തിരുവനന്തപുരത്തെ വസതി യിൽ ഒരുമിച്ചു കൂടിയിരുന്ന് പ്രശ്നങ്ങൾ ചർച്ചചെയ്തു. തുല്യദുഃഖിതരായ മറ്റു രാഷ്ട്രീയ ന്യൂനപക്ഷങ്ങളുമായി ആലോചിച്ച് യോജിച്ച ഒരു നടപടി കൈക്കൊള്ളണമെന്ന് ഈഴവരും തീരുമാനിച്ചു. അതിഗാഢമായ ആലോചനകൾക്ക് ശേഷം ഈഴവ മുസ്ലിം ക്രൈസ്തവ സമുദായങ്ങളുടെ ഒരു സംയുക്തയോഗം 1933 ജനുവരി ഒടുവിൽ തിരുവനന്തപുരം എൽ.എം.എസ് ഹാളിൽ ചേർന്നു.

'വിവിധ സമുദായങ്ങളുടെ ജനസംഖ്യയ്ക്കനുസരണമായി നിയമസഭകളിൽ പ്രാതിനിധ്യം ലഭിക്കുന്നതിന് ഗവൺമെന്റ് യാതൊരു വ്യവസ്ഥയും ചെയ്യാത്ത കാല ത്തോളം അതിനെക്കുറിച്ചുള്ള പ്രതിഷേധസൂചകമായി ഈഴവ ക്രിസ്ത്യൻ മുസ്ലീം സമുദാ യങ്ങളിൽപ്പെട്ട യാതൊരുത്തരും വോട്ട് ചെയ്യുകയോ സ്ഥാനാർത്ഥികളായി നിൽക്കുകയോ ഗവൺമെൻറ് നിയമനം സ്വീകരിക്കുകയോ ചെയ്തുപോകരുതെന്ന് വളരെ വ്യസനത്തോടും സങ്കടത്തോടുംകൂടി തീരുമാനിച്ചിരിക്കുന്നു'[2] ഇതായിരുന്നു ചരിത്ര പ്രസിദ്ധമായ നിവർത്തന നിശ്ചയം.

## കേസരിപത്രവും നിവർത്തനവും

നിവർത്തനപ്രക്ഷോഭണം നിശ്ചയിച്ചതിന്ശേഷം കേസരിയിൽ പത്രാധിപർ ബാലകൃഷ്ണപിള്ള എഴുതിയ ഒരു മുഖപ്രസംഗത്തിന്റെ സാരാംശം ഇപ്രകാരമായിരുന്നു.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഈഴവർ തുടങ്ങിയുള്ള സമുദായാംഗങ്ങൾക്ക് നിയമസഭയിൽ പ്രാതിനിധ്യക്കുറവുണ്ടെന്ന് തീർച്ചയാണ്. ആയതിനാൽ അവർ മറ്റുസമുദായാംഗങ്ങളുമായി യോജിച്ചുനിന്ന് അവകാശ ലാഭങ്ങൾക്കായി പരിശ്രമിക്കുന്നത് കുറ്റകരമല്ല. നിയമസഭയിൽ ഭൂരിപക്ഷമുള്ള നായന്മാർ, ഈഴവർക്കും മറ്റും സ്ഥാനാർത്ഥിത്വം ഒഴിഞ്ഞുകൊടുക്കുന്നതിന് സന്നദ്ധരാകണം. നിയമസഭയിൽ ചില സമുദായങ്ങൾക്ക് സ്ഥാനാവകാശം സ്ഥാപിച്ചു കൊടുക്കുന്നതല്ലാതെ ജനങ്ങൾക്ക് അധികാരം വിട്ടുകൊടുക്കുന്നതിനുള്ള ഒരു വ്യവസ്ഥകളും ഇല്ല. ഇതാണ് പരിഷ്കരിച്ച നിയമസഭയുടെ ഒരു പ്രധാനദോഷം. ഇത് പരിഹരിക്കുന്നതിന് നായന്മാരും കൂടി മറ്റു സമുദായങ്ങളോട് ചേർന്നു നിന്ന് നിസ്സഹകരണപ്രസ്ഥാനത്തെ വിജയിപ്പിക്കണം. നായന്മാരുമായി ചേർന്നുനിൽക്കുന്ന ഈഴവർ അവരുടെ രാഷ്ട്രീയ അവകാശങ്ങൾ നേടുന്നതിന് മറ്റു സമുദായങ്ങളെ കൂട്ടുപിടിക്കുന്നതിൽ യാതൊരു തെറ്റും ഇല്ല എന്നും കേസരിപത്രം നിരീക്ഷിച്ചു.

എൽ.എം.എസ്.ഹാളിലെ നിവർത്തന നിശ്ചയം കഴിഞ്ഞ് രണ്ടാഴ്ച തികയുന്നതിനു മുൻപ് ഈഴവരെ നാണംകെടുത്തിയ ഒരു സംഭവമുണ്ടായി. സി.വി.കുഞ്ഞുരാമൻ, യോഗം പ്രസിഡണ്ട് മാധവൻ വൈദ്യർ എന്നീ ഈഴവപ്രമാണികൾ കന്യാകുമാരിയിൽ പോയി മഹാരാജാവിനെ മുഖം കാണിക്കുകയും ഭരണപരിഷ്കാരത്തെ സംബന്ധിച്ചുള്ള തങ്ങളുടെ മനോഭാവത്തെ മറ്റൊരു തരത്തിൽ വിചാരിക്കരുത് എന്നും തങ്ങൾ ഗവൺമെന്റിനോട് സഹകരിക്കുവാൻ തയ്യാറാണ് എന്നും രാജാവിനെ അറിയിച്ചു. ഈഴവരുടെ നേർക്ക് തിരുമനസ്സിലെ കാരുണ്യം എന്നും ഉണ്ടായിരിക്കുന്നതാണ് എന്ന് അവരെ അനുഗ്രഹിച്ചു വിട്ടുവത്രെ.

## സംയുക്തരാഷ്ട്രീയകമ്മറ്റിയുടെ പ്രവർത്തനങ്ങൾ

ഇതേവർഷം ഫെബ്രുവരി പന്ത്രണ്ടാംതീയതി സംയുക്ത രാഷ്ട്രീയകമ്മിറ്റി കൂടി ഗവൺമെന്റിൽ നിന്ന് മെമ്മോറിയൽ സംബന്ധിച്ച് കിട്ടിയ കത്തിന് മറുപടി തയ്യാറാക്കി. ഇതിൽ സംയുക്ത സമുദായങ്ങളുടെ നില വിശദീകരിച്ചു. തിരുവിതാംകൂറിലെ പ്രത്യേകമായ പരിതസ്ഥിതികളിൽ സംവരണം ആവശ്യമാണ്. മറ്റെങ്ങും ഇല്ലെന്നുള്ള കാരണം പറഞ്ഞ് അത് നിഷേധിക്കാൻ പാടില്ല. 91000ഓ അതിലധികമോ വരുന്ന സകല സമുദായങ്ങൾക്കും സംവരണം അനുവദിക്കണം. മദ്രാസിലെ അബ്രാഹ്മണരെയും ബോംബെയിലെ മഹാരാഷ്ട്രരെയും പോലെ ന്യൂനപക്ഷങ്ങൾക്ക് എന്ന പോലെ ഭൂരിപക്ഷ ങ്ങൾക്കും സംവരണം ആകാവുന്നതാണ്. വോട്ടർമാരുടെ സംഖ്യക്ക് അനുസരണമായാണ് സ്ഥാനങ്ങൾ നിർണയിക്കേണ്ടത് എന്നുള്ള വാദത്തെ ഈ മറുപടിയിൽ ചൂണ്ടിക്കാട്ടി. ഓരോ സമുദായത്തിനും ജനസംഖ്യാനുപാത നിയോജകശക്തി നൽകേണ്ടതാണെന്നും ഗവൺമെന്റ് യഥേഷ്ടം നിശ്ചയിച്ച സാർവ്വത്രികമായ നിയോജക യോഗ്യതകൊണ്ട് ആ ഫലം സിദ്ധിക്കുന്നില്ലെങ്കിൽ അത് ന്യായമായ പ്രാതിനിധ്യത്തിനായുള്ള സമുദായ അവകാശം എടുത്തുകളയുന്നതിന് പര്യാപ്തമായ വാദമല്ലെന്നും വ്യക്തമാക്കി.

## മലയാളരാജ്യം

മലയാളരാജ്യം ദിനപത്രം നിവർത്തന പ്രക്ഷോഭണത്തിനെതിരെ ശക്തമായി പ്രവർത്തിച്ചു. സി.വി.കുഞ്ഞുരാമനും മറ്റും മഹാരാജാവിനെ സന്ദർശിച്ചതിനെത്തുടർന്ന്

പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. നിവർത്തന നിശ്ചയത്തെ പ്രതിഷേധിക്കുന്ന പത്തും ഇരുപതും അമ്പതുംപേർ ഉൾപ്പെട്ട ഈഴവയോഗങ്ങളുടെ വിശദീകരണങ്ങൾ മലയാളരാജ്യം ദിനപ്പത്രം വൻപ്രാധാന്യം കൊടുത്ത് പ്രസിദ്ധീകരിച്ചുതുടങ്ങി. നായന്മാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഈ കാലഘട്ടത്തിൽ മലയാളരാജ്യം ദിനപത്രം സി. വി. കുഞ്ഞുരാമനെ പരമാവധി പ്രയോജനപ്പെടുത്തി. സമുദായമധ്യത്തിൽ ഒരു പിളർപ്പ് സംജാതമാകുന്ന ലക്ഷണം ഈഴവർക്കെല്ലാം മനസ്സിലായി.

ആയിടയ്ക്കാണ് ഫെബ്രുവരിയിൽ ആലപ്പുഴയിലെ ചില ഈഴവപ്രമാണികൾ ഒരു സൗഹാർദ്ദ സമ്മേളനം വിളിച്ചുകൂട്ടിയത്. വി.കെ.വേലായുധൻ, വടയാർ വാസുവൈദ്യൻ തുടങ്ങിയ ഈഴവരാണ് ഇതിന് മുൻപിൽനിന്ന് പ്രവർത്തിച്ചത്. ഈ സമ്മേളനം നിവർത്തനപ്രക്ഷോഭണ നിശ്ചയത്തെയും സംയുക്തസംഘടനകളുടെ പ്രവർത്തന ത്തെയും എസ്.എൻ.ഡി.പി.യും ഈഴവരും സർവ്വാത്മനാ അംഗീകരിക്കേണ്ടതാണെന്ന് തീരുമാനം പാസാക്കി. ഫെബ്രുവരി 19ന് എസ്.എൻ.ഡി.പി. ബോർഡ് യോഗം കൂടുന്നതിന് നിശ്ചയിച്ചിരുന്നു. ഈ സമ്മേളനം ബോർഡ് തീരുമാനങ്ങളെ വളരെ സ്വാധീനിച്ചു. യോഗം പ്രസിഡണ്ട് ശ്രീ.മാധവൻ വൈദ്യരുടെ അധ്യക്ഷതയിൽ ദീർഘവും തീവ്രവുമായ ചർച്ചക ൾക്ക് ശേഷം നിവർത്തന നിശ്ചയം അംഗീകരിച്ചു. സി.വി. കുഞ്ഞുരാമനും എം. ഗോവിന്ദനും പലതരത്തിൽ ശ്രമിച്ചിട്ടും ബോർഡിനെ ഈ തീരുമാനത്തിൽനിന്ന് പിന്നോട്ടു വലിക്കാൻ സാധിച്ചില്ല. ഈ യോഗം മുതൽക്ക് തിരുവിതാംകൂർ പോലീസ് ഈഴവരുടെ സമ്മേളനങ്ങൾ വളരെ ഗൗരവമായി തന്നെ കാണാൻ തുടങ്ങി. ബോർഡ് നിശ്ചയം കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ സി.വി. കുഞ്ഞുരാമൻ അടുത്ത പ്രസ്താവന ഇറക്കി. 'നിവർത്തനവും നിസ്സഹകരണവുമായി അല്പം പോലും വ്യത്യാസം ഇല്ല. ഈഴവരിലും ക്രിസ്ത്യാനികളിലും പല നല്ല വ്യക്തികൾ സ്ഥാനാർത്ഥികളായി നിൽക്കും.

## ഈഴവ രാഷ്ട്രീയക്ലബ്, കൊല്ലം

അക്കാലത്തെ ഈഴവ നേതാക്കളിൽ പ്രമുഖൻ ആയിരുന്ന സി.വി. കുഞ്ഞുരാമൻ കൊല്ലം സ്വദേശിയായിരുന്നതിനാൽതന്നെ നിവർത്തന പ്രക്ഷോഭണത്തിന് കൊല്ലം പ്രദേശവുമായി കുറച്ച് ഏറെ ബന്ധമുണ്ടെന്ന് കരുതാം. കൊല്ലം ഈഴവരാഷ്ട്രീയ ക്ലബ്ബിന്റെ ഒരു യോഗവും നിവർത്തനനിശ്ചയം പാസാക്കി. കൊല്ലത്തെ ഒട്ടുമിക്ക ഈഴവ വക്കീലന്മാരും ചില മുതലാളിമാരും ഈ ക്ലബ്ബിൽ അംഗങ്ങൾ ആയിരുന്നു. തഴവാ കേശവൻ വക്കീലാണ് നിവർത്തന നിശ്ചയം അവിടെ അവതരിപ്പിച്ചത്. സി. കേശവൻ അതിനെ പിൻതാങ്ങി ഹൈക്കോടതി ജഡ്ജി കെ.ശങ്കരൻ ക്ലബ്ബിലെ അംഗമാണ്. സി.വി. കുഞ്ഞുരാമനോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. നിവർത്തന നിശ്ചയം ബഹുഭൂരിപക്ഷത്തോടെ പാസായപ്പോൾ പാർലമെന്ററി മുറ അനുസരിച്ച് അദ്ദേഹം പോൾ ഇടുവിച്ചു. ഇതിന്റെ പേരിൽ പരിഷ്കാരേച്ഛുക്കളായ പല പ്രമാണിമാരും അദ്ദേഹത്തെ പരിഹസിക്കുകയും ചെയ്തു.

## എസ്.എൻ.ഡി.പി. വിശേഷാൽ പൊതുയോഗം, ചങ്ങനാശ്ശേരി

സഹോദരൻ അയ്യപ്പന്റെ അധ്യക്ഷതയിലാണ് ചങ്ങനാശ്ശേരി ആനന്ദവിലാസം ഹാളിൽ വച്ച് വിശേഷാൽ പൊതുയോഗം കൂടിയത്. സമുദായത്തിലെ പിന്തിരിപ്പൻ ശക്തികളും പുരോഗമനകാംക്ഷികളും തമ്മിൽ ഒരു വടംവലി നിശ്ചയമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 1500നു മേൽ പ്രതിനിധികളും അനേകായിരം സന്ദർശകരും യോഗത്തിൽ സന്നിഹിതരായി. സി.വി.കുഞ്ഞുരാമൻ, കെ.ശങ്കരൻ തുടങ്ങിയവർ നിവർത്തന നിശ്ചയ ത്തെ എതിർത്തു നശിപ്പിക്കാൻ തന്നെ വന്നവരായിരുന്നു. ഇത് പാസായാൽ താൻ അതനുസരിക്കാൻ തയാറല്ല എന്ന് കെ.ശങ്കരൻ അതിഗംഭീരമായി ഉദ്ഘോഷിച്ചു. സഹോദരൻ അയ്യപ്പന്റെ വാഗ്ധോരണി പ്രതിപക്ഷത്തെ മുട്ടുകുത്തിച്ചു. എങ്കിൽ പോലും 9 പേരുടെ എതിർപ്പോടുകൂടി തന്നെ 1500 മേൽ പ്രതിനിധികളുടെ അനുകൂല്യത്തോട് കൂടി ഈഴവ സമുദായത്തിൽ നിവർത്തനനിശ്ചയം പാസാക്കപ്പെട്ടു.[3]

## 1933 ഏപ്രിലിലെ കായംകുളം സംഭവം

ഇതേ വർഷം തന്നെ ഏപ്രിൽ മാസം കായംകുളത്ത് ഒരു അനിഷ്ട സംഭവം നടന്നു. മുപ്പിരി സമുദായങ്ങൾ എന്ന് വിളിക്കപ്പെട്ടിരുന്ന ഈഴവക്രിസ്ത്യൻ മുസ്ലിം സഖ്യത്തെ പിന്തിരിപ്പിക്കാൻ പലശ്രമങ്ങളും നടന്നതിന്റെ ഫലമായി ഒരു ഈഴവ മുസ്ലിം ലഹള കായംകുളത്ത് പൊട്ടിപ്പുറപ്പെടാനുള്ള ലക്ഷണങ്ങൾ സംഭവിച്ചു. കായംകുളത്തുകാരൻ ഒരു മുസ്ലിം കരിയിലക്കുളങ്ങരയുള്ള ഒരു പാവപ്പെട്ട ഈഴവന്റെ വീട്ടിൽ കയറിച്ചെന്നു. അതിനെ അടിസ്ഥാനമാക്കി ഒരു മൊന്തമോഷണം പരാതി ആ ഈഴവൻ ഉണ്ടാക്കി. തുടർന്ന് ആ മുസ്ലീമിനെ പിടിച്ചുകെട്ടി അടുത്തുള്ള ഈഴവക്ഷേത്രത്തിൽ കൊണ്ടുപോയി പ്രായശ്ചിത്തം ഇടീച്ചുവിട്ടു. ഈ സംഭവംമൂലം കായംകുളത്തെ മുസ്ലീങ്ങൾ ക്ഷോഭിച്ചു. ഒരു മുസ്ലിമിനെ കാഫറുടെ അമ്പലത്തിൽ പ്രായശ്ചിത്തം ചെയ്യിച്ചു. മുസ്ലീങ്ങളെ ഇളക്കിവിടാൻ അതുമതിയായതു തന്നെ ആയിരുന്നു. മുസ്ലീങ്ങൾ കരിയിലകുളങ്ങരയിലെ ചില ഈഴവരെ ദേഹോപദ്രവം ചെയ്തു. ചില വീടുകൾക്കും ഒരു സ്കൂളിനും തീവച്ചു. കുറെ മുസ്ലീങ്ങളെ കായംകുളം ടൗണിന് പുറത്തുവച്ച് ഈഴവരും കുറെ ഈഴവരെ ടൗണിനുള്ളിൽ വച്ച് മുസ്ലീങ്ങളും കഠിനമർദ്ദനം ഏൽപിച്ചു. രണ്ടുകൂട്ടരെയും ഇളക്കിവിടുന്ന ശക്തികൾ ഒരു വലിയ സമുദായലഹളയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു. മധ്യസ്ഥനായിരുന്ന സി. കേശവൻ കായംകുളം കമ്പോളത്തിൽ എത്തിയപ്പോൾ ആയിരക്കണക്കിന് മുസ്ലിങ്ങൾ കരിയിലക്കുളങ്ങര പോകുവാൻ വട്ടംകൂട്ടുന്നു. സി.കേശവനും പി.കെ. കുഞ്ഞും കൂടി മുസ്ലീങ്ങളെ പറഞ്ഞു സമാധാനപ്പെടുത്തിയിട്ട് ഈഴവ സങ്കേതത്തിലേക്ക് പോയി. അവിടെയും ലഹളയ്ക്കുള്ള സജ്ജീകരണങ്ങൾ ഉണ്ടായിരുന്നു. തുടർന്ന് അടുത്തുള്ള വയലിൽ ഗ്യാസ്ലൈറ്റുകൾ വച്ച് ഒരു യോഗം കൂടുകയും സംഭവങ്ങളുടെ യഥാർത്ഥ വിവരങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു. രണ്ടു സമുദായങ്ങൾ തമ്മിൽ രഞ്ജിപ്പും സൗഹാർദ്ദവും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും സന്ധിവ്യവസ്ഥയും എല്ലാം സംസാരിച്ച് ലഹള ഉണ്ടാവാതെ രക്ഷപ്പെട്ടു.

## ഫാക്കൾട്ടേറ്റീവ് പ്രാതിനിധ്യം-വിഭജിച്ച് ഭരിക്കൽ

രാഷ്ട്രീയരക്ഷയ്ക്കു വേണ്ടിയുള്ള പ്രസംഗങ്ങൾ, പ്രവൃത്തികൾ ഒക്കെ നടക്കുമ്പോൾ എം.ഗോവിന്ദൻ മറ്റൊരു വികടബുദ്ധി പ്രയോഗിച്ചു. എസ്.എൻ.ഡി.പി. യോഗത്തിന്റെ ശക്തിയെ തകർത്ത് സർക്കാരിന് മുൻപിൽ കാഴ്ചവയ്ക്കുന്നതിനു വേണ്ടി ഫാക്കൾട്ടേറ്റീവ് പ്രാതിനിധ്യം എന്നൊരു ആശയത്തെ മുൻപോട്ടുവച്ചു. അതിന്റെ പ്രയോജനം ലഭിക്കുന്നതിന് എസ്.എൻ.ഡി.പി. യോഗത്തെ രണ്ടായി കീറിമുറിക്കുക എന്ന സമുദായ സ്നേഹമാണ് എം.ഗോവിന്ദൻ ചെയ്തുവച്ചത്. രണ്ട് ഫാക്കൾട്ടി ഉണ്ടാക്കുക സർ സിപി.ക്ക് ഇഷ്ടമുള്ള വിഭജിച്ച് ഭരിപ്പിന് ഏറ്റവും അനുയോജ്യവുമായിരുന്നു.[4] എസ്.എൻ.ഡി.പി. യോഗത്തിന് സമാനമായി ചിറയിൻകീഴിനും അതിന് തെക്കും ഉള്ള ഈഴവരുടെ ഒരു സംഘടന ഉണ്ടാക്കുന്നതിനു വേണ്ടി എം.ഗോവിന്ദന്റെ തിരുവനന്തപുരത്തുള്ള വസതിയിൽ ഒരു ആലോചനായോഗം കൂടി. സമുദായമധ്യത്തിൽ ഈ ആലോചന യോഗം കുറച്ചൊക്കെ പൊരുത്തക്കേടുകൾ സൃഷ്ടിച്ചു. എന്തായാലും പ്രാതിനിധ്യാശയം പ്രായോഗികമാവാതെ പോവുകയാണ് ഉണ്ടായത്.

### നിരോധനാജ്ഞ 1933

പൊതുജനാഭിപ്രായത്തിന്റെ ഈ പ്രവാഹത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി തിരുവിതാംകൂറിലെ എല്ലാ ഡിസ്ട്രിക്റ്റുകളും നിരോധനാജ്ഞകൾ പാസാക്കി.[5] 1933 മെയ് മാസത്തിൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റർമാരുടെ നിർദ്ദേശത്തെ തുടർന്ന് യോഗങ്ങൾ ഒന്നും തന്നെ നടക്കാതെയായി. രാജ്യാന്തരീക്ഷം ശാന്തമായി എന്ന ഒരു പ്രതീതി വരുത്താൻ സർക്കാരിന് സാധിച്ചു. ആജ്ഞാലംഘനം നടത്തി മുന്നോട്ടുപോകാതെ യാതൊരു പ്രയോജനവും ലഭിക്കുകയില്ല എന്ന് സംയുക്ത സംഘത്തിലെ പ്രമുഖർ മനസ്സിലാക്കി. നിയമലംഘനത്തിന് ആളുകൾ തയ്യാറാകുമോ എന്നൊരു ഹിതപരിശോധന സി. കേശവനും പി.കെ.കുഞ്ഞും മാത്തുണ്ണിയും ചേർന്നുനടത്തി. തിരുവിതാംകൂറിന്റെ അന്നത്തെ രാഷ്ട്രീയ നിലവാരത്തിൽ നിയമലംഘനം നടത്തിയാൽ വിജയിക്കുമോ എന്നൊരു ശങ്ക സ്വാഭാവികമായും ഉണ്ടായിരുന്നു. ഇതേസമയം പുതിയ നിയമസഭകളി ലേക്കുള്ള തിരഞ്ഞെടുപ്പിന്റെ സമയമടുത്തു. പ്രലോഭനങ്ങൾക്ക് വശംവദരായി നിവർത്തനസമുദായങ്ങളിൽനിന്നുതന്നെ ചിലർ സ്ഥാനാർത്ഥികളായി മുൻപോട്ടുവന്നു. ഇപ്രകാരമുള്ള ചതിയന്മാരെ തോൽപ്പിക്കണം എന്നുള്ള ലക്ഷ്യം വെച്ചുകൊണ്ട് സി. കേശവനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും മുന്നണിയിൽനിന്നു. ഒരു കെ. പത്മനാഭൻ സ്ഥാനാർഥിയായി നിന്നിരുന്നു. എതിർസ്ഥാനാർത്ഥി ഒരു മിസ്റ്റർ പോറ്റിയാ യിരുന്നു. പോറ്റിയെ തോൽപ്പിക്കുവാൻ സി.കേശവനെപ്പോലെയുള്ളവർ ഊണും ഉറക്കവും കളഞ്ഞ് പരിശ്രമിച്ചു. സ്വന്തമായി പണമോ ധനസഹായമോ ഉണ്ടായിരുന്നില്ല. എന്നിരു ന്നാലും പത്മനാഭൻ ജയിച്ചു. കാരണം ഈഴവ പ്രമാണികളും നായർ പ്രമാണികളും ഗവൺമെന്റും ഒരച്ചുതണ്ടായിനിന്ന് ഈഴവസ്ഥാനാർഥിയെ വിജയിപ്പിക്കാൻ മഹത്തായ ഉത്സാഹം ചെയ്തു. അപ്പോൾ സ്വാഭാവികമായും എതിർപക്ഷം തോറ്റു. ഈഴവ സ്ഥാനാർത്ഥികളെ ജയിപ്പിച്ച് സമുദായത്തെ തോൽപ്പിക്കാൻ തയ്യാറായ ഗവൺമെന്റും ഗവൺമെന്റിനെ സഹായിക്കാൻ ബദ്ധശ്രദ്ധരായിരുന്ന നായർ സമുദായവും ഈഴവരെ

എങ്ങനെയെങ്കിലും ജയിപ്പിക്കാൻ സകല ഉപായങ്ങളും കൈക്കൊണ്ടു. ഈഴവർക്കെതിരായി നിന്ന സ്ഥാനാർഥികളെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും പിൻമാറ്റി. ചിലസ്ഥലങ്ങളിൽ ഈഴവർ എതിരില്ലാതെപോലും തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ്ത്യാനികളെ സംബന്ധിച്ചും ഈ അടവുകൾ പ്രയോഗിക്കപ്പെട്ടു അങ്ങനെ അവരിൽ പലരും എതിരില്ലാതെ വിജയികളായി. അസംബ്ലിയിലേക്കുള്ള 48 സീറ്റുകളിൽ 33 അതായത് 66% എതിരില്ലാ ശതമാനമായി. നിവർത്തന സമുദായങ്ങൾക്ക് ലഭിച്ച എതിരില്ലാ ശതമാനം സത്യത്തിൽ നിവർത്തനത്തിന്റെ തന്നെ മഹാവിജയമായി എണ്ണപ്പെട്ടു.[6]

## ആലപ്പുഴയിൽ നടന്ന എസ്.എൻ.ഡി.പി. സൗഹാർദ്ദസമ്മേളനം

1933 ജൂലൈ അവസാനം ആലപ്പുഴയിൽ വച്ച് എസ്.എൻ.ഡി.പി. സൗഹാർദ്ദ സമ്മേളനം ചേർന്നു. യോഗതീരുമാനത്തിനെതിരായി നിയമസഭാ സ്ഥാനാർത്ഥിയായി നിന്ന കെ.എം.കൃഷ്ണൻ വക്കീലിന്റെയും നോമിനേഷൻ സ്വീകരിച്ച കേസിൽ കരുണാകരന്റെയും പേരിൽ അവിശ്വാസം രേഖപ്പെടുത്തി. അതേദിവസംതന്നെ വീണ്ടും മഹായോഗം കൂടി നിവർത്തനയോഗനിശ്ചയത്തിന് എതിരായി സ്ഥാനാർഥിയായി നിന്ന ശങ്കരന്റെയും നോമിനേഷൻ സ്വീകരിച്ച സി.വി.കുഞ്ഞിരാമന്റെയും പേരിൽ അവിശ്വാസം രേഖപ്പെടുത്തി.

## അഖില തിരുവിതാംകൂർ ഈഴവ യുവജനസമാജം ആദ്യയോഗം

സമുദായം അക്കാലത്ത് പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരും എന്നിങ്ങനെ[7] രണ്ട് ചേരിയായി തിരിയുന്ന ഒരു സാഹചര്യം സംജാതമായി. മുൻപ് ചേരിതിരിവ് ജനനത്തെ അടിസ്ഥാനമാക്കി ആയിരുന്നുവെങ്കിൽ ഈ കാലമായപ്പോഴേക്കും ആദർശത്തെയും ആശയത്തെയും അടിസ്ഥാനമാക്കിയ ഒരു തിരിവ്. ഹിന്ദുമതത്തിന്റെയും സവർണ്ണ മേധാവിത്വത്തിന്റെയും കോട്ടയിൽനിന്ന് പുറത്തുചാടി ഒരു പുതിയ വർഗ്ഗത്തിലേക്ക് ഓടിപ്പോകാൻ പുത്തൻ കൂറ്റുകാർ താൽപര്യപ്പെട്ടു. ഈ ആവേശമാണ് അഖില തിരുവിതാംകൂർ ഈഴവ യുവജനസമാജമായി രൂപംകൊണ്ടത്. ചേർത്തല താലൂക്കിലാണ് ഇത് ഉരുവം കൊണ്ടത്. ഇതിന്റെ ഒന്നാംയോഗം 1933 ജൂലൈ 31ന് ചേർത്തലയിൽവച്ചു നടന്നു. സി. കേശവൻ ആയിരുന്നു യോഗാധ്യക്ഷൻ. യോഗത്തിന്റെ പ്രാണവായു കെ. സി. കുട്ടൻ ആയിരുന്നു. നിയമസഭ പിരിച്ചുവിട്ട് പുതിയ തിരഞ്ഞെടുപ്പ് നടത്തണം, യോഗ നിശ്ചയത്തിന് വിപരീതമായി നിയമസഭാസ്ഥാനം വരിക്കുകയും നോമിനേഷൻ സ്വീകരിക്കുകയും ചെയ്ത ഈഴവരിൽ എസ്.എൻ.ഡി.പി. യോഗം അവിശ്വാസം രേഖപ്പെടുത്തണം. ഇതായിരുന്നു പ്രധാന തീരുമാനങ്ങൾ.

ഈഴവസമുദായത്തിന്റെ അവസ്ഥ മറ്റു സമുദായക്കാരെ അപേക്ഷിച്ച് വളരെ മോശമാണെന്ന് പ്രസ്തുത അധ്യക്ഷ പ്രസംഗത്തിൽ സി.കേശവൻ സമർത്ഥിച്ചു. ഈഴവർ തിരുവിതാംകൂർ ജനസംഖ്യയിൽ വെറും ആറിലൊന്ന് മാത്രമാണെന്നും ഈ ആറിലൊന്നിൽ വെറും 60,000 ജനങ്ങൾ മാത്രമേ ഏതെങ്കിലും മൂലധനത്തെ ആശ്രയിച്ച് ജീവിക്കുന്നുള്ളൂ എന്നും ബാക്കി 8 ലക്ഷവും കൂലിക്കാരാണ് എന്നും അവർ നെയ്ത്ത്, കയറുപിരിപ്പ് മുതലായവ കൊണ്ടാണ് കഴിയുന്നതെന്നും 1931ലെ കണക്കുകൾ പ്രകാരം അദ്ദേഹം സൂചിപ്പിച്ചു8. ഈഴവർക്ക് അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ അവർക്ക് തന്റേടം

ഉണ്ടാകണം. സംഘടനകൾ ഉണ്ടാകണം. അവരോട് അനുഭാവമുള്ളവരെ നിയമസഭകളിലേക്കയച്ച് നിയമങ്ങൾ പാസാക്കണം എന്നൊക്കെ ഈ യോഗത്തിൽ തീരുമാനിക്കപ്പെട്ടു. ചെത്തുതെങ്ങ് വൃക്ഷക്കരമിനത്തിൽ കുറേലക്ഷം രൂപ സർക്കാരിന് ലഭിക്കേണ്ടതുണ്ട് എന്നും മറ്റും കണക്കിൽ കാണിച്ചിരിക്കുന്നതിനെ ഉദ്ധരിച്ച്[9] ഈഴവന് കുലവൃത്തി തെങ്ങ്ചെത്താണെന്ന് സങ്കൽപ്പിച്ചുകൊണ്ട് ചെയ്ത ന്യായവാദങ്ങളാണ് ഇവ എന്നും ഇത് നീതിക്ക് നിരക്കാത്തതാണ് എന്നും സമർത്ഥിച്ചു.

ഡച്ചുഭാഷയിൽ എഴുതപ്പെട്ട ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥസമുച്ചയത്തിന് വേണ്ട കരുക്കൾ കൊടുത്തതും ഉപദേശങ്ങൾ കൊടുത്തതും ചേർത്തലക്കാരൻ ഇട്ടി അച്യുതൻ എന്ന ഈഴവവൈദ്യൻ ആയിരുന്നു[10] പതിനെട്ടാംനൂറ്റാണ്ടിലെ ഈഴവരിൽ എണ്ണപ്പെട്ട സംസ്കൃത വിദ്വാന്മാർ ഉണ്ടായിരുന്നുവെന്നും വ്യവസായികളും കർഷകരുമായിരുന്ന ഈഴവാദി വർഗ്ഗത്തെ സർക്കാർ സംവിധാനങ്ങളിൽ നിന്ന് മന:പൂർവ്വം അകറ്റുകയായിരുന്നു എന്നും ഒക്കെ ആ പ്രസംഗത്തിൽ സൂചിപ്പിക്കപ്പെട്ടു.

മതസംബന്ധമായി നാരായണഗുരുസ്വാമികൾ നൽകിയിട്ടുള്ള ആദർശങ്ങൾ യുവജനങ്ങളുടെ ആദർശങ്ങളിലും എത്രമാത്രം വിഭിന്നമാണെന്നിരുന്നാലും കേരളമൊട്ടുക്കുള്ള തീയരെ ഒന്നായി ചേർത്ത് ഒരു സാഹോദര്യബന്ധം സ്ഥാപിക്കുന്നതിന് അത് ഉപകരിച്ചു. രാഷ്ട്രീയ പ്രക്ഷോഭണങ്ങളുടെ കൂട്ടത്തിൽ ഇന്ന് സർവ്വരുടെയും ശ്രദ്ധയെ ആകർഷിക്കുന്നത് ജനപ്രതിനിധി സ്ഥാപനങ്ങളിലും പബ്ലിക് സർവീസിലും തീയർക്കുള്ള അവകാശങ്ങളെ സ്ഥാപിക്കുന്ന കാര്യമാണ്. ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ വീതിച്ചു കൊടുക്കേണ്ടത് വളരെ അത്യാവശ്യം തന്നെ. പോരെങ്കിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും മാസശമ്പളം ഉള്ള പബ്ലിക്സേർവന്റിനെപ്പോലെ മറ്റാർക്കും ഇല്ല എന്നും വിദ്യാഭ്യാസം അഭിവൃദ്ധിക്കും തദ്വാരാ സമുദായ പുരോഗതിക്കും ഉപകരിക്കുന്നു എന്നും പ്രസംഗത്തിൽ വ്യക്തമാക്കപ്പെട്ടു. ജനസംഖ്യ അനുസരിച്ച് നമുക്ക് കിട്ടേണ്ട സ്ഥാനങ്ങൾ കൂടുതൽ കൈവശം ഇരിക്കുന്നവരോട് പിടിച്ചു വാങ്ങുക അല്ലാതെ അവർ സൽബുദ്ധി തോന്നി തരുമെന്ന് ആരും വിചാരിക്കേണ്ട എന്നുംകൂടി സൂചിപ്പിച്ചു. ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ നടത്തിയ 84 ഉദ്യോഗങ്ങളിൽ 75 എണ്ണവും നായർക്കു തന്നെ കൊടുത്ത ജന്മിക്കരം സെറ്റിൽമെൻറ് ഓഫീസർ കുമാരപിള്ളയെയും ആ യോഗത്തിൽ അപലപിച്ചു.

## ആലപ്പുഴയിലെ എസ്.എൻ.ഡി.പി. വാർഷികയോഗം

1933 ആഗസ്റ്റ് 27ന് ആലപ്പുഴയിൽ എസ്.എൻ.ഡി.പി. വാർഷികയോഗം നടന്നു. നിവർത്തന പ്രക്ഷോഭണത്തിന് പിന്തുണ നൽകിയ പ്രായംചെന്ന പ്രമാണിമാരിൽ പ്രമുഖനായിരുന്ന മിതവാദി പത്രാധിപൻ സി. കൃഷ്ണനെയാണ് യോഗത്തിൽ അധ്യക്ഷനായി തീരുമാനിച്ചത്. പുരോഗമനേച്ഛുക്കളായ യുവജനങ്ങളുടെ നിലപാടിന് അദ്ദേഹത്തിൽനിന്നും അംഗീകാരം ലഭിക്കുമെന്ന് നിശ്ചയമുണ്ടായിരുന്നതിനാലാണ് അദ്ദേഹത്തെതന്നെ അധ്യക്ഷനായി തീരുമാനിച്ചത്. ആലപ്പുഴയിലെ അന്തരീക്ഷം അത്ര ശാന്തമായിരുന്നില്ല. യോഗത്തിന്റെ സത്തയെ നശിപ്പിക്കാൻ പല കർമ്മങ്ങളും നടന്നു

കൊണ്ടിരുന്നു. യോഗം കൂടാനുള്ള സമയമായപ്പോൾ പെട്ടെന്ന് സ്ഥിരം പ്രസിഡൻറ് മാധവൻ വൈദ്യർ ഇന്നത്തെ യോഗത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ് എന്ന് ഒരു അഭിപ്രായപ്രകടനം ഉണ്ടാവുകയും ഉടൻതന്നെ വൈദ്യർ അധ്യക്ഷ പീഠത്തിലേക്ക് ഓടിക്കയറുകയും ചെയ്തു. ഒടുവിൽ യൂത്ത്ലീഗുകാരുടെ പ്രശ്നത്തിൽ അഭിപ്രായമാരായുന്നതിന് ജനങ്ങളെ ഉദ്ബോധിപ്പിക്കുക എന്ന് ഉപദേശിച്ചുകൊണ്ട് ഒരു നിശ്ചയം മാത്രം പാസാക്കി. ഈ യോഗത്തിൽ സി. കേശവൻ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. സി. കൃഷ്ണനെ സ്ഥിരാധ്യക്ഷനായും എൻ.കൃഷ്ണനെ ഉപാധ്യക്ഷ നായും തിരഞ്ഞെടുത്തു. യോഗനിശ്ചയങ്ങളിൽ ജനസംഖ്യാനുപാതികമായി സമുദായ പ്രാതിനിധ്യം ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ ഉടൻതന്നെ ഉണ്ടാക്കണമെന്നും യോഗ നിശ്ചയത്തിനെതിരായി തിരഞ്ഞെടുപ്പിൽ നിൽക്കുകയും നോമിനേഷൻ സ്വീകരിക്കുകയും ചെയ്തവരുടെ മേൽ യോഗം അവിശ്വാസം രേഖപ്പെടുത്തുന്നു എന്നും തിരഞ്ഞെടുപ്പിൽ അക്രമമായി ഇടപെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി ഉണ്ടാവണമെന്നും തീരുമാനമെടുത്ത് ആലപ്പുഴയിലെ വാർഷികയോഗം അവസാനിച്ചു.

## സംയുക്തരാഷ്ട്രീയസഭ - ഒരു ഏകീകൃതസംഘടന

പ്രശ്നങ്ങൾ വർദ്ധിച്ചപ്പോൾ സംയുക്തരാഷ്ട്രീയസഭ കൂടുതൽ ശക്തമായി പ്രവർത്തി ക്കാൻ തീരുമാനമായി. ഒരു പുതിയ ഭരണഘടന ഉണ്ടാക്കി. അതനുസരിച്ച് താലൂക്ക് തോറും സഭയുടെ ശാഖകൾ ഉണ്ടാക്കുവാൻ ഊർജ്ജിതനയങ്ങൾ ആരംഭിച്ചു. ഇതേവരെ സംഘടന മൂന്ന് സമുദായങ്ങളുടെ ഒരു ഫെഡറേഷൻ മാത്രമായിരുന്നു. ലക്ഷ്യത്തിൽ എത്തിച്ചേരാൻ സംഘടനയുടെ ഫെഡറൽ സ്വഭാവം ഉപകരിക്കില്ല എന്ന് മനസ്സിലാക്കി, അതിനെ ഒരു യൂണിറ്ററി സംഘടനയാക്കി. അതിന്റെ ശാഖകൾ എല്ലാ ദിക്കുകളിലും വ്യാപിപ്പിക്കുവാൻ ഉദ്യമിച്ചു. ജനറൽ സെക്രട്ടറി എൻ. വി. ജോസഫ് താലൂക്കുകൾതോറും സഞ്ചരിച്ച് ഇതിനുവേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് തീരുമാനിച്ചു. കുറെ അംഗങ്ങളെ ചേർക്കാൻ അദ്ദേഹത്തിന് സാധിച്ചു.പക്ഷേ പല പ്രശ്നങ്ങളും ഉണ്ടായതിനാൽ പിന്നീട് അദ്ദേഹം പ്രവർത്തനം മന്ദീഭവിപ്പിക്കുകയാണ് ഉണ്ടായത്.[11]

## സമസ്ത തിരുവിതാംകൂർ ഈഴവ യൂത്ത്ലീഗ് രണ്ടാംസമ്മേളനം

സമസ്ത തിരുവിതാംകൂർ ഈഴവ യൂത്ത്ലീഗിന്റെ രണ്ടാംസമ്മേളനം 1933 സെപ്റ്റംബർ 16ന് കരുനാഗപ്പള്ളി ക്ഷേത്രമൈതാനത്തു വച്ച് സഹോദരൻ അയ്യപ്പന്റെ അധ്യക്ഷതയിൽ നടന്നു. ഈഴവയുവാക്കന്മാർ ഒരു വലിയ ആവേശത്തിന്റെ അവസ്ഥയിലായിരുന്നു. ഹിന്ദുമത കൂട്ടുകെട്ടിൽനിന്ന് രക്ഷപ്പെട്ട് ഈഴവർ ഒരു സ്വതന്ത്ര സമുദായമായി മാറി നിൽക്കണമെന്ന പ്രമേയമാണ് അവിടെ അവതരിപ്പിക്കപ്പെട്ടത്.[12]

## സമസ്ത തിരുവിതാംകൂർ സംയുക്ത നായർ സമ്മേളനം, തിരുവനന്തപുരം

1933 സെപ്റ്റംബറിൽതന്നെ തിരുവനന്തപുരത്ത് സമസ്ത തിരുവിതാംകൂർ സംയുക്ത നായർ സമ്മേളനം കെ. നാരായണമേനോന്റെ അധ്യക്ഷതയിൽ നടന്നു. കേരളീയ നായർസമുദായത്തിന്റെ നെടുംതൂണുകളിലൊന്ന് നാരായണമേനോൻ ആയിരുന്നു.

ഇദ്ദേഹത്തിന്റെ അധ്യക്ഷതയെ സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള മുതലായ നായർ പ്രമുഖരെയെല്ലാം അണിനിരത്തി നായർ സമുദായത്തിന്റെ ക്ഷത്രിയതേജസ്സ്, സൈനികരൂക്ഷത[13] ഇവയൊക്കെ സംയുക്തസമുദായങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ആയിട്ടുള്ള ഒരു നീക്കമായി എണ്ണപ്പെട്ടു. പ്രസംഗത്തിൽ സംയുക്ത സമുദായങ്ങളുടെ പ്രക്ഷോഭണം അയുക്തികവും ദുരുദ്ദേശ്യവും ആണെന്നും ഈഴവരെ സംബന്ധിച്ച് അവർക്ക് വേണ്ട പുരോഗമനം ഉണ്ടാക്കുന്നതിന് നായർ പ്രമുഖന്മാർ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ് എന്നും വാദിച്ചു. നായന്മാർക്ക് വിഷമം ഉണ്ടാക്കുന്ന പ്രസ്ഥാനങ്ങളെ നായന്മാർ സർവ്വശക്തിയും പ്രയോഗിച്ച് എതിർക്കുന്നതാണെന്നും പ്രഖ്യാപിക്കപ്പെട്ടു. കേവലം ചരിത്രപരമായ കാരണങ്ങളാൽ അധികാരസ്ഥാനങ്ങളിൽ ഭൂരിപക്ഷം അവരുടെ പക്കൽ വന്നുചേർന്നതാണെന്നും ഇക്കാര്യത്തിൽ ജനസംഖ്യ അനുപാതക്കണക്ക് നീതിന്യായങ്ങൾക്ക് അനുയോജ്യമല്ലെന്നും വ്യക്തമാക്കപ്പെട്ടു. ഈഴവരുടെ വാദങ്ങളെ നായന്മാർ ഖണ്ഡിതമായി എതിർത്തു. നായന്മാരുടെ സേവകരെപ്പോലെ കുറെ ഈഴവരും അവരുമായി സൗഹൃദത്തിലായി.

## ഈഴവ മഹാജനസഭ

എസ്.എൻ.ഡി.പി. യോഗത്തെ എതിർക്കുവാനുള്ള ഏക ഉദ്ദേശ്യത്തോടെ ഈഴവ മഹാജനസഭ തിരുവനന്തപുരത്ത് കമ്പനി നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടു. ഇതിന്റെ ഒരു പ്രചാരണയോഗം തിരുവനന്തപുരത്ത് ആനയറ വച്ച് പി.എം.ഗോവിന്ദൻ വൈദ്യരുടെ അധ്യക്ഷതയിൽ നടന്നിരുന്നു. വൈദ്യരുടെ പാണ്ഡിത്യത്തിൽ ഈഴവർ ഒന്നടങ്കം അഭിമാനംകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിന് ഒരു മുഖവില കൽപ്പിക്കാതിരിക്കാൻ സാധ്യമായില്ല. 'തെക്കൻ തിരുവിതാംകൂർ ഈഴവരുടെ വകയ്ക്ക് ഒരുയോഗം' എന്ന് പറഞ്ഞിരുന്നതുകൊണ്ട് സമസ്ത തിരുവിതാംകൂർ ഈഴവസഭ എന്ന പേരിടാൻ കാരണം ചോദിച്ച് തർക്കം ഉണ്ടായി. വൈദ്യരുടെ അധ്യക്ഷപ്രസംഗത്തിൽ ഈഴവരെ അടക്കി അധിക്ഷേപിച്ചതിന് ചരിത്രം ഉദ്ധരിച്ചു തന്നെ പ്രത്യുത്തരംനൽകി. നായന്മാർക്കും ഈഴവർക്കും പൊതുക്ഷേത്രങ്ങളും പൊതുപുലയും അപരക്രിയകളും ഉള്ള കുടുംബങ്ങൾ തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലും ഉണ്ട്[14] എന്ന് അദ്ദേഹം വ്യക്തമാക്കി. അതൊക്കെ ശരിയായിരുന്നു എങ്കിലും യോഗത്തിന്റെ ഉദ്ദേശ്യം ഈഴവരുടെ സംഘടിത ശക്തിയെ ക്ഷീണിപ്പിക്കുക എന്നുള്ളതായിരുന്നതിനാൽ തന്നെ സംയുക്ത രാഷ്ട്രീയസഭ അതിനെ ശക്തിയായി അപലപിച്ചു.

തിരുവിതാംകൂർ രാഷ്ട്രീയത്തെ പ്രക്ഷുബ്ധമാക്കിയ സമരങ്ങൾക്കൊടുവിൽ പ്രക്ഷോഭകരുടെ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചു. തുടർന്ന് ഉദ്യോഗനിയമനപ്രശ്നം വിശദമായി പരിശോധിക്കുന്നതിന് 1934ൽ ഗവണ്മെന്റ് തിരുവിതാംകൂർ ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന ഡോ.ജി.ഡി.നോക്സിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. ഉദ്യോഗനിയമനത്തിനു വേണ്ടി പബ്ലിക്സർവീസ്കമ്മിഷൻ രൂപവല്കരിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു സ്പെഷ്യലാഫീസറുടെ ചുമതല. സമുദായപ്രാതിനിധ്യം ക്രമീകരിക്കുന്നതിനും ജനങ്ങളെ

സൗകര്യപ്രദമായി വർഗീകരിക്കുന്നതിനും നോക്സിനെ ചുമതലപ്പെടുത്തിയിരുന്നു. 1935 മാർച്ച് 14ന് സമർപ്പിക്കപ്പെട്ട നോക്സിന്റെ റിപ്പോർട്ട് പ്രകാരം, മൊത്തം ജനസംഖ്യയുടെ രണ്ടുശതമാനമെങ്കിലും സംഖ്യാബലമുള്ള സമുദായങ്ങൾക്കെല്ലാം വർഗീയ പ്രാതിനിധ്യത്തിന്റെ പ്രയോജനം നല്കാൻ ഗവണ്മെന്റ് തീരുമാനിച്ചു. കേരളാ പി.എസ്.സിയുടെ രൂപീകരണത്തിന് കാരണമായ പ്രക്ഷോഭണം കൂടിയാണ് നിവർത്തന പ്രക്ഷോഭണം.

## കുറിപ്പുകൾ

1. *പ്രബുദ്ധതയുടെ ഇതിഹാസം: മയ്യനാടിന്റെചരിത്രം, എഡി. എസ്. മോഹൻദാസ്. മയ്യനാട് ലിറ്ററിറി ക്രിയേഷൻ ക്ലബ് പ്രസിദ്ധീകരണം, 2005. പുറം 431.*
2. *ജീവിതസമരം (ആത്മകഥ), സി.കേശവൻ, ഡി.സി. ബുക്സ്. 2003 edi. പുറം310*
3. *എസ്. എൻ. ഡി. പി. യോഗം, 1953, ശ്രീനാരായണധർമ്മപരിപാലനയോഗം, കനകജൂബിലി സ്മാരകഗ്രന്ഥം, പുറം. 231.*
4. *കെ.കെ. സുമൻ, അബ്സ്റ്റൻഷൻ മൂവ്മെന്റ് ഇൻ കേരള, പ്രസി. കേരളഹിസ്റ്റോറിക്കൽ ബുക്സ്, 1976, പുറം 43*
5. *കെ, ദാമോദരൻ, കേരളത്തിലെ സ്വാതന്ത്ര്യസമരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1997, പുറം 239*
6. *നിവർത്തനം; സാമൂഹികനീതിയുടെ ഇതിഹാസം, ഡോ. അഞ്ചയിൽ രഘു, പ്രസി. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2011, പുറം102*
7. *കെ.ജി. നാരായണൻ, ഈഴവതീയ്യചരിത്രപഠനം 1986, പേജ്നമ്പർ 4, 5,*
8. *Padmanabha Menon, K.P (1933). History of Kerala. Vol. III, p. Ernakulam. Pages. 398 402.*
9. *Census of India, 1931, Vol. XXVIII: Travancore Report, p.382.*
10. *'ഇട്ടിഅച്യുതൻ വൈദ്യരുംഹോർത്തൂസ് മലബാറിക്കൂസും ചില സത്യങ്ങളും' ആമുഖം.*
11. *ഡോ.ആർ.രാധാകൃഷ്ണൻ, കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളുബൻ,2012 എഡി. പുറം204*
12. *കേരളചരിത്രം തിരുത്തിക്കുറിച്ച മഹാസംഭവങ്ങൾ, വേലായുധൻ പണിക്കശ്ശേരി, പ്രസി. ഡി.സി. ബുക്സ്. 1998. പുറം161.*
13. *Edgar Thurston, K. Rangachari (1909), Castes and Tribes of Southern India, Vol.II Reprint,Madras: Govt.Press, Madras. Page-393.*
14. *'ഈഴവസമുദായത്തിന്റെ ഉത്ഭവവും ചരിത്രാന്വേഷണങ്ങളും, ജോസഫ് പടന്നമാക്കൽ. 2017. പുറം 28.*

## ഗ്രന്ഥസൂചി

1. *കേശവൻ, സി.ജീവിതസമരം (ആത്മകഥ),ഡി.സി. ബുക്സ്., 2003, (എഡി.)*
2. *ഗണേഷ്,കെ.എൻ., കേരളത്തിന്റെ ഇന്നലെകൾ, പ്രസി. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം; 1997.*
3. *ജോർജ്ജ്മാത്യു, കമ്മ്യൂണൽ റോഡ് ടു എ സെക്യൂലർ കേരള, സൗത്ത്ഏഷ്യബുക്സ്.*
4. *ദാമോദരൻ, കെ., കേരളത്തിലെസ്വാതന്ത്ര്യസമരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

5. *നാരായണൻ,കെ.ജി., ഈഴവതീയ്യചരിത്രപഠനം,1986.*
6. *മോഹൻദാസ്,എസ്, (എഡി), പ്രബുദ്ധതയുടെ ഇതിഹാസം: മയ്യനാടിന്റെചരിത്രം, മയ്യനാട്ലിറ്ററി റിക്രിയേഷൻ ക്ലബ്പ്രസിദ്ധീകരണം, 2005.*
7. *സുമൻ,കെ.കെ.,അബ്സ്റ്റൻഷൻ മൂവ്മെന്റ് ഇൻ കേരള, കേരളഹിസ്റ്റോറിക്കൽ ബുക്സ്. 1976.*
8. *രഘു,അഞ്ചയിൽ, ഡോ, നിവർത്തനം; സാമൂഹികനീതിയുടെ ഇതിഹാസം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2011.*
9. *രാമൻപിള്ള,കെ.,കേരളരാഷ്ട്രീയത്തിലെ അന്തർധാരകൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2000.*
10. *രാധാകൃഷ്ണൻ,ഡോ.ആർ.,കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളുബൻ, 2012.*
11. *വേലായുധൻ പണിക്കശ്ശേരി,കേരളചരിത്രംതിരുത്തിക്കുറിച്ചമഹാസംഭവങ്ങൾ,. ഡി.സി. ബുക്സ്. 1998.*
12. *എസ്. എൻ. ഡി. പി. യോഗം, 1953. ശ്രീനാരായണധർമ്മപരിപാലനയോഗം കനകജൂബിലിസ്മാരകഗ്രന്ഥം.*
13. *Edgar Thurston, K. Rangachari, Castes and Tribes of Southern India, Vol.II Reprint, Madras: Govt.Press, Madras, 1909.*
14. *Padmanabha Menon, K.P, History of Kerala. Vol. III, p. Ernakulam, 1933.*
15. *Census of India, Vol. XXVIII: Travancore Report, 193*

# വിശ്വമാനവികതയുടെ കാട്ടാളപർവ്വം: ടി.പി.സുകുമാരന്റെ കലാദർശനത്തിനൊരു മുഖവുര

**രേഷ്മ കെ.**
ഗവേഷക, എഴുത്തച്ഛൻ പഠനസ്കൂൾ,തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ

**പ്രബന്ധസംഗ്രഹം**

ടി.പി.സുകുമാരന്റെ രചനാപ്രപഞ്ചത്തെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. സൈദ്ധാന്തികമായ ഉൾക്കാഴ്ചയും ചരിത്ര ബോധവും ടി.പി. സുകുമാരന്റെ നിരൂപണങ്ങളെ ശ്രദ്ധേയമാക്കുന്നു. കലയെയും സാഹിത്യത്തെയും വേറിട്ട് മനസ്സിലാക്കാതെ ഒന്നിനെ മറ്റൊന്നിന്റെ തുടർച്ചയായി കാണുന്ന ഒരു സമഗ്രവീക്ഷണം അദ്ദേഹത്തിന്റെ നിരൂപണ ത്തിന്റെ സവിശേഷതയാണ്. അന്തർവൈജ്ഞാനികമായ രീതിശാസ്ത്രം അദ്ദേഹം പിന്തുടർന്നതായി കാണാം. ഇത്തരത്തിൽ ഓരോ മേഖലയിലും അദ്ദേഹം നിർവഹിച്ച നിരൂപണത്തിന്റെ സവിശേഷതകളെ സാമാന്യമായി പ്രതിപാദിക്കാൻ ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നു.

***താക്കോൽവാക്കുകൾ:*** രൂപം, രൂപഭദ്രത, പരിസ്ഥിതിസൗന്ദര്യശാസ്ത്രം, ബാർബേറിസവും നാഗരികതയും, അന്തർവൈജ്ഞാനികത

## ആമുഖം

മലയാളസാഹിത്യനിരൂപണത്തിന്റെ ഏറ്റവും സജീവമായ ഘട്ടം ജീവൽ സാഹിത്യപ്രസ്ഥാനം തൊടുത്തുവിട്ട ആശയങ്ങളോടുള്ള പ്രതികൂലവും അനുകൂലവുമായ പ്രതികരണങ്ങളുടെ ഘട്ടമാണ്. സമൂഹവുമായി കലയെ ബന്ധപ്പെടുത്തണമെന്നും കലയ്ക്ക് സാമൂഹികലക്ഷ്യമുണ്ടെന്നും വാദിച്ച കേസരി, പോൾ, മുണ്ടശ്ശേരി അടങ്ങുന്ന

ഒരു വിഭാഗം. അപ്പുറത്ത് മാരാർ, കെ.ഭാസ്കരൻനായരുൾപ്പെടെയുള്ളവർ കലയുടെ സൗന്ദര്യാത്മകമൂല്യത്തിന് പ്രാധാന്യം നൽകുകയും മാനവികമൂല്യങ്ങൾ ശാശ്വതമാണെന്നും ശാശ്വതമൂല്യങ്ങളെക്കുറിച്ച് ഓർമിപ്പിക്കുന്നതാണ് കലയെന്നും വാദിച്ചു. ഈ രണ്ട് വാദഗതികളും സജീവമായിരുന്ന ഒരു ഘട്ടമാണ് മലയാളനിരൂപണത്തിലെ ഏറ്റവും പ്രചലിതവും ശ്രദ്ധേയവുമായ കാലഘട്ടം. അതിനു ശേഷം മലയാളസാഹിത്യനിരൂപണത്തിലേക്ക് കടന്നുവരുന്നത് കെ.പി അപ്പൻ, വി. രാജകൃഷ്ണൻ, ബി.രാജീവൻ തുടങ്ങിയവരെല്ലാം ഉൾപ്പെട്ട ആധുനികനിരൂപകരെന്ന് പറയുന്ന ഒരു വിഭാഗമാണ്. അവർ ജീവൽസാഹിത്യത്തിന്റെ സങ്കല്പങ്ങളെ പൂർണ്ണമായി നിഷേധിച്ചു. സാഹിത്യം ഒരു വ്യക്തിയുടെ ആവിഷ്കാരവും ആസ്വാദനവുമാണ്. അതിന് അബോധവുമായും വ്യക്തിയുടെ സംഘർഷങ്ങളുമായുമാണ് ബന്ധം. കലയ്ക്ക് ഇത്തരം സംഘർഷങ്ങൾ ആവിഷ്കരിക്കുക എന്നതിനപ്പുറം സമൂഹത്തെ നേരായ വഴിക്ക് നയിക്കുക എന്ന ബാധ്യതയില്ല. അതുകൊണ്ട് അരാജകമായ ഒരു സമൂഹത്തെ അവതരിപ്പിക്കാൻ അരാജകമായ വഴികൾ തേടുന്ന എഴുത്തുകാരെയും മറ്റും അവർ വളരെയധികം പുരസ്കരിക്കുകയും അവരെയൊക്കെ പ്രതിഷ്ഠിച്ചെടുക്കുകയും ചെയ്തു. വാസ്തവത്തിൽ ആധുനിക മലയാളനിരൂപണം ജീവൽസാഹിത്യനിരൂപണത്തിന്റെ മൗലികമായ ആശയങ്ങളെ സർഗാത്മകതയുടെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പേരിൽ നിഷേധിക്കുന്ന ഒരു ഘട്ടമാണ്. ഈ രണ്ട് ഘട്ടത്തിന്റെയും ഇടയിലാണ് ടി.പി സുകുമാരൻ വരുന്നത്. അദ്ദേഹം കലയുടെ സാമൂഹികതയെ നിഷേധിക്കുന്നില്ല. കലയ്ക്ക് സാമൂഹിക ലക്ഷ്യങ്ങളില്ല എന്ന് ശുദ്ധകലാവാദികളെപോലെ അദ്ദേഹം പറയുന്നില്ല. പക്ഷേ കല എന്തെങ്കിലും പ്രചരിപ്പിക്കാനുള്ള ഉപകരണം ആണെന്നും ടി.പി. സുകുമാരൻ കരുതുന്നില്ല. മറിച്ച് കലയുടെ ലക്ഷ്യം അടിസ്ഥാനപരമായി കല തന്നെയാണ്. കല കലയായിരിക്കുമ്പോഴാണ് അത് അതിന്റെ രാഷ്ട്രീയ ദൗത്യം നിർവഹിക്കുന്നത്. കലയുടെ രൂപം വളരെ പ്രധാനമാണ്. അതിന് രാഷ്ട്രീയമുണ്ട്. അതുകൊണ്ട് നാടകത്തെപ്പറ്റി പറയുമ്പോൾ, നാടകത്തിന്റെ ഉള്ളടക്കം പുരോഗമനപരമാണോ അല്ലയോ എന്നതിനേക്കാൾ, പരുഷനാടകവേദി, ദരിദ്രനാടകവേദി, അന്യവൽകൃത നാടകവേദി എന്നിങ്ങനെ നാടകത്തെ പ്രാചീനമനുഷ്യരുടെ അനുഭൂതികളുടെയും ആസ്വാദനത്തിന്റെയും ആവിഷ്കാരത്തിന്റെയും തലത്തിലേക്ക് നാഗരികതയിൽ നിന്ന് തിരിച്ചുകൊണ്ടു പോകുമ്പോഴാണ് യഥാർത്ഥത്തിൽ കലയ്ക്ക് ശക്തി കിട്ടുന്നത് എന്നും അങ്ങനെയുള്ളൊരു തിരിഞ്ഞുപോക്കാണ് മുതലാളിത്തത്തിന്റെയും ഏകാധിപത്യത്തിന്റെയും ഒക്കെ യുക്തികൾക്ക് എതിരെ പോരാടാൻ കലയെ പ്രാപ്തമാക്കുന്നതെന്നും ടി.പി സുകുമാരൻ കരുതുന്നു.

ടി.പി. സുകുമാരൻ മുതലാളിത്തത്തോടും ഏകാധിപത്യത്തോടും കലഹിക്കുന്നു. ഒരുതരത്തിലുള്ള ഏകാധിപത്യത്തെയും അദ്ദേഹം അംഗീകരിക്കുന്നില്ല. അതുകൊണ്ടു തന്നെ കലാസങ്കൽപ്പത്തിനകത്ത് നിലനിൽക്കുന്ന വരേണ്യമായ എല്ലാ പക്ഷപാതിത്വങ്ങളെയും അദ്ദേഹം നിരാകരിക്കുന്നു. പക്ഷേ വരേണ്യത പ്രവർത്തിക്കുന്നത് കലയുടെ ഉള്ളടക്കത്തിലല്ല കലയുടെ രൂപത്തിൽ തന്നെയാണ്. ഡാംഭികത(sophistication) ഒരേസമയം വരേണ്യ സങ്കല്പമാണ്. അതേസമയം മുതലാളിത്ത സങ്കല്പവുമാണ്. അതുകൊണ്ടദ്ദേഹം ഡാംഭികതയെ എതിർക്കുന്നു. പച്ച മനുഷ്യനെ, പ്രാചീനമനുഷ്യന്റെ

പരുഷതയെ വീണ്ടെടുക്കാൻ ശ്രമിക്കുകയാണ് ടി.പി. സുകുമാരൻ ചെയ്യുന്നത്. അതുവഴി അദ്ദേഹം ഒരേസമയം വരേണ്യ കലാസങ്കൽപ്പത്തോടും ബൂർഷ്വാമുതലാളിത്ത സങ്കൽപ ത്തോടും കലഹിക്കുകയാണ് ചെയ്യുന്നത്.

സാഹിത്യം, സംഗീതം, ചിത്രകല, ചരിത്രം, ഫോക്‌ലോർ, പരിസ്ഥിതി, നാടകം, ചരിത്രം തുടങ്ങി നിരവധി മേഖലകൾ ടി.പി സുകുമാരന്റെ വിമർശന സപര്യയ്ക്ക് വിഷയമായിട്ടുണ്ട്.

## സാഹിത്യം: കേസരിയുടെ വീണ്ടെടുപ്പും പുതുപദ്ധതികളും

കേസരി ബാലകൃഷ്ണപിള്ളയുടെ സാഹിത്യനിരൂപണങ്ങളെ സവിശേഷമായി പഠിച്ച നിരൂപകനാണ് ടി.പി. സുകുമാരൻ. ബാലകൃഷ്ണപിള്ളയെ ഉല്പാദകനിരൂപകൻ എന്ന് വിശേഷിപ്പിച്ചവർ അക്കാലത്തുണ്ടായിരുന്നു. എന്നാൽ അദ്ദേഹം നിരൂപണത്തിലെ സങ്കേതങ്ങളെയും പ്രസ്ഥാനചിന്തകളെയും മറ്റും അവതരിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ഏതെങ്കിലും കൃതികളെ സവിശേഷമായി പഠിക്കാൻ ശ്രമിച്ചിട്ടില്ലെന്നും അദ്ദേഹത്തിന്റേത് ശുഷ്കഭാഷയാണെന്നുമുള്ള വിമർശനങ്ങളും അക്കാലത്ത് ഉയർന്നുവന്നിരുന്നു. മലയാളസാഹിത്യനിരൂപണത്തിന് വഴികാട്ടിയത് കേസരി ബാലകൃഷ്ണപിള്ളയാണ് എന്ന മറ്റൊരു അഭിപ്രായവും അക്കാലത്ത് നില നിന്നിരുന്നു ഈ രണ്ടു വിഭാഗവും കേസരിയുടെ നിരൂപണത്തെ സൂക്ഷ്മമായി പഠിച്ചിട്ടില്ല. ആ ദൗത്യമാണ് ടി.പി സുകുമാരൻ ഏറ്റെടുത്തത്.

നവോത്ഥാന കാലഘട്ടത്തിൽ മലയാളത്തിൽ നിലനിന്നിരുന്ന പ്രധാനപ്പെട്ട നിരൂപണധാരയാണ് സി.പി അച്യുതമേനോന്റെ ഇംപ്രഷണിസ്റ്റ് നിരൂപണവും പി.കെ നാരായണപിള്ളയുടെ നിയോക്ലാസിക്കൽ നിരൂപണവും. ഇവയുടെ നിഷേധമാണ് ബാലകൃഷ്ണപിള്ളയുടെ നിരൂപണ പദ്ധതിയെന്ന് ടി.പി. സുകുമാരൻ വിലയിരുത്തുന്നു. കേസരി വാൾട്ടർ പേറ്ററെയും ഐ.എ റിച്ചേഡ്സിനെയും ഭാഗികമായി അവലംബിച്ച് ഫങ്ഷണലിസ്റ്റ് നിരൂപണം അവതരിപ്പിച്ചു. നിരൂപണാത്മകനിരൂപണം പ്രസ്ഥാന ചിന്തയ്ക്ക് സാധ്യത നൽകുന്നു. അദ്ദേഹത്തിന്റെ നിരൂപണം സവിശേഷമായ ഒരന്തർ വിജ്ഞാനപരത കൈവരിക്കുന്നുവെന്ന് ടി.പി. സുകുമാരൻ നിരീക്ഷിക്കുന്നു. മലയാള ത്തിലെ റിയലിസ്റ്റ് എക്സ്പ്രഷണിസ്റ്റ് രചനകൾക്കു പിന്നിൽ ബാലകൃഷ്ണപിള്ളയുടെ പ്രേരണ ഉണ്ടായിരുന്നുവെന്നും ആ നിലയ്ക്ക് കേസരി ഒരുല്പാദകനിരൂപണത്തിന്റെ ഭാഗമാണ് എന്നും നിരൂപണം ഒരു ശാസ്ത്രമായിട്ടാണ് ബാലകൃഷ്ണപിള്ള കണ്ടിരുന്ന തെങ്കിലും അദ്ദേഹം ശുഭാപ്തിവിശ്വാസിയും മനുഷ്യസ്നേഹിയുമായ ഒരു ദാർശനികൻ കൂടിയായിരുന്നു എന്നും ടി.പി. സുകുമാരൻ വിലയിരുത്തുന്നു.

റഷ്യയിൽ ബോൾഷേവിക് വിപ്ലവം നടന്നതിനുശേഷം നവോത്ഥാനത്തിന്റെയും ദേശീയതയുടെയും ഘട്ടത്തിൽനിന്ന് മാറി സോഷ്യലിസം ലോകത്തുടനീളം വ്യാപിക്കുന്ന സന്ദർഭത്തിലാണ് കേസരി ബാലകൃഷ്ണപിള്ള നിരൂപണത്തിലേക്ക് കടന്നുവരുന്നത്. സോഷ്യലിസ്റ്റ് ചിന്തകളാണ് കേസരിയുടെ ബലം. റഷ്യൻസാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിയവരിൽ ബാലകൃഷ്ണപിള്ള പ്രധാനിയാകുന്നു. കേസരിക്ക് മുമ്പുണ്ടായിരുന്ന രണ്ടു പദ്ധതികളിൽനിന്ന് വ്യത്യസ്തമായി അതായത് സി.പി

അച്യുതമേനോനിലൂടെ വളർന്ന ഇംപ്രഷണിസ്റ്റ് നിരൂപണവും എ.ആർ രാജരാജവർമ്മയിൽ നിന്ന് തുടങ്ങി സാഹിത്യപഞ്ചാനനൻ പി.കെ നാരായണപിള്ള യിലേക്ക് വികസിച്ചുവന്ന നിയമവ്യവസ്ഥാപകത്വവും നിയോക്ലാസിക് നിരൂപണവും. അതിൽ നിന്നും വിഭിന്നമായി കേസരി വളരെ ജൈവമായ സമീപനമാണ് നിരൂപണത്തിൽ സ്വീകരിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തെ ആശ്രയിച്ചു വളർന്ന മലയാളസാഹിത്യത്തെ വിപുലവും മൗലികവുമായ യൂറോപ്യൻ സാഹിത്യത്തിന്റെ മാതൃകയിൽ വളർത്തുക, അതിനുവേണ്ടി മലയാളത്തിൽ നിലനിന്നിരുന്ന ഇംപ്രഷണിസ്റ്റ് നിരൂപണരീതിയേയും നിയോക്ലാസിക്കൽ നിരൂപണരീതിയേയും ഉപേക്ഷിച്ച് പുതിയ നിരൂപണരീതി ആവിഷ്കരിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് കേസരി ഏറ്റെടുത്തതെന്ന് ടി.പി സുകുമാരൻ പറയുന്നു.

മലയാളനിരൂപണത്തിന്റെ സവിശേഷത അത് വിവരണാത്മകമാണ് എന്നുള്ളതാണ്. 'അനുമോദിക്കുക' എന്ന പഴയനിരൂപണത്തിന്റെ രീതി വിട്ട് വിവരണാത്മക നിരൂപണം നിർവഹിച്ച സി.പി.അച്യുതമേനോനെയാണ് ആദ്യ മലയാള നിരൂപകനായി ടി.പി സുകുമാരൻ കാണുന്നത്. അനുഭൂതിപ്രധാനമെങ്കിലും കലയുടെ അകത്തുള്ള നിയമങ്ങളിലൂടെ കൃതിയെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന നിരൂപകരാണ് ഇംപ്രഷണിസ്റ്റ് നിരൂപകർ. അച്യുതമേനോൻ അക്കൂട്ടത്തിൽപ്പെട്ട ഒരാളാണ്. ദേശീയതാസങ്കല്പങ്ങളും നവോത്ഥാന സങ്കല്പങ്ങളും സജീവമായിരുന്ന കാലത്താണ് അച്യുതമേനോൻ നിരൂപണം നടത്തിയിരുന്നത്. സി.പി. അച്യുതമേനോന്റെ നിരൂപണത്തെക്കുറിച്ച് 'സ്വേച്ഛാചാരിയല്ലാ ത്തതും സ്വാനുഭൂതി പ്രാമാണ്യം വിടാത്തതുമായ ഒരു ഇംപ്രഷണിസ്റ്റ് നിരൂപണ പദ്ധതിയായിരുന്നു' (സുകുമാരൻ, 2021: 286) എന്ന് സുകുമാരൻ പറയുന്നു. രസപക്ഷ നിരൂപണവും ഇംപ്രഷനിസ്റ്റ് നിരൂപണവും തമ്മിലുള്ള താരതമ്യം ടി.പി.സുകുമാരൻ നിർവഹിക്കുന്നുണ്ട്. അതുവഴി താരതമ്യ കാവ്യമീമാംസയുടെ ഉൾക്കാഴ്ച അദ്ദേഹം അവതരിപ്പിക്കുന്നു.

സാഹിത്യസംബന്ധിയായ നിരവധിപഠനങ്ങൾ ടി.പി സുകുമാരൻ നിർവഹിച്ചിട്ടുണ്ട്. കടമ്മനിട്ട, കക്കാട്, എം.ടി, വള്ളത്തോൾ, ടി.പത്മനാഭൻ തുടങ്ങി നിരവധി സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും ടി.പി. സുകുമാരൻ പഠനത്തിന് വിഷയമാക്കുന്നു. ഒരുകാലത്ത് സമൃദ്ധമായിരിക്കുകയും പിന്നീട് ഊഷരമായിത്തീരുകയും ചെയ്ത ഉർവരതയെ തിരിച്ചുപിടിക്കാനുള്ള ഉത്കടമായ വാഞ്ഛയാണ് കടമ്മനിട്ടക്കവിതകളെന്ന് കാട്ടാളൻ, കിരാതവൃത്തം, ശാന്ത, കുറത്തി എന്നീ കൃതികളെ അവലംബിച്ചു ടി.പി. സുകുമാരൻ നിരീക്ഷിക്കുന്നു. കാട്ടാളനിലേക്ക് തിരിച്ചു പോവുക/ ജൈവികത വീണ്ടെടുക്കുക എന്ന ആശയം തന്നെയാണ് ടി.പി. സുകുമാരൻ സാഹിത്യപഠനത്തിലേക്കും കൊണ്ടുവരുന്നത്. യുങിന്റെ ആദിപ്രരൂപം എന്ന സങ്കൽപ്പനമാണ് അതിനായി അദ്ദേഹം ഉപയോഗിക്കുന്നത്. സ്വപ്നങ്ങളെക്കുറിച്ച് ഫ്രോയിഡ് പറയുന്നത് അബോധമനസ്സിൽ നിന്നാണ് സ്വപ്നങ്ങൾ ഉണ്ടാകുന്നത് എന്നാണ്. എന്നാൽ യുങ് സ്വപ്നം വൈയക്തികമല്ലെന്നും അത് സാമൂഹികമാണെന്നും പറയുന്നു. സുവർണഭൂതകാലമുണ്ടായിരുന്നെന്നും അത് നഷ്ടപ്പെട്ടുപോയതാണെന്നുള്ള

സങ്കല്പം ഓരോ സമൂഹങ്ങൾക്കുമുണ്ട്. യുങ് വിശദീകരിക്കുന്ന ആർക്കിടൈപ്പ് മാതൃകകൾ അവയാണ്. അമ്മ, ഗുരു, കോമാളി തുടങ്ങിയവ എല്ലാ സമൂഹങ്ങൾക്കുമുള്ള ആർക്കിടൈപ്പ് മാതൃകകളാണ്. വിജ്ഞപിതാമഹൻ അതായത് ഗുരു, ഭൂമാതാവ് എന്നീ രണ്ട് സങ്കൽപ്പങ്ങളാണ് കടമനിട്ടക്കവിതയിൽ വരുന്നതെന്നും അത് യുങിന്റെ ചിന്താപദ്ധതിയോട് ചേർന്നുനിൽക്കുന്നുവെന്നും ടി.പി.സുകുമാരൻ നിരീക്ഷിക്കുന്നു. പഴയ കാട്ടാളന്റെ കാലത്തുണ്ടായിരുന്ന നന്മകളൊക്കെ നാഗരികന്റെ കാലത്ത് നഷ്ടപ്പെടുന്നു എന്ന റൂസ്സോയുടെ ആശയത്തെ ടി.പി. സുകുമാരൻ ഇവിടെ ആവർത്തിക്കുകയാണ്. പ്രാചീനമനുഷ്യന്റെ എല്ലാ നന്മകളും നഷ്ടപ്പെടുന്നതിന് കാരണം മുതലാളിത്ത ഉൽപാദനവ്യവസ്ഥയാണെന്നും അസമത്വം മുതലാളിത്തത്തിന്റെ സൃഷ്ടിയാണെന്നും റൂസ്സോ പറയുന്നു. അതിന്റെ പരിഹാരം എന്തെന്ന് മാർക്സ് പറയുന്നുണ്ട്. 'മനുഷ്യൻ സ്വതന്ത്രനായി ജനിച്ചവൻ അവൻ എങ്ങും ചങ്ങലയിലും' എന്ന് റൂസ്സോ പറയുന്നതിൽ നിന്ന് മാർക്സിൽ എത്തുമ്പോൾ 'നഷ്ടപ്പെടുവാൻ ചങ്ങല മാത്രം കിട്ടാനുള്ളത് ഒരു ലോകം മുഴുവൻ' എന്നാകുന്നു(സുകുമാരൻ,2021:873). റൂസ്സോയെയും മാർക്സിനെയും ഒന്നിച്ചാലോചിച്ചാൽ പരിസ്ഥിതിശാസ്ത്രം രാഷ്ട്രീയമീമാംസയിൽ ഉൾച്ചേരുന്നതായി കാണുവാൻ സാധിക്കുമെന്ന് കടമ്മനിട്ടക്കവിതകളെ ആധാരമാക്കി ടി.പി. സുകുമാരൻ വിലയിരുത്തുന്നു. കടമ്മനിട്ടക്കവിതകൾ ചൊല്ലാനുള്ളതാണെന്നും കവിതയുടെ രൂപം എന്നത് അതിന്റെ താളമാണെന്നും അദ്ദേഹം പറയുന്നു. കവിതയുടെ രൂപത്തിലേക്കുള്ള ഒരു നോട്ടം സുകുമാരനിൽ കാണുന്നു. രൂപത്തെക്കുറിച്ച് പറയുമ്പോൾ കവിതയുടെ താളത്തെ എടുത്ത് അതിന്റെ ഭാവവുമായി ഇണക്കി ഒരു സങ്കല്പം അദ്ദേഹം അവതരിപ്പിക്കുന്നു.

ടി.പത്മനാഭന്റെ രചനകളിൽ പ്രണയത്തെക്കുറിച്ചുള്ള സൂചനകൾ വളരെയധികം മൂടിവയ്ക്കപ്പെട്ടിരിക്കുന്നു. പക്ഷേ സൂക്ഷ്മാർഥത്തിൽ നോക്കിയാൽ ആത്യന്തികമായി സ്ത്രീയും പുരുഷനും തമ്മിലുള്ള രതിയിലൂന്നുന്ന പലതരം ആവിഷ്കാരങ്ങളാണ് ടി.പത്മനാഭന്റെ കഥകളിൽ കാണുന്നതെന്ന് ഗൗരി, കാലഭൈരവൻ, സാക്ഷി, പ്രകാശം പരത്തുന്ന പെൺകുട്ടി എന്നീ കഥകളെ വിശകലനം ചെയ്തുകൊണ്ട് ടി.പി.സുകുമാരൻ പറയുന്നു. യുങിന്റെ സിദ്ധാന്തപ്രകാരം ഗർഭാശയം ഒരു ആർക്കിടൈപ്പ് ആണ്. എല്ലാത്തിൽനിന്നും ഉൾവലിഞ്ഞൊരു ലോകമാണത്. അങ്ങനെ പിന്നോട്ട് പോകാനുള്ള ആഗ്രഹമാണ് പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന കഥയിലെ കുട്ടി. മനുഷ്യന്റെ ജീവിതത്തിൽ നിരാശയുടെയും തകർച്ചയുടെയും സന്ദർഭത്തിൽ നമ്മെ ഉത്തേജിപ്പിക്കുന്ന ഒന്നിനെയാണ് ക്യുമുലേറ്റീവ് ക്യു എന്ന് പറയുന്നത്. പ്രകാശം പരത്തുന്ന പെൺകുട്ടിയിലെ പെൺകുട്ടി അത്തരത്തിൽ ക്യുമുലേറ്റീവ് ക്യു ആണെന്ന് ടി.പി.സുകുമാരൻ അടയാളപ്പെടുത്തുന്നു. ഹാൻസ് ആൻഡേഴ്സണിന്റെ അഞ്ചു പയർ മണികളുടെ വീരകൃത്യങ്ങൾ എന്ന കഥയോട് പ്രകാശം പരത്തുന്ന പെൺകുട്ടിയെ താരതമ്യപ്പെടുത്തുന്നുണ്ട്. ഫ്രോയ്ഡിയൻ സിദ്ധാന്തപ്രകാരം പെൺകുട്ടിയോട് യഥാർത്ഥത്തിൽ അയാൾക്ക് പ്രണയമാണെന്നും എന്നാൽ പ്രണയസൂചനയൊന്നും കഥയിൽ ഇല്ലെന്നും സൂക്ഷ്മമായി പരിശോധിച്ചാൽ കണ്ടെത്താമെന്നും സുകുമാരൻ വിശദമാക്കുന്നു. പ്രകാശം പരത്തുന്ന പെൺകുട്ടിയിൽ നിന്നും ഗൗരിയിലേക്കും കാലഭൈരവനിലേക്കും സാക്ഷിയിലേക്കും

വരുമ്പോഴേക്കും ഗർഭാശയസ്മരണയെക്കുറിച്ചുള്ള സൂചനകൾ ഉണർത്തുന്നതായാണ് സുകുമാരൻ കാണുന്നത്. സാക്ഷിയിലെ നായകൻ അമ്മയെക്കുറിച്ച് ഓർക്കുമ്പോൾതന്നെ കാടിനെക്കുറിച്ച് ഓർക്കുന്നു. കാട് മനുഷ്യസമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഗർഭാശയമാണ്. അമ്മ വ്യക്തി എന്ന നിലയ്ക്ക് അയാളുടെ ഗർഭാശയമാണ്. ഗർഭാശയത്തിലേക്ക്, പ്രകൃതിയിലേക്ക് തിരിച്ചു പോകാനുള്ള ആഗ്രഹത്തിന്റെ പ്രതിഫലനങ്ങളാണ് പത്മനാഭന്റെ പല കഥകളുമെന്ന് മന:ശാസ്ത്രതത്വങ്ങളുടെ അടിസ്ഥാനത്തിൽ പറയുകയാണ് ടി.പി. സുകുമാരൻ ചെയ്യുന്നത്.

വള്ളത്തോളിന്റെ മിക്ക നായികമാരെയും വിശകലനം ചെയ്യുന്നതാണ് 'വള്ളത്തോളിന്റെ നായികമാർ'എന്ന പഠനം. ശിഷ്യനും മകനും, വീരപത്നി എന്നീ കാവ്യങ്ങളിലെ നായികമാരൊഴികെ ബാക്കിയെല്ലാവരും പല തലങ്ങളിൽ നിൽക്കുന്നവരാണെന്ന് അദ്ദേഹം വിലയിരുത്തുന്നു. അവരിൽ അവിഹിത ബന്ധത്തെ ക്ഷണിച്ചു വരുത്തുന്നവരുണ്ട്. പരിത:സ്ഥിതി സമ്മർദ്ദംകൊണ്ട് അബദ്ധത്തിൽ ചെന്നുപെടുന്നവരുണ്ട്. പ്രത്യുൽപ്പന്നമതിത്വംകൊണ്ടോ ഭാഗ്യാതിരേകംകൊണ്ടോ അതിൽനിന്നും രക്ഷപ്പെടുന്ന വരുണ്ട്. അവിഹിതബന്ധത്തിൽ ഒഴുകിച്ചേരാൻ മനസ്സാഗ്രഹിക്കുകയും ലക്ഷ്യത്തിന്റെ ഗോപുരകവാടം തുറക്കാൻ കാത്തുനിൽക്കുകയും ചെയ്യുന്ന ഭാഗ്യവതികളുണ്ട്. അത്തരം ബന്ധത്തിൽനിന്നു ബോധപൂർവം സ്വൽപ്പനേരത്തേക്കുമാത്രം മാറിനിൽക്കുന്നവരുണ്ട്. എന്നേക്കുമായി മാറി നിൽക്കുന്നവരുണ്ട്. പുറംതള്ളപ്പെട്ടവരുണ്ട്.' (സുകുമാരൻ, 2021:929) എന്നിങ്ങനെ വള്ളത്തോളിന്റെ നായികമാരെ ടി.പി. സുകുമാരൻ വർഗീകരിക്കുന്നുണ്ട്. ആധുനിക പൂർവഘട്ടത്തിലെ കഥകളെ വള്ളത്തോൾ ആധുനികപശ്ചാത്തലത്തിലേക്ക് കൊണ്ടുവരുമ്പോൾ കഥാപാത്രങ്ങൾക്കൊക്കെ വ്യക്തിത്വമുണ്ടാകുന്നു. സവിശേഷമായ വ്യക്തിത്വമുള്ള കഥാപാത്രങ്ങളായി വള്ളത്തോൾ അവരെ ഉയർത്തുന്നതായി ടി.പി.സുകുമാരൻ വിലയിരുത്തുന്നു. നായികമാരുടെ പ്രവൃത്തിയെ പിന്തുടർന്നുകൊണ്ട് അവരുടെ മനസ്സിനെ അടയാളപ്പെടുത്താൻ ശ്രമിക്കുകയാണ് ടി.പി. സുകുമാരൻ.

## ഫോക്‌ലോർ പ്രബന്ധങ്ങൾ : സംസ്കാരപഠനത്തിന്റെ അഗ്രഗാമിത്വം

ടി.പി സുകുമാരൻ ഇടപെട്ടിട്ടുള്ള ഒരു പ്രധാനമേഖലയാണ് ഫോക്‌ലോർ. സവിശേഷത്തിൽനിന്ന് സാമാന്യത്തിലേക്ക് വികസിക്കുന്ന മന:ശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും അടിത്തറയുള്ള അന്തർപാഠപരമായ സംസ്കാരപഠന ത്തിന്റെ രീതിശാസ്ത്രത്തോട് വളരെയടുത്തുനിൽക്കുന്ന പ്രബന്ധങ്ങളാണ് ടി.പി സുകുമാരന്റെ ഫോക്‌ലോർ പ്രബന്ധങ്ങൾ. ടി.പി. സുകുമാരൻ കേരളത്തിലെ ഏതെങ്കിലും സവിശേഷമായ നാട്ടുകൂട്ടത്തെ എടുത്തു പഠിക്കുകയല്ല ചെയ്യുന്നത്. മറിച്ച് മലയാളിയുടെ സംസ്കാരത്തിൽനിന്ന് തുടങ്ങി സാർവദേശീയതലത്തിലെ സംസ്കാരത്തെക്കുറിച്ചുള്ള ചർച്ചയിലാണ് അദ്ദേഹത്തിന്റെ ഫോക്‌ലോർ പഠനങ്ങൾ സാമാന്യമായി ചെന്നെത്തുന്നത്.

മനുഷ്യൻ ജീവിക്കുന്നത് നിരവധി സങ്കല്പങ്ങളുടെ ലോകത്താണ്. സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും ലോകത്തല്ല. കൃഷിയെയും രതിയെയും ബന്ധിപ്പിക്കുന്നതിൽ യുക്തിയൊന്നുമില്ല. അത് മനുഷ്യന്റെ കേവലം ഭാവന മാത്രമാണ്. 'വിത്തും മിത്തും'

എന്ന പ്രബന്ധത്തിൽ വിത്ത് വിതയ്ക്കുന്നത് ഭൂമിയിൽ കർഷകൻ ചെയ്യുന്ന രതിക്രീഡയാണ്. രതിയിൽ ഏർപ്പെടുന്നതും കൃഷിയിൽ ഏർപ്പെടുന്നതും ഏറെക്കുറേ സമാനമായ പ്രവൃത്തിയായി പ്രാചീനമനുഷ്യർ കരുതിയിരുന്നു. സദൃശ്യ മന്ത്രവാദത്തിന്റെ ഭാഗമായി കൃഷിഭൂമിയിൽ മനുഷ്യർ രതിയിൽ ഏർപ്പെട്ടിരുന്നു. വിത്ത് ഒരു സൂചകമാണ്. അതിന് പലതരം സൂചിതങ്ങൾ ഉണ്ട്. ആ സൂചിതങ്ങൾ പ്രാചീനമനുഷ്യന്റെ പ്രപഞ്ചാവബോധവുമായി ബന്ധപ്പെട്ടതാണ്. അതിപ്പോഴും പലതരത്തിൽ നമ്മുടെ അവബോധത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. വസൂരിരോഗത്തെ സൂചിപ്പിക്കുവാൻ വിത്ത് എന്ന് പറയാറുണ്ട്. അത് ഒരേസമയം മരണത്തിലേക്കും അതേസമയംതന്നെ രതിയിലേക്കും നീളുന്ന രണ്ടു മുഖങ്ങളോടുകൂടിയ സങ്കല്പമാണ്. അങ്ങനെയുള്ള മനുഷ്യന്റെ ഭാവനാലോകം പലതലങ്ങളിലായി പുന:സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കും. അതിനെ സംസ്കാരമെന്ന് പറയുന്നു. ആദിമ മനുഷ്യന്റെ തോന്നലുകളും ഭാവനകളും തലമുറകളിലൂടെ കൈമാറി പുതിയ രൂപഭാവങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. ഈ സൂചകങ്ങളെ അന്തർപാഠപരമായി അന്തർവൈജ്ഞാനികമായി വിലയിരുത്തുന്ന സമീപനമാണ് സംസ്കാരപഠനം. ഈ സമീപനമാണ് ടി.പി. സുകുമാരൻ ഫോക്‌ലോർ ലേഖനങ്ങളിൽ സാമാന്യമായി പിൻപറ്റുന്നത്. ടി.പി. സുകുമാരന്റെ പ്രബന്ധങ്ങളുടെ പൊതുസ്വഭാവം അവയെല്ലാം സാർവ്വലൗകികതയിൽ ഊന്നുന്നു എന്നതാണ്. കേരളത്തിൽനിന്ന് പറഞ്ഞു തുടങ്ങി അത് വിശ്വലോകത്തിലേക്ക് വ്യാപിക്കുന്നു. ഫ്രെയ്സറിനെ പോലുള്ള ആന്ത്രപ്പോളജിസ്റ്റുകളെയും എഡ്മണ്ട് ലീച്ചിനെയും യുങ്നേയും സിഗ്മഡ് ഫ്രോയ്ഡിനെയും പോലെയുള്ള മന:ശാസ്ത്രചിന്തകരെയും ടി.പി. സുകുമാരൻ തന്റെ ഫോക്‌ലോർ പഠനങ്ങളിൽ പ്രയോജനപ്പെടുത്തുന്നു. ഫോക്‌ലോർ സംസ്കാരപഠനത്തിന്റെ ഭാഗമാണെന്നും അതിന് ഒറ്റതിരിഞ്ഞ് നിൽക്കാൻ കഴിയില്ലെന്നും ടി.പി. സുകുമാരൻ വളരെ മുമ്പ് തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. സംസ്കാരങ്ങളെയും, കാലങ്ങളെയും താരതമ്യം ചെയ്യുന്ന ഒരു രീതിശാസ്ത്രം അദ്ദേഹം ഉപയോഗിക്കുന്നു. കേരളത്തിലെ കോമരത്തെക്കുറിച്ച് പറയുമ്പോൾ അപ്പോളോ ക്ഷേത്രത്തിലേക്കും ഗാന്ധിയെക്കുറിച്ച് പറയുമ്പോൾ സോക്രട്ടീസിലേക്കും സുകുമാരന്റെ ചിന്തകൾ വ്യാപിക്കുന്നതു കാണാം

## സംഗീതം: രൂപപരമായ വിമർശനം

ടി.പി. സുകുമാരൻ ഇറങ്ങിച്ചെല്ലാത്ത മേഖലകൾ ഇല്ലെന്നുതന്നെ പറയാം. അദ്ദേഹം പഠനവിധേയമാക്കിയ പ്രധാനപ്പെട്ട മറ്റൊരു മേഖല സംഗീതത്തിന്റേതാണ്. എല്ലാ പ്രബന്ധങ്ങളിലുമെന്നപോലെ നല്ലവനായ കാട്ടാളനിലേക്കാണ് ഈ അന്വേഷണങ്ങളും ചെന്നെത്തുന്നത്. പച്ചമനുഷ്യനാൽ പ്രലോഭിപ്പിക്കപ്പെട്ട എഴുത്തുകാരനാണ് ടി.പി. സുകുമാരൻ. മനുഷ്യൻ നാഗരികനാവുന്നതിനുമുമ്പേയുള്ള പ്രാചീനമനുഷ്യനിലാണ് മനുഷ്യന്റെ എല്ലാ ഗുണങ്ങളും ഉള്ളതെന്നും മനുഷ്യൻ സംസ്കാരത്തിലേക്ക് പ്രവേശിക്കുന്തോറും പച്ചമനുഷ്യന്റെ സ്വഭാവം നഷ്ടപ്പെടുന്നുവെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ആ പച്ചമനുഷ്യത്വം വീണ്ടെടുക്കാൻ സംഗീതത്തിലെന്തു ചെയ്യാൻ സാധിക്കും, സാഹിത്യത്തിലെന്തുചെയ്യാൻ സാധിക്കും, കലയിലെന്തുചെയ്യാൻ സാധിക്കും എന്നതാണ്

ടിപി സുകുമാരന്റെ അന്വേഷണം. പരിഷ്കരിക്കപ്പെടാത്ത അപരിഷ്കൃതമായ വന്യസൗന്ദര്യത്തോടുള്ള കാമനയാണ് സുകുമാരന്റെ കലാദർശനം.

'ഒരു ഗാനമേളക്കാരനോടൊപ്പം ഇത്തിരി നേരം' എന്ന പ്രബന്ധത്തിൽ, കല്പിത സംഭാഷണത്തിന്റെ മാതൃകയിലാണ് ടി.പി. സുകുമാരൻ തന്റെ അഭിപ്രായം അവതരിപ്പിക്കുന്നത്. റിക്കോർഡിങ്ങിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഇതിൽ അവതരിപ്പിക്കുന്നു. റിക്കോർഡിങ് വാസ്തവത്തിൽ ടെക്നോളജിയുടെ കലയാണെന്ന് അദ്ദേഹം പറയുന്നു. ഗായകനെക്കൊണ്ട് അനേകം തവണ പാടിച്ച് അതിൽനിന്നും മികച്ചത് കട്ട് ചെയ്ത് മിക്സ് ചെയ്യുന്നതാണ് റിക്കോർഡിങ്. സാങ്കേതികവിദ്യയുടെ ഈ കല ടി.പി. സുകുമാരൻ വിമർശനാത്മകമായി നോക്കിക്കാണുന്നു. ജനപ്രിയസംസ്കാരം കലയുടെ മൗലികതയെ എങ്ങനെയാണ് തകർക്കുന്നതെന്ന് അദ്ദേഹം വിലയിരുത്തുന്നു. ഗാനമേള ജനകീയമായ ഒരു കലയാണ്. പാട്ടിന്റെ മൗലികമായ സംഗതി അതിലുള്ള അറിവ് തന്നെയാണ്. ഈ കല്പിതസംഭാഷണത്തിലെ ഗാനമേളക്കാരന് അത് ഒട്ടും തന്നെയില്ല. അതിലൂടെ ജനപ്രിയസംസ്കാരവും യാന്ത്രിക പുനരുത്പാദനവും നമ്മുടെ ജനകീയ സംഗീതത്തെ അനുദിനം നശിപ്പിക്കുന്നു എന്ന സങ്കൽപ്പമാണ് ടി.പി സുകുമാരൻ അവതരിപ്പിക്കുന്നത്.

മൃദംഗത്തെക്കുറിച്ചുള്ള പ്രബന്ധത്തിൽ ചിഹ്നശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളാണ് ടി.പി. സുകുമാരൻ പ്രയോജനപ്പെടുത്തുന്നത്. സംഗീതത്തെ ഭാഷയിലേക്ക് കൊണ്ടുവരുന്നതിനായി സംഗീതത്തിന്റെ നിരൂപണത്തിന് ഉതകുന്ന തരത്തിലുള്ള ഒരു അവതരണരീതി ടി.പി.സുകുമാരൻ അവതരിപ്പിക്കുന്നുണ്ട്. അത് വളരെ സാങ്കേതികമാണെങ്കിലും സംഗീതത്തിന്റെ ഘടന അദ്ദേഹത്തിന് അതിലൂടെ വിവരിക്കാൻ സാധിക്കുന്നു. കച്ചേരിയിൽ മറ്റുള്ള വാദ്യങ്ങളുടെ കൂടെ അവതരിപ്പിക്കുമ്പോൾ മൃദംഗത്തിന്റെ ദൗത്യം കച്ചേരിയെ കൊഴുപ്പിക്കുക എന്നതാണ്. എന്നാൽ മൃദംഗത്തിന് സ്വയം ആവിഷ്കരിക്കുന്നതിനുള്ള അവസരവും കച്ചേരിയിൽ ലഭിക്കുന്നു. അതിനെയാണ് 'തനിയാവർത്തനം' എന്ന് പറയുന്നത്. സംഗീതത്തിന്റെ പൂർണതയാണ് മനുഷ്യർക്ക് ആനന്ദം നൽകുന്നത്. തനിയാവർത്തനത്തിന്റെ പ്രത്യേകത അത് വൃത്തത്തിലുള്ളതാണ്, വൃത്തം പൂർണ്ണതയെ സൂചിപ്പിക്കുന്നു. മനുഷ്യജീവിതം അപൂർണ്ണമാണ്. സംഗീതജ്ഞൻ/ സംഗീതജ്ഞ അപൂർണരാണ്. അതുപോലെ സംഗീതം ശ്രവിക്കുന്ന ആസ്വാദകരും അപൂർണ്ണരാണ്. പൂർണതയുള്ള എന്തിനോടും മനുഷ്യനു തോന്നുന്ന ആസക്തിയാണ് സംഗീതാസ്വാദനത്തിൽ മനുഷ്യൻ കണ്ടെത്തുന്ന ആനന്ദം. സംഗീതത്തിന്റെ ഘടന വിശദീകരിച്ച ടി.പി. സുകുമാരൻ പിന്നീട് ആ ഘടനയുടെ ദാർശനികമായ ധർമ്മത്തെയും പ്രസക്തിയെയുംപറ്റി പരിചിന്തിക്കുന്നു. മൃദംഗത്തിന്റെ ആകൃതി വൃത്തമാണ്. അതിലുള്ള കൊട്ടും വൃത്തത്തിലാണ്. അതുണ്ടാക്കുന്ന അനുഭവം പൂർണതയെക്കുറിച്ചുള്ള സങ്കല്പമാണ്. ആ സങ്കല്പമാണ് മനുഷ്യരിൽ ആനന്ദം ഉണ്ടാക്കുന്നത്. മൃദംഗത്തിന്റെ രൂപത്തിൽനിന്ന് തുടങ്ങി അനുഭവത്തിന്റെ രൂപം വരെ ടി.പി. സുകുമാരൻ ഒരു ദൃശ്യാവലി കണ്ടെത്തുകയാണ് ചെയ്യുന്നത്.

സംഗീതപഠനത്തെ സുകുമാരൻ ചിഹ്നശാസ്ത്രവുമായി ബന്ധിപ്പിക്കുന്നു. അത്തരത്തിൽ അദ്ദേഹത്തിന്റെ കാലത്ത് മലയാളത്തിൽ ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയ പുതുവിജ്ഞാനം അതായത് ഘടനാവാദം, ചിഹ്നശാസ്ത്രം, സംസ്കാരപഠനം തുടങ്ങിയ പല മേഖലകളിലെയും ആശയങ്ങളും സങ്കല്പനങ്ങളും സുകുമാരൻ തന്റെ പ്രബന്ധരചനയിൽ പ്രയോജനപ്പെടുത്തി. സംഗീതം രതി പോലെ മനുഷ്യനെ ആനന്ദിപ്പിക്കുന്നു എന്ന വാദത്തിന് വിരുദ്ധമായി സംഗീതത്തെ ആസ്വദിക്കാൻ പ്രേരിപ്പിക്കുന്നത് സമ്പൂർണ്ണതയാണ് എന്നദ്ദേഹം പറയുന്നു. അത് എല്ലാ പ്രായക്കാരെയും ആകർഷിക്കുന്ന ഘടകമാണ്. കരിമരുന്ന് പ്രയോഗത്തിന്റെ ഘടനയും മൃദംഗം കൊട്ടി തനിയാവർത്തനത്തിലേക്ക് എത്തുന്ന ഘടനയും ഒരുപോലെയാണ് എന്ന് പറഞ്ഞുകൊണ്ടാണ് പ്രബന്ധം അവസാനിക്കുന്നത്. ഇവിടെ സംസ്കാരപഠനത്തിന്റെ സ്വഭാവം വെളിപ്പെടുന്നു. ലെവിസ്ട്രോസ് പറയുന്നതുപോലെ പ്രാചീനമനുഷ്യനിൽ നിലനിന്നിരുന്ന പല അവബോധങ്ങളും കാലം മാറിയാലും മാറാതെ നമ്മുടെ ഉള്ളിൽതന്നെ നിലനിൽക്കുന്നു. അത് പുതിയ രൂപങ്ങളിൽ പുനരാവിഷ്കരിക്കപ്പെടുന്നു. അങ്ങനെ മനുഷ്യബോധത്തിന്റെ അടിസ്ഥാന ഘടനയിൽ ഉറച്ചു വിശ്വസിക്കുന്ന ഒരു നരവംശശാസ്ത്രബുദ്ധി ടി.പി.സുകുമാരനിൽ നിലനിൽക്കുന്നു. കെ.സി.നാരായണനെയും കെ.ഭാസ്കരനെയും കുറിച്ച് പറയുമ്പോൾതന്നെ സൂസൻ ലാംഗറെയും യുങ്ങിനെയും അദ്ദേഹം ഉദ്ധരിക്കുന്നു. കാലത്തെയും ദൂരത്തെയും മറയ്ക്കുന്ന ഒരു സാർവ്വലൗകിക നോട്ടം ടി.പി. സുകുമാരന്റെ ഏതൊരു മേഖലയിലെ പ്രബന്ധങ്ങളിലും പ്രകടമാകുന്നതുപോലെ സംഗീതത്തിലും ദർശിക്കാൻ സാധിക്കുന്നു.

## നാടകം: സിദ്ധാന്തവും പ്രയോഗവും

ടി.പി.സുകുമാരന്റെ രചനാലോകത്തിൽ ഒരു പ്രധാനപ്പെട്ട മേഖല നാടകപഠനങ്ങളാണ്. പ്രധാനമായും നാടകത്തിന്റെ രൂപം, ഉള്ളടക്കം, സാഹിത്യം, അവതരണം തുടങ്ങി വിവിധതലങ്ങളെ പരാമർശിച്ചുകൊണ്ട് അദ്ദേഹം നാടകപഠനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. നാടകത്തിന്റെ സാഹിത്യത്തേക്കാൾ പ്രധാനം നാടകത്തിന്റെ അവതരണത്തിനാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. നാടകത്തിന്റെ രാഷ്ട്രീയം നിർണ്ണയിക്കുന്നത് അതിന്റെ ഉള്ളടക്കമല്ല രൂപമാണ്. നാടകത്തിന്റെ ജീവൻ അതിന്റെ അരങ്ങാണ് പാഠമല്ല. നാടകം അടിസ്ഥാനപരമായി കാണുവാൻ ഉള്ളതാണ്. അതിനാലാണത് കണ്ണിന്റെ കലയാവുന്നത്. നാടകം കണ്ണിന്റെ മാത്രമല്ല കാതിന്റെ കൂടി കലയാണ്. ഒരു നാടകകാരൻ തന്റെ പ്രമേയം ഫലപ്രദമായി അവതരിപ്പിക്കാൻ സ്വതന്ത്രമായി വിഭാവനം ചെയ്യുന്ന ആന്തരിക ശില്പമാണ് രംഗശില്പം. സംവിധായകനാണ് രംഗശില്പം രംഗത്ത് കൊണ്ടുവരേണ്ടത്. നാടകത്തെ സംബന്ധിച്ചിടത്തോളം ഉള്ളടക്കത്തോളം തന്നെ പ്രധാനമാണ് അതിന്റെ രൂപവും. രൂപത്തിന്റെ രാഷ്ട്രീയം അവതരിപ്പിക്കുകയാണ് ടി.പി. സുകുമാരൻ 'രംഗശില്പം പുതിയ സങ്കല്പങ്ങൾ' എന്ന പഠനത്തിലൂടെ. മുണ്ടശ്ശേരി അവതരിപ്പിച്ച രൂപഭദ്രതാ വാദത്തെ ഈ പഠനവുമായി ചേർത്തുവയ്ക്കാവുന്നതാണ്. ജി ശങ്കരപ്പിള്ളയുടെ 'അഭയാർത്ഥികളും' യു. ഡി അഗസ്റ്റിന്റെ 'അന്വേഷണവും' തമ്മിലൊരു താരതമ്യവിശകലനം ടി.പി. സുകുമാരൻ നടത്തുന്നുണ്ട്. അക്രമകാരിയായ നോവലിസ്റ്റാണ് ഷെനെ. അദ്ദേഹത്തിന്റെ

'ബാൽക്കണി'എന്ന നാടകം രംഗത്തവതരിപ്പിച്ചപ്പോൾ ഷെനെയുടെ ദർശനമറിയാതിരുന്ന സംവിധായകന് ശകാരമേൽക്കേണ്ടി വന്നുവെന്ന് ടി.പി. സുകുമാരൻ രേഖപ്പെടുത്തുന്നു. സംഗീതം, വെളിച്ചം, അഭിനയം, ചിത്രം എന്നിവയുടെ കൂടിച്ചേരലാണ് പ്രതിമാശില്പം എന്ന് പറയുകയും നാടകത്തിൽ സംഗീതത്തിന്റെയും വെളിച്ചത്തിന്റെയും ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞ വാഗ്നേറിയനായ അപ്പിയയെ ടി.പി.സുകുമാരൻ ഉദ്ധരിക്കുന്നുണ്ട്. ജി.ശങ്കരപ്പിള്ളയിൽ തുടങ്ങി ഷെക്സ്പിയർ, ഷാൻ ഷെനെ, സാർത്ര്, സെയിന്റ് തെറിസ, പ്രൊഫ. സ്റ്റ്യാൻ, ഗ്രാൻവിൽ ബാർക്കർ, ജേഴ്സി ഗ്രതോവ്സ്കി, വാഗ്നർ തുടങ്ങി നിരവധി പാശ്ചാത്യചിന്തകരെ ടി.പി.സുകുമാരൻ തന്റെ പഠനത്തിലേക്ക് കൊണ്ടുവരുന്നു. കേരളത്തിൽനിന്ന് തുടങ്ങി പാശ്ചാത്യചിന്തകരിലേക്ക് നീളുന്ന ചിന്താപരിസരം ടി.പി സുകുമാരന്റെ ഒട്ടുമിക്ക രചനകളിലും കാണാം.

നാടകത്തിന് മാറ്റുകൂട്ടാൻ സംഗീതം, ചിത്രം, പ്രതിമാശില്പം എന്നിവയൊക്കെ നാടകത്തിൽ ഉപയോഗിക്കണമെന്ന വാഗ്നേറിയൻ ചിന്തയെ മുന്നോട്ട് നയിച്ചത് അപ്പിയയാണ്. ഇവരുടെ വാദത്തെ തള്ളിപ്പറയുകയാണ് ഗ്രതോവ്സ്കി ചെയ്യുന്നത്. നാടകത്തിന് മാറ്റുകൂട്ടാൻ അധികമായി കൂട്ടിച്ചേർത്ത കാര്യങ്ങളെ ഒഴിവാക്കിക്കളയണ മെന്നാണ് ദരിദ്രനാടകവേദി പറയുന്നത്. നടൻ/നടിയുടെ മനസ്സ് എന്താണ് ചിന്തിക്കുന്നത് എന്നതിനല്ല ശരീരം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനാണ് നാടകത്തിൽ പ്രധാന്യം. അതിന് പരിശീലനം ആവശ്യമാണെന്ന് ഗ്രതോവ്സ്കി പറയുന്നു. ഗ്രതോവ്സ്കി ശരീരത്തിന് (Body) പ്രാധാന്യം നൽകുന്നു. കഥകളിയുടെ പരിശീലനം നാടകത്തിലേക്ക് കൊണ്ടുവരുന്നു. നടന്/നടിക്ക് സ്വയം ഒരു മാർഗ്ഗം സ്ഥാപിക്കലാണ് പരിശീലനം എന്ന് ഗ്രതോവ്സ്കിയെ പിൻപറ്റി സുകുമാരൻ പറയുന്നു. ടി.പി.സുകുമാരൻ ഇടപെട്ട ഏതൊരു മേഖലയെയും പോലെ ആ മേഖലയ്ക്കകത്തെ പൗരസ്ത്യവും പാശ്ചാത്യവും ആയിട്ടുള്ള നിരവധി പണ്ഡിതന്മാരെയും അവരുടെ ചിന്താപദ്ധതികളെയും അദ്ദേഹം തന്റെ പഠനത്തിൽ ചേർത്തിരിക്കുന്നു.

നാടുഗദ്ദിക എന്ന പഠനത്തിലൂടെ ടി.പി.സുകുമാരൻ തന്റെ പരിസ്ഥിതി ചിന്തയും പ്രകൃതിയിലേക്ക് മടങ്ങുക എന്ന ആശയത്തെയുമാണ് മുന്നോട്ടുവയ്ക്കുന്നത്. സോവിയറ്റ് യൂണിയന്റെ തകർച്ച ലോകതൊഴിലാളിവർഗ്ഗത്തിനേറ്റ തിരിച്ചടിയാണ്. അതിന്റെ കാരണങ്ങളെക്കുറിച്ച് പല അഭിപ്രായങ്ങളും ഉയർന്നുവന്നുവെങ്കിലും ടി.പി സുകുമാരൻ പറയുന്ന കാരണം, സോവിയറ്റ് യൂണിയന്റെ വികസനസങ്കല്പം പരിസ്ഥിതി സൗഹൃദമായിരുന്നില്ല എന്നാണ്. പാരിസ്ഥിതികമായ ഉത്കണ്ഠകൾകൂടി കണക്കിലെടു ക്കാതെ ഒരു നാഗരികതയ്ക്കും വളരാനാവില്ല എന്നദ്ദേഹം പറയുന്നു. പ്രാദേശിക ജനവിഭാഗങ്ങളിലേക്ക് മടങ്ങുക അതുവഴി പ്രകൃതിയിലേക്ക് മടങ്ങുക എന്ന ആശയം ഉയർത്തിപ്പിടിക്കുകയാണ് ടി.പി.സുകുമാരൻ ചെയ്യുന്നത്. 'കലാരംഗത്ത് പ്രോലിറ്റേറിയൻ വീക്ഷണം പ്രബലമായപ്പോൾ രണ്ടു വിഭാഗക്കാരുണ്ടായി. പണിയാളരിലേക്ക് ഇറങ്ങി പണിയാളരിലൂടെ പണിയാളരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്തവരാണ് ഒരു വിഭാഗം, രണ്ടാം വിഭാഗം അനുഭാവപുരസ്സരം പണിയാളരെ പരിഗണിച്ച് തങ്ങളുടെ വീക്ഷണത്തിലൂടെ പണിയാളരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്തവരാണ് (സുകുമാരൻ,

2021: 995 ). ഇതിൽ ഒന്നാം ഗണത്തിൽ ഹാപ്റ്റ്മാനും രണ്ടാം ഗണത്തിൽ ഗോർക്കിയും ഉൾപ്പെടുന്നു. കെ.ജെ.ബേബി ഹാപ്റ്റ്മാനെപ്പോലെ ഒന്നാം ഗണത്തിലാണ് ഉൾപ്പെടുന്നതെന്ന് ടി.പി.സുകുമാരൻ നിരീക്ഷിക്കുന്നു. സി.എച്ച് വൽസലൻ, കെ.ജെ ബേബി എന്നിവരിൽനിന്നും തുടങ്ങി ഗ്ലോബൽ റോയ്, പീറ്റർ ബ്രൂക്ക്, ബാബാ ആംതേ, മേധാപട്കർ തുടങ്ങി നിരവധി പേരെ ഉദ്ധരിച്ച ശേഷം വർഗീസിന്റെ ഓർമ്മകൾക്ക് മുന്നിൽ ശിരസ്സുനമിച്ചു കൊണ്ടാണ് 'നാടുഗദ്ദിക' എന്ന പഠനം അവസാനിക്കുന്നത്. പ്രകൃതിയിലേക്ക് മടങ്ങുക എന്ന റൂസ്സോയുടെ ആശയത്തെ ടി.പി.സുകുമാരൻ തന്റെ ഏതൊരു പഠനത്തിന്റെയും അടിപ്പടവായി നിലനിർത്തുന്നു.

ദക്ഷിണായനം, ആയഞ്ചേരി വല്യെശ്ശമാൻ, നിരാസം, ദൗത്യം എന്നീ നാടകങ്ങൾ ടി.പി. സുകുമാരൻ രചിച്ചിട്ടുണ്ട്. ആയഞ്ചേരി വല്യെശ്ശമാൻ ഒരു വെള്ളരി നാടകമാണ്. വടക്കേ മലബാറിൽ ഒരുകാലത്ത് നിലവിലിരുന്ന അമേച്ചർ നാടകാവതരണ രീതിയാണിത്. വെള്ളരിനാടകങ്ങൾ അഡാംഭികവും അന്യവൽക്കരണപരവുമാണ്. സ്ത്രീവേഷം കെട്ടുന്നത് ആണുങ്ങൾ ആയിരിക്കും. കൺമുമ്പിൽ നടക്കുന്നത് നാടകമാണെന്ന് കാണികളെ ഓർമപ്പെടുത്തുന്നതിലൂടെയാണ് വെള്ളരിനാടകങ്ങൾ അന്യവൽക്കരണപര മായത്. അതിനുകാരണം സ്റ്റേജിൽ ഇരിക്കുന്ന ഇടപ്രഭുവിന്റെ ഇടപെടലും കാണികളുടെ വൺസ്മോർ വിളികളുമാണ്.

അതിനാടകരൂപത്തിൽ രചിക്കപ്പെട്ട നാടകമാണ് ആയഞ്ചേരി വല്യെശ്ശമാൻ. സംഗീതവും സംഭാഷണവും ചേർന്ന രൂപത്തിലാണ് ഉള്ളടക്കം. വിദൂഷകൻ വന്ന് ഓരോ രംഗവും വിവരിക്കുന്നു. പ്രേക്ഷകരുടെ ഇടപെടലുകളിൽനിന്ന് മുറിഞ്ഞുപോകാതെ നാടകത്തിന്റെ ഒഴുക്കിനെ നിലനിർത്തുന്നത് വിദൂഷകനാണ്. ഏറ്റവും കുറഞ്ഞ ചെലവിൽ രംഗത്ത് അവതരിപ്പിക്കാമെന്നതാണ് വെള്ളരിനാടകങ്ങളുടെ ഒരു പ്രത്യേകത. വേഷഭൂഷണങ്ങളിലും അരങ്ങിലും ആ മിതത്വമുണ്ടാകും. ഹാർമോണിയവും മൃദംഗവും മാത്രമാണ് സംഗീതോപകരണങ്ങൾ. ഗാനങ്ങൾക്ക് പഴമ നിലനിർത്തി മിനുമിനുത്ത വേർഡ്സും ട്യൂണും ഒഴിവാക്കിക്കൊണ്ടാണ് വെള്ളരിനാടകങ്ങൾ അരങ്ങത്തേക്കെത്തു ന്നത്. ഒരു വഴിയിൽ തമിഴ് സംഗീത നാടകപാരമ്പര്യത്തെയും മറ്റൊരു വഴിയിൽ ബ്രഹ്ത്തിന്റെ അന്യവൽക്കരണനാടകപാരമ്പര്യത്തെയും രാഷ്ട്രീയനാടകങ്ങളുടെ പ്രമേയത്തെയും അങ്ങനെ പല പാരമ്പര്യത്തിന്റെയും ചേരുവയാണ് ആയഞ്ചേരി വല്യെശ്ശമാൻ എന്ന നാടകം. ടി.പി സുകുമാരന്റെ നാടകസിദ്ധാന്തവും നാടകപ്രയോഗവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നതിന്റെ ഒരു ദൃഷ്ടാന്തമാണ് ആയഞ്ചേരി വല്യെശ്ശമാൻ.

## പരിസ്ഥിതി സൗന്ദര്യശാസ്ത്രം-പുതുനിരൂപണത്തിലേക്ക് തുറന്ന വാതിൽ

പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ പരിചയപ്പെടുത്തുന്ന മലയാളത്തിലെ ആദ്യത്തെ പഠനം ടി.പി സുകുമാരന്റേതാണ്. 'പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിനൊരു മുഖവുര' എന്ന പേരിലെഴുതപ്പെട്ട ഈ കൃതി 1992ലാണ് പ്രസിദ്ധീകരിച്ചത്. ഇതൊരു ഗ്രന്ഥമല്ലെന്നും നീണ്ട പ്രബന്ധമാണെന്നും ഗ്രന്ഥകർത്താവു തന്നെ പ്രസ്താവനയിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ പരിസ്ഥിതിസങ്കൽപ്പത്തിന് 'കാട്ടാളൻ കുലീനനാണ്' എന്ന സങ്കൽപ്പമാണ്

അടിസ്ഥാനം. പച്ചമനുഷ്യന് പകരമായി 'നല്ലവനായ കാട്ടാളൻ' എന്ന കൽപ്പനയാണ് അദ്ദേഹം ഉപയോഗിക്കുന്നത്. പച്ചമനുഷ്യന് ഊർജ്ജവിനിയോഗത്തിന്റെ വിരോധിയെന്ന നിർവ്വചനമാണ് സുകുമാരൻ നൽകുന്നത്.

പരിസ്ഥിതിവിജ്ഞാനം മുമ്പ് പരിസ്ഥിതിയെക്കുറിച്ച് പഠിക്കുക എന്ന നിലയ്ക്കാണ് നടന്നുകൊണ്ടിരുന്നത്. എന്നാൽ ഇന്ന് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലനാവസ്ഥ എങ്ങനെയുണ്ടാക്കാം എന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. സാമൂഹ്യശാസ്ത്രത്തിന്റെയും അടിസ്ഥാനശാസ്ത്രത്തിന്റെയും കൂടിച്ചേരലാണ് പരിസ്ഥിതിശാസ്ത്രം. 1992ൽ ടി. പി സുകുമാരൻ ഈ ഗ്രന്ഥം രചിക്കുമ്പോൾ ഇന്ത്യയിൽ ആഗോളവൽക്കരണമൊക്കെ നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. പുതിയ തരത്തിലുള്ള വികസന സങ്കൽപ്പങ്ങളെല്ലാം ഉയർന്നുവരുന്ന കാലത്താണ് അദ്ദേഹം പരിസ്ഥിതിസങ്കൽപ്പങ്ങൾ മുന്നോട്ടുവക്കുന്നത്. ഇനി വരാൻ പോകുന്ന രാഷ്ട്രീയം പരിസ്ഥിതിരാഷ്ട്രീയമായിരിക്കുമെന്നദ്ദേഹം പറയുന്നു. ദ്വന്ദ്വാത്മകതയാണ് പുതിയ സൗന്ദര്യശാസ്ത്രത്തിന്റെ പ്രത്യേകത. അത് സുന്ദരമായതിനെക്കുറിച്ച് മാത്രമല്ല വിരൂപമായതിനെക്കുറിച്ചുകൂടി ചിന്തിക്കുന്നുണ്ട്. ആ അർത്ഥത്തിൽ സൗന്ദര്യശാസ്ത്രത്തിന് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. സാധാരണ സൗന്ദര്യശാസ്ത്രം കലയുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇവിടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണത്. കലാസൃഷ്ടിയിൽ പ്രധാനപ്പെട്ട പ്രതിഭയെ ദൈവശക്തിയുമായി ബന്ധിപ്പിക്കുന്ന ആലോചനയെ നിരാകരിച്ചുകൊണ്ട് ഫ്രോയിഡിന്റെ മന:ശാസ്ത്രചിന്തയോട് ചേർന്നു നിൽക്കാനാണ് ടി പി സുകുമാരൻ ശ്രമിക്കുന്നത്.

ടി.പി. സുകുമാരൻ തന്റെ പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ പൂർണ്ണമായും വികസിപ്പിച്ചെടുത്തത് റൂസ്സോയിലൂടെയും തോറോയിലൂടെയുമാണ്. യൂറോപ്യൻ ജ്ഞാനോദയഘട്ടത്തിൽ ഉയർന്നുവന്ന ചിന്തകരാണിവർ. ഇവർ രണ്ടുപേരിലും വന്യതയ്ക്കുവേണ്ടിയുള്ള അന്തർദാഹം കാണാം. പ്രകൃതിയോടിണങ്ങി ലളിതജീവിതം നയിക്കുന്നതിനെപ്പറ്റിയും അനീതി കാണിക്കുന്ന സർക്കാരിനോട് നിസ്സഹകരണം നടത്തുന്നതിനെപ്പറ്റിയും പ്രതിപാദിക്കുന്ന 'വാൾഡൻ' എന്ന കൃതിയുടെ രചനയിലൂടെയാണ് ഹെൻറി ഡേവിഡ് തോറോ കൂടുതൽ ശ്രദ്ധേയനാകുന്നത്. തത്വചിന്തകനും രാഷ്ട്രമീമാംസകനും വിദ്യാഭ്യാസചിന്തകനുമായിരുന്ന റൂസ്സോ സസ്യശാസ്ത്രജ്ഞൻ കൂടിയാണ്. അദ്ദേഹത്തിന്റെ 'ഏകാന്തപഥികന്റെ ആത്മഗതം' എന്ന ഗ്രന്ഥത്തിൽ സസ്യശാസ്ത്രപഠനം നൽകുന്ന ആനന്ദവും പ്രയോജനവും ചർച്ച ചെയ്യുന്നുണ്ട്.

ടി.പി. സുകുമാരൻ പരിസ്ഥിതിസൗന്ദര്യശാസ്ത്രം ആരംഭിക്കുന്നത് സാഹിത്യത്തിൽ നിന്നും കലയിൽ നിന്നുമല്ല മറിച്ച് ഫിലോസഫിയിൽ നിന്നാണ്. റൂസ്സോ, തോറോ, ഗാന്ധി തുടങ്ങിയവരുടെ ആശയങ്ങളാണ് അദ്ദേഹം സ്വീകരിക്കുന്നത്. ആധുനികമുതലാളിത്തത്തിനെതിരെയുള്ള ചിന്തകളിൽ ഇവരുടെ ആശയങ്ങൾക്ക് പ്രാധാന്യമുണ്ടെന്ന് അദ്ദേഹം കരുതുന്നു. രാഷ്ട്രീയപ്രയോഗത്തിന്റെ ഭാഗമായി ഉണ്ടായിവരുന്ന ആശയമായിട്ടാണ് ടി. പി സുകുമാരൻ അതിനെ കാണുന്നത്. രാഷ്ട്രീയത്തിൽനിന്നും വിട്ടുനിൽക്കുന്ന

കേവലപ്രകൃതിവാദമായോ പ്രകൃതിയുടെ കേവലാസ്വാദകനായോ അല്ല അദ്ദേഹമതിനെ വിലയിരുത്തുന്നത്. ആധുനികമുതലാളിത്തം സൃഷ്ടിച്ച പ്രതിസന്ധികളെ മറികടക്കാൻ പ്രകൃതിയിലേക്കു മടങ്ങുന്ന ആധുനികതയെത്തന്നെ വിമർശനാത്മകമായി നോക്കിക്കാണുന്ന ആശയങ്ങൾ ആവശ്യമാണ്. ആധുനികതയുടെ വിമർശനമായിട്ടാണ് ആധുനികകല പിറക്കുന്നത്. ആ കല ശക്തി സംഭരിക്കുന്നത് പ്രാകൃതകലയിൽ നിന്നുമാണ് എന്നദ്ദേഹം വിലയിരുത്തുന്നു.

ആധുനികകാലത്തെ കമ്പ്യൂട്ടറിന്റെ ഉപയോഗത്തെക്കുറിച്ചും സുകുമാരൻ പറയുന്നു. കമ്പ്യൂട്ടറിന് ദ്വിതീയ ബുദ്ധിയേയുള്ളു. കമ്പ്യൂട്ടറിന്റെ കല ആർട്ടല്ല, ക്രാഫ്റ്റാണെന്നദ്ദേഹം പറയുന്നു. ആ അന്തരത്തിലാണ് കലാകാരൻമാർക്ക് /കലാകാരികൾക്ക് സാധ്യതയുള്ളത്. സാങ്കേതികമായിട്ടുള്ള ഉപകരണങ്ങൾക്ക് ജൈവികത കുറവാണ്. യന്ത്രവും കലയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള പര്യാലോചന പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ വിഷയമാണ്. യന്ത്രവൽക്കരണം അതിദ്രുതം സംഗീതകലയെയാണ് സ്വാധീനിച്ചിട്ടുള്ളത്. അത് വലിയതോതിൽ അതിന്റെ ജൈവികതയെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. മാറ്റം അനിവാര്യമാണ്. കാലത്തിനനുസരിച്ച് മാറ്റം സംഭവിക്കണം. എന്നാൽ അത്തരം മാറ്റം ഗുണകരമാണോ എന്ന വിമർശനം നടത്തേണ്ടത് അനിവാര്യമാണ്. കലയിലും സാഹിത്യത്തിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല, വാസ്തുവിദ്യയിലും സംഗീതത്തിലും ചിത്രകലയിലും തുടങ്ങി മനുഷ്യന്റെ എല്ലാത്തരം ആവിഷ്കാരങ്ങളിലും പരിസ്ഥിതിസൗന്ദര്യശാസ്ത്രമെന്ന ലോകവീക്ഷണം കടന്നുവന്നിട്ടുണ്ട്. ഫ്യൂച്ചറിസത്തിന്റെ മാനിഫെസ്റ്റോ ഇറങ്ങിയതിനു ശേഷമാണ് ഫ്യൂച്ചറിസത്തിൽ കലകൾ ഉണ്ടാവുന്നത് എന്നതുപോലെ പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ ആവശ്യവും ഉള്ളടക്കവും രൂപപ്പെട്ടതിനുശേഷം കലാസൃഷ്ടി ഉണ്ടാവുകയാണ് ചെയ്തത്. ഇത് നാഗരികതയ്ക്ക് എതിരെയുള്ള ഒരു വിമർശനപദ്ധതിയാണ്. അതുകൊണ്ടുതന്നെ ഈ വിമർശനപദ്ധതി സമസ്തജീവിതപശ്ചാത്തലങ്ങളിലും നിലനിൽക്കും.

## ഉപസംഹാരം

കലയും സാഹിത്യവും ടി.പി. സുകുമാരനെ സംബന്ധിച്ചിടത്തോളം വേറിട്ടു നിൽക്കുന്നില്ല. അവയെല്ലാം പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്നതായിട്ടാണ് അദ്ദേഹം മനസ്സിലാക്കുന്നത്. സംഗീതമായാലും ചിത്രകലയായാലും നാടകമായാലും സാഹിത്യമായാലും അതിനെയൊക്കെ മനുഷ്യന്റെ സർഗാത്മകാവിഷ്കാരമായിട്ടാണദ്ദേഹം കാണുന്നത്. വരേണ്യമായ കലയോടൊപ്പം കീഴാളജനതയുടെ സൗന്ദര്യബോധവും ബൂർഷ്വാകലയോട് കലഹിച്ചുകൊണ്ട് തൊഴിലാളിവർഗ്ഗകലയും നിലനിൽക്കുന്നു. ഇവിടെയെല്ലാം നിലനിൽക്കുന്ന വൈരുദ്ധ്യം ടി.പി. സുകുമാരൻ തിരിച്ചറിഞ്ഞിട്ടുണ്ട്. കലയുടെ വൈരുദ്ധ്യാത്മകത അന്വേഷിക്കേണ്ടത് അതിന്റെ ഉള്ളടക്കത്തിലല്ല രൂപത്തിലാണെന്ന് ബോധ്യമുള്ള മാർക്സിസ്റ്റ് ചിന്തകനാണ് ടി.പി. സുകുമാരൻ എന്ന് പറയാം. മന:ശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും തത്വങ്ങൾ അദ്ദേഹം തന്റെ പഠനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. മാർക്സ് സാമൂഹിക

വികാസത്തെപ്പറ്റി പറയുമ്പോൾ പ്രാകൃതകമ്മ്യൂണിസം, കർഷകസമൂഹം, ആധുനിക കമ്മ്യൂണിസം എന്നീ ഘട്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. പ്രാകൃതകമ്മ്യൂണിസത്തിന്റെ പൂർവ്വദശയെ വീണ്ടെടുക്കാനാണ് ടി.പി. സുകുമാരൻ ശ്രമിക്കുന്നത്. വർഗ്ഗരഹിത സമൂഹത്തിന്റെ പ്രതിനിധിയാണ് കാട്ടാളൻ. രൂപത്തിനകത്തുള്ള വൈരുദ്ധ്യാത്മകതയെ കണ്ടെടുക്കുന്നത് അദ്ദേഹത്തിന്റെ സമീപനത്തിന്റെ പ്രത്യേകതയാണ്. അത് ഉള്ളടക്കകേന്ദ്രീകൃതമായി കലയെ കാണുന്ന ജീവൽസാഹിത്യസമീപനമല്ല.

ടി.പി സുകുമാരനെ ശ്രദ്ധേയനാക്കുന്ന മറ്റൊരു ഘടകം അദ്ദേഹത്തിന്റെ വിമർശനഭാഷയാണ്. 'പദാർത്ഥ'ത്തെ മുൻനിർത്തിക്കൊണ്ടുള്ള വിവർത്തനത്തിന് പകരം 'ഭാവാർത്ഥ'ത്തിൽ ഊന്നിക്കൊണ്ടുള്ള വിവർത്തനം ടി.പി സുകുമാരൻ പദങ്ങളുടെ കാര്യത്തിൽ നിർവഹിക്കുന്നുണ്ട്. ഇത് കേസരിയുടെ വഴിയെ ഓർമിപ്പിക്കുന്നുണ്ട്. മറ്റൊന്ന് ടി.പി. സുകുമാരൻ തിരഞ്ഞെടുത്ത വാക്കുകളാണ്. ഓരോ സന്ദർഭത്തിലും അനുയോജ്യമായ രീതിയിൽ വാക്കുകൾ തിരഞ്ഞെടുക്കാൻ സുകുമാരൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

യൂറോപ്യൻപ്രബുദ്ധതയുടെയും ജ്ഞാനോദയത്തിന്റെയും ഭാഗമായി ഉണ്ടായിവരുന്ന മാർക്സിസ്റ്റ്ദർശനത്തിലൊക്കെയും സാർവലൗകികതയെപ്പറ്റിയുള്ള ഒരു വീക്ഷണം കാണാം. 'ജ്ഞാനോദയകാലത്തെ സാർവലൗകിക മനുഷ്യൻ' എന്ന സങ്കല്പം ടി.പി. സുകുമാരൻ സൂക്ഷിക്കുന്നില്ല. പകരം പ്രാകൃതകമ്മ്യൂണിസത്തിന്റെ യുഗത്തിൽ ജീവിച്ചിരുന്ന ഒരു മനുഷ്യൻ എല്ലാവരിലും ഉണ്ട് എന്നദ്ദേഹം കരുതുന്നു. ജ്ഞാനോദയം മുന്നോട്ടുവെച്ച മനുഷ്യസങ്കല്പം യൂറോപ്യൻ പുരുഷനായിരുന്നു. പക്ഷേ ടി.പി. സുകുമാരന്റെ സർവ്വലൗകിക മനുഷ്യൻ വെള്ളക്കാരനായ പുരുഷനല്ല, 'നല്ലവനായ കാട്ടാളനാണ്'. അതുകൊണ്ട് ടി.പി സുകുമാരന്റെ ദർശനം യൂറോപ്യൻ ജ്ഞാനോദയ ത്തിന്റെ തുടർച്ചയല്ല. എന്നാൽ അതിനകത്ത് ഒരു സാർവലൗകികതയുണ്ട്. എല്ലാ മനുഷ്യനകത്തും നല്ലവനായൊരു കാട്ടാളനുണ്ട്. അത് വീണ്ടെടുക്കുകയാണ് കലയുടെ ലക്ഷ്യം എന്ന് തന്റെ പ്രബന്ധങ്ങളിലൂടെ ടി.പി. സുകുമാരൻ ആവർത്തിച്ചു പറയുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. *അച്യുതൻ എ., പരിസ്ഥിതിപഠനത്തിന് ഒരാമുഖം, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കോഴിക്കോട്, 2013.*
2. *അംബികാസുതൻ മാങ്ങാട്., സി.പി.അച്യുതമേനോനും മലയാള വിമർശനവും, ഡി.സി ബുക്സ്, കോട്ടയം, 1995.*
3. *കൃഷ്ണപിള്ള. എൻ., എന്താണ് നാടകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.*
4. *ഗോവിന്ദപ്പിള്ള.പി., ഇ.എം.എസ്സും മലയാള സാഹിത്യവും, ഡി.സി. ബുക്സ്, കോട്ടയം, 2006.*
5. *ചുമ്മാർചൂണ്ടൽ., ജനജീവിതവും കലകളും, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ, 2003.*

6. ജയപ്രസാദ്. വി., രൂപഭദ്രതാവാദം പ്രതിവാദം, സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്, തിരുവനന്തപുരം, 2014.
7. നമ്പൂതിരി എ.പി.പി., മുണ്ടശ്ശേരി അനുസ്മരണങ്ങളും പഠനങ്ങളും, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1986.
8. നമ്പൂതിരിപ്പാട് ഇ.എം.എസ്., ഇ എം എസിന്റെ സമ്പൂർണ്ണ കൃതികൾ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1999.
9. പ്രകാശ് ടി.എൻ., ഡോ. ടി.പി സുകുമാരൻ പേരിന്റെ പൊരുൾ, കേരള സാഹിത്യ അക്കാദമി, 2009.
10. ബാലകൃഷ്ണപിള്ള. എ., കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1984.
11. ബാലകൃഷ്ണപിള്ള കേസരി., നവലോകം, ലിപി പബ്ലിക്കേഷൻസ്,കോഴിക്കോട്, 2000.
12. മഹേഷ് മംഗലാട്ട്, അരങ്ങിലെ രാഷ്ട്രീയം പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
13. രാജീവൻ.ബി., വാക്കുകളും വസ്തുക്കളും, ഡിസി ബുക്സ്,കോട്ടയം, 2009.
14. രാജീവൻ.ബി, ജനനിബിഡമായ ദന്തഗോപുരം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2010.
15. രാജഗോപാലൻ ഇ.പി., നാടകം ദേശം, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2013.
16. വിഷ്ണുനമ്പൂതിരി എം.വി (എഡി)., ജീവിതവും സംസ്കാരവും, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ, 2003.
17. സുകുമാരൻ ടി.പി., 2021: ഡോ.ടി.പി സുകുമാരന്റെ പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
18. സുകുമാരൻ ടി.പി., ആയഞ്ചേരി വല്യെശമാൻ ,ലെഫ്റ്റ് ലൈബ്രറി, കണ്ണൂർ, 1988.
19. റോസെന്താൾ., കലയും സൗന്ദര്യബോധവും, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009.

# പ്രവാസത്തിന്റെ കാനൽക്കാഴ്ചകൾ അറേബ്യയിലെ അടിമയിൽ

**ഡോ. ലാലു എസ് കുറുപ്പ്**
അസി. പ്രൊഫസർ (മലയാളം), പൗരസ്ത്യഭാഷാവിഭാഗം, മന്നം മെമ്മോറിയൽ
എൻ.എസ്.എസ് കോളെജ്, കൊട്ടിയം

**പ്രബന്ധസംഗ്രഹം**

വിചിത്രമായ അനുഭവങ്ങളുടെ ലോകത്ത് വായനക്കാരനെ കൂട്ടിക്കൊണ്ടു പോകുന്നു പ്രവാസസാഹിത്യം. പ്രവാസികളെയും അവർ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ വരുത്തിയിട്ടുള്ള പരിവർത്തനങ്ങളെ യും ആവിഷ്കരിക്കുന്ന നിരവധി രചനകളാൽ സമ്പന്നമാണ് മലയാള നോവൽസാഹിത്യം. സ്വന്തംനാട്ടിൽ പണിചെയ്യാത്തവരെന്നും മിണ്ടിയാൽ കൊടിപിടിക്കുന്നവരെന്നും അധിക്ഷേപിക്കപ്പെടുന്ന മലയാളികൾ മറുനാടുക ളിൽ യാതൊരു പരാതിയും കൂടാതെ അടിമപ്പണി ചെയ്ത് പണം സമ്പാദിക്കുന്നതിന്റെ നേർസാക്ഷ്യങ്ങൾ ഇത്തരം നോവലുകൾ നൽകുന്നു. വർത്തമാനകാലത്തിൽ മലയാളികൾ ഏറ്റവും കൂടുതൽ പ്രവാസജീവിതം നയിക്കുന്നത് ഗൾഫ് മേഖലകളിലാണ്. സ്വന്തം മണ്ണിലെ വേരറുത്ത് ജീവിത മാർഗ്ഗംതേടിപ്പോയവരുടെ അതിജീവനത്തിന്റെ തീവ്രമായ ആവിഷ്കാര ങ്ങളാണ് ഗൾഫ് പ്രവാസികളുടെരചനകൾ. ഇക്കൂട്ടത്തിൽ ഒഴിച്ചുനിർത്താൻ കഴിയാത്ത ഒന്നത്രെ നിസാമുദീൻ റാവുത്തറുടെ 'അറേബ്യയിലെ അടിമ' എന്ന നോവൽ.

***താക്കോൽവാക്കുകൾ:*** അടിമജീവിതം, പ്രവാസം, ബയ്യാറവണ്ടി

മനുഷ്യവർഗ്ഗം കാലാകാലങ്ങളായി കടന്നുപോകുന്ന ഒരവസ്ഥയാണ് പ്രവാസം. ജന്മസ്ഥലത്തുനിന്നും വളരെ അകലെയായി മറ്റൊരുനാട്ടിൽ, അപരിചിതമായ സാഹചര്യങ്ങളിൽ കഴിയേണ്ടിവരുന്ന അവസ്ഥയാണ് ഇത്. നാടും വീടും വെടിഞ്ഞുകൊണ്ടുള്ള ജീവിതം ഏതൊരു മനുഷ്യനും നൊമ്പരങ്ങളായിരിക്കും

സമ്മാനിക്കുക. നാട്ടിലെ തൊഴിലില്ലായ്മ പ്രവാസികളെ സൃഷ്ടിക്കുന്നതിൽ മുഖ്യഘടകമായി മാറുന്നു. കൂടുതൽ മെച്ചപ്പെട്ട ജീവിതം, കൂടുതൽ ശമ്പളം, ഉപരിപഠനം എന്നിവയും പ്രവാസത്തിന് ഹേതുവായി തീരാറുണ്ട്.

വർത്തമാനകാല അടിമത്തത്തിന്റെ ചങ്ങലക്കിലുക്കങ്ങൾ ഗൾഫ് മണലാരണ്യങ്ങളിൽ ഇന്നും മാറ്റൊലിക്കൊള്ളുന്നു എന്നത് കേവലം യാദൃച്ഛികമല്ല. സൗദി അറേബ്യയിലെ റിയാദ് എയർപോർട്ടിൽ ആരംഭിക്കുന്ന അടിമജീവിതങ്ങളുടെ ആവിഷ്കാരമാണ് 'അറേബ്യയിലെ അടിമ'യിലൂടെ നിസാമുദ്ദീൻ റാവുത്തർ നിർവഹിക്കുന്നത്. സുമുഖനും ആജാനബാഹുവുമായ ഉണ്ണി എന്ന മലയാളിയുവാവ് ഗൾഫ് മരുഭൂമിയിൽ ഒരടിമയായി രൂപാന്തരം പ്രാപിക്കുന്നതിന്റെ ദാരുണമായ ആഖ്യാനമാണ് ഈ നോവൽ. മാജിദ് എന്ന യജമാനപുത്രനിൽനിന്നും നേരിടേണ്ടിവരുന്ന കൊടുംക്രൂരതകൾക്കിടയിൽ മിന്നിമറയുന്ന ആശ്വാസത്തിന്റെ തുരുത്തുകളായി മാറുന്നു ഉണ്ണിക്ക് തന്റെ വീടും നാടും നാട്ടുകാരും നിറഞ്ഞ ഓർമ്മകളുടെ ലോകം. 'കഫീൽ' അഥവാ ഉടമസ്ഥന്റെ കയ്യിലകപ്പെട്ടു പോയ പാസ്പോർട്ടിന്റെ പേരിൽ എന്തുപണിയും ചെയ്യാൻ വിധിക്കപ്പെട്ട, കൊടിയ പീഡനങ്ങൾ ഏറ്റുവാങ്ങാൻ സജ്ജരാക്കപ്പെട്ട, പേരിനുപോലും ആഹാരം ലഭിക്കാത്ത ഒരു വിഭാഗം ആൾക്കാർ; അക്കൂട്ടത്തിൽ മലയാളികളും, അവരുടെ പ്രതിനിധിയായാണ് ഈ നോവലിലെ ഉണ്ണി മാറുന്നത്.

ആക്കോട്ട്തറവാട്ടിലെ അഞ്ചാങ്ങളമാരുടെ ഏക സഹോദരി ഭാനുമതി. പേരുകേട്ട കുടുംബക്കാരനുമായി ഉണ്ടായ അവളുടെ വിവാഹം പക്ഷേ പരാജയമായിരുന്നു. കേസും ചീട്ടുകളിയും തകർത്തുതരിപ്പണമാക്കിയ ജീവിതത്തിൽനിന്നും കരകയറാനാകാതെ ഭാര്യ വീട്ടുകാരെ ശരണം പ്രാപിക്കേണ്ടിവന്നു ഉണ്ണിയുടെ അച്ഛന്. ഒരർത്ഥത്തിൽ ഉണ്ണിയുടെ പ്രവാസം അവിടെ ആരംഭിക്കുന്നു. മൂന്നു കുഞ്ഞുങ്ങളെയുംകൊണ്ട് സ്വന്തം വീട്ടിലെ അടുക്കളക്കാരിയായി ജീവിതം തള്ളിനീക്കിയ ഭാനുമതിക്ക് ഭർത്താവിന്റെ പെട്ടെന്നുള്ള മരണം ഒരനുഗ്രഹമായി തോന്നിയിരിക്കും; തന്റെ ആങ്ങളമാരുടെ മുന്നിൽ അയാൾക്ക് ഓച്ഛാനിക്കേണ്ടിവരില്ലല്ലോ എന്ന ചിന്തയാൽ. 'ഭാനുമതിക്ക് കിട്ടിയത് പാതാണിയെയാണല്ലോ ഈശ്വരാ.......'[1] എന്ന അമ്മയുടെ പായാരംപറച്ചിൽ ഇനിമുതൽ കേൾക്കേണ്ട എന്ന ആശ്വാസവും അവൾക്കുണ്ടായി. ഉണ്ണിയുടെയും സഹോദരന്മാരുടെയും അവസ്ഥ പരിതാപകരമായി തുടർന്നു. സാമർത്ഥ്യം കൂടിയതിന്റെ പേരിൽ അമ്മാവന്മാരാൽ പഠനം നിർത്തേണ്ടിവന്ന ഉണ്ണിക്ക് ഇരുൾമാത്രമായി അഭയം. ഇരുപത്തിരണ്ടാം വയസ്സിൽ തങ്ങൾക്കു ലഭിച്ച ചെറിയ വീട്ടിലേക്ക് അമ്മയേയും അനുജന്മാരേയുംകൂട്ടിക്കൊണ്ടുവന്ന ഉണ്ണിയുടെ ചുമലിലേക്ക് ജീവിതഭാരം കുന്നുകൂടാൻ തുടങ്ങി. പീടികക്കാരനായി ജീവിതം തുടരാനായിരുന്നു ഉണ്ണിക്ക് വിധി. അമ്മയുടെ വ്യാധിയും അനുജന്മാരുടെ പഠനവും കൂടി കടക്കാരനാക്കിത്തീർത്ത ഉണ്ണിയുടെ ജീവിതത്തിലേക്ക് പങ്കുപറ്റാൻ ചാവക്കാട്ടെ ദമയന്തിയും എത്തി. അവൾ ഉണ്ണിയുടെ അവസ്ഥയറിഞ്ഞ് ജീവിച്ചു. എന്നാൽ അയൽവാസിയായ സുകുമാരന്റെ ഗൾഫ് ബഡായികൾ അവളിൽ മോഹത്തിന്റെ വിത്തുകൾ പാകി. അതിന്റെ കുഞ്ഞുവേരുകൾ കുടുംബാംഗങ്ങളുടെ മനസ്സിലും പടർന്നു. ഒടുവിൽ എല്ലാവരുടെയും നിർബന്ധത്തിന് വഴങ്ങി ഉണ്ണി 'പേർഷ്യക്കാര'നാകാൻ

തയ്യാറായി. പീടികയും ഭാര്യയുടെ പൊന്നും വിറ്റ് അയാൾ മൂലധനം സ്വരുക്കൂട്ടി. ഒരായിരം സ്വപ്നങ്ങളുമായി സൗദിഅറേബ്യയിലെത്തിയ ഉണ്ണിയെ വരവേറ്റത് നായിഫിന്റെ പ്രഹരമായിരുന്നു. 'ഹിന്ദി ഹിമാർ' (ബുദ്ധിയില്ലാത്ത ഇന്ത്യക്കാരൻ) എന്ന ആക്രോശത്തോടെ ഉണ്ണിയുടെ പ്രതീക്ഷകളിൻമേലുള്ള അറബിയുടെ അധികാരപ്രകടനം ഇവിടെ തുടങ്ങുന്നു. അന്നുമുതൽ ഉണ്ണി നായിഫിന്റെ തോട്ടക്കാരനായി, പിന്നീട് നായിഫിന്റെ മകൻ മാജിദിന്റെ ആട്ടിടയനായി; ഒപ്പം കൂട്ടുകാരൻ സുഡാനിയായ മോയിസും. അറബി നൽകുന്ന ഖുബ്ബൂസും വെള്ളവും അല്പാല്പം ഉപയോഗിച്ച് നാളുകൾ തള്ളിനീക്കിയ ഉണ്ണി ഒടുവിൽ മരുഭൂമിയിൽ നിന്നും ഒളിച്ചോടുന്നു. ആ പ്രയാണം അയാളെ നിർമ്മാണഫാക്ടറിയിലെ തൊഴിലാളിയായും തോട്ടികളുടെ നഗരത്തിലെ ബയ്യാറവണ്ടിയിലെ (മലം നീക്കം ചെയ്ത്കൊണ്ടുപോകുന്ന വാഹനം) കയ്യാളായും മാറ്റി. ജീവിതത്തിലെ അറപ്പുകൾ കണ്ടും അനുഭവിച്ചും അയാൾക്ക് സമനില തെറ്റുന്നു. കൂട്ടത്തിൽ തന്നെ തള്ളിക്കൊണ്ടുള്ള സഹോദരന്മാരുടെ കത്തും സുകുമാരനൊപ്പം ഒളിച്ചോടിയ ഭാര്യയുടെ വാർത്തയും കൂടി ഉണ്ണിയെ ഭ്രാന്തിന്റെ വക്കോളമെത്തിക്കുന്നു. വാഹിദ എന്ന അറബിപ്പെണ്ണിന്റെ കാമപൂരണത്തിനുള്ള ഉപകരണമായും ഒരിക്കൽ അയാൾക്ക് മാറേണ്ടിവന്നു. 'അറേബ്യയിലെ അടിമ' എന്ന ഈ നോവലിനെ വ്യത്യസ്തമാക്കുന്നത് ഇതിൽ ഉയർന്നുകേൾക്കുന്ന ബഹുസ്വരതയാണ്. പ്രവാസജീവിതം നയിക്കുന്ന സുഡാനിയായ മോയിസിന്റെയും സൊമാലിയക്കാരൻ അലി ഹുസൈന്റെയും തൃശൂർ സ്വദേശി കാസീമിന്റെയുംകൂടി പ്രവാസം ഇവിടെ ചർച്ചചെയ്യപ്പെടുന്നു. ഇത്തരത്തിൽ പേരറിയാത്ത അനേകം പ്രവാസിമുഖങ്ങൾ ഈ നോവലിൽ കാണാൻകഴിയും.

രക്ഷപ്പെടാനായി നടത്തുന്ന പിടച്ചിലിനിടയിലും സ്വന്തംകാര്യം മാത്രം നോക്കുന്ന നിർദ്ദയരെയും ഈ നോവലിൽ കാണാം. കളവുമുതൽ പങ്കുവച്ച് നടത്തുന്ന യാത്രയ്ക്കിടയിൽ സൊമാലിയക്കാരനായ അലി ഹുസൈൻ ഉണ്ണിയെ മൃതപ്രായനാക്കി പണം കവരുന്നതും കാസർകോട്ടുകാരൻ യൂനിസ് വ്യാജരേഖ ചമച്ച് രക്ഷപ്പെടുത്താമെന്ന വാഗ്ദാനത്തിന്റെ മറവിൽ തോട്ടിത്തൊഴിലാളികളിൽനിന്നും പണം കൈപ്പറ്റി വഞ്ചിക്കുന്നതും ഇതിന് ദൃഷ്ടാന്തമാണ്.

ക്രൂരമായ ശിക്ഷാവിധികളുടെ നാടുകൂടിയാണ് ഗൾഫ് രാഷ്ട്രങ്ങൾ. 'കണ്ണിനുകണ്ണ് പല്ലിനുപല്ല്' എന്ന രീതിയിൽ നടപ്പാക്കപ്പെടുന്ന ശിക്ഷാവിധികൾ ഇവിടത്തെ പ്രവാസികളുടെ നെഞ്ചിടിപ്പ് കൂട്ടുന്നു. അറബിപ്പെണ്ണുമായുള്ള ബന്ധം എന്ന കുറ്റം കണ്ടിപിടിക്കപ്പെട്ടപ്പോൾ ബംഗാളിയായ ജാഹിറിന് ഏൽക്കേണ്ടിവന്ന ശിക്ഷ ഇപ്രകാര മാണ്:

'പൊടുന്നനെ കാത്തുനിന്ന വണ്ടിയുടെ ഡോർ തുറക്കപ്പെട്ടു. അതിൽനിന്ന് ഒരു തടിമാടൻ അറബി പുറത്തുവന്നു. ജാഹിറിന് സമീപത്തേക്ക് നടന്നുവന്നു. എല്ലാവരും നോക്കിനിൽക്കേ അറബിയുടെ കൈ ജാഹിറിന്റെ ഗുഹ്യഭാഗത്തേക്ക് നീണ്ടുപോയി. രക്ഷപ്പെടാനായി അയാൾ നിലവിളിച്ച് കുതറി. അറബിയുടെ കൈ ജാഹിറിന്റെ

വൃഷണങ്ങളിൽ അമർന്നു. നിലവിളി ഉച്ചത്തിലായി. വൃഷണങ്ങൾ അറബി ഞെരുക്കി ഉടച്ചു. ജാഹിറിന്റെ കാലുകളിലൂടെ മൂത്രം നിറഞ്ഞൊഴുകി'[2].

വൃദ്ധനായ ഒരു അറബിയെക്കൊന്ന് പണം കവർന്നതിന്റെ പേരിൽ നടപ്പാക്കപ്പെടുന്ന ശിരച്ഛേദവും ഈ നോവലിൽ ആവിഷ്കൃതമാകുന്നുണ്ട്.

'അറബി വാൾ ആകാശത്തിലേക്ക് ഉയർത്തി. കണ്ണിൽ സൂചി തറച്ചതുപോലെ വിദേശികൾ കണ്ണ് ചിമ്മി. പിന്നെ അത് മിന്നായം കണക്കെ താഴേക്ക് ആഞ്ഞുവീശി. ബംഗാളിയുടെ കഴുത്തിലൂടെ വാൾ ചീറിപ്പാഞ്ഞു. തല ശരീരത്തിൽനിന്ന് വേർപെട്ട് നിലത്തുരുണ്ടു. തലയറ്റ ശരീരം മുന്നിലേക്ക് മറിഞ്ഞു. കഴുത്തിലൂടെ രക്തം ചീറ്റിയൊഴുകി, വാളിൽനിന്ന് രക്തം ഇറ്റുവീണു. അറ്റ ശിരസ്സിലെ കണ്ണും നാക്കും പുറത്തേക്ക് തള്ളി'[3].

തീക്കുണ്ടിൽ കമ്പി പഴുപ്പിച്ച് വയ്ക്കൽ, മാരക പ്രഹരം, പുലഭ്യം ഇവയൊക്കെ അറബിയുടെ ചെറിയ ശിക്ഷകളാണെന്ന് ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രവാസം സമ്മാനിക്കുന്ന ആരോഗ്യപ്രശ്നങ്ങളും അനവധിയാണ്. തോട്ടിപ്പണി ചെയ്യുന്ന ലൂക്കോച്ചൻ സ്വന്തം ശരീരത്തിലെ പുണ്ണുകൾ കാട്ടി, 'കണ്ടോ.... കാൻസറാ... പണം നോക്കി ഇതിൽ കളിച്ചാൽ നാളെ നിനക്കും വരും'[4]. എന്നു പറയുന്നു. ഇതിലും വലിയ മാരകരോഗങ്ങളാൽ പിടയുന്നവരും ഗൾഫിലെ ലേബർ ക്യാമ്പുകളിലുണ്ട്.

വയർ നിറയെ ഒരുനേരത്തെ ആഹാരം എന്നത് മണലാരണ്യത്തിലെ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം എന്നും ഒരു സ്വപ്നമാണ്. യജമാനൻ നല്കുന്ന ഖുബ്ബൂസ് പാക്കറ്റുകളും കന്നാസ് വെള്ളവും അവരുടെ ആർത്തി കൂട്ടുവാൻ മാത്രം ഉള്ളവയാണ്. കരുതലോടെ അല്പാല്പം ആഹാരം കഴിക്കുന്ന അവർക്ക് യജമാനന്റെ അടുത്ത വരവാകുമ്പോഴേക്കും ഒഴിഞ്ഞ ഭക്ഷണസഞ്ചിയാകും മിച്ചമായുണ്ടാവുക. മാജിദ് വെപ്പാട്ടികളുമായി കടന്നുവരുന്ന രാവുകൾ ഉണ്ണിക്കും മോയിസിനും സന്തോഷപ്രദങ്ങളായിരുന്നു. സുപ്രയിൽ ചിതറിക്കിടക്കുന്ന കഫ്സച്ചോറും ചവച്ചുതുപ്പിയ കോഴിയിറച്ചിയും വാരിയെടുത്തുകൊണ്ട് താഴേക്കോടുന്ന മോയിസ് പട്ടിണിയുടെ തീവ്രപ്രതീകമായാണ് അനുവാചക മനസ്സുകളിൽ പതിയുന്നത്.

പ്രവാസത്തിന്റെ തീക്ഷ്ണച്ചുഴികളിൽ സ്വന്തം ഭാഷപോലും നഷ്ടപ്പെടുന്ന അനുഭവം ഉണ്ണിക്ക് നേരിടേണ്ടിവരുന്നുണ്ട്. 'കേരളക്കാരനായ' ഉണ്ണിയെ കാണാൻ ഓടിയെത്തിയ മൊയ്തു, 'സുഖം തന്നെയാണോ സുഹൃത്തേ.... എവിടെയാണ് നാട്.....' എന്ന് ചോദിക്കുമ്പോൾ ഉണ്ണിയുടെ ശരീരം രോമാഞ്ചംകൊള്ളുന്നു. എന്നാൽ തുടരനുഭവങ്ങൾ അത്ഭുതകരമായിരുന്നു. എത്രയോ വർഷങ്ങൾക്കുശേഷം സ്നേഹനിധിയായ അമ്മ നാവിൻതുമ്പിൽ വരച്ചുതന്ന തിരുമധുരംപോലുള്ള മലയാളഭാഷ കേട്ടപ്പോൾ ഉണ്ണിയുടെ അന്തരാത്മാവ് ചില്ലുകൊട്ടാരം കണക്കെ പൊട്ടിച്ചിതറി. മറുപടിക്കായി ഉണ്ണി നാക്കുയർത്തി. കഴിയുന്നില്ല. വാക്കുകൾക്ക് സ്മൃതിനാശം. ചുണ്ടുകൾ വിറച്ചുകൊണ്ട് അയാൾ ഏതാനും വാക്കുകൾ ഉരുവിട്ടു[5]. എന്നിങ്ങനെ ഈ അനുഭവത്തെ നോവലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ലൈംഗികമായ അടിച്ചമർത്തലും പ്രവാസികൾ നേരിടുന്നുണ്ട്. ഉള്ളിലടക്കുന്ന കാമാവേഗങ്ങൾ അവനിൽ മൃഗീയവാസന ഉണർത്തുന്നു. മാജിദിന്റെ കൂടെയെത്തുന്ന ഇന്തോനേഷ്യക്കാരിയെ കാണുന്ന സുഡാനിയായ മോയിസിന്റെ ചെയ്തികൾ താക്കോൽ പ്പഴുതിലൂടെ ഒളിഞ്ഞുനോക്കി കാമഭ്രാന്തിനാൽ കാലുകൾ നിലത്തുമാന്തി ഒടുവിൽ മരുഭൂമിയിലേക്ക് ഇറങ്ങി ഓടുകയാണ് അയാൾ. മരുഭൂമിയിലെ അടിമജീവിതം ഉണ്ണിയെ ഒരു ഷണ്ഡനായി മാറ്റിക്കഴിഞ്ഞിരുന്നു. മലയാളി പ്രവാസികളുടെ ജീവിതത്തിന്റെ മറ്റൊരു മുഖം നോവലിസ്റ്റ് ഇപ്രകാരം ആവിഷ്കരിക്കുന്നു. നദീമിന്റെ ഗല്ലികളിൽ മുറിയിലിരുന്ന് ചാരായവും കുടിച്ച് നീലച്ചിത്രവും കണ്ട് ഭാര്യമാരെയും കാമുകിമാരെയും തേവടിശ്ശികളെയും ഓർത്ത് അവർ സമയംകൊല്ലും. മദ്യത്തിന്റെ ലഹരിയിൽ തേവിടിശ്ശികളുടെ കഥ പറയും. ഭാര്യമാരെ സ്വപ്നം കണ്ട് കുടുസ്സുമുറിയിൽ ജീവിക്കുന്ന ഒരുകൂട്ടം പേർ. നീലച്ചിത്രം കണ്ട് മദോന്മത്തരായി അവർ ബാത്ത്റൂമിലേക്കോടും. പിന്നെ അവർ കട്ടിലിൽവന്ന് തളർന്നുറങ്ങും.... മലയാളികളുടെ ഗൾഫ് പ്രവാസത്തിന്റെ ചവർപ്പുനിറഞ്ഞ ജീവിതരേഖയാണ് ഈ ഭാഗത്തുള്ളത്.

രാജ്യത്തിന്റെ അതിർത്തികൾ പോലും അപ്രസക്തമാകുന്ന പ്രവാസികളുടെ ഇടയിൽ മതംമാറ്റലക്ഷ്യവുമായെത്തുന്ന ഒരു വിഭാഗവും സജീവമായുണ്ട്. മാജിദ് ഉണ്ണിയെ വിൽക്കുന്ന ഇടത്തെ ജാബിർ ഇത്തരം ഒരാളാണ്. അയാളുടെ ഒത്താശയിൽ നടക്കുന്ന മതംമാറ്റ ശ്രമത്തിൽനിന്നും ഉണ്ണി പിന്മാറുകയാണുണ്ടായത്.

അതികഠിനമായ മാനസിക വ്യഥ ഇറക്കിവയ്ക്കാൻ മലയാളി കണ്ടെത്തിയ ഇടമാണ് 'ബത്ത' എന്ന സ്ഥലം. തൊഴിലിടത്തെ പ്രശ്നങ്ങൾ പങ്കുവയ്ക്കാനും സ്വന്തം നാട്ടുകാരെ ഒന്നു കാണാനും ഓരോ മലയാളിയും ഇവിടെയെത്തുന്നു. ബത്തയിൽ, ഈന്തപ്പനകൾ തണൽവിരിച്ച ഒരിടത്ത് ഉണ്ണിയെ ആബ്ദീൻ എന്ന മലയാളി ഉപേക്ഷിക്കുന്നുണ്ട്. അക്ഷരാർത്ഥത്തിൽ സങ്കടക്കടലിൽ അകപ്പെട്ട ഉണ്ണി അതിജീവനത്തിന്റെ ഊർജ്ജം തേടുന്നത് ഇവിടെനിന്നുമാണ്. അതിനയാളെ പ്രേരിപ്പിച്ചതാകട്ടെ ഗൃഹാതുരത്വവും. ഏതൊരു പ്രവാസിയുടെയും ഉള്ളിന്റെയുള്ളിലെ മോഹമാണ് സ്വന്തം നാടിനെയും നാട്ടാരെയും കാണുക എന്നത്. സ്വന്തം നാട്ടിലെ ഒരാളെക്കാണാൻ വെമ്പലോടെ കാത്തിരിക്കുന്ന ഉണ്ണി അനുവാചക മനസ്സുകളിൽ നൊമ്പരം നിറയ്ക്കുന്നു.

പ്രതീക്ഷകളുടെ ചിറകിലേറി മണലാരണ്യത്തിൽ വന്നിറങ്ങി തോട്ടക്കാരനായും ആട്ടിടയനായും ഒട്ടകം സൂക്ഷിപ്പുകാരനായും കുശിനിക്കാരനായും ആക്രിസങ്കേതങ്ങളിൽ അടിമപ്പണിയെടുത്തും നിർമ്മിതികേന്ദ്രങ്ങളിൽ കഠിനപ്രയത്നം ചെയ്തും ബയ്യാറവണ്ടികളിൽ കുടുങ്ങിയും ചാരായം വാറ്റിയും അടിമജീവിതം നയിക്കുന്ന ഒരുകൂട്ടം മനുഷ്യർ. അവർക്ക് രാഷ്ട്രഭേദമില്ല, മതഭേദമില്ല..... എന്തിന് സ്വന്തം പേരുകൂടി അവർ എന്നേ മറന്നു കഴിഞ്ഞിരിക്കുന്നു! അത്തരത്തിലുള്ള ഒരു കൂട്ടം ജീവിതങ്ങളുടെ നേർസാക്ഷ്യങ്ങളായി മാറുന്നു അറേബ്യയിലെ അടിമ എന്ന നോവൽ.

## കുറിപ്പുകൾ

1. *നിസാമുദ്ദീൻ റാവുത്തർ, അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തിരുവനന്തപുരം, 2015. പുറം. 67.*
2. *അതേ പുസ്തകം, പുറം 132.*
3. *അതേ പുസ്തകം, പുറം 136.*
4. *അതേ പുസ്തകം, പുറം 133.*
5. *അതേ പുസ്തകം, പുറം 45.*
6. *അതേ പുസ്തകം, പുറം 115.*

## ഗ്രന്ഥസൂചിക


1. *കുഞ്ഞിക്കണ്ണൻ വാണിമേൽ, സിനിമയും മനസ്സും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2010.*
2. *ദിനേശൻ ഇ.കെ., പ്രവാസജിവിതം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.*
3. *നിസാമുദ്ദീൻ റാവുത്തർ, അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തിരുവനന്തപുരം, 2015.*
4. *ബിജുകുമാർ ആലക്കോട്, ഒട്ടകമായും ആടായും മനുഷ്യനായും, സൈകതംബുക്സ്, കോതമംഗലം, 2016.*
5. *ബെന്യാമിൻ, കുടിയേറ്റം - പ്രവാസത്തിന്റെ മലയാളിവഴികൾ, ഡി.സി. ബുക്സ്, കോട്ടയം, 2017.*

# കവിതയുടെ ലിംഗരാഷ്ട്രീയം; വിജയരാജ മല്ലികയുടെ കവിതകളിൽ

**രഞ്ജിത് വി**
ഗവേഷകൻ, മലയാള വിഭാഗം, കേരള കേന്ദ്ര സർവകലാശാല, കാസർഗോഡ്

**പ്രബന്ധസംഗ്രഹം**

മലയാളത്തിലെ സാഹിത്യ വ്യവഹാരങ്ങളെല്ലാം തന്നെ സമകാലിക സാഹചര്യത്തിലും ഒരു പരിധിവരെ പിതൃ അധികാരവ്യവസ്ഥിതിയുടെ മാമൂൽ ധാരണകളെയാണ് മുന്നോട്ടുവയ്ക്കുന്നത്. എങ്കിലും ആണധികാരത്തിന്റെ മേൽക്കോയ്മാവലയത്തിൽനിന്ന് പുറത്തുകടക്കാനുള്ള ശ്രമങ്ങൾ സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ സജീവമായി നടന്നുവരുന്നുണ്ട്. പുരുഷനു മാത്രം പ്രാപ്യമായിരുന്ന സാഹിത്യവ്യവഹാരങ്ങളിലെല്ലാംതന്നെ പുരുഷ ഇതരസാന്നിധ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത് ഏറെ പ്രതീക്ഷ ജനിപ്പിക്കുന്നതാണ്. ആൺ/പെൺ ബൈനറികളുടെപരിമിതവലയത്തിൽ നിന്ന് ലിംഗപരമായ വൈവിധ്യത്തിന്റെ തുറസ്സുകളിലേക്ക് മലയാളസാഹിത്യം ചുവടുവെച്ചുകൊണ്ടിരിക്കുകയാണ്. മലയാളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ കവി വിജയരാജമല്ലികയുടെ സാഹിത്യഇടപെടലുകൾ മലയാള സാഹിത്യ ത്തിലെ ലിംഗപരമായ ആധിപത്യത്തിനു നേരെയുള്ള ശക്തമായ കലഹമാണ്. ആണധികാരത്തിന്റെ മേൽക്കോയ്മയെയും ഇതര വിഭാഗങ്ങളുടെ അരികു വല്ക്കരണത്തെയും ശക്തമായ ഭാഷയിൽ തന്റെ കവിതയിൽ അടയാളപ്പെടു ത്താൻ വിജയരാജമല്ലികയ്ക്ക് സാധിച്ചിട്ടുണ്ട്. കവിത മുന്നോട്ടുവയ്ക്കുന്ന ലിംഗരാഷ്ട്രീയത്തെ വിജയരാജമല്ലികയുടെ കവിതകളെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

***താക്കോൽവാക്കുകൾ:*** :ട്രാൻസ്ജെൻഡർ, ലിംഗരാഷ്ട്രീയം, ലിംഗപദവി

## ആമുഖം

സമകാലിക രാഷ്ട്രീയസംവാദങ്ങളുടെയും സാഹിതീയ ഇടപെടലുകളുടെയും ക്രിയാത്മക ഉപോൽപ്പന്നം എന്ന നിലയിലാണ് കേരളത്തിൽ ലിംഗപദവിപഠനങ്ങൾ സജീവമാകുന്നത്. വ്യവസ്ഥാപിതമായി പിതൃ അധികാരവ്യവസ്ഥ നിലനിൽക്കുന്ന കേരളീയ പൊതുമണ്ഡലത്തിലെ ലിംഗപരമായ വേർതിരിവുകൾക്കു നേരെ വിരൽ ചൂണ്ടികൊണ്ടാണ് ലിംഗപദവി പഠനത്തിലെ പ്രാരംഭ ഇടപെടലുകൾ പ്രത്യക്ഷപ്പെടുന്നത്. ലിംഗാധിഷ്ഠിതമായ അസമത്വത്തിന്റെ രാഷ്ട്രീയ അടയാളപ്പെടുത്തലുകളെന്ന നിലയിൽ മനുഷ്യവ്യവഹാരത്തിന്റെ എല്ലാ തുറസുകളിലും ലിംഗപദവി പഠനങ്ങൾ കടന്നുചെല്ലുകയുണ്ടായി. കല, സാഹിത്യം, സംസ്കാരം, ചലച്ചിത്രം തുടങ്ങിയ മേഖലകളിലെ ലിംഗാധിഷ്ഠിതമായ രാഷ്ട്രീയപരിണാമത്തിന് ദിശാബോധം നൽകുകയെന്ന ഉത്തരവാദിത്തമാണ് മലയാളത്തിൽ ലിംഗപദവിപഠനങ്ങൾ ഏറ്റെടുത്തത്. 'അസമത്വപൂർണ്ണവും പീഡനാത്മകവുമായ സ്ത്രീപുരുഷബന്ധങ്ങളെ ചൂഴ്ന്നുനിൽക്കുന്ന മൗനത്തിന്റെ ഗൂഢാലോചനയെ തകർക്കാൻ ധൈര്യം കാട്ടുന്നവരും അതിനെ മാറ്റിത്തീർക്കാൻവേണ്ടി പരിശ്രമിക്കുന്നവരുമാണ് ലിംഗപദവി പഠനത്തിന്റെ വക്താക്കൾ' എന്ന മരിയാമീയെസിന്റെ (കെ.എം.വേണുഗോപാലൻ, 2006:128) അഭിപ്രായം ഈ പഠനശാഖയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതായി കാണാം.

പുരുഷകേന്ദ്രിതസമൂഹത്തിലെ വ്യവഹാരങ്ങളെല്ലാം ആൺകോയ്മയുടെ നിർമ്മിതിയാണെന്നും സ്ത്രീലിംഗപദവിയുടെ രണ്ടാംസ്ഥാനം അതിനനുസൃതമായി രൂപപ്പെട്ടതാണെന്നുമുള്ള ദിശാബോധമാണ് ലിംഗപദവിപഠനങ്ങളിൽ രാസത്വരകമായി വർത്തിച്ചത്. നിലവിലുള്ള സൗന്ദര്യശാസ്ത്രത്തെയും സ്റ്റീരിയോടൈപ്പുകളെയും അപനിർമിച്ചുകൊണ്ട് ഉണ്മയ്ക്കും സ്വത്വബോധത്തിനും പരിഗണന നൽകുന്ന സൈദ്ധാന്തികസമീപനങ്ങളിലൂടെ ആണധികാരഘടനകൾ നിശബ്ദതയിൽ ആഴ്ത്തിക്കളഞ്ഞ പ്രതിനിധാനങ്ങളെയും അരികുവത്കരിച്ച സ്വത്വങ്ങളെയും തിരിച്ചു പിടിക്കാനുള്ള ശ്രമമാണ് ലിംഗരാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നത്. 'പുരുഷമേധാവിത്വത്തെ ചോദ്യം ചെയ്യുന്നതോടൊപ്പം സ്വന്തം അവകാശങ്ങളെ തിരിച്ചറിഞ്ഞ് നിലവിലുള്ള വ്യവസ്ഥിതിയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ച് അവയുടെ ലഭ്യതയ്ക്കു വേണ്ടി പോരാടുന്ന പ്രവർത്തനങ്ങൾ, പുരുഷനു തുല്യയാകുന്നതിലുപരിയായി സ്ത്രീപദവിയുടെ ഉയർച്ചയ്ക്കും സമൂഹത്തിന്റെ ഘടനാപരമായ മാറ്റത്തിനും വേണ്ടി യത്നിക്കുന്ന ദീർഘവീക്ഷണപരമായ പ്രവർത്തനങ്ങൾ' (ബെൽഹുക്ക്സ്, 2010: 41) എന്നിങ്ങനെ ലിംഗരാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടുകളെ ബെൽഹുക്ക്സ് രണ്ടായി തിരിക്കുന്നുണ്ട്. ആൺവ്യവഹാരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഇതരലിംഗങ്ങളോടുള്ള കാഴ്ചപ്പാടുകളിലെ പ്രത്യയശാസ്ത്രമേൽക്കോയ്മകൾ വിശകലനം ചെയ്യുന്നതോടൊപ്പം തന്നെ സ്ത്രീ/ഭിന്നലിംഗവിഭാഗങ്ങൾക്കുനേരെയുള്ള അടിച്ചമർത്തൽ നയത്തിന്റെ രാഷ്ട്രീയത്തെക്കൂടി ലിംഗരാഷ്ട്രീയം പഠനവിധേയമാക്കുന്നു.

## സാഹിത്യവ്യവഹാരങ്ങളിലെ പെൺതച്ചുകൾ

നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടാവുന്ന മലയാളത്തിലെ സാഹിത്യവ്യവഹാരങ്ങളെല്ലാംതന്നെ ആൺനിർമ്മിതിയുടെ ഉത്പന്നമാണ്. ആണധീശത്വം

നിലനിർത്തുന്നതിനും തങ്ങളുടെ ലിംഗപരമായ മേൽകോയ്മ ഊട്ടിയുറപ്പിക്കുന്നതിനുമായി സാഹിത്യം ഉൾപ്പെടെയുള്ള വ്യവഹാരങ്ങളെ പിതൃഅധികാര സമൂഹം ഫലപ്രദമായി ഉപയോഗിച്ചതിന്റെ നിരവധി ദൃഷ്ടാന്തങ്ങൾ നമുക്ക് മുന്നിലുണ്ട്. ആധുനിക നവോത്ഥാന രാഷ്ട്രീയാവബോധം കേരളീയ പൊതുമണ്ഡലത്തിൽ ശക്തി പ്രാപിക്കുന്നതുവരെ പുരുഷാഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വെറും ജൈവശരീരം മാത്രമായിരുന്നു സ്ത്രീകൾ. നവോത്ഥാന ആധുനികതയുടെയും ഫെമിനിസ്റ്റ് ആശയസംഹിതയുടെയും വേരോട്ടം സൃഷ്ടിച്ച ഭാവുകത്വപരിസരത്തിലാണ് സ്ത്രീകൾ മജ്ജയും മാംസവും മാത്രമല്ല ആത്മാവുകൂടിയുള്ള സ്ത്രീപ്രതിനിധാനങ്ങളായി സാഹിത്യ വ്യവഹാരങ്ങളിൽ കടന്നുവരുന്നത്. ആണധീശത്വത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള വിമതസ്വരങ്ങൾ പ്രത്യക്ഷപ്പെടുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മാത്രമാണ്. പുരുഷന്റെ കീഴിൽ അവന്റെ ഇച്ഛയ്ക്കും ആജ്ഞയ്ക്കുമനുസരിച്ച് പെരുമാറേണ്ടവളും പുരുഷാധിപത്യസമൂഹം നിർണ്ണയിച്ച വ്യവസ്ഥിതികൾക്കും നിയമസംഹിതകൾക്കും വിധേയമായി ജീവിതം നയിക്കേണ്ടവളുമാണ് സ്ത്രീ എന്ന ധാരണയാണ് സാഹിത്യ വ്യവഹാരങ്ങളെല്ലാംതന്നെ ഇരുപതാംനൂറ്റാണ്ടിലെ അന്ത്യപാദം വരെ മുന്നോട്ടുവയ്ക്കാൻ ശ്രമിച്ചത്. ആൺസാഹിത്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയെ സംബന്ധിച്ച വ്യാജ നിർമ്മിതികൾ വലിയ രീതിയിൽ ചോദ്യംചെയ്യപ്പെട്ടു തുടങ്ങുന്നത് സ്ത്രീവാദപ്രസ്ഥാനങ്ങളുടെ ശക്തമായ വേരോട്ടത്തോടെയാണ്.

പുരുഷന്റെ തണലിൽ അവന്റെ ആഗ്രഹങ്ങൾക്കനുസരിച്ച്, തോളിൽ ചാഞ്ഞ്കഴിയാൻ ആഗ്രഹിക്കുന്നവളാണ് സ്ത്രീയെന്ന ധാരണയാണ് പുരുഷകേന്ദ്രിതമായ സാഹിത്യം വിനിമയം ചെയ്യാൻ ശ്രമിച്ചത്. സ്ത്രീയെ അബലയായും ചപലയായും ചിത്രീകരിക്കുന്നതിലൂടെ അവളുടെ സാമൂഹിക സ്വത്വം നിരാകരിക്കപ്പെടുകയുണ്ടായി. പുരുഷന്മാർ രൂപകല്പനചെയ്ത അച്ചുകളിൽ വാർത്തെടുത്ത സ്ത്രീശരീരങ്ങളാണ് മലയാള സാഹിത്യത്തിൽ നിറഞ്ഞുനിൽക്കുന്നത്. പുരുഷപ്രാമാണ്യത്തിന്റെ പ്രത്യയശാസ്ത്രത്തെ വിമർശനവിധേയമാക്കുന്ന സ്ത്രീമാതൃകകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത് സ്ത്രീകൾ കർതൃത്വസ്ഥാനത്തേക്ക് കടന്നുവരുന്നതോടെ മാത്രമാണ്. ഇതിന്റെ അനന്തര ഫലമായിട്ടാണ് സാഹിത്യത്തിലെ ആണധികാര ഇടങ്ങൾ അപനിർമിക്കപ്പെട്ടു തുടങ്ങിയത്. കവിത ഉൾപ്പെടെയുള്ള സാഹിത്യരൂപങ്ങളിലെ പുരുഷാധിപത്യ വ്യവഹാരങ്ങളിലെ ആണധീശത്തത്തിനെതിരെയുള്ള കലഹം ഈ കാലയളവിൽ ശക്തമാവുകയുണ്ടായി. ഇതിന്റെ ഭാഗമായി രൂപപ്പെട്ട ലിംഗരാഷ്ട്രീയത്തെ വിജയരാജമല്ലികയുടെ കവിതയെ മുൻനിർത്തി അന്വേഷണവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

## ആദത്തിനും ഹവ്വയ്ക്കുമപ്പുറം ചില വിമതലിംഗ വിചാരങ്ങൾ

*'ഞങ്ങൾ*

*അത് അതായും*

*അതതല്ലാതേയും*

*ഇത്ഇതായും*
*ഇതിതല്ലാതേയും*
*അതിതല്ലാതെയതു*
*മിതുമല്ലാതെയിരിക്കുന്ന*
*അതിതുമിതതുമായ*
*ശൂന്യചിഹ്നങ്ങൾ*
*ഞങ്ങൾ*
*ജനാധിപത്യഅറവുമൃഗങ്ങൾ*
*മൃഗാധിപത്യബലിജനങ്ങൾ*
*ഞങ്ങൾ*
*വൈവിധ്യാത്മകവൈരുദ്ധ്യ*
*ഭൗതികജീനികവിപത്ത്*
*പ്രാണകുണ്ഡവിസ്ഫോടന*
*സ്സൂര്യപ്പൊള്ളലേറ്റ മാലാഖച്ചിറക്'*

ട്രാൻസ്ജെൻഡർ ജീവിതത്തിന്റെ സ്വത്വപ്രതിസന്ധികളും അസ്തിത്വവ്യഥകളും വ്യക്തമാക്കാൻ ശ്രമിക്കുന്ന വിജയകുമാർ കുനിശ്ശേരിയുടെ അലിംഗം എന്ന കവിതയാണ് മുകളിൽ ചേർത്തിട്ടുള്ളത്. ട്രാൻസ്ജീവിതങ്ങളെ പുറമേനിന്ന് മാത്രം പരിചയമുള്ള ഒരാണെഴുതിയ ഈ കവിത അവരുടെ സത്വ സംഘർഷം വ്യക്തമാക്കാൻ ആത്മാർഥമായി ശ്രമിക്കുന്നു. ആണും പെണ്ണുമല്ലാത്തവരെന്നു സമൂഹം കളിയാക്കി വിളിച്ചവർ മഴവിൽ പതാകയ്ക്ക് കീഴിൽ ട്രാൻസ്ജെൻഡറുകൾ എന്നപേരിൽ സ്വയം വെളിപ്പെടുത്തി തുടങ്ങിയിരിക്കുന്ന കാലത്തിലാണ് മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ കവി എന്ന ടാഗ് ലൈനോടു കൂടി വിജയരാജമല്ലികയുടെ കവിതകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത്. അതിനുമുമ്പ് ട്രാൻസ്ജെൻഡറായ ആരും കവിത എഴുതിയിട്ടില്ല എന്ന അർത്ഥമല്ല ഇതിനുള്ളത്. മറിച്ച് ആൺ/പെൺ ഐഡന്റിറ്റികൾ ഉപയോഗിച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടയാളുകൾ തങ്ങളുടെ സർഗവ്യാപാരം നടത്തിയിരുന്നിരിക്കാം. ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയിൽ കവിതയെഴുതിത്തുടങ്ങിയ പ്രഥമ കവി വിജയരാജമല്ലികയാണെന്ന് മാത്രം. ദൈവത്തിന്റെ മകൾ, ആൺനദി, ലിലിത്തിന് മരണമില്ല, പെണ്ണായാളുടെ കവിതകൾ എന്നീ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ഇരുനൂറിലധികം കവിതകൾ വിജയരാജമല്ലികയുടേതായി ഇതിനോടകം പുറത്തുവന്നിട്ടുണ്ട്. ഭാഷയിലും സംസ്കാരത്തിലും ആണധികാരം വച്ചുപുലർത്തുന്ന മാമൂൽ ധാരണകളെയും വ്യവസ്ഥിതികളെയും ശക്തമായ ഭാഷയിൽ ചോദ്യം ചെയ്യാനുള്ള ഉദ്യമമാണ് ഓരോ കവിതയും. 'സാഹിത്യമർമ്മജ്ഞരായ പുരുഷന്മാർക്ക് ഒട്ടേറെ പിഴവുകൾ ചൂണ്ടിക്കാണിക്കാവുന്നവയാണ് മല്ലികയുടെ കവിതകൾ. വ്യാകരണവും പ്രയോഗങ്ങളും അശിക്ഷിതങ്ങളും അപ്രഗൽഭ

ങ്ങളുമാണ്. പക്ഷെ അവൾ മലയാളസാഹിത്യത്തിൽ പിച്ചവെച്ചു തുടങ്ങുന്നു. അതുകൊണ്ട് ഈ കവിതകളെ ചെവികൊണ്ടോ, കണ്ണുകൊണ്ടോ അല്ല ഹൃദയം കൊണ്ടാണറിയേണ്ടത്. യുക്തികൊണ്ടല്ല, വികാരം കൊണ്ടാണളക്കേണ്ടത്' എന്ന ഗീതയുടെ അഭിപ്രായം വിജയരാജമല്ലികയുടെ കവിതകളെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

ഉർവ്വരതയ്ക്കും സൃഷ്ടിപരതയ്ക്കും പ്രാമുഖ്യം കൽപ്പിക്കുന്ന മാതൃബന്ധത്തെ ഊട്ടിയുറപ്പിക്കാനാണ് ആണധികാരം നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം ആദർശ വാർപ്പുമാതൃകകളെയും സാമ്പ്രദായിക പാരമ്പര്യബോധത്തെയും നിരാകരിക്കുന്ന നിരവധി കവിതകൾ വിജയരാജമല്ലികയുടെതായിട്ടുണ്ട്. മനുഷ്യവർഗ്ഗത്തെയാകെ ആൺ/പെൺ കള്ളികളിൽ ഒതുക്കിനിർത്താൻ ശ്രമിക്കുന്ന സാംസ്കാരിക നിർമ്മിതിയെ കവി ശക്തമായി ചോദ്യംചെയ്യുന്നു.

*കുഞ്ഞ്*
*ആണോപെണ്ണോ*
*എന്നറിയാൻ, നോട്ടമൊന്ന്പോരെയെന്ന്*
*അപ്പോത്തിക്കിരി;*
*ചുമ്മാതിരിയൊന്ന്*
*മിണ്ടാതിരി*
*പെണ്ണുംആണുംമാത്രമോ*
*ജീവലോകം!* (ജീവലോകം: 19)

എന്ന് കവി ചോദിക്കുന്നു. ഒരു വ്യക്തിയുടെ ജീവശാസ്ത്രപരമായ ലിംഗമല്ല, ആ വ്യക്തിയുടെ ലിംഗപദവിയെ നിർണയിക്കുന്നത് എന്ന ബോധ്യമാണ് ഇപ്രകാരം സംസാരിക്കാൻ കവിയെ പ്രേരിപ്പിക്കുന്നത്. കാറും കോളും മാറി മാറിവരുമെന്നും അപ്പോഴും ചിലർ ആൺ പെൺ അളവുകോലുകൾ രാകിമിനുക്കി തൈലം പൂശുമെന്നും കാലോചിതമായി മാറ്റം സംഭവിക്കാത്ത പൊതുബോധത്തെ ഊട്ടിയുറപ്പിക്കുന്ന മനുഷ്യരെ അകവും പുറവും എന്ന കവിതയിൽ പ്രതിക്കൂട്ടിൽ നിർത്തുന്നുണ്ട്.

കണ്ണീരിന്റെ അട്ടിപ്പേറവകാശം കാലങ്ങളായി സ്ത്രീയുടെ തലയിൽ പതിച്ചു നൽകിയിരിക്കുകയാണ്. കണ്ണീരാണ് സ്ത്രീയുടെ ആയുധമെന്ന് ആധുനിക ആൺ കർതൃത്വങ്ങൾ പോലും ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ എല്ലാ നേട്ടങ്ങൾക്കും കണ്ണീരിനെ സ്ത്രീകൾ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന ആൺനോട്ടത്തെ 'ഒരു സുന്ദരിയുടെ കവിത' അപനിർമിക്കുന്നുണ്ട്. കവിതയാണെന്റെ ആയുധമെന്ന് കവി തുറന്നുപറയുന്നു. കണ്ണീരല്ല, കൽമഷതിരകളുമല്ല, കരുത്തും കരുതലും ആണെന്റെ തോഴിമാർ എന്ന് കവി ദൃഢനിശ്ചയത്തോടെ പ്രഖ്യാപിക്കുന്നു. സ്ത്രീയുടെ കരുത്തിനെയും ആർജ്ജവത്തെയും കണ്ണീരിന്റെ പുകമറയാൽ മൂടിവെക്കാൻ നോക്കിയ ആണധികാരത്തിന്റെ തന്ത്രങ്ങൾ 'ഒരു സുന്ദരിയുടെ കവിത'യ്ക്ക് മുന്നിൽ തകർന്നുതരിപ്പണമാകുന്നു. കണ്ണീരിന്റെ ചങ്ങലകൾ മാത്രമല്ല ആണിന്റെ മാറിൽ ചായാൻ ശ്രമിക്കുന്നവരാണ്

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സ്ത്രീകൾ എന്ന പൊതുബോധവും മലയാളി സമൂഹത്തിൽ രൂഢമൂലമായി നിലനിൽക്കുന്നുണ്ട്. ഏതാനും ചില സ്ത്രീകളുടെ ആഗ്രഹങ്ങളെയും അഭിലാഷങ്ങളെയും സ്ത്രീവർഗ്ഗത്തിന്റെയാകെ ആഗ്രഹങ്ങളായി വിലയിരുത്തുന്ന കാഴ്ചപ്പാട് 'ആ നിമിഷം' എന്ന കവിതയിൽ ചോദ്യം ചെയ്യപ്പെടുന്നു.

*ഏതുപെണ്ണാ*
*ഒരുപുരുഷന്റെമാറിലൊന്ന്*
*തലച്ചായ്ക്കാൻ കൊതിക്കാത്തത്*
*ആ കവിളിൽ ഒന്ന്കടിക്കാൻ തുടിക്കാത്തത്*
*ജീവിതയാത്രയിൽ പ്രിയനോടൊപ്പം*
*കൂടിയുംഇമ്പംതുളുമ്പിയും*
*വിളക്കായിഎരിയാൻ*
*ദാഹിക്കാത്തത്*
*ഉണ്ടല്ലോഒന്നല്ല*
*ഒരായിരംപെണ്ണുങ്ങൾ*
*സദാചാരകണ്ണട ഒന്ന്തുടച്ചാൽ ആ നിമിഷംകാണാം!* (ആ നിമിഷം: 28)

ആൺസമൂഹം നെയ്തുകൂട്ടിയ സ്ത്രീബിംബങ്ങളെയും ഇമേജുകളെയും ആധുനിക രാഷ്ട്രീയഅവബോധത്തിന്റെ പശ്ചാത്തലത്തിൽ കവി അപനിർമ്മിക്കുകയും ആത്മാവും ശരീരവുമുള്ള സ്വതന്ത്രവ്യക്തി എന്നനിലയിലേക്ക് സ്ത്രീശരീരങ്ങളെ ഉയർത്തുകയും ചെയ്യുന്നു.

ഭാഷാവ്യവഹാരങ്ങൾ എല്ലാകാലത്തും ആധിപത്യവ്യവസ്ഥയ്ക്ക് അനുകൂലമായിട്ടാണ് നിലകൊണ്ടിട്ടുള്ളത്. എല്ലായിടങ്ങളിലും ആൺപെൺ ബൈനറികളെ സൃഷ്ടിച്ചുകൊണ്ട് സ്ത്രീയെക്കാളും ഒരു പടി മുകളിലാണ് പുരുഷനെന്ന ധാരണ ഭാഷ നിരന്തരമായി ഊട്ടിയുറപ്പിക്കുന്നു. 'മാഷ് ആണായതും ടീച്ചർ പെണ്ണായതും എങ്ങനെ' എന്ന ചോദ്യം 'മാഷും ടീച്ചറും' എന്ന കവിത പങ്കുവെക്കുന്നുണ്ട്.

*'മാഷേ വേണ്ട, ടീച്ചർ മതി;*
*ആൺ ടീച്ചറും*
*പെൺ ടീച്ചറും വേണ്ട*
*ദ്വന്ദമല്ലല്ലോ ലോകം!*
*മഴവില്ല് വിടർന്നില്ലേ?*
*വേണ്ടത് ടീച്ചർ തന്നെയല്ലേ?'* (മാഷും ടീച്ചറും: 31)

സമാനമായ തൊഴിൽ ചെയ്യുന്ന എല്ലാ ലിംഗവിഭാഗത്തിൽപ്പെട്ടയാളുകളെയും കുറിക്കാൻ ലിംഗഭേദമില്ലാത്ത പദം ഉപയോഗിച്ചാൽ മതിയെന്ന പുരോഗമന കാഴ്ചപ്പാടാണ് കവി പങ്കുവയ്ക്കുന്നത്. അതിനാലാണ് മാഷ് എന്ന പുരുഷലിംഗത്തെ പ്രതിനിധാനം ചെയ്യുന്ന പദത്തിന് പകരം ടീച്ചറെന്ന പദത്തിലേക്ക് കവിയുടെ നോട്ടം പതിക്കുന്നത്. ഭാഷയിൽ ലിംഗസൂചകമല്ലാത്ത വാക്കുകൾ രൂപപ്പെടുത്തുക വഴി ഭാഷയിലെ ആണാധിപത്യത്തെ തകർക്കുക എന്ന വസ്തുതയിലേക്ക് കവി വിരൽചൂണ്ടുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രാവ്, പകല് എന്നീ ദ്വന്ദ്വങ്ങൾക്കിടയിൽ സന്ധ്യയുള്ളതുപോലെ ആൺശരീരങ്ങൾക്കും പെൺശരീരങ്ങൾക്കും ഇടയിൽ നിരവധി ജീവിതങ്ങളുണ്ടെന്ന് 'രാവുംപകലും' എന്ന കവിതയിൽ വിജയരാജമല്ലിക ഓർമിപ്പിക്കുന്നു. രാവും പകലും മാത്രമല്ല, സന്ധ്യയുമുണ്ട്. സന്ധ്യയിൽ തന്നെ എത്രസന്ധ്യകൾ, മനുഷ്യരെപ്പോലെ എന്ന ചോദ്യമാണ് കവി മുന്നോട്ടുവെക്കുന്നത്. ആണിനും പെണ്ണിനും അപ്പുറത്തുള്ള നിരവധിയായ മനുഷ്യ ജീവിതങ്ങളുടെ അവകാശപോരാട്ടങ്ങളുടെ ജിഹ്വയായി രാവും പകലും എന്ന കവിത മാറുന്നു.

നിലനിൽക്കുന്ന വ്യവസ്ഥിതിയോടുള്ള നിരന്തരമായ കലഹത്തിലൂടെ അവയെ പൊളിച്ചെഴുതുന്നതിനു വേണ്ടിയുള്ള രാഷ്ട്രീയദൗത്യമാണ് ഈ കവിതകൾ ഏറ്റെടുക്കു ന്നത്. ആണധികാര വ്യവസ്ഥിതി കാലാകാലങ്ങളായി നിലനിർത്തിപ്പോരുന്ന ലിംഗ പരമായ ആധിപത്യത്തെയും ആൺകോയ്മയെയും അപനിർമിക്കുന്നതിനുവേണ്ടിയുള്ള സജീവശ്രമങ്ങൾ കവിതകളിലുടനീളം കാണാം. ആൺലോകത്തിന്റെ പരിമിതവലയത്തിൽ നിന്ന് വൈവിധ്യത്തിന്റെ തുറസുകളിലേക്ക് കവിത സഞ്ചരിക്കുന്നുവെന്നതിന്റെ മികച്ച മാതൃകയാണ് വിജയരാജമല്ലികയുടെ ഓരോ കവിതകയും. ആൺ/പെൺ ബൈനറികളെ സംബന്ധിക്കുന്ന മാമൂൽധാരണകളിൽനിന്ന് വിഭിന്നമായി ലിംഗപരമായ വൈവിധ്യത്തി ന്റെ രാഷ്ട്രീയം ഈ കവിതകൾ ഉയർത്തിപ്പിടിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. *വിജയരാജമല്ലിക, ദൈവത്തിന്റെ മകൾ, ചിന്താബുക്സ്, തിരുവനന്തപുരം, 2018.*
2. *വിജയരാജമല്ലിക, ആൺനദി, മൈത്രിബുക്സ്, പാലക്കാട്, 2019.*
3. *വിജയരാജമല്ലിക, പെണ്ണായവളുടെ കവിതകൾ, ബുക്കർ ബുക്സ്, 2021.*
4. *വേണുഗോപാലൻ,കെഎം (എഡിറ്റർ), കേരളം ലൈംഗികത ലിംഗനീതി, സൈൻ ബുക്സ്, തിരുവനന്തപുരം, 2006.*
5. *Bell Hooks, Feminist Theory: From Margin to Center, Pluto Press, London, 2000.*

# എഴുത്തച്ഛന്റെ ഭാഷ: സാമൂഹികഭാഷാശാസ്ത്രപാരായണം

**ഡോ. ശരത്ചന്ദ്രൻ**
മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളെജ്, തവനൂർ, മലപ്പുറം

**പ്രബന്ധസംഗ്രഹം**

ഭാഷയെ സമൂഹവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഭാഷാശാസ്ത്ര പഠനമാണ് സാമൂഹികഭാഷാശാസ്ത്രം. സാമൂഹികജീവിതത്തെക്കുറിച്ച് പഠിക്കുന്നതിനായി ഭാഷയെയും ഭാഷയെ പഠിക്കുന്നതിനായി സാമൂഹിക ജീവിതത്തെയും പ്രയോജനപ്പെടുത്തുന്നു. എഴുത്തച്ഛൻ കൃതികളെ സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പരികല്പനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. സാമൂഹികജീവിതത്തിന്റെ ഭാഗമായി ഭാഷയിൽ കടന്നുവരുന്ന വ്യതിരിക്തതകൾ അതാതു സമൂഹത്തിലെ സാഹിത്യകൃതികളിലും പ്രതിഫലിക്കുന്നു എന്ന പരികല്പനയെ മുൻനിർത്തി പ്രബന്ധം രൂപകല്പന ചെയ്തിരിക്കുന്നു. അതിലൂടെ എഴുത്തച്ഛന്റെ കാലഘട്ടത്തിലുള്ളതെന്ന് നാം മനസ്സിലാക്കുന്ന സമൂഹം എത്രത്തോളം ഒരു സാഹിത്യ സമൂഹമായി അദ്ദേഹത്തിന്റെ കൃതികളിൽ നിലനില്ക്കുന്നുവെന്ന് കണ്ടെത്താൻ ശ്രമിക്കുന്നു.

***താക്കോൽവാക്കുകൾ:*** ഭാഷാസ്വത്വം, ഭാഷാമനോഭാവം, ആചാരഭാഷ, ഇരട്ടമൊഴിത്തം, ഭാഷകസമൂഹം, ചരങ്ങൾ.

## ആമുഖം

കേരളീയസാംസ്കാരികജീവിതത്തിൽ വ്യത്യസ്ത നിലകളിലാണ് എഴുത്തച്ഛനെ ആദരിച്ചുപോരുന്നത്. അദ്ദേഹത്തിന്റെ ജനനം, ജീവിതം, കൃതികൾ എന്നിവയെക്കുറിച്ചൊന്നും വ്യക്തമായ ധാരണകളില്ല. ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള കേട്ടുകേൾവികളും കെട്ടുകഥകളുമാണ് പ്രചരിക്കുന്നത്. എന്നാൽ

എഴുത്തച്ഛൻ മലയാളഭാഷയുടെ പിതാവാണ് എന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. മലയാള ഭാഷകസമൂഹത്തിനാകമാനം സ്വീകാര്യവും ഹൃദ്യവുമായ കാവ്യഭാഷയുടെ ആദ്യപ്രയോക്താവ് എന്ന നിലയ്ക്കാണ് ഈ വിശേഷണം അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള തെന്നു വ്യക്തമാണ്. മലയാളദേശത്ത് മുൻപുണ്ടായിരുന്ന സാഹിത്യരീതികളെ സമ്മേളിപ്പിക്കുക വഴി പൊതുസ്വീകാര്യത നേടിയ ഒരു ഭാഷയും സാഹിത്യവും സൃഷ്ടിക്കാൻ എഴുത്തച്ഛനു കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രസക്തി. കിളിപ്പാട്ടുകളെക്കുറിച്ച് പഠിക്കുന്ന വേളയിൽ കെ. എൻ. എഴുത്തച്ഛൻ ഇതുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയിരിക്കുന്ന നിരീക്ഷണം ഇങ്ങനെയാണ്: 'സാഹിത്യം ഭാഷാപരവും വൃത്തപരവുമായി തമിഴിന്റെയും സംസ്കൃതത്തിന്റെയും ചേരുവകൾ വിട്ടു സ്വന്തമായ ഒരു പാത തെളിയിക്കുവാൻ മുമ്പേ തുടങ്ങിയിരുന്നു. ഈ പ്രവണതയെ എഴുത്തച്ഛൻ ശക്തിപ്പെടുത്തി. ആടുകയും ഉലയുകയും ചെയ്യുന്ന സമ്പ്രദായങ്ങളെ അദ്ദേഹം ഉറപ്പിച്ചു. സാഹിത്യ വ്യവസായത്തിനു ധൈര്യപൂർവ്വം മുന്നോട്ടു പോകാനുള്ള ചിലവഴികൾ വെട്ടിത്തെളിച്ചു'. ഇത്തരമൊരു നവോത്ഥാന പ്രവർത്തനത്തിലേക്ക് എഴുത്തച്ഛനെ നയിച്ചതിനുപിന്നിൽ അദ്ദേഹം ജീവിച്ച കാലവും സാമൂഹിക സാഹചര്യ ങ്ങളും നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

## എഴുത്തച്ഛന്റെ കാലത്തെ സാമൂഹികജീവിതം

ചാതുർവർണ്ണ്യത്തിലധിഷ്ഠിതമായ പ്രത്യയശാസ്ത്രം സാമൂഹികജീവിതക്രമത്തിൽ നിലനില്ക്കുകയും ബ്രാഹ്മണാധിപത്യം ജനങ്ങളുടെ ജീവിതത്തെ ഏറ്റവും ദുഷ്കരമാക്കുകയും ചെയ്ത ജീർണ്ണിച്ച കാലത്താണ് എഴുത്തച്ഛൻ തന്റെ സാഹിത്യ സങ്കല്പനങ്ങൾ വികസിപ്പിച്ചത്. കേരളം നാടുവാഴികളുടെ കീഴിൽ പലതട്ടുകളായി വിഭജിച്ച് അധികാര വടംവലികളും മത്സരങ്ങളുമായി കഴിഞ്ഞിരുന്ന അക്കാലത്ത് വിവിധ വിഭാഗങ്ങൾ തമ്മിലുള്ള അന്തരം വലുതായിക്കൊണ്ടിരുന്നു. ഉപരിവർഗ്ഗത്തിന്റെ സുഖലോലുപതയിലേക്ക് സാംസ്കാരിക ജീവിതം കൂപ്പുകുത്തി. മതങ്ങൾ കേവലം അനുഷ്ഠാനങ്ങളും ആചാരങ്ങളും എന്ന നിലയിലേക്ക് അധഃപതിച്ചു. അറിവും സാഹിത്യരചനകളും സംസ്കൃതകേന്ദ്രീകൃതവും വരേണ്യവർഗ്ഗത്തിനു മാത്രം പ്രാപ്യവുമായിരുന്നു. ജാതിചിന്തയും ഉച്ചനീചത്വങ്ങളും കൊണ്ട് ചിതറിക്കിടന്ന ഒരു സമൂഹവും, അവിടെ ഭോഗലാലസതയിൽ മുങ്ങിയ സമ്പന്നവർഗവും അജ്ഞതയിലാഴ്ത്തപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളും സൃഷ്ടിച്ച അന്തരവും ദുരിതങ്ങളും ചെറുതല്ലായിരുന്നു. ഇത്തരം ജീർണ്ണതകൾക്കെതിരെ സാമൂഹികമായ പുതിയൊരവബോധം കൈവരിച്ച പുത്തനുണർവ്വിന്റെ, ഭക്തിപ്രസ്ഥാനത്തിന്റെ, കാലം കൂടിയായിരുന്നു പതിനഞ്ചും പതിനാറും നൂറ്റാണ്ടുകൾ. ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നുകൊണ്ട് തന്റെ രചനകളിലൂടെ അദ്ധ്യാത്മിക ജ്ഞാനത്തെ സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുക വഴി അനീതിക്കും അധർമ്മത്തിനുമെതിരായ പോരാട്ടത്തിന്റെ ഭാഗമാകുകയായിരുന്നു എഴുത്തച്ഛൻ. 'സാധാരണജനങ്ങൾ അവരുടെ ഭാഷയും ജീവിതവും കൊണ്ട് അധീശശക്തികൾക്കെതിരെ നടത്തിയ കലാപമായിരുന്നു ഭക്തിപ്രസ്ഥാനം. അതുകൊണ്ട് ആ കലാപങ്ങളുടെ വാഗ്രൂപമായ സാഹിത്യരചനകൾ

ഓരോ പ്രദേശത്തും അവിടത്തെ സാധാരണജനങ്ങളുടെ ഭാഷയിലാണ് രൂപംകൊണ്ടത്. അതിന്റെ ഉണർവ് ആ കൃതികളുടെ ഘടനയിലും ഭാഷയിലും ഒരുപോലെ കാണാവുന്നതാണ്' എന്ന രാജശേഖരന്റെ നിരീക്ഷണം ഇവിടെ ചേർത്തു വായിക്കാം. മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ വക്താവെന്ന നിലയിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും എഴുത്തച്ഛൻ നൽകിയ സംഭാവനകളാണ് അദ്ദേഹത്തെ മലയാളഭാഷയുടെ പിതൃസ്ഥാനത്തിന് അർഹനാക്കിയത്.

## സാമൂഹിക ഭാഷാശാസ്ത്രം

സാമൂഹികബന്ധങ്ങളുടെ പ്രധാനപ്പെട്ട അടിത്തറയിലൊന്നാണ് ഭാഷ. വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് വ്യത്യസ്തമായ ഭാഷകളുള്ളതു പോലെ ഒരു ഭാഷതന്നെ വിവിധ മേഖലകളിൽ വൈവിധ്യത്തോടുകൂടി ഉപയോഗിക്കുന്നുമുണ്ട്. ഈ വൈവിധ്യം ഓരോ ജനതയുടെയും ജീവിതരീതികളിൽനിന്നും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളിൽ നിന്നും ഉരുത്തിരിയുന്നതാണ്. ഭാഷാവൈവിധ്യങ്ങളെ സമൂഹവുമായി ബന്ധിപ്പിച്ചു കൊണ്ടു പഠിക്കുന്ന ഭാഷാശാസ്ത്രശാഖയാണ് സാമൂഹിക ഭാഷാശാസ്ത്രം. 'സാമൂഹിക ഭാഷാശാസ്ത്രത്തെ ബഹുസ്വരതയുടെ പ്രത്യയശാസ്ത്രമായിട്ടാണ്' പി. എം. ഗിരീഷ് അവതരിപ്പിക്കുന്നത്. സാമൂഹികഭാഷാശാസ്ത്രത്തിന്റെ പ്രധാനലക്ഷ്യങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നു: 'സാമൂഹികവും ഭാഷാപരവുമായ ചരങ്ങൾ തമ്മിലുള്ള സഹബന്ധം പരിശോധിക്കുക, സാമൂഹികയാഥാർഥ്യത്തിൽ ഊന്നുന്ന ഭാഷാപഠനംനടത്തുക, ഭാഷാശാസ്ത്രത്തെ സാമൂഹികമായി ഉരുവപ്പെടുത്തുക എന്നിവയെല്ലാം സാമൂഹികഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളാണ്'.

ഭാഷസമൂഹവുമായി ബന്ധപ്പെട്ടു നില്ക്കുന്നു എന്നുപറയുമ്പോൾ സാമൂഹിക സന്ദർഭങ്ങളുടെ സഹായമില്ലാതെ ഭാഷയ്ക്ക് അസ്തിത്വമില്ല എന്നുകൂടിയാണ് മനസ്സിലാക്കേണ്ടത്. ഓരോ പ്രദേശത്തിന്റെയും സാമൂഹികവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളെ കണക്കിലെടുത്താണ് അതാതു പ്രദേശത്തിന്റെ ഭാഷയെക്കുറിച്ചു പഠിക്കേണ്ടതെന്ന് സാമൂഹികഭാഷാശാസ്ത്രം വ്യക്തമാക്കുന്നു. 'ഭാഷയുടെ പരമപ്രാധാന്യം കൊണ്ടുതന്നെ, അത് സമൂഹത്തിൽ, വിവിധതരത്തിൽ വ്യത്യസ്തരൂപങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. സമൂഹമില്ലാതെ ഭാഷയുണ്ടാകാത്തതു കൊണ്ടുതന്നെ സമൂഹത്തെ ഭാഷയിൽ നിന്നകറ്റിനിർത്തിക്കൊണ്ടുള്ള ഭാഷാപഠനവും സാധ്യമല്ല' എന്ന് ഉഷാ നമ്പൂതിരിപ്പാട് എഴുതുന്നു. സാമൂഹികജീവിതവുമായി മനുഷ്യനെ കണ്ണിചേർക്കുന്നതിൽ ഭാഷയ്ക്ക് വലിയ പങ്കാണുള്ളത്.

ഭാഷയും സമൂഹവും പരസ്പരപൂരകങ്ങളാണ്. അതുകൊണ്ടുതന്നെ ഭാഷയെ അടിസ്ഥാനമാക്കി സമൂഹത്തെയും സമൂഹത്തെ അടിസ്ഥാനമാക്കി ഭാഷയെയും പഠിക്കാൻ കഴിയും. സാമൂഹിക ജീവിതത്തിന്റെ ചലനങ്ങളെ സാമൂഹിക സന്ദർഭത്തെ അടിസ്ഥാനമാക്കി ഭാഷയിലൂടെ പഠിക്കുന്ന രീതിയാണ് സാമൂഹികഭാഷാശാസ്ത്രം പിന്തുടരുന്നത്. ഭാഷയും ഭൗതികസാഹചര്യങ്ങളും തമ്മിലുള്ള ബന്ധം ഭൗതികസാഹചര്യങ്ങളെ അവതരിപ്പിക്കുന്ന സാഹിത്യകൃതികളിലും ഉണ്ടാവും. 'ഭാഷാഘടനയും സമൂഹ

ഘടനയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഭാഷയുടെ സവിശേഷമായ ഉപയോഗമാണ് സാഹിത്യം. സമകാലീന സാമൂഹിക ജീവിതത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സാഹിത്യം പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ട് സാഹിത്യം ഒരേ സമയം സമൂഹ ഘടനയുമായും ഭാഷാഘടനയുമായും ബന്ധപ്പെട്ടുകിടക്കുന്ന മേഖലയാണ്' എന്ന് പി.എം. ഗിരീഷ് അഭിപ്രായപ്പെടുന്നുണ്ട്. ആധുനിക സാഹിത്യകൃതികളെസംബന്ധിച്ചിടത്തോളം ഇതു ശരിയാണ്. മലയാളത്തിലെ ആധുനിക സാഹിത്യത്തിൽ പ്രാദേശിക ഭാഷാഭേദങ്ങളും സാമുദായിക ഭാഷാഭേദങ്ങളും ഉൾക്കൊള്ളുന്നവ നിരവധിയുണ്ട്. എന്നാൽ ഇതിഹാസപുരാണങ്ങളുടെ പുനരാഖ്യാനങ്ങളിൽ സമൂഹത്തെ പ്രത്യക്ഷമായി ഉൾക്കൊള്ളുന്നില്ല എന്നും, അവ അതത് കാലഘട്ടത്തിലെ സാമൂഹികാവസ്ഥയോടുള്ള പ്രതികരണങ്ങളായതിനാൽ സൂക്ഷ്മമായും വിരളമായും ഉണ്ടാവാം എന്നും അദ്ദേഹം തുടർന്ന് അഭിപ്രായപ്പെടുന്നു. ഈയൊരു നിരീക്ഷണത്തെക്കൂടി മുന്നിൽ വെച്ചുകൊണ്ടാണ് എഴുത്തച്ഛന്റെ കൃതികളിലെ ഭാഷയെ സാമൂഹിക ഭാഷാ ശാസ്ത്രപരികല്പനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത്.

## പരികല്പനകളും ഭാഷാചരങ്ങളും

സാമൂഹികഭാഷാശാസ്ത്രത്തിൽ, ഭാഷകസമൂഹത്തിലെ പ്രത്യേകതകളെ ചരങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുവെപഠിക്കുന്നത്. ഇവ ഭാഷാചരങ്ങളെന്നും സാമൂഹിക ചരങ്ങളെന്നും അറിയപ്പെടുന്നു. ഭാഷയുമായും സാമൂഹിക ജീവിതവുമായും ബന്ധപ്പെട്ടു നില്ക്കുന്ന നിരവധി ഘടകങ്ങൾ ചരങ്ങളായി വരുന്നു. സാമൂഹിക ബന്ധങ്ങൾക്കനുസരിച്ച് ഭാഷാചരങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇവ തമ്മിലുള്ള വ്യതിരിക്തതകളുടെ വിശകലനത്തിലൂടെയാണ് നിഗമനങ്ങളിലെത്തിച്ചേരുന്നത്.

## ഭാഷാമനോഭാവവും ഭാഷാസ്വത്വവും

ഒരാൾക്ക് സ്വന്തംഭാഷയോടും ഇതരഭാഷകളോടുമുള്ള മനോഭാവത്തെയാണ് സാമൂഹിക ഭാഷാശാസ്ത്രം 'ഭാഷാ മനോഭാവം' എന്നതു കൊണ്ടർത്ഥമാക്കുന്നത്. ഭാഷയോടുള്ള വികാരമാണിത്. ചില ഭാഷകൾ ശ്രേഷ്ഠമാണെന്നും മറ്റുചില ഭാഷകൾ താഴ്ന്നതാണെന്നുമുള്ള മനോഭാവം ഇതിന്റെ പരിധിയിൽ വരുന്നതാണ്. എഴുത്തച്ഛൻ എഴുതിത്തുടങ്ങുന്ന കാലത്ത്, അതായത് ആര്യന്മാരുടെ മേല്ക്കോയ്മയുണ്ടായിരുന്ന കാലത്ത് സംസ്കൃതഭാഷയെ ദിവ്യമായും മഹത്തരമായും, പ്രാകൃതമുൾപ്പെടെയുള്ള മറ്റുഭാഷകളെ താഴ്ന്നതായും കരുതിയിരുന്നു. വേദേതിഹാസപുരാണങ്ങൾ എഴുതപ്പെട്ടിരുന്നതിനാലും, മന്ത്രങ്ങളുടെ ഭാഷയായിരുന്നതിനാലും സംസ്കൃതത്തെ ദൈവികമായും കരുതിയിരുന്നു. ശുദ്ധഭാഷയെന്നു കരുതി സംസ്കൃതത്തെ തങ്ങളുടെ ധർമസങ്കല്പ ത്തോടു ബന്ധപ്പെടുത്തിയാണ് ബ്രാഹ്മണർ കണ്ടിരുന്നത്. താഴ്ന്നജാതിയിലുള്ളവർ സംസ്കൃതം ഉപയോഗിച്ചാൽ അശുദ്ധമാകുമെന്നുള്ള വിശ്വാസവും അക്കാലത്തു ണ്ടായിരുന്നു. ബ്രാഹ്മണമേധാവിത്വത്തിന്റെ ഭാഗമായിരുന്ന ഈയൊരു ചിന്താധാരയെ ഭാഷയിലൂടെത്തന്നെ പ്രതിരോധിക്കാനായി എന്നതാണ് എഴുത്തച്ഛന്റെ കാവ്യഭാഷയുടെ മറ്റൊരു സവിശേഷത. സംസ്കൃതഭാഷയിലുള്ള ദൈവികകഥകൾ സാധാരണക്കാർക്കായി

സംസ്കൃതവും കേരളഭാഷയും കൂട്ടിച്ചേർത്ത് ആവിഷ്കരിക്കുകയാണ് എഴുത്തച്ഛൻ ചെയ്തത്. ഭാഷയിലൂടെ സാധാരണക്കാർക്കായി കോവിലു നിർമ്മിച്ചുകൊണ്ട് ആരാധനാ വിശ്വാസ സ്വാതന്ത്ര്യമായിരുന്നു എഴുത്തച്ഛൻ നേടിക്കൊടുത്തതെന്നു പറയാം. ഇത് സാധാരണക്കാരിൽ പുതിയൊരു ഭാഷാമനോഭാവം വളർത്തുന്നതിനിടയാക്കി. ഇങ്ങനെ ഒരു ഭാഷാമനോഭാവം വളർത്തിയെടുത്ത് പുതിയൊരു ഭാഷകസമൂഹത്തെ സൃഷ്ടിക്കുക കൂടി എഴുത്തച്ഛൻ ചെയ്തു.

ഭാഷാസ്വത്വം എന്നത് സാമൂഹികതയുമായി ബന്ധപ്പെട്ടാണ് നിലനില്ക്കുന്നത്. സംസ്കൃതപദങ്ങളെ ഭാഷാപ്രത്യയങ്ങൾ ചേർത്ത് മലയാളഭാഷയ്ക്ക് ഇണങ്ങുന്ന തരത്തിൽ ഭാഷയുടെ മാനകീകരണമാണ് എഴുത്തച്ഛൻ നടത്തിയിട്ടുള്ളത്. പുരാണങ്ങളും ഇതിഹാസങ്ങളും സംസ്കൃതത്തിലായിരിക്കുകയും; സംസ്കൃത ഭാഷ സാധാരണക്കാർക്ക് കൈകാര്യം ചെയ്യാൻ വശമല്ലാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം ഭക്തിയുടെയും ഭാഷയുടെയും പേരിലുള്ള ഉപരിവർഗ്ഗത്തിന്റെ ചൂഷണങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. അതിനെതിരെ ഭാഷയിലൂടെയും സാഹിത്യത്തിലൂടെയും പ്രതിരോധം തീർത്ത് ആര്യവല്ക്കരണത്തെ ചെറുക്കാൻ എഴുത്തച്ഛനു കഴിഞ്ഞു. അതായത് സാധാരണ ക്കാർക്കും സ്വയം വായിച്ചു മനസ്സിലാക്കാൻ പാകത്തിൽ ഈശ്വരകഥകൾ എഴുത്തച്ഛൻ രാമായണ ഭാരതങ്ങളിലൂടെ ആവിഷ്കരിച്ചു. 'വെളിച്ചത്തിനു വേണ്ടി ഉഴറിയിരുന്നവരോടെ ന്നപോലെ, സാംസ്കാരികമായ അപചയത്തിലേക്കു നീങ്ങിയിരുന്നവരോടും ഭക്തിയുടെ മാഹാത്മ്യമുപദേശിച്ച് അവർക്ക് വഴികാട്ടാനാണ് എഴുത്തച്ഛൻ ശ്രമിച്ചത്' എന്ന് രാജശേഖരൻ നിരീക്ഷിക്കുന്നു. അക്കാലത്തുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും ഭാഷാമനോഭാവങ്ങളെ കണക്കിലെടുത്താവണം എഴുത്തച്ഛൻ തന്റെ കാവ്യഭാഷയിലൂടെ പുതിയൊരു ഭാഷാ സ്വത്വത്തിന് രൂപം കൊടുത്തത്. സാധാരണക്കാർക്ക് അന്യമായിരുന്ന സംസ്കൃതഭാഷയിലുണ്ടായിരുന്ന അദ്ധ്യാത്മജ്ഞാനത്തെ മലയാളികളുടെ സ്വന്തം മാനസികാനുഭവമാക്കി മാറ്റുകയായിരുന്നു കിളിപ്പാട്ടുകളിലൂടെ എഴുത്തച്ഛൻ ചെയ്തത്. താൻ ജീവിച്ച കാലഘട്ടത്തിലെ സാമൂഹികജീവിതത്തിന്റെ ജീർണ്ണതയിൽനിന്നും സാധാര ണക്കാരെ കരകയറ്റി പുതിയൊരു സ്വത്വബോധം നല്കുകയാണു ചെയ്യുന്നതെന്ന് രാമായണത്തിലെ ഹനുമാന്റെ സംഭാഷണത്തിലൂടെ 'അകതളിരിലറിവു കുറയുന്നവർ ക്കേറ്റമുള്ള ജ്ഞാനമൊക്കെ നീക്കേണം ബുധജനം' എന്നിങ്ങനെ എഴുത്തച്ഛൻ സൂചിപ്പി ക്കുകയും ചെയ്യുന്നു.

## ബോധനമാധ്യമവും സ്വത്വവും

ഭാഷയും സ്വത്വവും തമ്മിലുള്ള ബന്ധമാണ് ബോധനമാധ്യമത്തിലൂടെ വ്യക്തമാകു ന്നത്. സ്വന്തം ഭാഷയെക്കുറിച്ചും സ്വത്വത്തെക്കുറിച്ചും അഭിമാനമുണ്ടാകുന്ന തരത്തിൽ, ഒരു ജനതയുടെ സംസ്കാരത്തിനും സ്വത്വബോധത്തിനും സാമൂഹികാന്തരീക്ഷത്തിനും ഇണങ്ങുന്ന വിധത്തിൽ ഭാഷയെ വികസിപ്പിച്ചെടുക്കാൻ എഴുത്തച്ഛനു കഴിഞ്ഞു. അതു കൊണ്ടു തന്നെയാണ് ഔപചാരിക വിദ്യാഭ്യാസം ലഭ്യമല്ലായിരുന്ന കേരളത്തിൽ ഭാഷാധ്യാ പനത്തിനുള്ള അടിസ്ഥാനയോഗ്യതയായി എഴുത്തച്ഛൻ കൃതിയുടെ പാരായണത്തെ

കണ്ടിരുന്നത് എന്നുവേണം മനസ്സിലാക്കാൻ. ഇതിലൂടെ എഴുത്തച്ഛൻ വികസിപ്പിച്ചെടുത്ത ഭാഷയും ബോധനമാധ്യമവും ഒന്നായതിന്റെ ചരിത്രമാണ് വ്യക്തമാകുന്നത്.

## സംബോധനാപദങ്ങൾ

ഭാഷയുടെ സാന്ദർഭിക വ്യതിയാനങ്ങളെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ ഏറെ പ്രധാനമാണ് സംബോധനാപദങ്ങളെക്കുറിച്ചുള്ള വിശകലനം. ഇവിടെഎഴുത്തച്ഛൻ എഴുതുന്നത് ജാത്യധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥ നിലനിന്നിരുന്ന കേരളീയാന്തരീക്ഷത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെ സാമൂഹിക ശ്രേണീകരണത്തിന് അനുസൃതമായിട്ടുള്ള ഭാഷാപ്രയോഗങ്ങൾ അദ്ദേഹത്തിന്റെ സാഹിത്യഭാഷയിലും ഉണ്ടാവും. അതിൽ പ്രധാനമാണ് സംബോധനയ്ക്കും ബന്ധസൂചനയ്ക്കും ഉപയോഗിച്ചിട്ടുള്ള പദങ്ങൾ. വ്യക്തികൾ തമ്മിൽ സംഭാഷണത്തിലേർപ്പെടുമ്പോൾ പരസ്പരം വിളിക്കാനുപയോഗിക്കുന്ന ഭാഷാരൂപങ്ങളാണ് സംബോധനാപദങ്ങൾ. വ്യക്തിയുടെ സ്ഥാനം, ബന്ധം, ചാർച്ച എന്നിവയെല്ലാം സംബോധനയിലൂടെ സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ വക്താവിന്റെ മാനസികാവസ്ഥ, സന്ദർഭം, സ്ഥലം, അധികാരബന്ധങ്ങൾ എന്നിങ്ങനെ നിരവധിഘടകങ്ങളെ സംബോധനകളിൽനിന്നും മനസ്സിലാക്കിയെടുക്കാൻ കഴിയുന്നു. ഏറ്റവും ലളിതമായി സംബോധനകളെക്കുറിച്ചു ചർച്ചചെയ്യാവുന്നത് സർവനാമങ്ങളെ മുൻനിർത്തിയാണ്. നീ, നിങ്ങൾ, താങ്കൾ എന്നിങ്ങനെയുള്ള മധ്യമപുരുഷ സർവനാമങ്ങൾ പരിശോധിക്കുമ്പോൾ 'നീ' എന്നുപയോഗിക്കുന്നതു പോലെയല്ല 'താങ്കൾ' എന്ന പദമുപയോഗിക്കുമ്പോൾ ലഭിക്കുന്ന അർത്ഥം. ഇവിടെ താങ്കൾ കുറച്ചുകൂടി ബഹുമാന സൂചകവും അന്തസ്സു കൂടിയതുമാണ്. ഇവയ്ക്കിടയിൽ പലനിലയിൽ ഉപയോഗിക്കാവുന്ന നിങ്ങൾ, താൻ, അങ്ങ്, അവിടുന്ന് എന്നിങ്ങനെ പലരൂപങ്ങളുമുണ്ട്. വ്യക്തികളുടെ ലിംഗവും പ്രായവും വിദ്യാഭ്യാസവും തുടങ്ങി ഓരോ സാമൂഹികാചാരത്തിനനുസരിച്ചും അവരുടെ സംബോധനാപദങ്ങളും വ്യത്യസ്തമായിരിക്കും. ഈ അടിസ്ഥാനധാരണ എഴുത്തച്ഛന്റെ ഭാഷയിലും പ്രകടമാണ്. സുന്ദരകാണ്ഡത്തിന്റെ പ്രാരംഭത്തിൽ ഹനുമാൻ ലങ്കയിലേക്കു ചാടാൻ തയ്യാറെടുക്കുന്ന വേളയിൽ കണ്ടുനില്ക്കുന്ന മറ്റുള്ളവരോടു പറയുന്ന കാര്യങ്ങളെല്ലാം 'നിങ്ങൾ' എന്ന സർവനാമമുപയോഗിച്ചാണ് എന്നു കാണാം.

*'കണ്ടു കൊൾവിൻ നിങ്ങളെങ്കിലെല്ലാവരും.*
*മമജനകസദൃശനഹമതിചപലമംബരേ*
*മാനേനപോകുന്നിതാശരേശാലയേ'* എന്നു തുടങ്ങി
*'നഹിഭയമുദധിസപദിതരിതും നിങ്ങൾ*
*കീശപ്രവരരേ! ഖേദിയായ്കേതുമേ.'*

എന്നവസാനിപ്പിക്കുമ്പോൾ ബഹുമാനസൂചകമായാണ് അഭിസംബോധന ചെയ്യുന്നതെന്നു കാണാം. തുടർന്ന് കടൽ ചാടിക്കടക്കുന്ന ഹനുമാന്റെ മാർഗ്ഗമധ്യേ വഴിതടയാനായി സുരസയെത്തുമ്പോഴാണ് മറ്റൊരു സംഭാഷണം നടക്കുന്നത്.

സുരസ: *'വിധിവിഹിതമശനമിതുനൂനമദ്യത്വയാ*
*വീരാ! വിശപ്പെനിക്കേറ്റമുണ്ടോർക്കനീ.*

*മമവദനകുഹരമതിൽ വിരവിനൊടുപൂകനീ*
*മറ്റൊന്നുമോർത്തുകാലംകളയായ്കെടോ!' (2012: 277)*

ഹനുമാൻ: *'ജനകനരപതിദുഹിതൃചരിതമഖിലം ദ്രുതം*
*ചെന്നുരഘുപതിയോടറിയിച്ചുഞാൻ*
*തവവദനകുഹരുമതിലപഗതഭയാകുലം*
*താൽപര്യമുൾക്കൊണ്ടുവന്നുപുക്കീടുവൻ.'*

ഇവിടെ ഹനുമാൻ ഇരയും സുരസ വേട്ടക്കാരൻ/കാരിയുമാണ് എന്നു വ്യക്തം. അതുകൊണ്ടുതന്നെ തന്റെ ഇരയോടു സംസാരിക്കുന്ന സുരസ 'നീ' എന്ന സർവനാമമുപയോഗിച്ച് തന്റെ കരുത്തും അധികാരവും വ്യക്തമാക്കാൻ ശ്രമിക്കുന്നു. ഇവിടെ മറ്റെന്തിനേക്കാൾ തന്റെ ലക്ഷ്യത്തിനു പ്രാധാന്യം കൊടുക്കുന്ന ഹനുമാൻ തന്റെ കരുത്തു തെളിയിക്കാൻ നില്ക്കാതെ ബഹുമാനത്തോടുകൂടിത്തന്നെ മറുപടി പറയുന്നതാണു കാണുന്നത്. അതിനായി എഴുത്തച്ഛൻ 'തവ' എന്നപദമാണ് ഉപയോഗിച്ചിരിക്കുന്നത്. അവിടെയും നിർത്താതെ ഹനുമാൻ തുടരുന്നു:

*'അനൃതമകതളിരിലൊരുപൊഴുതുമറിവീലഹ-*
*മാശുമാർഗ്ഗം ദേഹി ദേവി! നമോസ്തുതേ.'*

ഹനുമാൻ കൂടുതൽ വിനീതനായി, തന്റെ സമയം ഒട്ടുംതന്നെ പാഴാക്കാതെ യാത്ര തുടരുന്നതിനായി ബഹുമാനം നഷ്ടപ്പെടുത്താതെ സംസാരിക്കുന്നു. സമയവും സാഹചര്യങ്ങളുമാണ് ഇവിടെ ഹനുമാന്റെ ഭാഷയെ സൃഷ്ടിക്കുന്നതെന്നു കാണാം. മറിച്ചായിരുന്നെങ്കിൽ സുരസയെ വെല്ലുവിളിച്ച് കീഴ്പ്പെടുത്താൻ ഹനുമാനെ സംബന്ധിച്ചിടത്തോളം സാധ്യമാണ്. ഇവിടെ ഒരു യുദ്ധത്തിനു മുതിരാൻ ഹനുമാൻ തയ്യാറാവുന്നില്ല. അതുകൊണ്ടുതന്നെ തന്റെ ഭാഷയിലൂടെ ഭക്തിയും ബഹുമാനവും കൊണ്ടുവരാൻ നിരവധി സംജ്ഞാനാമങ്ങളും സർവ്വനാമങ്ങളും ഉപയോഗിക്കുന്നു.

*'ശൃണുസുമുഖി! സുരസുഖപരേ! സുരസേ! ശുഭേ!*
*ശുദ്ധേ! ഭുജംഗമാതാവേ! നമോസ്തുതേ!*
*ശരണമിഹചരണസരസിജയുഗളമേവതേ!*
*ശാന്തേ! ശരണ്യേ നമസ്തേ! നമോസ്തുതേ!'*

ഇത്രയുമായപ്പോൾ സുരസയ്ക്ക് ഹനുമാനിൽ അലിവുണ്ടാകുകയും യാത്ര തുടരാൻ അനുവാദം കൊടുക്കുകയും ചെയ്യുന്നു. ഇവിടെ ആദ്യമുപയോഗിച്ചതിൽനിന്നും കുറച്ചുകൂടി ഭേദപ്പെട്ട/ മാന്യമായ ഭാഷയാണ് ഉപയോഗിക്കുന്നത് എന്നുകാണാം.

*'വരിക തവ ജയമതിസുഖേനപോയ്ച്ചെന്നുനീ*
*വല്ലഭാവൃത്താന്തമുള്ളവണ്ണം മുദാ*
*രഘുപതിയോടഖിലമറിയിക്ക തൽ കോപേന*
*രക്ഷോഗണത്തെയുമൊക്കെയൊടുക്കണം.*
*അറിവതിനുതവബലവിവേകവേഗാദിക*
*ളാദിതേയന്മാരയച്ചുവന്നേനഹം.'*

മഹാഭാരതത്തിലും ഇതിനു സമാനമായി സംബോധനാപദങ്ങൾ ഉപയോഗിക്കുന്ന പല സന്ദർഭങ്ങളുണ്ട്. അവയിലൊന്ന് പാണ്ഡവപക്ഷവും കൗരവപക്ഷവും പരസ്പരം പഴിചാരിക്കൊണ്ടു സംസാരിക്കുന്ന ഒരു ഭാഗമാണ്.

*'നീയല്ലോ പറഞ്ഞത്? നിയല്ലേ പറഞ്ഞത്?*
*നീയടങ്ങീടങ്ങ്; നീയടങ്ങീടങ്ങ്;*
*നീ പിടിയാതവൻ; നീ പിടിയാതവൻ*
*നീ പറഞ്ഞാലെന്ത്? നീ പറഞ്ഞാലെന്ത്?*
*നിങ്ങളെ ഞങ്ങളറിയുമടങ്ങുക;*
*നിങ്ങളെ ഞങ്ങളുമങ്ങനെയല്ലയോ?'*

നിങ്ങൾ എന്ന പദം ബഹുമാനസൂചകമായി വടക്കൻ കേരളത്തിലും മറ്റും ഇന്നും ഉപയോഗിക്കാറുണ്ട്. നീ എന്ന പദം ഉപയോഗിച്ചുകൊണ്ട് ദൈവത്തെപ്പോലുള്ള; നിർമമമായ സത്തയെ ഉൾക്കൊണ്ടുള്ള വിളിയും സാധാരണമാണ്. ഇത്തരത്തിൽ അധികാരത്തിന്റെയും ആശയൈക്യത്തിന്റേതുമായ പലതലങ്ങൾകൂടി എഴുത്തച്ഛന്റെ സംബോധനാപദങ്ങളിലൂടെ കാണാം.

## ബന്ധസൂചകപദങ്ങൾ

ബന്ധസൂചകപദങ്ങൾ ഉപയോഗിച്ച് ബന്ധുക്കളല്ലാത്തവരെയും കുറിക്കാം. ഇവിടെയാണ് ഭാഷകസന്ദർഭത്തിന്റെ പ്രസക്തി വരുന്നത്. അച്ഛനോളം പ്രായമുള്ള വ്യക്തിയെ അച്ഛൻ എന്നും അമ്മയോളം പ്രായമുള്ള സ്ത്രീയെ അമ്മയെന്നും വിളിക്കുന്നത് ഇതിനുദാഹരണമാണ്. ഇത്തരത്തിൽ യഥാക്രമം വിളിക്കുന്ന പദങ്ങളാണ് അപ്പൂപ്പൻ, അമ്മൂമ്മ എന്നിവയും. ഇന്ന് ഭാഷയിൽ സാധാരണയായി ഉപയോഗിക്കുന്ന നിരവധി ബന്ധസൂചകപദങ്ങളുണ്ട്. അളിയൻ, ചേച്ചി, ചേട്ടൻ എന്നിവ ചില ഉദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള പദങ്ങളെ സാമൂഹികഭാഷാശാസ്ത്രം കാല്പനിക ബന്ധസൂചകപദങ്ങളെന്നു പറയുന്നു. വർദ്ധിച്ചുവരുന്ന സാമൂഹികബന്ധങ്ങൾ ബന്ധുക്കളല്ലാത്തവരെയും ബന്ധുക്കളാക്കുന്നുവെന്നതിനുള്ള ഉദാഹരണങ്ങളായാണ് ഇവയെ ഉഷാ നമ്പൂതിരിപ്പാട് അടയാളപ്പെടുത്തുന്നത്. സുന്ദരകാണ്ഡത്തിൽ ഹനുമാന്റെ ഭാഷയിൽ ഇത്തരം ബന്ധസൂചകപദങ്ങൾ കടന്നുവരുന്നതുകാണാം. മുൻപു സൂചിപ്പിച്ച സുരസയുമായുള്ള സംഭാഷണത്തിൽ മാതാവേ എന്നുവിളിക്കുന്നുണ്ട് ഹനുമാൻ. ഇത് സമയവും സന്ദർഭവും സാമൂഹികചരങ്ങളായി വന്നതിന്റെ ഫലമായാണെന്നും വ്യക്തമാണ്. തുടർന്ന് സീതയുമായുള്ള സംഭാഷണങ്ങളിൽ പലയിടങ്ങളിലും ഹനുമാൻ സീതയെ മാതാവേ എന്നുവിളിച്ചാണ് സംബോധന ചെയ്യുന്നത്.

*'തവസചിവനഹമിഹതഥാവിധനല്ലഹോ!*
*ദാസോസ്മികോസലേന്ദ്രസ്യരാമസ്യഞാൻ.......*
*.......... കപടമൊരുവരൊടുമൊരുപൊഴുതുമറിയുന്നില*
*കർമ്മണാവാചാമനസാപിമാതാവേ!'*

സീതയെ ശിംശപാവൃക്ഷത്തിനു കീഴിൽവെച്ചു കാണുമ്പോൾ ഹനുമാൻ സംസാരിക്കുന്ന വരികളാണിവ. സീതയോടുള്ള ഭക്തിയും ബഹുമാനവും ഏറ്റവും തീവ്രമായി പ്രകടിപ്പിക്കുന്നതിനു വേണ്ടിയാണ് ഇവിടെ മാതാവേ എന്നു ഹനുമാൻ വിളിക്കുന്നത്. എന്നാൽ ഇതേ ഹനുമാൻ രാവണനോടു സംസാരിക്കുന്ന ഭാഷയും ശൈലിയും വ്യത്യസ്തമാണ് എന്നും തുടർന്നു കാണാം.

*'സ്ഫുടവചനമതിവിശദമിതിശൃണുജളപ്രഭോ!*
*പൂജ്യനാംരാമദൂതൻ ഞാനറികനീ.'*

തുടർന്ന് രാമനെ സ്തുതിക്കുകയും ശേഷം രാവണനോടായി തുടരുന്നു:

*'നിജജനകവചനമതു സത്യമാക്കീടുവാൻ*
*നിർമ്മലൻ കാനനത്തിന്നുപുറപ്പെട്ടു*
*ജനകജയുമവരജനുമായ്മരുവുന്ന നാൾ*
*ചെന്നു നീ ജാനകിയെക്കട്ടുകൊണ്ടിലേ?'*

ഇവിടെ ഹനുമാൻ രാഷസരാജാവായ രാവണനെ നീ എന്ന സർവനാമമുപയോഗിച്ചാണ് സംബോധനചെയ്യുന്നത്. അതിൽ രാവണനോടുള്ള ദേഷ്യവും പകയും ഒപ്പം അയാളുടെ അഹങ്കാരത്തിനുള്ള മറുപടി സൂചനയുമെല്ലാം ചേർത്തുകൊണ്ടാണ് സംസാരിക്കുന്നത്. തുടർന്നുള്ള സംസാരത്തിലുടനീളം രാവണൻ ചെയ്ത അപരാധത്തെക്കുറിച്ചുള്ള സൂചന നല്കിക്കൊണ്ട് രാമന്റെ ദൂതനായിനിന്ന് രാമന്റെ ശബ്ദത്തിൽ സംസാരിക്കാനാണ് ഹനുമാൻ ശ്രമിക്കുന്നത്.

*'ദശവദന! സമരഭുവിദേഹരക്ഷാർത്ഥമായ് ........*
*............ ദേഹികൾക്കേറ്റംപ്രിയംദേഹമോർക്കനീ.'*

*'ത്യജമനസിദശവദന! രാക്ഷസീംബുദ്ധിയെ*
*ദൈവീംഗതിയെസ്സമാശ്രയിച്ചീടുനീ......*
*.......കളകതവഹൃദിസപദിതത്ത്വബോധേനനീ ......*
*.........ദേഹാത്മബുദ്ധിയെസംത്യജിച്ചീടുനീ'*

എന്നിങ്ങനെ നീളുന്ന ഹനുമാന്റെ ഹിതോപദേശഭാഷ അതുവരെയുള്ള ഭാഷാപ്രയോഗത്തിൽനിന്നും വ്യതിരിക്തമാണെന്നു കാണാം. ഇവിടെ സന്ദർഭവും സാഹചര്യങ്ങളും നിർണ്ണായകമാകുന്നു. തുടർന്നും രാവണനെ 'നീ' എന്നുതന്നെ സംബോധന ചെയ്തുകൊണ്ടു തുടരുന്ന ഹനുമാൻ തന്റെ സംസാരത്തിലുടനീളം രാവണനുമേൽ ആധിപത്യം സ്ഥാപിക്കാൻ ഭാഷയിലൂടെ ശ്രമിക്കുന്നതു വ്യക്തമാണ്. ഇതിലുടനീളം ഹനുമാൻ തന്റെ വീര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇത്രയും വീരനായ ഹനുമാനാണ് സീതയോടു സംസാരിക്കുമ്പോൾ ഏറ്റവും വിനീതനാകുന്നതെന്നതും ശ്രദ്ധിക്കേണ്ടതാണ്. സാമൂഹിക സാഹചര്യങ്ങൾ ഭാഷയിൽ ഇടപെടുന്നതിന്റെ മികച്ച ഉദാഹരണങ്ങളാണിവ.

## ആചാരഭാഷ

ആചാരഭാഷ എന്നപേരിൽ ഫ്യൂഡൽ കാലഘട്ടത്തിൽ കേരളത്തിലെങ്ങും നിലനിന്നിരുന്ന ഭാഷാരീതി പരിമിതമായിട്ടാണെങ്കിലും എഴുത്തച്ഛന്റെ ഭാഷയിലും കാണാം. 'പ്രഭുത്വത്തിനോടും അധികാരത്തിനോടും അതിയായ ആദരം കാണിക്കുന്നതിനൊപ്പം, വക്താവിന്റെ ആശ്രിതഭാവം വ്യക്തമാക്കാനായിരുന്നു ഈ ഭാഷ ഉപയോഗിച്ചിരുന്നത്' എന്ന് ഉഷാ നമ്പൂതിരിപ്പാട് അഭിപ്രായപ്പെടുന്നു. ആചാരഭാഷയിൽ വിനയസൂചകപദങ്ങളും ആദരസൂചകപദങ്ങളും കടന്നുവരുന്നുണ്ട്. ആചാരഭാഷാപദങ്ങളായി എഴുത്തച്ഛൻ ഉപയോഗിക്കുന്ന വാക്കുകളെ കേരളത്തിലെ ആചാരഭാഷയെക്കുറിച്ചു പഠിക്കുന്ന സന്ദർഭത്തിൽ പി. എം. ഗിരീഷ് സൂചിപ്പിക്കുന്നുണ്ട്. അവ: അരുളിചെയ്ക, തിരുവുള്ളം, തിരുവടി, അവതരിക്കുക, തിരുനാമം, എഴുന്നള്ളുക, തൃക്കൈ, പള്ളിവിരൽ, തിരുമുമ്പ്, പള്ളിവിൽ എന്നിവയാണ്. ഇത്തരം ആചാരഭാഷാപദങ്ങൾക്കു പുറമേ ഭാഷയിലൂടെയുള്ള വിധേയത്വവും ആധിപത്യവും കഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. മുൻപു സൂചിപ്പിച്ച ഹനുമാന്റെ സീതയോടുള്ള സംഭാഷണത്തിൽ വിധേയത്വം വ്യക്തമാണ്. മറ്റൊരവസരത്തിൽ ഹനുമാൻ രാമനോടു പറയുന്നു:

*'സ്വാമിൻ! പ്രഭോ! നിന്തിരുവടിതന്നുടെ*
*നാമവുംചാരുചരിത്രവുമുള്ളനാൾ*
*ഭൂമിയിൽ വാഴാനനുഗ്രഹിച്ചീടണം'*

സീതയുമായി തിരികെ കൊട്ടാരത്തിലെത്തിയ രാമൻ ഹനുമാനോട് എന്തുവരമാണ് തന്നെ സഹായിച്ചതിനു പകരമായി വേണ്ടത് എന്നു ചോദിച്ചതിനു മറുപടിയായി ഹനുമാൻ പറയുന്ന വാക്കുകളിൽ അവർ തമ്മിലുള്ള അധികാര അധീശത്വശ്രേണിയെക്കുറിച്ചും ഹനുമാന്റെ ആശ്രിതഭാവത്തെക്കുറിച്ചുമെല്ലാം വ്യക്തമാക്കിത്തരാൻ എഴുത്തച്ഛന്റെ ഭാഷയിലൂടെ സാധിക്കുന്നു. ആചാരഭാഷയ്ക്ക് ഉദാഹരണമായി മഹാഭാരതം സ്ത്രീപർവ്വത്തിൽ നിന്നുള്ള ചില വരികൾകൂടി ചുവടെ ചേർക്കുന്നു:

*'ഭീമനതല്ലോ തിരുമുമ്പി'ലെന്നവ*
*രാമോദമോടടുപ്പിച്ചാ, രതുനേരം*

രാജാവിനുമുമ്പിൽ എന്നുപയോഗിക്കേണ്ടിടത്താണ് തിരുമുമ്പിൽ എന്ന ആചാരഭാഷ പ്രയോഗിച്ചിരിക്കുന്നത്. ഇതിലൂടെ രാജാവിനോടുള്ള ബഹുമാനവും വക്താവിന്റെ വിധേയത്വവുമാണ് സൂചിപ്പിക്കുന്നത്.

## ഉയർന്നഭാഷ-താഴ്ന്നഭാഷ

മാനകഭാഷയുമായി ബന്ധപ്പെട്ടഭാഷയുടെ വ്യത്യസ്തപദവിയെ സൂചിപ്പിക്കുന്ന സങ്കല്പമാണ് ഡെഗ്ലോസിയ അഥവാ ഇരട്ടമൊഴി. ചില സമൂഹങ്ങളിലുള്ള രണ്ടു തരത്തിലുള്ള ഭാഷാരീതിയെ സൂചിപ്പിക്കാനാണിത് ഉപയോഗിക്കുന്നത്. ഉയർന്നഭാഷ, താഴ്ന്ന ഭാഷ എന്നിങ്ങനെ ഒരുഭാഷയ്ക്കുള്ളിൽത്തന്നെയുള്ള ഭാഷാവ്യതിരിക്തതയാണിത്. സാമൂഹിക സ്വത്വവുമായാണിത് ബന്ധപ്പെട്ടു നില്ക്കുന്നത്. പലഭാഷകളിലും

ഔപചാരികം, അനൗപചാരികം എന്നിങ്ങനെയാവും ഭാഷാഭേദങ്ങളെ പരിഗണിക്കുന്നത്. ഉയർന്ന അല്ലെങ്കിൽ ഔപചാരികഭാഷ ഉപയോഗിക്കുന്നത് അഭിമാനസൂചകമായി കരുതുകയും താഴ്ന്നഭാഷ സാധാരണയുള്ള ദൈനംദിനഭാഷണങ്ങളിൽ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു. അറബി, ഗ്രീക്ക്, തമിഴ് എന്നീ ഭാഷകളിൽ ഈ ഇരട്ടമൊഴിത്തം വ്യക്തമാണ്. എന്നാൽ മലയാളവും ഭാഗികമായി ഇരട്ടമൊഴിത്തമുള്ള ഭാഷയാണെന്നുപറയാം. സാഹിത്യഭാഷയെന്നോ സംസാരഭാഷയെന്നോ വിളിച്ച് ഇതിനെ വേർതിരിക്കുകയും ചെയ്യാം. കാരണം സാഹിത്യത്തിൽ ഉപയോഗിക്കുന്ന പല പദങ്ങളും പ്രയോഗങ്ങളും നാം നിത്യജീവിതത്തിൽ ഉപയോഗിക്കാറില്ല. അല്ലെങ്കിൽ നിത്യജീവിത ത്തിലെ പല പദങ്ങൾക്കും സാഹിതീയത കല്പിച്ചു നല്കാറുമില്ല. എന്നാൽ ഇത്തരത്തി ലുള്ള ഉയർന്ന, താഴ്ന്ന ഭാഷാവ്യതിരിക്തത എഴുത്തച്ഛന്റെ കൃതികളിൽ ഉപയോഗിച്ചിരുന്നു എന്നുകാണാം. മഹാഭാരതത്തിലെ സ്ത്രീപർവ്വത്തിൽ നിന്നുള്ള ചില ഉദാഹരണങ്ങളാണ് ചുവടെ ചേർക്കുന്നത്. മഹാഭാരതം ആരംഭത്തിൽ, അതായത് പൗലോമം എന്ന ഖണ്ഡത്തിൽ എഴുത്തച്ഛൻ കിളിയെക്കൊണ്ടു പാടിക്കുന്നത് ഇങ്ങനെയാണ്:

'ശ്രീമയമായരൂപം തേടും പൈങ്കിളിപ്പെണ്ണേ!

സീമയില്ലാത സുഖം നല്കണമെനിക്കുനീ' സ്ത്രീപർവ്വത്തിലെത്തുമ്പോൾ എഴുത്തച്ഛൻ തന്റെ പൈങ്കിളിയെ വിളിക്കുന്നത്:

*'നൽത്തേൻമൊഴിതവതത്തേ! ദിനമനു*
*ചിത്തേസുഖമരുളുകസരസേ! എന്നുമാണ്.*
*'മറ്റുസുഭദ്രയുമുത്തരയുംകര*
*ഞ്ഞുറ്റവരാകിയനാരീജനങ്ങളും'*
*'ഭാഗ്യമില്ലാതെപെണ്ണുങ്ങളിൽമുമ്പെനി*
*ക്കാക്കിച്ചമച്ചിതു ദൈവംവിധിവശാൽ?'*
*'കൂന്തലുംകെട്ടിനടന്നുതുടങ്ങിനാർ*
*ഗാന്ധാരികുന്തിസുഭദ്രപാഞ്ചാലിയും.*
*ഉറ്റവരായിട്ടുമറ്റുള്ളനാരിമാർ.'*

ഇവിടെ സ്ത്രീകളെ സൂചിപ്പിക്കാൻ നാരി എന്നപദവും പെണ്ണുങ്ങൾ എന്ന പദവും എഴുത്തച്ഛൻ മാറിമാറി ഉപയോഗിച്ചിരിക്കുന്നു. സാമൂഹികസന്ദർഭത്തിനുകൂടി ഇവിടെ പ്രാധാന്യമുണ്ടെന്നുള്ള കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഭാഗ്യംകെട്ടവരെക്കുറിച്ചു പറയുമ്പോ ഴാണ് പെണ്ണുങ്ങൾ എന്ന പദം സ്വീകരിച്ചിട്ടുള്ളത്. മറ്റൊരിടത്ത്;

*'പത്തുമൊരെട്ടുദിവസവും മുട്ടാതെ*
*യുദ്ധങ്ങൾ ചെയ്തുമരിച്ചുകിടക്കുന്ന'*
*'ചത്തുചത്തൊക്കെമലച്ചുകിടക്കുന്ന*
*ഹസ്തിവരന്മാരുമശ്വഗണങ്ങളും'*
*'രക്തത്തിൽ വീണിഴയും കൊടിക്കൂറയും*
*ഛത്രങ്ങൾ ചാമരംതാലവൃന്താദിയും'*

*'പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ?'* എന്നിങ്ങനെയാണ്.

പൈങ്കിളിപ്പെണ്ണ്, തത്ത, മരിച്ചു ചത്തു, രക്തം ചോര, പറഞ്ഞു, ചൊന്നതു, മാതാവ് അമ്മ എന്നിങ്ങനെയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഈയൊരുഭാഗത്തുനിന്നും കണ്ടെടുക്കാൻ സാധിക്കും.

## ഭാഷയും ശരീരവും

ഭാഷയും ശരീരസ്വത്വവും തമ്മിലുള്ള ബന്ധത്തെ സാമൂഹികഭാഷാശാസ്ത്രം പ്രധാനമായി പരിഗണിക്കുന്നു. 'സ്വത്വബോധത്തിനും സാമൂഹികമായ വ്യതിരിക്തതയ്ക്കും ശരീരം ഒരു പ്രധാന നിദാനമാണ്. തികച്ചും നിഷ്ക്രിയമായൊരു പ്രതിഭാസമല്ല ശരീരം. സമൂഹത്തിൽ, പ്രതീകാത്മകമായ പലതും നിർമ്മിച്ചെടുക്കുവാൻ ശരീരത്തിന് കഴിയുന്നു എന്ന് പി.എം.ഗിരീഷ് സൂചിപ്പിക്കുന്നു. എന്നാൽ എഴുത്തച്ഛന്റെ കൃതികളിലെ ശരീരങ്ങൾ സാമൂഹിക ജീവിതത്തിൽ നിന്നുള്ളതല്ല, മറിച്ച് ഇതിഹാസ പുരാണങ്ങളിൽ നിന്നുള്ളതാണെന്നു നമുക്കറിയാം. മൂലകൃതിയിൽ കേവലം മനുഷ്യനായിരുന്ന രാമനെ ദൈവപുരുഷനായി/അവതാരമായി അവതരിപ്പിക്കുകയാണു എഴുത്തച്ഛൻ ചെയ്തത്. മഹാഭാരതത്തിലെത്തുമ്പോഴും മൂലകൃതിയിൽനിന്നും ഭിന്നമായി കൃഷ്ണനു പ്രാധാന്യം കൊടുത്തുകൊണ്ട് എഴുത്തച്ഛൻ ഭക്തിയെ മുന്നിട്ടുനിർത്തുന്നു. ഈ രണ്ടുകാവ്യങ്ങളിലെയും പ്രധാന ശരീരങ്ങളിലൂടെ എഴുത്തച്ഛൻ ഭക്തിയുടെ ഭാഷയാണു വിനിമയം ചെയ്യുന്നതെന്നു വ്യക്തമാണ്.

## ഉപസംഹാരം

സാമൂഹികജീവിതത്തിന്റെ ഭാഗമായി ഭാഷയിൽ പ്രത്യക്ഷപ്പെടുന്ന വ്യതിരിക്തതകൾ അതാതു സമൂഹത്തിലെ സാഹിത്യകൃതികളിലും പ്രതിഫലിക്കുന്നു എന്ന പരികല്പനയെ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നീ കൃതികളെ സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചു വിശകലനം ചെയ്യാനാണ് പ്രബന്ധത്തിലൂടെ ശ്രമിച്ചത്. എഴുത്തച്ഛൻ ജീവിച്ച കാലഘട്ട ത്തിലുള്ളതെന്ന് ഇന്നു നാം മനസ്സിലാക്കുന്ന സാമൂഹിക സാഹചര്യങ്ങളുടെ പ്രതിഫലന ങ്ങൾ എത്രത്തോളം ഒരു സാഹിത്യസമൂഹമായി അദ്ദേഹത്തിന്റെ കൃതികളിൽ നിലനില്ക്കുന്നു എന്നു കണ്ടെത്താനുള്ള ശ്രമവും ഇതിന്റെ ഭാഗമാണ്. വിശകലനത്തിലൂടെ കണ്ടെത്തിയ പ്രധാന ഉപദർശനങ്ങളെ ചുവടെ ക്രോഡീകരിക്കുന്നു.

1. കഥാപാത്രങ്ങളുടെ സംസാരഭാഷയിലൂടെയും കാവ്യഭാഷയിലൂടെയും മലയാള ഭാഷയ്ക്ക് ഇണങ്ങുന്ന തരത്തിലുള്ള മാനകീകരണം നടത്തുകവഴി വലിയൊരു വിഭാഗം ജനങ്ങൾക്ക് പുതിയൊരു ഭാഷാസ്വത്വം നല്കുകയാണ് എഴുത്തച്ഛൻ ചെയ്തത്. എഴുത്തച്ഛന്റെ ഭാഷയിലുടനീളമുള്ള ഭക്തി അദ്ദേഹംവിഭാവനം ചെയ്യുന്ന ലോകബോധത്തിന്റെ സൂചനയും എഴുത്തച്ഛന്റെ ജീവിത ബോധ്യങ്ങളുമാണെന്നു കാണാം. ഒരു സ്വനിമഭേദം പോലും ഒരാളുടെ സ്വത്വത്തെ

വെളിപ്പെടുത്താൻ പര്യാപ്തമാണ്. എഴുത്തച്ഛന്റെ ഭാഷയിലൂടെ അദ്ദേഹത്തിന്റെ സ്വത്വത്തെക്കുറിച്ചും കാലഘട്ടത്തിന്റെ സാമൂഹികാവസ്ഥകളെക്കുറിച്ചും മനസ്സിലാക്കാം.

2. എഴുത്തച്ഛൻ എഴുതിയത് ചാതുർവർണ്യത്തിലധിഷ്ഠിതമായ ഒരു സാമൂഹിക വ്യവസ്ഥ നിലനിന്നിരുന്ന പശ്ചാത്തലത്തിലാണ്. അതിനനുസൃതമായിട്ടുള്ള ഭാഷാപ്രയോഗങ്ങൾതന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യഭാഷയിലുമുള്ള തെന്ന് സംബോധനാപദങ്ങളും ബന്ധസൂചകപദങ്ങളും പരിശോധിച്ചതിൽ നിന്നു വ്യക്തമാണ്.

3. എഴുത്തച്ഛന്റെ ഭാഷയിലുടനീളം ആചാരഭാഷാപദങ്ങളും അധികാര വിധേയത്വ സൂചനകളും സാമൂഹിക ശ്രേണീകരണത്തിന് അനുസൃതമായ പ്രയോഗങ്ങളും കാണാൻ സാധിക്കും.

4. സാമൂഹികഭാഷാശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന ഇരട്ടമൊഴിത്തം എന്ന പരികല്പനയെ മുൻനിർത്തി ഭാഷയെ പരിശോധിക്കുമ്പോഴും, ഈ വൈരുധ്യത്തെ ദർശിക്കുന്ന തരത്തിലുള്ള പ്രയോഗങ്ങൾ കാണാം.

5. എഴുത്തച്ഛൻ അവതരിപ്പിച്ച കഥാപാത്രങ്ങളുടെ സ്വത്വത്തിൽനിന്നും ഭാഷയിൽ നിന്നും അദ്ദേഹം വിനിമയം ചെയ്യാൻ ശ്രമിച്ച ഭക്തിയെ ദർശിക്കാനാകുന്നു. ചുരുക്കത്തിൽ സാധാരണജനതയുടെ സാമൂഹികാന്തരീക്ഷത്തിനും സംസ്കാരത്തിനും സ്വത്വബോധത്തിനും ഇണങ്ങുന്ന തരത്തിൽ ഭാഷയെ വികസിപ്പിച്ചെടുക്കുകയായിരുന്നു എഴുത്തച്ഛൻ തന്റെ കൃതികളിലൂടെ ചെയ്തത് എന്നു പറയാം.

## സഹായകഗ്രന്ഥ/ലേഖനസൂചി

1. *ഉഷാനമ്പൂതിരിപ്പാട്. ഡോ., സാമൂഹികഭാഷാവിജ്ഞാനം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം, 1994.*
2. *ഉണ്ണിക്കൃഷ്ണൻനായർ, അമ്പലത്തറ. പ്രൊഫ., 'ഭാഷാപരിണാമത്തിൽ എഴുത്തച്ഛൻ', സമ്പൂർണ്ണമലയാളസാഹിത്യചരിത്രം. പ്രൊഫ. പന്മനരാമചന്ദ്രൻനായർ(എഡി.). കറന്റ്ബുക്സ്, കോട്ടയം, 2014.*
3. *എഴുത്തച്ഛൻ, കെ. എൻ, 'കിളിപ്പാട്ട്', സാഹിത്യചരിത്രംപ്രസ്ഥാനങ്ങളിലൂടെ, കെ. എം. ജോർജ് (എഡി.). നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2013.*
4. *എഴുത്തച്ഛൻ, തുഞ്ചത്ത്, അദ്ധ്യാത്മരാമായണം, മനോരമബുക്സ്, കോട്ടയം, 2012.*
5. *കുറുപ്പ്, ഒ. എൻ. വി., എഴുത്തച്ഛൻ, കേരളസർവകലാശാല, തിരുവനന്തപുരം, 1993.*
6. *കൃഷ്ണപിള്ള, എൻ., കൈരളിയുടെകഥ, ഡി. സി. ബുക്സ്, കോട്ടയം, 2002.*
7. *ഗിരീഷ്, പി. എം., കേരളത്തിലെ ആചാരഭാഷ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം, 1998.*
8. *ഗോവിന്ദപ്പിള്ള പി., മലയാളഭാഷാചരിത്രം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2017.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

9. ജോർജ്, സി. ജെ., വാക്കിന്റെ സാമൂഹികശാസ്ത്രം. കറന്റ് ബുക്സ്, തൃശൂർ, 2013.
10. പരമേശ്വരയ്യർ, ഉള്ളൂർ, കേരളസാഹിത്യചരിത്രം, രണ്ടാംഭാഗം, കേരളസർവകലാശാല, തിരുവനന്തപുരം, 1970.
11. രാമചന്ദ്രൻ നായർ, പന്മന. പ്രൊഫ. (എഡി.), തുഞ്ചൻപഠനങ്ങൾ. കറന്റ് ബുക്സ്, കോട്ടയം, 2012.
12. ലീലാവതി, എം., മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യഅക്കാദമി. തൃശൂർ, 2015.
13. വിജയപ്പൻ, പി. എം. ഡോ. (സംശോധിതസംസ്കരണം), തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം. കറന്റ് ബുക്സ്, തൃശൂർ, 1998.
14. ശരത്ചന്ദ്രൻ, 'കീഴാളഭാഷ മലയാളസാഹിത്യത്തിൽ: സാമൂഹികഭാഷാശാസ്ത്ര സമീപനം'. കീഴാളപഠനങ്ങൾ. എസ്. ബി. അക്കാദമിക്റിവ്യൂ. ഡോ. പി. ആന്റണി & ഡോ. ജോസഫ്സ്കറിയ (ഇഷ്യൂഎഡിറ്റർമാർ) വാല്യം23. നമ്പർ 1, ഗവേഷണ വിഭാഗം എസ്. ബി. കോളെജ്, ചങ്ങനാശ്ശേരി, 2016.
15. Florian Coulmas(Ed.),The Handbook of Sociolinguistics. Black Well Publishers, UK, 2000.
16. Hudson, R. A., Sociolinguistics, Cambridge Universtiy Press, Cambridge, 1980.
17. Trudgill, Peter, Sociolinguistics- An Itnroduction to Language and Socitey, Penguin books, England, 1974.